# ഹൈന്ദവത
# ധർമവും ദർശനവും

എം. എം. അക്ബർ

# ഹൈന്ദവത
# ധർമവും ദർശനവും

NICHE OF TRUTH

haindavatha darmavum dershanavum
malayalam
author:
m.m.akbar
publishers:
niche of truth
kalabhavan road, cochin- 18
first edition: january 1992
second edition: november 2002
typesetting : creative media
illustration: usman
cover : yoonus
printing: screenoffset, cochin

**price: rs. 100/-**

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട്- ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ്. നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമുക്ക് ലോകസ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞ വരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞ വരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് 'നിച്ച് ഓഫ് ട്രൂത്ത്'.

നാഥാ, സത്യമത സന്ദേശപ്രചരണത്തിനു വേണ്ടി യുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

# വായനക്കുമുമ്പ്...

***"പരമകാരുണികൻെറ നാമത്തിൽ"***

'ഏക മാനവതക്ക് ഏകദൈവവിശ്വാസം'. 1989 ഡിസംബർ 29, 30, 31, 1990 ജനുവരി ഒന്ന് തീയതികളിൽ നടന്ന എം.എസ്.എം സമ്മേളനപ്രമേയം. ഈ പ്രമേയത്തോടനുബന്ധിച്ച ചർച്ചകളാണ് ഹിന്ദുമതത്തിൻെറ അടിസ്ഥാനശിലകളെക്കുറിച്ച് പഠിക്കണമെന്ന ആഗ്രഹം തോന്നിപ്പിച്ചത്. വായിച്ചുകൊണ്ടിരുന്നു. 'ശബാബി'ൽ ഖണ്ഡശ്ശ എഴുതിക്കൊണ്ടുമിരുന്നു. പുസ്തകമാക്കണമെന്ന് പലരും ആവശ്യപ്പെട്ടു. അപ്പോൾ അൽപ്പം അവഗാഹമായിതന്നെ പഠിക്കണമെന്നുറച്ചു.

ഹൈന്ദവ ദർശനത്തെ പല വീക്ഷണങ്ങളിലൂടെയും നോക്കിക്കണ്ടവരുണ്ട്. മാർക്സിസ്റ്റ് വീക്ഷണത്തിൽ ഈ ദർശനത്തെ വ്യാഖ്യാനിച്ച പല ചിന്തകന്മാരുമുണ്ട്. രാഹുൽ സാംകൃത്യായൻ, ഡി.ഡി. കൊസാംബി, കെ. ദാമോദരൻ എന്നിവർ പ്രധാനികളാണ്. പക്ഷേ, ഇസ്ലാമിക വീക്ഷണത്തിൽ ഹൈന്ദവ ദർശനത്തെ നോക്കിക്കണ്ട കൃതികൾ ഇല്ലെന്ന് തന്നെ പറയണം. അൽബിറൂനിയുടെ 'കിത്താബുൽ ഹിന്ദ്' ഇന്ത്യക്കാരുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചറിയാനുള്ള തീവ്രമായ ഒരു ശ്രമമാണ്. ഇസ്ലാമിക വീക്ഷണത്തിലുള്ള ഒരു വ്യാഖ്യാനത്തിനദ്ദേഹം ശ്രമിച്ചിട്ടില്ല. പരേതനായ ടി. മുഹമ്മദ് സാഹിബിൻെറ 'ഭാരതീയ സംസ്കാരത്തിൻെറ അടിയൊഴുക്കുകൾ' ഈ രംഗത്തെ ഒരു വിലപ്പെട്ട കാൽവെപ്പായിരുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, അദ്ദേഹം പ്രധാനമായും ഭാരതീയ സംസ്കാരത്തിൻെറ സൃഷ്ടിയിൽ സെമിറ്റിക് സംസ്കാരങ്ങൾ എങ്ങനെ സ്വാധീനിച്ചിരിക്കുന്നുവെന്നാണ് ചർച്ച ചെയ്തിരിക്കുന്നത്. ദർശനത്തെക്കുറിച്ച ചർച്ച അദ്ദേഹം, അതിൻെറ ഭാഗമായിട്ടുമാത്രമാണ് നിർവഹിച്ചിരിക്കുന്നത്.

ഈ പുസ്തകത്തിൽ നാം ദർശനത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. ആദ്യഭാഗത്ത് എന്താണ് ഇന്നു കാണുന്ന ഹിന്ദുമതമെന്നും, ദേശീയതയുടെ നൂലിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഷോവനിസത്തിൻെറ അവകാശവാദങ്ങൾ എത്രത്തോളം വസ്തുനിഷ്ഠമാണെന്നുമാണ് പരിശോധിച്ചിരിക്കുന്നത്. ഹിന്ദുമത ഗ്രന്ഥങ്ങളുടെ ആധികാരികതയെ സംബന്ധിച്ച ചർച്ചയാണ് രണ്ടാം ഭാഗത്തിലുള്ളത്. മൂന്നാം ഭാഗത്തിലാകട്ടെ ഹൈന്ദവ ദർശനത്തിൻെറ അടിസ്ഥാനശിലകളും അവ ഭാരതത്തിൽ വന്ന പ്രവാചകന്മാരുടെ പ്രബോധനങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നുമാണ് ചർച്ച ചെയ്തിരിക്കുന്നത്.

ഈ പുസ്തകം ഹൈന്ദവദർശനത്തെ അറിയാൻവേണ്ടിയുള്ള ഒരു കാൽവെയ്പ് മാത്രമാണ്. ഇനിയും ഈ രംഗത്ത് ഗവേഷണങ്ങൾ നടക്കേണ്ടിയിരിക്കുന്നു. എങ്കിൽ ഹൈന്ദവ ദർശനത്തിൻെറ മൂലം പ്രവാചക പ്രബോധനങ്ങളിൽ വളരെ വ്യക്തമായി കണ്ടെത്താൻ കഴിയുമെന്ന ഉറച്ച വിശ്വാസക്കാരനാണ് ഈ ലേഖകൻ.

1992 ലാണ് 'ഹൈന്ദവത വർമ്മവും ദർശനവും' ഒന്നാം പതിപ്പ് പുറത്തു വന്നത്. ആ വർഷത്തെ ഏറ്റവും നല്ല ഇസ്‌ലാമിക ഗ്രന്ഥത്തിനുള്ള അബൂദാബി മുസ്‌ലിം റൈറ്റേഴ്സ് ഫോറത്തിന്റെ അവാർഡും പുസ്തകത്തിനു ലഭിച്ചു. 'മാതൃഭൂമി'യെപ്പോലെയുള്ള പല പ്രമുഖ ആനുകാലികങ്ങളും പുസ്തകത്തെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അവയിൽ നിന്ന് പലതും പഠിച്ചു; അറിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വേണമെന്നു തോന്നിയ അനിവാര്യമായ മാറ്റങ്ങൾ ഈ പതിപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസക്തമായ വിമർശനങ്ങൾക്ക് വിമർശകരെക്കുറിച്ച പരാമർശമില്ലാതെ തന്നെ മറുപടി പറയാൻ ശ്രമിച്ചിട്ടുമുണ്ട്. എങ്കിലും, പത്തുവർഷം മുമ്പെഴുതിയ പുസ്തകത്തിന്റെ രണ്ടാം പതിപ്പായി തന്നെയിരിക്കണം ഇത് എന്നതു കൊണ്ട് മൗലികമായ മാറ്റങ്ങളെന്നും വരുത്തിയിട്ടില്ലാതാനും.

ഹൈന്ദവ ദർശനത്തെയും ആര്യ- ദ്രാവിഡ സംസ്കാരങ്ങളുടെ ഉത്ഥാനപതനങ്ങളെയുമെല്ലാം സംബന്ധിച്ച് ഇതിന്റെ ഒന്നാം പതിപ്പ് പുറത്തുവന്നതിനു ശേഷം നിരവധി വിലപ്പെട്ട പഠനങ്ങൾ നടന്നിട്ടുണ്ട്. അവയുടെയെല്ലാം അടിസ്ഥാനത്തിൽ ഈ പുസ്തകത്തിന്റെ പ്രമേയം തന്നെ ഒന്നുകൂടി വികസിപ്പിച്ചു കൊണ്ട് എഴുതണമെന്നുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ)

ഇതെഴുതാൻ അനുഗ്രഹിച്ച സർവശക്തന് സർവസ്തുതികളും. വ്യക്തിപരമായി നന്ദി പറയേണ്ടവർ ഒരുപാടുണ്ട്. ഇതെഴുതാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത പരപ്പനങ്ങാടി ഇസ്‌ലാമിക് ലൈബ്രറിയുടെയും അന്തമാൻ ഇസ്‌ലാമിക് സെൻററിൻെറയും പ്രവർത്തകർ, സംസ്കൃതാക്ഷരങ്ങൾ പഠിപ്പിച്ചുതരാൻ സമയം വിനിയോഗിച്ച ഹംസമാസ്റ്ററും, റഹീമയും... അങ്ങനെ പോകുന്നു പട്ടിക. പ്രത്യേകമായി നന്ദി പറയേണ്ട ഒരാളുണ്ട്. പോർട്ട് ബ്ലയർ ചിന്മയാമിഷനിലെ സ്വാമി, ബ്രഹ്മചാരി സമർത്ഥ ചൈതന്യ; അദ്ദേഹമാണ് പല സാങ്കേതിക ശബ്ദങ്ങളും എനിക്ക് വിവരിച്ചുതന്നത്. പുസ്തകങ്ങളും മറ്റും തന്നും അദ്ദേഹം സഹകരിച്ചു. അദ്ദേഹവുമായി നടന്ന നീണ്ട ചർച്ചകളും ഈ പുസ്തകത്തെ സ്വാധീനിച്ചിട്ടുണ്ട്.

എന്നെ അക്ഷരം പഠിപ്പിച്ച എൻെറ ഉപ്പ- മേലേ വീട്ടിൽ അബ്ദുറഹിമാൻ- അദ്ദേഹത്തിന് അല്ലാഹു പരലോകസൗഖ്യം പ്രദാനം ചെയ്യട്ടെ (ആമീൻ)

അല്ലാഹു ഇതൊരു സൽക്കർമമായി സ്വീകരിക്കട്ടെ. (ആമീൻ)

**എം.എം. അക്ബർ**

# താളുകളിൽ

ഭാഗം ഒന്ന്

## ധർമവും സംസ്കാരവും


1. ഹിന്ദു-ഇന്ത്യ-സിന്ധു 19
2. ഹിന്ദു: നിർവചനങ്ങൾ 14
3. ഭാരതീയ ദർശനങ്ങൾ 40
4. മതവിഭാഗങ്ങൾ 72
5. ഹിന്ദു ഐക്യം 79


ഭാഗം രണ്ട്

## ഹിന്ദുമത ഗ്രന്ഥങ്ങൾ


1. വേദസംഹിതകൾ 90
2. ബ്രാഹ്മണങ്ങൾ 109
3. ആരണ്യകങ്ങൾ 113
4. ഉപനിഷത്തുകൾ 115
5. വേദാംഗങ്ങൾ 136
6. പുരാണങ്ങൾ 139
7. സ്മൃതികൾ 149
8. ഇതിഹാസങ്ങൾ 157
9. ഭഗ്വദ്ഗീത 167


ഭാഗം മൂന്ന്

## അടിസ്ഥാനശിലകൾ


1. ഏകദൈവ വിശ്വാസം 180
2. ബഹുദൈവസങ്കൽപ്പം 201
3. അവതാരസങ്കൽപ്പം 225
4. പുനർജന്മമോ പരലോകമോ 250
5. വെളിച്ചത്തിലേക്ക് 259

## ഭാഗം ഒന്ന്

# ധർമവും സംസ്കാരവും

മതം മനുഷ്യൻെറ മോക്ഷത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. മനുഷ്യനിർമിതമായ അതിരുകളും വരമ്പുകളും മതത്തിൻെറ ദൃഷ്ടിയിൽ അർഥമില്ലാത്തതാണ്. ദേശങ്ങളുടെയും ഭാഷയുടെയും ജാതിയുടെയും അതിരുകൾക്കതീതമായി മനുഷ്യൻെറ മസ്തിഷ്കത്തെയും മനസ്സിനെയും ആത്മാവിനെയും നിയന്ത്രിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ശക്തിയാണ് മതം. മതം മനുഷ്യനെ വിശാലതയിലേക്ക് നയിക്കുമ്പോൾ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ മനുഷ്യനെ സങ്കുചിതത്വത്തിലേക്കാണ് നയിക്കുന്നത്. ഇപ്പറഞ്ഞത് ദൈവിക ബോധനങ്ങളുടെ അടിസ്ഥാനത്തിൽ തത്വങ്ങളാവിഷ്കരിച്ചിരിക്കുന്ന മതത്തെക്കുറിച്ചാണ്. ഇതേ മതം തന്നെ സ്വാർഥരായ മനുഷ്യരുടെ കരവിരുതുകൾക്ക് വിധേയമാകുമ്പോൾ, മനുഷ്യനിർമിത ദർശനങ്ങളെപ്പോലെത്തന്നെ സങ്കുചിതത്വത്തിൻെറ പടുകുഴിയിൽ ആപതിക്കുന്നുവെന്ന യാഥാർഥ്യത്തിന് ചരിത്രത്തിൻെറ ഏടുകളിൽ തെളിവുകളന്വേഷിക്കേണ്ടതില്ല. വർത്തമാനകാലം തന്നെ ഈ വസ്തുതക്കുള്ള ജീവിക്കുന്ന തെളിവുകൾ നിരത്തുന്നു.

മതം പറഞ്ഞു. 'മനുഷ്യസമൂഹമേ, നിങ്ങളെ നാംസൃഷ്ടിച്ചിട്ടുള്ളത് ഒരേ ആണിൽനിന്നും പെണ്ണിൽനിന്നുമാകുന്നു. നിങ്ങളെ നാം ജനപദങ്ങളും ഗോത്രങ്ങളുമായി തിരിച്ചിട്ടുള്ളത് നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിന് വേണ്ടിയാണ്. നിങ്ങളിൽ

ദൈവത്തിങ്കൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും ധർമ നിഷ്ഠയുള്ളവർ തന്നെയായിരിക്കും'[1].

ഹൈന്ദവ ദർശനത്തിൻെറ അടിസ്ഥാന ഗ്രന്ഥങ്ങളിലും മനുഷ്യരെല്ലാം ഒന്നാണെന്ന ആശയമുൾക്കൊള്ളുന്ന സൂക്തങ്ങൾ കാണാൻ കഴിയും. മാനുഷിക കരവിരുതുകൾ അവയിൽ ഉച്ച-നീചത്വങ്ങളുടെ ആശയങ്ങൾ തിരുകിക്കയറ്റിയെങ്കിലും, ദൈവിക സ്രോതസ്സുകളിൽനിന്നുള്ളതാകുന്നു അവയുടെ മൂലാശയങ്ങൾ എന്ന് വ്യക്തമാക്കിക്കൊണ്ട് സാഹോദര്യത്തിൻെറ ആശയങ്ങളുൾക്കൊള്ളുന്ന ചില വചനങ്ങൾ ശ്രുതികളിലും സ്മൃതികളിലും ഇന്നും നിലനിൽക്കുന്നു.

ഹൈന്ദവ ദർശനത്തെക്കുറിച്ചും അതിൻെറ സിദ്ധാന്തങ്ങളെക്കുറിച്ചും ഒട്ടനവധി ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന കാലമാണിന്ന്. അതിനില്ലാത്ത പല ഗുണങ്ങളെയും അതിൽ ആരോപിച്ചുകൊണ്ടും അതിനുള്ള പല ഗുണങ്ങളെയും നിഷേധിച്ചുകൊണ്ടുമാണ് ഈ ചർച്ചകളിൽ പലതും പുരോഗമിക്കുന്നതെന്നതാണ് വസ്തുത. ഹിന്ദുമതത്തിലൂടെ തങ്ങളുടെ രാഷ്ട്രീയ സ്വപ്നങ്ങൾക്ക് നിറം കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമുണ്ട്. ഓരോരുത്തരും തങ്ങൾക്കിഷ്ടമുള്ള രീതിയിൽ ഹൈന്ദവ ദർശനത്തെ വ്യാഖ്യാനിക്കുന്നു. ഈ വ്യാഖ്യാനങ്ങൾക്കിടയിൽ യഥാർഥ 'ഹിന്ദുമത'ത്തിൻെറ മുഖങ്ങൾ കാണാൻ പലരും വിസമ്മതിക്കുന്നു. ആ മുഖങ്ങൾ തങ്ങളുടെ ഇച്ഛക്കനുസൃതമല്ലെന്ന വസ്തുത, 'മത'ത്തെ രാഷ്ട്രീയവത്കരിക്കാൻ തപസ്സിരിക്കുന്നവരെ അസ്വസ്ഥരാക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഹൈന്ദവ ദർശനത്തിൻെറ വേരുകൾ തേടി നാം യാത്ര തിരിക്കുന്നത്. യാത്ര തുടങ്ങുന്നതിനു മുമ്പ് ഇന്നു കാണുന്ന ഹിന്ദുമതത്തെ നമുക്കൊന്ന് പരിചയപ്പെടാം. അതിൻെറ അവകാശവാദങ്ങളെയും ദാർശനിക സങ്കൽപങ്ങളെയും പരിശോധിക്കാം.

1. ഖുർആൻ 49:13



1

# ഹിന്ദു – ഇന്ത്യ – സിന്ധു

'ലോകാസമസ്താ സുഖിനോ ഭവന്തു'വെന്ന വചനം പലപ്പോഴും ഉദ്ധരിക്കപ്പെടാറുണ്ട്. മനുഷ്യ സാഹോദര്യത്തെയും ഐക്യത്തെയും കുറിച്ചു പറയുന്ന ഇനിയും കുറേ വചനങ്ങൾ നമുക്ക് ഹൈന്ദവ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിക്കാൻ കഴിയും. പക്ഷേ, ഇവയെല്ലാം ഇന്ന് ഗ്രന്ഥങ്ങളിൽ സ്ഥിതി ചെയ്യുന്ന കേവല ഉദ്ധരണികൾ മാത്രമാണ്. ഹിന്ദുമതത്തിൻെറ പേരിൽ അന്യനെ നിഗ്രഹിക്കാനൊരുങ്ങുന്ന അതേ കരങ്ങൾക്കുതന്നെ 'പാഞ്ചജന്യ'കളിൽ 'മാതാഭൂമിഃ പുത്രോ പൃഥിവ്യ' (ഭൂമിയാകുന്നു മാതാവ്; അതിൻെറ പുത്രന്മാരാകുന്നു നമ്മളെല്ലാം)യെന്ന വാക്യമെഴുതിവെക്കാൻ വൈമനസ്യമൊന്നുമില്ല. തത്വവചനങ്ങൾ പാരായണങ്ങളിലും പ്രഭാഷണങ്ങളിലും മാത്രമൊതുങ്ങുകയാണ്. അല്ലെങ്കിൽ, അതിരുകൾക്കതീതമായി ഭൂമിയുടെ മക്കളെല്ലാം സഹോദരങ്ങളാണെന്ന ധാരണ വളർത്താൻ പര്യാപ്തമാവേണ്ട വചനങ്ങളെഴുതിവെക്കുന്ന കരങ്ങൾക്ക് എങ്ങനെയാണ് അന്യമതസ്ഥൻെറ നെഞ്ചു കുത്തിക്കീറാൻ കഴിയുന്നത്?

ഹൈന്ദവ തീവ്രവാദിസംഘടനകൾ തങ്ങളുടെ ജിഹ്വയും തൂലികയുമുപയോഗിക്കുന്നത് വെറുപ്പിൻെറ തത്വശാസ്ത്രം പഠിപ്പി

ക്കാൻ മാത്രമാണെന്ന വസ്തുത, വായിക്കാനറിയുന്നവർക്കൊന്നും പറഞ്ഞുകൊടുക്കേണ്ടതില്ല. ഇതാ ചില ഉദ്ധരണികൾ:-

'ഈ ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടെ മാത്രം ദേശമല്ലെന്നും ആർക്കും ആഗ്രഹിക്കുന്നതുപോലെ ഒക്കെ പെരുമാറാമെന്നും ധരിക്കുന്നവർ ഇന്നു ചിലരുണ്ട്. രാഷ്ട്രം എന്ന വാക്കിനെ അതിൻെറ യഥാർഥ അർഥത്തിൽ മനസ്സിലാക്കിയാൽ മാത്രമേ ഈ രാഷ്ട്രം ഹിന്ദുരാഷ്ട്രമാണ്; ഹിന്ദുക്കളുടേതാണ് എന്ന സത്യത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ'[1].

'വൈദേശിക മതങ്ങളും അവയെ താങ്ങി നടക്കുന്ന വൈതാളികന്മാരും മൂടുതാങ്ങികളുമാണ് ഇന്ന് ഭാരതാംബയുടെ കണ്ണിലെ കരടുകളായിത്തീർന്നിട്ടുള്ളത്. ആ കരടുകൾ നീക്കം ചെയ്യാത്തിടത്തോളം കാലം ഭാരതാംബയുടെ കണ്ണുകൾ കലങ്ങിത്തന്നെയിരിക്കും. ചൈതന്യവും ചുറുചുറുക്കുമുള്ള യുവതലമുറയെ നോക്കിക്കൊണ്ടിരിക്കുന്ന അമ്മയുടെ കണ്ണിലെ കരടുകൾ ഇനിയധിക കാലം അവിടെയിരിക്കാനിടയില്ല. അരയും തലയും മുറുക്കിക്കൊണ്ട് യുവജനത അടിവെച്ചടിവെച്ച് മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്'[2].

'ഈ രാജ്യം ഹിന്ദുക്കളുടേതാണ്. ശിവസേന അധികാരത്തിൽ വന്നാൽ എല്ലാവരും ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടും'[3].

'ഈ സംഘമാരംഭിച്ചത് മുസ്‌ലിം അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി മാത്രമല്ല; പ്രത്യുത ആ രോഗം പൂർണമായും വേരറുത്തു കളയാൻ വേണ്ടിയാണ്'[4].

ഈ ഉദ്ധരണികളിലെ അവകാശവാദങ്ങളുമായി നമുക്ക് സംവദിക്കാം.

**ഹിന്ദുവെന്ന പദം:** 'ഹിന്ദു'വെന്ന പദത്തിൻെറ ഉൽപത്തിയെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. 'സിന്ധു'വെന്ന പദത്തിൻെറ രൂപാന്തര സംജ്ഞയാണ് 'ഹിന്ദു'വെന്നതാണ് പ്രബലവും പ്രസക്തവുമായ അഭിപ്രായം. സിന്ധുനദീതടവാസികൾ, വിദേശികളാൽ സിന്ധുവെന്ന് വിളിക്കപ്പെട്ടുവെന്നും പിന്നീട്

1. കേസരി 15-1-1989
2. കേസരി 27-7-1987
3. ബാൽതാക്കറെ: Times of India 30-4-1989.
4. ഡോ. ഗോയൽ: രാഷ്ട്രീയ സ്വയം സേവക് സംഘ്: മാതൃഭൂമിയിൽ ഉദ്ധരിച്ചത് 14-2-1984.



'സ', 'ഹ'യായി മാറിയെന്നുമാണ് ഈ അഭിപ്രായക്കാരായ പണ്ഡിതന്മാർ പറയുന്നത്. പേർഷ്യൻ ഭാഷയിൽ 'സി' ഉച്ചരിക്കപ്പെടുന്നത് 'ഹി' എന്നായതിനാൽ സിന്ധു, ഹിന്ദുവായി മാറിയതായിരിക്കാമെന്നും അനുമാനിക്കുന്നു. 'ഹ' എന്ന ശബ്ദം ഗ്രീക്കുകാർക്ക് ഉച്ചാരണ വിഷമം സൃഷ്ടിച്ചതാണത്രേ ഹിന്ദുക്കൾ ഇന്ത്യക്കാരായി മാറാനുണ്ടായ കാരണം[1].

ഭാരതീയ പൗരാണിക ഗ്രന്ഥങ്ങളിലൊന്നും ഹിന്ദുവെന്ന പ്രയോഗം കാണുന്നില്ലെന്നതും ഏകദേശം സമകാലികമായ വൈദേശിക രേഖകളിൽ ഈ പ്രയോഗം കാണുന്നുവെന്നതുമാണ് ഇതിനുള്ള പ്രധാന തെളിവ്. ഭാരതത്തിൻെറ ഏറ്റവും പൗരാണിക രേഖയെന്ന് കരുതപ്പെടുന്ന ഋഗ്വേദത്തിൽ 'സപ്തസിന്ധു'വെന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

ഈ അഭിപ്രായ പ്രകാരം ഹിന്ദുവെന്ന പദംതന്നെ വൈദേശികമാണ്. വൈദേശിക മതങ്ങളെന്ന കരടുകളെ നീക്കം ചെയ്യാൻ രംഗത്തിറങ്ങുന്നവർ സ്വന്തം നാമത്തിലെ വൈദേശിക കരടിനെയല്ലേ ആദ്യമായി നീക്കം ചെയ്യേണ്ടത്? പക്ഷേ, അവർക്കുള്ള വെറുപ്പ് വിദേശത്തോടല്ല, മറ്റെന്തിനോടൊക്കെയോ ആണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ഹിന്ദുവെന്ന പദത്തിൻെറ വൈദേശിക ഉൽപത്തി നിരാകരിക്കുന്ന പണ്ഡിതന്മാരുമുണ്ട്. 'ഹിന്ദു'വെന്ന പദം ശുദ്ധ സംസ്കൃത സംജ്ഞയാണെന്നാണവരുടെ വാദം. 'ഹിം' 'ദ' 'ഉ' എന്ന പദങ്ങളുടെ സമുച്ചയമാണ് 'ഹിന്ദു'വെന്നത്രെ അവർ പറയുന്നത്. 'ഹിം' ഹിമാലയത്തെയും 'ദ', 'ഉ' എന്നിവ ദക്ഷിണ സമുദ്രത്തെയും (ദ- ദക്ഷിണം. ഉ- ഉദ്ധി- സമുദ്രം) കുറിക്കുന്നുവെന്നും ഹിന്ദുവിൻെറ അർഥം ഹിമാലയത്തിനും ദക്ഷിണ സമുദ്രത്തിനും ഇടയിലുള്ളതെന്നാണെന്നും ഇവർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായമാണ് ബൃഹസ്പദി ആഗമത്തിൽ കാണുന്നതെന്ന് ആർ.എസ്.എസ് മുൻ സർസംഘചാലക് ഗുരുജി ഗോൾവാൾക്കർ പറയുന്നുണ്ട്. അദ്ദേഹം ഉദ്ധരിക്കുന്നു:

ഹിമാലയം സമരാഭ്യയാവദിന്ദു സരോവരം
തം ദേവനിർമിതം ദേശം ഹിന്ദുസ്ഥാനം പ്രചക്ഷ്യതേ.

1. Complete Works of Swami Vivekananda Vol, III, Page 228.

(ദേവന്മാരാൽ സൃഷ്ടിക്കപ്പെട്ടതും ഹിമാലയം തൊട്ട് ഇന്ദു സരോവരം (ദക്ഷിണസമുദ്രം) വരെ വ്യാപിച്ചുകിടക്കുന്നതുമായ ദേശത്തെയാണ് ഹിന്ദുസ്ഥാനമെന്ന് വിളിക്കുന്നത്)[1].

ഇതിലെ ഒന്നാമത്തെ അഭിപ്രായമാണ് പ്രബലമായിട്ടുള്ളത്. ഏതായാലും-ഈ രണ്ട് അഭിപ്രായങ്ങളിൽ ഏത് സ്വീകരിച്ചാലും -'ഹിന്ദു' ശബ്ദം ഒരു സംസ്കാരത്തെയോ മതത്തെയോ കുറിക്കുന്നില്ലെന്നും ഒരു ദേശത്തെ കുറിക്കുന്ന നാമം മാത്രമാണതെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. വിദേശികൾ ഇന്ത്യയിലേക്ക് കടന്നുവന്നപ്പോൾ കണ്ട വിഗ്രഹപൂജയിലും പിതുരാരാധനയിലുമധിഷ്ഠിതമായ ജീവിതസമ്പ്രദായത്തെ ഇന്ത്യക്കാരുടെ മതമെന്ന അർഥത്തിൽ ഹിന്ദുമതമെന്ന് വിളിച്ചിട്ടുണ്ടാവണം. അതായിരിക്കണം 'ഹിന്ദുമത'മെന്ന സംജ്ഞയുടെ ഉൽപത്തി. അതല്ലാതെ ഹിന്ദുമതമെന്ന ഒരു മതമോ ജീവിതദർശനമോ ഉൽഭവിക്കുകയോ പ്രചരിക്കുകയോ ചെയ്തിട്ടില്ലെന്നതിന് വേദോപനിഷത്തുകൾതന്നെ തെളിവുകളാണ്.

ഇന്ത്യയിൽ വ്യത്യസ്ത വീക്ഷണങ്ങളും മതങ്ങളുമുണ്ടായിട്ടുണ്ട്. അവയിൽ പലതും പരസ്പര വിരുദ്ധമായ ആശയങ്ങളുൾക്കൊള്ളുന്നവയാണ്. വിഷ്ണുവിൻെറ പത്താമത്തെ അവതാരമായ കൽക്കിയാണ് താനെന്നവകാശപ്പെട്ട് പ്രത്യക്ഷപ്പെട്ട മിർസാഗുലാം അഹ്മദിൻെറ ഖാദിയാനീ മതവും സത്യസായിബാബയുടെ ജാലവിദ്യാമതവും 'ഭഗവാൻ' രജനീഷിൻെറ ലൈംഗിക മതവുമെല്ലാം ജനിച്ചത് ഭാരതത്തിൻെറ ശാദ്വലഭൂമിയിൽ തന്നെയാണ്. ശൈവം, വൈഷ്ണവം, ശാക്തം, വൈദികം, ബൗദ്ധം, ജൈനം, സിക്ക്, ലിംഗായതം, വേദാന്തം തുടങ്ങി വ്യത്യസ്ത മതങ്ങൾക്കു പുറമെ 'ലോകായതം' പോലെയുള്ള ശുദ്ധ നിരീശ്വര ദർശനങ്ങൾക്കും ഭാരതം ജന്മം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന അനാചാരങ്ങൾക്കും അവയുടെ വക്താക്കളായ പൗരോഹിത്യത്തിനുമെതിരിൽ ശബ്ദിച്ച ബുദ്ധമതത്തെയും ജൈനമതത്തെയുമെല്ലാം അവയുടെ സമകാലികരായ പുരോഹിത മതക്കാർ നഖശിഖാന്തം എതിർത്തുപോന്നിട്ടുണ്ട്. ശങ്കരാചാര്യർ തന്റെ അദ്വൈതമതം സ്ഥാപിക്കാനായി ബൗദ്ധ-ജൈന ദർശനങ്ങൾക്കെതിരെ ശക്തമായ സംഘട്ടനങ്ങളി

1. മാധവ സദാശിവ ഗോൾവാൾക്കർ: വിചാരധാര, പേജ്: 116



ലും സംവാദങ്ങളിലുമേർപ്പെട്ടിരുന്നുവെന്നതിന് തെളിവുകളുണ്ട്. ഇങ്ങനെ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ സിദ്ധാന്തങ്ങളെയെല്ലാം, അവ ഇന്ത്യയിൽ ജനിച്ചുവെന്ന കാരണത്താൽ മാത്രം ഹിന്ദുമതമെന്ന കുടക്കീഴിൽ അണിനിരത്താനുള്ള ശ്രമമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

അതനുസരിച്ച് ഇന്ത്യക്കകത്തുണ്ടായ ദർശനങ്ങളോ മതങ്ങളോ എത്രതന്നെ മ്ലേച്ഛമായിരുന്നാലും പവിത്രവും ഭാരതാംബയുടെ കണ്ണിലെ കൃഷ്ണമണിയുമാണ്. അതേസമയം, പുറത്തുണ്ടായ മതങ്ങളോ ദർശനങ്ങളോ എത്രതന്നെ പരിശുദ്ധവും പവിത്രവുമായ ആശയങ്ങളുൾക്കൊള്ളുന്നുവെങ്കിലും മ്ലേച്ഛവും ഭാരതാംബയുടെ കണ്ണിലെ കരടുമാണ്. ദർശനങ്ങളിലെ ആശയങ്ങളല്ല, അത് ജനിച്ച സ്ഥലമാണ് അവയുടെ സ്വീകാര്യത നിശ്ചയിക്കേണ്ടതെന്ന വിചിത്ര വാദമാണ് ഹൈന്ദവ തീവ്രവാദിസംഘടനകളുടെ അടിസ്ഥാന തത്വമെന്നർഥം. ഇതു സ്വീകരിക്കാൻ ബുദ്ധിക്ക് മരവിപ്പ് ബാധിക്കാത്തവർ സന്നദ്ധരാകുമോ? സത്യം പറഞ്ഞത് അമേരിക്കക്കാരനാണെന്ന കാരണത്താൽ മാത്രം അത് സ്വീകരിക്കാൻ പാടില്ലെന്നും, പച്ചക്കള്ളം പറയുന്നത് ഭാരതീയനായതിനാൽ അത് സ്വീകരിക്കണമെന്നും പറയുന്നതുപോലെ വിചിത്രമാണ് ഭാരതീയ മതങ്ങളെ മാത്രമേ ഇന്ത്യക്കാരൻ സ്വീകരിക്കാവൂ എന്ന വാദവും.

സ്വന്തത്തോടും കുടുംബത്തോടും സമുദായത്തോടും ദേശത്തോടുമുള്ള സ്നേഹം മനുഷ്യൻെറ ജന്മസഹജമായ വികാരമാണ്. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ദേശസ്നേഹം വിശ്വാസത്തിൻെറ ഭാഗമാണ്. മാതൃരാജ്യത്തെ സ്നേഹിക്കുകയും അതിൻെറ അഭിവൃദ്ധിക്കുവേണ്ടി യത്നിക്കുകയും ചെയ്യുകയാണ് ദേശസ്നേഹം കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. അന്യരാജ്യത്തിൻെറ അധോഗതിക്കുവേണ്ടി യത്നിക്കുകയും അയൽനാട്ടുകാരെയും അവരുടെ സംസ്കാരത്തെയും വെറുക്കുകയും ചെയ്യുകയാണ് ദേശസ്നേഹമെന്ന് നാം മനസ്സിലാക്കുന്നില്ല. പിറന്ന നാടിൻെറ നാലതിരുകൾക്കുള്ളിലുള്ളവരെല്ലാം മാലാഖമാരും പുറത്തുള്ളവരെല്ലാം ചെകുത്താന്മാരുമാണെന്ന 'വെറുപ്പിൻെറ നീതിശാസ്ത്ര'മാണ് ദേശീയതയെങ്കിൽ, മനുഷ്യരെല്ലാം ഒന്നാണെന്ന് പഠിപ്പിച്ച മതത്തിന്റെ അനുയായികൾക്ക് ആ ദേശീയതയെ ജീവിതപ്രമാണമായി സ്വീകരി

ക്കാൻ വിഷമമുണ്ടാവുക സ്വാഭാവികമാണ്. ഈ സ്വാഭാവികത ദേശ ദ്രോഹമാണെന്ന് വ്യാഖ്യാനിക്കുന്നവർ 'മാതാ ഭൂമിഃ പുത്രോ പൃഥിവ്യ'യെന്ന വചനം ഒന്നുകൂടി മനസ്സിരുത്തി വായിച്ചുനോക്കട്ടെ.

ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും സംഹരിക്കുന്നതും പിന്നീട് ഉയിർത്തെഴുന്നേൽപിക്കുന്നതുമെല്ലാം എന്നാണ് മതവിശ്വാസികൾ വിശ്വസിക്കുന്നത്. ഈ നിലയ്ക്ക്, ദൈവമാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. അവനാണ് നന്ദി ചെയ്യപ്പെടാൻ ഏറ്റവും അർഹനും. ദൈവത്തിന്റെ ആജ്ഞകൾക്കെതിരെ സ്വന്തം പിതാവോ മാതാവോ നേതാവോ സ്വന്തം ഇച്ഛതന്നെയുമോ പറഞ്ഞാലും അതു വലിച്ചെറിഞ്ഞ് സ്രഷ്ടാവിന്റെ കൽപനകൾ ശിരസാവഹിക്കണമെന്നാണ് മതങ്ങളെല്ലാം പഠിപ്പിക്കുന്നത്. ഭൂമിയിലുള്ള സകലതിനേക്കാളും വലുതാണ് സ്വർഗമെന്നും ആ സ്വർഗത്തിലേക്കുള്ള വഴിയിൽ പെറ്റമ്മയോ പിറന്ന നാടോ ആരുതന്നെ വിലങ്ങടിച്ചു നിന്നാലും ആ വിലങ്ങുകളെ തട്ടി മാറ്റുകയോ പിഴുതെറിയുകയോ ചെയ്ത് സ്വർഗത്തിലേക്കുള്ള പ്രയാണം തുടരുകതന്നെ വേണമെന്നും പഠിപ്പിക്കുന്നത് ആ സ്രഷ്ടാവാണ്. 'പെറ്റമ്മയും പിറന്ന നാടും സ്വർഗത്തേക്കാൾ മഹത്തരം' എന്ന മുദ്രാവാക്യത്തെ അതിന്റെ ഏറ്റവും ലളിതമായ മാനത്തിൽ പോലും അംഗീകരിക്കാൻ വിശ്വാസികൾക്ക് കഴിയാതിരിക്കുന്നതിന്റെ കാരണം ഇതൊന്നു മാത്രമാണ്. പെറ്റമ്മയേക്കാളും പിറന്ന നാടിനേക്കാളും സ്വർഗമാണ് മഹത്തരമെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ദേശസ്നേഹത്തിനോ കൂറിനോ ഇടിവു പറ്റുമെന്നൊന്നും സംശയിക്കേണ്ടതില്ല.

മറ്റൊരു പ്രശ്നം സംസ്കാരത്തിൻേറതാണ്. ഒരു കാര്യം നാം മനസ്സിലാക്കുക. ദൈവിക ബോധനങ്ങൾക്കു മാത്രമേ സ്ഥായിയും സുശക്തവുമായ സംസ്കാരത്തിന് അടിത്തറ പാകാൻ കഴിയൂ. മനുഷ്യരുടെ ജീവിത രീതിയും രൂപവും എങ്ങനെയാകണമെന്ന് പഠിപ്പിക്കേണ്ടത് സ്രഷ്ടാവായ ദൈവമാണ്. ദേശീയ സംസ്കാരം എന്ന സങ്കൽപം തന്നെ യഥാർഥത്തിൽ മിഥ്യയാണ്. വികാരങ്ങളിൽ മാത്രം സ്ഥാപിക്കപ്പെട്ട ഇത്തരം മിഥ്യകൾക്ക് ഒരിക്കലും സ്ഥായീഭാവമവകാശപ്പെടാൻ കഴിയില്ല. മുസ്ലിമിന് മുസ്ലിമായി നിലനിന്നുകൊണ്ടുതന്നെ എന്തുകൊണ്ട് ഇന്ത്യൻ സംസ്കാരം സ്വീകരിച്ചുകൂടാ



എന്ന ഗുരുജി ഗോൾവാൾക്കറുടെ[1] അഭിപ്രായം അതുകൊണ്ടുതന്നെ അർഥമില്ലാത്തതാണ്. ഇസ്ലാം പുരോഹിതമതങ്ങളെപ്പോലെ ജപവും പൂജയും ഏതാനും കർമങ്ങളും മാത്രം പ്രതിപാദിക്കുന്ന ഒരു മതമല്ല. അത് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യക്തമായ വെളിച്ചം വീശുന്നു. ജീവിതത്തിന്റെ ഏതെങ്കിലും മേഖല മതമുക്തമാക്കുകയെന്നത് മുസ്ലിമിന് ചിന്തിക്കാൻ പോലും കഴിയില്ല. ഇസ്ലാമിക സംസ്കാരം ഇസ്ലാമിക വിശ്വാസത്തിന്റെ ഭാഗമാണ്. വസ്ത്രധാരണവും ജീവിതരീതിയുമെല്ലാംതന്നെ ഇസ്ലാമിക സംസ്കാരത്തിനനുസരിച്ച് പരിവർത്തിപ്പിക്കുക മുസ്ലിമിന്റെ ബാധ്യതയാണ്. രാമനെയും കൃഷ്ണനെയുമെന്നല്ല ദൈവമല്ലാത്ത ആരെയും, മുഹമ്മദ് നബി(സ)യെപ്പോലും ആരാധിക്കാൻ മുസ്ലിംകൾക്ക് കഴിയില്ല. വസ്ത്രധാരണശൈലിയിലോ ജീവിതരീതിയിലോ ഇന്ത്യക്ക് സ്വന്തമായ ഒരു സംസ്കാരമുണ്ടായിരുന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുമില്ല. ഋഗ്വേദ കാലത്ത് സ്ത്രീകളും പുരുഷന്മാരും തലപ്പാവ് ധരിച്ചിരുന്നു[2]വെങ്കിലും ആ ആചാരം സ്വീകരിക്കാൻ ഇന്നുള്ളവർ സന്നദ്ധരല്ല. പല രീതികളും രൂപങ്ങളും സമന്വയിച്ച നാടാണ് പണ്ടുമുതൽക്കേ ഇന്ത്യ. അതുകൊണ്ടുതന്നെ ഇസ്ലാമിക സംസ്കാരം വലിച്ചെറിഞ്ഞ് ഭാരതീയ സംസ്കാരം സ്വീകരിച്ചാലേ യഥാർഥ ഇന്ത്യക്കാരനാവുകയുള്ളൂവെന്ന വാദത്തിൽ യാതൊരു കഴമ്പുമില്ല.

'ഹിന്ദു'വെന്ന പദത്തിന് ആദ്യകാലത്ത് അർഥം ഇന്ത്യക്കാരനെന്നായിരുന്നു. ഇന്ത്യയിൽ ജനിക്കുകയും വളരുകയും ചെയ്തവരെല്ലാം ആ അർഥത്തിൽ ഹിന്ദുക്കളാണ്. പക്ഷേ, രാമനെയും കൃഷ്ണനെയും ഗോമാതാവിനെയും ആരാധിക്കുന്നവൻ മാത്രമാണ് ഇന്നത്തെ അർഥത്തിൽ 'ഹിന്ദു'. ഈ നിർവചനമാണ് 'ഹിന്ദു മതം'എന്ന സ്ഥാപന മതത്തിന് ജന്മം നൽകിയത്.

**സിന്ധുനദീതടസംസ്കാരം:** ഭാരതീയസംസ്കാരം വൈദിക സംസ്കാരമാണെന്ന് വരുത്തിത്തീർക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുന്നതിനിടെയാണ് സിന്ധുനദീതടസംസ്കാരത്തെക്കുറിച്ച വിവരങ്ങൾ ലഭിച്ചത്. 1856-ൽ മുൽത്താൻ-കറാച്ചി റൂട്ടിൽ റെയിൽവേലൈൻ നിർമിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എഞ്ചിനീ

1. ഗോൾ വാൾക്കർ: വിചാരധാര പേജ്: 575 മുതൽ 585 വരെ നോക്കുക.
2. ഭാരത വിജ്ഞാനകോശം വാ: 1, പേജ്:181

യറായ ഡോൺ ബ്രൺടൺ എന്ന ഇംഗ്ലീഷുകാരനാണ് സിന്ധുനദീതടസംസ്കാരത്തിൻെറ അടയാളങ്ങൾ ആദ്യമായി കണ്ടെത്തിയത്. അദ്ദേഹവും സഹോദരൻ വില്യം ബ്രൺടണും നഗരാവശിഷ്ടങ്ങളിലെ ഇഷ്ടികകൾ കൊള്ളചെയ്തുകൊണ്ട് തങ്ങളുടെ റെയിൽവേ ലൈനുകളിൽ മൈലുകളോളം ദൂരം ഇഷ്ടിക വിരിച്ചു. 1870-ൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായിരുന്ന അലക്സാണ്ടർ കണ്ണിംഗ് ഹാം, മോഹൻജദാരോ ഹാരപ്പ സംസ്കാരം പഠന വിധേയമാക്കിയെങ്കിലും 1921-ൽ സർ ജോൺ മാർഷൽ ആർക്കിയോളജി മേധാവിയായിരുന്നപ്പോൾ മാത്രമാണ് വേണ്ടത്ര പ്രാധാന്യത്തോടെ ശാസ്ത്രീയമായ പഠനം നടന്നത്. ബി.സി 2500-ാമാണ്ടിനടുത്താണ് സൈന്ധവ സംസ്കാരത്തിൻെറ ഉച്ചിയെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം[1]. അയ്യായിരത്തോളം വർഷം പഴക്കമുള്ള ഈ സംസ്കാരം നഗരസംവിധാനം, വാസ്തുവിദ്യ, കരകൗശലം, കെട്ടിട നിർമാണം, ശുചീകരണം, കൃഷി, കച്ചവടം, കന്നുകാലി വളർത്തൽ തുടങ്ങിയ രംഗങ്ങളിലെല്ലാം അസൂയാർഹമായ വളർച്ച നേടിയിരുന്നു[2]. ഈ സംസ്കാരത്തിന് വൈദികസംസ്കാരവുമായി യാതൊരു ബന്ധവുമില്ല. ബി.സി. 1200ൽ ഇന്ത്യയിലേക്ക് കടന്നുവന്ന ആര്യന്മാരോടുകൂടിയാണ്[3] ഇന്ത്യാചരിത്രമാരംഭിക്കുന്നതെന്നായിരുന്നു സിന്ധുനദീതട സംസ്കാരത്തെക്കുറിച്ച അറിവു ലഭിക്കുന്നതിനു മുമ്പ് വിചാരിക്കപ്പെട്ടിരുന്നത്.

വൈദിക സംസ്കാരമെന്നറിയപ്പെടുന്ന ആര്യസംസ്കാരമാണ് ഭാരതത്തിൻെറ പൗരാണിക സംസ്കാരമെന്ന ധാരണക്ക് സിന്ധുനദീതട സംസ്കാരത്തിൻെറ കണ്ടുപിടുത്തം ഇളക്കംതട്ടിച്ചു. വേദോപനിഷത്തുകൾ രൂപം നൽകിയ വൈദിക സംസ്കാരവുമായി സദൃശമല്ലാത്ത ഒരു സംസ്കാരം സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ ഇവിടെ നിലനിന്നിരുന്നുവെന്ന ഗവേഷണ ഫലം തങ്ങളാണ് ഭാരതത്തിൻെറ അവകാശികളെന്ന അവകാശവാദമുന്നയിക്കുന്നവർക്ക് അസഹനീയമായിരുന്നുവെങ്കിലും ഉൽഖനനങ്ങൾ അത് വസ്തുതയാണെന്ന് തെളിയിച്ചു.

1. ഗോർഡൻ ചൈൽഡ്: മനുഷ്യൻ സ്വയം നിർമിക്കുന്നു.
2. ഭാരത വിജ്ഞാന കോശം, വാള്യം: 2. പേജ്: 766.
3. ഗോർഡൻ ചൈൽഡ്: ചരിത്രത്തിൽ എന്തു സംഭവിച്ചു? പേജ്: 194.



വൈദിക കാലഘട്ടം ബി.സി 1200-നും 1400-നും ഇടയിലാണെന്നാണ് പ്രശസ്ത ജർമൻ പണ്ഡിതനായ മാക്സ്മുള്ളറടക്കം പല പ്രഗത്ഭരുടെയും അഭിപ്രായം. എന്നാൽ, വൈദിക കാലഘട്ടത്തിന് മുമ്പ് വേദങ്ങളോ മറ്റു ആര്യഗ്രന്ഥങ്ങളോ പഠിക്കാത്ത ഒരു സമൂഹം ഇന്ത്യയിൽ മഹത്തായ ഒരു നാഗരികത സ്ഥാപിച്ചുവെന്ന കാര്യം അംഗീകരിക്കാൻ വൈമനസ്യമുള്ള, സ്ഥാപിത താൽപര്യക്കാരായ ചില ചരിത്രമെഴുത്തുകാരുടെ പുതിയ കണ്ടുപിടിത്തം വൈദികയുഗം ബി.സി 3000-ത്തിലും പിറകോട്ടാണെന്നാണ്. അങ്ങനെ സിന്ധുനദീതട സംസ്കാരം വേദ-പുരാണ കാലഘട്ടത്തിൻെറ പിന്തുടർച്ചയാണെന്നും ബ്രാഹ്മണ സംസ്കാരത്തിൻെറ പരിണതശാഖയാണെന്നും അവർ വാദിക്കുന്നു. ബാലിശങ്ങളായ ഏതാനും തെളിവുകൾ ഇവർക്ക് അവതരിപ്പിക്കാനുണ്ടെങ്കിലും അവയെല്ലാംതന്നെ അടിസ്ഥാനരഹിതങ്ങളാണെന്ന് മനസ്സിലാക്കാൻ ഏറെ പാടുപെടേണ്ടതില്ല.

സിന്ധുനദീതടസംസ്കാരത്തിൻെറ സ്ഥാപകർ കറുത്തവരായ ദ്രാവിഡന്മാരായിരുന്നുവെന്നതിനാണ് തെളിവുകളുടെ മുഴുവൻ പിൻബലവുമുള്ളത്. ദ്രാവിഡന്മാർക്കാകട്ടെ ആര്യന്മാരുമായി എന്തെങ്കിലും സാദൃശ്യങ്ങളോ അവരുടെ മതവിശ്വാസവുമായി എന്തെങ്കിലും ബന്ധങ്ങളോ ഉള്ളതായി മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ദ്രാവിഡ സംസ്കാരം നശിപ്പിച്ചത് ആര്യാഗമനമാണെന്നും അതല്ല സിന്ധുനദിയുടെ ഗതിമാറ്റമാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഒന്നാമത്തെ അഭിപ്രായത്തിനാണ് തെളിവുകളേറെയുള്ളത്. മോർട്ടിമർ വീലർ, ഗോർഡൻ ചൈൽഡ് തുടങ്ങിയ പ്രഗത്ഭർ ഈ അഭിപ്രായക്കാരാണ്.

എന്തായിരുന്നാലും, സിന്ധുനദീതടസംസ്കാരത്തിൻെറ കണ്ടെത്തലോടുകൂടി, ആര്യസംസ്കാരം അഥവാ ഹൈന്ദവ സംസ്കാരമാണ് ഭാരതത്തിൻെറ പൗരാണിക സംസ്കാരമെന്ന അവകാശവാദത്തിനും പിന്നീട് ഇന്ത്യയിലേക്ക് കടന്നുവന്നവർ വിദേശികളാണ്, അവർ പുറത്തുപോകണമെന്ന ആശയത്തിനും വമ്പിച്ച തകർച്ചയാണ് നേരിട്ടത്. 'ഭാരത സംസ്കാരം അഥവാ വൈദിക സംസ്കാര'മെന്ന സമവാക്യത്തിന് തെളിവുണ്ടാക്കാൻ ചരിത്രമെഴുതിയവരുടെ ഊർധശ്വാസം മാത്രമാണ്, വൈദിക സംസ്കാരത്തെ ബി.സി 3000-ത്തിനു മുമ്പത്തേക്ക് പിടിച്ചുവലിക്കാനുള്ള ശ്രമത്തിനു പിന്നിൽ

ബുദ്ധിയുള്ളവർക്ക് ദർശിക്കാൻ കഴിയുന്നത്.

**ആര്യമതം:** 'വിദേശികളാൽ ഹിന്ദുമതമെന്ന് വിളിക്കപ്പെടുന്നതിനു മുമ്പ് ആര്യന്മാർ പിന്തുടർന്ന മതമെന്ന നിലക്ക് ഹിന്ദുമതം ആര്യമതമെന്ന് വിളിക്കപ്പെട്ടിരുന്നു. പക്ഷേ, പിന്നീട് അനാര്യന്മാരും ഇതേ മതം തന്നെ സ്വീകരിച്ചതിനാൽ ആര്യമതം ഇന്ത്യയിലെ ഭൂരിഭാഗത്തിൻെറയും മതമായിത്തീർന്നു'.[1]

ആര്യന്മാർ കൊണ്ടുവന്ന മതമാണ് ഹിന്ദുമതമെന്നർഥം. ആര്യന്മാരല്ല ഇന്ത്യയിലെ യഥാർഥ ആദിമനിവാസികളെന്ന് നാം മനസ്സിലാക്കി. പിന്നെ ആര്യമതത്തിന് ഭാരതീയ മതമെന്ന പേരു വിളിക്കുന്നതെങ്ങനെയാണ്? സിന്ധുനദീതട സംസ്കാരത്തെ നശിപ്പിച്ചുകൊണ്ട് അയൽനാടുകളിൽനിന്ന് കുടിയേറിയ അപരിഷ്കൃതരായിരുന്നു ആര്യന്മാരെന്നാണ് പണ്ഡിതമതം.[2]

ദ്രാവിഡർക്കുമുമ്പുതന്നെ പ്രോട്ടോ ആസ്ട്രിലോയ്ഡ് വംശക്കാരായ ചില വിഭാഗങ്ങൾ ഇന്ത്യയിലുണ്ടായിരുന്നുവെന്നും അഭിപ്രായമുണ്ട്. പക്ഷേ, മോഹൻജദാരോവിലും ഹാരപ്പയിലും മഹത്തായ നാഗരികത സൃഷ്ടിച്ചവർ ദ്രാവിഡരായിരുന്നുവെന്ന കാര്യത്തിൽ ഒരുവിധം എല്ലാ പണ്ഡിതന്മാരും ഏകാഭിപ്രായക്കാരാണ്. ഇവർ ഏതു വർഗത്തിൽപെട്ടവരാണെന്നോ എവിടെ നിന്ന് വന്നവരാണെന്നോ വ്യക്തമല്ല. തദ്വിഷയകമായി വിഭിന്ന അഭിപ്രായക്കാരാണ് പണ്ഡിതന്മാർ.

മെഡിറ്ററേനിയൻ പ്രദേശത്തുനിന്ന് വന്നവരാണ് ദ്രാവിഡന്മാരെന്നായിരുന്നു ഈയടുത്ത കാലംവരെ വിശ്വസിക്കപ്പെട്ടിരുന്നത്. സൂസിയൻ, എലാമൈറ്റ്, ബഹൂവി, ഹൂറിയൻ, കാസൈറ്റ് ഭാഷകളും ദ്രാവിഡ ഭാഷകളും തമ്മിലുള്ള സാദൃശ്യവും, അഫ്ഗാനിസ്ഥാൻ, ഇറാനിലെ പർവതപ്രദേശങ്ങൾ, യൂഫ്രട്ടീസ് ടൈഗ്രീസ് നദീതടങ്ങൾ തുടങ്ങിയിടങ്ങളിലെ സ്ഥലനാമങ്ങൾക്ക് ദ്രാവിഡ രൂപങ്ങളുമായുള്ള ചേർച്ചയും അവർ മെഡിറ്ററേനിയൻ പ്രദേശത്തുനിന്ന് വന്നവരാണെന്ന് പറയാൻ പണ്ഡിതന്മാരെ പ്രേരിപ്പിക്കുകയാണുണ്ടായത്[3].

1. Satyavrata Patel: Hinduism, Religion and way of life Page: 1.
2. ഗോർഡൻ ചൈൽഡ്: ചരിത്രത്തിൽ എന്ത് സംഭവിച്ചു, പേജ്: 194.
3. K.A. Nilakandashasthri: A History of South India. Page 118.



മെഡിറ്ററേനിയൻ വംശജരായ ദക്ഷിണ യൂറോപ്പോയ്ഡ് വംശക്കാരാണ് (southern europoid race) ദ്രാവിഡരെന്ന അഭിപ്രായത്തെ ആധുനിക നരവംശ ശാസ്ത്രജ്ഞന്മാർ അനുകൂലിക്കുന്നില്ല. താരതമ്യേന വെളുത്ത വർഗക്കാരായ യൂറോപ്പോയ്ഡുകളുമായി ആകൃതിയിലും പ്രകൃതിയിലും വ്യത്യസ്തരാണ് ദ്രാവിഡന്മാർ. ദ്രാവിഡരിൽ മിശ്രവംശത്തിൻെറ പ്രകൃതിയും ഘടനയുമാണ് കാണുന്നത്. കറുത്തതോ ഇളംതവിട്ടു നിറത്തിലുള്ളതോ ആയ ചർമം, കട്ടികുറഞ്ഞ തലമുടി, മിതമായി വളർന്ന ശരീരരോമങ്ങൾ, പിറകോട്ട് ചെരിഞ്ഞ് ഒട്ടൊക്കെ പരന്ന നെറ്റി, വളഞ്ഞുവികസിച്ച പുരികങ്ങൾ, കുഴിഞ്ഞ നയനതലം, ഉയരം കുറഞ്ഞ് നേരെയുള്ളതോ അൽപം നടുവുയർന്നതോ ആയ മൂക്കിൻെറ പാലം, ഒട്ടുവിടർന്ന നാസാദ്വാരങ്ങൾ, അൽപം തടിച്ച ചുണ്ടുകൾ, ചെറുതോ ഇടത്തരമോ ആയ താടിയെല്ലുകൾ, സാമാന്യം കുനിഞ്ഞ മുഖം, നീണ്ടുയർന്ന തല ഇവയാണ് ദ്രാവിഡരുടെ പ്രത്യേകതകൾ. ഇവയെല്ലാം യൂറോപ്പോയ്ഡ് വിഭാഗത്തിലും നീഗ്രോയ്ഡ് വിഭാഗത്തിലും ഉൾപ്പെട്ട ചില ഗ്രൂപ്പുകൾ തമ്മിൽ ചേർന്നതിൻെറ ലക്ഷണങ്ങളാണെന്നാണ് പ്രഗത്ഭനായ എം. നെസ്തുർക്കിൻെറ അഭിപ്രായം[1]. ഈജിപ്തിലും മെസപൊട്ടോമിയയിലും നാഗരികതക്ക് ആരംഭം കുറിച്ചതിന് ഏകദേശം സമകാലികമായിതന്നെ സിന്ധുനദീതടത്തിൽ നാഗരികത സൃഷ്ടിച്ച ദ്രാവിഡന്മാർ ഈ രണ്ടു വർഗങ്ങളുടെയും സങ്കരസന്തതികളാണെന്ന അഭിപ്രായത്തിന് പ്രസക്തിയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

**ആര്യന്മാരുടെ തറവാട്:** ആര്യന്മാരുടെ ആദിമവാസസ്ഥലം എവിടെയാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. പക്ഷേ, അവർ ഇന്ത്യക്കുപുറത്തുനിന്ന് വന്നവരാണെന്ന കാര്യത്തിൽ ഒരുവിധം പണ്ഡിതന്മാരെല്ലാം യോജിക്കുന്നു. ഇന്നത്തെ ഹങ്കറി, ആസ്ട്രിയ, ബൊഹീമിയ തുടങ്ങിയിടങ്ങളിൽ ഡോ. പി. ഗൈൽസ് ആര്യതറവാട് കണ്ടെത്തിയപ്പോൾ മറ്റൊരു വിഭാഗം പണ്ഡിതന്മാർ പാമീർ പീഠഭൂമിയാണ് ആദ്യആര്യന്മാരുടെ വാസസ്ഥലമെന്ന് വാദിച്ചു. ജർമൻകാരനായ ഋഗ്വേദപണ്ഡിതൻ ഏണസ്റ്റ് ഹോമീസ് ഉത്തരധ്രുവത്തിലാണ് ആദിആര്യന്മാരുടെ തറവാടെന്ന്

1. M. Nesthurkh: The Races of Mankind Page 174.

തെളിവുകൾ നിരത്തി സമർഥിക്കുന്നുണ്ട്[1]. 'ചിലർ ആര്യന്മാരുടെ പൂർവിക വാസസ്ഥാനം ഉത്തരയൂറോപ്പാണെന്നും പശ്ചിമ യൂറോപ്പാണെന്നും സിദ്ധാന്തിച്ചു. യൂറോപ്പിൽനിന്നും ഏഷ്യയിലെത്തിയ ഗോത്രവിഭാഗങ്ങൾ ക്രമേണ പേഴ്സ്യ, അഫ്ഗാനിസ്ഥാൻ എന്നീ പ്രദേശങ്ങൾ വഴി ഇന്ത്യയിലേക്ക് വന്നുവെന്നാണ് മറ്റൊരു സിദ്ധാന്തം. കരിങ്കടലിനു വടക്കുള്ള ബാൾക്കൻ പ്രദേശത്തുനിന്ന് പേഴ്സ്യവഴി വന്നവരാണെന്ന അഭിപ്രായമാണ് കൂടുതൽ സാർവത്രികം. 1988-ൽ കോളിൻ റെൻഫ്യൂ എന്ന പുരാതത്വപണ്ഡിതൻ പുതിയൊരു സിദ്ധാന്തമുന്നയിച്ചു. തുർക്കിയിലെ അനത്തോളിയാ പ്രദേശത്ത് ചാതൽഹയുഗം ആയിരിക്കണം ഇന്തോ യൂറോപ്യന്മാരുടെയും അവരുടെ മൂലഭാഷയുടെയും ഉൽഭവസ്ഥാനമെന്നും ഊഹിക്കുന്നു. കാർഷിക വികസനത്തോടൊപ്പമാണത്രേ പുതിയ ഭാഷകൾ ഉൽഭവിച്ചതും വ്യാപിച്ചതും. വ്ളാദിസ്ലാവ് ഇല്ലിച്ച്സ്വിദിക്, ആറൻദൽ ഗവോൽസ്കി എന്നീ റഷ്യൻ ഭാഷാപണ്ഡിതന്മാരും സ്വതന്ത്രഗവേഷണത്തിലൂടെ ഇന്തോയൂറോപ്യന്മാരുടെ മൂലകേന്ദ്രം അനത്തോളിയ പ്രദേശമാകാമെന്ന് സിദ്ധാന്തിച്ചിരുന്നു'[2].

പ്രഗത്ഭരായ ഇന്ത്യൻ പണ്ഡിതന്മാരും, ആര്യന്മാർ ഇന്ത്യക്കു പുറത്തു നിന്നു വന്നവരാണെന്ന അഭിപ്രായക്കാർതന്നെയാണ്. ഡോ. എസ്. രാധാകൃഷ്ണൻ, സർ ആർ.ജി. ഭണ്ഡാർക്കർ, അക്ഷോയ് കുമാർ മജൂംദാർ, ആർ.ഇ.സി. ദത്ത, ബാലഗംഗാധരതിലകൻ തുടങ്ങിയ പക്വമതികളുടെയെല്ലാം അഭിപ്രായം ഇതത്രെ.

ബാലഗംഗാധരതിലകൻെറ വീക്ഷണത്തിൽ ആര്യന്മാർ ഉത്തരധ്രുവത്തിൽനിന്നും വന്നവരാണ്. അദ്ദേഹം എഴുതി: 'ഏറ്റവും പ്രാചീനരായ ആര്യൻ ജനതയുടെ വാസസ്ഥലം ഉത്തരധ്രുവ പ്രാന്തങ്ങളിലെവിടെയോ ആയിരുന്നു. ഇത് വ്യക്തമാക്കുന്നതിന്നുവേണ്ട തെളിവുകൾ ആര്യവർഗത്തിൻെറ ഏറ്റവും പ്രാചീനങ്ങളായ വേദസാഹിത്യങ്ങളിലും സെൻറ് അവസ്ത[3]യിലും ഉണ്ടെന്ന് വിശ്വാസയോഗ്യമാംവണ്ണം തെളിയിക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്'[4]. സൗശീരദ്യസ ദൃശീരിദുശ്ശോ, ദീർഘം സചന്തേവരുണ

1. വിശ്വവിജ്ഞാനകോശം, വാ: 2 "ആര്യന്മാർ" പേജ് 269
2. ഭാരത വിജ്ഞാനകോശം, വാല്യം 1 "ആര്യന്മാർ", പേജ് 180.
3. ഇറാൻകാരുടെ പൗരാണിക വേദഗ്രന്ഥം.
4. Bala Gangadara Tilakan: Arctic Home in Vedas, Page 19



സ്യധാമ[1] (ഇന്നും നാളെയും ഇവൾ തുല്യമായിത്തന്നെ വർത്തിക്കുന്നു. ആ ദീർഘകാലത്തേക്ക് അവൾ വരുണൻെറ ഗൃഹത്തിൽ പോകുന്നു') എന്ന ഋഗ്വേദ സൂക്തവും ഇതോടനുബന്ധിച്ച സൂക്തങ്ങളും ഉത്തരധ്രുവത്തിലെ ഉഷഃകാലത്തെ വർണിക്കുന്നവയാണെന്നാണ് ലോകമാന്യതിലകൻെറ അഭിപ്രായം. 'ആ ദീർഘകാലത്തേക്ക് ഉഷസ് വരുണഭവനത്തിൽ പോയി താമസിക്കുന്നു എന്നുള്ളതിന്, ആര്യന്മാരുടെ ആദിമവാസസ്ഥലത്ത് ആറു മാസം അന്ധകാരമാണെന്നാണ് അർഥമായെടുക്കേണ്ടത്'[2]. ആറു മാസം പകലും ആറു മാസം രാത്രിയുമായ പ്രദേശം ധ്രുവങ്ങളിലായതിനാൽ അവിടെനിന്നായിരിക്കണം ആര്യന്മാരുടെ വിവിധ ദേശങ്ങളിലേക്കുള്ള കുടിയേറ്റം നടന്നത് എന്നും തിലകൻ അനുമാനിക്കുന്നു.

ആര്യഭാഷയെക്കുറിച്ച് ഗവേഷണം നടത്തിയ പണ്ഡിതന്മാരും അതിന് സെമിറ്റിക് ഭാഷയുമായുള്ള ബന്ധം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 'ഋഗ്വേദത്തിലെ ഭാഷയെപ്പറ്റി ഗവേഷണം നടത്തിയ പാശ്ചാത്യ പണ്ഡിതന്മാർ അതിന് പേർഷ്യൻ, ഗ്രീക്ക്, ലത്തീൻ, ടൂട്ടോണിക്, സ്ലോവോണിക് ഭാഷകളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തി. അവക്കെല്ലാം കൂടി പൊതുവായ ഒരു മൂലഭാഷയുണ്ടായിരിക്കണമെന്നാണവരുടെ അനുമാനം. വൈദിക സംസ്കൃതത്തിന് മാതൃത്വം കൽപിക്കാനവർ തയ്യാറല്ല. കാരണം, അതിനേക്കാൾ പഴമ തോന്നിക്കുന്ന ഒന്നാണ്, ഏഷ്യാമൈനറിലെ ബോഘാസ്കോയ് (Bogahazkoy) എന്നിടത്തുനിന്ന് കണ്ടെടുത്ത ശിലാരേഖകളിലെ ഭാഷ'[3].

സിന്ധു നദീതടത്തിലെ ലിഖിതങ്ങൾ (Indus scripts) ഇതുവരെ വായിക്കാൻ കഴിഞ്ഞിട്ടില്ല. അതുവായിക്കാൻ കഴിഞ്ഞാൽ ഭാരതീയ പൈതൃകത്തെക്കുറിച്ച പല അമൂല്യവിജ്ഞാനങ്ങളും മനസ്സിലാക്കാൻ കഴിയുമെന്നാണ് വിദഗ്ധർ അനുമാനിക്കുന്നത്. വേദങ്ങളും ഉപനിഷത്തുക്കളുമെല്ലാം തുടക്കത്തിൽ പഹ്ലവി ലിപിയിലായിരുന്നുവത്രേ എഴുതപ്പെട്ടിരുന്നത്. ബ്രാഹ്മണാധിപത്യത്തിൻെറ അതിപ്രസരത്തിൽ, വലതുഭാഗത്തു നിന്ന് എഴുതപ്പെടുന്ന പഹ്ലവിയിൽ നിന്ന് അവ സംസ്കൃതത്തിലേക്ക് തിരിഞ്ഞുപോകുകയാണത്രേ

1. ഋഗ്വേദം 1:123:8.
2. Arctic Home in Vedas, Page 103.
3. പി. ദാമോദരപിള്ള: ഗദ്യകൈരളി ഭാ: 4 പേജ് 161

ഉണ്ടായത്[1]. സിന്ധിഭാഷാലിപി അറബി അക്ഷരങ്ങളെപ്പോലെയാണ് കാണപ്പെടുന്നത്. സംസ്കൃത ഭാഷ ആദ്യമായി ഉപയോഗിക്കപ്പെട്ടത് വേദങ്ങളിലാണെന്ന് കരുതപ്പെടുന്നു. അഥവാ, ആര്യഭാഷയായ സംസ്കൃതവും സിന്ധി ഭാഷയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ 'ബന്ധമില്ലായ്മ' യും കാണിക്കുന്നത് ആര്യന്മാർ ഇന്ത്യക്കു പുറത്തുനിന്ന് വന്നവരാണെന്നാണ്; അവരുടെ ഭാഷപോലും ഇന്ത്യക്കു പുറത്തു രൂപപ്പെട്ടതാണെന്നും.

ഇന്തോയൂറോപ്യൻ ഭാഷയായ സംസ്കൃതം സംസാരിച്ചിരുന്ന ആര്യന്മാർ പേഴ്സ്യയിൽ (ഇറാൻ) കുറെക്കാലം കഴിച്ചുകൂട്ടി. പിന്നെയാണ് ഇന്ത്യയിലേക്ക് വന്നത്. പേഴ്സ്യക്കാരുടെ സെൻറ് അവസ്ത എന്ന ഗ്രന്ഥത്തിലെ ഭാഷക്കും ദൈവങ്ങൾക്കും വേദങ്ങളിലെ ഭാഷയും ദൈവങ്ങളുമായി വളരെ സാദൃശ്യമുണ്ട്. ഇന്ദ്രൻ, മിത്രൻ, വായു എന്നീ ദൈവങ്ങൾ രണ്ടിലും കാണാം[2].

ഇതെല്ലാം ചരിത്രത്തിൻെറയും തെളിവുകളുടെയും അടിസ്ഥാനത്തിലുള്ള നിഗമനങ്ങളാണ്. എന്നാൽ, ആര്യന്മാരുടെ തറവാട് ഇന്ത്യയിൽ തന്നെ കണ്ടെത്തണമെന്ന് നിർബന്ധമുള്ള ചിലരുണ്ട്. ഈ ചിന്താഗതിയുടെ ജനയിതാവ് ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയാണ്. ന്യൂദൽഹി കേന്ദ്രമാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഇതിഹാസ് ശുദ്ധി സൻസ്ഥാൻ (ചരിത്ര ശുദ്ധീകരണ സംഘടന) എന്ന പ്രസ്ഥാനത്തിൻെറ പ്രധാന ലക്ഷ്യം തന്നെ ആര്യതറവാട് ഹിമാലയത്തിനിപ്പുറത്ത് പ്രതിഷ്ഠിക്കുകയാണ്. പ്രൊഫ. പി. എൻ. ഓക്ക് എന്ന 'ചരിത്രകാര'നാൽ നയിക്കപ്പെടുന്ന പ്രസ്തുത സംഘടന ലോകത്തുള്ള പേരുകേട്ട പ്രദേശങ്ങൾ മുഴുവൻ ഹൈന്ദവവത്കരിച്ച് ഇതിനകം പ്രസിദ്ധി നേടിയിട്ടുണ്ട്. ആര്യതറവാട് ഇന്ത്യയിലാണെന്നതിന് കുറേ 'തെളിവുകൾ' ഇവർ ഉദ്ധരിക്കാറുമുണ്ട്. പക്ഷേ, അവ നൂറു ശതമാനവും ബാലിശങ്ങളാണെന്നതാണ് വാസ്തവം. ആര്യതറവാട് ഇന്ത്യക്ക് പുറത്താണെന്നോ ഹിന്ദുമതം വൈദേശികമാണെന്നോ സ്ഥാപിക്കുകയല്ല നമ്മുടെ ലക്ഷ്യമെന്നതിനാൽ അവയോരോന്നുമെടുത്ത് വിമർശിക്കാൻ മെനക്കെ

1. Bridgett and Raymond Alchiur: The Birth of Indian Civilization
ഉദ്ധരണം പി.കെ. ഗോപാലകൃഷ്ണൻ: കേരളത്തിൻെറ സാംസ്ക്കാരിക ചരിത്രം.
2. ഭാരത വിജ്ഞാനകോശം, ഭാ: 1 പേജ്: 180



ടുന്നില്ല. ഇന്ത്യയുടെ മതം ആര്യന്മാർ കൊണ്ടുവന്ന ദർശനങ്ങൾ മാത്രമാണെന്നും അവയല്ലാത്തതെല്ലാം വൈദേശികവും പുറത്താക്കപ്പെടേണ്ടതുമാണെന്നുമുള്ള വാദത്തിന് യുക്തിയുടെയും വസ്തുതകളുടെയും യാതൊരു പിൻബലവുമില്ലെന്ന് മനസ്സിലാക്കാൻ വേണ്ടി മാത്രമാണ് ആര്യന്മാരുടെ ആദിവാസസ്ഥലത്തെക്കുറിച്ച് അൽപം പരാമർശിച്ചത്.

ആര്യന്മാർ ഭാരതത്തിന് പുറത്തുനിന്ന് വന്നുവെന്നതുകൊണ്ട് അവരുടെ മതവിശ്വാസത്തിൻെറ മഹിമയോ ദർശനത്തിൻെറ ഔജ്ജല്യമോ കുറയുന്നില്ല. മതവും ദർശനവുമെല്ലാം ദേശീയതകൾക്കതീതമായ വസ്തുതകളാണ്. ആര്യദർശനം ഇന്ത്യക്കകത്തുണ്ടായതാണെങ്കിലും പുറത്തുണ്ടായതാണെങ്കിലും അവയുടെ ഉൽബോധനവും സിദ്ധാന്തങ്ങളും ഉജ്ജ്വലങ്ങളാണെങ്കിൽ അതംഗീകരിക്കാൻ വിവേകമുള്ളവർ മുഴുവൻ സന്നദ്ധരാവും. അതേസമയം, ഇന്ത്യക്കകത്തുണ്ടായിപ്പോയി എന്ന ഒരൊറ്റ കാരണത്താൽ മാത്രം ഏതു മ്ലേച്ഛമായ വിശ്വാസങ്ങളെയും ചെയ്തികളെയും അംഗീകരിക്കാനും പാടിപ്പുകഴ്ത്താനും വിചാരബോധമുള്ളവരെയൊന്നും കിട്ടുമെന്ന് തോന്നുന്നില്ല. നടേ സൂചിപ്പിച്ചപോലെ ഭഗവാൻ (?) രജനീഷിൻെറ ലൈംഗികതയിലധിഷ്ഠിതമായ ദൈവതത്ത്വശാസ്ത്രവും സായിബാബയുടെ ജാലവിദ്യാദൈവാവതാരവുമെല്ലാം ജന്മമെടുത്തത് ഭാരതത്തിൻെറ ശാദ്വലഭൂമിയിൽതന്നെയാണല്ലോ.

ദേശങ്ങളുടെ അതിരുകൾക്കതീതമായി മനുഷ്യൻെറ ആത്മാവിനെയും മനസ്സിനെയും മസ്തിഷ്കത്തെയും പരിവർത്തിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തിയാണ് മതം. ഒരു ദേശത്തുള്ളവർക്ക് മാത്രം മോക്ഷം, ഒരു തറവാട്ടിൽ പിറന്നവർക്കു മാത്രം സ്വർഗം,തുടങ്ങിയ വികൃതതത്ത്വശാസ്ത്രങ്ങൾ മനുഷ്യനെ വിശാലതയിലേക്കല്ല സങ്കുചിതത്വത്തിലേക്കാണ് നയിക്കുകയെന്നുറപ്പാണ്. മഹത്തായ ദർശനങ്ങൾ അത്തരത്തിൽ സങ്കുചിതമാവുകയില്ലദർശനത്തിൻെറ അനുയായികളായി പിന്നീട് വന്നവരാണ് മഹത്തായ ദർശനങ്ങളെ സങ്കുചിതവത്കരിച്ചത്. തെറ്റ് ദർശനത്തിൻേറതല്ല; അനുയായികളുടേതാണെന്നർഥം.

**ഹിന്ദുരാഷ്ട്രം:** 'ഭാരതം ഹിന്ദു രാഷ്ട്രമാണ്' എന്ന വാദത്തിലാ

ണ് വൈകാരിക ഹൈന്ദവത പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. ഈ വാദത്തിന് മുമ്പെന്നത്തേക്കാളുമധികം സ്വീകാര്യത ലഭിച്ചുകൊണ്ടിരിക്കുന്നതിന് കാരണം ഹൈന്ദവ ദർശനത്തെക്കുറിച്ച അറിവില്ലായ്മ മാത്രമാണ്. ഹൈന്ദവ ദർശനത്തിന്റെ പേരിൽ രാഷ്ട്രമുണ്ടാക്കുവാൻ ശ്രമിക്കുന്നവർ അടിസ്ഥാന ഗ്രന്ഥങ്ങളായ വേദങ്ങളോ ഉപനിഷത്തുകളോ ബ്രാഹ്മണങ്ങളോ ആരണ്യകങ്ങളോ പുരാണങ്ങളോ എന്തിനധികം ഭഗവദ്ഗീതപോലുമോ അവരെ പഠിപ്പിക്കാനോ അതിൽ നിന്നും ഹിന്ദുരാഷ്ട്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ഉദ്ധരിക്കാനോ സന്നദ്ധരാകാറില്ല. ഹിന്ദുരാഷ്ട്രമെന്ന സ്വപ്നത്തിന് സൈദ്ധാന്തിക അടിത്തറ തേടി ഹൈന്ദവ അടിസ്ഥാന ഗ്രന്ഥങ്ങൾ പരതുന്നവർക്ക് നിരാശ മാത്രമായിരിക്കും ഫലം.

വേദോപനിഷത്തുക്കളിലൊന്നുംതന്നെ ഒരു രാഷ്ട്രസങ്കൽപം കാണുക സാധ്യമല്ല. കന്നുകാലികളെ മേച്ചുനടന്നിരുന്ന നാടോടികളായ ആര്യന്മാരുടെ ഭാരതാഗമനവും ഇവിടത്തെ ആദിവാസികളായ ദ്രാവിഡരിൽ നിന്നും നേരിടേണ്ടി വന്ന ചെറുത്തുനിൽപും, ആര്യന്മാരുടെ പ്രാകൃത ദൈവ-മത സങ്കൽപങ്ങളുമെല്ലാമാണ് വേദങ്ങളുടെ വിഷയം. ജീവാത്മാവിനെയും പരമാത്മാവിനെയും കുറിച്ച ദാർശനിക ചർച്ചകളാണ് ഉപനിഷത്തുക്കളിൽ നാം കാണുന്നത്. ദശാവതാര കഥകളും അവിശ്വസനീയ കഥാപാത്രങ്ങളും നിറഞ്ഞ പുരാണങ്ങളോ മന്ത്രപ്രധാനമായ ബ്രാഹ്മണങ്ങളോ ഒന്നും ഒരു രാഷ്ട്രസങ്കൽപത്തിന്റെ അടിസ്ഥാന രേഖകൾ സമർപ്പിക്കുന്നില്ല. പിന്നെയുള്ളത് രാമായണ മഹാഭാരതങ്ങളാണ്. ഈ ഇതിഹാസങ്ങൾ രാജകുടുംബത്തെയും വംശത്തെയും ചൂഴ്ന്നുനിൽക്കുന്ന കഥകൾ അവതരിപ്പിക്കുന്നുണ്ടെന്നത് ശരിയാണ്. പക്ഷേ, ആധുനിക രാഷ്ട്രസങ്കൽപത്തിന് ആധാരമാവേണ്ട നിയമസംഹിതകൾ തേടി അവയിൽ മുങ്ങിത്തപ്പിയാലും നിരാശ മാത്രമായിരിക്കും ഫലം. ഹിന്ദുരാഷ്ട്രത്തിന്റെ അടിസ്ഥാന രേഖയായി അവതരിപ്പിക്കപ്പെടുന്ന ഭഗവദ്ഗീതയുടെ സ്ഥിതിയും തഥൈവ.

സ്മൃതികളിൽ സാമൂഹികനിയമങ്ങളും രാഷ്ട്രനിയമങ്ങളും പ്രസ്താവിക്കുന്നുണ്ടെന്നത് ശരിയാണ്. പക്ഷേ, വർണാശ്രമ വ്യവസ്ഥയിലധിഷ്ഠിതമായ നിയമങ്ങളാണവ ഉൾക്കൊള്ളുന്നത്. 'ബ്രാഹ്മണനെ കൊല്ലുന്ന ശൂദ്രനെ മൂന്നു പ്രാവശ്യമായി തീയിലിട്ട് ചിത്രവധം ചെയ്തു കൊല്ലണം. എന്നാൽ, ശൂദ്രനെ മറ്റുള്ളവർ കൊന്നാൽ ഒരു വർഷത്തെ തടവും പന്ത്രണ്ട് പശുക്കളെ പിഴയായി വസൂലാക്കുകയും ചെയ്താൽ മതി'[1] തുടങ്ങി ബ്രാഹ്മണന് ഒരു നിയമവും ശൂദ്രന് വേറൊരു നിയമവും ചണ്ഡാളന് മറ്റൊരു നിയമവുമെന്ന 'സ്മൃതി'കളിലെ തത്വശാസ്ത്രം ആധുനിക ഇന്ത്യയുടെ നിർമിതിക്കു വേണ്ട അടിസ്ഥാന നിയമങ്ങളവതരിപ്പിക്കാൻ പര്യാപ്തമാണെന്ന് ഹിന്ദു റിവൈവലിസ്റ്റുകൾ പോലും പറയുമെന്നു തോന്നുന്നില്ല.



ഇന്ത്യ ഒരിക്കലെങ്കിലും രാഷ്ട്രീയമായ ഒരേകകമായിരിന്നുല്ലെന്നതിന് ചരിത്രം സാക്ഷിയാണ്. മുഗളരും അഫ്ഗാനികളും ഇറാനികളും മറ്റും ഇന്ത്യയിലേക്ക് കടന്നുവരുന്നതിനു മുമ്പ് പരസ്പരം പോരാടിക്കൊണ്ടിരുന്ന ഗോത്രങ്ങളുടെയും വർഗങ്ങളുടെയും ജാതികളുടെയും നാടുവാഴികളുടെയും സമൂഹമായിരുന്നു ഈ രാജ്യത്തുണ്ടായിരുന്നത്. ഹിന്ദുമതമോ ദർശനമോ സംസ്കാരമോ ചരിത്രത്തിലൊരിക്കലും ഒരു ഏകീകരണ ശക്തിയായിരുന്നിട്ടില്ല. മാതൃകാ ഹിന്ദുരാഷ്ട്രം എന്നു പറയാവുന്ന ഒരു രാഷ്ട്രം ഇന്ത്യയുടെ ഗതകാല ചരിത്രത്തിലെവിടെയും കാണുക സാധ്യമല്ല. എങ്ങോട്ടും വളച്ച് വ്യാഖ്യാനിക്കാവുന്ന ഹൈന്ദവ ദർശനത്തെ സ്വാർത്ഥത്തിനുവേണ്ടി വ്യാഖ്യാനിക്കുന്നവരാണ് ഹിന്ദുരാഷ്ട്രവാദക്കാർ. ഇവരുടെ വേദഗ്രന്ഥമായ ഗുരുജി ഗോൾവാൾക്കറുടെ 'വിചാരധാര'യുടെ സ്ഥിതിയും മറിച്ചല്ല. ഒരു ആത്യന്തിക ദേശീയതയുടെ വാചാലമായ വാക്ധോരണികളല്ലാതെ ഹിന്ദുരാഷ്ട്രത്തിന്റെ അവികലമായ ഒരു രൂപരേഖ പോലും അതിൽ കണ്ടെത്തുക സാധ്യമല്ല. ഹിന്ദുരാഷ്ട്രമെന്ന സങ്കൽപത്തിന് വൈകാരികമായ ആവേശമല്ലാതെ സൈദ്ധാന്തികമായ യാതൊരടിസ്ഥാനവുമില്ലെന്നർഥം.

ഹിന്ദുവെന്ന പദത്തിന് ദാർശനികമായ യാതൊരർഥവുമുണ്ടായിരുന്നില്ലെന്നും ഒരു ദേശക്കാരെ വിളിക്കാനുപയോഗിച്ച സംജ്ഞ മാത്രമായിരുന്നു അതെന്നും നാം മനസ്സിലാക്കി. പക്ഷേ, ഇന്നു ഹിന്ദുമതമെന്ന് പറയപ്പെടുന്നത് ദ്രാവിഡവിശ്വാസാചാരങ്ങളും ആര്യവിശ്വാസാചാരങ്ങളും കൂടിക്കലർന്ന മതത്തിനാണ്. അതാകട്ടെ ബഹുദൈവാരാധന അംഗീകരിക്കുന്നു എന്ന കാര്യത്തിലല്ലാതെ മറ്റൊ

1. ഗൗതമധർമ്മ സൂത്രം: ഉദ്ധരണം കൃഷ്ണാനന്ദസ്വാമി: ഇന്ത്യയിലെ വർണ്ണസമരം

ന്നിലും ഏകതയില്ലാത്ത കുറെയധികം മതങ്ങളുടെ സങ്കലനമാണ്. അതെന്തായാലും ഇന്ന് കാണുന്ന സങ്കലിത രൂപത്തിലുള്ള ഹിന്ദു മതത്തിൻെറ അടിസ്ഥാനഗ്രന്ഥങ്ങളുടെ ആശയങ്ങളിൽ ദൈവിക ബോധനത്തിൻെറ സ്വാധീനമുണ്ടോ എന്നതാണ് നാം അന്വേഷണ വിധേയമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ പുസ്തകത്തിലുള്ള 'ഹിന്ദു' ശബ്ദത്തിൻെറ വിവക്ഷ ഇന്നു വ്യവഹരിക്കുന്ന രീതിയിലുള്ള സ്ഥാപിത ഹിന്ദുമതമാണ്.



2

# ഹിന്ദു: നിർവചനങ്ങൾ

'ഹിന്ദു'മതമെന്ന പേരിൽ ഒരു മതമോ ദർശനമോ ഭാരതീയ ചരിത്രത്തിൽ നിലനിന്നിട്ടില്ലെന്ന് നാം മനസ്സിലാക്കി. എങ്കിലും ഇന്ന് 'ഹിന്ദുമതം' ഒരു സാമൂഹിക യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ ചരിത്രത്തിൻെറ അളവുകോൽ മാത്രം വെച്ചുനോക്കി 'ഹിന്ദു' എന്ന ഒന്നില്ലെന്ന്  പറയുന്ന സമ്പ്രദായം ശരിയല്ല. ഇന്ന് ഹിന്ദുമതം എന്നു പറയുമ്പോൾ അർഥമാക്കുന്നതെന്താണെന്ന അന്വേഷണത്തിന് അതുകൊണ്ടുതന്നെ ഏറെ പ്രസക്തിയുണ്ട്.

ഹൈന്ദവ മതത്തിൻെറ വ്യത്യസ്ത നാമങ്ങൾ സത്യവ്രതപ ട്ടേൽ തന്റെ 'ഹിന്ദുയിസം: മതവും ജീവിതമാർഗവും'[1] എന്ന ഗ്രന്ഥ ത്തിൽ വിവരിക്കുന്നുണ്ട്. 'ആര്യസംസ്കാരത്തിൻെറയും അനാര്യ സംസ്കാരത്തിൻെറയും സമന്വയത്തിൽ നിന്നാണ് അഭിനവ ഹിന്ദു മതതത്വങ്ങളുടെ പിറവിയെങ്കിലും ആര്യന്മാർ കൊണ്ടുവന്ന മത മെന്ന നിലയ്ക്ക് അതിനെ ആര്യമതമെന്ന്, വിദേശികളാൽ ഹിന്ദുമ തമെന്ന് നാമകരണം ചെയ്യപ്പെടുന്നതിന് മുമ്പേവിളിക്കപ്പെട്ടു'.

1. Sathyavratha Patel: Hinduism: Religion and Way of Life.

വേദങ്ങളെ അടിസ്ഥാനപ്രമാണമായി സ്വീകരിക്കുന്നതിനാൽ വൈദികമതം (Vedic Religion) എന്ന് ഹിന്ദുമതം അറിയപ്പെട്ടു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ ജനങ്ങളെ നാലു തട്ടുകളായി തിരിക്കുന്ന സമ്പ്രദായത്തിൽ വിശ്വസിക്കുന്ന മതമെന്ന നിലയ്ക്ക്, സാമൂഹിക വീക്ഷണത്തിൽ വർണാശ്രമധർമമെന്ന് ഹിന്ദുമതം വ്യവഹരിക്കപ്പെട്ടു. ബ്രാഹ്മണന്മാരാൽ നയിക്കപ്പെടുന്ന മതമെന്ന നിലയ്ക്ക് ആദ്യമായി ബ്രാഹ്മണമതമെന്നായിരിക്കണം ഹിന്ദുമതം അറിയപ്പെട്ടത്[1].

ഗാന്ധിജി ഹിന്ദുമതത്തിന് കൊടുക്കുന്ന നിർവചനം ശ്രദ്ധിക്കുക: 'ഞാൻ സ്വയം സനാതന ഹിന്ദുവെന്നവകാശപ്പെടുന്നു. കാരണം: (1) ഞാൻ വേദങ്ങളിലും ഉപനിഷത്തുക്കളിലും പുരാണങ്ങളിലും മറ്റു ഹിന്ദു മതഗ്രന്ഥങ്ങളിലും അവതാരങ്ങളിലും പുനർജ്ജന്മത്തിലും വിശ്വസിക്കുന്നു. (2). ഇന്നറിയപ്പെടുന്ന അപരിഷ്കൃത രീതിയിലല്ലാത്ത, കർക്കശമായി വേദങ്ങളിൽ പ്രതിപാദിക്കപ്പെട്ട രീതിയിലുള്ള വർണാശ്രമ ധർമത്തിൽ ഞാൻ വിശ്വസിക്കുന്നു. (3). ഇന്ന് പ്രസിദ്ധമായതിലും അധികമായ അർഥത്തിൽ ഞാൻ പശുവിൻെറ സംരക്ഷണത്തിൽ വിശ്വസിക്കുന്നു. (4). ഞാൻ വിഗ്രഹാരാധനയിൽ അവിശ്വസിക്കുന്നില്ല'[2].

സാധുശീലൻ കെ. പരമേശ്വരൻപിള്ള ഹിന്ദുമതത്തിന് നൽകുന്ന വിശദീകരണം നോക്കുക: 'ഭാരതദേശത്തിൽ ഉത്ഭവിച്ച സനാതന ധർമശാസ്ത്രങ്ങൾ, ആധ്യാത്മിക ദർശനങ്ങൾ എന്നിവയെ പൊതുവായോ ഭാഗികമായോ സ്വധർമാദർശമായി വിശ്വസിച്ച് ആദരിക്കുകയും ഭാരതദേശത്തെ മാതൃഭൂമിയായും പുണ്യഭൂമിയായും കരുതി ബഹുമാനിക്കുകയും ചെയ്യുന്നതാരോ അയാൾ ഹിന്ദു'[3].

ശ്രീദാമോദര സവർക്കർ തൻെറ 'ഹിന്ദുത്വം' എന്ന പുസ്തകത്തിൽ എഴുതുന്നു:

'ആ സിന്ധു സിന്ധു പര്യന്തായസ്യ ഭാരതഭൂമികാ
പിതൃഭൂ പുണ്യഭൂശ്ചൈവസവൈ ഹിന്ദുരിതിസ്മൃതാ'

(സിന്ധുതടം മുതൽ സമുദ്രം വരെയുള്ള ഭാരതഭൂമിയെ പുണ്യ

1. Ibid-Page 1-3
2. Gandhi M.K: Complete Works Vol XXI, Page 246
3. സാധുശീലൻ കെ. പരമേശ്വരൻ പിള്ള: ഹിന്ദുധർമ്മ പരിചയം, പേജ് 7



ഭൂമിയായും പിതൃഭൂമിയായും കണക്കാക്കുന്ന ആളെ ഹിന്ദു എന്നു വിളിക്കുന്നു)[1].

ഇങ്ങനെ വ്യത്യസ്തമായ നിർവചനങ്ങളാണ് ഹിന്ദുമതത്തിന് നൽകപ്പെട്ടിരിക്കുന്നത്. ഭാരതത്തിൽ പിറന്ന ദർശനങ്ങളെല്ലാം ഹൈന്ദവമെന്ന വാദത്തിനെതിരാണ് ഗാന്ധിയൻ വീക്ഷണം. വേദോപനിഷത്തുക്കൾക്ക് പ്രാമാണികത കൽപിക്കാത്ത ഒട്ടനവധി ചിന്താധാരകൾ ഇന്ത്യയിൽ പിറന്നതായി കാണാൻ കഴിയും. 'രാമനും കൃഷ്ണനും ഈശ്വരൻെറ അവതാരങ്ങളാണെന്ന് വിശ്വസിക്കാത്ത എത്രയോ പേർ ഹിന്ദു ധർമത്തിനകത്തുണ്ട്'[2] എന്ന ഗുരുജി ഗോൾവാൾക്കറുടെ അഭിപ്രായത്തിനെതിരാണ് അവതാരത്തിൽ വിശ്വസിക്കുന്നവനേ ഹൈന്ദവനാകൂവെന്ന ഗാന്ധിയൻ വീക്ഷണം. പശുവിനെ മാത്രമല്ല, നാഗത്തെയും തുളസിച്ചെടിയെയും ഗംഗാജലത്തെയും അങ്ങനെ പലതിനെയും ആരാധിക്കുന്നവരുണ്ട് ഹൈന്ദവരിൽ. വ്യത്യസ്ത പ്രദേശങ്ങളിൽ നിലനിൽക്കുന്ന നാഗാരാധനാ സമ്പ്രദായങ്ങളെയും മറ്റു ദേവദേവതാ വിശ്വാസങ്ങളെയും കുറിച്ച് വിശദമായി എച്ച്.എ. റോസ്, 'ഹിന്ദു ദൈവങ്ങളും ദേവതകളും'[3] എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. തദ്വിഷയകമായ വിശദമായ പ്രതിപാദനത്തിന് ഇവിടെ പ്രസക്തിയില്ല. വിശ്വാസത്തിൻെറയോ ആചാരത്തിൻെറയോ അടിസ്ഥാനത്തിൽ മാത്രം ഹൈന്ദവതയെ നിർവചിക്കാൻ കഴിയില്ലെന്ന യാഥാർഥ്യത്തിൽനിന്നാണ് ദേശീയതയെ അടിസ്ഥാനമാക്കിയുള്ള നിർവചനങ്ങൾക്കുള്ള പ്രേരണ ലഭിച്ചത്. വിശ്വാസ വിപ്ലവത്തിനു മുമ്പിൽ പരാജയപ്പെടുമെന്നതുകൊണ്ടാണ് കുറുവടികളും കഠാരികളും പ്രയോഗിക്കുകയെന്ന തന്ത്രത്തിൽ അനുയായികളെ തളച്ചിടാൻ നേതൃത്വം ഒരുമ്പെടുന്നത്.

1. Quoted in ഭാരത വിജ്ഞാനകോശം വാള്യം 2 പേജ് 828.
2. വിചാരധാര പേജ് 576
3. H.A. Rose: Hindu Gods and Goddesses

3

# ഭാരതീയ ദർശനങ്ങൾ

ദർശനമെന്ന പദത്തിന് പുരാതനന്മാർ കൽപിച്ചിരുന്ന അർഥം പ്രപഞ്ചത്തിൻെറയും മനുഷ്യൻെറയും ആന്തരിക സ്വഭാവത്തെക്കുറിച്ച പഠനമെന്നായിരുന്നു. പ്രകൃതി, പ്രപഞ്ചം, മനുഷ്യൻ, ജ്ഞാനം, ചിന്ത, പ്രതിജ്ഞ, ഇന്ദ്രിയാനുഭൂതി, ജീവിതം, മരണം എന്നിവയെല്ലാം ദർശനത്തിൻെറ അന്വേഷണ പരിധിയിൽപെടുന്നു. എവിടെ നിന്നാണ് മനുഷ്യൻ വന്നത്? എങ്ങോട്ടാണവൻെറ യാത്ര? ആരാണ് മനുഷ്യൻ? മനുഷ്യജീവിതത്തിൻെറ അർഥവും ലക്ഷ്യവുമെന്താണ്? നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസമെന്ത്? എന്താണ് പ്രപഞ്ചം? പ്രപഞ്ചത്തിന് തുടക്കമോ ഒടുക്കമോ ഉണ്ടോ? പ്രപഞ്ചത്തിൻെറ കാരണമെന്ത്? തുടങ്ങിയ ഒട്ടനവധി ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളായാണ് ദർശനങ്ങൾ ഉടലെടുത്തത്. സത്യമെന്താണെന്ന അന്വേഷണമാണ് ദർശനങ്ങളുടെ പ്രചോദനം. വ്യത്യസ്ത രീതികളിൽ ഈ പ്രശ്നങ്ങളെ സമീപിച്ച ദാർശനികന്മാർ തമ്മിൽ ചൂടുപിടിച്ച ചർച്ചകളും സംവാദങ്ങളും നടന്നതായും അതിൽനിന്നും വിഭിന്നങ്ങളായ ദർശനങ്ങൾ ജനിച്ചതായും ലോകചരിത്രം വ്യക്തമാക്കുന്നു.

ഭാരതത്തിൻെറ ദാർശനിക ചരിത്രവും ഇതിൽനിന്ന് ഒട്ടും



ഭിന്നമല്ല. ഭാരതീയ ദർശനത്തെ ആസ്തികമെന്നോ നാസ്തികമെന്നോ ഒറ്റയടിക്ക് പറയുന്നത് വളരെ സൂക്ഷിച്ചുവേണം. കാരണം, ഭാരത ചരിത്രത്തിൽ ആത്മീയ ദർശനങ്ങളും ഭൗതിക ദർശനങ്ങളും സ്വാധീനം ചെലുത്തിയതായി കാണാൻ കഴിയും. കാലത്തിനനുസരിച്ച് ഈ സ്വാധീനത്തിൻെറ അനുപാ തത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടായിരുന്നേക്കാം. അതുകൊണ്ടുതന്നെ ആ ത്മീയ ദർശനങ്ങൾ മാത്രമാണ് ഭാരത ചരിത്രത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതെന്ന വാദംപോലെതന്നെ ഭൗതിക ദർശനങ്ങളാണ് ഭാരതീയ പുരോഗതിക്ക് നിദാനമായതെന്ന വീക്ഷണവും അടിസ്ഥാന രഹിതമാണ്. ഭാരതീയ തത്വചിന്ത സാരാംശത്തിൽ ആധ്യാത്മികമാണെന്നും രാഷ്ട്രീയ സംഘടനകളോ സാമൂഹിക സ്ഥാപനങ്ങളോ അല്ല, അഗാധമായ ആത്മീയതയാണ് കാലത്തിൻെറ കെടുതികളെയും ചരിത്രത്തിൻെറ ആകസ്മികതകളെയും നേരിടാൻ ഇന്ത്യക്കു കഴിവുണ്ടാക്കിക്കൊടുത്തത് എന്നുമുള്ള ഡോ.രാധാകൃഷ്ണൻെറ[1] വിലയിരുത്തൽ ഒരളവുവരെ ശരിയാണെങ്കിലും ഭൗതികമെന്ന് വിളിക്കപ്പെടുന്ന ദർശനങ്ങളൊന്നുംതന്നെ ഭാരത പുരോഗതിയെ സ്വാധീനിച്ചിട്ടില്ലെന്ന വീക്ഷണം പക്ഷപാതരഹിതമാണെന്നു പറയാവതല്ല.

പരലോകപ്രാപ്തിയിലോ ഇഹലോകനിഷേധത്തിലോ ഊന്നിനിൽക്കുന്ന ഒരു സംസ്കാരം, അല്ലെങ്കിൽ ലോകവീക്ഷണം, ഇത്ര സമൃദ്ധവും വൈവിധ്യ പൂർണവുമായ ജീവിത പ്രകാശങ്ങൾക്ക് രൂപം നൽകുമെന്ന്വിശ്വസിക്കാൻതന്നെ പ്രയാസമാണെന്നും പരലോക വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു സംസ്കാരത്തിന് സഹസ്രാബ്ദങ്ങളിലൂടെ നിലനിന്നുപോരാൻ സാധ്യമാകുമായിരുന്നില്ല എന്നുമുള്ള പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൻെറ[2] വീക്ഷണമാകട്ടെ, മുൻ ധാരണയിൽനിന്നുടലെടുത്ത അബദ്ധം മാത്രമാണ്. ദൈവിക ദർശനങ്ങൾക്കല്ലാതെ, ഒരൊറ്റ ഭൗതികദർശനത്തിനും കാലത്തിൻെറ ഒഴുക്കിനെ നിയന്ത്രിക്കാനോ പരിവർത്തിപ്പിക്കാനോ സ്ഥായിയായി പ്രചോദിപ്പിക്കാൻ പോലുമോ കഴിഞ്ഞിട്ടില്ലെന്ന യാഥാർഥ്യത്തിന് ചരിത്രം സാക്ഷിയാണ്. ഭാരത ചരിത്രത്തിൽത്തന്നെ കണ്ടെത്താവുന്ന ചാർവാകദർശനത്തിൻെറ പിൻമുറ അവകാശപ്പെടാൻ അത്യാധുനിക യുക്തിവാദികൾക്കുപോലും വൈമനസ്യമാണെന്ന വസ്തു

1. Dr. Radha Krishnan: Indian Philosophy, Vol: 1 Page 24-25
2. Jawaharlal Nehru: Discovery of India Page 71

തന്നെ ഇതിനുള്ള തെളിവാണ്.

ഭാരതീയ ദർശനങ്ങളെ ആസ്തികമെന്നും നാസ്തികമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. 'പതഞ്ജലിയുടെ (ക്രി. മു:150) അഭിപ്രായത്തിൽ 'അതുണ്ട്' എന്നു വിശ്വസിക്കുന്നവൻ ആസ്തികനും 'അതില്ല' എന്നു വിശ്വസിക്കുന്നവൻ നാസ്തികനുമാണ്. ഈ ലോകത്തിനപ്പുറത്ത് ഒരു പരലോകമുണ്ടെന്ന് വിശ്വസിക്കുന്നവരെ ആസ്തികരെന്നും, അതില്ലെന്ന് വിശ്വസിക്കുന്നവരെ നാസ്തികരെന്നും വിളിച്ചിരുന്നുവത്രെ. കാലക്രമത്തിൽ ഈ പദങ്ങൾക്ക് പുതിയ അർഥവ്യാപ്തിയുണ്ടായി. വേദങ്ങളുടെ ആത്യന്തികമായ ആധികാരികതയെ അംഗീകരിച്ച ദർശനങ്ങൾ ആസ്തികമെന്നും വേദപ്രമാണങ്ങളുടെ സാധുതയെ ചോദ്യം ചെയ്തവ നാസ്തികങ്ങളെന്നും നിർവചിക്കപ്പെട്ടു. ഈ വിഭജനമനുസരിച്ച് സാംഖ്യം, ന്യായം, യോഗം, വൈശേഷികം, പൂർവമീ മാംസ, വേദാന്തം എന്നീ ദർശനങ്ങൾ ആസ്തികങ്ങളും ലോകായതം, മാധ്യമികം, സൗത്രാന്തികം, വൈഭാഷികം, ജൈനം എന്നിവ നാസ്തികങ്ങളുമാണ്'[1].

ഭാരതത്തിൽ ഒട്ടനവധി ദർശനങ്ങൾ രൂപമെടുത്തിട്ടുണ്ടെങ്കിലും പ്രധാനമായ ദർശനങ്ങൾ ആകെ ആറെണ്ണമാണ്. ഇവയെയാണ് ഷഡ്ദർശനങ്ങൾ എന്നു വിളിക്കുന്നത്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവമീമാംസ, വേദാന്തം എന്നിവയാ[2]ണവ. ഇവയെ നമുക്കൊന്ന് പരിചയപ്പെടാം:-

**ന്യായദർശനം:** അക്ഷപാദനെന്നും ഗൗതമനെന്നുമറിയപ്പെട്ടിരുന്ന ബി.സി 400-നും 600-നും ഇടക്ക് ജീവിച്ചിരുന്ന വ്യക്തിയാണ് ന്യായദർശനത്തിൻെറ ഉപജ്ഞാതാവ്. ഇദ്ദേഹത്തിൻെറ ജീവിതകാലത്തെപ്പറ്റിയോ ജീവചരിത്രത്തെപ്പറ്റിയോ ചരിത്രപരമായ തെളിവുകളൊന്നുമില്ല. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിൻെറ ജീവിതകാലത്തെപ്പറ്റിയുള്ള പരാമർശമെന്നർഥം. 'ന്യായസൂത്ര'ങ്ങളെന്ന ന്യായദർശനത്തിന്റെ അടിസ്ഥാനഗ്രന്ഥം ക്രിസ്തുവിനുശേഷം രണ്ടും മൂന്നും നൂറ്റാണ്ടുകൾക്കിടയിൽ ഗൗതമൻ രചിച്ചതാണെന്ന് കരുതപ്പെടുന്നു.

ലൗകികമായ ദുഃഖങ്ങളെ തരണം ചെയ്തുകൊണ്ട് നിഃശ്രേ

1. കെ. ദാമോദരൻ: ഭാരതീയ ചിന്ത പേജ് 119
2. ഡോ. കെ. കുഞ്ചുണ്ണിരാജ: മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1988 മാർച്ച് 20-26



യസം എന്ന പരിപൂർണതയിലെത്തിച്ചേരുകയാണ് മനുഷ്യൻെറ പരമമായ ലക്ഷ്യമെന്നും യാഥാർഥ്യത്തെക്കുറിച്ച ശരിയായ ജ്ഞാനത്തിലൂടെ മാത്രമാണതു സാധ്യമാവുകയെന്നുമാണ് ന്യായദർശനത്തിൻെറ അടിസ്ഥാനതത്വം. പ്രപഞ്ചം വസ്തുനിഷ്ഠമായ ഒരു യാഥാർഥ്യമാണെന്നും അവിഭാജ്യങ്ങളായ പരമാണുക്കളാണ് പ്രപഞ്ചത്തിൻെറ മൂലഘടകമെന്നുമാണ് ന്യായദർശനത്തിൻെറ പ്രപഞ്ചവീക്ഷണം. പൃഥ്വി, അപ്, തേജസ്സ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാണ് പ്രപഞ്ച സൃഷ്ടിയുടെ മൂലഘടകങ്ങൾ. പ്രമാണം, പ്രമേയം, സംശയം, പ്രയോജനം, ദൃഷ്ടാന്തം, സിദ്ധാന്തം, അവയവം, തർക്കം, നിർണയം, വാദം, ജൽപം, വിതണ്ഡം, ഹേത്വാഭാസം, ഛലം, ജാതി, നിഗ്രഹസ്ഥാനം എന്നീ പതിനാറു പദാർഥങ്ങളുടെ ശരിയായ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ പരമമായ പരിപൂർണത അല്ലെങ്കിൽ നിഃശ്രേയസം എന്ന അവസ്ഥയിലെത്താൻ കഴിയൂ എന്ന പ്രഖ്യാപനത്തോടെയാണ് ഗൗതമൻെറ ധർമസൂത്രങ്ങൾ ആരംഭിക്കുന്നത്. പ്രമേയം അഥവാ അറിയപ്പെടേണ്ട വിഷയത്തിന്, പ്രമാണം അഥവാ അറിവ് നേടാനുള്ള ഉപാധികളെ അപേക്ഷിച്ച് രണ്ടാം സ്ഥാനം മാത്രമേയുള്ളൂ.

ശരീരം, ആത്മാവ്, ഇന്ദ്രിയങ്ങൾ, ബുദ്ധി, മനസ്സ് തുടങ്ങിയവയെല്ലാം വ്യത്യസ്തങ്ങൾ തന്നെയാണ്. ജ്ഞാനം അഥവാ ചേതനയാണ് ആത്മാവിൻെറ ലക്ഷണം. ജ്ഞാന സമ്പാദനത്തിനുള്ള ഉപകരണങ്ങളാണ് ഇന്ദ്രിയങ്ങൾ. ശരിയായ ജ്ഞാനം നേടാനുള്ള ഉപാധികൾക്ക് ന്യായസൂത്രങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം എന്നിങ്ങനെ നാലുതരം പ്രമാണങ്ങളാണ് ജ്ഞാനസമ്പാദനത്തിനുള്ള ഉപാധികളായി ഗൗതമൻെറ ന്യായസൂത്രങ്ങൾ വരച്ചുകാണിക്കുന്നത്. ഇന്ദ്രിയവും വസ്തുവും തമ്മിലുള്ള സമ്പർക്കത്തിൽ നിന്നുണ്ടാവുന്ന വ്യക്തമായ വിവരങ്ങളാണ് പ്രത്യക്ഷജ്ഞാനം. ആകാശത്ത് കാർമേഘം കാണുമ്പോൾ മഴയുണ്ടാവുമെന്ന് കരുതാമെന്ന വിവരത്തെപ്പോലെ പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നതിനുമുമ്പ് അനുമാനിക്കാൻ കഴിയുന്ന വിജ്ഞാനങ്ങളാണ് അനുമാനജ്ഞാനം. അറിയപ്പെട്ടുകഴിഞ്ഞ ഒരു വസ്തുവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് മറ്റൊരു വസ്തുവെക്കുറിച്ച് മനസ്സിലാക്കുന്ന അറിവാണ് ഉപമാനജ്ഞാനം. അനുഭവസ്ഥൻെറ ആധികാരികമായ അഭിപ്രായം

അല്ലെങ്കിൽ ആപ്തോപദേശം എന്നിവയാണ് ശബ്ദജ്ഞാനമെന്ന നാലാം പ്രമാണം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ആപ്തോപ ദേശമാണ് ശബ്ദമെന്ന് (ആപ്തോപദേശഃശബ്ദഃ)[1] ഗൗതമൻ പറ യുമ്പോൾ വേദവാക്യമെന്നാണ് വിവക്ഷിക്കപ്പെടുന്നതെന്നും അല്ലെ ന്നും പണ്ഡിതന്മാർക്കിടയിൽ രണ്ടഭിപ്രായങ്ങളുണ്ട്.

ഗൗതമന്റെ ന്യായസൂത്രങ്ങൾക്ക് ഒട്ടനവധി വ്യഖ്യാനഗ്രന്ഥ ങ്ങളുണ്ട്. ഉദ്യോതരകന്റെ ന്യായവാർത്തികം, വാചസ്പതിമിശ്രന്റെ ന്യായവർത്തിക താൽപര്യടിക, ശ്രീകണ്ഠന്റെ ന്യായാലങ്കാരം, ജയ ന്തഭട്ടന്റെ ന്യായമജ്ഞരി, വാൽസ്യായനന്റെ ന്യായഭാഷ്യം എന്നി വയാണ് ഇവയിൽ പ്രധാനപ്പെട്ടത്. ന്യായദർശനത്തിന്റെ അടിസ് ഥാനഗ്രന്ഥങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്ന ഉദയനന്റെ ന്യായ കുസുമാജ്ഞലിയിൽ വളരെ സമർഥമായി ദൈവാസ്തിക്യം വ്യക് തമാക്കുന്നുണ്ട്. ഭൗതികപ്രപഞ്ചത്തിന്റെ കാരണം ഒരു സചേതന ശക്തിയായിരിക്കണമെന്നും അദൃഷ്ടം അചേതനമായ തത്ത്വമാ യതുകൊണ്ട് അതിനെ പ്രവർത്തിപ്പിക്കാൻ ദൈവത്തിന്റെ ആവ ശ്യമുണ്ടെന്നും ദൈവാസ്തിത്വത്തിന് വേദങ്ങളിൽ തെളിവുകളു ണ്ടെന്നും ഉദയനൻ സമർഥിക്കുന്നു'[2].

**വൈശേഷിക ദർശനം:** കണാദമുനിയാണ് വൈശേഷിക ദർ ശനത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹം എപ്പോൾ എവിടെ ജീവിച്ചി രുന്നുവെന്നതിന് ചരിത്രപരമായ യാതൊരു തെളിവുമില്ല. കണാദ ന്റെ വൈശേഷികസൂത്രങ്ങളാണ് അടിസ്ഥാന പ്രമാണം. വൈശേ ഷിക ദർശനത്തിന് ന്യായദർശനത്തേക്കാൾ പഴക്കമുണ്ടെന്ന് ഊഹി ക്കപ്പെടുന്നു.

വൈശേഷിക ദർശനപ്രകാരം ദ്രവ്യം, ഗുണം, കർമം, സാമാ ന്യം,വിശേഷം, സമവായം, അഭാവം എന്നീ ഏഴു പദാർഥങ്ങളുടെ സമന്വയമാണ് പ്രപഞ്ചം. പൃഥ്വി, ജലം, അഗ്നി, വായു, ആകാശം, കാലം, ദിക്ക്, ആത്മാ വ്, മനസ്സ് എന്നിങ്ങനെ ദ്രവ്യങ്ങൾ ഒമ്പതാണ്. രൂപം, രസം, ഗന്ധം, സ്പർ ശം, ശബ്ദം, സംഖ്യ, പരിമാണം, പൃഥ ക്ത്വം, സംയോഗം, വിഭാഗം, പര ത്വം, അപരത്വം, ബുദ്ധി, സുഖം, ദുഃഖം, ഇഛ, ദ്വേഷം, പ്രയത്നം, ഗുരുത്വം, ദ്രവ്യത്വം, സ്നേഹം,

1. ന്യായ സൂത്രങ്ങൾ: 1:1:7
1. ന്യായ കുസുമാഞ്ജലി: 1:1:7



ധർമം, അധർമം, ശബ്ദം, സംസ്കാരം എന്നിങ്ങനെ ഇരുപത്തി നാല് ഗുണങ്ങളാണ് ദ്രവ്യത്തിനുള്ളത്.

വൈശേഷികദർശനത്തിന്റെ ഏറ്റവും വലിയ സംഭാവന അ തിന്റെ പരമാണുസിദ്ധാന്തമാണ്. ഈ പരമാണുസിദ്ധാന്തം ക്രിസ് തുവിന് മുമ്പ് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച ഗ്രീക്ക് തത്ത്വചിന്തകൻ ഡമോക്രിറ്റസിന്റെ പരമാണു സിദ്ധാന്തത്തേക്കാൾ മഹത്തരമാണെ ന്നാണ് പ്രഗത്ഭനായ മാക്സ്മുള്ളർ അഭിപ്രായപ്പെടുന്നത്.[1] വൈ ശേഷികദർശനത്തിന്റെ പ്രപഞ്ചവ്യാഖ്യാനമാണ് പരമാണുസിദ്ധാ ന്തം. അതിങ്ങനെ സംഗ്രഹിക്കാം: ഓരോ വസ്തുവും അതിന്റെ വിവിധ ഭാഗങ്ങൾ കൂടിച്ചേർന്നുണ്ടായതാണ്. വസ്തുവിൽനിന്ന് ഭാ ഗങ്ങളെ വേർതിരിക്കാൻ കഴിയും. ഓരോ വസ്തുവിനെയും ചെറി യ ചെറിയ ഭാഗങ്ങളായും അവയെ വീണ്ടും ഭാഗങ്ങളായും വിഭജി ക്കാൻ കഴിയും. ഇങ്ങനെ ഭാഗിച്ച് ഭാഗിച്ച്, ഭാഗിക്കാൻ കഴിയാത്ത അവസ്ഥയിലെത്തുന്ന കണത്തിനെയാണ് കണാദൻ പരമാണുവെ ന്ന് വിളിച്ചത്. പരമാണുവാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാന ഘട കം. രണ്ടു പരമാണുക്കൾ കൂടിച്ചേർന്ന് ഒരു ദ്വണുകവും ദ്വണുക ങ്ങൾ കൂടിച്ചേർന്ന് ത്ര്വണുകങ്ങളും അവ വീണ്ടും കൂടിച്ചേർന്ന് ച തുരണുകങ്ങളും ഉണ്ടാകുന്നു. ചതുരണുകങ്ങളുടെ വിവിധ അനു പാതത്തിലുള്ള കൂടിച്ചേരലുകളിലൂടെയാണ് വിവിധ വസ്തുക്കളു ണ്ടാകുന്നത്.

വൈശേഷിക സൂത്രങ്ങൾക്കും ഒട്ടനവധി വ്യാഖ്യാന ഗ്രന്ഥ ങ്ങളുണ്ട്. പ്രശസ്തപാദന്റെ പദാർഥധർമസംഗ്രഹം, വ്യോമശിവന്റെ വ്യോമപതി, ശ്രീധരന്റെ ന്യായകന്ദളി, ഉദയനന്റെ കാരണാവലി എന്നിവയാണ് അവയിൽ പ്രശസ്തമായവ. പ്രപഞ്ചം പരമാണുവിൽ നിന്ന് പരിണമിച്ചുണ്ടായതിനു പിന്നിൽ കണാദൻ കൽപിച്ചിരിക്കുന്ന അദൃഷ്ടത്തിന് പ്രശസ്തപാദൻ സ്രഷ്ടാവായ ഈശ്വരൻ എന്ന അർ ഥകൽപന നൽകുകയും അദ്ദേഹത്തി ന്റെ പദാർഥധർമ സംഗ്രഹ ത്തിൽ ദൈവാസ്തിക്യം സ്ഥാപിക്കാൻ വേണ്ടി വിവിധ തെളിവുക ളുദ്ധരിക്കുകയും ചെയ്യുന്നുണ്ട്.

**സാംഖ്യദർശനം:** കപിലനാണ് സാംഖ്യദർശനത്തിന്റെ സ്ഥാ പകൻ. ഇദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചോ കൃതികളെക്കുറിച്ചോ

1. Max Muller: Six Systems of Indian Philosophy, Page196

വ്യക്തവും ചരിത്രപരവുമായ വിവരങ്ങളൊന്നുംതന്നെയില്ല. സാംഖ്യദർശനത്തിൻെറ പ്രാരംഭരൂപങ്ങൾ ഉപനിഷത്തുക്കളുടെ കാലത്തുതന്നെ ആരംഭിച്ചിരുന്നുവെന്നാണ് പ്രഗൽഭരായ പല പണ്ഡിതന്മാരുടെയും അഭിപ്രായം. ഛാന്ദോഗ്യം, ശ്വേതാശ്വതരം, കഠം, പ്രശ്നം എന്നീ ഉപനിഷത്തുകളിൽ സാംഖ്യാദർശനത്തിൻെറ അടിസ്ഥാന സിദ്ധാന്തങ്ങളെക്കുറിച്ച പരാമർശങ്ങൾ കാണാമെന്ന് സാംഖ്യദാർശനികന്മാർ വാദിച്ചപ്പോൾ ഇതുതെറ്റാണെന്ന് വേദാന്തസൂത്രത്തിൻെറ കർത്താവായ ബാദരായണൻ വെല്ലുവിളിക്കുകയുണ്ടായി.[1] ബൗദ്ധദർശനത്തിനും ജൈനദർശനത്തിനും മുമ്പാണ് സാംഖ്യാദർശനത്തിൻെറ ഉൽപത്തി എന്നത്രെ പ്രഗൽഭനായ ഹീൻറിച്ച് സിമ്മറുടെ അഭിപ്രായം. അദ്ദേഹം എഴുതി: "ചരിത്രരൂപത്തിൽ ഭാഗികമായും പൗരാണിക രൂപത്തിൽ ഭാഗികമായും തീർഥങ്കരപരമ്പരകൾക്കും മുമ്പ് വളരെ വിദൂരവും വൈദികമല്ലാത്തതുമായ പഴയ ആദിമസമുദായത്തിലാണ് സാംഖ്യാദർശനത്തിൻെറയും യോഗദർശനത്തിൻെറയും വേരുകൾ അന്വേഷിക്കേണ്ടത്"[2].

എല്ലാതരം ദുഃഖങ്ങളെയും പീഡകളെയും വേദനകളെയും ഉന്മൂലനം ചെയ്യാൻ പറ്റിയ മാർഗം കണ്ടുപിടിക്കലാണ് (ദുഃഖത്രയാഭിഘാതാ ജിജ്ഞാസാ തദവഘാതകേഹേതൗ)[3] സാംഖ്യാദർശനത്തിൻെറ ലക്ഷ്യം. സാംഖ്യാദർശനത്തിൻെറ അടിസ്ഥാന സിദ്ധാന്തങ്ങൾ ഉപനിഷദ്കാലത്തുതന്നെ രൂപം കൊണ്ടിട്ടുണ്ടെങ്കിലും രണ്ടാം ശതകത്തിനു ശേഷമുണ്ടായ ഈശ്വരകൃഷ്ണൻെറ സാംഖ്യകാരികയാണ് ഈ ദർശനത്തെക്കുറിച്ച വിവരങ്ങൾ നൽകുന്ന ഏറ്റവും പുരാതന കൃതി. വാചസ്പതിമിശ്രൻെറ സാംഖ്യ പ്രവചന സൂത്രവുമാണ് സാംഖ്യാദർശനത്തിൻെറ മറ്റു അടിസ്ഥാന ഗ്രന്ഥങ്ങൾ. ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ മൂന്നു തരത്തിലുള്ള ദുഃഖങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങളാണ് സാംഖ്യാദർശനം അന്വേഷിക്കുന്നത്.

പ്രകൃതി, പുരുഷൻ എന്നിങ്ങനെ രണ്ടു ശാശ്വത തത്ത്വങ്ങളിലാണ് സാംഖ്യം വിശ്വസിക്കുന്നത്. പുരുഷൻ പ്രകൃതിയിൽനിന്ന് ഭിന്നനാണ്. പ്രകൃതി പരിണാമത്തിനു വിധേയമാണ്. പക്ഷേ, പ്രകൃതി

1. കെ. ദാമോദരൻ: ഭാരതീയ ചിന്ത, പേജ്: 193
2. Heinrich Zimmer: Philosophies of India, Page 281
3. സാംഖ്യകാരിക 1



യിൽ പ്രതിഭാസിക്കുന്ന പരിണാമങ്ങൾ പുരുഷനെ ബാധിക്കുന്നില്ല. അകർത്താവായ പുരുഷൻെറ മോക്ഷത്തിനുവേണ്ടിയാണ് പ്രകൃതി പ്രവർത്തിക്കുന്നത്. സാംഖ്യതത്ത്വങ്ങളിലെ പുരുഷസങ്കൽപമാണ് ആ ദർശനത്തിലെ ഈശ്വര സങ്കൽപമായി വികസിച്ചത്. സാംഖ്യാദർശനം യാഗാദികർമങ്ങൾക്കെതിരാണ്. ഹിംസാത്മകമായ യാഗങ്ങൾ പാപമാണെന്നാണ് സാംഖ്യസിദ്ധാന്തം.

**യോഗദർശനം:** യോഗദർശനത്തിൻെറ ഉപജ്ഞാതാവായി പതഞ്ജലിയാണ് അറിയപ്പെടുന്നതെങ്കിലും ഉപനിഷദ്കാലത്തും അതിനുമുമ്പുമെല്ലാംതന്നെ യോഗതത്ത്വങ്ങൾ പ്രചരിപ്പിക്കപ്പെട്ടിരുന്നുവെന്നതിന് തെളിവുകളുണ്ട്. ശ്വേതാശതരോപനിഷത്തിൽ വ്യക്തമായിത്തന്നെ യോഗാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്.

സിന്ധുനദീതടനാഗരികതയുടെ അവശിഷ്ടങ്ങളിലൊന്ന് മൂന്ന് തലകളുള്ളതും ഒരു യോഗിയെപ്പോലെ പത്മാസനത്തിലിരിക്കുന്നതും ശിവൻെറ പ്രാഗ്രൂപമെന്ന് കരുതപ്പെടുന്നതുമായ ശിലാമുദ്രയാണെന്ന വസ്തുത, ആര്യാഗമനത്തിനു മുമ്പുതന്നെ യോഗവിദ്യക്ക് പ്രചാരമുണ്ടായിരുന്നുവെന്നതിനുള്ള തെളിവായി പ്രഗൽഭരായ പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്

യോഗദർശനത്തിൻെറ ഉപജ്ഞാതാവായി അറിയപ്പെടുന്ന പതഞ്ജലിയുടെ ജീവിതകാലത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. ബി.സി നാലാം നൂറ്റാണ്ടിലാണെന്നും അതല്ല രണ്ടാം നൂറ്റാണ്ടിലാണെന്നുംഅതിനുശേഷമാണെന്നുമെല്ലാം വാദിക്കപ്പെടുന്നു. തനിക്ക് മുമ്പുതന്നെയു ണ്ടായിരുന്ന യോഗസാധനകളെക്കുറിച്ച സിദ്ധാന്തങ്ങളെ സമാധി, സാധന, വിഭൂതി, കൈവല്യം എന്നിങ്ങനെ നാലുപാദങ്ങളിലായി 195 സൂത്രങ്ങളിൽ ഒതുക്കി ചിട്ടപ്പെടുത്തി ഒരു ദർശനമാക്കി മാറ്റുകയാണ് അദ്ദേഹം ചെയ്തത്.

താത്വികമായി സാംഖ്യദർശനത്തോട് അടുപ്പം പ്രകടിപ്പിക്കുന്ന ദർശനമാണ് യോഗം. സ്വതന്ത്രമായ പ്രകൃതി പുരുഷനുവേണ്ടിയാണ് നില നിൽക്കുന്നത്. അവിദ്യയാണ് പുരുഷനും പ്രകൃതിയും തമ്മിലുള്ള ബന്ധ ത്തിന് കാരണം. അവിദ്യ നശിച്ച് പുരുഷനും പ്രകൃതിയും തമ്മിലുള്ള സംയോഗം അപ്രത്യക്ഷമാകുന്ന അവസ്ഥക്കാണ് കൈവല്യം എന്നു പറയുന്നത്. കൈവല്യമാണ് യോഗത്തിൻെറ

ലക്ഷ്യം. പുരുഷൻ പ്രകൃതിയിൽനിന്ന് പൂർണമായും സ്വതന്ത്രനാണെന്ന വിവേകപൂർണമായ ജ്ഞാനമുണ്ടാകുമ്പോൾ മാത്രമേ കൈവല്യമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയൂ. യോഗാഭ്യാസത്തിന് യമം, നിയമം, ആസനം, പ്രാണയാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിങ്ങനെ എട്ട് അംഗങ്ങളുണ്ട്. ഈ അംഗങ്ങളിലൂടെ കടന്നുവന്ന് കൈവല്യത്തിലെത്തുമ്പോഴാണ് മനുഷ്യൻ പരിപൂർണനും സ്വതന്ത്രനുമായിത്തീരുന്നത്. മനസ്സിന് ഏകാഗ്രത ലഭിക്കാൻ ഈശ്വരധ്യാനമാണ് യോഗം നിർദേശിക്കുന്നത്.

**മീമാംസാ ദർശനം:** വേദങ്ങളെ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കുന്ന ദർശനമാണ് മീമാംസാദർശനം. പൂർവമീമാംസ, ഉത്തരമീമാംസ എന്നീ രണ്ടുതരം മീമാംസാദർശനങ്ങളുണ്ട്. പൂർവമീമാംസ വേദമന്ത്രങ്ങളുടെയും ബ്രാഹ്മണങ്ങളുടെയും അടിസ്ഥാനത്തിലുള്ള കർമങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ ഉത്തരമീമാംസ ഉപനിഷത്തുക്കളിലെ ആധ്യാത്മിക സിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കാനാണ് ശ്രമിക്കുന്നത്. ഉത്തരമീമാംസ അതുകൊണ്ടുതന്നെ വേദാന്തദർശനം എന്നറിയപ്പെടുന്നു. പൂർവമീമാംസ മീമാംസാദർശനമെന്നും.

മീമാംസാ ദർശനത്തിൻെറ ഉപജ്ഞാതാവ് ജെമിനിയാണ്. ഇദ്ദേഹത്തിൻെറ ജീവിതകാലവും തർക്കവിഷയമാണ്. ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടിലാണെന്നും മൂന്നാം നൂറ്റാണ്ടിലാണെന്നും ക്രിസ്തുവിന് ശേഷമാണെന്നുമെല്ലാം അഭിപ്രായങ്ങളുണ്ട്.

മീമാംസാദർശനപ്രകാരം ധർമം, അർഥം, കാമം, മോക്ഷം എന്നിവയാണ് ജീവിതലക്ഷ്യങ്ങൾ. ഈ ജീവിതലക്ഷ്യങ്ങൾ നേടാനുള്ള മാർഗങ്ങളെക്കുറിച്ചാണ് പന്ത്രണ്ട് അധ്യായങ്ങളിലായി രണ്ടായിരത്തി അഞ്ഞൂറോളം സൂത്രങ്ങളുള്ള ജെമിനിയുടെ മീമാംസാ സൂത്രങ്ങൾ പ്രതിപാദിക്കുന്നത്. കർമം ചെയ്യാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന വിധികളാണ് ധർമം (ചോദനോ ലക്ഷണോ ഉർഥോ ധർമഃ)[1]. പ്രത്യക്ഷ ജ്ഞാനംകൊണ്ട് ധർമത്തെ അറിയാൻ കഴിയാത്തതിനാൽ ധർമം അറിയാനുള്ള ഏക മാർഗം വേദവിധികളനുസരിക്കുകയാണ്. കർമമെന്ന പദംകൊണ്ട് പ്രവൃത്തിയെന്ന കേവലാർഥത്തിലുപരിയായി വൈദിക വിധിപ്രകാരമുള്ള യാഗാദി കർമങ്ങളും, മറ്റു മതചടങ്ങുകളുമാണ് വിവക്ഷിക്കപ്പെടുന്നത്. കർമങ്ങൾ മൂന്നുതരമാണ്: നിർബ

1. മീമാംസാ സൂത്രങ്ങൾ 1.1.9



ന്ധമായും ചെയ്യേണ്ട കർമങ്ങൾ, ഇഷ്ടമുണ്ടെങ്കിൽ ചെയ്യാവുന്ന കർമങ്ങൾ, ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കർമങ്ങൾ. സ്വർഗപ്രാപ്തിയാണ് യാഗങ്ങളുടെ ലക്ഷ്യം. മോക്ഷം, ഐഹികജീവിതത്തിനപ്പുറത്തുള്ള സ്വർഗത്തിലെ ആനന്ദമായ ജീവിതമാണ്.

മീമാംസാ സൂത്രങ്ങളിൽ ഈശ്വരനെക്കുറിച്ച പരാമർശങ്ങൾ കാണാനില്ലെങ്കിലും കർത്താവും ഭോക്താവുമായ ഒരു ആത്മാവിൻെറ ശാശ്വതത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. അപൂർവമെന്ന അദൃശ്യമായ ഒരു നിഗൂഢ ശക്തിയെക്കുറിച്ചും ജെമിനി മീമാംസാ സൂത്രങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. കർമഫലം ലഭിക്കുന്നത് അപൂർവത്തിലൂടെയാണ്.

**വേദാന്തദർശനം:** വേദത്തിൻെറ അന്ത്യഭാഗമായ ഉപനിഷത്തുക്കളെ അടിസ്ഥാനമാക്കുന്ന ദർശനമാണ് വേദാന്തം. വിവിധ വ്യക്തികളാൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ വിരചിതമായ ഉപനിഷത്തുക്കൾ ഒരേ രീതിയിലുള്ള ചിന്താസരണികളല്ല പ്രദാനം ചെയ്യുന്നത്. വ്യത്യസ്തവും വിരുദ്ധവുമായ വീക്ഷണങ്ങൾ ഉപനിഷത്തുകൾ ഉൾക്കൊള്ളുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഉപനിഷത്തുക്കളിൽനിന്ന് വേദാന്തദർശനത്തിനു പോൽബലകമായ സൂക്തങ്ങൾ സമാഹരിച്ച്, വേദാന്തദർശനത്തിൻെറ അടിസ്ഥാന ഗ്രന്ഥമായ ബ്രഹ്മസൂത്രങ്ങൾ രചിച്ച ബാദരായണനാണ് വേദാന്തത്തിൻെറ ഉപജ്ഞാതാവായി അറിയപ്പെടുന്നത്. ബി.സി നാലാം നൂറ്റാണ്ടിനും എ.ഡി രണ്ടാം നൂറ്റാണ്ടിനുമിടയിൽ ജീവിച്ചിരുന്ന മഹാഭാരത കർത്താവായ വേദവ്യാസൻതന്നെയാണ് ഈ ബാദാരായണനെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും പക്ഷം.

വേദാന്തദർശനപ്രകാരം പ്രപഞ്ചത്തിൻെറ മൂലകാരണം പ്രപഞ്ചാതീമായ ബ്രഹ്മമെന്ന ഒരു കേവല ചൈതന്യമാണ്. നാല് അധ്യായങ്ങളിലായി അഞ്ഞൂറ്റി അറുപത് സൂത്രങ്ങളുള്ള ബാദരായണൻെറ ബ്രഹ്മസൂത്രത്തിൻെറ പ്രേരണ ബ്രഹ്മത്തെക്കുറിച്ച് അറിയാനുള്ള ആഗ്രഹമാണെന്ന് (അഥാതോ ബ്രഹ്മ ജിജ്ഞാസാ[1]) അദ്ദേഹം ആദ്യം തന്നെ വ്യക്തമാക്കുന്നുണ്ട്. പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവജ്ഞാനത്തിനപ്പുറം പ്രപഞ്ചത്തിൻെറ നിഗൂഢരഹസ്യമറിയാനുള്ള അന്വേഷണമാണ് വേദാന്തദർശനത്തിൽ നാം കാണുന്നത്.

1. ബ്രഹ്മസൂത്രങ്ങൾ അധ്യായം 1 പാദം 1 സൂത്രം 1

വേദാന്തദർശനത്തിൽതന്നെ വിവിധങ്ങളായ ഉൾപിരിവുകളുണ്ട്. ഭാരതീയ ദാർശനിക ചരിത്രത്തിൽ ഷഡ്ദർശനങ്ങളേക്കാളധികം പ്രസക്തി ഈ ഉൾപിരിവുകൾക്കാണ്. ഈ ഉൾപിരിവുകളിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

**അദ്വൈതം:** അദ്വൈതവേദാന്തത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത് ഗൗഡപാദനാണ്. മാണ്ഡൂകോപനിഷത്തിന്റെ വ്യാഖ്യാന ഗ്രന്ഥമായ മാണ്ഡൂക്യകാരിക[1]യിലൂടെ ബ്രഹ്മം മാത്രമാണ് സത്യമെന്നും മറ്റുള്ളതെല്ലാം മിഥ്യയാണെന്നും ജീവാത്മാവ് ബ്രഹ്മമാണെന്നുമുള്ള സിദ്ധാന്തങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. അദ്വൈതവേദാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായി മാറിയ മായാവാദം അഥവാ വിവർത്തവാദം, സത്താസിദ്ധാന്തം, ബ്രഹ്മജ്ഞാനം കൊണ്ടുള്ള മോക്ഷം എന്നീ സിദ്ധാന്തങ്ങളെ ല്ലാം സംക്ഷിപ്ത രൂപത്തിൽ അതിലദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. പിന്നീടു വന്ന പണ്ഡിതന്മാർ അവയെ വിശദീകരിക്കുകയും വികസിപ്പിക്കുകയുമാണ് ചെയ്തത്.

ഗൗഢപാദനു ശേഷം എടുത്തുപറയേണ്ട മറ്റൊരു വ്യക്തിയാണ് ഭർതൃഹരി. അദ്ദേഹം തന്റെ വാക്യപദീയം എന്ന ഗ്രന്ഥത്തിൽ ശബ്ദ ബ്രഹ്മ സിദ്ധാന്തമെന്ന തത്ത്വം അവതരിപ്പിച്ചു. അക്ഷരമായ ശബ്ദബ്രഹ്മത്തിന്റെ അർഥരൂപത്തിലുള്ള വിവർത്തനമാണ് പ്രപഞ്ചമെന്നാണ് ഈ സിദ്ധാന്തത്തിന്റെ പൊരുൾ.

അദ്വൈതവേദാന്തത്തിന്റെ പരമാചാര്യരായി ഗണിക്കപ്പെടുന്നത് ഗൗഢപാദരാണെങ്കിലും അതിന്റെ മുഖ്യാചാര്യരും വ്യാഖ്യാതാവുമായി ലോകം അംഗീകരിക്കുന്നത് ശ്രീശങ്കരാചാര്യരെയാണ്. എ.ഡി. എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളത്തിലെ കാലടി ഗ്രാമത്തിൽ ശിവഗുരു, ആര്യാംബ എന്ന ബ്രാഹ്മണ ദമ്പതികളുടെ പുത്രനായിട്ടാണ് ശ്രീ ശങ്കരൻ ജനിച്ചതെന്നാണ് കരുതപ്പെടുന്നത്. അസാമാന്യ ബുദ്ധിശാലിയായിരുന്ന ശ്രീ ശങ്കരൻ എട്ടാം വയസ്സിൽ തന്നെ വേദാധ്യയനം പൂർത്തിയാക്കുകയും അമ്മയുടെ അനുവാദത്തോടെ സന്യാസം സ്വീകരിച്ചു ദേശാടനം നടത്തുകയും ചെയ്തു. നർമദാ തീരത്തുവെച്ച്, ഗൗഢപാദരുടെ ശിഷ്യനായ ഗോവിന്ദ ഭഗവദ്പാദരെ ഗുരുവായി സ്വീകരിച്ചുകൊണ്ട് അദ്വൈതദർശനത്തെ വ്യക്തമായ ഒരു സിദ്ധാന്തമായി വളർത്തി. പ്രസ്ഥാനത്രയങ്ങളെന്നറി

1. മാണ്ഡൂക്യകാരികക്ക് 'ഗൗഢപാദകാരിക' എന്നും പേരുണ്ട്.



യപ്പെടുന്ന ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ, ഭഗവത്ഗീത എന്നിവക്ക് ഭാഷ്യങ്ങൾ എഴുതി. സാധാരണക്കാർക്കുവേണ്ടി ശിവസ്തോത്രങ്ങൾ, വിഷ്ണുസ്തോത്രങ്ങൾ, ലക്ഷ്മീ സ്തോത്രങ്ങൾ, ഗണപതി സ്തോത്രങ്ങൾ എന്നിങ്ങനെ അനേകം സ്തോത്ര ഗ്രന്ഥങ്ങൾ രചിച്ചു. വിവേക ചൂഡാമണി, ഉപദേശസാഹസ്രി, ഭജഗോവിന്ദം, ലഘുവാക്യവൃത്തി, ശതശ്ളോകി, സൗന്ദര്യലഹരി തുടങ്ങിയ അനേകം ഗ്രന്ഥങ്ങളും ശ്രീശങ്കരൻ രചിച്ചിട്ടുണ്ട്. മുപ്പത്തിരണ്ടു വർഷം മാത്രം ജീവിച്ച ശ്രീശങ്കരൻ പരമേശ്വരന്റെ അവതാരമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ഭാരതത്തിന്റെ നാല് അതിർത്തികളിലായി നാല് മഠങ്ങൾ (കിഴക്ക് ജഗന്നാഥം, പടിഞ്ഞാറ് ദ്വാരക, വടക്ക് ബദരീനാഥം, തെക്ക് ശൃംഗേരി) സ്ഥാപിച്ച് അദ്വൈതവേദാന്തത്തിന്റെ പ്രചാരണം നിർവഹിച്ചതും ശ്രീശങ്കരൻതന്നെയാണ്.

ശ്രീശങ്കരന്റെ അദ്വൈതവേദാന്തത്തിന്റെ മുഴുവൻ സാരാംശവും 'ബ്രഹ്മമാണ് സത്യം; ജഗത് മിഥ്യയാണ്; ജീവൻതന്നെയാണ് ബ്രഹ്മം, മറ്റൊന്നുമല്ല' (ബ്രഹ്മ സത്യം ജഗൻ മിഥ്യാ, ജീവോ ബ്രഹ്മൈവ നാ ഉ പരഃ) എന്ന അദ്ദേഹത്തിന്റെ വചനത്തിൽ അടങ്ങിയിരിക്കുന്നു. വസ്തുനിഷ്ഠമായ ഭൗതിക പ്രപഞ്ചം യാഥാർഥ്യമല്ല. മിഥ്യയാണെന്നും സച്ചിദാനന്ദമയവും ഏകവും അദ്വൈതവുമായ ബ്രഹ്മം മാത്രമാണ് സത്യംമെന്നും ജീവൻ അഥവാ വ്യക്തിയുടെ ആത്മാവ് യഥാർഥത്തിൽ ബ്രഹ്മംതന്നെയാണെന്നുമാണ് ശങ്കരൻ വിശദീകരിച്ചത്. എന്താണ് ബ്രഹ്മമെന്ന ചോദ്യത്തിന് ഉപനിഷത്തുക്കൾ നൽകുന്ന ഉത്തരമായ 'ജന്മാദികൾ ഏതൊന്നിൽ നിന്നാണോ അതാണ് ബ്രഹ്മം' (ജന്മാദ്യസ്യ യതഃ) എന്ന വാക്യത്തിന് ശങ്കരൻ നൽകുന്ന വ്യാഖ്യാനത്തിൽ നിന്ന് ബ്രഹ്മത്തെക്കുറിച്ച അദ്ദേഹത്തിന്റെ വീക്ഷണം കുറേക്കൂടി വ്യക്തമാകുന്നുണ്ട്. അതിങ്ങനെയാണ്: 'നാമരൂപങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്നതും അനേകം കർത്താക്കളെയും ഭോക്താക്കളെയും ഉൾക്കൊള്ളുന്നതും ക്ലിപ്തപ്പെട്ട സ്ഥലകാല കാരണങ്ങളെയും ക്രിയകൾ, ഫലങ്ങൾ എന്നിവയെയും ആശ്രയിക്കുന്നതും മനസ്സിനു പോലും അചിന്ത്യമായ രചനാരൂപത്തോടുകൂടിയതുമായ ജഗത്തിന്റെ ഉൽപത്തി സ്ഥിതി ലയങ്ങൾ സർവജ്ഞവും സർവശക്തവുമായ യാതൊരു കാരണത്തിൽനിന്ന് ഉളവാകുന്നുവോ അതാണ് ബ്രഹ്മം'[1].

1. ശങ്കരൻ: ബ്രഹ്മസൂത്ര ഭാഷ്യം 1. 1.2

അനാദിയും അനശ്വരവുമായ ബ്രഹ്മം മാത്രമാണ് ശങ്കരവീക്ഷണത്തിൽ യാഥാർഥ്യം. ജഗത്ത് അഥവാ പ്രപഞ്ചവും അതിലെ സകല വസ്തുക്കളും മിഥ്യയാണ്. ഇത് ഒരു ഭാഗത്ത്. മറുഭാഗത്താകട്ടെ, പ്രപഞ്ചവും അതിലെ സകല വസ്തുക്കളും ബ്രഹ്മമാണെന്ന് ശങ്കരൻ വാദിക്കുന്നു. ബ്രഹ്മമല്ലാതെ മറ്റൊന്നും തന്നെയില്ല. 'പ്രപഞ്ചമാകെ, പ്രപഞ്ചത്തിൽ എന്തെല്ലാം നിലനിൽക്കുന്നുണ്ടോ അതെല്ലാം ബ്രഹ്മമാണ്' (ബ്രഹ്മൈവേദം വിശ്വംസമസ്തം ഇദംജഗത്). പ്രപഞ്ചം മാത്രമല്ല, ആത്മാവും ബ്രഹ്മമാണ് (ആത്മാച), ഞാൻ ബ്രഹ്മമാണ് (അഹം ബ്രഹ്മാസ്മി), നീയും അതുതന്നെ (തത്ത്വമസി). ഇതാണ് അദ്വൈത വേദാന്തത്തിന്റെ പൊരുൾ. ശങ്കരൻ തന്നെ വിശദീകരിക്കുന്നത് നോക്കുക: 'ബ്രഹ്മത്തിൽനിന്ന് വ്യത്യസ്തമായി ഒരു വസ്തുവിനും നിലനിൽക്കാൻ കഴിയില്ല. അതിനു തെളിവൊന്നുമില്ല. വാസ്തവത്തിൽ മറ്റ് എന്തിന്റെയെങ്കിലും അസ്തിത്വത്തെക്കുറിച്ച് യാതൊരു തെളിവും നമുക്ക് കാണാൻ കഴിയില്ല'[1]. പ്രപഞ്ചത്തിന്റെ മുഴുവൻ മൂലകാരണമായ പരമാത്മാവും മനുഷ്യന്റെ ആത്മാവായ ജീവാത്മാവും തമ്മിൽ ദ്വൈതഭാവങ്ങളില്ലെന്നാണ് ശങ്കരമതം. ജീവാത്മാവിനും പ്രാപഞ്ചിക വസ്തുക്കൾക്കുമൊന്നും ബ്രഹ്മത്തിൽനിന്ന് വിഭിന്നമായ അസ്തിത്വമില്ലെന്നർഥം.

മുമ്പ് എപ്പോഴെങ്കിലും അനുഭവപ്പെട്ടതും സ്മരണയായി മനസ്സിൽ തങ്ങിനിൽക്കുന്നതുമായ ഒന്നിനെപ്പറ്റി പിന്നീട് മറ്റൊരിടത്തുണ്ടാകുന്ന പ്രതീതിയാണ് അധ്യാസം. യഥാർഥമായ ഒന്നിന്മേൽ അയഥാർഥമായ മറ്റൊന്നിന്റെ ധർമങ്ങൾ അധ്യാരോപിക്കപ്പെടുമ്പോൾ അതിന് യഥാർഥത്തിൽഇല്ലാത്ത ധർമങ്ങൾ ഉണ്ട് എന്ന പ്രതീതിയുണ്ടാകുന്നു. കയറിന്റെയും പാമ്പിന്റെയും ഉദാഹരണത്തിലൂടെ ശ്രീശങ്കരൻ ഇത് വിശദീകരിക്കുന്നുണ്ട്. കയർ പാമ്പല്ല. പക്ഷേ, മങ്ങിയ വെളിച്ചത്തിൽ ചിലർ കയർ പാമ്പാണെന്ന് തെറ്റിദ്ധരിക്കും. യഥാർഥത്തിൽ പാമ്പില്ലെങ്കിലും അധ്യാസത്തിന്റെ ഫലമായി പാമ്പിന്റെ പ്രതീതിയുണ്ടാകുന്നു. ഇതു മിഥ്യാജ്ഞാനം അഥവാ അവിദ്യയാണ്. വെളിച്ചം വന്ന് അവിദ്യ നീങ്ങിയാൽ യഥാർഥ കയർ പ്രത്യക്ഷപ്പെടും. ഇതുപോലെ മായയുടെ അഥവാ അധ്യാസത്തിന്റെ ഫലമായി യഥാർഥത്തിലുള്ള ബ്രഹ്മത്തിനുപകരം പ്രപഞ്ചവും ജൈവവസ്

1. Ibid III.2.32



തുക്കളും നമുക്ക് അനുഭവപ്പെടുന്നു. ഇവയെല്ലാം അവിദ്യയുടെ ഫലമാണ്. അവിദ്യയെ നീക്കം ചെയ്താൽ ഇവയെല്ലാം മിഥ്യയാണെന്നും യഥാർഥത്തിലുള്ളത് ബ്രഹ്മം മാത്രമാണെന്നും ബോധ്യമാകും. അവിദ്യയാകുന്ന കണ്ണാടിയെ എടുത്തുമാറ്റി താൻതന്നെയാണ് ബ്രഹ്മം (അഹംബ്രഹ്മാസ്മി) എന്ന അവസ്ഥ അഥവാ ബ്രഹ്മസാക്ഷാത്കാരം കൈവരിക്കുകയാണ് മോക്ഷം. മോക്ഷത്തിനുള്ള മാർഗം ജ്ഞാനം മാത്രമാണ്. കർമവും ഭക്തിയും ജ്ഞാനസമ്പാദനത്തിന് സഹായകയായി വർത്തിക്കുക മാത്രമാണ് ചെയ്യുന്നതെന്നും അവ നേരിട്ട് മോക്ഷത്തിന് കാരണമാകുന്നില്ലെന്നുമാത്രമാണ് ശങ്കരന്റെ പക്ഷം.

തന്റെ വാദങ്ങൾക്കനുകൂലമായി ഉപനിഷദ്‌വാക്യങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ശങ്കരൻ വിജയിച്ചു. വിവിധ ആശയക്കാരായ ദാർശനികന്മാരുടെ ചിന്തകളും സംവാദങ്ങളും നിറഞ്ഞുനിൽക്കുന്ന ഉപനിഷദ്‌വാക്യങ്ങളിൽ തന്റെ ചിന്തയെ പ്രതികൂലിക്കുന്ന സൂക്തങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനും വളച്ചൊടിക്കാനും വരെ ശങ്കരന് മടിയുണ്ടായില്ല. സുരേന്ദ്രനാഥ്ദാസ് ഗുപ്ത എഴുതുന്നു: 'ബ്രഹ്മം മാത്രമാണ് പരമയാഥാർഥ്യമെന്നും മറ്റുള്ളതെല്ലാം അയഥാർഥമാണെന്നുമുള്ള ശങ്കരന്റെ മൂലസിദ്ധാന്തമാണ് ഉപനിഷത്തുക്കളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് എന്ന് തെളിയിക്കുന്നതിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. എന്നാൽ, ഈശ്വരവാദത്തെയും ദ്വൈതവാദത്തെയും വ്യക്തമായി സമർഥിക്കുന്ന അനേകം സൂക്തങ്ങൾ ഉപനിഷത്തുക്കളിലുണ്ട്. ശങ്കരന്റെ സിദ്ധാന്തത്തെ സമർഥിക്കുന്ന ഒരർഥം അവ നൽകുന്നുണ്ടെന്ന് വാക്കുകളെക്കൊണ്ട് എന്തെന്ത് കസർത്തുകൾ കാണിച്ചാലും ബോധ്യമാക്കാൻ കഴിയില്ല'[1].

ശങ്കരന്റെ മായാവാദം ബുദ്ധമതത്തിൽനിന്ന് കടമെടുത്തതാണെന്ന് പറയുന്ന പണ്ഡിതന്മാരുണ്ട്. പതിനാറാം നൂറ്റാണ്ടിലെ ആത്മീയവാദിയായ ഹിന്ദുദാർശനികൻ വിജ്ഞാനഭിക്ഷു 'വിജാതീയാfദ്വൈതാപത്തിശ്ച' എന്ന സാംഖ്യ സൂത്രത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'നമ്മുടെ ബന്ധനം കേവലം ഒരു ഭ്രമമാണെന്ന് പ്രഖ്യാപിക്കുന്ന ഒരൊറ്റ ബ്രഹ്മസൂത്രം പോലുമില്ല. തങ്ങളെ വേദാന്തികൾ എന്ന് സ്വയം വിളിക്കുന്നആളുകൾ കണ്ടുപിടിച്ച വിചിത്രമായ മായാവാദത്തെപ്പറ്റി പറയുകയാണെങ്കിൽ അത് ബൗദ്ധന്മാ

1. Surenthranath Dasguptha: History of Indian Philosophy, Vol II, Page 2

രുടെ വിജ്ഞാനവാദത്തിൻെറ ഒരു വകഭേദം മാത്രമാണ്. അതുകൊണ്ടാണ് ചില ഗ്രന്ഥകാരന്മാർ അദ്വൈതവേദാന്തത്തിൻെറ സിദ്ധാന്തങ്ങളെ വിമർശിച്ചുകൊണ്ട് ശങ്കരനെ പ്രഛന്നബുദ്ധൻ എന്നുവിളിക്കാൻ പോലും മുതിർന്നത്.'[1] പ്രഗൽഭ പണ്ഡിതനായ മോണിയർ വില്യംസ് പറയുന്നു: 'ഇന്ന് ഭാരതീയ ദാർശനികന്മാർക്കിടയിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള മായാവാദത്തിന് ഉപനിഷത്തുക്കൾ യാതൊരു പിന്തുണയും നൽകുന്നില്ല. അത് ബുദ്ധമതത്തിൽനിന്നുള്ള ഇറക്കുമതിയാണ്'[2].

ശങ്കരദർശനത്തിൽ വിവിധങ്ങളായ വൈരുദ്ധ്യങ്ങളുണ്ട്. ഒരു ഭാഗത്ത് ബ്രഹ്മം മാത്രമാണ് സത്യമെന്നും പ്രപഞ്ചം മുഴുവൻ മിഥ്യയാണെന്നും ശങ്കരൻ സ്ഥാപിക്കുന്നു. മറുഭാഗത്താകട്ടെ ലോകം മുഴുവൻ ബ്രഹ്മമാണെന്നു (സർവം ഖലുഇദം ബ്രഹ്മ) വാദിക്കുകയും ചെയ്യുന്നു. പ്രപഞ്ചം മിഥ്യയാണെന്ന് സമർഥിക്കുന്ന ശങ്കരൻ തന്നെ പ്രപഞ്ചത്തിലുള്ള വസ്തുക്കളെല്ലാം ബ്രഹ്മമാണെന്ന് വാദിക്കുന്നു. ജീവാത്മാവും പരമാത്മാവും തമ്മിൽ ദ്വൈതഭാവങ്ങളൊന്നുംതന്നെയില്ല എന്ന ശങ്കരമതത്തിലുമുണ്ട് വൈരുദ്ധ്യം. പരിമിതികളില്ലാത്ത ബ്രഹ്മത്തെയാണ് ഉപനിഷത്തുക്കൾ പരിചയപ്പെടുത്തുന്നത്. എന്നാൽ, ജീവാത്മാവാകട്ടെ പരിമിതികളിൽനിന്നു മുക്തമല്ല. അതിന് പല പരിമിതികളുമുണ്ട്. ബ്രഹ്മം അനശ്വരമാണെങ്കിൽ ജീവാത്മാവ് അനിത്യമാണ്. ബ്രഹ്മം നിർഗുണമാണ്. ജീവാത്മാവിൽ സ്വഭാവങ്ങളും ഗുണങ്ങളുമുണ്ട്.

എല്ലാം ബ്രഹ്മമാണെന്ന സിദ്ധാന്തം മതത്തിനും ധർമത്തിനുമെതിരാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ജീവിതത്തോടുള്ള വിരക്തിയും സാമൂഹിക സേവനത്തിനുള്ള വൈമനസ്യവുമാണ് അദ്വൈതം സൃഷ്ടിക്കുന്നതെന്നാണ് ഈ വിഭാഗത്തിൻെറ അഭിപ്രായം. എല്ലാം ബ്രഹ്മമാണെന്ന ബോധമുണ്ടായാൽ ആത്മശുദ്ധിക്കും പരനന്മക്കുംവേണ്ടി പ്രയത്നിക്കുന്നതെന്തിന് എന്ന ചോദ്യമാണ് ഉണ്ടാവുകയെന്നും വാദിക്കപ്പെടുന്നു[3].

എന്നാൽ പരമാത്മാവുതന്നെയാണ് ജീവാത്മാവുമെന്ന ധാരണ പരസ്പര സാഹോദര്യത്തിലേക്കാണ് നയിക്കുകയെന്നു വാദിക്കു

1. ഉദ്ധരണം കെ. ദാമോദരൻ: ഭാരതീയ ചിന്ത പേജ്: 369.
2. Monier Williams: Indian Wisdom, Page 118.
3. A.C. Bosanquet: Comparative religion Page 127



ന്ന പണ്ഡിതന്മാരുമുണ്ട്. 'നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കണമെന്നാണ് ബൈബിളിൻെറ ആഹ്വാനം. ഇതിനുള്ള അടിസ്ഥാനമെന്താണ്? നിൻെറ അയൽക്കാരൻ യഥാർഥത്തിൽ നിൻെറ ആത്മാവുതന്നെയാ ണെന്നും നിന്നെ അവനിൽനിന്ന് വേർതിരിക്കുന്നത് മായയാണെന്നും നിന്നെ വേദാന്തം ഉപദേശിക്കുന്നു'[1] സ്വാമി വിവേകാനന്ദൻ എഴുതി: 'കൊല്ലരുത്, ഹിംസിക്കരുത് മുതലായ ധർമോപദേശങ്ങൾ എല്ലാ മതങ്ങളിലുമുണ്ടെങ്കിലും അതിനുള്ള കാരണം ആരും നിർദേശിക്കുന്നില്ല. ഞാൻ എന്തുകൊണ്ട് എൻെറ അയൽക്കാരനെ ഹിംസിച്ചുകൂടാ. വിശ്വാസപ്രമാണങ്ങൾ കൊണ്ടുമാത്രം തൃപ്തരല്ലാത്ത ഹിന്ദുക്കൾ ചില ദാർശനിക സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതുവരെ ഈ ചോദ്യത്തിന് തൃപ്തികരമായ മറുപടിയില്ലായിരുന്നു. ആത്മാവ് സർവവ്യാപിയും കേവലവും അനന്തവുമാണെന്ന് ഹിന്ദുക്കൾ കണ്ടുപിടിച്ചു. അതുകൊണ്ട് അയൽവാസിയെ ഹിംസിക്കുമ്പോൾ ഒരുവൻ തന്നെത്തന്നെയാണ് ഹിംസിക്കുന്നത്. ഇതാണ് എല്ലാ ധർമത്തിൻെറയും മൂലഭൂതമായ ദാർശനിക തത്ത്വം'[2].

ശങ്കരൻെറ അദ്വൈതചിന്ത സാഹോദര്യവും സ്നേഹവുമാണ് പഠിപ്പിക്കുന്നതെന്ന് പ്രചരിപ്പിക്കുന്നവർ ശങ്കരദർശനത്തിൻെറ സാമൂഹിക വീക്ഷണത്തെ മറച്ചുവെക്കുകയാണ് ചെയ്യുന്നത്. പരമാത്മാവുതന്നെയാണ് ജീവാത്മാവുമെന്ന ശങ്കര സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ബ്രഹ്മസാക്ഷാത്കാരത്തിന് എല്ലാ മനുഷ്യരും അർഹരാണെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നതെന്നും മനുഷ്യൻ പടച്ച ജാതികളെ ഇല്ലായ്മ ചെയ്യണമെങ്കിൽ അദ്വൈത ചിന്ത വളരുക മാത്രമാണ് മാർഗമെന്നുമെല്ലാം ഉദ്ഘോഷിക്കപ്പെടാറുണ്ട്. അത്തരമാളുകൾ ശങ്കരകൃതികൾ വായിക്കാത്തവരോ അല്ലെങ്കിൽ വായിച്ചത് മറച്ചുവെക്കുന്നവരോ ആണെന്ന് പറയാതെ നിർവാഹമില്ല. ഡോ. നീലകണ്ഠൻ ഇളയത് എഴുതുന്നു: 'ബ്രഹ്മ സാക്ഷാത്കാരത്തിന് സമൂഹത്തിലെ എല്ലാവരും ഒരുപോലെ അർഹരാണെന്ന് അദ്വൈതി വിശ്വസിക്കുന്നില്ല. അതുകൊണ്ട് വിവിധ വർണസ്ഥരായ മനുഷ്യരെ അധികാര ഭേദമനുസരിച്ച് വീണ്ടും രണ്ടായി തിരിക്കാം - കർമയോഗം അനുഷ്ഠിക്കേണ്ടവരും ജ്ഞാനയോഗം അനുഷ്ഠിക്കേണ്ടവരും-

1. Paul Duessen: Philosophy of Upanishads Page 49
2. ഉദ്ധരണം ഡോ. കെ.എൻ. നീലകണ്ഠൻ ഇളയത്: അദ്വൈതധർമം പേജ് 118

എന്നാൽ ഇവിടെ നാലാമത്തെ വർണികളായ ശൂദ്രരെ വേദാന്തവിദ്യക്ക് അനധികാരികളായി പ്രഖ്യാപിച്ചിരിക്കുന്നു. വേദാന്തവിദ്യ അഭ്യസിക്കുന്നത് മാത്രമല്ല അത് ശ്രവിക്കുന്നതും ശൂദ്രർക്ക് നിഷിദ്ധമാണ്'[1].

ബാദരായണന്റെ 'ശ്രവണാധ്യായനാർഥ പ്രതിഷേധാത്സ്മൃതേശ്ച'[2] എന്ന ബ്രഹ്മസൂത്രവചനം വ്യാഖ്യാനിച്ചുകൊണ്ട് ശങ്കരൻ എഴുതി: 'അതുകൊണ്ട് ശൂദ്രന് ബ്രഹ്മജ്ഞാനത്തിന് അധികാരമില്ല. എന്തെന്നാൽ സ്മൃതി അയാൾ വേദം കേൾക്കുന്നതിനെയും അധ്യയനം ചെയ്യുന്നതിനെയും പ്രതിഷേധിച്ചിരിക്കുന്നു. വേദശ്രവണത്തിന്റെ പ്രതിഷേധവും വേദാർഥജ്ഞാനത്തിന്റെയും വേദാനുഷ്ഠാനത്തിന്റെയും പ്രതിഷേധവും ശൂദ്രനെ സംബന്ധിച്ച് സ്മൃതികളിൽ ചെയ്തിരിക്കുന്നു. ശ്രവണപ്രതിഷേധത്തിന് ഉദാഹരണമായി 'വേദവാക്യം ശ്രവിച്ചാൽ അയാളുടെ ചെവിയിൽ ഈയവും അരക്കും ഉരുക്കിയൊഴിക്കണം'. ശൂദ്രൻ സഞ്ചരിക്കുന്ന ശ്മശാനമാകുന്നു. അതുകൊണ്ട് ശൂദ്രന്റെ അടുത്തുവെച്ച് വേദം അധ്യയനം ചെയ്യാൻ പാടില്ല'. ഇതുകൊണ്ട് അധ്യയന പ്രതിഷേധവും വിധിച്ചിരിക്കുന്നു. എന്തെന്നാൽ യാതൊരുവന്റെ സമീപം അധ്യയനം ചെയ്യാൻ പാടില്ലയോ അവൻ സ്വയം വേദാധ്യയനം ചെയ്യുന്നതെങ്ങനെ? 'അവൻ വേദോച്ചാരണം ചെയ്താൽ ജിഹ്വാച്ഛേദം ചെയ്യണം. വേദമന്ത്രങ്ങൾ ധരിച്ചാൽ കൊല്ലണം' എന്നും പറഞ്ഞിട്ടുണ്ട്. അതിനാൽ അയാൾക്ക് വേദാർഥജ്ഞാനവും അനുഷ്ഠാനവും പാടില്ലെന്നു സിദ്ധിക്കുന്നു. 'ശൂദ്രന് ബുദ്ധി (ജ്ഞാനം) കൊടുക്കരുത്' എന്നും പറഞ്ഞിട്ടുണ്ട്[3].

വേദത്തിലെ പുരുഷസൂക്തത്തിൽനിന്ന് ആരംഭിച്ച് ഭാരതത്തിന്റെ സാമൂഹികമണ്ഡലത്തിലാകെ ഇരുട്ടുപരത്തിയ ജാതിസമ്പ്രദായത്തിന് പച്ചക്കൊടി കാണിക്കുന്ന അദ്വൈതാചാര്യനെയാണ് നമു

1. അദ്വൈത ധർമം പേജ് 133
2. ബ്രഹ്മസൂത്രം 1:3:38
3. ഇതശ്ചന ശൂദ്ര സ്യാധികാര യ ദസ്യ സ്മൃതേഃ ശ്രവണാധ്യായനാർഥ പ്രതിഷേധാ ഭവതി.വേദശ്രവണ പ്രതിഷേധോ വേദാധ്യയന പ്രതിഷേധസ്ഥത ദർഥജ്ഞാനാനുഷ്ഠാന യോശ്ച പ്രതിഷേധഃ ശൂദ്രസ്യ ഭവതി ശ്രവണ പ്രതിഷേധ സ്താവത്. "അഥാസ്യ വേദമുപശൃണ്വതസ്ത്ര പുജതുഭ്യാം ശ്രോതവ്രപുരാണം" ഇതി. "പദ്യുഹവാ ഏതത് ശ്മശാനം യെച്ഛദ്രസ്തസ് മാഛൂദ്ര സമീപേനാധ്യോതവ്യ". ഇതിച അത ഏവാധ്യയനപ്രതിഷേഃ യസ്യഹിസമീപേ പിതാധ്യേതവ്യം ഭവതി, സകല മത്രുത മധീയീത, ഭവതിചവേദോച്ചാരണേ ജിഹ്വാഛേദോധാരണേശരീര ഭേത ഇതി. അത ഏവ ചാർത്ഥാദർത്ഥ ജ്ഞാനാനുഷ്ഠാനയോഃ പ്രതിഷേധോ ഭവതി. "നശൂദ്രായ മതി ദദ്യാത്" ഇതി-ബ്രഹ്മസൂത്ര ശാങ്കര ഭാഷ്യം 1:3:38



ക്കിവിടെ കാണാൻ കഴിയുന്നത്. എല്ലാവർക്കും ബ്രഹ്മജ്ഞാനത്തിനർഹതയുണ്ട് എന്നാണ് ശങ്കരന്റെ അദ്വൈതവേദാന്തത്തിന്റെ തത്ത്വമെന്നും 'ജീവോ ബ്രഹ്മൈവനാƒപര' എന്ന വാക്യത്തിലൂടെ ആത്മീയ സാഹോദര്യമാണ് അദ്ദേഹം പ്രബോധനം ചെയ്തതെന്നും വ്യാഖ്യാനിക്കുന്നവർ ശൂദ്രനോട് മൃഗങ്ങളെപ്പോലെ പെരുമാറണമെന്ന അദ്ദേഹത്തിന്റെ ബ്രഹ്മസൂത്ര ഭാഷ്യം കണ്ടില്ലെന്ന് നടിക്കുകയാണ്. ശൂദ്രരെ അയോഗ്യരായി കൽപിക്കുന്ന സാമൂഹികാചാരം നിലനിന്ന സമൂഹത്തിലാണ് ജീവിച്ചതെന്നതിനാലാണ് ശങ്കരന് ഇങ്ങനെ പറയേണ്ടിവന്നതെന്ന്[1] വ്യാഖ്യാനിച്ച് ശങ്കരനെ വെള്ളപൂശുന്ന ചിലരുണ്ട്. ഈ വാദം ബാലിശമാണ്. ബുദ്ധജൈനാദി മതങ്ങളെയും സാംഖ്യം, ന്യായം തുടങ്ങിയ ദർശനങ്ങളെയും വിമർശിച്ചുകൊണ്ടാണ് ശങ്കരൻ അദ്വൈതം സ്ഥാപിച്ചത്. അദ്വൈതം കൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നത് ആത്മൈക്യത്തിലൂടെയുള്ള സാഹോദര്യമായിരുന്നുവെങ്കിൽ അന്നു നിലനിന്ന മതങ്ങളെ വിമർശിച്ചു തോൽപിച്ചതുപോലെ ബ്രാഹ്മണ മേധാവിത്വത്തെയും എതിർത്ത് തോൽപിക്കാമായിരുന്നു. അദ്ദേഹം ലക്ഷ്യമിട്ടത് സാഹോദര്യത്തിന്റെ സന്ദേശം പരത്താനായിരുന്നില്ല; പ്രത്യുത, സൃഷ്ടി ജാലങ്ങളെ ആരാധിക്കുന്ന പാരമ്പര്യമതത്തിന് താത്ത്വിക അടിത്തറ പണിയാൻ മാത്രമായിരുന്നു.

പക്ഷേ, അഭിനവ ഹൈന്ദവ ശക്തികളെപ്പോലെ ഹിന്ദുരാഷ്ട്രത്തിന്റെ സൃഷ്ടിയൊന്നും ശങ്കരാചാര്യർ സ്വപ്നം കാണാതിരുന്നതിനാൽ, അന്നുണ്ടായിരുന്ന ദർശനങ്ങളെയും മതങ്ങളെയുമെല്ലാം സമന്വയിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരാൻ അദ്ദേഹം ഒരുമ്പെട്ടിരുന്നില്ല. സമകാലിക മതങ്ങൾ മുഴുവൻ അർഥശൂന്യങ്ങളാണെന്നും വേദാന്തത്തിന്റെ അദ്വൈത വ്യാഖ്യാനം മാത്രമാണ് മോക്ഷമാർഗമെന്നും ശ്രീശങ്കരൻ വാദിച്ചു. 'യോഗം കൊണ്ടോ സാംഖ്യം കൊണ്ടോ മതകർമങ്ങൾകൊണ്ടോ വെറും വിദ്യകൊണ്ടോ മോക്ഷം നേടാൻ കഴിയില്ല. ആത്മാവും ബ്രഹ്മവും ഒന്നാണെന്ന് അനുഭവിച്ചറിയുക മാത്രമാണ് മോക്ഷസാക്ഷാത്കാരത്തിനുള്ള മാർഗം'[2]. സർ

1. P.V. Kane: History of Dharmashasthra Vol II Part 1 Page 33
2. നയോഗേന ന സാംഖ്യേന കർമ്മണാ നോനവിദ്യയാ
ബ്രഹ്മാത് മൈകത്വയോഗേന മോക്ഷഃ സിധ്യയതി നാന്യഥാ'
വിവേക ചൂഢാമണി 5:18

വമതസത്യവാദത്തിൻെറ മൂടുപടം സ്വീകരിക്കാൻ സന്നദ്ധനല്ലായിരുന്ന ശ്രീശങ്കരൻ ഭാരതത്തിൽതന്നെ ജന്മമെടുത്ത മറ്റു ദർശനങ്ങളെല്ലാം തെറ്റാണെന്ന് വാദിച്ചിരുന്നു. 'വേദാന്തമതത്തിൻെറ അദ്വൈത വ്യാഖ്യാനം മാത്രമാണ് ശരിയെന്ന് ശഠിച്ച ശങ്കരൻ ജൈന-ബുദ്ധമതങ്ങൾ, മീമാംസാമതം, ശൈവമതം, കാപാലികമതം, ശാക്തേയമതം, വൈഷ്ണവമതം തുടങ്ങി അദ്ദേഹത്തിൻെറ ആശയങ്ങൾക്കെതിരായുള്ള മതങ്ങൾ മുഴുവൻ അർഥശൂന്യങ്ങളെന്ന് വാദിച്ചിരുന്നു'[1]. ദൽഹിയിലേക്ക് വ്യത്യസ്ത ദിക്കുകളിൽനിന്ന് വ്യത്യസ്ത വഴികളിലൂടെ യാത്ര ചെയ്ത് വ്യത്യസ്ത സമയത്ത് ലക്ഷ്യസ്ഥാനത്തെത്തുന്നതുപോലെ യാഥാർഥ്യത്തിലേക്കുള്ള വ്യത്യസ്ത വഴികളാണ് വിവിധ ഭാരതീയ മതങ്ങളുമെന്ന്[2] ആധുനിക ഹൈന്ദവ പണ്ഡിതന്മാരിൽ ചിലരുടെ വാദം ശ്രീശങ്കരനുണ്ടായിരുന്നില്ലെന്നു സാരം.

**വിശിഷ്ടാദ്വൈതം:** നിർഗുണമാണ് ബ്രഹ്മമെന്ന ശങ്കരസിദ്ധാന്തത്തിന് വിരുദ്ധമായി ബ്രഹ്മം സഗുണമാണെന്നും പ്രപഞ്ചം മിഥ്യയല്ല യാഥാർഥ്യമാണെന്നും അത് ബ്രഹ്മത്തിൽനിന്ന് പരിണമിച്ചുണ്ടായതാണെന്നും വാദിച്ച ഭാസ്കരാചാര്യനും, ഈശ്വരൻ, ചിത്ത്, അചിത്ത് എന്നീ മൂന്ന് രൂപങ്ങളിലായി ബ്രഹ്മം പരിണമിക്കുന്നുവെന്ന് പഠിപ്പിച്ച യാദവ പ്രകാശനും ശങ്കരദർശനത്തിന് വിരുദ്ധമായ തത്ത്വശാസ്ത്രങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും വ്യക്തവും സമഗ്രവുമായ ഒരു ദർശനത്തിന് തറക്കല്ലിടുന്നതിൽ അവർ പരാജയപ്പെടുകയാണ് ചെയ്തത്. ശങ്കരൻേറതിൽനിന്ന് വ്യത്യസ്തമായ ഒരു സമഗ്ര ദർശനത്തിന് രൂപം നൽകുന്നതിൽ പിന്നീട് വിജയിച്ചത് പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ച രാമാനുജൻ മാത്രമായിരുന്നു.

പതിനൊന്നാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ കാഞ്ചീവരത്തിന് സമീപമുള്ള ഒരു ചെറിയ ഗ്രാമപഞ്ചായത്തിൽ ജനിച്ച രാമാനുജൻ നൂറുകൊല്ലത്തിലധികം ജീവിച്ച് 1137-ൽ ചരമം പ്രാപിച്ചു. ശ്രീഭാഷ്യം എന്നറിയപ്പെടുന്ന ബ്രഹ്മസൂത്രഭാഷ്യം, ഗീതാഭാഷ്യം, വേദാന്തസാരം, വേദാന്തദീപം, ഗദ്യത്രയം, വേദാന്ത സംഗ്രഹം തുടങ്ങിയ ഒട്ടനവധി ബൃഹദ്ഗ്രന്ഥങ്ങളിലൂടെ രാമാനുജൻ തൻെറ വിശിഷ്ടാദ്വൈതം പ്രചരിപ്പിച്ചു.

1. പി.കെ. ഗോപാലകൃഷ്ണൻ: കേരളത്തിൻെറ സാംസ്ക്കാരിക ചരിത്രം പേജ് 3
2. സാധുശീലൻ കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മപരിചയം പേജ് 258.



നിർഗുണബ്രഹ്മം എന്ന സങ്കൽപം അസംബന്ധമാണെന്നും ചൈതന്യം നിറഞ്ഞ പരമാത്മാവ് സഗുണ ബ്രഹ്മമാണെന്നുമാണ് വിശിഷ്ടാദ്വൈതദർശനത്തിൻെറ അടിസ്ഥാനതത്വം. ബ്രഹ്മം, നിത്യവും ശാശ്വതവുമാണെങ്കിൽ നിത്യത, ശാശ്വതത്വം എന്നീ ഗുണങ്ങൾ ബ്രഹ്മത്തിനുണ്ടെന്ന് സമ്മതിക്കേണ്ടിവരും. തിന്മകളിൽനിന്നും അപൂർണതകളിൽനിന്നും എല്ലാം തികച്ചും സ്വതന്ത്രനും നിരവധി നന്മകളും ഉത്കൃഷ്ട ഗുണങ്ങളുമുള്ളവനുമായ പുരുഷോത്തമനാണ് ബ്രഹ്മം. ജ്ഞാനം, ആനന്ദം, ശക്തി, നന്മ, സ്നേഹം, ദയ എന്നിവയാണ് സഗുണബ്രഹ്മത്തിൻെറ അടിസ്ഥാന ഗുണങ്ങൾ. ലോകത്തെ നിയന്ത്രിക്കുന്നത് വിവിധങ്ങളായ നാനാശക്തികളല്ല, പ്രത്യുത ഈശ്വരൻ എന്ന ഏക ശക്തി മാത്രമാണ്.

ഈശ്വരനും ജീവാത്മാക്കളും ഭൗതികപ്രപഞ്ചവുമെല്ലാം വ്യത്യസ്തങ്ങളായ യാഥാർഥ്യങ്ങളാണ്. അചിത്ത് (ഭൗതിക പദാർഥം), ചിത്ത് (ആത്മാവ്), ഈശ്വരൻ എന്നിവ അടങ്ങുന്നതാണ് തത്ത്വത്രയം. ചിത്തും അചിത്തും യാഥാർഥ്യങ്ങളാണെങ്കിലും അവ ഈശ്വരൻെറ ഭാഗങ്ങളാണ്. ഈശ്വരൻ പ്രപഞ്ചത്തിൻെറയും ജീവാത്മാവിൻെറയും ആത്മാവാണ്. ആത്മാവും പ്രപഞ്ചവും ഈശ്വരൻെറ അംശങ്ങളാണെങ്കിലും ഈശ്വരനല്ല. സർവജ്ഞനും സർവശക്തനും നിത്യനുമായ ഈശ്വരൻ, നിത്യമെങ്കിലും അശ ക്തമായ ജീവാത്മാവ്, അചേതനമായ ഭൗതിക പദാർഥം -ഈ തത്ത്വത്രയത്തിൻെറ ഐക്യമാണ് ബ്രഹ്മം. ഇത് ഒരർഥത്തിൽ അദ്വൈതമാണെങ്കിലും കേവലമായ അദ്വൈതമല്ലാത്തതിനാൽ രാമാനുജൻ തൻെറ ദർശനത്തിന് വിശിഷ്ടാദ്വൈതം എന്നാണ് പേരിട്ടത്.

രാമാനുജൻെറ വീക്ഷണത്തിൽ, മോക്ഷം പ്രാപിക്കണമെങ്കിൽ ആത്മാവ് ശരീരമോ ഭൗതികമോ അല്ലെന്നും ഈശ്വരൻെറ അംശമാണെന്നുമുള്ള ബോധമുദിച്ച് സംസാരദുഃഖങ്ങളിൽനിന്നും മോചനം നേടണം. 'മോക്ഷമെന്നാൽ ഈശ്വരനുമായുള്ള സാമ്യം അല്ലെങ്കിൽ സാദൃശ്യം മാത്രമാണ്. സാരൂപ്യമോ താദാത്മ്യമോ അല്ല'[1] എന്നാണ് രാമാനുജൻ പറയുന്നത്. മോക്ഷപ്രാപ്തിക്കുശേഷവും ആത്മാവ് ബ്രഹ്മമായി പരിണമിക്കുകയില്ലെന്ന് സ്പഷ്ടമായും സ്ഥാപിക്കുന്ന രാമാനുജൻ 'ജീവോ ബ്രഹ്മൈവ നാ *f*പര' എന്ന ശങ്കരവചനത്തെ

1. മുക്തസ്യസ്വരൂപം ബ്രഹ്മണോ ഭാവഃസ്വഭാവഃനതു സ്വരൂപൈക്യം-വേദാന്തസൂത്രം ശ്രീഭാഷ്യം 1:1:1

പരസ്യമായി ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. ശങ്കരൻ പറഞ്ഞതു പോലെ ജ്ഞാനമാണ് മോക്ഷത്തിനുള്ള മാർഗം എന്നല്ല രാമാനുജൻ പറഞ്ഞത്. പ്രത്യുത കർമവും ഭക്തിയുമാണ് മോക്ഷത്തിനുള്ള മാർഗ മെന്നാണ്. ആത്മീയ സംതൃപ്തിക്കുവേണ്ടിയോ ഭൗതികവും സാമ്പ ത്തികവുമായ നേട്ടങ്ങൾക്കുവേണ്ടിയോ ഉള്ള കർമങ്ങൾ മോക്ഷപ്രാപ് തിക്കു നിദാനമാകുന്നില്ല. നിഷ്കാമകർമവും ആത്മാർപ്പണവുമാണ് മോക്ഷപ്രാപ്തിക്കുള്ള മാർഗം.

എല്ലാ മനുഷ്യരും ഈശ്വരാംശങ്ങളാണ് എന്ന് വാദിച്ച രാമാ നുജൻെറ വിശിഷ്ടാദ്വൈതദർശനവും സാമൂഹിക സമത്വമോ സർവ സാഹോദര്യമോ പ്രബോധനം ചെയ്യുന്നില്ല. അയിത്തവും തൊട്ടു കൂടായ്മയും തീണ്ടിക്കൂടായ്മയുമെല്ലാം നിലനിൽക്കുന്ന വർണാ ശ്രമധർമത്തിൻെറ സംരക്ഷണവും മോക്ഷപ്രാപ്തിക്കുവേണ്ടിയുള്ള കർമങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ മനുഷ്യരും-ജീവാത്മാവും-ഈശ്വ രാംശങ്ങളാണെങ്കിൽ ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരു മുണ്ടാവുന്നതെങ്ങനെയെന്ന പ്രശ്നത്തിന് ഉത്തരം കാണാൻ വിശി ഷ്ടാദ്വൈതികൾക്ക് കഴിഞ്ഞില്ല. മറ്റേതൊരു ഹൈന്ദവദർശനത്തി ൻെറയും പോലെ തന്നെ ഇതായിരുന്നു വിശിഷ്ടാദ്വൈത ത്തിൻെറയും ഏറ്റവും വലിയ ദൗർബല്യം.

**ദ്വൈതം:** ക്രിസ്താബ്ദം 1238-ലെ വിജയദശമിദിനത്തിലാണ് കർണാടകത്തിലെ ഉഡുപ്പി നഗരത്തിൽനിന്ന് പതിമൂന്ന് കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന പജക ക്ഷേത്രമെന്ന ഗ്രാമത്തി ൽദ്വൈതാചാര്യനായ മാധ്വൻ ജനിച്ചത്[2]. മാധ്വഭാഷ്യം എന്നറിയപ്പെടു ന്ന ബ്രഹ്മസൂത്രവ്യഖ്യാനം, ഭാഗവതതാൽപര്യനിർണയം, മഹാഭാ രതതത്ത്വനിർണയം, വിഷ്ണുതത്വനിർണയം, സത്വോദ്യോതം തു ടങ്ങിയ മുപ്പത്തേഴ് ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം വേദാന്തത്തിൻെറ ദ്വൈതവ്യാഖ്യാനം നാടുനീളെ പ്രചരിപ്പിച്ചു.

ജീവാത്മാവും പരമാത്മാവും ഒന്നല്ലെന്നും ജഗത്ത് മിഥ്യയല്ലെ ന്നുമാണ് ഉപനിഷത്തുക്കളുടെ സന്ദേശമെന്ന് മാധ്വാചാര്യർ ശക്തി യായി വാദിച്ചു. ജീവാത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെങ്കിൽ പിന്നെ ബ്രഹ്മത്തെ അറിയുന്നതെങ്ങനെയാണെന്ന് അദ്വൈതസി ദ്ധാന്തത്തിൻെറ വക്താക്കളോട് മധ്വാചാര്യർ ചോദിച്ചു. അറിവ് നേടു



ന്ന വ്യക്തിയും അറിയപ്പെടേണ്ട വിഷയവും തമ്മിലുള്ള ബന്ധത്തിൽ നിന്നാണ് ജ്ഞാനമുണ്ടാകുന്നത്. വിഷയവും വിഷയിയും ഒന്നാ ണെങ്കിൽ പിന്നെ ജ്ഞാനമുണ്ടാകുന്നതെങ്ങനെ? അജ്ഞത, അനി ത്യത, അപൂർണത എന്നിവയോടുകൂടിയ മനുഷ്യനെ അനന്തവും അനശ്വരവും സമ്പൂർണവും സർവശക്തവുമായ ബ്രഹ്മത്തോട് ഉപ മിക്കുന്നതുതന്നെ പാതകമാണ്. ബ്രഹ്മം നിർഗുണനാണെന്ന ശങ്ക രവാദത്തെയും മാധ്വാചാര്യൻ ഖണ്ഡിക്കുന്നു. നിർഗുണനാണ് ബ്രഹ് മമെന്നു പറയുന്നവർ ബ്രഹ്മത്തിൽ നിർഗുണത്വമെന്ന ഗുണം ആരോ പിക്കുകയാണ് ചെയ്യുന്നതെന്നും അങ്ങനെ നിർഗുണവാദികളുടെ ബ്രഹ്മം പോലും സഗുണമാണെന്നും അദ്ദേഹം പറഞ്ഞു.

ജീവാത്മാവും പ്രപഞ്ചവും യാഥാർഥ്യങ്ങളാണ്. അവ മായയ ല്ല. പക്ഷേ, അവക്ക് സ്വതന്ത്രമായ നിലനിൽപില്ല. ബ്രഹ്മം കേവ ലവും സ്വതന്ത്രവുമായ യാഥാർഥ്യമാണെങ്കിൽ ജീവാത്മാവും പ്രപ ഞ്ചവും ബ്രഹ്മത്തെ ആശ്രയിച്ച് നിലനിൽക്കുന്ന യാഥാർഥ്യങ്ങളാ ണ്. മനുഷ്യൻ പീഡിതനും ദുഃഖിതനും അപൂർണനുമെല്ലാം ആയി ത്തീരുന്നത് അവിദ്യയുടെ ഫലമായിട്ടാണെന്ന ശങ്കരസിദ്ധാന്തത്തെ വിമർശിച്ചുകൊണ്ട് മാധ്വൻ ചോദിച്ചു: 'ആരുടെ അവിദ്യയുടെ ഫലം?' മനുഷ്യനും ബ്രഹ്മവും ഒന്നാണെങ്കിൽ ജീവാത്മാവിൻെറ അവിദ്യ പരമാത്മാവിൻെറയും അവിദ്യയാണെന്ന് വരും. അ പ്പോൾ ബ്രഹ് മത്തിന് അജ്ഞതയുണ്ടെന്ന് സമ്മതിക്കേണ്ടിവരും. അതുകൊണ്ടു തന്നെ 'അവിദ്യ' എന്ന ഒന്നുണ്ടെന്ന് സമ്മതിക്കുന്നതുതന്നെ ബ്രഹ് മവും ജീവാത്മാവും രണ്ടും രണ്ടാണെന്ന് സമ്മതിക്കലാണ്. അതല്ല അദ്വൈതമാണ് ശരിയെന്ന് ശഠിച്ചാൽ ബ്രഹ്മത്തിൻെറ സർവജ്ഞ ത നിഷേധിക്കലായിരിക്കും.

ശങ്കരൻെറ മായാവാദത്തെ ശങ്കരനുപയോഗിച്ച ഉദാഹരണ ങ്ങളുപയോഗിച്ചുകൊണ്ടുതന്നെ മാധ്വാചാര്യർ വിമർശിക്കുന്നുണ്ട്. കയർ പാമ്പായി തോന്നണമെങ്കിൽ ഈ തോന്നലിനു നിദാനമായ കയർ മാത്രം പോരാ, അതിനോട് സദൃശപ്പെടുത്തുന്ന പാമ്പ് എന്ന ഒരു യഥാർഥ വസ്തുകൂടി ആവശ്യമാണ്. ഇതുപോലെ ജഗത്ത് ഭ്ര മമാണെന്ന് തെളിയിക്കണമെങ്കിൽ അതിന് സദൃശമായ ഒരു യഥാർഥ ജഗത്ത് വേണം. മുമ്പ് അറിയാത്തതും എവിടെയും ഇല്ലാത്തതു മായ ഒന്നിനോട് ഭ്രമത്തെ സാദൃശ്യപ്പെടുത്താൻ കഴിയില്ല. അതു

കൊണ്ടുതന്നെ 'ജഗത്മിഥ്യ'യെന്ന വാദം അടിസ്ഥാനരഹിതമാണ്.

ഓരോ ജീവാത്മാവിനും അതിൻേറതായ പ്രത്യേക ഗുണങ്ങളുണ്ട്. ഒരു ജീവാത്മാവ് മറ്റൊരു ജീവാത്മാവിനെപ്പോലെയല്ല. പൂർവകർമങ്ങളുടെ ഫലമായി ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ് മുതലായവയുമായി ബന്ധപ്പെടു ന്നതു കൊണ്ടാണ് ജീവാത്മാവിനു ദുഃഖങ്ങളും ദുരിതങ്ങളുമുണ്ടാകുന്നത്. സംസാരദുഃഖങ്ങളിൽ നിന്നുള്ള മോചനം ഈശ്വര കൃപയിലൂടെ മാത്രമേ ലഭ്യമാകൂ. ഈശ്വരനെ പ്രസാദിപ്പിക്കുന്നതിനുള്ള മാർഗമാണ് ഭക്തി. കർമാനുഷ്ഠാനകന് മാത്രമേ ഈശ്വരനെ ഭക്തിയോടുകൂടി ധ്യാനിക്കാൻ കഴിയൂ. സത്യം, ദാനം, ദയ, വേദപാരായണം എന്നിവ ജീവാത്മാവിനെ പരിശുദ്ധമാക്കുന്നു. അനാവശ്യങ്ങളും അപായകരങ്ങളുമായ എല്ലാവിധ അപവിത്രതകളിൽ നിന്നും ബോധപൂർവം രക്ഷപ്പെട്ട് പരിശുദ്ധ രൂപം പ്രാപിക്കുന്ന ജീവാത്മാവിനാണ് ഐഹികബന്ധങ്ങളെ തരണം ചെയ്ത് മോക്ഷം പ്രാപിക്കാൻ കഴിയുക.

വേദാന്ത ദർശനത്തിൽതന്നെ ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ മൂന്ന് ചിന്താധാരകൾ കൂടാതെ നിംബാർക്കൻെറ ദ്വൈതാദ്വൈതം, വല്ലഭജൻെറ ശുദ്ധാദ്വൈതവാദം, ഭാസ്കരൻെറ ഭേദാഭേദവാദം, ചൈതന്യൻെറ അചിന്താ ഭേദാഭേദം തുടങ്ങിയ പ്രസ്ഥാനങ്ങളും രൂപപ്പെട്ടുവെങ്കിലും ഇവയെല്ലാം ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ ചിന്താധാരകളെ വിവിധ അനുപാതങ്ങളിൽ കൂട്ടിച്ചേർത്തുകൊണ്ടുണ്ടാക്കിയതായിരുന്നു. അതുകൊണ്ടുതന്നെ ദാർശനിക ചരിത്രത്തിൽ ഈ ദർശനങ്ങൾക്ക്പ്രാധാന്യം നൽകപ്പെടുന്നില്ല.

ആസ്തിക ദർശനങ്ങളെന്നറിയപ്പെടുന്ന ഷഡ്ദർശനങ്ങളെക്കുറിച്ചാണ് നാം ഇതുവരെ മനസ്സിലാക്കിയത്. വേദത്തിൻെറ പ്രാമാണ്യത്തെ നിഷേധിക്കുന്ന നാസ്തികദർശനങ്ങൾ പ്രധാനമായും മൂന്നാണ്. ബൗദ്ധദർശനം, ജൈനദർശനം, ലോകായതം എന്നിവയാണവ. ഇവയെക്കുറിച്ച് പ്രതിപാദിക്കാതിരിക്കുന്നത് ഭാരതീയ ദാർശനിക ചരിത്രത്തോട് കാണിക്കുന്ന കടുത്ത അനീതിയായിരിക്കും.

**ബൗദ്ധദർശനം:** ബി.സി. 567-483 കാലത്ത് ഭാരതത്തിൽ ജീവിച്ചിരുന്ന ഗൗതമബുദ്ധൻ പ്രബോധനം ചെയ്ത മതമാണ് ബുദ്ധമതം.



ക്രിസ്തുവിന് മുമ്പ് 567-ൽ കപിലവസ്തുവിൽ ശാക്യാകുലാധിപനായ ശുദ്ധോദനൻെറ പുത്രനായിട്ടാണ് സിദ്ധാർഥൻ ജനിച്ചത്. രാജകീയ സുഖസൗകര്യങ്ങളിലൊന്നും സംതൃപ്തി കണ്ടെത്താതിരുന്ന അദ്ദേഹം 29-ാമത്തെ വയസ്സിൽ ഒരു സന്യാസിയായി. ദുഃഖകാരണവും നിവാരണമാർഗങ്ങളും അന്വേഷിച്ച് വിവിധ യോഗീവര്യന്മാരുടെ അടുക്കൽ ചെല്ലുകയും ഏഴു വർഷക്കാലം കഠിനങ്ങളായ തപസ്സനുഷ്ഠിക്കുകയും ചെയ്തു. ഇതിൽനിന്നൊന്നുംതന്നെ ലക്ഷ്യപാപ്തി ലഭിക്കാതിരുന്ന ഗൗതമൻ, ഗയയിലെ ഒരു മരച്ചുവട്ടിലിരുന്ന്[1] ധ്യാനിക്കാൻ തുടങ്ങി. പെട്ടെന്നൊരു ദിവസം അദ്ദേഹത്തിന് അത്ഭുതകരമാംവണ്ണം പുതിയൊരു ജ്ഞാനോദയം ഉണ്ടായെന്ന് കരുതപ്പെടുന്നു. അങ്ങനെയാണ് സിദ്ധാർഥ രാജകുമാരൻ ഗൗതമബുദ്ധനായി മാറിയത്.

ബുദ്ധൻ അദ്ദേഹത്തിൻെറ ജീവിതകാലത്ത് ഗ്രന്ഥങ്ങളൊന്നും രചിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ഉപദേശങ്ങളും പ്രഭാഷണങ്ങളും കഥകളും സമാഹരിച്ച് 'പിടക'ങ്ങൾ എന്ന പേരിൽ പ്രചരിപ്പിച്ചത് അദ്ദേഹത്തിൻെറ പിൻഗാമികളാണ്. സുത്തപിടകം, വിനയപിടകം, അഭിധമ്മപിടകം എന്നിങ്ങനെ മൂന്നു പിടകങ്ങളാണ്.

ദുഃഖം (ദുഃഖമെന്ന യാഥാർഥ്യം), സമുദയം (ദുഃഖത്തിനുള്ള കാരണങ്ങൾ), നിരുദ്ധം (ദുഃഖനിവാരണം), മാർഗം (ദുഃഖനിവാരണത്തിനുള്ള മാർഗങ്ങൾ) എന്നിവയാണ് ദുഃഖത്തെക്കുറിച്ച നാലു വിശുദ്ധ സത്യങ്ങൾ. തൃഷ്ണയാണ് ദുഃഖകാരണം. ഭോഗതൃഷ്ണ, ഭാവതൃഷ്ണ, വിഭവതൃഷ്ണ എന്നിവയെ തടഞ്ഞുനിർത്തുകയാണ് ദുഃഖനിരോധം. ശരിയായ ജീവിത വീക്ഷണം, ശരിയായ ജീവിത ലക്ഷ്യം, ശരിയായ ജീവിതചര്യകൾ തുടങ്ങിയ അഷ്ടാംഗമാർഗങ്ങളിലൂടെയാണ് ദുഃഖനിരോധം സാധ്യമാകുന്നത്. സമ്യഗ്വിശ്വാസം, സമ്യഗ്നിശ്ചയം, സമ്യഗ്വചനം, സമ്യഗ്കർമം, സമ്യഗ്ജീവിതം, സമ്യഗ്യജ്ഞം, സമ്യഗ്വിചാരം, സമ്യഗ്ധ്യാനം എന്നിവയാണ് അഷ്ടാംഗമാർഗങ്ങൾ.

ബുദ്ധമതത്തിലെവിടെയെങ്കിലും ഈശ്വരനെക്കുറിച്ച് പ്രതിപാദിക്കുന്നതായി നാം കാണുന്നില്ല. ബുദ്ധൻ പ്രപഞ്ചകാരണമായ ബ്രഹ്മത്തെ നിഷേധിച്ചിരുന്നുവെന്ന് പിൻകാല പണ്ഡിതന്മാരിൽ പലരും

1. ഈ മരത്തിനാണ് പിന്നീട് ബോധിവൃക്ഷം എന്ന പേരുവന്നത്.

അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രപഞ്ചത്തിന്ന് കാരണമില്ല എന്നായിരുന്നുവ ത്രേ ബുദ്ധൻെറ വാദം[1]. ബ്രഹ്മസാക്ഷാത്കാരമെന്ന ആശയത്തെയും ദേവപ്രാർഥനയെയുമെല്ലാം ബുദ്ധൻ വിമർശിച്ചിരുന്നുവെന്നും പറയ പ്പെടുന്നു.

ദുഃഖത്തിൽനിന്നും ദുരിതങ്ങളിൽനിന്നും പൂർണമോചനം നേടി ശാശ്വതമായ ആനന്ദത്തിലെത്തുന്ന അവസ്ഥയെയാണ് ബുദ്ധൻ നിർ വാണം എന്ന് വിളിച്ചത്. ദുഃഖങ്ങളിൽനിന്നും ദുരിതങ്ങളിൽ നിന്നും മുക്തി നേടാൻ അവയുടെ ഭൗതിക കാരണങ്ങളെ നിർമാർജനം ചെയ്യാനല്ല, പ്രത്യുത ആന്തരിക വിശുദ്ധീകരണത്തിലൂടെയും സ്വഭാ വ നൈർമല്യത്തിലൂടെയും മാനസിക പരിശ്രമങ്ങളിലൂടെയും നിർവാ ണത്തിലെത്തിച്ചേരാനാണ് അദ്ദേഹം അനുയായികളെ ആഹ്വാനം ചെയ്തത്.

ബ്രാഹ്മണ മേധാവിത്വത്തെ ശക്തമായിത്തന്നെ എതിർക്കു കയും വർണാശ്രമ വ്യവസ്ഥക്കെതിരെ ശബ്ദിക്കുകയും ചെയ്ത ശ്രീബുദ്ധനെ അസഭ്യങ്ങൾകൊണ്ടും അക്രമങ്ങൾ കൊണ്ടുമാണ് അന്നത്തെ ബ്രാഹ്മണ പുരോഹിതന്മാർ സ്വീകരിച്ചത്. അദ്ദേഹത്തെ കൊല ചെയ്യാൻ പോലും അവർ ഗൂഢാലോചന നടത്തി. അക്രമ ങ്ങൾ കൊണ്ട് ബുദ്ധമതം നശിക്കില്ലെന്ന് മനസ്സിലാക്കിയ ബ്രാഹ്മ ണ പൗരോഹിത്യം സമന്വയത്തിൻെറ തന്ത്രങ്ങൾ കൊണ്ടാണ് ബുദ്ധ മതത്തെ നാമാവശേഷമാക്കിയത്. ശ്രീബുദ്ധനെ വിഷ്ണുവിൻെറ ഒമ്പതാമത്തെ അവതാരമായി അവതരിപ്പിക്കുന്നവരാണ് അഭിനവ ഹൈന്ദവ പണ്ഡിതന്മാരിലധികവും.

ബുദ്ധൻെറ നിർവാണത്തിനുശേഷം ഈ ദർശനത്തിൽ അഭി പ്രായവ്യത്യാസങ്ങളുണ്ടാവുകയും പാഷണ്ഡൻമാർ എന്ന വിഭാഗം ഉടലെടുക്കുകയും ചെയ്തു. പിന്നീട് ഒരു നൂറ്റാണ്ടിനുശേഷം മഹാ സാംഘികന്മാർ, ഥേരവാദികൾ എന്നിങ്ങനെ രണ്ടായി വീണ്ടും പിളർ ന്നു. അശോകൻെറ ഭരണകാലത്ത് അദ്ദേഹം ബുദ്ധമതപ്രചരണ ത്തിനുവേണ്ടി യത്നിച്ചു. ബുദ്ധമതം മഹായാനം, ഹീനയാനം എന്നി ങ്ങനെ രണ്ടു ഗ്രൂപ്പുകളായി വീണ്ടും വിഭജിക്കപ്പെട്ടു. മഹായാനം വീണ്ടും മാധ്യമികം, വിജ്ഞാനവാദം എന്നിങ്ങനെ രണ്ടായി പി

1. Caraws: The Gospel of Budha, Page 23



ളർന്നു. അങ്ങനെ പിളർന്ന് പിളർന്ന് ബുദ്ധമതത്തിൽ പതിനെട്ട് പ്രധാന വിഭാഗങ്ങളും അഞ്ഞൂറോളം ഉപവിഭാഗങ്ങളുമുണ്ടായി.

**ജൈനദർശനം:** ക്രിസ്തുവിന് മുമ്പ് 599-ൽ വജ്ജിയുടെ തല സ്ഥാനമായ വൈശാലി നഗരിയിലാണ് ജൈനമത സ്ഥാപകനാ യ വർധമാന മഹാവീരൻ ഭൂജാതനായത്. മഹാവീരനു മുമ്പും ജൈ നമതമുണ്ടായിരുന്നുവെന്നും ഋഷഭദേവൻ മുതൽ ആരംഭിച്ച തീർ ഥങ്കര പരമ്പരയിലെ അവസാനത്തെ തീർഥങ്കരൻ മാത്രമാണ് വർ ധമാനമഹാവീരനെന്നുമാണ് വിശ്വാസം. ജയിച്ചവൻ എന്നർഥമുള്ള ‘ജീന’ പദത്തിൽനിന്നും വ്യുൽപന്നമായ ജിനൻ എന്ന പദം കൊ ണ്ട് രാഗദ്വേഷാദികളെ ജയിച്ചവൻ എന്ന് വിവക്ഷിക്കപ്പെടുന്നു. ആ കെയുണ്ടായ ഇരുപത്തിനാല് തീർഥങ്കരന്മാരുടെയും സിദ്ധാന്തങ്ങ ളെ ക്രോഡീകരിച്ചതാണത്രേ ജൈനദർശനം. ആദ്യകാലത്ത് ആ ചാര്യനിൽനിന്ന് ശിഷ്യന്മാരിലേക്ക് നേരിട്ട് വാമൊഴിയായി പ്രചരി പ്പിക്കപ്പെട്ടതിനാൽ ഈ ദർശനത്തിൻെറ അനുയായികൾ നിർഗ്രന് ഥന്മാർ എന്നു വിളിക്കപ്പെട്ടു. വർധമാനമഹാവീരൻെറ അനുയായി യായിരുന്ന കേവലി എ.ഡി. 57-ൽ ജൈനദർശന സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുകയും സൂത്രങ്ങൾ, പ്രകീർണങ്ങൾ, നിർയുക്തികൾ, ഉപാംശങ്ങൾ, ഛേദങ്ങൾ എന്നീ വകകളിൽ എൺപത്തിനാലു ഗ്ര ന്ഥങ്ങൾ ജൈനദർശനത്തിന് സംഭാവന ചെയ്യുകയും ചെയ്തു.

ജൈന ദർശനം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും ജീ വങ്ങൾ എന്നും അജീവങ്ങളെന്നും രണ്ടായി തരംതിരിക്കുന്നു. ഇവ രണ്ടും ശാശ്വതങ്ങളാണ്. ഭൗതിക പദാർഥം (പുദ്ഗലം), സ്ഥലം, കാലം, ചലനം (ധർമം), നിശ്ചലത (അധർമം) എന്നിങ്ങനെ അഞ്ചു തരമാണ് അജീവങ്ങൾ. ഈ അജീവങ്ങളുമായി ബന്ധപ്പെട്ടാണ് ജീവൻ നിലനിൽക്കുന്നത്. ജീവൻതന്നെയാണ് ആത്മാവ്. പരമാ ണുവിനുപോലും ചേതനയുണ്ട്. മനുഷ്യൻെറ ഇന്ദ്രിയങ്ങളും മനസ്സും ശ്വാസവുമുൾപ്പെടെ പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും പര മാണുക്കളുടെ സംയോഗം കൊണ്ടാണ് ഉണ്ടാകുന്നത്.

ഓരോ ജീവികൾക്കും വേറെ വേറെ ആത്മാവുണ്ട്. അവക്ക് വ്യത്യസ്ത വലുപ്പമാണുള്ളത്. ആനക്ക് ആനയോളം വലുപ്പമുള്ള ആത്മാവും ഉറുമ്പിന് ഉറുമ്പിനോളം വലിപ്പമുള്ള ആത്മാവുമാണു

ള്ളത്. ആത്മാവ് നിത്യവും അനശ്വരവുമാണ്. രാഗദ്വേഷലോഭ മോഹാദികളിൽനിന്ന് മുക്തമായി ആത്മീയ വികാസത്തിൻെറ സർവോന്നത പദവിയിലേക്ക് എത്തിച്ചേരുകയാണ് മനുഷ്യൻെറ ലക്ഷ്യം. കർമ ശക്തികൊണ്ട് പ്രയത്നത്തിലൂടെ തീർഥങ്കരന്മാരുടെ പദവിയിലെത്തിച്ചേരുന്നതാണ് നിർവാണം.

വൈദികകർമങ്ങൾക്കും ബ്രാഹ്മണ പൗരോഹിത്യത്തിനും എതിരായിരുന്ന ജൈനമതാനുയായികൾക്കും അക്കാലത്തെ പൗരോഹിത്യത്തിൽ നിന്നും ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു. പിൽക്കാലത്ത് ജൈന ദർശനം ദിഗംബരന്മാർ, ശ്വേതാംബരന്മാർ എന്നിങ്ങനെ രണ്ടു വിഭാഗമായി പിരിഞ്ഞു. സർവസംഗപരിത്യാഗമെന്ന ജൈനദർശനത്തിൻെറ അടിസ്ഥാനാശയം വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് ഉടുതുണിപോലും ഉപേക്ഷിക്കണമെന്ന നിലയിലെത്തിയവരാണ് ദിഗംബരന്മാർ-ദിക്ക് വസ്ത്രമാക്കിയവരെന്നർഥം. മൊത്തത്തിൽ ജീവിതത്തെ പ്രധാനമായി കാണുകയും കുടുംബജീവിതം നിഷേധിക്കാതിരിക്കുകയും ചെയ്യുന്ന വെള്ളവസ്ത്രധാരികളാണ് ശ്വേതാംബരന്മാർ. ഈ രണ്ടു വിഭാഗങ്ങൾ കൂടാതെ യാപനീയന്മാർ എന്നൊരു വിഭാഗവും പിന്നീട് ജൈനമതത്തിൽ ഉടലെടുത്തുവെങ്കിലും അത് കൂടുതൽ കാലം നിലനിന്നില്ല.

**ചാർവാക ദർശനം:** വേദങ്ങളെ മുഴുവൻ വിമർശിച്ച് ഈശ്വരന് അസ്തിത്വമില്ലെന്ന് വാദിച്ച ദർശനത്തിനാണ് ചാർവാക ദർശനം അല്ലെങ്കിൽ ലോകായത ദർശനം എന്നു പറയുന്നത്. ബൃഹസ്പതി സ്ഥാപിച്ച ദർശനമാണ് ചാർവാക ദർശനമെന്നും ലോകർക്കിടയിൽ അതിന് സിദ്ധിച്ച പ്രചാരം കൊണ്ടാണ് ലോകായതം എന്നു പേരു വിളിച്ചതെന്നുമാണ് ചില പണ്ഡിതന്മാരുടെ നിഗമനം. ബൃഹസ്പതിയുടെ ശിഷ്യനായ ചാർവാകനാണ് ഈ ദർശനത്തിൻെറ സ്ഥാപകനെന്നും അഭിപ്രായമുണ്ട്. ചാർവാകൻ ഒരു പ്രത്യേക വ്യക്തിയുടെ പേരല്ലെന്നും സുന്ദരമായ (ചാരുവായ) വാക്കുകളെക്കൊണ്ട് ജനങ്ങളെ ആകർഷിച്ചു വഴിതെറ്റിക്കുന്ന ഭൗതികവാദികളെ പൊതുവായി സംബോധന ചെയ്യാനുപയോഗിച്ചിരുന്ന പദമായിരുന്നു ചാർവാകന്മാർ എന്നുമാണ് മറ്റു ചില പണ്ഡിതന്മാരുടെ പക്ഷം. 'ചവയ്ക്കുക' എന്നർഥമുള്ള 'ചാർവ്' എന്ന ധാതുവിൽനിന്നും രൂപമെടുത്ത ചാർവാകൻ, 'തിന്നുക; കുടിക്കുക; സുഖിക്കുക' എന്ന



തത്ത്വം പ്രബോധനം ചെയ്ത ഭൗതികവാദികളെ പരിഹസിക്കാൻ വേണ്ടി എതിരാളികളുപയോഗിച്ചിരുന്ന പ്രയോഗമാണെന്നാണ് മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായം. ലോകായതമെന്ന പേരു ലഭിച്ചത് ഭൗതികലോകത്തെ ആസ്പദമാക്കിയ തത്ത്വശാസ്ത്രം എന്ന അർഥത്തിലാണെന്നും അനുമാനിക്കുന്ന പണ്ഡിതന്മാരുണ്ട്.

ചാർവാകദർശനത്തിൻെറ അടിസ്ഥാന ഗ്രന്ഥങ്ങളൊന്നുംതന്നെ ഇന്ന് കിട്ടാനില്ല. ഭാരതീയ ഭൗതികവാദികൾക്ക് സാഹിത്യങ്ങളുണ്ടായിരുന്നില്ലല്ലെന്ന് ഇതിനർഥമില്ല. മറ്റേതൊരു ദർശനത്തെയും പോലെത്തന്നെ ധാരാളം ഗ്രന്ഥങ്ങൾ ചാർവാക ദർശനത്തിനുണ്ടായിരുന്നിരിക്കണം. ഈ സാഹിത്യങ്ങൾക്ക് എന്തുപറ്റി? ജവഹർലാൽ നെഹ്റു എഴുതുന്നു:' ഇന്ത്യയിലെ ഭൗതികവാദ സാഹിത്യങ്ങളിൽ മിക്കതും പിൽക്കാലങ്ങളിലെ പുരോഹിതന്മാരും മറ്റു പാരമ്പര്യ മതവിശ്വാസികളും നശിപ്പിച്ചതാവാനാണ് ഇടയുള്ളത്'[1]. ചാർവാക ദർശനത്തെക്കുറിച്ച് ഇന്നു നമുക്കെന്തെങ്കിലും മനസ്സിലാക്കാൻ കഴിയുന്നത് അതിൻെറ വിമർശകരെഴുതിയ പുസ്തകങ്ങളിൽനിന്നാണ്. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വേദാന്തപണ്ഡിതൻ മാധവാചാര്യർ എഴുതിയ 'സർവദർശന സംഗ്രഹം' എന്ന പുസ്തകത്തിൽ നിന്നാണ് ചാർവാക ദർശനത്തിൻെറ അടിസ്ഥാന സിദ്ധാന്തങ്ങളെക്കുറിച്ച് ഏകദേശം വിശദമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ചാർവാകദർശനത്തെ വിമർശിച്ചുകൊണ്ടെഴുതിയ പ്രസ്തുത ഗ്രന്ഥത്തിലെ പരാമർശങ്ങൾ പൂർണമായി സ്വീകരിക്കാൻ നിഷ്പക്ഷ പഠനം നടത്തുന്നവർക്കാവില്ലെങ്കിലും ചാർവാക ദർശനത്തെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ നൽകുന്ന ഏകസ്രോതസ്സ് എന്ന നിലയ്ക്ക് സർവദർശനസംഗ്രഹത്തെയാണ് ഇന്ന് എല്ലാ പണ്ഡിതന്മാരും ആശ്രയിക്കുന്നത്.

ഈശ്വരനെയും വേദങ്ങളെയും പൗരോഹിത്യത്തെയും ശക്തമായി വിമർശിച്ച ലോകായതന്മാരുടെ തത്ത്വങ്ങളെ പ്രഗത്ഭ മാർക്സിസ്റ്റ് ചിന്തകനായ കെ. ദാമോദരൻ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു.

1. ഭൂമി, വെള്ളം, തീ, വായു എന്നിവയാണ് മൂലധാതുക്കൾ.

1. Jawaharlal Nehru: The Discovery of India, Page 86.

2. ശരീരം, ഇന്ദ്രിയങ്ങൾ, വസ്തുക്കൾ മുതലായവ ഈ മൂല ധാതുക്കളുടെ വ്യത്യസ്ത രീതിയിലുള്ള സംയോജനം കൊണ്ടുണ്ടായതാണ്.

3. വ്യത്യസ്തങ്ങളായ ചില പ്രത്യേകതരം ധാന്യങ്ങളുടെ സംയോജനത്തിൽനിന്ന് ലഹരി ശക്തിയുണ്ടാവുന്നതുപോലെ മൂല ധാതുക്കളുടെ സംയോജനത്തിൽനിന്ന് പ്രജ്ഞയുണ്ടാവുന്നു.

4. പ്രജ്ഞയോടുകൂടിയ ശരീരമാണ് ആത്മാവ്.

5. കാമം മാത്രമാണ് പുരുഷാർഥം.

6. മരണമാണ് മോക്ഷം[1].

ബ്രാഹ്മണ പൗരോഹിത്യത്തെയും വൈദികകർമങ്ങളെയും വിമർശിച്ച് ബൃഹസ്പതി എഴുതിയതെന്ന് കരുതുന്ന വരികളിൽ നിന്നും ലോകായത ദർശനത്തിൻെറ തീവ്രത മനസ്സിലാക്കാൻ കഴിയും.

'അഗ്നിഹോത്രം, മൂന്ന് വേദങ്ങൾ, സന്യാസം, ഭസ്മം പൂശൽ, ഇവയൊക്കെ ബുദ്ധിയും പൗരുഷവും കെട്ടവരുടെ വയറ്റുപിഴപ്പിനു വേണ്ടി പടച്ചുണ്ടാക്കിയ ഏർപ്പാടുകൾ മാത്രമാണ്'[2].

'സോമയാഗത്തിൽ കൊല ചെയ്യപ്പെട്ട മൃഗത്തിന് സ്വർഗം കിട്ടുമെങ്കിൽ യജമാനൻ സ്വന്തം അച്ഛനെത്തന്നെ യാഗവേദിയിൽ എന്തുകൊണ്ട് ഹനിക്കുന്നില്ല?'[3]

'ജീവിക്കുന്നിടത്തോളം കാലം സുഖമായി ജീവിക്കണം. കടം വാങ്ങിയും നെയ്യ് കഴിക്കണം. ശരീരം ചുട്ടുചാമ്പലായാൽ പിന്നെ തിരിച്ചുവരുന്നതെങ്ങനെ?'[4].

'അതുകൊണ്ട് ബ്രാഹ്മണൻ മരിച്ചവർക്ക് ശേഷക്രിയകൾ വിധിച്ചത് തങ്ങൾക്ക് ഉപജീവന മാർഗമുണ്ടാക്കാൻ വേണ്ടിമാത്രമാണ്.

1. ഭാരതീയചിന്ത, പേജ് 144.
2. അഗ്നിഹോത്രം ത്രയോവേദാഃ ത്രിദണ്ഡം ഭസ്മ ഗുണ്ഠനം ബുദ്ധി പുരുഷഹീനാ നാം ജീവികാ ധാതൃ നിർമ്മിതി
3. പശുശ്ചേന്നിഹതഃ സ്വർഗ്ഗം ജ്യോതിഷ്ഠാമേ ഗമിഷ്യതി സ്വപിത യജമാനേന തത്രകസ്മാന്ന ഹിംസ്യതേ
4. യാവജ്ജീവം സുഖം ജീവേദ് ഋണം കൃത്യാ ഘൃതം വിബേത്; ഭസ്മീ ഭൂതസ്യ ദേഹംസ്യ പുനരാഗമനം കുതഃ?



മറ്റൊന്നും ഒരിടത്തുമില്ല'[1].

ഇങ്ങനെ, വൈദികമതത്തെയും ബ്രാഹ്മണ പൗരോഹിത്യത്തെയും യാഗാദി കർമങ്ങളെയുമെല്ലാം ശക്തമായി വിമർശിച്ച ചാർവാക ദർശനത്തിൻെറ അനുയായികൾക്കെതിരെ ബ്രാഹ്മണ പൗരോഹിത്യം തങ്ങളുടെ സമയവും ശക്തിയും പ്രയോഗിച്ചതിനാലായിരിക്കണം ചാർവാക ഗ്രന്ഥങ്ങളൊന്നും തന്നെ അവശേഷിക്കാതിരുന്നത്. 'വഞ്ചകന്മാരും കോമാളികളും രാക്ഷസന്മാരും കൂടി പടച്ചുണ്ടാക്കിയതാണ് വേദങ്ങൾ'[2] എന്ന് പരസ്യമായി പ്രഖ്യാപിച്ച ലോകായതന്മാരെ വൈദിക പുരോഹിതന്മാർ എതിർക്കാതിരുന്നെങ്കിലേ അത്ഭുതമുള്ളൂ. പക്ഷേ, പൗരാണിക ഭാരതീയചരിത്രം വേദത്തെയും ഉപനിഷത്തുക്കളെയും മറ്റു ഹൈന്ദവഗ്രന്ഥങ്ങളെയും അംഗീകരിച്ചിരുന്ന ജനവിഭാഗത്തിൻെറ മാത്രം ചരിത്രമാണെന്ന വാദത്തിൽ കഴമ്പില്ലെന്ന് ചാർവാക ദർശനത്തിൻെറയും അതും വൈദിക ദർശനവും തമ്മിൽ നടന്ന സംഘട്ടനത്തിൻെറയും ചരിത്രം വ്യക്തമാക്കുന്നു.

ഈശ്വരനില്ലെന്ന് വാദിച്ച ചാർവാകനെപ്പോലും സ്വീകരിച്ചാനയിക്കാനും ബൃഹസ്പതിയെ മുനിയായംഗീകരിക്കാൻ സന്നദ്ധമാവാൻ മാത്രം വിശാലമനസ്കരായിരുന്നു വൈദിക സംസ്കാരത്തിൻെറ അനുയായികളെന്നും ഇത്രയും വിശാലമായ വീക്ഷണം വെച്ചുപുലർത്തിയ മറ്റൊരു ദർശനമോ രാഷ്ട്രമോ ലോകചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലെന്നും ഹിന്ദുരാഷ്ട്രവാദക്കാർ ഉദ്ഘോഷിക്കാറുണ്ട്. സത്യത്തെ വളച്ചൊടിച്ചുകൊണ്ടുള്ള പ്രചാരണം മാത്രമത്രേ ഇത്. ചാർവാക ദർശനത്തെ നശിപ്പിക്കാൻ വേണ്ടി ആ ദർശനത്തിൻെറ ഗ്രന്ഥങ്ങൾ ചുട്ടെരിച്ചത് ആരായിരുന്നു? ചാർവാകന്മാർ അസുരന്മാരും രാക്ഷസന്മാരുമാണെന്ന്[3] പ്രചരിപ്പിച്ചവർ ആരായിരുന്നു? ലോകായത ദർശനത്തിൻെറ അനുയായികളെ വകവരുത്തിയതായിരുന്നു.?[4] പൗരാണിക ഭാരതീയർ എന്നാണുത്തരം. വ്യക്

1. തതശ്ച ജീവനോപായോ ബ്രാഹ്മണൈർ വിഹിതാസ്ത്വിഹ മൃതാനാം പ്രേത കാര്യാണി നത്വന്യദ് വിദ്യതേക്വചിത്
(ഉദ്ധരണം: ഡോ. എൻ.വി.പി. ഉണിത്തിരി: ഭാരതീയ ദർശനത്തിൻെറ അറിയപ്പെടാത്ത മുഖം പേജ് 26-17).
2. ത്രയോ വേദസ്യ കർതാരോ ദണ്ഡ ധൂർത നിശാചരാഃ
3. കെ. ദാമോദരൻ: ഭാരതീയ ചിന്ത പേജ് 143.
4. ഭാരത വിജ്ഞാനകോശം: വാല്യം 1 പേജ്: 653.

തമായി പറഞ്ഞാൽ വേദോപനിഷത്തുകൾക്ക് അപ്രമാദിത്വം കൽപിച്ച വൈദിക ദർശനങ്ങളുടെ പുരോഹിതന്മാരും അനുയായികളും. ഇവരെയാണ് ലോകായതത്തെപ്പോലും പൂമാലയിട്ട് സ്വീകരിച്ച മഹാമനസ്കരായി അവതരിപ്പിക്കുന്നതെന്ന വസ്തുത എന്തു മാത്രം വിചിത്രമല്ല!

ചാർവാക ദർശനവും വൈദിക ദർശനങ്ങളും തമ്മിൽ മാത്രമല്ല, ഭാരതീയ ചരിത്രത്തിൽ സംഘട്ടനങ്ങളുണ്ടായിട്ടുള്ളത്. ഭാരതത്തിലുണ്ടായ മുഴുവൻ ദർശനങ്ങളും തമ്മിൽതമ്മിൽ സംവാദങ്ങളും സംഘട്ടനങ്ങളുമുണ്ടായിരുന്നുവെന്ന് ചരിത്രം പഠിപ്പിക്കുന്നു. ബ്രഹ്മം സത്തും പ്രപഞ്ചം അസത്തുമാണെന്ന വേദാന്തികളുടെ അടിസ്ഥാനാദർശത്തെ വിമർശിച്ചുകൊണ്ടാണ് സാംഖ്യദർശന സ്ഥാപകൻ പ്രപഞ്ചം സത്തുതന്നെയാണെന്ന് സ്ഥാപിക്കുന്നത്[1]. നടേ സൂചിപ്പിച്ച പ്രകാരം ശ്രീശങ്കരൻ തൻെറ അദ്വൈത വേദാന്തം സ്ഥാപിച്ചത് സമകാലികങ്ങളായ ദർശനങ്ങൾ മുഴുവൻ അബദ്ധങ്ങളാണെന്ന് സമർഥിച്ചുകൊണ്ടാണ്. ഇങ്ങനെ സംഘട്ടനങ്ങളിലൂടെയും സംവാദത്തിലൂടെയുമാണ് വൈദേശികമായ മറ്റേതൊരു ദർശനത്തെയും പോലെ തന്നെ ഭാരതീയ ദർശനങ്ങളും വളർന്നുവികസിച്ചത്. ഭാരതീയ ദർശനത്തിന് അപ്രമാദിത്വം കൽപിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും അങ്ങനെ മതവികാരത്തിന്മേൽ രാഷ്ട്രം പണിയാമെന്ന് വ്യാമോഹിക്കുകയും ചെയ്യുന്നവർ ഈ വസ്തുതകൾ മറച്ചുവെച്ചുകൊണ്ടാണ് ഭാരതീയ ദാർശനിക ചരിത്രം അംഗീകാരത്തിൻെറയും സമന്വയത്തിൻെറയും ചരിത്രമാണെന്ന് ദുർവ്യാഖ്യാനം ചെയ്യുന്നത്. അവർ എഴുതുന്നു: 'ഒന്നു മാത്രം ശരി; മറ്റെല്ലാം തെറ്റ്' എന്ന സെമിറ്റിക് വീക്ഷണം അഭാരതീയമാണ്. ഒരു സെമിറ്റിക് 'മത' മെന്നുതന്നെ കരുതാവുന്ന മാർക്സിസത്തിൽ വിശ്വസിക്കുന്ന നമ്പൂതിരിപ്പാടിന് ആ മതത്തിൻെറ വീക്ഷണമുണ്ടാവുക സ്വാഭാവികമാണ്. ഭാരതീയ വീക്ഷണം മനുഷ്യൻ തെറ്റിൽനിന്ന് ശരിയിലേക്ക് മുന്നേറുന്നുവെന്നാണ്. അത് ഒന്നിനെയും കണ്ണുംപൂട്ടി നിഷേധിക്കുന്നില്ല. ആവശ്യാനുസരണം അംഗീകരിക്കുന്നു. ഭൂതപ്രേതങ്ങൾ മുതൽ പരബ്രഹ്മം വരെ കല്ലും മരവും മുതൽ നിരാകാര നിർഗുണ ബ്രഹ്മം

1. സാംഖ്യകാരിക 9.



വരെ ആരാധിക്കുന്നവരെ അതംഗീകരിക്കുന്നു'[1]. ഭാരതീയ ദാർശനിക ചരിത്രം പഠിച്ചാൽ ഈ പരമാബദ്ധം അംഗീകരിക്കാൻ ആളെക്കിട്ടുകയില്ല. അതിനാലായിരിക്കാം ആദർശമോ ആശയമോ പഠിപ്പിക്കാതെ അന്ധമായ ദേശീയ വികാരവും അന്യമതവിരോധവും മാത്രം പ്രചരിപ്പിക്കുന്നത് എന്നു നാം കരുതുക.

1. പി. പരമേശ്വരൻ: മാതൃഭൂമി ആഴ്ചപ്പതിപ്പ്: 1989 ജൂൺ 11–17

4

# മതവിഭാഗങ്ങൾ

വിവിധ ദർശനങ്ങളോടനുബന്ധിച്ച് വ്യത്യസ്ത ആരാധനാ സമ്പ്രദായങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നു. ഇന്നും നിലനിൽക്കുന്നുണ്ട് ഇവയിൽ പലതും. ഭാരതത്തിൽ ആവിർഭവിച്ച പ്രധാന മതങ്ങൾ വേദാന്തം, വൈഷ്ണവം, ശൈവം, ശാക്തം, സൗരം, ഗാണപത്യം, കൗമാരം, യോഗം, സാംഖ്യം, മീമാംസ, ജൈനം, ബൗദ്ധം എന്നിവയാണ്. ഇവയിൽ വേദാന്തം, യോഗം, സാംഖ്യം, മീമാംസ, ജൈനം, ബൗദ്ധം എന്നീ മതങ്ങൾ നടേ പ്രസ്താവിച്ച ദർശനങ്ങളോടനുബന്ധിച്ചുണ്ടായ ആരാധനാ സമ്പ്രദായങ്ങളാണ്. വൈഷ്ണവം, ശൈവം, ശാക്തം, സൗരം, ഗാണപത്യം, കൗമാരം എന്നീ മതങ്ങളും ദർശനങ്ങളുടെ ഉപോൽപന്നങ്ങളാണെങ്കിലും അവ കേവലം ആരാധനാ സമ്പ്രദായങ്ങൾ മാത്രമേ പ്രദാനം ചെയ്യുന്നുള്ളൂ. ദർശനങ്ങളെക്കുറിച്ച് നടേപ്രസ്താവിച്ച സ്ഥിതിക്ക് മറ്റു ആരാധനാ സമ്പ്രദായങ്ങളെ അഥവാ മതങ്ങളെക്കുറിച്ച് മാത്രം സാമാന്യമായി നമുക്കൊന്ന് പരിചയപ്പെടാം.

**വൈഷ്ണവ മതം:** ത്രിമൂർത്തികളിൽ ജീവിതത്തിന്റെ അധിനായകനായ വിഷ്ണുവിനെ ഏകദൈവമായി അംഗീകരിക്കുകയും

ആരാധിക്കുകയും ചെയ്യുന്ന വിഭാഗമാണ് വൈഷ്ണവൻമാർ. ശ്രീകൃഷ്ണൻ, ശ്രീരാമൻ തുടങ്ങി വിഷ്ണുവിൻെറ പത്ത് അവതാരങ്ങളും വൈഷ്ണവ മതത്തിന് ആരാധ്യങ്ങളാണ്. ശ്രീകൃഷ്ണാരാധനയിൽ നിന്നാണ് വൈഷ്ണവ മതത്തിൻെറ ഉൽപത്തിയെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. വൈഷ്ണവ മതത്തിൻെറ ഉൽപത്തിയെ സംബന്ധിച്ചുള്ള ഐതിഹ്യം ഇങ്ങനെയാണ്. ഒരിക്കൽ ഋഷിമാർ കൂടി ത്രിമൂർത്തികളിൽ ആരാണ് പൂജാർഹനെന്ന് പരീക്ഷിക്കാൻ ഭൃഗു മഹർഷിയെ നിയോഗിച്ചു. ശിവനും ബ്രഹ്മാവും ഭൃഗുവിനെ അവഗണിച്ചു. അവരെ ശപിച്ച് വിഷ്ണുവിനടുത്തെത്തിയപ്പോൾ അദ്ദേഹം യോഗനിദ്രയിലായിരുന്നു. കോപിച്ച് വിഷ്ണുവിൻെറ നെഞ്ചിൽ ചവിട്ടിയപ്പോൾ വിഷ്ണു ഉണരുകയും ഭൃഗുവിൻെറ കാലുതടവി ക്ഷേമമന്വേഷിക്കുകയും ചെയ്തു. അങ്ങനെയാണ് വിഷ്ണുതന്നെയാണ് പൂജാർഹനെന്ന് മുനിമാർ തീരുമാനിച്ചത്. പാഞ്ചരാത്രമെന്നും ഭാഗവത ധർമമെന്നും വൈഷ്ണവ മതത്തിന് പേരുകളുണ്ട്.

ആണ്ടിൽ മൂന്നു പ്രാവശ്യം നടക്കുന്ന മഹാരാഷ്ട്രയിലെ വിഠോബാ ഉൽസവമാണ് വൈഷ്ണവോൽസവങ്ങളിൽ പ്രധാനപ്പെട്ടത്. ശ്രീകൃഷ്ണാസ്ഥാനമായ സൗരാഷ്ട്രയിലെ ദ്വാരകനാഥ ക്ഷേത്രവും തിരുപ്പതിയിലെ വെങ്കിടേശ്വര ക്ഷേത്രവും കേരളത്തിലെ ഗുരുവായൂർ ക്ഷേത്രവും പ്രധാനപ്പെട്ട മൂന്ന് വൈഷ്ണവ ക്ഷേത്രങ്ങളാണ്. തെക്ക് ശ്രീപത്മനാഭ സ്വാമി ക്ഷേത്രം മുതൽ വടക്ക് ബദരീനാഥ ക്ഷേത്രം വരെ ഇന്ത്യയിലുടനീളം ധാരാളം വൈഷ്ണവ ക്ഷേത്രങ്ങളുണ്ട്. രാമനവമി, ജൻമാഷ്ടമി, നവരാത്രി, ദീവാളി എന്നിവയാണ് പ്രധാന വൈഷ്ണവാഘോഷങ്ങൾ. എല്ലാ മാസങ്ങളിലും രണ്ട് ഏകാദശി നാളുകളിൽ വ്രതമനുഷ്ഠിക്കുന്നതും ഗൃഹാങ്കണത്തിൽ വിഷ്ണുവിന് പരിശുദ്ധമായ തുളസി വളർത്തുന്നതും വിഷ്ണു സഹസ്ര നാമം ചൊല്ലുന്നതും പുണ്യകർമങ്ങളായി വിശ്വസിക്കുന്നവരാണ് വൈഷ്ണവ ഭക്തന്മാർ. നാരദപഞ്ചരാത്രം, ജ്ഞാനാമൃതസാരം, നാരദഭക്തിസൂത്രം, ശാണ്ഡില്യ ഭക്തി സൂത്രം, മഹാഭാഗവതം, വിഷ്ണു പുരാണം,ഹരിവംശം എന്നിവയാണ് വൈഷ്ണവീയ ഗ്രന്ഥങ്ങളായി അറിയപ്പെടുന്നത്.

വൈഷ്ണവ മതത്തിൽതന്നെ വ്യത്യസ്ത ഉപ മതങ്ങളുണ്ടായിട്ടുണ്ട്. രാമാനുജൻ സ്ഥാപിച്ച ശ്രീ സമ്പ്രദായമാണ് ഇവയിൽ ഏറ്റവും പൗരാണികമെന്ന് കരുതപ്പെടുന്നു. വിഷ്ണുവിനെയും ലക്ഷ്മിയെയും



അവതാരങ്ങളെയും ആരാധ്യരായി കരുതുന്ന ശ്രീ സമ്പ്രദായത്തിൽ തന്നെ വേദഗ്വാളായികൾ, തെങ്കളായികൾ എന്നീ രണ്ടു വിഭാഗങ്ങളുണ്ടായി. വേദഗ്വാളായികൾ, ലക്ഷ്മിയെ വിഷ്ണുവിൻെറ സഹവാസിയും അനന്തയും സൃഷ്ടിക്കപ്പെടാത്തവളുമായി കണക്കാക്കുമ്പോൾ, തെങ്കളായികൾ അവരെ ദിവ്യത്വമുള്ളവരെങ്കിലും സൃഷ്ടിയായും മധ്യവർത്തകയായുമാണ് മനസ്സിലാക്കുന്നത്. രാമാനന്ദൻ സ്ഥാപിച്ച രാമാനന്ദികൾ എന്നറിയപ്പെടുന്ന വൈഷ്ണ വിഭാഗത്തിൻെറ ആരാധ്യന്മാർ രാമൻ, സീത, ലക്ഷ്മണൻ, ഹനുമാൻ എന്നിവരാണ്. ശ്രീകൃഷ്ണൻെറ പന്ത്രണ്ട് വയസ്സിനു മുമ്പുള്ള രൂപമായ ബാലഗോപാലനെ ആരാധിക്കുന്ന രുദ്ര സമ്പ്രദായമെന്ന വൈഷ്ണവ വിഭാഗത്തിൻെറ സ്ഥാപകൻ വല്ലഭനാണ്.

ശ്രീകൃഷ്ണനെ പരമോന്നതനായി കാണുന്ന ചൈതന്യന്മാർ എന്നു വിളിക്കപ്പെടുന്ന വിഭാഗത്തിൻെറ സ്ഥാപകൻ കൃഷ്ണാവതാരമാണെന്ന് വിശ്വസിക്കപ്പെടുന്ന ചൈതന്യ മഹാപ്രഭുവാണ്. ഭാസ്കരാചാര്യൻ സ്ഥാ പിച്ച നിംബാർക്ക വിഭാഗമാകട്ടെ കൃഷ്ണനോടൊപ്പം രാധയെയും ആരാധിക്കുന്നവരാണ്. ശ്രീകൃഷ്ണനെയും രാധാവല്ലഭനെയും ആരാധിക്കുന്ന രാധാവല്ലഭ വിഭാഗത്തിൻെറ സ്ഥാപകൻ ഹരിവൻഷ് ആണ്. മാറത്തും തോളുകളിലും വൈഷ്ണവ ചിഹ്നം ചുട്ട ഇരുമ്പിനാൽ പറ്റിച്ചുചേർക്കുന്ന മാധവ വിഭാഗത്തിൻെറ സ്ഥാപകൻ വായുദേവൻെറ അവതാരമെന്ന് വിശ്വസിക്കപ്പെടുന്ന മാധവാചാര്യരാണ്. ഇവ കൂടാതെ ചരൺദാസികൾ, ദാദുപന്തികൾ, ഹരിപന്ദികൾ, കബീർ പന്ദികൾ, ഖാക്കികൾ, മുലുക്ദാസികൾ, മീരാഭായികൾ, രായദാസികൾ, സേനായികൾ, സാഖിബാവകൾ, സധർമപന്ദികൾ തുടങ്ങി ഒട്ടനവധി വിഭാഗങ്ങൾ വൈഷ്ണവ മതത്തിലുണ്ട്.

**ശൈവമതം:** പ്രാചീനകാലം മുതൽക്കുതന്നെ ശിവപൂജയും ലിംഗപൂജയും നിലനിന്നുവന്നിട്ടുണ്ടെങ്കിലും ശൈവമതദർശനങ്ങൾ പൂർവകാല ശിവാരാധനയുടെ പിന്തുടർച്ചയല്ലെന്നാണ് പണ്ഡിതമതം. ത്രിമൂർത്തികളിൽ സംഹാരകനായ ശിവനെ ആരാധിക്കുന്നവരാണ് ശൈവൻമാർ. 'ശിവജ്ഞാനബോധം' എന്ന ഗ്രന്ഥമെഴുതി ശൈവ സിദ്ധാന്തങ്ങൾക്ക് ദാർശനികമായ അടിത്തറ നൽകാൻ ശ്രമിച്ച വ്യക്തിയാണ് മെയ്ക്കണ്ഡർ. ശുദ്ധാദ്വൈതം എന്ന പേരിലറി

യപ്പെടുന്ന ശൈവസിദ്ധാന്ത പ്രകാരം ബ്രഹ്മമല്ല ശിവനാണ് പരമമായ സത്യം. ഭൗതികപ്രപഞ്ചവും ജീവാത്മാവുമെല്ലാം യാഥാർഥ്യങ്ങളാണെങ്കിലും അവ ശിവനുമായി ബന്ധപ്പെട്ടിരിക്കുന്നു. യാഥാർഥ്യങ്ങൾ മൂന്നാണ്. പതി, പശു. പാശം -സൃഷ്ടിസ്ഥിതി സംഹാരങ്ങളുടെ നാഥനായ പരമശിവനാണ് പരമസത്യമായ പതി. അവിദ്യയാകുന്ന കയറിനാൽ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്ന ജീവാത്മാവാകുന്നു പശു, അവിദ്യ, കർമം, മായ എന്നിങ്ങനെയുള്ള ജീവാത്മാവിനെ ബന്ധിക്കുന്ന കയറുകളാണ് പാശം. ഈ പാശം അറുത്തുകളഞ്ഞ് പശു പതിയുമായി ഒന്നിച്ചു ചേരുന്നതാണ് മോക്ഷം. പശുവും പതിയും ഒന്നിച്ചുചേരുകയെന്ന് പറയുമ്പോൾ പശുപതിയായി രൂപാന്തരപ്പെടുകയെന്നല്ല പ്രത്യുത പശു (ജീവാത്മാവ്) പൂർണത പ്രാപിക്കുകയെന്നു മാത്രമാണ് അർഥമാക്കുന്നത്. ശിവപുരാണം ഹാലസ്യപുരാണം എന്നിവയാണ് ശിവപ്രതിപാദകങ്ങളായ പുരാണങ്ങൾ.

കാഞ്ചീപുരം, ചിദംബരം, തഞ്ചാവൂർ, എല്ലോറ, മഥുര, കൈലാസം, കേദാരനാഥം, കാശീവിശ്വനാഥക്ഷേത്രം എന്നിങ്ങനെ പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങൾ മുതൽ ഇന്തയിലെ ക്ഷേത്രങ്ങളിൽ ഭൂരിപക്ഷവും ശിവക്ഷേത്രങ്ങളാണ്. ശിവന് വ്യത്യസ്തങ്ങളായ ഭാവങ്ങളുണ്ട്. കേരളത്തിലെ വൈക്കം, ഏറ്റുമാനൂർ, കടുത്തുരുത്തി ക്ഷേത്രങ്ങളിൽ വിവിധ ഭാവങ്ങളിലുള്ള ശിവപ്രതിഷ്ഠകളാണുള്ളത്. ശിവലിംഗ പ്രതിഷ്ഠകൾ പ്രസിദ്ധമാണ്. കാശി വിശ്വനാഥക്ഷേത്രം, സോമനാഥക് ക്ഷേത്രം, രാമേശ്വര ക്ഷേത്രം, ഉജ്ജയിനിലെ മഹാകുലേശ്വർ ക്ഷേത്രം, മാൾവയിലെ ഓങ്കാരേശ്വര ക്ഷേത്രം, കേദാരനാഥ ക്ഷേത്രം, മല്ലികാർജുന ക്ഷേത്രം, ത്രൈംബകേശ്വരക്ഷേത്രം, വൈദ്യനാഥക്ഷേത്രം, ഭീമശങ്കരക്ഷേത്രം, നാശ്വേരക്ഷേത്രം, ഘുഷ്മേശ്വരക്ഷേത്രം എന്നിവിടങ്ങളിലെ ശിവലിംഗപ്രതിഷ്ഠകൾ സ്വയംഭൂവാണെന്നാണ് ഐതിഹ്യം.

ശൈവമതത്തിലുമുണ്ട് അനേകം ഉപവിഭാഗങ്ങൾ. പരമശിവനാണ് ഏകവും അദ്വിതീയവുമായ സത്യമെന്നും ലോകം ശിവന്റെ പ്രതിഫലനമാണെന്നും പരശിവനുമായി പൂർണമായും താദാത്മ്യം പ്രാപിക്കുന്നതാണ് മോക്ഷമെന്നുമാണ് കാശ്മീരി ശൈവസിദ്ധാന്തത്തിന്റെ പൊരുൾ. സർവജ്ഞനും സർവശക്തനും സർവേശ്വരനുമായ പരമശിവനല്ലാതെ മറ്റൊരു ദൈവമില്ലെന്നും ആരാധകനും



പരമശിവനുമിടക്ക് മധ്യവർത്തിയായ ബ്രാഹ്മണ പുരോഹിതന്റെ ആവശ്യമില്ലെന്നും പരമേശ്വരനെ പൂജിക്കുക, ലിംഗപൂജ നടത്തുക, വെള്ളിയുടെയോ ചെമ്പിന്റെയോ തകിടിനുള്ളിലാക്കി ശിവലിംഗം കഴുത്തിൽക്കെട്ടിത്തൂക്കുക എന്നിവയാണ് മോചനത്തിനുള്ള മാർഗങ്ങളെന്നും തീർഥയാത്രകളും യാഗാദി കർമങ്ങളും തപസ്സുകളും നിരാഹാര വ്രതങ്ങളുമെല്ലാം അനാവശ്യങ്ങളാണെന്നും സിദ്ധാന്തിച്ച വീരശൈവന്മാരാണ്[1] മറ്റൊരു വിഭാഗം. നാഗസന്യാസിമാർ, അഘോരം, വൈദികം, പാശുപാതം എന്നിങ്ങനെ വേറെയും ശൈവ വിഭാഗങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയിൽ പലതിനും കൂടുതൽ നിലനിൽക്കാൻ കഴിഞ്ഞിട്ടില്ല.

മഹാശിവരാത്രിയാണ് ശൈവന്മാരുടെ പ്രധാനപ്പെട്ട ഒരു ആഘോഷം. ശിവരാത്രി ദിവസത്തിൽ രാത്രിയിൽ വ്രതാനുഷ്ഠാനത്തോടെ ഉറങ്ങാതെ ഉപവാസം അനുഷ്ഠിക്കുകയും ശിവസ്തുതി നടത്തുകയും ചെയ്യേണ്ടതുണ്ട്. ഇപ്രകാരം വ്രതം അനുഷ്ഠിക്കുന്നവർ ശിവലോകം പ്രാപിക്കും. പാപികൾക്കുപോലും ശിവരാത്രി ആചരിച്ചാൽ മോക്ഷം പ്രാപിക്കാമെന്നാണ് പുരാണങ്ങൾ പറയുന്നത്.

**ശാക്തമതം:** ശക്തി എന്ന പദത്തിന് ബലം, ഓജസ്സ് എന്നിങ്ങനെയാണർഥം. ശിവപത്നിയായ ദേവിയാണ് ശക്തി. ശക്തിയുമായി ബന്ധമില്ലെങ്കിൽ ശിവൻ അശക്തനായിത്തീരുന്നു. ശിവന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെല്ലാം ശക്തിയുടെ സഹായത്തോടുകൂടിയാണ് നടത്തുന്നത്. ശക്തിക്ക് ദുർഗ, കാളി, ഭുവനേശ്വരി, മഹാമായ, ഭഗവതി എന്നിങ്ങനെ വിവിധ നാമങ്ങളുണ്ട്. ഇങ്ങനെ ഈശ്വരനെ മാതൃഭാവത്തിൽ കാണുകയും അവരെ ആരാധിക്കുകയും ചെയ്യുന്ന മതമാണ് ശാക്തമതം. അനാര്യന്മാരായ ഇന്ത്യയിലെ ആദിവാസികൾക്കിടയിൽ പ്രചരിച്ചിരുന്ന അമ്മ ദൈവസങ്കൽപത്തിൽ നിന്നാണ് ദേവിപൂജാ സമ്പ്രദായം ഉടലെടുത്തതെന്ന് ചരിത്രകാരന്മാർ കരുതുന്നു[2]. അമ്മ ദൈവത്തെ പരമശിവന്റെ പത്നിയുടെ പദവിയിലേക്ക് ഉയർത്തിയത് ആദ്യ-ദസ്യു സങ്കലനത്തിന്റെ ഭാഗമായിരുന്നുവെന്നും ഊഹിക്കപ്പെടുന്നു.

മഥുരയിലെ മീനാക്ഷി, കേരളത്തിലെ ഭഗവതി, മൈസൂരിലെ

1. കഴുത്തിൽ ലിംഗം കെട്ടിത്തൂക്കുന്നതിനാൽ ഇവർ ലിംഗായതന്മാർ എന്നും അറിയപ്പെടുന്നു
2. Marshall: Mohanjodara and the Indus Civilization-Page 50-51

ചാമുണ്ഡി, ബംഗാളിലെ കാളി എന്നിവ പ്രസിദ്ധങ്ങളായ അമ്മ ദൈവങ്ങളാണ്. ശക്തിപൂജകന്മാർക്ക് ലൈംഗികപ്രധാനങ്ങളായ വിവിധ മത ചടങ്ങുകളുണ്ട്. ദേവതയുടെ പേരിലുള്ള ബലികളോട നുബന്ധിച്ചാണ് ഇത്തരം ലൈംഗികങ്ങളായ മതചടങ്ങുകൾ നട ക്കുന്നത്. രാത്രിയിൽ രഹസ്യമായി നടക്കുന്ന ചടങ്ങുകളിൽ നാട്ടിലെ നിലവിലുള്ള ആചാരങ്ങൾ നിഷിദ്ധമായി കരുതുന്നതെല്ലാം തിന്നുക യും കുടിക്കുകയും സഭ്യതയുടെയും മര്യാദയുടെയും ഏറ്റവും സാധാ രണങ്ങളായ നിയമങ്ങളെപ്പോലും ലജ്ജയില്ലാതെ പരസ്യമായി ലം ഘിച്ചുകൊണ്ട് ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ച് യാതൊരു അടു ക്കും മുറയുമില്ലാതെ കെട്ടിമറിഞ്ഞ് കൂത്താടുകയും ചെയ്യുന്നു[1].

ശക്തിപൂജ ബ്രഹ്മസാക്ഷാൽകാരത്തിനുള്ള മാർഗമായാണ് ആധുനിക ശാക്തമതക്കാർപോലും മനസ്സിലാക്കുന്നത്. ശാക്തമത ത്തിലും വ്യത്യസ്ത വിഭാഗങ്ങളും ഉപവിഭാഗങ്ങളുമുണ്ട്.

**ഗാണപത്യമതം:** ശിവന്റെ പുത്രനും ഗണങ്ങളുടെ നായക നുമായി പുരാണങ്ങൾ പരിചയപ്പെടുത്തുന്ന ഗണപതിയെ ആരാധി ക്കുന്ന സമ്പ്രദായമാണ് ഗാണപത്യം. തടസ്സങ്ങൾ നീക്കുന്ന ഈശ്വ രനെന്ന അർഥത്തിൽ വിഘ്നേശ്വരൻ എന്നു വിളിക്കപ്പെടുന്ന ഗണ പതി പരബ്രഹ്മത്തിന്റെ അവതാരമാണെന്നാണ് വിശ്വസിക്കപ്പെ ടുന്നത്. ആനയുടെ മുഖമുള്ള ഗണപതിയുടെ ഒരു കൊമ്പ് പരശു രാമനുമായുള്ള യുദ്ധത്തിൽ ഒടിഞ്ഞുപോയി. മൂഷികനെ വാഹനമാ യി സ്വീകരിച്ചിരിക്കുന്ന ഗണപതിയുടെ ഭാര്യമാർ സിദ്ധിയും വിദ്ധി യുമാണ്. ഏത് പ്രവൃത്തികൾ ആരംഭിക്കുമ്പോഴും ഗണപതിക്ക് നാളി കേരം ഉടച്ച് തടസ്സങ്ങൾ നീക്കുന്ന സമ്പ്രദായം ഗാണപത്യമതത്തി ന്റെതാണ്.

**കൗമാരമതം:** മുരുകൻ, കാർത്തികേയൻ, സുബ്രഹ്മണ്യൻ, ഷഡാന നൻ എന്നീ നാമങ്ങളിൽ വിളിക്കപ്പെടുന്ന ശ്രീകുമാരനെ ആരാധിക്കുന്ന മതമാണ് കൗമാരം. ശ്രീകുമാരാധന ദ്രാവിഢസംസ് കാരത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കപ്പെടുന്നു. ദ്രാവിഢസംസ് കാരത്തിന്റെ അവശിഷ്ടങ്ങൾനിലനിൽക്കുന്ന ഇന്ത്യൻ സമൂഹങ്ങ ളിലാണ് ശ്രീകുമാരപൂജ ഇന്നും കാണപ്പെടുന്നതെന്നതാണ് ഈ അനുമാനത്തിനു നിദാനം.

1. Abbe-J.A. Dubois: Hindu Manners, Customs and Ceremonies Vol 1 Page 288



**സൗരമതം:** സൂര്യനെ ആരാധിക്കുന്ന സമ്പ്രദായമാണ് സൗര മതം. മഹാവിഷ്ണുവിന്റെ പ്രപൗത്രനായ കശപ്യന് അദിതിയിലു ണ്ടായ പന്ത്രണ്ട് ആദിത്യന്മാരിൽ പ്രമുഖനാണ് സൂര്യദേവനെന്നാ ണ് പുരാണങ്ങൾ പറയുന്നത്. ആദിത്യഹൃദയമന്ത്രം ചൊല്ലി സൂര്യ ദേവനെ പ്രസാദിപ്പിച്ച ശേഷമാണ് രാമന് രാവണനെ കൊല്ലാൻ കഴിഞ്ഞതെന്ന് ആദ്ധ്യാത്മ രാമായണം പറയുന്നു. ഗ്രഹാധിപനാ യും പ്രത്യക്ഷ നമസ്കാരത്തിലൂടെയും സൂര്യനെ പൂജിക്കുന്നവരുണ്ട്. ഗ്രഹശാന്തി എന്ന കർമത്തിലൂടെ ഗ്രഹാധിപനായി കരുതുന്ന സൂര്യോപാസകർ സൂര്യനെ പൂജിക്കുമ്പോൾ ആദിത്യനമസ്കാരത്തി ലൂടെയാണ് രണ്ടാമത്തെ വിഭാഗം സൂര്യദേവനെ പ്രസാദിപ്പിക്കു ന്നത്. ഇന്ത്യയിൽ വളരെ ചുരുക്കം ചില സൂര്യക്ഷേത്രങ്ങളുണ്ട്.

# 5

# ഹിന്ദു ഐക്യം

വ്യത്യസ്തവും വിപരീതവും വിരുദ്ധവുമായ സിദ്ധാന്തങ്ങളുൾക്കൊള്ളുന്ന ദർശനങ്ങളും മതവിഭാഗങ്ങളും ആരാധനാ സമ്പ്രദായങ്ങളുമെല്ലാം ഇന്ത്യയിലുണ്ടായിട്ടുണ്ട്. ഇന്ത്യയിലുണ്ടായ മതങ്ങളും ദർശനങ്ങളുമെല്ലാം ഹിന്ദുമതത്തിൻെറ ഭാഗമാണെങ്കിൽ ഇത്തരം വ്യത്യസ്തവും വിരുദ്ധവുമായ ദർശനങ്ങളും ആരാധനാ സമ്പ്രദായങ്ങളുമെല്ലാം ഹിന്ദുമതത്തിൻെറഭാഗമാണെന്ന് പറയേണ്ടിവരും. ഇവിടേക്ക് കടന്നുവന്ന വിദേശികളെ ഇക്കാര്യം അത്ഭുതപ്പെടുത്തിയിട്ടുണ്ടാകണം. വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ആശയങ്ങളുൾക്കൊള്ളുന്ന മതങ്ങളുടെ അനുയായികൾ പരസ്പരം പോരടിച്ചും സംവാദങ്ങൾ നടത്തിയും കൊണ്ടിരുന്ന കാലത്താണ് അറബികളും അല്ലാത്തവരുമായ വിദേശികളുടെ ആഗമനമുണ്ടായത്. ആ സമയത്ത് ദർശനങ്ങളുടെ സംവാദങ്ങൾ മാത്രമായിരുന്നില്ല. ജാതീയതയുടെ സംഹാരവും അതിൻെറ എല്ലാവിധ രൗദ്രഭാവങ്ങളോടും കൂടി നിലനിന്നിരുന്നു. ഇവിടത്തുകാരായ ആളുകളുടെ ആരാധനാസമ്പ്രദായങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ച അറബികൾക്ക് ബ്രാഹ്മണ പൗരോഹിത്യത്തിൻെറ ശക്തമായ പ്രതിരോധം കാരണം നിരാശരാകേണ്ടി വന്നു. എന്നിട്ടും വളരെ പ്രയാസപ്പെട്ട് ബ്രാഹ്മണഭാഷ പഠിച്ച് ഭാരതീയ ദർശനങ്ങളെയും ഹൈന്ദവാചാരങ്ങളെയും കുറിച്ച് മനസ്സി



ലാക്കി 'കിത്താബുൽ ഹിന്ദ്'[1] എന്ന വിഖ്യാഖ്യാത കൃതി രചിച്ച അബൂറയ്ഹാൻ മുഹമ്മദ്ബിൻ അഹ്മദ് അൽബിറൂനിയെപ്പോലെയുള്ളവർ തീർച്ചയായും പ്രശംസനീയർ തന്നെയാണ്. പക്ഷേ, എന്നിട്ടും ഹൈന്ദവ മതങ്ങളുടെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ പലതും അവർക്ക് അജ്ഞാതമായിരുന്നു. ഭാരതീയ മതങ്ങളിൽ അവർ കണ്ട ഏക ഐക്യസ്വഭാവം വിഗ്രഹാരാധനയായിരുന്നിരിക്കണം. അങ്ങനെ ഇന്ത്യയിലെ വിഗ്രഹാരാധനയിലധിഷ്ഠിതമായ മുഴുവൻ മതങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് അറബികളോ മറ്റു വിദേശികളോ ആയിരിക്കണം, ഇന്ത്യക്കാരുടെ മതമെന്ന നിലയ്ക്ക് 'ഹിന്ദുമതം' എന്ന് ആദ്യമായി വിളിച്ചത്.

'ഹിന്ദുക്കൾ ഒന്നാണ്', 'ഹിന്ദുക്കൾ ഒന്നിക്കുക' തുടങ്ങിയ ഇന്ന് ഉയർന്നു കേൾക്കുന്ന ഹൈന്ദവ ഐക്യത്തിൻെറ മുദ്രാവാക്യത്തിന് ചരിത്രപരമായ ചില കാരണങ്ങളുണ്ട്. വിശ്വാസത്തിൻെറയോ സിദ്ധാന്തങ്ങളുടെയോ മതഗ്രന്ഥങ്ങളുടെയോ മതപ്രവാചകൻെറയോ മതസ്ഥാപകൻെറയോ പേരിൽ ഹിന്ദുമതം എന്നൊന്ന് ഉണ്ടാക്കുവാനോ ഹിന്ദുക്കളെ ഒന്നിപ്പിക്കുവാനോ കഴിയില്ലെന്ന് നാം മനസ്സിലാക്കി. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം ഉറച്ചതിന് ശേഷമാണ് ഹിന്ദുക്കൾ എന്ന മതപരമായ ഐക്യബോധവും ആശയവും വളർന്നുവരാൻ തുടങ്ങിയതെന്നാണ് ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാവുന്നത്. ഇസ്ലാമിൻെറ ആഗമനത്തോടനുബന്ധിച്ച് ഇന്ത്യയിൽ രൂപമെടുത്ത ഭക്തിപ്രസ്ഥാനവും മറ്റും ഈ ചിന്തയെ സ്വാധീനിച്ചിരിക്കാം. പക്ഷേ, അതിന് സംഘടനാ രൂപം ലഭിച്ചത് ബ്രിട്ടീഷ് ഭരണകാലത്തുതന്നെയാണ്.

ഹിന്ദുമതത്തിൻെറ ആധുനിക ചരിത്രം പരിശോധിക്കുമ്പോൾ രണ്ടുതരം പ്രസ്ഥാനങ്ങളെ നമുക്ക് കാണാൻ കഴിയും. ഒന്ന് മതപരിഷ്കരണത്തിൻെറതാണെങ്കിൽ മറ്റൊന്ന് മതപുനരുദ്ധാരണത്തിൻേറതാണ്. രാമാനുജൻെറ ശിഷ്യനായ രാമാനന്ദൻ സ്ഥാപിച്ച ഭക്തിപ്രസ്ഥാനം ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപെടുന്നു. ബ്രാഹ്മണ പൗരോഹിത്യത്തിനും ബിംബാരാധനക്കും ജാതിമത സങ്കുചിതതത്വങ്ങൾക്കുമെതിരെ ശക്തമായിതന്നെ ആഞ്ഞടിച്ച ഭക്തിപ്രസ്ഥാനം വേദോപനിഷത്തുകളെ തള്ളിപ്പറഞ്ഞിരുന്നില്ല. ഇസ്ലാമിൻെറ ആശയങ്ങളും സിദ്ധാന്തങ്ങളുമായിരുന്നു ഭക്തിപ്രസ്ഥാനത്തിന് പ്രചോദനം നൽകിയത് എന്നാണ് പ്രഗത്ഭ പണ്ഡിതന്മാരുടെയെ

1. അൽബിറൂനി കണ്ട ഇന്ത്യ: സാഹിത്യ അക്കാദമി, ന്യൂഡൽഹി.

ല്ലാം അഭിപ്രായം.[1] സതി തുടങ്ങിയ സമൂഹിക അനാചാരങ്ങൾക്കും ബഹുദൈവവിശ്വാസത്തിനും ജാതിചിന്തകൾക്കുമെതിരെ ആഞ്ഞടിച്ച രാജാറാം മോഹൻറോയിയുടെ ബ്രഹ്മസമാജവും ഹിന്ദു പരിഷ്ക്കരണ സംരംഭത്തിൻെറ ഭാഗമായിരുന്നു. സൃഷ്ടിക്കപ്പെട്ട ജീവികളെയോ വസ്തുവിനെയോ, അവതാരങ്ങളെന്ന് വിളിക്കപ്പെടുന്നവരേയോ ആരാധിക്കുന്നത് ശരിയല്ലെന്നായിരുന്നു ബ്രഹ്മസമാജത്തിൻെറ കാഴ്ചപ്പാട്. ജാതികൾക്കും അയിത്തത്തിനുമെതിരെ ശക്തമായി ആഞ്ഞടിച്ച കേരളത്തിലെ ശ്രീനാരായണ ഗുരുവിൻെറ മുന്നേറ്റവും ഹിന്ദുമത നവോത്ഥാനത്തിൻെറ ഭാഗം തന്നെയായി രുന്നു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ഗുരുതത്വത്തിനുള്ള പ്രചോദനവും സമകാലികരായ മുസ്ലിം ചിന്തകന്മാരുടെ രചനകളായിരുന്നുവെന്ന് സൂക്ഷ്മവിശകലനത്തിൽ നമുക്ക് വ്യക്തമാവും. ദൈവാരാധന മാത്രമാണ് ഇഹപരമോക്ഷത്തിന് നിദാനമെന്ന് വാദിച്ച മഹാദേവ ഗോവിന്ദറാനഡെയും പ്രാർത്ഥനാ സമാജവും ഹിന്ദുപരിഷ്ക്കരണശ്രമങ്ങളാണ് നടത്തിയത്.

എന്നാൽ ഇവയിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു മഹർഷി ദയാനന്ദസരസ്വതിയുടെ ആര്യസമാജം. ദയാനന്ദസരസ്വതി മതപുനരുദ്ധാരണത്തിൻെറ വക്താവായിരുന്നു. മതപരിഷ്ക്കരണത്തിൻെറ വക്താക്കൾ വ്യത്യസ്ത മതങ്ങളെ അംഗീകരിച്ച് ദേശീയ ഐക്യത്തിനുവേണ്ടി ശ്രമിച്ചപ്പോൾ അദ്ദേഹ വും അദ്ദേഹം സ്ഥാപിച്ച ആര്യസമാജവും സങ്കുചിത ദേശീയതയും അന്യമതവിരോധവുമാണ് പ്രചരിപ്പിച്ചത്. അദ്ദേഹം രചിച്ച 'സത്യാർത്ഥപ്രകാശ'[2] മെന്ന പുസ്തകത്തിൽ ഇന്ത്യയിൽ ജീവിക്കുന്നവർ മുഴുവൻ വേദങ്ങളുടെ അപ്രമാദിത്വം അംഗീകരിക്കണമെന്നും അല്ലാത്തവരൊന്നും ഇന്ത്യയിൽ ജീവിക്കാൻ അർഹരല്ലെന്നും സ്ഥാപിക്കാൻ പാടുപെട്ടിട്ടുണ്ട്. ഇസ്ലാംമതം, ക്രിസ്തുമതം, ബുദ്ധമതം, ജൈനമതം തുടങ്ങിയവ മാത്രമല്ല നവോത്ഥാന സംരംഭങ്ങളായ ബ്രഹ്മസമാജവും പ്രാർത്ഥനാ സമാജവുമെല്ലാം അസത്യത്തിൻെറ വക്താക്കളാണെന്നും അവയെല്ലാം ആര്യസംസ്ക്കാരത്തിൻെറ ശത്രുക്കളാണെന്നും ആര്യസമാജം വാദിച്ചു. ബ്രഹ്മസമാജ ത്തിലും പ്രാർത്ഥനാ സമാജ

1. M G. Ranede- The Rise of the Maratha Power, Page 55.
2. ഈ പുസ്തകം The Light of Truth എന്ന പേരിൽ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.



ത്തിലും മറ്റ് പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചവർക്കുള്ള പ്രധാന തെറ്റ് മുസ്ലിംകളോടുംക്രിസ്ത്യാനികളോടും താഴ്ന്ന ജാതിക്കാരോടും കൂടെയിരുന്ന് അവർ ഭക്ഷണം കഴിക്കുന്നുവെന്നതായിരുന്നു. ദയാനന്ദ സരസ്വതി എഴുതി: "അവർ യാതൊരു വിവേചനവുമില്ലാതെ തിന്നുകയും കുടിക്കുകയും ചെയ്യുന്നു. യൂറോപ്യന്മാർ, മുഹമ്മദീയർ, ജാതിയിൽനിന്നും ഭ്രഷ്ടരാക്കപ്പെട്ടവർ മുതലായവരുടെ കൂടെയിരുന്നുകൊണ്ടുപോലും അവർ തിന്നുകയും കുടിക്കുകയും ചെയ്യുന്നു"[1]. ജാതികൾ കൂടിക്കലരുന്നതിനെ ശക്തമായി വിമർശിച്ച ദയാനന്ദ സരസ്വതി വർണ്ണാശ്രമവ്യവസ്ഥയെ ന്യായീകരിക്കുകയും ജാതികൾ നിലനിൽക്കേണ്ടത് സമൂഹത്തിന് അത്യാവശ്യമാണെന്ന് വാദിക്കുകയും ചെയ്തു[2]. മറ്റുമതക്കാരെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാനും ഹിന്ദുമതത്തെ സുശക്തമാക്കാനും ശ്രമിച്ച ദയാനന്ദസരസ്വതി പോലും ഏകദൈവവിശ്വാസമാണ് ഉൽകൃഷ്ടമെന്നും വിഗ്രഹരാധന ശരിയല്ലെന്നും വാദിച്ചുകൊണ്ടാണ് തൻെറ സിദ്ധാന്തങ്ങൾക്ക് അടിത്തറ പണിതത്. ജാതിയും സവർണ്ണ മേധാവിത്വവും നിലനിർത്തണമെന്നും അതാണ് ഭാരതീയ സമൂഹതിന് അഭികാമ്യമെന്നും വാദിച്ച ആര്യസമാജമാണ് ഹിന്ദുരാഷ്ട്രമെന്ന സങ്കൽപ്പത്തിൻെറ ആദ്യത്തെ പ്രചാരകരെന്നാണ് തെളിയുന്നത്. 'ഹിന്ദുരാഷ്ട്ര'മെന്ന സരസ്വതിയുടെ ചിന്തകൾക്ക് ജീവൻനൽകാൻ ശ്രമിക്കുന്ന അഭിനവ ആര്യസമാജക്കാർ ഭാരതീയ സമൂഹത്തെ എങ്ങോട്ടാണ് നയിക്കുകയെന്നതിന്നുള്ള സൂചന ഇതിൽനിന്നും ലഭിക്കുന്നു. ദേശാഭിമാനത്തിൻെറ പൊയ്മുഖമണിഞ്ഞുകൊണ്ടാണ് ആര്യസമാജവും പ്രവർത്തിച്ചതെന്ന് നാം മനസ്സിലാക്കണം. പണ്ഡിറ്റ് നെഹ്റു എഴുതുന്നു: "നിശ്ചലവും പ്രതിരോധാത്മകവുമായ ഹിന്ദുമതത്തെ അക്രമണാത്മകമായ ഒരു മിഷിനറി മതമാക്കാനുള്ള ശ്രമമായിരുന്നു ആര്യസമാജത്തിൻേറത്. ഹിന്ദുമത പുനരുജ്ജീവനമായിരുന്നു അതിൻെറ ലക്ഷ്യം. ഈ പ്രസ്ഥാനത്തിന്അൽപ്പം ശക്തി നൽകിയത് ദേശാഭിമാനത്തിൻെറ നിറമായിരുന്നു. യഥാർത്ഥത്തിൽ ഹിന്ദു ദേശീയതത്വത്തിൻെറ തലപൊക്കലായിരുന്നു അത്. ഹിന്ദു ദേശീയതത്വമായതിനാൽ അതിന് ഇന്ത്യൻ ദേശീയതത്വമാകാൻ വിഷമം നേരിട്ടു"[3].

1 Swami Dayananda Saraswathy: The Light of Truth Page 433.
2 Ibid Page 88-91.
3 Jawaharlal Nehru: Glimpses of World History Page 436

ഒരുവശത്ത് ഹിന്ദുമത പരിഷ്ക്കരണത്തിൻെറ വക്താക്കളും മറുവശത്ത് മുസ്‌ലിം പ്രസ്ഥാനങ്ങളും വ്യക്തിത്വങ്ങളും കൊളോണിയൽ വാഴ്ചക്കെതിരെ ശബ്ദമുയർത്തുകയും ജന്മനാടിന് സ്വാതന്ത്ര്യം വേണമെന്ന തത്വത്തിൽ ഒന്നിക്കുകയും ചെയ്തപ്പോൾ വെള്ളക്കാരന് തൻെറ ആധിപത്യത്തിൻെറ തുടർച്ചക്കാവശ്യമായ മറ്റ് മാർഗ്ഗങ്ങളന്വേഷിക്കൽ നിർബന്ധമായിവന്നു. ഇന്ത്യയുടെ ആത്മാവ് കണ്ടെത്തിയ ആദ്യത്തെ മനുഷ്യൻ എന്ന് ഭഗ്‌വാൻ ഗിദ്‌വാനി പറഞ്ഞ ടിപ്പുസുൽത്താൻെറയും ഒന്നാം സ്വാത ന്ത്ര്യസമരത്തിന് ആവേശം നലകിയ വഹാബി പ്രസ്ഥാനത്തിൻെറയും, ചരിത്രം വിസ്മരിച്ച നിരവധി ധീരനായകന്മാരുടെയുമെല്ലാം ചരിത്രത്തിൽനിന്നും മുസ് ലിംകളെ വളരുവാനും ഹിന്ദുക്കളുമായി ആശയവിനിമയം നടത്തുവാനും വിട്ടാൽ തങ്ങളുടെ കസേരഇളകുമെന്ന് മനസ്സിലാക്കി, 'ഭിന്നിപ്പിച്ച് ഭരിക്കുക'യെന്ന നികൃഷ്ടനയം നടപ്പാക്കിയ വെള്ളക്കാരൻെറ പ്രവർത്തനങ്ങളും ഹിന്ദുപുനരുജ്ജീവനത്തിന് ജീവൻ നൽകി. ഹിന്ദുമതാചാരങ്ങൾക്ക് സർക്കാർ സഹായങ്ങൾ നൽകിക്കൊണ്ട് തങ്ങൾ ഹിന്ദുക്കളുടെ ഭാഗത്താണെന്ന് വരുത്തിത്തീർക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് നടന്നത്. "യാഗങ്ങൾക്കും ഉൽസവങ്ങൾക്കും ബ്രാഹ്മണ സദ്യകൾക്കും വേണ്ടി ഗവൺമെൻറ് വലിയ തുകകകൾ ചെലവഴിച്ചു"[1]. സതിപോലുള്ള സാമൂഹിക ദുരാചാരങ്ങൾപോലും പോലീസുകാരുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു[2]. "ദേവാരാധനയോട് ബന്ധപ്പെടുത്തി നടത്തുന്ന ക്രൂരവും അസാൻമാർഗ്ഗികവുമായ ആചാരങ്ങളായ തൂക്കം, വിധവാദഹനം തുടങ്ങിയവപോലും ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു"[3]. സംസ്കൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാനായി സംസ്കൃത സ്കൂൾ സ്ഥാപിക്കാൻ ഗവൺമെൻറ് ശ്രമിച്ചുവെങ്കിലും രാജാറാം മോഹൻറോയിയെപ്പോലുള്ളവരുടെ എതിർപ്പ് കാരണം അത് നിർത്തിവെക്കേണ്ടിവന്നു[4]. ഹിന്ദുക്കളെ ആചാരങ്ങളുടെ ആലയത്തിൽ കെട്ടിയിടുകയുംഅവരിൽ പൂർവകാലത്തെക്കുറിച്ച മിഥ്യാഭിമാനം വളർത്തുകയും ചെയ്ത ബ്രിട്ടീഷുകാരനും ഹിന്ദുമതമെന്ന സ്ഥാപനമതത്തെ ഇന്നത്തെ രൂപത്തിലാക്കുന്നതിൽ അവഗണനീയമല്ലാത്ത

1. J.N. Farquhar: Modern Religious Movements in India, Page 12.
2. Jatindra Kumar Majumdar: Rajaram Mohan Roy and Progressive Movement in India, Page 184
3. Modern Religious Movements in India, Page 8.
4. Premnath Bazaz: The Role of Bhagvad Gita in Indian History, Page 394.




പങ്കുവഹിച്ചിട്ടുണ്ട്.

വ്യത്യസ്ത ആചാരങ്ങളും വിശ്വാസങ്ങളും സിദ്ധാന്തങ്ങളുമുൾക്കൊള്ളുന്ന സങ്കലിതമായ ഒരു സംസ്ക്കാരമാണ് ഇന്ത്യക്കുള്ളത്. അവയെ വിശ്വാസത്തിൻെറയോ ആചാരത്തിൻെറയോ ധർമത്തിൻെറയോ അടിസ്ഥാനത്തിൽ ഒന്നിപ്പിക്കാൻ കഴിയില്ല. ഹിന്ദുവികാരത്തിന്മേൽ സാമ്രാജ്യം പണിയണമെന്ന് വ്യാമോഹിക്കുന്നവർ അതുകൊണ്ടുതന്നെയാണ് "ഇന്നിന്നവിശ്വാസങ്ങളിലേക്ക് മടങ്ങുക"യെന്ന് മുദ്രാവാക്യം മുഴക്കാത്തത്. അവർക്കാവശ്യം സത്യത്തിൻെറ സംസ്ഥാപനമല്ല. ധർമ്മത്തിൻെറ പുനരുദ്ധാരണവുമല്ല; പ്രത്യുത അധികാരത്തിലേറുക മാത്രമാണ്. ഞങ്ങൾ ഹിന്ദുക്കളുടെ ഭാഗത്താണെന്ന് അവകാശപ്പെട്ട വെള്ളക്കാരൻെറയും ആവശ്യം സ്വന്തം അധികാരം ഉറപ്പിക്കുകയായിരുന്നുവല്ലോ. അതിൽനിന്നും വ്യത്യസ്തമായ ഒരുദ്ദേശ്യവും അഭിനവ ഹിന്ദുതീവ്രവാദി സംഘടനകൾക്കില്ല. 'രാമജന്മഭൂമി' മുതൽക്കുള്ള പള്ളിപിടിച്ചടക്കൽ പ്രസ്ഥാനത്തിൻെറയും ലക്ഷ്യം രാമനോടോ കൃഷ്ണനോടോ ഉള്ള പ്രേമം പ്രകടിപ്പിക്കുകയല്ല. മറിച്ച്, വ്യത്യസ്തവും വിരുദ്ധവുമായ ആചാരങ്ങളും വിശ്വാസങ്ങളും വെച്ചുപുലർത്തുന്ന വിഭാഗങ്ങളെ മുഴുവൻ സംഘടിപ്പിച്ച് 'ഹിന്ദുമത'മുണ്ടാക്കുകയും അതിൻെറയടിസ്ഥാനത്തിൽ സർവരേയും 'ഭരിക്കുക'യുമാണ്.

ഇന്ത്യയിൽ മതങ്ങളുണ്ടായിട്ടില്ലെന്നോ ദൈവിക മാർഗ്ഗദർശനം ഇന്ത്യക്കാർക്ക് ലഭിച്ചിട്ടില്ലെന്നോ ഇതിൽനിന്ന് മനസ്സിലാക്കിക്കൂടാത്തതാണ്. ഇന്ത്യയിലും ദൈവിക മതം നിലനിന്നിരിക്കണം. എല്ലാ സമൂഹത്തിലേക്കും ദൈവദൂതന്മാർ കടന്നുവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയിലേക്കും നബിമാർ വരികയും ഇസ്‌ലാം പ്രബോധനം ചെയ്യുകയും ചെയ്തിട്ടുണ്ടാവണം. ഏകദൈവ വിശ്വാസത്തിൽ നിന്ന് പരിണമിച്ച് ബഹുദൈവ വിശ്വാസത്തിലെത്തി നിൽക്കുന്നതാണ് ഹൈന്ദവ ദർശനമെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതു കൊണ്ടു തന്നെ ഭാരതീയ ദർശനങ്ങളുടെ അകത്തളങ്ങളിൽ ദൈവിക മതത്തിൻെറ സ്വാധീനം എത്രത്തോളമുണ്ട് എന്ന പഠനത്തിന് പ്രസക്തിയുണ്ട്. യഥാർത്ഥ ഹിന്ദുമതത്തിൻെറ ഉറവിടം തേടിക്കൊണ്ടുള്ള അന്വേഷണമാണ് അത്തരം പഠനങ്ങൾ. ഇനിയുള്ള പേജുകളിലൂടെ നാം നിർവ്വഹിക്കാനുദ്ദേശിക്കുന്നത് ആ അന്വേഷണം

മാത്രമാണ്. ഭാരതീയ മതങ്ങളുടെ ഉറവിടം തേടിയുള്ള അന്വേഷണം. ഭാരതീയ ഗ്രന്ഥങ്ങളിലെ ദൈവിക സ്വാധീനത്തെക്കുറിച്ച അന്വേഷണം, സത്യത്തിൽ നിന്ന് അസത്യത്തിലേക്ക് ഇന്ത്യൻ മതങ്ങൾ എങ്ങിനെയാണ് പരിണമിച്ചതെന്ന അന്വേഷണം.......





# ഭാഗം രണ്ട്

# ഹിന്ദുമത ഗ്രന്ഥങ്ങൾ

ഏതൊരു ദർശനത്തെയും കുറിച്ച അടിസ്ഥാന വിവരങ്ങൾ നൽകേണ്ടത് അതിനെ സംബന്ധിച്ച ഗ്രന്ഥങ്ങളാണ്. സിന്ധുനദീതടത്തിലെ ദൈവസങ്കൽപ്പത്തെയോ മതവിശ്വാസങ്ങളെയോ സംബന്ധിച്ച വ്യക്തവും സംശയരഹിതവുമായ ലിഖിതരേഖകൾ നമുക്ക് ലഭ്യമല്ല. ഉള്ള രേഖകളുടെ വ്യാഖ്യാനം ഇതുവരെ സാധിച്ചിട്ടുമില്ല. രേഖകളിൽ പലതും ആര്യാക്രമണത്തിൽ നശിപ്പിക്കപ്പെട്ടിരിക്കാനും ഇടയുണ്ട്. മോഹൻജദാരോ-ഹാരപ്പ സംസ്ക്കാരത്തിലെ വിശ്വാസാചാരങ്ങളെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ അന്നത്തെ കരകൗശല വസ്തുക്കളിൽ നിന്നാണ്. ആ വിവരങ്ങൾ എത്രത്തോളം സത്യസന്ധമാണെന്ന് പറയുക വയ്യ.

ആര്യാഗമനത്തിനുശേഷവും ലിഖിത രൂപത്തിലുള്ള വിജ്ഞാന വിനിമയം ഒരു അനിവാര്യോപാധിയായി ഗണിക്കപ്പെട്ടിരുന്നില്ല. ലിപിയുടെ പ്രയോഗം നിഷിദ്ധമായി അന്നുകരുതപ്പെട്ടിരുന്നു.[1] സ്ത്രോത്രം ചൊല്ലുന്ന പുരോഹിതന്മാർക്ക് ഉന്നത സ്ഥാനമാനങ്ങളുണ്ടായിരുന്നു. രാജാക്കന്മാരും മറ്റ് ഉയർന്ന വിഭാഗക്കാരുമുൾപ്പെട്ട ക്ഷത്രിയന്മാരേ ക്കാൾ ഉന്നതരെന്ന് സ്വയം വിളിക്കപ്പെട്ട ബ്രാഹ്മണന്മാർ സ്ത്രോത്രങ്ങളും മറ്റ് മതാചാരങ്ങളും ഓർമ്മയിലൂടെ കൈമാറുകയാണ് ചെയ്തിരുന്നത്. വേദങ്ങളി


1. നരേന്ദ്രഭൂഷൺ: വൈദിക സാഹിത്യചരിത്രം, പേജ് 41.

ലും മറ്റ് മതാചാരങ്ങളിലുമുള്ള സ്വന്തം ജാതിയുടെ അധീശത്വം അരക്കിട്ടുറപ്പിക്കാൻ തലമുറകളിലൂടെയുള്ള ഈ പ്രേഷണരീതിയാണ് അഭികാമ്യമെന്ന് പൗരോഹിത്യം മനസ്സിലാക്കിയിരിക്കണം. ഗോർഡൻ ചൈൽഡ് എഴുതുന്നു:" അങ്ങനെ വിദഗ്ദ്ധ തൊഴിൽക്കാരെന്ന നിലയ്ക്ക് ബ്രാഹ്മണ പുരോഹിതന്മാർ ഓർമ്മശക്തി മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രേക്ഷണരീതി ആവിഷ്ക്കരിച്ചതിനാൽ എഴുത്ത് ഒരു അധികപ്പറ്റായിരുന്നു"[1].

ഹിന്ദുമത ഗ്രന്ഥങ്ങളെ പൊതുവെ രണ്ടായി തിരിക്കാം. ഒന്ന്, ശ്രുതികൾ. രണ്ട്, സ്മൃതികൾ- ശ്രുതികൾ എന്നാൽ ശ്രവിക്കപ്പെട്ടത് എന്നർത്ഥം. വേദവും വേദവുമായി ബന്ധപ്പെട്ട കൃതികളും ദൈവത്തിങ്കൽനിന്ന് ഋഷിമാരാൽ ശ്രവിക്കപ്പെട്ടവയാണെന്നാണ് വിശ്വാസം. അതിനാൽ അവയെല്ലാം ശ്രുതികളാണ്. ഋഷിമാർ സ്വന്തം ഓർമ്മയിൽ നിന്നെടുത്തെഴുതിയ ഗ്രന്ഥങ്ങളാണ് സ്മൃതികൾ. ശ്രുതികൾ പൂർണ്ണമായിത്തന്നെ പ്രമാദമുക്തമാണെന്നാണ് ഹൈന്ദവ വിശ്വാസം.

1. ഗോർഡൻ ചൈൽഡ്: ചരിത്രത്തിൽ എന്ത് സംഭവിച്ചു, പേജ്: 195.





1

# വേദസംഹിതകൾ

'വേദ'മെന്ന പദത്തിന് അറിവ്, വിദ്യ എന്നൊക്കെയാണ് അർത്ഥം. ആധ്യാത്മികജ്ഞാനമെന്നാണ് സാങ്കേതികമായി വിവക്ഷിക്കപ്പെടുന്നത്. വേദങ്ങൾ അപൗരുഷേയങ്ങളാണെന്നാണ് വിശ്വാസം. അഥവാ മനുഷ്യ നാൽ രചിക്കപ്പെടാത്തതും ദിവ്യമായ അന്തശ്ചോദനയാൽ കണ്ടെത്തപ്പെട്ടതുമാണെന്നർത്ഥം. "പരമപുരുഷനായ യജ്ഞഭഗവാനിൽനിന്ന് വേദം ഉൽപ്പന്നമായി" എന്നാണ് ഋഗ്വേദം 10-ാം മണ്ഡലം 90-ാം സൂക്തത്തിൽ പറയുന്നത്. "സർവ്വശക്തനായ ദൈവം സൃഷ്ടിയുടെ ആരംഭത്തിൽ വേദങ്ങളെ സൃഷ്ടിച്ചു"വെന്ന് ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി വാദിക്കുന്നു. അദ്ദേഹം എഴുതുന്നു. "വേദങ്ങൾ അറിവിന്റെ ഭണ്ഡാരവും ശാസ്ത്രശാഖകളുടെ സ്രോതസ്സുമാണ്. അവ അനന്തവും അനശ്വരവുമാണ്. ഈ പ്രപഞ്ചത്തിലെ നാമമുള്ള സകലതിനെയുംകുറിച്ചുള്ള പരിപാവനവും അപ്രമാദിതവുമായ വിജ്ഞാനങ്ങളാണവ ഉൾക്കൊള്ളുന്നത്"[1].

വൈദിക ഭാഷപോലും ദൈവികമാണെന്നാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. "സർഗ്ഗാരംഭത്തിൽ- സൃഷ്ടിയുടെ തുടക്ക

1 Dayananda Saraswathy: Rigveda Bhashyam, Page 11.

ത്തിൽ-വേദങ്ങൾ പ്രകാശിതമായെന്നും വൈദികഭാഷ ലോകത്തിലെ ഏകഭാഷയായിരുന്നുവെന്നും പ്രാചീന ഭാരതീയവിദ്വാന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുമ്പോൾ ലൗകികസംസ്കൃതം വേദകാലത്തിനുശേഷം വളരെക്കഴിഞ്ഞ് നിലവിൽ വന്നുവെന്നും വേദഭാഷ പുരാതന ഭാഷകളുടെ രൂപാന്തരമാണെന്നും പാശ്ചാത്യവിദ്വാൻമാർ എല്ലാവരും നിർണ്ണയിക്കുന്നു"[1]. എന്നാൽ ഈ ദൈവിക വാക്ക് ഇന്നത്തെ സംസ്കൃതമല്ല. അത് മറ്റൊരു ഭാഷയാണ്. "ഈ ദൈവികവാക്ക് മനുഷ്യവാക്ക് അല്ല. മനുഷ്യവാക്ക് സംസ്കൃതമാണ്. വേദത്തിലെ സംജ്ഞകളെ ആശ്രയിച്ചാണ് മനുഷ്യവാക്ക് ഉണ്ടായത്. ദേവവാണി എന്ന പദം സംസ്കൃതത്തിന് ഇന്ന് പ്രയോഗിക്കുന്നുവെങ്കിലും ദൈവവാക്കും മനുഷ്യവാക്കും തമ്മിലുള്ള സാമ്യം നിമിത്തം മനുഷ്യവാക്ക് ക്രമേണ ദേവവാണി എന്നപേരിൽ അറിയപ്പെട്ടതാണ്"[2].

ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഇന്തോ-യൂറോപ്യൻ ഗോത്രത്തിൽപ്പെട്ട ഭാഷയായ സംസ്കൃതത്തിന് ഇറാനിയൻ വേദഭാഷയായ അവെസ്തയുമായി വളരെയധികം സാമ്യമുണ്ട്. ഇറാനിയൻ വേദഗ്രന്ഥമായ സെൻറ് അവെസ്തയിലെ ഭാഷക്കും ഋഗ്വേദ സൂക്തങ്ങൾക്കും വളരെയധികം സാദൃശ്യമുണ്ട്. എന്നാൽ വൈദിക സാഹിത്യത്തിൻെറ ആദ്യകാലത്ത് ലിപി ഉണ്ടായിരുന്നില്ല. ലിപിയുടെ പ്രയോഗം നിഷിദ്ധമായി അന്ന് കരുതപെട്ടിരുന്നു. എല്ലാ ധർമ്മ ഗ്രന്ഥങ്ങളും പറയപ്പെട്ടതാണെന്നതിനുള്ള തെളിവായി ശ്രീ നരേന്ദ്ര ഭൂഷൺ മനുരബ്രവീത്, പ്രജാപതിരബ്രവീത്, ഋഷി രബ്രവീത്, മുനിരബ്രവീത് എന്നീ പ്രയോഗങ്ങൾ എടുത്തുദ്ധരിക്കുന്നു[3]. ഇങ്ങനെ സംസാരത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടിരുന്ന വൈദിക സാഹിത്യങ്ങൾ മുഴുവൻ കാണാപാഠം പഠിച്ചിരുന്ന വലിയൊരു പുരോഹിതവർഗ്ഗം ആ കാലഘട്ടത്തിലുണ്ടായിരുന്നു. ബ്രഹ്മാ ഋഷിയുണ്ടാക്കിയതായി പറയപ്പെടുന്ന ബ്രാഹ്മീ ലിപിയാണ് ആദ്യമായി പ്രചാരത്തിൽ വന്ന ലിപി സമ്പ്രദായം. പിന്നീട് ഖരോഷ്ടി എന്ന ലിപിയും പ്രചാരത്തിൽ വന്നു. ബ്രാഹ്മീ ലിപിയിൽനിന്നാണ് ദേവനാഗരിയും മറ്റെല്ലാ ഇന്ത്യൻ ലിപികളും ഉടലെടുത്തത്. ഈ ലിപികളെല്ലാം ആദ്യകാലത്ത് അറബിയെപ്പോലെ വലത്തുനിന്ന് ഇടത്തോട്ടാണ് എഴുതിയിരുന്ന്[1] എന്ന

1. നരേന്ദ്ര ഭൂഷൺ: വൈദിക സാഹിത്യ ചരിത്രം, പേജ് 27
2 Ibid, Page 39.
3. Ibid, Page 41.



കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ലോകത്തിൽവെച്ച് ഏറ്റവും പഴയ രേഖകൾ വേദങ്ങളാണെന്ന അവകാശവാദം അടിസ്ഥാന രഹിതമാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. "ഈ വാദം സാധൂകരിക്കാവതല്ല. കാരണം, മെസൊപ്പൊട്ടോമിയയിലെയും ഈജിപ്തിലെയും സാഹിത്യങ്ങൾ തീർച്ചയായും വേദങ്ങൾക്ക് മുമ്പുള്ളവയാണ്"[2] എന്ന് ശ്രീ കൃഷ്ണചൈതന്യ വാദിക്കുന്നു.

'അനാലേഖ്യ സരസ്വതി' അഥവാ എഴുതപ്പെടാത്ത വിദ്യയെന്ന് വിളിക്കപ്പെട്ടിരുന്ന വേദങ്ങളിൽ അനേകം മന്ത്രങ്ങളുണ്ടായിരുന്നു. അവയിൽ പലതും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. സത്യവൃത പട്ടേൽ എഴുതുന്നു: "ഹിന്ദുമതത്തിൻെറ പ്രാഥമിക സ്രോതസ്സ് വേദമാണ്. എല്ലാ വിഭാഗങ്ങളും വേദത്തോട് കൂറു പുലർത്തുകയും അതിൻെറ ആധികാരികത അംഗീകരിക്കുകയും ചെയ്യുന്നു. ചില വേദവാക്യങ്ങൾ നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിലും ഇപ്പോൾ നിലനിൽക്കുന്നവതന്നെ അനേകമാണ്."[3]. വേദത്തിലെ എല്ലാ മന്ത്രങ്ങളും ഇന്ന് ലഭ്യമല്ലെങ്കി ലും ഉള്ള മന്ത്രങ്ങൾ തന്നെയാണ് വേദമെന്ന് വ്യാഖ്യാനിച്ച് സംതൃ പ്തരാവുകയാണ് ഹൈന്ദവ പണ്ഡിതന്മാർ. സാധുശീലൻ കെ. പരമേശ്വരൻപിള്ള എഴുതുന്നു "അസംഖ്യാ വൈവേദാഃ അനാദിയായ വേദം അസംഖ്യം മന്ത്രങ്ങളോട് കൂടിയുള്ളതാണ്. ഇപ്പോൾ ഉപലബ് ധമായ മന്ത്ര സമൂഹങ്ങൾ പരിമിതമാണെങ്കിലും, അതുതന്നെയാണ് വേദം"[4].

വേദം പല പ്രാവശ്യങ്ങളിലായി നഷ്ടപ്പെട്ടതായും ഋഷിമാരിൽ പലരും അതിനെ വീണ്ടെടുക്കുന്നതുമായുള്ള അനേകം പ്രസ്താവനകൾ പൗരാണിക ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. വാൽമീകി രാമായണത്തിൽ ഹനുമാൻ പറയുന്നതായി ഉദ്ധരിക്കുന്നു:" നഷ്ടപ്പെട്ടുപോയ വേദത്തെ വീണ്ടെടുത്തുകൊണ്ടുവന്നതുപോലെ ഞാൻ സീതയെ കൊണ്ടുവരാം" (താമഹം ആനയിഷ്യാമി നഷ്ടാം വേദ ശ്രുതി മിവ)[5]. വിഷ്ണു പറയുന്നതായി മഹാഭാരതം ഉദ്ധരിക്കുന്നു: "വേദ ശ്രുതി നഷ്ടപ്പെട്ടപ്പോൾ ഞാനവയെ വീണ്ടെടുത്തുകൊണ്ടു

1. ഭാരത വിജ്ഞാനകോശം, വാല്യം 2, പേജ് 731.
2. കൃഷ്ണ ചൈതന്യ: സംസ്കൃത സാഹിത്യ ചരിത്രം, പേജ് 68.
3. Satyavrata Patel: Hinduism: Religion and way of Life, Page 5.
4. സാധുശീലൻ കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മ പരിചയം, പേജ് 164.
5. വാൽമീകി രാമായണം: കിഷ്കിന്ധാകാണ്ഡം 6:5.

വന്നു. എന്നിട്ട് അവയെ ബ്രാഹ്മണങ്ങളും മന്ത്രങ്ങളുംകൊണ്ട് പൂർണ്ണമാക്കി. ഇത് പണ്ട് കൃതയുഗത്തിലും ഞാൻ ചെയ്തതാണ്"(യദാ വേദ ശ്രുതിർ നഷ്ടാമയാ പ്രത്യാഹൃതാ പുനഃസവേദാഃസശ്രുതികാശ്ച കൃതാഃപൂർവ്വം കൃതേയുഗേ)[1]. ഇങ്ങനെ പല പുരാണങ്ങളിലും ഇതിഹാസങ്ങളിലുമെല്ലാം വേദം നഷ്ടപ്പെട്ടതായും അത് വീണ്ടെടുത്തതായുമുള്ള പരാമർശങ്ങൾ കാണാം. അനാലേഖ്യ സരസ്വതി അഥവാ എഴുതപ്പെടാത്ത വിദ്യയായിരുന്ന വേദം, എങ്ങനെയാണ് നഷ്ടപ്പെട്ടതെന്ന് മനസ്സിലാകുന്നില്ല. ക്ഷേമത്തിൻെറയും ക്ഷാമത്തിൻെറയും അത്യുച്ചാവസ്ഥകളിൽ ജ്ഞാനസംരക്ഷണത്തിന് സാധ്യമാകാതെ വന്നതുകൊണ്ടായിരിക്കണം വേദനഷ്ടം സംഭവിച്ചത് എന്നാണ് പല പണ്ഡിതന്മാരും വ്യാഖ്യാനിക്കുന്നത്. മനസ്സിൽ നിന്ന് മനസുകളിലേക്ക് പകർന്നുകൊടുത്തിരുന്ന വിദ്യ എങ്ങനെയാണ് നഷ്ടപ്പെടുക? വേദം ആദ്യകാലത്തുതന്നെ ലിഖിത രൂപത്തിലായിരുന്നുവെങ്കിൽ ഈ നഷ്ടപ്പെടലിന് അർത്ഥമുണ്ടായിരുന്നു. പൗരാണികമായ പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടതിന് ഇന്നുതന്നെ തെളിവുകളുണ്ടല്ലോ. ഇങ്ങനെ പല പ്രാവശ്യം നഷ്ടപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്ത വേദങ്ങളിൽ യാതൊരു മാറ്റവും വന്നിട്ടില്ലെന്ന് സ്പഷ്ടമായി പറയാൻ തെളിവുകളെവിടെ? "സഹസ്രാബ്ദങ്ങൾക്കു ശേഷവും വേദങ്ങളിൽ വ്യത്യാസമൊന്നും വന്നിട്ടില്ല"[2] എന്ന പ്രസ്താവനക്ക് വസ്തുനിഷ്ഠമായ തെളിവുകളുടെ പിൻബലമില്ലെന്നർത്ഥം.

വേദങ്ങൾക്ക് പാഠഭേദങ്ങളോ മാറ്റതിരുത്തലുകളോ ഉണ്ടായിട്ടില്ലെന്ന വാദവും അടിസ്ഥാനരഹിതമാണ്. വേദങ്ങൾക്ക് അപ്രമാദിത്വമവകാശപ്പെടാമെന്ന് സ്ഥാപിക്കാൻവേണ്ടി പുസ്തകമെഴുതിയ നരേന്ദ്രഭൂഷൺതന്നെ അദ്ദേഹത്തിൻെറ ചിലവാദങ്ങൾ സ്ഥാപിക്കാൻ വേണ്ടി വേദങ്ങളിൽ മാറ്റത്തിരുത്തലുകളുണ്ടായിട്ടുണ്ടെന്ന് സമ്മതിക്കുന്നുണ്ട്. "ക്രമേണ പാഠാന്തരങ്ങളും ശാഖകളും നിലവിൽവരികയും ലോപിക്കുകയും ചെയ്തു. ചിലർ ബ്രാഹ്മണങ്ങളെയും വേദങ്ങളിൽ ഉൾപ്പെടുത്തി. ഇങ്ങനെ സംഹിതയും ബ്രാഹ്മണവുമെല്ലാം കൂടിക്കുഴഞ്ഞപ്പോൾ വ്യാസൻ അവയെ പുനർനിർണ്ണയം ചെയ്തിരിക്കാം. അങ്ങനെയാവാം വ്യാസൻ വേദം പകുത്തെന്ന കഥ നിലവിൽ വന്നത്"[1]. "ഇവയിൽനിന്ന് നമുക്ക് അനുമാനിക്കാവുന്നത് സംഹിതക

1. മഹാഭാരതം: ശാന്തിപർവ്വം 348:56.
2. നരേന്ദ്ര ഭൂഷൺ: വൈദിക സാഹിത്യചരിത്രം, പേജ് 38.



ളും ബ്രാഹ്മണങ്ങളും കൂടിക്കുഴഞ്ഞ് അസ്സൽ വേദമേത് പ്രവചനമേത് ശാഖയേത് എന്ന് തിരിച്ചറിയാനാവാതെ വന്ന ഒരു കാലഘട്ടമുണ്ടായിരുന്നുവെന്നാണ്"[2].

വേദങ്ങൾ അപൗരുഷേയം അഥവാ ദൈവികമാണെന്ന വാദം അടിസ്ഥാനരഹിതമാണെന്നഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. ഇതിന് വേദങ്ങളിൽ നിന്നുതന്നെ തെളിവുകളുദ്ധരിക്കപ്പെടുകയും ചെയ്യുന്നു. മാക്ഡൊണൽ, കീത്ത് തുടങ്ങിയ പാശ്ചാത്യ വേദപണ്ഡിതന്മാർ ഈ അഭിപ്രായക്കാരാണ്.[3] ഋഗ്വേദത്തിലും ബ്രാഹ്മണങ്ങളിലും കാണുന്ന മന്ത്രകൃത് എന്ന പദത്തിന് മന്ത്രങ്ങളുണ്ടാക്കിയ കവിയെന്നാണ് അർത്ഥമെന്നും അതുകൊണ്ടുതന്നെ മന്ത്രങ്ങളുണ്ടാക്കിയത് ഋഷിമാരാണ് ദൈവമല്ലെന്ന് ഇതുകൊണ്ട് വ്യക്തമാകുന്നുവെന്നും അവർ വാദിക്കുന്നു. "ഋഷേമന്ത്രകൃതാം" (ഋഷിമാരാണ് മന്ത്രങ്ങളുണ്ടാക്കിയവർ) എന്ന ഋഗ്വേദ[4] വചനവും "ശിശുർവ്വാ ആങ്ഗിരസോ മന്ത്രകൃതാം മന്ത്രകൃതാ സീത്" (ശിശു ആങ്കിരസ്സ് മന്ത്രകൃത്തായിരുന്നു) എന്ന താണ്ഡ്യ ബ്രാഹ്മണ[5] വചനവും "സർവ്വ ഋഷി മന്ത്ര ഋത്" (ഈ ഋഷിമാരെല്ലാം മന്ത്രകൃത്തുകൾ) എന്ന ഐതരേയ ബ്രാഹ്മണ[6] വചനവും 'നമ ഋഷിഭ്യോ മന്ത്രകൃത് ഭ്യോ" (മന്ത്ര കൃത്തുകളായ ഋഷിമാർക്ക് നമസ്ക്കാരം) എന്ന തൈത്തീരിയ ആരണ്യക[7] വചനവുമെല്ലാം വേദമന്ത്രങ്ങളുടെ കർത്താക്കൾ ഋഷിമാരായിരുന്നുവെന്നതിനുള്ള തെളിവുകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ അപൗരുഷേയ വാദികളുടെ അഭിപ്രായത്തിൽ കൽപ്പത്തിൻെറ ആദിയിൽ ഈശ്വരാനുഗ്രഹത്താൽ മന്ത്രം ലഭിച്ചവരാണ് മന്ത്രകൃത്തുകൾ. ഈശ്വരനിൽനിന്ന് വേദം ലഭിച്ചവരാണ് ഋഷിമാർ എന്നർത്ഥം.

വേദങ്ങൾ ലോകത്തുള്ള സകല വിജ്ഞാനങ്ങളുമുൾക്കൊള്ളുന്നുവെന്നും അവയ്ക്ക് ഒരിക്കലും തെറ്റുപറ്റുകയില്ലെന്നുമുള്ള വാദത്തെ ആധുനിക ഹൈന്ദവ പണ്ഡിതന്മാരിൽതന്നെ നല്ലൊരു ശതമാനം അനുകൂലിക്കുന്നില്ല. ഡോക്ടർ സർവ്വേപ്പള്ളി രാധാകൃഷ്ണൻ

1. Ibid Page 51
2. Ibid, Page 53.
3. Macdonell A.A. and Kieth, AB: Vedic Index of Names and Subjects, Page 131.
4. ഋഗ്വേദം 1:114:2.
5. താണ്ഡ്യബ്രാഹ്മണം 13:3:24
6. ഐതരേയ ബ്രാഹ്മണം 6:1.
7. തൈത്തിരീയ ആരണ്യകം 4:1:1.

എഴുതുന്നു: "വേദങ്ങൾ പ്രമാദമുക്തങ്ങളോ സർവ്വതും ഉൾക്കൊള്ളുന്നതോ അല്ല. ആത്മീയ സത്യം, ലിഖിത രേഖകളേക്കാൾ വളരെ ഉന്നതമായ വസ്തുതയാണ്. വേദരഹിത പ്രവാചകന്മാർ പ്രഖ്യാപിച്ച യാഥാർത്ഥ്യങ്ങളെ നാം വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം പിന്നീടുവന്ന നൂറ്റാണ്ടുകളിലെ മതാധ്യാപകന്മാരുടെ ആന്തരികദർശനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിലേക്കും നാം നയിക്കപ്പെടുന്നു. വേദം, അഗാധമായ ആന്തരികാനുഭവങ്ങളുടെയും വിജ്ഞാന വെളിപാടുകളുടെയും രേഖയത്രെ"[1]. എന്നാൽ സ്വാമി ദയാനന്ദ സരസ്വതിയെപ്പോലെയുള്ള തീവ്രവാദികൾ വേദത്തിന് യാതൊരു തെറ്റും വരാൻ സാധ്യതയില്ലെന്ന പക്ഷക്കാരാണ്. സ്വാമി ദയാനന്ദ സരസ്വതി എഴുതുന്നു: "ജ്ഞാനത്തിൻെറയും മതപരമായ സത്യങ്ങളുടെയും ഉറവിടമായ നാലുവേദങ്ങൾ ദൈവത്തിൻെറ വാക്കാണെന്ന് ഞാൻ വിശ്വസിക്കുന്നു. മന്ത്രസംഹിതയെന്നറിയപ്പെടുന്ന ഭാഗം മാത്രമാണവ.തെറ്റായ യാതൊന്നും അതിലില്ല. തികച്ചും ആധികാരികങ്ങളാണവ"[2].

ഇവിടെ മറ്റൊരു പ്രധാന പ്രശ്നമുണ്ട്. വേദത്തെ പൊതുവായി മൂന്ന് കാണ്ഡങ്ങളായാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. ലൗകികവും പാരത്രികവുമായ അഭീഷ്ട സിദ്ധികളും സൗഖ്യവും ഉണ്ടാവുന്നതിനുവേണ്ടിയുള്ള അനുഷ്ഠാനമുറകളുള്ള കർമ്മകാണ്ഡമാണ് ഒന്ന്. ഈശ്വരാരാധന ചെയ്യേണ്ടുന്ന രീതിയും ഐഹികവും പാരത്രികവും പരമാർത്ഥികവുമായ സിദ്ധികൾക്കുള്ള ഉപായങ്ങളുമടങ്ങുന്ന ഉപാസനാകാണ്ഡം രണ്ടാമത്തേതും ഇഹലോക പരലോക തത്വങ്ങളും ജീവാത്മാവ് പരമാത്മാവ് ജഗത്ത് എന്നിവയുടെ രഹസ്യവുമടങ്ങുന്ന ജ്ഞാനകാണ്ഡം മൂന്നാമത്തേതുമാണ്. വേദങ്ങൾക്കെല്ലാമുള്ള സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നീ നാല് വിഭാഗങ്ങളെ ഈ മൂന്ന് കാണ്ഡങ്ങളുമായി ബന്ധപ്പെടുത്തിയാണ് വ്യവഹരിച്ചുപോരുന്നത്. ദേവീദേവന്മാരുടെ സ്തുതികളുൾക്കൊള്ളുന്ന സംഹിതയും മന്ത്രങ്ങളുടെ ഗൂഢാർത്ഥങ്ങൾ വ്യക്തമാക്കുകയും അനുഷ്ഠാനങ്ങളുടെ വിധിവിധാനങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന ഭാഗമായ ബ്രാഹ്മണവും കർമ്മകാണ്ഡത്തിൽ ഉൾപ്പെടുന്നു. ഏകാ

3. Dr. S Radhakrishnan: Indian Religions, Page 22.
4. Swami Dayananda Saraswthati: The Light of Truth, Page 657.



ന്തതയിലിരുന്ന് ഋഷിമാർ വേദമന്ത്രങ്ങളെ മനനം ചെയ്തുകൊണ്ട് സ്ഥിരപ്പെടുത്തിയ തത്ത്വവിചാരമായ ആരണ്യകങ്ങൾ ഉപാസനാകാണ്ഡത്തിലും ആധ്യാത്മശാസ്ത്രത്തിൻെറയും ആത്മസംബന്ധിയായ ചർച്ചയുടെയും കേന്ദ്രങ്ങളായ ഉപനിഷത്തുകൾ ജ്ഞാനകാണ്ഡത്തിലും ഉൾപ്പെടുന്നു. സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നിവ ഉൾക്കൊള്ളുന്നതാണ് വേദം. ഇവ മുഴുവൻ ശ്രുതി അഥവാ അപൗരുഷേയമാണ് എന്നാണ് ഹൈന്ദവ വിശ്വാസം. സാധാരണ വേദമെന്ന് വ്യവഹരിക്കപ്പെടുമ്പോൾ സംഹിത മാത്രമെ വിവക്ഷിക്കാറുള്ളൂവെന്നത് ശരിതന്നെ പക്ഷെ, വേദങ്ങളുടെ ഭാഗം തന്നെയാണ് ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുകളുമെല്ലാം. എന്നാൽ ദയാനന്ദ സരസ്വതിയും അദ്ദേഹം സ്ഥാപിച്ച ആര്യസമാജത്തിൻെറ വക്താക്കളും സംഹിതക്ക് മാത്രമെ പൂർണ്ണമായ അപ്രമാദിത്വം കൽപ്പിക്കുന്നുള്ളൂ. അദ്ദേഹത്തിൻെറ 'സത്യാർഥപ്രകാശ'ത്തിൽനിന്ന് മുമ്പുദ്ധരിച്ച ഉദ്ധരണി അത് വ്യക്തമാക്കുന്നു. ഈ വാദം ഹിന്ദുങ്ങൾ ഇന്നോളംസ്വീകരിച്ചു പോന്ന അഭിപ്രായത്തിനെതിരാണ്. സ്വാമി വിവേകാനന്ദൻ എഴുതുന്നു: "വേദങ്ങളെന്നാൽ സംഹിതകൾ മാത്രമാണെന്നുള്ള വാദം വളരെ പുതിയതും പരേതനായ ശ്രീ ദയാനന്ദ സ്വാമികളാൽ ഉന്നയിക്കപ്പെട്ടി ട്ടുള്ള തുമാണ്. ഇത് സാധാരണ ജനങ്ങൾക്കിടയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതല്ല. സംഹിതക്ക് പുതിയ അർത്ഥകൽപ്പനകൾ നൽകി വൈദികസിദ്ധാന്തത്തെ മുഴുവൻ വ്യാഖ്യാനിക്കാനുള്ള ഉദ്ദേശ്യമാണ് ഈ വാദത്തിന് പിന്നിലുള്ളത്. വിഷമങ്ങൾ എന്നിട്ടും അവസാനിച്ചിട്ടില്ല. ഇവ്വിധമൊക്കെ ചെയ്തിട്ടും ബ്രാഹ്മണങ്ങളുടെ അടിസ്ഥാനത്തിലേക്ക് അവ വീണ്ടും നിപതിക്കുകയും ചെയ്തു"[1].

സൃഷ്ടിയുടെ ആരംഭത്തിൽതന്നെ വേദം അവതരിപ്പിച്ചുവെന്ന വിശ്വാസപ്രകാരം പ്രപഞ്ചത്തിന് എത്ര പഴക്കമുണ്ടോ അത്രയും പഴക്കം വേദത്തിനുമുണ്ട്. സ്വാമി ദയാനന്ദൻെറ മതപ്രകാരം വേദങ്ങൾ വെളിപ്പെടുത്തപ്പെട്ടത് 1310 മില്ല്യൺ വർഷങ്ങൾക്ക് മുമ്പാണ്. എന്നാൽ ഭാഷാശാസ്ത്രജ്ഞന്മാരും വസ്തുനിഷ്ഠ ചരിത്രകാരന്മാരും ഈ വാദത്തിനെതിരാണ്. ക്രിസ്തുവിന് മുമ്പ് ആയിരാമാണ്ടിന് മുമ്പായി പല കാലങ്ങളിലായി രൂപംകൊണ്ട ഋഗ്വേദം ബി.സി. 800നും

1 Letters of Swami Vivekananda, Page 96.

ബി.സി 1000ത്തിനും മധ്യേയാണ് സമാഹരിക്കപ്പെട്ടതെന്നാണ് മാക്സ്മുള്ളർ[1] അഭിപ്രായപ്പെടുന്നത്. വിൻറർനിറ്റ്സിൻെറ അഭിപ്രായത്തിൽ ഋഗ്വേദത്തിൻെറ ആദിമന്ത്രങ്ങൾക്ക് 2500 കൊല്ലത്തെ പഴക്കം കാണുമെന്നാണ്. വേറെ ചില പാശ്ചാത്യ പണ്ഡിതന്മാർ അവയ്ക്ക് കുറഞ്ഞപക്ഷം 4000 കൊല്ലത്തെ പഴക്കം കൽപ്പിക്കുന്നുണ്ട്[2]. ഋഗ്വേദത്തിലെ ഏറ്റവും പഴയ ഗീതങ്ങൾ ക്രിസ്തുവിന് 1200 കൊല്ലങ്ങൾക്കു മുമ്പെങ്കിലും രചിക്കപ്പെട്ടതായിരിക്കണമെന്നാണ് ഇ.ജി. റാപ്സൻെറ[3] പക്ഷം. എന്നാൽ ഭാരതീയ പണ്ഡിതന്മാരിൽ പ്രമുഖനായ ഡോ.രാധാകൃഷ്ണൻെറ അഭിപ്രായത്തിൽ ഋഗ്വേദസൂക്തങ്ങളുടെ കാലം ഏകദേശം ക്രിസ്തുവിന് പതിനഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പാണ്[4]. വേദങ്ങൾ അപൗരുഷേയമോ സ്വതഃപ്രമാണമോ അല്ലെന്ന ഈ പണ്ഡിതന്മാരുടെ വാദത്തെ ദയാനന്ദ സരസ്വതിയുടെ അനുയായികൾ ശക്തമായിത്തന്നെ വിമർശിക്കുന്നുണ്ടെങ്കിലും വസ്തുനിഷ്ഠമായ പഠനങ്ങൾ നടത്തുന്നവർക്ക് ഈ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളേ അവലംബിക്കാനേ കഴിയൂ.

ശ്രുതി, നിഗമം, ബ്രഹ്മം, ആമ്നായം, ഛന്ദസ്സ്, പ്രവചനം എന്നീ പര്യായങ്ങളുള്ള വേദം ഗുരുമുഖത്തുനിന്നുതന്നെ പഠിക്കണമെന്നാണ് പ്രമാണം. വേദപഠനത്തിന് ഒരു ക്രമമുണ്ട്. ഋഷി, ഛന്ദസ്സ്, ദേവത, സ്വരനിയമം എന്നിവ അറിഞ്ഞാണ് വേദം പഠിക്കേണ്ടത്. പഠിക്കുന്ന വേദമന്ത്രം, പ്രകടമാക്കിയ ഋഷിയേത്, അതെങ്ങിനെയാണ് ഉച്ചരിക്കേണ്ടത്, അതിൽ പ്രതിപാദിച്ചിരിക്കുന്ന ദേവതയാര്, ഏത് കാര്യത്തിന് എങ്ങനെയാണ് പ്രയോഗിച്ചിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുന്നത് വേദപഠനത്തിന് അനിവാര്യമാണ്. ഋഷിപാരമ്പര്യ പ്രകാരം ഗുരു ശിഷ്യന് ഉപദേശിക്കുകയും ശിഷ്യൻ അവ ഹൃദിസ്ഥമാക്കുകയും ചെയ്യുന്ന ക്രമത്തിലാണ് ആദ്യമാദ്യം വേദാദ്ധ്യയനം നടത്തിവന്നിരുന്നത്. പ്രത്യേക മഹത്വത്തോടുകൂടിയുള്ള മന്ത്രത്തിന് തുല്യം, മന്ത്രം മാത്രമേയുള്ളൂവെന്ന് വിശ്വസിച്ചുവന്നതിനാൽ വേദമന്ത്രം തർജ്ജമ ചെയ്യുന്നതുകൂടി നിരുൽസാഹപ്പെടുത്തപ്പെട്ടു. 1949 ലാണ് ഋഗ്വേദത്തിൻെറ ആദ്യത്തെ ഇംഗ്ലീഷ് പരിഭാഷ മാക്സ്മുള്ളർ[5]

1. Fredrich Max Muller: The Vedas, Page 25.
2. ഭാരത വിജ്ഞാനകോശം, വാല്യം 2, പേജ് 659.
3. E.G. Rapson: Ancient India, Page 5.
4. Dr. S. Radhakrishnan: Indian Philosophy Vol. 1, Page 37
5. Fredrich Max Muller: Rigveda Samhita (London)



പുറത്തിറക്കുന്നത്. ഇതേത്തുടർന്ന് ഇന്ന് ലോകത്തുള്ള എല്ലാ പ്രധാന ഭാഷകളിലും ഋഗ്വേദത്തിൻെറയും മറ്റ് വേദങ്ങളുടെയും പരിഭാഷകളുണ്ട്. മലയാളത്തിൽ ഋഗ്വേദ സംഹിത പരിഭാഷപ്പെടുത്തിയിരിക്കുന്നത് വള്ളത്തോളാണ്[1].

ഋഷിവര്യന്മാർക്ക് ദർശനമായി ലഭിച്ചു തലമുറകൾ കൈമാറിയെത്തിയ വേദവാക്യങ്ങൾ കൃഷ്ണദ്വൈപായന മഹർഷി ഋക്ക്, യജുസ്സ്, സാമം, അഥർവ്വം എന്നിങ്ങനെ നാലായി വിഭജിച്ചു. അങ്ങിനെയാണ് വേദത്തെ വ്യസിച്ചവൻ (വിഭജിച്ചവൻ) അഥവാ വേദവ്യാസൻ എന്ന് പേരുവന്നത്. ക്രിസ്തുവിന് മുമ്പ് പതിനഞ്ച്, പതിനെട്ട് നൂറ്റാണ്ടുകൾക്ക് നടുവിലാണ് വേദവ്യാസൻ ജീവിച്ചിരുന്നതെന്നാണ് പൊതുവെ അനുമാനിക്കപ്പെടുന്നത്. ദ്വാപരയുഗംവരെ മൗലികമായി ഒരു വേദമേ ഉണ്ടായിരുന്നുള്ളൂവെന്നും ആ യുഗാന്തരത്തിലാണ് വ്യാസൻ വേദത്തെ നാലാക്കി പകുത്തതെന്നുമാണ് വിശ്വാസം. എന്നാൽ ദയാനന്ദ സരസ്വതി ഈ അഭിപ്രായക്കാരനല്ല. അദ്ദേഹം ആദ്യം മുതൽക്കുതന്നെ വേദങ്ങൾ നാലായിരുന്നുവെന്ന അഭിപ്രായക്കാരനാണ്. അഥർവവേദത്തിൽ വേദങ്ങൾ എന്ന് പ്രസ്താവിച്ചത് ബഹുവചനമാണെന്നും ശ്രുതി, സ്വതഃപ്രമാണമായതിനാൽ അത് തെറ്റാൻ പാടില്ലെന്നും അതുകൊണ്ടുതന്നെ ആദ്യം മുതൽക്കേ ഒന്നിലധികം വേദങ്ങളുണ്ടായിരിക്കണമെന്നുമാണ് അദ്ദേഹത്തിൻെറ ഒന്നാമത്തെ വാദം. വ്യാസൻെറ പിതാവും പിതാമഹനും പ്രപിതാമഹനും ഒക്കെയായ പരാശരനും ശക്തിയും വസിഷ്ഠനും ബ്രഹ്മർഷിയും നാലുവേദങ്ങളും പഠി ച്ചിരുന്നുവെന്ന പരാമർശങ്ങളിൽനിന്നും വ്യാസൻ വേദം പകുത്തുവെന്ന വാദം അസംബന്ധമാണെന്ന് വ്യക്തമാകുന്നുവെന്നാണ് അദ്ദേഹത്തിൻെറ രണ്ടാമത്തെ വാദം. ഏതായാലും ഈ വാദങ്ങളെ ബഹുഭൂരിപക്ഷം ഹൈന്ദവപണ്ഡിതന്മാരും അംഗീകരിക്കുന്നില്ല.

അഥർവ്വനെന്ന ഋഷിയാണ് മറ്റ് മൂന്ന് വേദങ്ങളിൽനിന്നും ചില വിഷയങ്ങളെക്കുറിച്ച മന്ത്രങ്ങൾ ഒന്നായിച്ചേർത്ത് അഥർവ്വവേദം ആവിഷ്ക്കരിച്ചതെന്നും ഒരഭിപ്രായമുണ്ട്. ഈ അഭിപ്രായം ശരിയായാലും തെറ്റായാലും ആദ്യകാലത്ത് മൂന്ന് വേദങ്ങളേ ഉണ്ടായിരുന്നുള്ളൂവെന്നതിലേക്ക് ഉപനിഷത്തുകൾ സൂചന നൽകുന്നുണ്ട്. "ആ ഓംകാരത്തിൽ മൂന്ന് ദേവന്മാരും മൂന്ന് ലോകങ്ങളും മൂന്ന് വേദങ്ങ

6. വള്ളത്തോൾ: ഋഗ്വേദ സംഹിത (പരിഭാഷ) (തൃശ്ശിവപേരൂർ).

ളും മൂന്ന് അഗ്നികളുമുണ്ട്"[1] എന്ന് ബ്രഹ്മവിദ്യോപനിഷത്തിലും "ആദിത്യന്മാർ, രുദ്രൻമാർ, മരുത്തുക്കൾ, വസുക്കൾ, അശ്വനീകുമാര ന്മാർ, ഋഗ്വേദം, യജുർവേദം, സാമവേദം, മന്ത്രം, അഗ്നി, ആജ്യം, ആഹുതി എന്നിവയെല്ലാം നാരായണൻ തന്നെയാണ്. ഉത്ഭവം, സംഭ വം ഇവയും ദിവ്യനും ദേവനും ഏകനുമായ നാരായണൻ തന്നെയാ ണ്"[2] എന്ന് സുബാലോപനിഷത്തും പറയുന്നു. ഇവയിൽനിന്നും ഈ ഉപനിഷത്തുകൾ രചിക്കുന്നകാലത്ത് അഥർവ്വവേദം ഉണ്ടായിരു ന്നില്ലെന്നും അത് പിന്നീട് ഉണ്ടായതാണെന്നും ന്യായമായി അനു മാനിക്കാവുന്നതാണ്.

"സഹസ്രാബ്ദങ്ങൾക്കുശേഷവും വേദങ്ങളിൽ വ്യത്യാസമൊ ന്നും വന്നിട്ടില്ല" എന്ന വാദക്കാരെ കുഴക്കുന്ന ഒരു പ്രധാന പ്രശ് നമാണ് ശാഖകളെ സംബന്ധിച്ച ചർച്ചകളെല്ലാംതന്നെ. "ശാഖകളിൽ ചില മാറ്റങ്ങളുണ്ടെങ്കിലും മൂലപാഠത്തിൽ ഒരു വ്യത്യാസവും വന്നി ട്ടില്ലെന്ന് മാത്രമല്ല, തീർത്തും സംരക്ഷിതവുമാണ്"[3]. എന്ന പ്രയോഗം തന്നെ ഇക്കാര്യം വ്യക്തമാക്കുന്നു.

ശാഖകൾ വേദാവയവമാണെന്നും അതല്ല വേദവ്യാഖ്യാനങ്ങ ളാണെന്നും അഭിപ്രായങ്ങളുണ്ട്. എന്താണ് വേദശാഖകളെന്നതിനെ ക്കുറിച്ച് ശ്രീ. നരേന്ദ്ര ഭൂഷൺ എഴുതുന്നു: "വേദം സൃഷ്ടിച്ചതല്ല. അവ നിത്യമാണ്. അർത്ഥം നിത്യമാണെങ്കിലും അക്ഷരങ്ങളിലും വ്യഞ്ജനങ്ങളിലും അങ്ങോട്ടുമിങ്ങോട്ടും മാറ്റംവരും. അങ്ങനെ മാറ്റം വന്നവയാണ് കാഠകം, കാലാപകം, മൗദകം, പാപ്പിലാദം തുടങ്ങിയവ. ഇവിടെ അക്ഷരങ്ങളിലും വ്യഞ്ജനങ്ങളിലും മാറ്റമെന്നുപറഞ്ഞത് വേദശാഖകളെ ഉദ്ദേശിച്ചാണ്. അവയിലാണല്ലോ പാഠാന്തരങ്ങൾ ഉള്ളത്. അതിനാൽ ഒരർത്ഥത്തെ വ്യാഖ്യാനിക്കുന്നവയാണ് പാഠാന്ത രങ്ങൾ എന്ന് വരുന്നു"[4]. ഉച്ചാരണഭേദവും പാഠഭേദവും മാത്രമല്ല ശാഖകൾക്ക് നിദാനമായതെന്ന് കാണാം. ചിലശാഖകളിൽ പല സൂക്തങ്ങളും കാണുന്നില്ല. "ഋഗ്വേദത്തിൻെറ ചില ശാഖകളിൽ മൂന്നോ നാലോ മന്ത്രങ്ങളുടെ കൂടുതൽ കുറവ് കാണാം. ശാകല ശാഖയിൽ പല ബാലഖില്ല്യ സൂക്തങ്ങളും ഇല്ല. ബാഷ്കല ശാഖയി

1. ബ്രഹ്മ വിദ്യോപനിഷത്ത്: ശാന്തിപാഠം 5
2. സുബാലോപനിഷത്ത്: 6:3
3 നരേന്ദ്ര ഭൂഷൺ: വൈദിക സാഹിത്യചരിത്രം, പേജ് 38.
4.Ibid, Page 66.



ലുണ്ട്. മൂലഋഗ്വേദത്തിൽ എല്ലാം ഉണ്ടുതാനും"[1]. ചില ശാഖകളിൽ സൂക്തങ്ങൾ കുറവ് കാണുമ്പോൾ മറ്റ് ചിലവയിൽ കൂടുതലാണുള്ള ത്. "ബ്രാഹ്മണങ്ങളിലും ഉപനിഷത്തുകളിലും ശ്രൗത സൂത്രങ്ങളി ലും കാണുന്ന പല മന്ത്രങ്ങളും ഇന്നത്തെ ഋഗ്വേദത്തിലില്ല. കണ്ടു കിട്ടിയ ചില ശാഖകളിലവയുണ്ടുതാനും. ഐതരേയ ബ്രാഹ്മണ ത്തിലെ പ്രതികഋഷിയുടെ മന്ത്രങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഇവയെ എങ്ങനെ നിർണ്ണയിച്ചെടുക്കാം എന്നത് കടുത്ത സമസ്യയാ ണ്"[2]. വേദങ്ങളിൽ യാതൊരു കൈക്രിയകളും നടന്നിട്ടില്ലെന്ന വാദം ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. വേദസംഹിതകളടെ പാഠഭേദങ്ങളാ യ ശാഖകളിൽ പലതും നഷ്ടപ്പെടുകകൂടി ചെയ്തിട്ടുണ്ടെന്ന് വരു മ്പോൾ ഈ ചോദ്യം ചെയ്യലിന് പ്രസക്തിയേറുന്നു. നിലനിൽക്കുന്ന ശാഖകളിൽതന്നെ മന്ത്രസംഖ്യകളുടെ എണ്ണത്തിൽപോലും വ്യത്യാ സമുണ്ടെന്ന് വരുമ്പോൾ ലുപ്തമായ ശാഖകളിൽ കൂടുതൽ വ്യത്യാ സങ്ങളുണ്ടാവാനുള്ള സാധ്യത നിഷേധിക്കാൻ വയ്യ. "ശാഖകളെ സംബന്ധിച്ച പഠനം ഒട്ടും എളുപ്പമല്ല. ബഹുഭൂരിപക്ഷം ശാഖകളും ലോപിച്ചുപോയി. അവയെ കണ്ടെത്തുന്നത് തുലോം വിഷമമാണ്"[3] എന്നാണ് ദയാനന്ദ സരസ്വതിയുടെ അനുയായികൾ പോലും പറയു ന്നത്.

**ഋഗ്വേദം:** ആര്യന്മാരുടെ വേദസാഹിത്യങ്ങളിൽവെച്ച് ഏറ്റവും പ്രാചീനവും പ്രാമാണികവും ഋഗ്വേദമാണ്. 'ഋക്ക്' എന്ന പദത്തിൻെറ അർത്ഥം സ്തുതിയെന്നാണ്. ഋഗ്വേദം മുഴുവൻ ദേവസ്തുതി സംബ ന്ധിയായ മന്ത്രങ്ങളാണ്. ഋഗ്വേദത്തിന് ഇരുപത്തിയൊന്ന് ശാഖക ളുണ്ടെന്നാണ് പതഞ്ജലി തൻെറ മഹാഭാഷ്യത്തിൽ പറഞ്ഞിരിക്കുന്ന ത്. ഇതേ അഭിപ്രായം തന്നെയാണ് സ്വാമിദയാനന്ദ സരസ്വതിക്കുമു ള്ളത്. എന്നാൽ സ്കന്ദപുരാണത്തിൽ ഋഗ്വേദത്തിന് അറുപത്തി യൊന്ന് ശാഖകളുണ്ടെന്ന് പറഞ്ഞിരിക്കുന്നു. ഇന്ന് പ്രചാരത്തിലി രിക്കുന്ന ഋഗ്വേദസംഹിത ശാകല ശാഖയുടേതാണ്. ആകെ പത്ത് മണ്ഡലങ്ങളിലായി 1017 സൂക്തങ്ങളാണ് ഋഗ്വേദത്തിനുള്ളത്. ശാകല സംഹിതയിൽ ഇല്ലാത്തതും പിൽക്കാലത്ത് കൂട്ടിച്ചേർത്തതെന്ന് കരു തപ്പെടുന്നതുമായ പതിനൊന്ന് ബാലഖില്ല്യ സൂക്തങ്ങളും കൂടി

1.Ibid, Page 67.
2.Ibid Page 68
3.Ibid Page 68

ഉൾപ്പെടുത്തിയാൽ 1028 സൂക്തങ്ങളാണ് ആകെയുള്ളത്. ഇതെല്ലാം കൂടി കൂട്ടി ആകെ 10522 ഋക്കുകൾ (ശ്ലോകങ്ങൾ) ആണ് ഋഗ്വേദത്തിലുള്ളത്. ഇത് ശാകല ശാഖയുടെ കാര്യമാണ്. മറ്റ് ശാഖകളിൽ വ്യത്യസ്ത എണ്ണം ഋക്കുകളും മണ്ഡലങ്ങളുമാണുള്ളത്. എത്ര ഋക്കുകളാണ് ഇവയിലുള്ളതെന്ന വിഷയത്തിൽ ഇന്നും പണ്ഡിതന്മാർക്കിടയിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഋഗ്വേദത്തിൻെറ മറ്റ് പാഠഭേദങ്ങളായ മുദ്ഗലശാഖ, ശാലവശാഖ, ശാലീയശാഖ, വാൽസ്യശാഖ, ശൈശിരീശാഖ, ബൗധ്യശാഖ, അഗ്നിമാഠരശാഖ, പരാശരശാഖ, ജാതൂകർണ്യശാഖ, ആശ്വലായനശാഖ, ശാംഖായനശാഖ, കൗഷീതകിശാഖ തുടങ്ങിയവയൊന്നുംതന്നെ പൂർണ്ണരൂപത്തിൽ ഇന്ന് കിട്ടാനില്ല.

ഇന്ന് ലഭ്യമായ ഋഗ്വേദത്തിലെ അദ്ധ്യായം തിരിച്ചുള്ള സൂക്തങ്ങളുടെ എണ്ണം ഇങ്ങനെയാണ്. ഒന്നാം മണ്ഡലം 191, രണ്ടാം മണ്ഡലം 43, മൂന്നാം മണ്ഡലം 62, നാലാം മണ്ഡലം 58, അഞ്ചാം മണ്ഡലം 87, ആറാം മണ്ഡലം 75, ഏഴാം മണ്ഡലം 104, എട്ടാം മണ്ഡലം 103, ഒൻപതാം മണ് ഡലം 114, പത്താം മണ്ഡലം 191.

“യജ്ഞത്തിൻെറ പുരോഹിതനും സൂത്രധാരനും ഹോതാവും ഐശ്വര്യദാതാവുമായ അഗ്നിദേവനെ ഞാൻ വന്ദിക്കുന്നു”[1] എന്ന മന്ത്രം കൊണ്ടാരംഭിക്കുന്ന ഋഗ്വേദത്തിൽ നാം കാണുന്നത് ദേശാടനക്കാരായ ഒരുകൂട്ടം മനുഷ്യരുടെ, ചുറ്റുപാടുകളിൽനിന്നും പ്രകൃതിയിൽ നിന്നും എതിരാളികളോടുള്ള ദേഷ്യത്തിൽനിന്നും പ്രചോദിതമായി രചിക്കപ്പെട്ട കുറെ വചനങ്ങളാണ്. സപ്തസിന്ധുവിലേക്ക് കടന്നുവന്ന ആര്യന്മാരും ഇവിടെയുണ്ടായിരുന്ന ദസ്യുക്കളും തമ്മിൽ നടന്ന സംഘട്ടനങ്ങളാണ് പല ഋക്കുകളുടെയും ഇതിവൃത്തം. ഇന്ദ്രനെപ്പോലുള്ള ദേവൻമാർപോലും ഈ സംഘട്ടനത്തിൻെറ സൃഷ്ടിയാണെന്നാണ് ആധുനിക പണ്ഡിതന്മാരിൽ നല്ലൊരു വിഭാഗത്തിൻെറ പക്ഷം. മേച്ചിൽസ്ഥലങ്ങൾ തേടിയെത്തിയ ആര്യന്മാർ, സസ്യശ്യാമളവും ഫലഭൂയിഷ്ഠവും നദികൾ നിറഞ്ഞതുമായ സിന്ധു സമതലത്തിൽ പ്രവേശിച്ചപ്പോൾ അവരുടെ മനസുകളിൽ അലതല്ലിയ സന്തോഷത്തിൻെറയും ആശ്ചര്യത്തിൻെറയും ഫലമായി പുറത്തു

1 അഗ്നിമീളേ പുരോഹിതം
യജ്ഞസ്വ ദേവ മൃത്വിന്ദം
ഹോതാരം രത്നധാതവം (ഋഗ്വേദം 1:1:1).



വന്ന ഋഗ്വേദസൂക്തങ്ങൾ പലതും മനോഹരമായ ഭാവനകൾകൊണ്ട് സമ്പുഷ്ടമാണ്.

ഋഗ്വേദത്തിൽ ഐതരേയമെന്നും ശാഖായനമെന്നും പേരായ യഥാക്രമം നാൽപ്പതും മുപ്പതും അധ്യായങ്ങളുള്ള രണ്ട് ബ്രാഹ്മണങ്ങളുണ്ട്. ഐതരേയമെന്നും കൗഷീതകിയെന്നും പേരായ രണ്ട് ആരണ്യകങ്ങളുമുണ്ട്. ‘ശൗകനീയ ശിക്ഷ’ മാത്രമാണ് ഷഡംഗങ്ങളിൽ ഇന്ന് കിട്ടാനുള്ളത്. ആയുർവേദമാണ് ഋഗ്വേദത്തിൻെറ ഉപവേദം. അഷ്ടാംഗങ്ങളോടുകൂടിയ ആയുർവേദത്തിന് അനേകം ഉപവേദങ്ങൾ ഉണ്ടായിട്ടുണ്ട്. അഗ്നീധ്ര സുരാജഗ്രന്ഥം, കർണ്ണകപ്രഭ, ധാതുവാദഗ്രന്ഥം, ധന്വന്തരീസൂത്രം, മാനസൂത്രഗ്രന്ഥം എന്നിവ അവയിൽ ചിലത് മാത്രമാണ്. ശാരീരികവും മാനസികവുമായ ആരോഗ്യം എങ്ങിനെ നിലനിർത്താമെന്നതാണ് ആയുർവേദത്തിൻെറ പ്രതിപാദ്യ വിഷയം. ആയുർവ്വേദം, അഥർവ്വവേദത്തിൻെറ ഉപവേദമാണെന്നും അഭിപ്രായമുണ്ട്.

**യജുർവേദം:** കർമ്മകാണ്ഡമാണ് പ്രധാനമായും യജുർവേദത്തിലുള്ളത്. ഹോമങ്ങൾക്കും യാഗങ്ങൾക്കുമുള്ള മന്ത്രങ്ങളാണിതിൽ പ്രധാനമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഗദ്യപദ്യ സമ്മിശ്രമായ ഇതിലെ പദ്യങ്ങൾ മിക്കതും ഋഗ്വേദത്തിൽനിന്നെടുത്തവയാണ്. ഗദ്യരൂപത്തിലുള്ള വരികളിൽ പ്രധാനമായും യാഗവിധികളാണുള്ളത്. അധ്വരവേദമെന്നും പേരുള്ള യജുർവേദത്തിന് കൃഷ്ണയജുർവേദം, ശുക്ലയജുർവേദം എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്.

മുക്തികോപനിഷത്ത് പ്രകാരം നൂറ്റി അൻപതും ചരണവ്യൂഹ ഗ്രന്ഥപ്രകാരം എൺപത്തിയാറും പതഞ്ജലിയുടെ അഭിപ്രായ പ്രകാരം നൂറ്റി ഒന്നും ശാഖകളാണ് യജുർവേദത്തിനുള്ളത്. എന്നാൽ ഇതിൽ അഞ്ച് ശാഖകളിൽപ്പെട്ട സംഹിതകൾ മാത്രമെ ഇന്ന് കിട്ടാനുള്ളൂ. ഇതിൽ കാഠകസംഹിത, കപിഷ്ഠലസംഹിത, മൈത്രായണീ സംഹിത, തൈത്തിരീയ സംഹിത എന്നീ ശാഖകൾ കൃഷ്ണ യജൂർവേദത്തിലും വാജസ്നേയി സംഹിത ശുക്ല യജുർവേദത്തിലും പെട്ടതാണ്. വാജസ്നേയി സംഹിതക്ക് കാണ്വശാഖയെന്നും മാധ്വന്തിക ശാഖയെന്നും പേരുള്ള രണ്ട് ശാഖകൾകൂടിയുണ്ട്.

ശുക്ലയജുർവേദത്തിലെ മന്ത്രസംഖ്യയിൽ വരെ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരങ്ങളുണ്ടെന്നുവേണം പറയാൻ. ഇതിൽ

ആകെ 1500 മന്ത്രങ്ങളാണുള്ളതെന്ന് നരേന്ദ്രഭൂഷൺ[1] പറയുമ്പോൾ 1900 മന്ത്രങ്ങളുണ്ടെന്നാണ് പരമേശ്വരൻപിള്ള[2] വാദിക്കുന്നത്. ഓരോരുത്തരും അവലംബമാക്കിയത് വ്യത്യസ്ത ശാഖകളെയാവാം. അതായിരിക്കണം വ്യത്യസ്ത എണ്ണം മന്ത്രങ്ങൾ ഒരേ വേദത്തിൽ തന്നെയുണ്ടെന്ന് പറയാൻ കാരണം. ശുക്ലയജുർവേദത്തിലെ ആകെയുള്ള നാൽപ്പത് അധ്യായങ്ങളെ 1975 ഖണ്ഡികകളായാണ് വിഭജിച്ചിരിക്കുന്നത്. 190 അനുവാകങ്ങളാണിതിലുള്ളത്.

കൃഷ്ണയജുർവേദത്തിലെ തൈത്തിരീയ സംഹിതയ്ക്ക് ഏഴ് അഷ്ഠകങ്ങളും ഓരോ അഷ്ഠകത്തിലും അഞ്ചുമുതൽ എട്ടുവരെ അധ്യായങ്ങളുമാണുള്ളത്. 650 അനുവാകങ്ങളിലായി പതിനെട്ടായിരത്തോളം മന്ത്രങ്ങൾഇതിലുണ്ട്.

ദർശപൂർണ്ണമാസം, ചാതുർമാസ്യം, അഗ്നിഹോത്രം, അശ്വമേധം, രാജസൂയം തുടങ്ങിയ യാഗങ്ങൾക്ക് ഉപയോഗിക്കേണ്ട മന്ത്രങ്ങളെപ്പറ്റയും യാഗവിധികളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന യജുർവേദത്തിലെ മന്ത്രമുണ്ടാക്കിയവർ പ്രജാപതി, വസിഷ്ഠൻ, വിശ്വാമിത്രൻ തുടങ്ങിയ ഇരുന്നൂറിൽപ്പരം ഋഷിമാരാണ്. യജ്ഞവേദിയും അഗ്നികുണ്ഠവും നിർമ്മിക്കുമ്പോൾ ചൊല്ലേണ്ട മന്ത്രങ്ങൾമുതൽ യാഗത്തിനുപയോഗിക്കുന്ന നെയ്യ്, ചമത, യൂപം, യാഗവേദിക്കുള്ള ഇഷ്ടിക തുടങ്ങിയവയോട് പ്രാർത്ഥിക്കുന്ന മന്ത്രങ്ങൾ വരെ യജുർവേദം ഉൾക്കൊള്ളുന്നു.

അറുപതിനായിരം ശ്ലോകങ്ങളുൾക്കൊള്ളുന്ന ധനുർവേദമാണ് യജുർവേദത്തിൻെറ ഉപവേദം. ആർ.ടി.എച്ച്. ഗ്രിഫിത്തിൻെറ[3] ശുക്ലയജുർവേദ പരിഭാഷയാണ് പ്രസിദ്ധമായത്. ഇംഗ്ലീഷിൽ ഗ്രിഫിത്തിന് മുമ്പും പലരും പരിഭാഷകളെഴുതിയിരിക്കുന്നുവെങ്കിലും യജുർവേദത്തിൻെറ മലയാള പരിഭാഷകളൊന്നും ഈ ലേഖകൻെറ ദൃഷ്ടിയിൽ പ്പെട്ടിട്ടില്ല. ദേവീചന്ദിൻെറ[4] ഇംഗ്ലീഷ് പരിഭാഷയും പരക്കെ ഉപയോഗിക്കപ്പെടുന്ന സരളമായ പരിഭാഷകളിലൊന്നാണ്.

**സാമവേദം:** ഗാനപ്രധാനമായ വേദമാണ് സാമവേദം. ആകെ 1875 മന്ത്രങ്ങളാണ് സാമവേദത്തിലുള്ളത്. ഇതിൽ എഴുപത്തഞ്ച്

1. നരേന്ദ്രഭൂഷൺ: വൈദികസാഹിത്യ ചരിത്രം, പേ: 99.
2. കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മ പരിചയം, പേ: 182.
3. Griffith-R.T.H-The Texts of the White Yajurveda (Benares).
4. Devi Chanth: The Yajurveda (New Delhi)



മന്ത്രങ്ങളൊഴിച്ച് ബാക്കിയെല്ലാം ഋഗ്വേദത്തിലെ എട്ടും ഒൻപതും മണ്ഡലങ്ങളിൽനിന്നെടുത്തവയാണ്. ഇവ പാടുന്നതിന്നുള്ള സൗകര്യത്തിനുവേണ്ടി ആവർത്തി, പരിവർജ്ജനം എന്നീ മാറ്റങ്ങൾ സാമവേദ മന്ത്രങ്ങളിൽ വരുത്തിയിട്ടുണ്ട്. സാമവേദസംഹിത രണ്ട് ആർച്ചികങ്ങളായി വിഭജിച്ചിരിക്കുന്നു. ഉത്തരാർച്ചികവും പൂർവ്വാർച്ചികവുമാണവ. പൂർവ്വാർച്ചികത്തിൽ ആഗ്നേയകാണ്ഡം, ഐന്ദ്രകാണ്ഡം, സോമകാണ്ഡം, ആരണ്യകാണ്ഡം എന്നീ നാല് വിഭാഗങ്ങളാണുള്ളത്. ഇതിൽ ആകെ 650 മന്ത്രങ്ങളാണുള്ളത്. പത്ത് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്ന ഉത്തരാർച്ചികത്തിലാണ് ബാക്കി 1225 മന്ത്രങ്ങളും ഉൾക്കൊള്ളുന്നത്.

സാമവേദത്തിൻെറ ശാഖകളുടെ എണ്ണത്തിലും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആയിരമാണെന്നും ആയിരത്തി അറുപത്തഞ്ചാണെന്നും ആയിരത്തി എൺപതാണെന്നുമെല്ലാം അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. എന്നാൽ കൗഥുമീയം, രാണായനീയം, ജൈമിനീയം എന്നീ ശാഖകൾ മാത്രമെ ഇന്ന് കിട്ടാനുള്ളൂ.

ഗാന്ധർവ്വ വേദമാണ് സാമവേദത്തിൻെറ ഉപവേദം. സംഗീത-നൃത്ത വാദ്യാതിശാസ്ത്രങ്ങളുടെ മൂലഗ്രന്ഥമെന്നറിയപ്പെടുന്ന ഗാന്ധർവ്വവേദത്തിലെ ഋഷിമാർ സോമേശ്വരൻ, ഭരതമുനി എന്നിവരാണ്.

ഉപാസനാപ്രധാനമായ സാമവേദത്തിലെ ഗാനരൂപത്തിലുള്ള മന്ത്രങ്ങളിൽ അധികവും പ്രാർത്ഥനകളാണ്. അഗ്നി, ഇന്ദ്രൻ, സോമം എന്നീ ദേവന്മാരെ സ്തുതിക്കുന്ന മന്ത്രങ്ങളുമുണ്ട് ഇതിൽ. ഗാനരൂപത്തിലുള്ള പ്രാർത്ഥനകളിൽ പലതും വളരെ സുന്ദരങ്ങളാണ്. സാമവേദം അവസാനിപ്പിക്കുന്നത് "ദൈവമെ! എൻെറ കാതുകൾക്ക് നല്ലതുമാത്രം കേൾക്കുമാറാവുകയും നേത്രങ്ങൾകൊണ്ട് നല്ലതു മാത്രം കാണുമാറാവുകയും ചെയ്യേണമേ"[1] എന്ന സുന്ദരമായ പ്രാർത്ഥനയോടുകൂടിയാണ്.

സാമവേദത്തിനും ഇംഗ്ലീഷിൽ[2] പരിഭാഷകളുണ്ട്. മലയാള പരിഭാഷകളൊന്നും ഈ ലേഖകന് കാണാൻ കഴിഞ്ഞിട്ടില്ല.

1 "ഭദ്രം കർണേഭി: ശൃണുയാമ ദേവാ
ഭദ്രം പശ്യേമാക്ഷിഭിർജയത്രാ"
2 Max Muller: Sacred Books of the East (London),
Pandit Satyakam Vidyalankar:
The Holy Vedas (Delhi.), Devichand: The samaveda (Delhi)

**അഥർവ്വവേദം:** നാലാമത്തെ വേദമായ അഥർവ്വവേദത്തിന് ബ്രഹ്മവേദമെന്നും പേരുണ്ട്. മറ്റ് മൂന്ന് വേദങ്ങളേക്കാൾ അഥർവ്വ വേദത്തിന്ശ്രേഷ്ഠത കുറവാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്.

അഥർവണൻമാരും ആംഗിരസൻമാരും ഉപദേശിച്ചത് എന്ന അർത്ഥത്തിൽ 'അഥർവ്വാംഗിരസം' എന്നും അഥർവ്വവേദത്തിന് പേരുണ്ട്. അമൃത വേദം, ആത്മവേദം എന്നിവയും അഥർവ്വവേദത്തിൻെറ മറ്റ് പേരുകളാണ്.

പിപ്പിലാദം, തൗദം, മൗദം, ശൗനകീയം, ജാജലം, ജലദം, ബ്രഹ്മപദം, ദേവദർശം, ചാരണവൈന്യം എന്നിങ്ങനെ ഒൻപത് ശാഖകൾ അഥർവ്വവേദത്തിനുണ്ടായിരുന്നെങ്കിലും ഇന്ന് പിപ്പിലാദം, ശൗനകീയം എന്നീ രണ്ട് ശാഖകളിൽപെട്ട വേദപാഠങ്ങൾ മാത്രമാണുള്ളത്. ബാക്കി ഏഴ് ശാഖകളും കിട്ടാനില്ല.

അഥർവ്വവേദത്തിൽ ഇരുപത് കാണ്ഡങ്ങളുണ്ട്. അവയിൽ 730 സൂക്തങ്ങളും 5977 മന്ത്രങ്ങളുമാണുള്ളത്. മന്ത്രസംഖ്യയിൽ തർക്കം നിലനിൽക്കുന്നു. 5987 മന്ത്രങ്ങളുണ്ടെന്നും അതല്ല 6000 മന്ത്രങ്ങളുണ്ടെന്നുമെല്ലാം വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. അഥർവ്വവേദ മന്ത്രങ്ങളിൽ അഞ്ചിലൊരു ഭാഗത്തോളം മന്ത്രങ്ങൾ ഋഗ്വേദത്തിലുള്ളവയാണ്.

രാജ്യതന്ത്രപരമായ കാര്യങ്ങൾ, ആധ്യാത്മിക കാര്യങ്ങൾ, വിവാഹമന്ത്രങ്ങൾ, ദുഃസ്വപ്നനാശകങ്ങളായ മന്ത്രങ്ങൾ, പൗഷ്ടികമായ പ്രാർത്ഥനകൾ, ശ്രാദ്ധാതികർമ്മങ്ങൾ, സർപ്പവിഷത്തിനുള്ള പ്രതിവിധി, ശത്രുനാശത്തിനുള്ള മാർഗ്ഗങ്ങൾ, ആഭിചാരകർമ്മങ്ങൾ എന്നിവയെല്ലാമാണ് അഥർവ്വവേദത്തിലെ വിഷയങ്ങൾ. അഗ്ന്യാധാനം, സോമയാഗം, വാജപേയം മുതലായ യാഗങ്ങളെക്കുറിച്ച വിവരണവും ഇതിലുണ്ട്.

അഥർവ്വവേദത്തിലെ അറുപതാം അദ്ധ്യായത്തിലെ കുന്തപസൂക്തം പ്രസിദ്ധവും എന്നാൽ നിഗൂഢവുമാണ്. 'ദുഃഖങ്ങളെയും ദുരിതങ്ങളെയും ദൂരീകരിക്കുന്നവൻ' എന്നർത്ഥംവരുന്ന കുന്തപ ശബ്ദത്താൽ നാമകരണം ചെയ്യപ്പെട്ട പ്രസ്തുത സൂക്തങ്ങളിൽ വരാനിരിക്കുന്ന ഒരു മഹാപുരുഷനെക്കുറിച്ച പ്രവചനങ്ങളാണ് പ്രധാനമായും അടങ്ങിയിരിക്കുന്നത്. പ്രസിദ്ധരായ മാക്സ്മുള്ളറെയും പണ്ഡിറ്റ് രാജാറാമിനെയും പോലെയുള്ള പണ്ഡിതന്മാർ കുന്തപസൂ



ക്തം ഒരു പ്രഹേളികയാണെന്ന് ആവർത്തിക്കുകയല്ലാതെ അതിൻെറ അർത്ഥം വ്യക്തമാക്കിയിട്ടില്ല.

ശിൽപവേദം, അർഥാപവേദം എന്നിവയാണ് അഥർവ്വവേദത്തിൻെറ ഉപവേദങ്ങൾ. ഡബ്ല്യു.ഡി. വിറ്റ്നിയുടേതായ അഥർവ്വവേദത്തിൻെറ ഇംഗ്ലീഷ് പരിഭാഷ[1] യാണ് ഏറ്റവുമധികം വായിക്കപ്പെടുന്ന പരിഭാഷകളിലൊന്ന്. അഥർവ്വവേദത്തിൻെറയും മലയാള പരിഭാഷ ഈ ലേഖകൻെറ കണ്ണിൽപെട്ടിട്ടില്ല.

വേദങ്ങളെക്കുറിച്ച സംക്ഷിപ്ത വിവരണത്തിൽനിന്നും ശ്രദ്ധിക്കപ്പെടേണ്ട കുറെകാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. വേദത്തിലെ പല സൂക്തങ്ങളും ദർശനീഭവിച്ചത് ആർക്കെന്ന് വ്യക്തമല്ല. വേദമന്ത്രങ്ങളു ടെ ദൃഷ്ടാക്കളെക്കുറിച്ച സംശയങ്ങളിൽ പലതും ഇന്നും ദൂരീകരിക്കപ്പെട്ടി ട്ടില്ല. വേദശാഖകൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്. ലഭിക്കപ്പെട്ട അംഗുലീപരിമിതമായ ശാഖകളിൽതന്നെ മന്ത്രത്തിൻെറ എണ്ണത്തിൽപോലും വ്യത്യാസങ്ങളുണ്ടെന്ന് വരുമ്പോൾ അലഭ്യമായ ഭൂരിപക്ഷം ശാഖകളിൽ ഇതിലുമധികം വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടാകാൻ സാധ്യതയുണ്ടെന്ന് നമുക്ക് തീർച്ചയായും അനുമാനിക്കാം. വേദവുമായി ബന്ധപ്പെട്ട പല ഗ്രന്ഥങ്ങളും നമുക്കിന്ന് ലഭ്യമല്ല. അതുകൊണ്ടുതന്നെ അവ സമ്പൂർണ്ണങ്ങളല്ല.

വേദങ്ങൾ അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് തരുന്ന സൂചനകൾ വിലപ്പെട്ടതാണ്. മറ്റേതൊരു ഗ്രന്ഥത്തെയും ആശ്രയിക്കാനില്ലാത്ത സമയത്ത് ഇത്തരം രചനകൾ നടത്തിയവർ എന്തുതന്നെയായാലും അപാര കഴിവുകളുടെ ഉടമകളായിരുന്നുവെന്ന് സമ്മതിക്കണം. രചനകളിലെ ഭാവനയും സൗന്ദര്യവും പുകഴ്ത്തപ്പെടേണ്ടതുതന്നെയാണ്. പൊതുവെ വേദങ്ങൾ വിജ്ഞാനത്തിൻെറ ഭണ്ഡാരങ്ങൾതന്നെയാണ്; എന്തൊക്കെ കുറവുകളുണ്ടെങ്കിലും.

എഴുതപ്പെട്ട കാലത്ത് സമൂഹത്തിലുണ്ടായിരുന്ന പല അന്ധവിശ്വാസങ്ങളും വേദങ്ങളിൽ സ്വാധീനം ചെലുത്തിയതായി കാണാൻ കഴിയും. അത് മന്ത്രദൃഷ്ടാക്കളുടെ കഴിവുകേടല്ല. പ്രത്യുത അക്കാലത്തെ വിജ്ഞാനത്തിൻെറ അപര്യാപ്തതയാണ് വ്യക്തമാക്കുന്നത്. സൂര്യദേവനെ ആരാധിച്ചിരുന്ന ആര്യന്മാരുടെ വിശ്വാസമായ സൂര്യ

1 W.D. Whitney: Atharva Veda Samhita (Cambridge).

ദേവൻ ഏഴ് കുതിരകളെ പൂട്ടിയ രഥത്തിൽ ഭൂമിക്ക് ചുറ്റും കറങ്ങി സഞ്ചരിക്കുകയാണെന്ന[1] ധാരണ വേദങ്ങളിലും കാണപ്പെടുന്നുവെങ്കിലും അതൊരു അന്ധവിശ്വാസമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അസുരപുത്രനായ രാഹു തമസ്സുകൊണ്ട് സൂര്യനെ മറക്കുന്നതാണ് സൂര്യഗ്രഹണത്തിന് കാരണമെന്നും [2] ചന്ദ്രനെ രാഹു വിഴുങ്ങുന്നതാണ് ചന്ദ്രഗ്രഹണത്തിന് കാരണമെന്നു[3]മുള്ള വേദസൂക്തങ്ങൾ അക്കാലത്തെ വിജ്ഞാനത്തിൻെറ പരിമിതിയാണ് വ്യക്തമാക്കുന്നത്.

അമിത സംഭോഗമാണ് ക്ഷയരോഗത്തിന് കാരണമെന്നും അതും കഴുത്തിലുണ്ടാവുന്ന ഗണ്ഡമാലയും മന്ത്രങ്ങൾകൊണ്ട് മാറ്റാമെന്നുമുള്ള ധാരണയും[4] ഇതേപോലെത്തന്നെയാണ്. മന്ത്രവാദവും മാരണപ്രയോഗങ്ങളും യജ്ഞങ്ങളും യാഗങ്ങളും, പ്രകൃതിയെയും- ദേവന്മാരെപ്പോലും- നിയന്ത്രിക്കാൻ പര്യാപ്തങ്ങളാണെന്ന വിശ്വാസമാണ് വേദത്തിലുടനീളം കാണാൻ കഴിയുന്നത്.

വേദത്തിലെ ലൈംഗികമായ പ്രസ്താവനകൾ പലപ്പോഴും ശ്ലീലതയുടെ അതിർവരമ്പുകളെ ഭേദിക്കുന്നതാണ്. കുമാരിമാരുടെ മാറിടത്തെയും തുടകളെയും മറ്റ് അവയവങ്ങളെയും വർണ്ണിക്കുന്ന ചില സൂക്തങ്ങൾ ശ്ലീലതയുടെ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തുന്നവയാണ്[5]. പൃഷ്ഠവായുവിനെയും പ്രാണവായുവിനെയും നിയന്ത്രിക്കാൻ പെണ്ണാടുമായും വാഗ്വൈഭവം നേടാൻ മുട്ടനാടുമായും പരമമായ ഐശ്വര്യങ്ങൾ ലഭിക്കാൻ കാളയുമായുമുള്ള ലൈംഗികബന്ധം[6] നിഷ്കർഷിക്കുന്ന വേദങ്ങൾ അപ്രമാദിതമാണെന്ന അഭിപ്രായം എത്രത്തോളം ശരിയാണെന്ന് അതിൻെറ വക്താക്കൾ തന്നെയാണ് വ്യക്തമാക്കേണ്ടത്. യമൻെറ സഹോദരിയായ കാമാതുര, യമനെ ലൈംഗികബന്ധത്തിന് ക്ഷണിക്കുന്നതായുള്ള ഋഗ്വേദ[7] സൂക്തവും പിതാവ് സ്വന്തം പുത്രിയുമായി ലൈംഗികബന്ധത്തി


1 ഋഗ്വേദം മണ്ഡലം 1 സൂക്തം 50.
2 ഋഗ്വേദം മണ്ഡലം 10 സൂക്തം 40.
3. അഥർവ്വവേദം: ഏകോനവിംശ കാണ്ഡം: 9:10.
4. ഋഗ്വേദം: സപ്തകമകാണ്ഡം: 76:1-5.
5. ഉദാ: ഋഗ്വേദം: മണ്ഡലം 10, സൂക്തം 10-15,
ശുക്ലയജുർവേദം 23:22-25,
അഥർവ്വവേദം: ചതുർദശകാണ്ഡം 2:38.
6. ശുക്ലയജുർവേദം 21:60.
7. ഋഗ്വേദം മ:10 സൂ: 10,12.



ലേർപ്പെട്ടതായുള്ള അഥർവ്വവേദ[1] പ്രസ്താവനയും ആര്യന്മാർക്കിടയിലെ കുത്തഴിഞ്ഞ ലൈംഗികവൃത്തിയിലേക്കുള്ള സൂചനകളല്ലാതെ മറ്റൊന്നും ഉൾക്കൊള്ളുന്നില്ല.

വേദങ്ങളെ വിമർശിക്കുന്നതിന്നുവേണ്ടിയോ വേദതത്വങ്ങളെല്ലാം അന്ധവിശ്വാസങ്ങളാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയോ അല്ല ഇത്രയും എഴുതിയത്. വേദത്തിൻെറ മഹത്വവും വേദസൂക്തങ്ങളിൽ ദൈവിക ബോധനത്തിൻെറ സ്വാധീനത്തിനുള്ള സാധ്യതയും അംഗീകരിക്കുമ്പോൾതന്നെ വേദം അപ്രമാദിതവും സമ്പൂർണ്ണവുമാണെന്ന വാദം ശരിയല്ലെന്ന് ചൂണ്ടിക്കാട്ടുവാൻവേണ്ടി മാത്രമാണ്. ഡോക്ടർ രാധാകൃഷ്ണനെപ്പോലുള്ള പക്വമതികളായ പണ്ഡിതന്മാരും വേദം അപ്രമാദിതമല്ലെന്ന് വാദിക്കാനുള്ള കാരണവും മറ്റൊന്നല്ല.

1. അഥർവ്വവേദം: നവമകാണ്ഡം 10:12.



2

# ബ്രാഹ്മണങ്ങൾ

വേദസൂക്തങ്ങൾ വ്യാഖ്യാനിക്കുകയും വൈദികകർമ്മങ്ങളായ യജ്ഞങ്ങളുടെയും യാഗങ്ങളുടെയും ക്രിയാവിധികൾ വിവരിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളാണ് ബ്രാഹ്മണങ്ങൾ. ഇതിൽ വേദമന്ത്രങ്ങളുടെ യജ്ഞപരമായ അർത്ഥമാണ് പ്രധാനമായും ഉള്ളത്. വേദത്തിൻെറ പര്യായമായ ബ്രഹ്മത്തെ വ്യാഖ്യാനിക്കുന്നത് അഥവാ വേദത്തെ വ്യാഖ്യാനിക്കുന്നത് എന്നാണ് ബ്രാഹ്മണത്തിൻെറ അർത്ഥമെന്ന് അഭിപ്രായമുണ്ട്. യജ്ഞത്തിലെ പുരോഹിതനായ ബ്രഹ്മാവിനെ സംബന്ധിച്ചുള്ളത് എന്ന അർത്ഥത്തിലാണ് ബ്രാഹ്മണം എന്ന പ്രയോഗമെന്നും പക്ഷമുണ്ട്.

ആത്മാവിൻെറ അസ്തിത്വം, പുനർജന്മം, അമരത്വം, ജാതിവ്യവസ്ഥ, പ്രജാപതി, ത്രിലോകങ്ങൾ, മനുഷ്യായുസ്സ്, പൂർണ്ണായുസ്സ് കിട്ടാനുള്ള മാർഗ്ഗം, ഗൃഹസ്ഥാശ്രമം, വിവാഹം, സ്ത്രീയുടെ സ്ഥാനം, പുണ്യവും പാപവും, സത്യം, യജ്ഞം, പാപമോചനം, ഗണിതം, ദേവതകൾ, മഴ, അഗ്നി, സമുദ്രം, സൂര്യൻ, അന്തരീക്ഷം, ധാതുക്കൾ, സ്വർഗ്ഗം എന്നിവയാണ് ബ്രാഹ്മണഗ്രന്ഥങ്ങളിൽ ചർച്ച ചെയ്തിട്ടുള്ള വിഷയങ്ങൾ.



ബ്രാഹ്മണങ്ങൾ ആധികാരികമായ ശ്രുതിരേഖകളിൽപ്പെടുന്നില്ലെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. ബ്രാഹ്മണം ശ്രുതിയല്ലെന്നും സ്മൃതിയാണെന്നും വാദിക്കുന്ന പണ്ഡിതന്മാരിൽ പ്രമുഖനാണ് 'തത്ത്വമസി'യെന്ന ഗ്രന്ഥത്തിലൂടെ മലയാളത്തിന് സുന്ദരമായ ഉപനിഷത്ത് വ്യാഖ്യാനം സംഭാവന ചെയ്ത സുകുമാർ അഴീക്കോട്. "ബ്രാഹ്മണം സ്മൃതിയാണ്. അത് ശ്രുതിയാണെന്ന വ്യാഖ്യാനമാണ് ബ്രാഹ്മണപൗരോഹിത്യത്തെ താങ്ങി നിർത്തുന്നത്. ശ്രുതികളല്ലാത്തവ ആധ്യാത്മികമായ അടിസ്ഥാന രേഖകളല്ല. അതുകൊണ്ടുതന്നെ അവ സ്വീകരിക്കാൻ ഹൈന്ദവർ ബാധ്യസ്ഥരുമല്ല. വേദാനുബന്ധത്തിലെ കലർപ്പുകൾ മാത്രമായ ബ്രാഹ്മണങ്ങളിലെ യജ്ഞങ്ങൾ വേദതത്വങ്ങൾക്ക് നിരക്കുന്നതല്ല. സ്മൃതികളായ ബ്രാഹ്മണങ്ങളെപ്പോലുള്ള ഗ്രന്ഥങ്ങളെ ശ്രുതിയായി സ്വീകരിച്ച വിവേചനമില്ലായ്മയാണ് ഭാരതീയരുടെ ആത്മീയബോധം ആദ്യമായി പാളം തെറ്റിവീഴാനുള്ള കാരണം"[1].

ബ്രാഹ്മണങ്ങൾ അധികവും ഗദ്യരൂപത്തിലാണ്. ചിലയിടങ്ങളിൽ പദ്യങ്ങളുമുണ്ട്. വേദസംഹിതകൾക്കുള്ളതുപോലെ ശാഖാഭേദങ്ങൾ ബ്രാഹ്മണങ്ങൾക്കുമുണ്ട്. ബ്രാഹ്മണങ്ങളുടെയും പല ശാഖകളും കിട്ടാനില്ല.

ഋഗ്വേദത്തിൻെറ ബ്രാഹ്മണങ്ങളായ ഐതരേയം, കൗഷീതകി, ശാങ്ഖായനം എന്നിവ ഇപ്പോൾ ഉപലബ്ധമാണ്. ഇതിൽ ഐതരേയത്തിനാണ് പ്രാധാന്യമുള്ളത്. എട്ട് പഞ്ചികകളും ഓരോ പഞ്ചികയിലും അഞ്ച് വീതം അധ്യായങ്ങളുമാണ് ഐതരേയത്തിലുള്ളത്. യാഞ്ജവൽക്യൻെറ മകനായ മഹീദാസ ഐതരേയൻ രചിച്ച ഐതരേയ ബ്രാഹ്മണത്തിൽ അഗ്നിഹോത്രം, അഗ്നിഷ്ഠോമം, രാജസൂയം മുതലായ യജ്ഞങ്ങളാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന് എട്ട് ശതകങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ട ഐതരേയ ബ്രാഹ്മണമായിരിക്കണം ബ്രാഹ്മണങ്ങളിൽ ഏറ്റവും പഴക്കമുള്ളത് എന്നാണ് പ്രമുഖ പണ്ഡിതന്മാർ മുഴുവൻ അഭിപ്രായപ്പെടുന്നത്. പുനർജന്മസിദ്ധാന്തത്തെക്കുറിച്ച് ആദ്യമായി പ്രസ്താവിക്കപ്പെടുന്ന കൗഷതകി ബ്രാഹ്മണം ഐതരേയത്തിനോട് സാമ്യമുള്ളതാണ്; ഇതിൽ മുപ്പത് അധ്യായങ്ങളുണ്ട്. ഇവ കൂടാതെ ഋഗ്വേദത്തിനുള്ള മറ്റ് അഞ്ച്

1. സുകുമാർ അഴീക്കോട്: തത്വവും മനുഷ്യനും, പേജ് 26-39.

ബ്രാഹ്മണങ്ങൾ ഇന്ന് കിട്ടാനില്ല.


ശുക്ലയജുർവേദത്തിൻെറ മാധ്യന്ദിനം, കാണ്വം എന്നീ ശതപഥബ്രാഹ്മണങ്ങളും കൃഷ്ണ യജുർവേദത്തിൻെറ തൈത്തിരിയ ബ്രാഹ്മണവും ഇന്ന് ഉപലബ്ധമാണ്. നൂറ് വീതം അധ്യായങ്ങളുള്ളതിനാലാണ് ശുക്ല യജുർവേദത്തിൻെറ ബ്രാഹ്മണങ്ങൾക്ക് ശതപഥബ്രാഹ്മണങ്ങൾ എന്ന പേരുവന്നത്. ബ്രാഹ്മണങ്ങളിൽ ഏറ്റവും പ്രസിദ്ധമായവയും ഇതാണ്. സാമൂഹികക്രമത്തെക്കുറിച്ചും ഉൽപ്പാദന രീതിയെക്കുറിച്ചും സാംസ്ക്കാരിക പുരോഗതിയെക്കുറിച്ചുമെല്ലാം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. വിദേഹം, കാശി, കോസലം, കുരു, പാഞ്ചാലം എന്നീ രാഷ്ട്രങ്ങളെക്കുറിച്ചും അതിലെ ഭരണാധികാരികളെക്കുറിച്ചുമുള്ള പരാമർശങ്ങളും ശതപഥബ്രാഹ്മണത്തിൽ പ്രസ്താവിക്കുന്നുണ്ട്. സമൂഹത്തിൽ ബ്രാഹ്മണർക്കുള്ള ഉന്നത സ്ഥാനത്തെക്കുറിച്ച വിവരങ്ങളും ഇതിൽനിന്ന് നമുക്ക് ലഭിക്കും. യുദ്ധങ്ങളെക്കുറിച്ച പരാമർശങ്ങളൊന്നുംതന്നെ ശതപഥത്തിൽ കാണുന്നില്ല. യാഗങ്ങളാണ് അതിലെയും പ്രധാന പ്രതിപാദ്യ വിഷയം. യജുർവ്വേദത്തി ൻെറ പന്ത്രണ്ട് ബ്രാഹ്മണങ്ങൾ ഇപ്പോൾ ഉപലബ്ധമല്ല. അവയെക്കുറിച്ച വിവരങ്ങളും നമുക്കിന്ന് അറിയില്ല.

സാമവേദത്തിൻെറ താണ്ഡ്യം, ഷഡ്വിംശ, ഛാന്ദോഗ്യം, ദൈവത, ആർഷേയ സാമവിധാനം, സംഹിതോപനിഷദ്, വംശം, ജൈമിനീയം, ജൈമിനീയ ആർഷേയം, ജൈമിനീയോപനിഷദ് എന്നീ ബ്രാഹ്മണങ്ങൾ ഇന്ന് ലഭ്യമാണ്. ഇതിൽ താണ്ഡ്യവും ജൈമിനീയവുമാണ് പ്രധാനം. കോസലാധിപതി, വിധേഹാധിപതി എന്നീ രാജാക്കന്മാരെക്കുറിച്ച പ്രതിപാദനങ്ങളും സോമയാഗത്തെക്കുറിച്ച വിവരണങ്ങളുമാണ് താണ്ഡ്യം ഉൾക്കൊള്ളുന്നത്. ശകുനങ്ങളെയും മറ്റുചില അൽഭുത കർമ്മങ്ങളെയുംകുറിച്ച വിശദീകരണങ്ങളാണ് ജൈമിനീയത്തിലുള്ളത്. സാമവേദത്തിൻെറ മറ്റ് നാല് ബ്രാഹ്മണങ്ങളെക്കുറിച്ച് നമുക്കിന്ന് ഒന്നുമറിയില്ല. അവ ലഭ്യമല്ല.

ഗോപഥബ്രാഹ്മണമാണ് അഥർവ്വവേദത്തിൻെറ ബ്രാഹ്മണം. രണ്ട് പർവ്വങ്ങളാണ് ഗോപഥ ബ്രാഹ്മണത്തിനുള്ളത്. ഇതിൻെറ പൂർവ്വപർവ്വത്തിൽ ആറ് പ്രപാഠകങ്ങളും ഉത്തരപർവ്വത്തിൽ അഞ്ച് പ്രപാഠകങ്ങളുമാണുള്ളത്. യജ്ഞവും യാഗവുംതന്നെയാണ് ഇതിലെയും വിഷയം.



ബ്രാഹ്മണങ്ങൾ സ്വീകാര്യങ്ങളാണോ അല്ലേ എന്ന കാര്യത്തിൽ ഹൈന്ദവപണ്ഡിതന്മാർക്കിടയിൽതന്നെ അഭിപ്രായാന്തരങ്ങളുണ്ടെന്ന് നാം കണ്ടു. ബ്രാഹ്മണങ്ങളുടെ പ്രാമാണികത അംഗീകരിക്കുന്ന പണ്ഡിതന്മാരിൽതന്നെ നല്ലൊരു വിഭാഗം ബ്രാഹ്മണ പ്രതിപാദകങ്ങളായ യജ്ഞത്തിലും യാഗത്തിലുമുള്ള അനാചാരങ്ങൾ പിന്നീട് കടന്നുകൂടിയതാണെന്ന് വാദിക്കുന്നവരാണ്. ബ്രാഹ്മണങ്ങളുടെ ആവിർഭാവം ശുദ്ധരൂപത്തിലായിരുന്നുവെങ്കിലും കാലക്രമത്തിൽ മാറ്റത്തിരുത്തലുകൾക്ക് വിധേയമായി എന്നാണ് ഈ വിഭാഗം പണ്ഡിതന്മാരുടെ പക്ഷം.



# 3

# ആരണ്യകങ്ങൾ

വേദത്തിൻെറ ഉപാസനാകാണ്ഡമാണ് ആരണ്യകങ്ങൾ.വനത്തിൽ (ആരണ്യം) ഏകാന്തമായിരുന്ന് യജ്ഞരഹസ്യങ്ങൾ അടങ്ങുന്ന വിദ്യ സ്വയം അധ്യയനം ചെയ്യാൻ ഉള്ളടക്കം ചെയ്തിരിക്കുന്ന ഗ്രന്ഥങ്ങളാണ് ആരണ്യകങ്ങൾ എന്നാണ് പണ്ഡിറ്റ് ഭഗവദ് ദത്ത നിർവ്വചിക്കുന്നത്. കാട്ടിനകത്തുവെച്ച് പാരായണം ചെയ്യപ്പെടുന്ന ഗ്രന്ഥങ്ങൾക്കാണ് ആരണ്യകമെന്ന് പറയുന്നതെന്ന് പ്രസിദ്ധനായ കീത്ത്[2] തൻെറ ഐതരേയ ആരണ്യകഭാഷ്യത്തിൻെറ മുഖവുരയിൽ വ്യക്തമാക്കുന്നു.

യാഗങ്ങളുടെ ആന്തരികമായ അർത്ഥത്തെക്കുറിച്ച വിശദീകരണങ്ങൾ ആരണ്യകത്തിൽ കാണാൻ കഴിയും. ഗാർഹസ്ഥ്യാശ്രമം കഴിഞ്ഞ് വാന പ്രസ്ഥത്തിലേക്ക് പ്രവേശിക്കുന്നവർ വനപ്രദേശത്തുവെച്ച് നടത്തുന്ന സംവാദങ്ങളുടെ രൂപത്തിലാണ് ആരണ്യകങ്ങളുടെ ഉള്ളടക്കത്തെ ക്രമീകരിച്ചിരിക്കുന്നത്. ഒരു ഭാഗത്ത് ഉന്നതമായ ആധ്യാത്മതത്വങ്ങൾ വിശദീകരിക്കുന്ന ആരണ്യകങ്ങളിൽതന്നെ മറുഭാഗത്ത് ആഭിചാരപ്രവർത്തനങ്ങളെക്കുറിച്ചും മന്ത്രവാദത്തെക്കു

1. പണ്ഡിറ്റ് ഭഗവത് ദത്ത: വൈദിക വാങ്ങ്മയ്കാ ഇതിഹാസ് ഭാഗം III പേജ് 230. ഉദ്ധാരണം നരേന്ദ്രഭൂഷൺ. വൈദിക സാഹിത്യചരിത്രം- പേജ്: 21.
2 Keith: Aitheraya Aranyaka, Page 15.




റിച്ചും ചർച്ച ചെയ്യുന്നുണ്ട്. ആഭിചാരപ്രവർത്തനങ്ങളെക്കുറിച്ച ആരണ്യകസൂക്തങ്ങളെ അനുകൂലമായി വ്യാഖ്യാനിക്കുവാനും അവ അർത്ഥമാക്കുന്നത് മറ്റ് നിഗൂഢ രഹസ്യങ്ങളാണെന്ന് വരുത്തിത്തീർക്കുവാനുംവേണ്ടി പല വ്യാഖ്യാതാക്കളും ശ്രമിച്ചിട്ടുണ്ട്. ആരണ്യകങ്ങളിലെ ആഭിചാര പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതും മറ്റുമായ ഭാഗങ്ങളൊഴിച്ച് ബാക്കിമാത്രമെ സ്വീകാര്യമാവൂയെന്ന് വാദിക്കുന്ന പണ്ഡിതന്മാരുമുണ്ട്.

ആരണ്യകങ്ങൾ ബ്രാഹ്മണ ഗ്രന്ഥങ്ങളിൽനിന്നെടുത്തവയാണ്. തൈരിൽ വെണ്ണപോലെയും മലയപർവ്വതത്തിൽ ചന്ദനം പോലെയും ഔഷധങ്ങളിൽ അമൃതം പോലെയും വേദങ്ങളിൽ നിന്ന് ആരണ്യകം പ്രാപ്തമാകുന്നുവെന്നാണ് മഹാഭാരതം[1] പറയുന്നത്. ആരണ്യകങ്ങളിൽ പലതും ബ്രാഹ്മണങ്ങളോട് ഇടകലർന്നാണ് കിടക്കുന്നത്. ഉപനിഷത്തുകളിൽ പലതും ആരണ്യകങ്ങളുടെ അവസാനത്തിലായാണ് കാണപ്പെടുന്നത്.

ഋഗ്വേദത്തിന് ഐതരേയം, കൗഷീതകി, ശാംഖായനം എന്നീ ആരണ്യകങ്ങളാണുള്ളത്. ഇവയിൽ പ്രധാനമായും യാഗവിധികളും ഈശ്വരാസ്തിത്വത്തെക്കുറിച്ച ചർച്ചകളുമാണുള്ളത്. യജുർവേദത്തിന്, ബൃഹദാരണ്യകം, തൈത്തിരീയം, മൈത്രായണീയം എന്നീ ആരണ്യകങ്ങളുണ്ട്. ബൃഹദാരണ്യകം ശതപഥബ്രാഹ്മണത്തിൻെറ അവസാനത്തെ കാണ്ഡമാണ്. ഈ ആരണ്യകത്തിലെ അവസാനത്തെ ആറ് കാണ്ഡങ്ങളാണ് ബൃഹദാരണ്യകോപനിഷത്ത്. തൈത്തിരീയാരണ്യകം ക്രിയാമാർഗ്ഗങ്ങളെക്കുറിച്ചാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. ഇതിലെ ചില അദ്ധ്യായങ്ങൾ തൈത്തിരീയോപനിഷത്ത് എന്നറിയപ്പെടുന്നു. സാമവേദത്തിൻെറ ആരണ്യകം തലവാരാരണ്യകമാണ്. അഥർവ്വവേദത്തിൻെറ ആരണ്യകങ്ങളൊന്നും തന്നെ കണ്ടുകിട്ടിയിട്ടില്ല.

നടേ സൂചിപ്പിച്ചതുപോലെ വേദങ്ങളുടെ ഉപാസനാകാണ്ഡമായ ആരണ്യകങ്ങളും സർവ്വസ്വീകാര്യമല്ല. അവയിൽ മാനുഷികമായ കൈകടത്തലുകൾ നടന്നിരിക്കുന്നുവെന്ന് വൈദികന്മാരിൽ തന്നെ പലരും പറയുന്നു. ഇപ്പോൾ ഉപലബ്ധമായ ആരണ്യകങ്ങൾ സമ്പൂർണ്ണങ്ങളാണെന്ന് പണ്ഡിതന്മാർക്ക് അഭിപ്രായമില്ല. ഇനിയും കുറെ ആരണ്യകങ്ങൾ കിട്ടാനുണ്ടെന്നാണ് പണ്ഡിതപക്ഷം.

3. മഹാഭാരതം: ശാന്തി പർവ്വം 331:3.



# 4

# ഉപനിഷത്തുകൾ

വേദത്തിൻെറ ജ്ഞാനകാണ്ഡമാണ് ഉപനിഷത്തുകൾ. വേദഭാഗമായ ബ്രാഹ്മണങ്ങളുടെയോ ആരണ്യകങ്ങളുടെയോ അവസാനത്തായി ഇവ കാണപ്പെടുന്നതിനാൽ വേദത്തിൻെറ അന്ത്യം എന്ന അർത്ഥത്തിൽ വേദാന്തം എന്നും ഉപനിഷത്തുകൾ അറിയപെടുന്നു. 'വേദം' എന്ന പദത്തിന് 'അറിവ്' എന്ന് അർത്ഥം പറയുമ്പോൾ 'ബ്രഹ്മജ്ഞാനത്തിൻെറ അവസാനം' എന്ന വിവക്ഷയും വേദാന്ത ശബ്ദത്തിൽനിന്ന് ഉൽഭൂതമാകുന്നു. 'ഉപനിഷത്ത്' എന്ന പദത്തിന് 'രഹസ്യമായ ശാസ്ത്രം' എന്നാണ് അർത്ഥമെന്നും അജ്ഞാനംകൊണ്ട് മറഞ്ഞിരിക്കുന്ന (രഹസ്യമായ) അറിവിനെ വെളിവാക്കുന്ന ശാസ്ത്രമാണ് ഉപനിഷത്ത് എന്നും വ്യാഖ്യാനിക്കപ്പെടുന്നു. ഉപ (അടുത്ത്) നി (താഴെ) സദ് (ഇരിക്കുക) എന്നീ ധാതുക്കൾ ചേർന്നാണ് ഉപനിഷത്ത് എന്ന പദം (ഉപ +നി + സ (ഷ)ദ്) ഉണ്ടായതെന്നും 'ഗുരുവിൻെറ അടുത്തിരുന്ന് ശ്രദ്ധാപൂർവ്വം ശ്രവിക്കേണ്ട ബ്രഹ്മതത്ത്വ'മെന്നാണ് ഇതിൻെറ വിവക്ഷയെന്നും അഭിപ്രായമുണ്ട്. ഉപ (തടസമില്ലാത്തത്) നി (സമ്പൂർണ്ണം) സദ് (ജ്ഞാനം) എന്നീ ധാതുക്കളിൽനിന്നും ഉൽഭവിച്ചതിനാൽ "മറവില്ലാത്ത



സമ്പൂർണ്ണജ്ഞാന"മെന്നാണ് ഇത് വിവക്ഷിക്കപ്പെടുന്നതെന്നും വാദിക്കപ്പെടുന്നു. ആത്മവിദ്യ, ബ്രഹ്മവിദ്യ, വേദസാരം, വേദലക്ഷ്യം, വേദരഹസ്യം എന്നിങ്ങനെ വിവിധനാമങ്ങളിൽ ഉപനിഷത്തുകൾ വ്യവഹരിക്കപ്പെടുന്നു.

വേദങ്ങളുടെ അനുബന്ധമായാണ് ഉപനിഷത്തുകൾ അറിയപ്പെടുന്നതെങ്കിലും അവ പരിശോധിച്ചാൽ ഓരോന്നും സ്വതന്ത്രകൃതികളായാണ് നമുക്കനുഭവപ്പെടുക. ഉപനിഷത്തുകൾ തമ്മിൽ ആശയബന്ധം നിലനിൽക്കുന്നുണ്ടെങ്കിലും അവയും വേദങ്ങളും തമ്മിൽ അത്തരത്തിലുള്ള ബന്ധങ്ങളൊന്നുമില്ല. ഉപനിഷത്തുകൾ എത്രയെണ്ണമുണ്ടെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആകെ രണ്ടായിരം ഉപനിഷത്തുകളുണ്ടെന്നാണ് ഒരഭിപ്രായം[1]. ഇരുന്നൂറെണ്ണമുണ്ടെന്നും നൂറ്റി ഇരുപതെണ്ണമാണുള്ളതെന്നും നൂറ്റി എട്ടെണ്ണമേ ഉള്ളൂവെന്നും അഭിപ്രായപ്പെടുന്നവരുണ്ട്[2]. നൂറ്റി നാൽപ്പത്തിനാലെണ്ണമാണെന്നും, നൂറ്റി എൺപത്തിമൂന്നെണ്ണമുണ്ടെന്നും മുന്നൂറ്റി അറുപത്തി അഞ്ചെണ്ണമുണ്ടെന്നും അതല്ല, ആയിരത്തി എട്ട് ഉപനിഷത്തുകളുണ്ടെന്നും അഭിപ്രായമുണ്ടെന്ന് ഗോയൽ ചൂണ്ടിക്കാട്ടുന്നു[3]. ബോംബെ നിർണ്ണയ സാഗര പ്രസ്സ് പ്രസിദ്ധപ്പെടുത്തിയ ഈശാദി വിംശോത്തരശതോപനിഷത്തുകളെ ആധാരമാക്കി, 108 ഉപനിഷത്തുകളെ അഞ്ച് വാല്യങ്ങളിലായി "ഉപനിഷദ്ദീപ്തി" എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കെ. ഭാസ്ക്കരൻ നായർ എം.എ. ബി.എഡാണ് പരിഭാഷകൻ. ഡി. ശ്രീമാൻ നമ്പൂതിരി രചിച്ച് പണ്ഡിതരത്നം കെ.പി. നാരായണ പിഷാരോടി സംശോധനം നിർവ്വഹിച്ച 'ഉപനിഷത്ത് സർവ്വസ്വം' 108 ഉപനിഷത്തുകളുടെയും ഒറ്റവാല്യത്തിലുള്ള പരിഭാഷയാണ്.

നൂറ്റി എട്ട് ഉപനിഷത്തുകൾ മാത്രമാണ് ഇന്ന് ലഭ്യമായിട്ടുള്ളത്. ശ്രീരാമൻ ഹനുമാന് നൽകുന്ന ഉപദേശങ്ങളുടെ രൂപത്തിലുള്ള മുക്തികോപനിഷത്തിൽ നൂറ്റി എട്ട് ഉപനിഷത്തുകളെയും അവ ഏതെല്ലാം വേദങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നുണ്ട്. അവ ഇങ്ങനെയാണ്[4].

1. കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മ പരിചയം, പേജ്: 189.
2. ശൂരനാട്ട് കുഞ്ഞൻപിള്ള: "ഉപനിഷദ്ദീപ്തി"യുടെ അവതാരിക, വാല്യം 1 പേ: XV.
3. S.R. Goyal: A Religious History of Ancient India, Vol II Page 40.
4. മുക്തികോപനിഷത്ത്: ശാന്തിപാഠങ്ങൾ, 1–5

**ഋഗ്വേദം:** ഐതരേയം, കൗഷീതകീ ബ്രാഹ്മണം, നാദബിന്ദു, ആത്മപ്രബോധം, നിർവാണം, മുദ്ഗലം, അക്ഷമാലിക, ത്രിപുര താപിനി, സൗഭാഗ്യലക്ഷ്മി, ബൃഹ്വൃചം, (ആകെ പത്തെണ്ണം).

**ശുക്ലയജുർവേദം:** ഈശാവാസ്യം, ബൃഹദാരണ്യകം, ജാബാലം, ഹംസം, പരമഹംസം, സുബാലം, മന്ത്രികം, നിരാലംബം, ത്രിശിഖി ബ്രാഹ്മണം, മണ്ഡലബ്രാഹ്മണം, അദ്വയതാരകം, പൈംഗലം, ഭിക്ഷുകം, തുരീയാതീതം, അദ്ധ്യാത്മം, താരസാരം, യാജ്ഞവൽക്യം, ശാട്യായനീയം, മുക്തികം (ആകെ പത്തൊൻപതെണ്ണം).

**കൃഷ്ണയജുർവേദം:** കഠവല്ലി, തൈത്തിരീയം, ബ്രഹ്മം, കൈവല്യം, ശ്വേതാശ്വതരം, ഗർഭം, നാരായണം, അമൃതബിന്ദു, അമൃതനാദം, കാലാഗ്നിരുദ്രം, ക്ഷുരികം, സർവസാരം, ശുക രഹസ്യം, തേജോബിന്ദു, ധ്യാനബിന്ദു, ബ്രഹ്മവിദ്യ, യോഗതത്വം, ദക്ഷിണമൂർത്തി, സ്കന്ദം, ശാരീരകം, യോഗശിഖ, ഏകാക്ഷരം, അക്ഷി, അവധൂതം, കഠരുദ്രം, രുദ്രഹൃദയം, യോഗകുണ്ഡലിനി, പഞ്ചബ്രഹ്മം, പ്രാണാഗ്നിഹോത്രം, വരാഹം, കലിസന്തരണം, സരസ്വതീ രഹസ്യം (ആകെ മുപ്പത്തി രണ്ടെണ്ണം).

**സാമവേദം:** കേനം, ചാന്ദോഗ്യം, ആരുണി, മൈത്രായിണി, മൈത്രേയി, വജ്രസൂചിക, യോഗചൂഡാമണി, വാസുദേവം, മഹം, സന്ന്യാസം, അവ്യക്തം, കുണ്ഡികം, സാവിത്രി, രുദ്രാക്ഷജാബാലം, ദർശനം, ജാബാലി (ആകെ പതിനാറെണ്ണം).

**അഥർവ്വവേദം:** പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, അഥർവ്വശിരം, അഥർവ്വശിഖ, ബൃഹജ്ജാബാലം, നൃസിംഹതാപിനി, നാരദപരിവ്രാജകം, സീത, ശരഭം, മഹാനാരായണം, രാമരഹസ്യം, രാമതാപിനി, ശാണ്ഡില്ല്യം, പരമഹംസ പരിവ്രാജകം, അന്നപൂർണ്ണാ, സൂര്യം, ആത്മം, പാശുപാതം, പരബ്രഹ്മം, ത്രിപുരാ താപനി, ദേവി, ഭാവന, ഭസ്മജാബാലം, ഗണപതി, മഹാവാക്യം, ഗോപാലതപനം, കൃഷ്ണം, ഹയഗ്രീവം, ദത്താത്രേയം, ഗാരുഡം (ആകെ മുപ്പത്തിയൊന്നെണ്ണം).

ഇങ്ങനെ നൂറ്റിയെട്ട് ഉപനിഷത്തുകളെക്കുറിച്ച് പ്രതിപാദിക്കുന്ന മുക്തികോപനിഷത്ത് തന്നെ ഇവ കൂടാതെയും ഉപനിഷത്തുകളുണ്ട് എന്ന വ്യംഗ്യമായി വ്യക്തമാക്കുന്നുണ്ട്.



"എല്ലാ ഉപനിഷത്തുകളിലും വെച്ച് സാരഭൂതമായ ഈ നൂറ്റിയെട്ട് ഉപനിഷത്തുകളും ഒരു തവണയെങ്കിലും ശ്രവിച്ചാൽ പോലും സർവ്വപാപങ്ങളും നശിക്കുന്നു"[1] വെന്ന് പറയുമ്പോൾ മനസ്സിലാകുന്നത് നൂറ്റിയെട്ട് ഉപനിഷത്തുകൾ കൂടാതെ വേറെയും വേദാന്തങ്ങൾ ഉണ്ടെന്നുതന്നെയാണ്. ഈ നൂറ്റിയെട്ട് ഉപനിഷത്തുകളുടെ വൈദിക പ്രാമാണ്യം സംശയിക്കുന്ന പണ്ഡിതന്മാരുമുണ്ട്. സ്വാമി ദയാനന്ദ സരസ്വതിയുടെ ശിഷ്യനായ നരേന്ദ്രഭൂഷൺ എഴുതുന്നു: "108 ഉപനിഷത്തുകൾ ഇന്ന് പ്രചാരത്തിലുണ്ടെങ്കിലും അവയുടെ വൈദിക പ്രാമാണ്യം സംശയാസ്പദമാണെന്നത്രേ അനുമാനിക്കേണ്ടത്"[2].

ഉപനിഷത്തുകളുടെ കാലത്തെക്കുറിച്ച് വ്യക്തമായൊരു നിഗമനത്തിലെത്താൻ പ്രയാസമുണ്ട്. ക്രിസ്തുവിന് മുമ്പ് 700നും 100നും മധ്യേയാണ് ഉപനിഷത്തുകൾ രചിക്കപ്പെട്ടതെന്നാണ് നിരൂപക മതമെങ്കിലും അതിന് വ്യക്തമായ തെളിവുകളില്ല. ഇന്ന് ലഭിക്കുന്ന മിക്ക ഉപനിഷത്തുകളും രണ്ടായിരം വർഷമെങ്കിലും പഴക്കമുള്ളതാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. വേദകാലത്തിനുശേഷമാണ് പല ഉപനിഷത്തുകളുടെയും ജനനമെന്നാണ് അവയുടെ ഭാഷയിൽ നിന്ന് മനസ്സിലാകുന്നത്. ബുദ്ധന് മുമ്പാണ് ഇവയിൽ പലതിന്റെയും രചന നടന്നതെന്ന് അനുമാനിക്കപ്പെടുന്നു. ഉപനിഷദ് കർത്താക്കളെക്കുറിച്ചോ അവരുടെ കാലത്തെയും ചരിത്രത്തെയും കുറിച്ചോ വ്യക്തമായ ധാരണ ഇന്ന് ആർക്കുമില്ല. ഉപനിഷത്തുകളുടെ രചന ആർക്കുമാകാം എന്ന അവസ്ഥയുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. തത്വജ്ഞാനമുള്ള ആർക്കും ഉപനിഷത്തുകൾ രചിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഉപനിഷത്തുകളുടെ രചയിതാക്കളെക്കുറിച്ചോ രചനാകാലത്തെക്കുറിച്ചോ വ്യക്തമായ ഒരു ധാരണയിലെത്താൻ നമുക്ക് കഴിയുന്നില്ല. മുഗൾചക്രവർത്തിമാരുടെ കാലത്തുപോലും ഉപനിഷത്തുകളുടെ രചന നടന്നിട്ടുണ്ട്. അക്ബർ ചക്രവർത്തിയുടെ കാലത്ത് രചിക്കപ്പെട്ട അല്ലോപനിഷത്ത് (അക്ബറോപനിഷത്ത്) ഇവയിലൊന്നാണ്. ഏതാണ്ട് സമകാലികമായിട്ടാണ് ക്രിസ്തോപനിഷത്തിന്റെയും രചന നടന്നത്. ഇവയ്ക്കൊന്നും ഔദ്യോഗികാംഗീകാരം ലഭിച്ചിട്ടില്ലെങ്കിലും 'ഉപനിഷത്തുകൾ' എന്ന പേരിൽ ഇവ നിലനിൽക്കാൻ അനു

1. മുക്തികോപനിഷത്ത്: 1:44.
2. നരേന്ദ്രഭൂഷൺ: വൈദിക സാഹിത്യചരിത്രം, പേജ് 22.

വദിച്ചുവെന്നത് ഉപനിഷത് രചനക്ക് പ്രത്യേകക്കാരെ മാത്രമല്ല, അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുന്നു. താരതമ്യേന പുതിയതായ ഈ ഉപനിഷത്തുകളൊന്നും പ്രമാണമായി സ്വീകരിക്കപ്പെടുന്നില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇവയിൽനിന്നും തെളിവുകളുദ്ധരിക്കുന്ന അവസ്ഥക്ക് കാരണമായിട്ടുള്ളതും ഇവക്ക് പിന്നിലെ 'ഉപനിഷത്ത്' എന്ന വാലാണ്.

ഉപനിഷത്തുകളിൽ പൊതുവായി കാണാൻ കഴിയുന്ന കാര്യം സത്യാന്വേഷണ തൃഷ്ണയാണ്. ദൈവികമതത്തിന്റെ അടിസ്ഥാന സ്രോതസ്സുകളെക്കുറിച്ച് അൽപ്പം അവബോധമുള്ള ഒരു ജനതയുടെ സത്യാന്വേഷണ തൃഷ്ണ. "സമസ്ത ജഗത്കാരണമായ ബ്രഹ്മം ഏതാണ്? നാമെല്ലാവരും ഏതിൽനിന്നാണ് ഉൽപ്പന്നമായിരിക്കുന്നത്? ആരുടെ പ്രഭാവത്താലാണ് നാം ജീവിച്ചിരിക്കുന്നത്? നാം ഏതിലാണ് സംപ്രതിഷ്ഠിതരായിരിക്കുന്നത്? നമ്മുടെ സുഖ-ദുഃഖങ്ങൾ ആരുടെ വ്യവസ്ഥയനുസരിച്ചാണിരിക്കുന്നത്'?[1] "ആരുടെ പ്രേരണകൊണ്ടാണ് ഈ മനസ്സ് വിഷയങ്ങളിൽ പതിക്കുന്നത്? ആരുടെ നിയോഗമനുസരിച്ചാണ് പ്രാണൻ ചലിക്കുന്നത്? ആരുടെ പ്രേരണ കൊണ്ടാണ് വാക്കുകൾ ഉച്ചരിക്കപ്പെടുന്നത്? ഏത് ദേവനാണ് ശ്രോത്രങ്ങളെയും നേത്രങ്ങളെയും നിയോഗിക്കുന്നത്?"[2] ഇങ്ങനെ വിവധ ചോദ്യങ്ങളുന്നയിച്ചുകൊണ്ട്, പ്രപഞ്ചത്തിന്റെ മൂലകാരണമറിയാൻ വേണ്ടിയുള്ള ശ്രമമാണ് ഉപനിഷത്തുകളിൽ ദൃശ്യമാകുന്നത്. ബ്രഹ്മത്തെക്കുറിച്ച അന്വേഷണമല്ല, പ്രത്യുത ബ്രഹ്മവും പ്രപഞ്ചവും തമ്മിൽ, അല്ലെങ്കിൽ പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച അന്വേഷണമാണ് ഇവയിലെ വിഷയം. സമസ്ത ജഗത്തിന്റെയും കാരണമായ, ഇന്ദ്രിയാതീതനായ ഒരു പരബ്രഹ്മത്തെക്കുറിച്ച ബോധം ഉപനിഷത്തുകൾക്ക് മുമ്പുതന്നെ ഉണ്ടായിരുന്നു. ആ ബോധത്തിന്റെ അടിത്തറയിലാണ് ഇവയുടെ രചന നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്.

ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച

1. കിം കാരണം ബ്രഹ്മ കുതഃസ്മജാതാഃ ജീവാമ കേന ക്വചസംപ്രതിഷ്ഠാഃ അധിഷ്ഠിതാഃ കേന സുഖേതരേഷു വർത്താമഹേ ബ്രഹ്മ വിദോ വ്യവസ്ഥാം
-ശ്വേതാശ്വതരോപനിഷത്ത് 1:1.
2. കേനേഷിതം പതതി പ്രേഷിതം മനഃകേനപ്രാണഃ പ്രഥമഃ പ്രൈതി യുക്തഃ കേനേഷിതാം വാചമിമാം വദന്തി ചക്ഷുശ്രോത്രം ക ഉപദേവോ യുനക്തി.
-കേനോപനിഷത്ത് 1:1.



ചർച്ചകൾ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ചിന്താധാരകളുടെ ഉൽപ്പത്തിക്ക് നിദാനമായി. അദ്വൈതവാദവും ദ്വൈതസിദ്ധാന്തവും ഉപനിഷത്തുകളിൽ തന്നെ കാണാൻ കഴിയുന്നു. ശ്രീ രാഹുൽസാംകൃത്യായൻ എഴുതുന്നു: "ഉപനിഷത്തുകളിലെ ജ്ഞാതരും അജ്ഞാതരുമായ പണ്ഡിതന്മാർ തമ്മിൽ അഭിപ്രായവ്യത്യാസമുള്ളവരാണ്. അവരിൽ ചിലർ ആരുണിയെയും അദ്ദേഹത്തിന്റെ ശിഷ്യൻ യാജ്ഞവൽക്യനെയും പോലെ അദ്വൈതവിജ്ഞാനവാദികളായിരുന്നു. മറ്റുള്ളവർ ദ്വൈതവാദികളായിരുന്നു. മൂന്നാമതൊരു കൂട്ടർ ശരീരരൂപത്തിൽ ബ്രഹ്മത്തിന്റെയും ജഗത്തിന്റെയും അദ്വൈതഭാവത്തെ സ്വീകരിച്ചു. ഇത്തരം ദാർശനികൻമാരുടെ ചിന്തകളെ അവരുടെ ശിഷ്യന്മാരും ശാഖകളും ഗ്രഹിച്ച്, അടുത്ത തലമുറക്ക് ഉപദേശിച്ചു വന്നതിന്റെ സംഗ്രഹമാണ് ഉപനിഷത്തുകൾ"[1]. അതുകൊണ്ടാണ് ഉപനിഷത്തുകളെ അടിസ്ഥാനപ്പെടുത്തുന്ന വേദാന്തദർശനത്തിൽ തന്നെ വ്യത്യസ്ത ഉൾപ്പിരിവുകളുണ്ടായത്. ദ്വൈതവും അദ്വൈതവും വിശിഷ്ടാദ്വൈതവും ദ്വൈതാദ്വൈതവുമെല്ലാം സ്ഥാപിക്കാൻ അതിന്റെ ആചാര്യന്മാർ ഉപനിഷത്തുകളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ശ്രീശങ്കരനും, മാധ്വനും, രാമാനുജനുമെല്ലാം ഉപനിഷദ്പണ്ഡിതന്മാരാണ്. അവർ ചിന്താപരമായി വിരുദ്ധചേരികളിലാണ് നിൽക്കുന്നത്. പക്ഷേ, ഇവരുടെയെല്ലാം പ്രമാണം ഉപനിഷത്തുകളാണ്. അവർ തങ്ങളുടെ വാദങ്ങൾക്കനുകൂലമായ തെളിവുകൾ കൊണ്ടുവരുന്നത് ഉപനിഷത്തുകളിൽ നിന്നുതന്നെയാണ്.

ഉപനിഷത്തുകൾ രചിക്കപ്പെട്ടതിനുശേഷം അവയിൽ കൂട്ടിച്ചേർക്കലുകളും മാറ്റത്തിരുത്തലുകളും നടന്നിരിക്കാനുള്ള സാധ്യതയും നിഷേധിക്കാനാവില്ല. അദ്വൈതചിന്തക്കുള്ള പ്രമാണമായി ഉദ്ധരിക്കപ്പെടാറുള്ള ഛാന്ദോഗ്യോപനിഷത്തിലെ "സ ആത്മാ ത്വം അസി" (ആത്മാവ് നീ തന്നെയാണ്) എന്ന പ്രയോഗം പിന്നീട് കടന്നുകൂടിയതാണെന്നും യഥാർത്ഥത്തിൽ " സ ആത്മാ അ തത്ത്വമസി" (ആത്മാവ് നീയല്ല) എന്നാണുള്ളതെന്നും ദ്വൈതാചാര്യനായ മാധ്വൻ വാദിച്ചിരുന്നു[2]. അദ്വൈതാചാര്യനായ ശങ്കരനാകട്ടെ തന്റെ ദർശനത്തിന്റെ അടിസ്ഥാനശിലയായി അവതരിപ്പിക്കുന്നത് ബൃഹദാരണ്യകോപനിഷത്തിലെ "അഹം ബ്രാഹ്മാസ്മി" എന്ന വചന

1. രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ, പേ: 559
2. കെ. ദാമോദരൻ: ഭാരതീയ ചിന്ത, പേജ് 400.

വും ഛാന്ദോഗ്യത്തിലെ "തത്ത്വമസി" എന്ന വചനവുമാണ്.

നടേ സൂചിപ്പിച്ചപ്രകാരം ഉപനിഷത്തുകൾ തമ്മിൽതന്നെ പല കാര്യങ്ങളിലും വൈരുദ്ധ്യങ്ങൾ പ്രകടമാക്കുന്നുണ്ട്. ആത്മാവ് എന്താണെന്ന ചർച്ചയിൽതന്നെ വ്യക്തവും ഏകവുമായ ഒരു നിഗമനതിലെത്താൻ ഉപനിഷത്ത് കർത്താക്കൾക്ക് കഴിഞ്ഞിട്ടില്ലെന്നുവേണം മനസ്സിലാക്കാൻ. പ്രാണനാണ് ആത്മാവെന്ന നിലയ്ക്കാണ് പ്രശ്നോപനിഷത്ത് കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. ഛാന്ദോഗ്യത്തിലെ ബാലാകി മഹർഷിയും പ്രാണൻ തന്നെയാണ് ആത്മാവെന്ന് കരുതിയിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. വിജ്ഞാനം അഥവാ ബുദ്ധിയാണ് എല്ലാറ്റിൻെറയും കർത്താവെന്ന തൈത്തിരീയോപനിഷത്ത് വചനപ്രകാരം ബുദ്ധിയാണ് ആത്മാവെന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ വ്യാപകവും ആനന്ദസ്വരൂപവുമായ പരബ്രഹ്മം തന്നെയാണ് ആത്മാവെന്ന ചിന്തയാണ് ബൃഹദാരണ്യകത്തിലും മറ്റും നമുക്ക് കാണാൻ കഴിയുന്നത്. ഇതേപോലെതന്നെ ലോകസൃഷ്ടിയെക്കുറിച്ചും വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ഒട്ടനവധി പരാമർശങ്ങൾ ഉപനിഷത്തുകളിൽ കാണാൻ കഴിയും.

സമകാലികമായ അന്ധവിശ്വാസങ്ങളിൽ പലതും ഉപനിഷത്തുക്കളുടെ രചനയെ സ്വാധീനിച്ചിട്ടുണ്ട്. അശാസ്ത്രീയമായ പല പ്രസ്താവനകളും ഇവയുൾക്കൊള്ളുന്നത് അതുകൊണ്ടാണ്. ഉദാഹരണത്തിന്, ഗർഭോപനിഷത്തിൽ ആൺകുട്ടിയും പെൺകുട്ടിയുമുണ്ടാകാനുള്ള കാരണം പറയുന്നത് ഇങ്ങിനെയാണ്. "ശുക്ലാധിക്യത്താൽ പുരുഷപ്രജയും രജസ്സിൻെറ ആധിക്യത്താൽ സ്ത്രീ പ്രജയും ജനിക്കുന്നു. ശുക്ലരജസ്സുകൾ തുല്ല്യമായിരുന്നാൽ നപുംസകസന്താനം ജനിക്കുന്നു"[2]. ഇതേ ഉപനിഷത്തിൽതന്നെ പറഞ്ഞിരിക്കുന്ന ശിശുവിൻെറ വ്യത്യസ്ത അവയവങ്ങളുണ്ടാകുന്ന ക്രമവും ആധുനിക ശാസ്ത്രനിഗമനങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഇത് ഒരു ഉദാഹരണം മാത്രം. ഇങ്ങനെ അനവധി അന്ധവിശ്വാസങ്ങൾ ഉപനിഷത്തുകളിൽ കാണാൻ കഴിയും.

ലഭ്യമായ ഉപനിഷത്തുകൾ 108 എണ്ണമാണെന്നും ആകെ രണ്ടായിരം വരെ ഉപനിഷത്തുകൾ ഉണ്ടെന്ന് അഭിപ്രായമുണ്ടെന്നും നേര

1. വി.എസ്.വി. ഗുരുസ്വാമി ശാസ്ത്രികൾ: ഉപനിഷദ്ദീപ്തി, വാല്യം 2ൻെറ അവതാരിക പേജ് 11.
2. ഗർഭോപനിഷത്ത് ശാന്തിപാഠം-2



ത്തെ വിവരിച്ചുവല്ലോ. ഒരു ഉപനിഷത്ത് വിദ്യാർത്ഥിയുടെ ശ്രദ്ധ പതിയുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ടിവിടെ. ഇപ്പോഴുള്ള ഉപനിഷത്തുകൾതന്നെ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ആശയങ്ങളുൾക്കൊള്ളുന്നുവെങ്കിൽ ലഭ്യമല്ലാത്ത ഉപനിഷത്തുകൾ കൂടുതൽ വ്യത്യസ്തങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളാനുള്ള സാധ്യത നിഷേധിക്കാൻ കഴിയില്ല. ആകെ രണ്ടായിരം ഉപനിഷത്തുകളാണ് ഉള്ളതെങ്കിൽ 1892 ഉപനിഷത്തുകൾ ലഭിക്കാനുണ്ട്. അവയിൽ പലതിൻെറയും ആശയങ്ങൾ 'അഭിനവ ആര്യധർമ്മ'ത്തിൻെറ വിശ്വാസങ്ങളുമായി പൊരുത്തക്കേട് പ്രകടിപ്പിക്കുന്നുണ്ടാവാം. അതായിരിക്കാം ഈ നഷ്ടപ്പെടലിന് അല്ലെങ്കിൽ നഷ്ടപ്പെടുത്തലിന് കാരണമായതെന്ന് ന്യായമായും ഊഹിക്കാവുന്നതാണ്. "അനാലേഖ്യ സരസ്വതി' അഥവാ 'എഴുതപ്പെടാത്ത വിദ്യ'യായിരുന്നതിനാൽ ഈ നഷ്ടപ്പെടുത്തലിന് കൂടുതൽ വിഷമം അനുഭവിക്കേണ്ടിവന്നിരിക്കാനിടയില്ല.

ആകെ നൂറ്റിയെട്ട് ഉപനിഷത്തുകൾ ലഭ്യമാണെങ്കിലും അവയിൽ പത്തെണ്ണം മാത്രമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ശങ്കരാചാര്യരും അതുപോലെ പ്രധാനപ്പെട്ടവരും ഭാഷ്യമെഴുതിയ ഈ ഉപനിഷത്തുകൾ 'ദശോപനിഷത്തുകൾ' എന്നറിയപ്പെടുന്നു. അവയെ നമുക്കൊന്ന് പരിചയപ്പെടാം.

**1. ഈശാവാസ്യോപനിഷത്ത്:** ശുക്ലയജുർവേദത്തിൽപ്പെട്ട ഈ ഉപനിഷത്തിൽ ആകെ പതിനെട്ട് ശ്ലോകങ്ങളാണുള്ളത്. ദശോപനിഷത്തുകളിൽ ഏറ്റവും ചെറുതാണ് ഈശാവാസ്യോപനിഷത്തെങ്കിലും ഏറ്റവും മാഹാത്മ്യമേറിയ ഉപനിഷത്ത് ഇതാണെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. സർവ്വശക്തനായ സർവ്വേശ്വരൻെറ സർവ്വാധിപത്യമാണ് ഇതിലെ പ്രതിപാദ്യവിഷയം. "നിഖില പ്രപഞ്ചവും ജഡചേതന സ്വരൂപമായിരിക്കുന്ന സർവ്വവ്യാപിയായ ഈശ്വരനാൽ പരിപൂർണ്ണമാകുന്നു. അതിനെ ഉപേക്ഷിക്കാതെ തന്നെ ഈ വിശ്വത്തെ ത്യാഗപൂർവ്വം അനുഭവിച്ചുകൊണ്ടിരിക്കുക. അത്യാഗ്രഹം പാടില്ല. എന്തെന്നാൽ ഈ ധനം ആരുടേതാണ്"[1] ഇതാണ് ഈശാവാസ്യത്തിലെ പ്രഥമശ്ലോകത്തിൻെറ സാരം.

1. ഈശാവാസ്യമിദം സർവ്വം യത്കിംച ജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃകസ്യ സ്വിദ്ധനം.

വിദ്യയും അവിദ്യയും തമ്മിലുള്ള അന്തരങ്ങളും പരമാത്മാവിനെ മാത്രം ഉപാസിക്കേണ്ടതിൻെറ അനിവാര്യതയുമെല്ലാം ഈ ചെറിയ ഉപനിഷത്തിലെ വിഷയമത്രെ.

ഈശാവാസ്യോപനിഷത്തിന് ഭഗവദ്ഗീതയുമായി വളരെയേറെ സാമ്യമുണ്ട്. ഇതിലെ ചില ആശയങ്ങൾ ഗീതയിലും കാണാം. ചില ശ്ലോകങ്ങൾ അതേപടിതന്നെ ഗീതയിൽ എടുത്ത് ചേർത്തിട്ടുണ്ട്.

**2. കേനോപനിഷത്ത്:** സാമവേദീയമായ കേനോപനിഷത്തിൽ ആകെ നാല് ഖണ്ഡങ്ങളാണുള്ളത്. ഒന്നും രണ്ടും ഖണ്ഡങ്ങൾ പദ്യാത്മകവും മൂന്നും നാലും ഖണ്ഡങ്ങൾ ഗദ്യാത്മകവുമാണ്. പ്രഥമ ഖണ്ഡത്തിൽ എട്ടും ദ്വിതീയ ഖണ്ഡത്തിൽ അഞ്ചും ശ്ലോകങ്ങളാണുള്ളത്. തൃതീയ ഖണ്ഡത്തിൽ പന്ത്രണ്ടും ചതുർത്ഥഖണ്ഡത്തിൽ ഒൻപതും ശ്രുതിവാക്യങ്ങളുണ്ട്. നടേ ഉദ്ധരിച്ച "കേനേഷിതം പതതിപ്രേഷിതം" (ആരുടെ പ്രേരണയാലാണ് മനസ്സ് വിഷയങ്ങളിൽ പതിക്കുന്നത്?) തുടങ്ങിയ ചോദ്യങ്ങളിലൂടെ ദൈവാസ്തിത്വം സ്ഥാപിക്കുകയാണ് ആദ്യഖണ്ഡത്തിൽ പ്രധാനമായും ചെയ്യുന്നത്. രണ്ടാം ഖണ്ഡത്തിൽ "വിദ്യയാ വിന്ദതേ ള മൃതം" (വിദ്യ കൊണ്ട് അമൃതത്വം പ്രാപിക്കാം) എന്ന് സ്ഥാപിക്കുന്നു. മൂന്നാം ഖണ്ഡത്തിൽ വിവിധ ദേവന്മാരെപ്പറ്റി പ്രതിപാദിച്ചുകൊണ്ട് അവരേക്കാൾ ശക്തിയുള്ളത് പരബ്രഹ്മത്തിനാണെന്ന് ലഘുകഥകളിലൂടെ വിവരിക്കുന്നു. നാലാം ഖണ്ഡത്തിൽ ബ്രഹ്മവിദ്യയുടെ ആധാരങ്ങളെക്കുറിച്ച ചർച്ചയാണുള്ളത്.

ആത്മജ്ഞാനത്തെ സംബന്ധിച്ച കേനോപനിഷത്തിലെ ആശയങ്ങൾ ഭഗവദ്ഗീതയിലും കാണാം. ഈ ഉപനിഷത്തിലെ ചില ശ്ലോകങ്ങളും ഭഗവത്ഗീത അതേപടി സ്വീകരിച്ചിരിക്കുന്നു.

**3. കഠോപനിഷത്ത്:** കൃഷ്ണ യജുർവ്വേദീയമാണ് കഠോപനിഷത്ത്. ഇത് കൃഷ്ണയജുർവ്വേദീയമല്ലെന്നും അഥർവ്വേദീയമാണെന്നും സാമവേദീയമാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ആകെ രണ്ട് അധ്യായങ്ങളാണ് ഈ ഉപനിഷത്തിലുള്ളത്. ഓരോ അധ്യായത്തിലും മൂന്ന് വീതം വല്ലികളുണ്ട്. ഒന്നാം അധ്യായത്തിലെ പ്രഥമാവല്ലിയിൽ ഇരുപത്തി ഒൻപത് ശ്ലോകങ്ങളും ദ്വിതീയവല്ലിയിൽ ഇരുപത്തി അഞ്ച് ശ്ലോകങ്ങളും തൃതീയവല്ലിയിൽ പതിനേഴ് ശ്ലോകങ്ങളുമണുള്ളത്. രണ്ടാം അധ്യായത്തിലെ പ്രഥമാവല്ലിയിലും ദ്വിതീയവല്ലിയിലും പതിനഞ്ച് വീതം ശ്ലോകങ്ങളും തൃതീയവല്ലിയിൽ പതിനെട്ട് ശ്ലോകങ്ങളും അടങ്ങിയിരിക്കുന്നു.



കഠോപനിഷത്ത് സംഭാഷണരൂപത്തിലാണ്. യമനും നചികേതസ്സ് എന്ന ചെറുപ്പക്കാരനും തമ്മിലാണ് സംഭാഷണം. വാജശ്രവസ്സിൻെറ പുത്രനായ ഉദ്ദാലകൻ 'വിശ്വജിത്ത്' എന്ന മഹത്തായ യജ്ഞം ചെയ്യുന്നു. വെള്ളം കുടിക്കുവാനുള്ള ശക്തിയോ പുല്ല് ചവയ്ക്കുവാനുള്ള കെൽപ്പോ ഇല്ലാത്ത ചാവാളിപ്പശുക്കളെ ദാനത്തിനുവേണ്ടി കൊണ്ടുപോകുന്നത് കണ്ട് വിഷമം തോന്നിയ ഉദ്ദാലകപുത്രനായ നചികേതസ്സ് "പിതാവേ.... എന്നെ ആർക്കാണ് ദാനം ചെയ്യുന്നത്?" എന്ന് ആവർത്തിച്ച് മൂന്ന് പ്രാവശ്യം ചോദിക്കുന്നു. ഇതുകേട്ട അച്ഛൻ ദേഷ്യപ്പെട്ട് "നിന്നെ ഞാൻ മൃത്യുവിനാണ് കൊടുക്കാൻ പോകുന്നത്" എന്ന് പറയുന്നു. അങ്ങിനെ നചികേതസ്സിനെ കാലന് കൊടുക്കുന്നു. നചികേതസ്സ് യമപുരിയിലെത്തിയപ്പോൾ യമൻ സ്ഥലത്തില്ലായിരുന്നു. മൂന്നുദിവസം നിരാഹാരനായി യമനെ പ്രതീക്ഷിച്ച് നചികേതസ്സ് യമപുരിയിൽ തങ്ങുന്നു. നാലാം ദിവസം സ്ഥലത്തെത്തിയ യമൻ ബ്രാഹ്മണബാലനെ മൂന്നുദിവസം പട്ടിണിക്കിട്ടതിൽ വ്യാകുലനായി മൂന്നുവരം ചോദിക്കാൻ അവനെ അനുവദിക്കുന്നു. താൻ മടങ്ങിച്ചെല്ലുമ്പോൾ പിതാവ് സന്തോഷത്തോടെ സ്വീകരിക്കണമെന്ന ഒന്നാമത്തെ വരവും സ്വർഗ്ഗലോക പ്രാപ്തിക്കുവേണ്ട അഗ്നി വിദ്യ ഉപദേശിച്ചുതരണമെന്ന രണ്ടാമത്തെ വരവും യാതൊരു തടസ്സങ്ങളുമില്ലാതെ യമൻ അനുവദിച്ചുകൊടുത്തു. മൂന്നാമത്തെയും ഏറ്റവും പ്രധാനപ്പെട്ടതുമായ "മരണശേഷം മനുഷ്യന് എന്ത് സംഭവിക്കുന്നു" എന്ന് പറഞ്ഞുതരണമെന്ന വരം കൊടുക്കാൻ യമൻ ആദ്യത്തിൽ വിസമ്മതിക്കുന്നു. അതിന് പകരമായി ഏത് രൂപത്തിലുള്ള ഭൗതിക സുഖസൗകര്യങ്ങളും ആവശ്യപ്പെടുകയോ ഇഷ്ടമുള്ളത്ര കാലം ജീവിച്ചിരിക്കണമെന്ന വരമോ എന്തും വേണമെങ്കിൽ ചോദിക്കാൻ അനുമതികൊടുത്തുവെങ്കിലും ആത്മജ്ഞാനം അറിയുകയെന്ന ലക്ഷ്യത്തിൽനിന്ന് പിന്മാറാൻ നചികേതസ്സ് തയ്യാറാകുന്നില്ല. അവസാനം ആ ബ്രാഹ്മണബാലന് ബ്രഹ്മവിദ്യ ഉപദേശിച്ചുകൊടുക്കാൻ യമൻ നിർബന്ധിതനാവുന്നു. അങ്ങനെ പരമാത്മാവിനെക്കുറിച്ച കാര്യങ്ങൾ ഓരോന്നായി ചുരുളഴിയുന്നു. പുനർജ്ജന്മവാദവും പരമാത്മാവും ജീവാത്മാവും ഒന്നാണെന്ന വാദവും പല ശ്ലോകങ്ങളിലും നിഴലിച്ചുകാണുന്നുണ്ടെങ്കിലും മരണാനന്തരം

സ്വർഗ്ഗനരകങ്ങളാണ് അവസാനമായി ലഭിക്കാനുള്ളത് എന്നും പര ബ്രഹ്മം സർവ്വശക്തനാണ് എന്നും വ്യക്തമായിത്തന്നെ കഠോപ നിഷതിൽ പ്രതിപാദിക്കുന്നുണ്ട്. ഇതിലെയും പല ശ്ലോകങ്ങളുടെ യും സാരം ഭഗവദ്ഗീത കട മെടുത്തതായി കാണാൻ കഴിയും.

**4. പ്രശ്നോപനിഷത്ത്:** അഥർവ്വവേദീയമാണ് പ്രശ്നോപനി ഷത്ത്. ഭരദ്വാജപുത്രനായ സുകേശൻ, ശിബിയുടെ പുത്രനായ സത്യ കാമൻ, സൂർയ്യ പൗത്രനായ ഗാർഗ്ഗ്യൻ, അശ്വലപുത്രനായ കൗശ ല്യൻ, വിദർഭദേശീയനായ ഭാർഗ്ഗവൻ, കത്യപുത്രനായ കബന്ധ എന്നീ ആറ് മുനിമാർ പിപ്പിലാദ മഹർഷിയുടെ അടുത്തുപോയി ആറ് പ്രശ് നങ്ങൾ ഉന്നയിക്കുന്നു. എല്ലാവരോടും ഒരു സംവൽസരം ശ്രദ്ധയോ ടും ബ്രഹ്മചര്യത്തോടും കൂടെ തപസ്സുചെയ്യാനും പിന്നീട് ചോദ്യം ചോദിക്കാനും പിപ്പിലാദൻ ആജ്ഞാപിക്കുന്നു. അതുപ്രകാരം ചെയ് തതിനുശേഷം ഓരോരുത്തും ചോദിക്കുന്ന ചോദ്യവും അതിന് പിപ്പിലാദൻ നൽകുന്ന മറുപടിയുമാണ് ഇതിൻെറ ഉള്ളടക്കം. ആറു പേരുടെയും ചോദ്യങ്ങളെ ഓരോ പ്രശ്നങ്ങളായിത്തിരിച്ചിരിക്കുന്നു. അങ്ങനെ ആകെ ആറ് പ്രശ്നങ്ങളാണുള്ളത്. ഒന്നാം പ്രശ്നത്തിൽ പതിനാറും രണ്ടാം പ്രശ്നത്തിൽ പതിമൂന്നും മൂന്നാം പ്രശ്നത്തിൽ പന്ത്രണ്ടും നാലാം പ്രശ്നത്തിൽ പതിനൊന്നും അഞ്ചാം പ്രശ്ന ത്തിൽ ഏഴും ആറാം പ്രശ്നത്തിൽ എട്ടും വാക്യങ്ങളാണുള്ളത്.

*ചോദ്യോത്തരങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.*

കബന്ധി: പ്രജകളെല്ലാം എങ്ങിനെയാണുണ്ടാകുന്നത്?

പിപ്പിലാദൻ: പ്രജാപതി തപസ്സ് ചെയ്ത് സൃഷ്ടിക്ക് സാധന ഭൂതമാനയ രയിയെയും പ്രാണനെയും അഥവാ വസ്തുവെയും ചൈ തന്യത്തെയും സൃഷ്ടിച്ചു. അവയാണ് പ്രജകളെ സൃഷ്ടിച്ചത്.

ഭാർഗവൻ: ഏതെല്ലാം ദേവന്മാരാണ് പ്രജയെ നിലനിർത്തു ന്നത്? ഏതുദേവനാണ് ഇതെല്ലാം പ്രകാശിപ്പിക്കുന്നത്? അവരിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?

പിപ്പിലാദൻ: പഞ്ചഭൂതാദി ദേവന്മാരാണ് പ്രപഞ്ചത്തെയും പ്ര ജകളെയും നിലനിർത്തുന്നത്. പഞ്ചേന്ദ്രിയങ്ങളാണ് ദേവാന്വിതരാ യി എല്ലാം പ്രകാശിപ്പിക്കുന്നത്. പ്രാണനാണ് ശ്രേഷ്ഠദേവത.

കൗസല്യൻ: എവിടെനിന്നാണ് പ്രാണനുണ്ടാകുന്നത്? അത്



ശരീരത്തിൽ പ്രവേശിക്കുന്നതും സ്ഥിതിചെയ്യുന്നതും പുറത്തുപോ കുന്നതും എങ്ങിനെയാണ്? അധിഭൂതവും അധ്യാത്മവും അധിദൈവ വും എന്താണ്?

പിപ്പിലാദൻ: ആത്മാവിൽനിന്നാണ് പ്രാണനുണ്ടാകുന്നത്. മന സ്സിൻെറ സങ്കൽപ്പമനുസരിച്ച് അത് ശരീരത്തിൽ പ്രവേശിക്കുന്നു. ഹൃദയത്തിലുള്ള ആത്മാവുമായിച്ചേർന്ന് പ്രാണൻ ലോകത്തെ നിയന്ത്രിക്കുന്നു. മരണത്തിൽ തേജോയുക്തനായ പ്രാണൻ ശരീരം വിട്ടുപോകുന്നു.

സൗർയ്യായണി: ഉറങ്ങുന്നതും ഉണരുന്നതും സ്വപ്നം കാണു ന്നതുമെല്ലാം എങ്ങനെയാണ്?

പിപ്പിലാദൻ: ആത്മാവിൻെറ ആഗമനവിഗമനങ്ങളാണ് ഉറക്ക ത്തിനും ഉണർച്ചക്കും കാരണം. സ്വപ്നത്തിലൂടെ സ്വമഹിമയെ അനു ഭവിച്ചറിയുകയാണ്.

സത്യകാമൻ: ഓംങ്കാരധ്യാനംകൊണ്ട് ലഭിക്കുന്ന ഫലമെ ന്താണ്?

പിപ്പിലാദൻ: ഭൂമിയിൽ സമ്പന്നനാകുകയും ചന്ദ്രലോകം, സൂര്യ ലോകം, ബ്രഹ്മലോകം എന്നിവയെ പ്രാപിക്കാൻ കഴിയുകയും ചെ യ്യും, ഓംങ്കാരധ്യാനം നടത്തിയാലെന്നും ഓരോ ലോകത്തെയും പ്രാപിക്കണമെങ്കിൽ ഏതെല്ലാം രൂപത്തിൽ ഓംങ്കാര ധ്യാനം ന ടത്തണമെന്നും വിവരിക്കുന്നു.

സുകേശാവ്: ഷോ ഢശ കലകളുള്ളവനായ പുരുഷൻ എവി ടെയാണ് വസിക്കുന്നത്?

പിപ്പിലാദൻ: പതിനാറ് കലകളുള്ളവനായ പുരുഷൻ ഈ ശരീ രത്തിൽ തന്നെയാണ്.

**5. മുണ്ഡകോപനിഷത്ത്:** അഥർവ്വേദീയമാണ് മുണ്ഡകോ പനിഷത്ത്. 'ക്ഷുരകൻ' എന്ന അർത്ഥംവരുന്ന 'മുണ്ഡക'മെന്ന പദം എങ്ങനെയാണ് ഈ ഉപനിഷത്തിൻെറ നാമമായിത്തീർന്നതെന്ന് വ്യക് തമല്ല. രണ്ട് ഖണ്ഡങ്ങൾ വീതമുള്ള മൂന്ന് മുണ്ഡകങ്ങളാണ് ഈ ഉപനിഷത്തിലുള്ളത്. ഒന്നാം മുണ്ഡകത്തിലെ ഒന്നാം ഖണ്ഡത്തിൽ ഒൻപതും രണ്ടാം ഖണ്ഡത്തിൽ പതിമൂന്നും വാക്യങ്ങളും രണ്ടാം മുണ്ഡകത്തിലെ ഒന്നാം ഖണ്ഡത്തിൽ പത്തും രണ്ടാംഖണ്ഡ

ത്തിൽ പതിനൊന്നും വാക്യങ്ങളും മൂന്നാം മുണ്ഡകത്തിലെ ഒന്നാം ഖണ്ഡത്തിൽ പത്തും രണ്ടാം ഖണ്ഡത്തിൽ പതിനൊന്നും വാക്യങ്ങളുമാണ് അടങ്ങിയിരിക്കുന്നത്.

സകലത്തിൻെറയും സൃഷ്ടികർത്താവും സംരക്ഷകനുമായ ബ്രഹ്മാവ് തൻെറ മൂത്ത പുത്രനായ അഥർവ്വാവിന് ഉപദേശിച്ചു കൊടുത്ത സർവ്വവിദ്യകൾക്കും അധിഷ്ഠാനമായ ബ്രഹ്മവിദ്യയെ അംഗിരസ്സ് ശൗനകന് ഉപദേശിച്ചുകൊടുക്കുന്നതാണ് മുണ്ഡകോപനിഷത്തിൻെറ ഉള്ളടക്കം. അംഗിരസ്സിൻെറ ഉപദേശം ആരംഭിക്കുന്നതിങ്ങനെയാണ്. "രണ്ടുതരം വിദ്യകളുണ്ട്. ഒന്ന് അപരാവിദ്യ മറ്റേത് പരാവിദ്യ". നാല് വേദങ്ങളും വേദാംഗങ്ങളും ചേർന്നതാണ് അപരാവിദ്യ. അക്ഷരബ്രഹ്മത്തെ അറിയുന്ന വിദ്യയാണ് പരാവിദ്യ. അദൃശ്യവും അഗ്രാഹ്യവും അഗോത്രവും അവർണ്ണവും ഒക്കെയായ ആത്മാവിനെ അറിയുന്നത് ഈ പരാവിദ്യയിലൂടെയാണ്. സകലഭൂതങ്ങളുടെയും ഉൽപ്പത്തിസ്ഥാനമായ ആത്മാവ് നിത്യവും സസൂക്ഷ്മവുമാണ്. എട്ടുകാലി വല നിർമ്മിക്കുന്നതുപോലെയാണ് അക്ഷരാത്മാവ് പ്രപഞ്ചത്തെ ഉണ്ടാക്കുന്നത്. പരബ്രഹ്മത്തെ അറിയുന്നൻ ദുഃഖങ്ങളും പാപങ്ങളുമെല്ലാം തരണം ചെയ്ത് അവസാനം പരബ്രഹ്മം തന്നെയായിത്തീരുന്നു.

വളരെ പ്രസിദ്ധങ്ങളും സുന്ദരങ്ങളുമായ ചില ശ്രുതിവാക്യങ്ങൾ ഈ ഉപനിഷത്തിലുണ്ട്. നമ്മുടെ ദേശീയമുദ്രയായ അശോക ചക്രത്തിന് താഴെ എഴുതിയിരിക്കുന്ന "സത്യമേവ ജയതേ" (സത്യം തന്നെ ജയിക്കുന്നു) യെന്ന വചനം മുണ്ഡകോപനിഷത്തിലുള്ളതാണ്. "അന്ധന്മാരാൽ നയിക്കപ്പെടുന്ന അന്ധരെപ്പോലെ" (അന്ധേനൈവ നീയമാനാ യഥാന്ധാ) എന്ന പ്രസിദ്ധമായ ഉപമയും ഈ ഉപനിഷത്തിലുള്ളതാണ്.

**6.മാണ്ഡ്യൂകോപനിഷത്ത്:** മാണ്ഡ്യൂകോപനിഷത്തിൽ കേവലം പന്ത്രണ്ട് മന്ത്രങ്ങളാണുള്ളത്. ദശോപനിഷത്തുകൾ പഠിക്കൽ ബ്രാഹ്മണന് അനിവാര്യമാണെന്ന് വിശ്വസിക്കപ്പെട്ടിരുന്നകാലത്ത്, അഥവാ അവ മുഴുവൻ പഠിക്കാൻ കഴിയാതെവന്നെങ്കിൽ മാണ്ഡ്യൂകോപനിഷത്തെങ്കിലും പഠിക്കൽ നിർബന്ധമാണെന്ന് നിഷ്കർഷിക്കപ്പെട്ടിരുന്നു. ഈ ഉപനിഷത്തിന് അത്രയും പ്രാധാന്യമുണ്ട്. 'മുമുക്ഷുക്കൾക്ക് മുക്തിക്കായിട്ട് മാണ്ഡ്യൂകോപനിഷത്തു തന്നെ



മതിയാകും"[1] എന്നാണ് ശ്രീരാമൻ ഹനുമാനെ ഉപദേശിക്കുന്നത്.

പ്രപഞ്ചം മുഴുവനും ഓംകാരസ്വരൂപമായ അക്ഷരവും ബ്രഹ്മവുമാണെന്ന് പറഞ്ഞുകൊണ്ടാണ് ഈ ഉപനിഷത്ത് ആരംഭിക്കുന്നത്. ബ്രഹ്മത്തിൽനിന്നും ഭിന്നമല്ലാത്ത ആത്മാവ് വിശ്വൻ, തൈജസൻ, പ്രാജ്ഞൻ, തുരീയൻ എന്നീ നാല് പാദങ്ങളോടുകൂടിയുള്ളതാണ്. ഈ നാല് അവസ്ഥയെക്കുറിച്ച വിവരണമാണ് ഈ ഉപനിഷത്തിൻെറ ഉള്ളടക്കം. മാണ്ഡൂക്യമാണ് വേദാന്തദർശനത്തിൻെറ അസ്തിവാരമിട്ട ഉപനിഷത്ത്. മാണ്ഡൂകൃത്തിന് ഗൗഡപാദാചാര്യർ രചിച്ച വ്യാഖ്യാനഗ്രന്ഥമാണ് ഗൗഡപദകാരിക. ഈ കാരികയാണ് വേദാന്തദർശനത്തിന് അടിത്തറപണിതത്. ഉപനിഷത്തുകൾക്ക് ഭാഷ്യമെഴുതിയ ശങ്കരാചാര്യർ മാണ്ഡൂകത്തിനോടൊപ്പം ഗൗഡപദകാരികക്കും വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഗൗഡപാദകാരിക ഉപനിഷദ് സമാനമാണെന്നാണ് അദ്വൈതികൾ വിശ്വസിക്കുന്നത്.

**7. തൈത്തിരീയോപനിഷത്ത്:** കൃഷ്ണയജുർവേദീയമാണ് തൈ ത്തിരീയോപനിഷത്ത്. തിത്തിരിയെന്ന മഹർഷിയുടെ പേരിൽ നിന്നാണ് തൈത്തിരീയമെന്ന നാമത്തിൻെറ ഉൽപത്തിയെന്നാണ് ഭൂരിപക്ഷ മതം. ആകെ മൂന്ന് വല്ലികളാണ് ഇതിലുള്ളത്. ഒന്നാം വല്ലിക്ക് ശിക്ഷാവലിയെന്നും രണ്ടാംവല്ലിക്ക് ബ്രഹ്മാനന്ദ വല്ലിയെന്നും മൂന്നാംവല്ലിക്ക് ഭൃഗുവല്ലിയെന്നുമാണ് പേര്. ഓരോവല്ലിയെയും അനുവാകങ്ങളായി തിരിച്ചിരിക്കുന്നു. ശിക്ഷാവല്ലിയിൽ പന്ത്രണ്ട് അനുവാകങ്ങളും ബ്രഹ്മാനന്ദവല്ലിയിൽ ഒൻപത് അനുവാകങ്ങളും ഭൃഗുവല്ലിയിൽ പത്ത് അനുവാകങ്ങളുമാണുള്ളത്.

ആചാര്യൻ അന്തേവാസിയായ ശിഷ്യനോട് ചെയ്യുന്ന ഉപദേശങ്ങളും വിവിധ തരം ഉപാസനകളക്കുറിച്ച വിവരണങ്ങളുമാണ് ശിക്ഷാവല്ലിയുടെ ഉള്ളടക്കം. അമ്മയെയും അച്ഛനെയും അതിഥിയെയും ദേവന്മാരായി കാണണമെന്ന പ്രസിദ്ധമായ ഉപദേശം ഇതിലുള്ളതാണ്. സംഹിതോപാസന, പാംക്തോപാസന, ഓംകാരോപാസന എന്നീ പ്രസിദ്ധ ഉപാസനാ സമ്പ്രദായങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നത് ശിക്ഷാവല്ലിയിലാണ്. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ പഞ്ചകോശങ്ങളെക്കുറിച്ച പ്രതിപാദനവും ബ്രഹ്മപ്രാപ്തിയാണ് മോക്ഷമെന്ന

1. മാണ്ഡ്യൂക്യമേക മേവാലം മുമുക്ഷൂണാം വിമുക്തിയേ-മുക്തികോപനിഷത്ത് 1:26.

സ്ഥാപനവുമാണ് ബ്രഹ്മാനന്ദവല്ലിയുടെ ഉള്ളടക്കം. പിതാവായ വരുണൻെറ അടുക്കൽചെന്നുള്ള ഭൃഗുവിൻെറ ബ്രഹ്മവിദ്യ ഉപദേശിക്കാൻവേണ്ടിയുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ വരുണൻ നടത്തുന്ന ബ്രഹ്മവിദ്യോപദേശമാണ് ഭൃഗുവല്ലിയിലെ പ്രധാന വിഷയം. സകലചരാചരങ്ങളുടെയും ഉൽപ്പത്തിക്കും നിലനിൽപ്പിനും നാശത്തിനും കാരണമായതാണ് ബ്രഹ്മമെന്നാണ് വരുണോപദേശത്തിൻെറ കാതൽ.

തൈത്തിരീയോപനിഷത്തിലൂടെ കടന്നുപോകുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേക സിദ്ധാന്തത്തിൻെറ സ്ഥാപനമല്ല പ്രത്യുത, വ്യത്യസ്ത സിദ്ധാന്തങ്ങളുടെ സങ്കലനമാണ് കാണാൻ കഴിയുന്നത്. സത്യസന്ധമായി നിരൂപണം നടത്തിയവരെല്ലാം ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാരതവിജ്ഞാനകോശം എഴുതുന്നു: "ഏതെങ്കിലും ഒരു സിദ്ധാന്തമല്ല, വിവിധ സിദ്ധാന്തങ്ങളുടെ ശകലങ്ങളാണ് ഉപനിഷത്തുകളിൽ പ്രതിപാദിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യം തൈത്തിരീയം വെളിപെടുത്തുന്നു"[1].

**8. ഐതരേയോപനിഷത്ത്:** ഋഗ്വേദീയമാണ് ഈ ഉപനിഷത്ത്. അബ്രാഹ്മണനായ ഐതരേയനാണത്രേ ഈ ഉപനിഷത്തിൻെറ കർത്താവ്. മൂന്ന് അദ്ധ്യായങ്ങളിലായി ആറ് ഖണ്ഡങ്ങളാണ് ആകെ ഇതിലുള്ളത്. മുപ്പത്തിമൂന്ന് വാക്യങ്ങളുള്ള ഈ ഉപനിഷത്ത് താരതമ്യേന ചെറിയ ഉപനിഷത്തുകളിലൊന്നാണ്.

ഉപനിഷത്ത് എന്ന പദത്തിന് ആത്മവിദ്യ എന്നാണ് അർത്ഥമെങ്കിൽ യഥാർത്ഥത്തിലുള്ള ഉപനിഷത്ത് ഐതരേയമാണെന്ന് പറയാൻ കഴിയുമെന്നാണ് പണ്ഡിതാഭിപ്രായം. "പ്രപഞ്ചം ഉണ്ടാകുന്നതിനുമുമ്പ് ആത്മാവ് മാത്രമെ ഉണ്ടായിരുന്നുള്ളൂ"[2] എന്ന് പറഞ്ഞുകൊണ്ടാണ് ഈ ഉപനിഷത്ത് തുടങ്ങുന്നത് തന്നെ. ലോകങ്ങളുടെയും ലോകപാലകന്മാരുടെയും സൃഷ്ടിയാണ് പ്രഥമാദ്ധ്യായത്തിലെ ആദ്യഖണ്ഡത്തിലെ പ്രതിപാദ്യം. ദേവന്മാരുടെ പുരുഷശരീരത്തിലേക്കുള്ള സന്നിവേശമാണ് ഇതേ അദ്ധ്യായത്തിലെതന്നെ ദ്വിതീയ ഖണ്ഡത്തിലെ വിഷയം. പ്രഥമാദ്ധ്യായത്തിലെ തൃതീയഖണ്ഡത്തിൽ അന്നത്തിൻെറ സൃഷ്ടിയാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.

1. ഭാരത വിജ്ഞാനകോശം വാല്യം 2 പേജ്:89.
2. ആത്മാവാ ഇദമേക ഏവാഗ്ര ആസീത്- ഐതരേയം 1:1



ഗർഭസ്ഥശിശുവും മാതാവും തമ്മിലുള്ള ബന്ധവും പുനർജന്മസിദ്ധാന്തവുമാണ് രണ്ടാം അദ്ധ്യായത്തിലെ ഏകഖണ്ഡത്തിൽ വിശദീകരിച്ചിരിക്കുന്നത്. പരമാത്മാവാണ് ഉപാസ്യദേവനെന്ന് സ്ഥാപിക്കുകയാണ് മൂന്നാം അദ്ധ്യായത്തിലെ ഏകഖണ്ഡത്തിലൂടെ ചെയ്യുന്നത്.

**9. ഛാന്ദോഗ്യോപനിഷത്ത്:** സാമവേദീയമാണ് ഛാന്ദോഗ്യോപനിഷത്ത്. സാമാന്യം ദീർഘമായ ഉപനിഷത്താണിത്. എട്ട് അദ്ധ്യായങ്ങളിലായി ആകെ നൂറ്റിയൻപത്തിനാല് ഖണ്ഡങ്ങളാണ് ഛാന്ദോഗ്യത്തിലുള്ളത്. സംവാദരൂപത്തിലാണ് മിക്ക ഖണ്ഡങ്ങളുമുള്ളത്. ആചാര്യനും ശിഷ്യനും തമ്മിലും വിവിധ ആചാര്യന്മാർ തമ്മിലും സംവാദങ്ങൾ നടക്കുന്നു. ഉഷസ്തി, രൈക്വൻ, ജാതശ്രുതി, ഗൗതമൻ, സത്യകാമൻ, ഉപകോസലൻ, പ്രവാഹണൻ, ഉദ്ദാലകൻ, ശ്വേതകേതു, അശ്വപതി, ഔപമന്യു, സനാത്കുമാരൻ, നാരദൻ, പ്രജാപതി, ഇന്ദ്രൻ, വിരോചനൻ എന്നിങ്ങനെ വ്യത്യസ്ത വ്യക്തികളെക്കുറിച്ച പരാമർശങ്ങൾ ഉണ്ട് ഈ ഉപനിഷത്തിൽ.

ഒട്ടനവധി വിഷയങ്ങൾ പ്രതിപാദിക്കപ്പെട്ട ബൃഹത്തായ ഒരു ഉപനിഷത്താണ് ഛാന്ദോഗ്യോപനിഷത്ത്. പ്രജാപതിയുടെ പുത്രന്മാരായ ദേവാസുരന്മാരുടെ യുദ്ധവും ഉപാസനകളും യജ്ഞയാഗാദി കർമ്മകാണ്ഡങ്ങളിൽ സമർത്ഥനായിരുന്ന ഉഷസ്തിയുടെ പ്രസിദ്ധമായ കഥയുമെല്ലാം ഒന്നാം അദ്ധ്യായത്തിലുണ്ട്. 'പട്ടികളുടെ യാഗത്തിൻെറ കഥ'യും ഒന്നാം അദ്ധ്യായത്തിലാണുള്ളത്. ഉപാസനകളെക്കുറിച്ച വിശദമായ വിവരണങ്ങളാണ് രണ്ടാ അദ്ധ്യായത്തിലെ ഉള്ളടക്കം. മൂന്നാം അദ്ധ്യായത്തിൽ ആദിത്യോപാസനകളെക്കുറിച്ചാണ് പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. ദാനശീലനായ ജനശ്രുതിയുടെ കഥകൊണ്ട് തുടങ്ങുന്ന നാലാം അദ്ധ്യായത്തിൽ ബ്രഹ്മവിദ്യയെയും അഗ്നിവിദ്യയെയുംകുറിച്ച പ്രസ്താവനകളും മറ്റ് ദേവസ്തുതിമന്ത്രങ്ങളും അടങ്ങിയിരിക്കുന്നു. അഞ്ചാം അദ്ധ്യായത്തിലെ പ്രധാന വിഷയം അഗ്നി ഉപാസനയാണ്. ഇതിലെ ആറാം അദ്ധ്യായം വേദാന്തികൾക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. വേദാന്ത ദർശനത്തിൻെറ അടിത്തറയായ 'തത്ത്വമസി'[1] എന്ന വാക്യം പ്രസ്താവിച്ചിട്ടുള്ളത് ഈ ഉപനിഷത്തിലാണ്. ഈ അദ്ധ്യായത്തിൽ ഒൻപത് തവണ

1. അത് നീയാകുന്നു.

"തത്ത്വം അസി" എന്ന് ആവർത്തിച്ചിരിക്കുന്നു. ഉദ്ദാലകന്റെ ശ്വേതകേതുവിനോടുള്ള ഉപദേശമാണ് ഈ അദ്ധ്യായത്തിലുള്ളത്. സനത്കുമാര- നാരദസംവാദമാണ് ഏഴാം അദ്ധ്യായത്തിലെ വിഷയം. വേദങ്ങളിലും ശാസ്ത്രങ്ങളിലും പാണ്ഡിത്യമുണ്ടായിരുന്ന നാരദന് ശാന്തി ലഭിക്കുന്നില്ല. അങ്ങിനെ ആത്മജ്ഞാനം തേടിക്കൊണ്ട് ദുഃഖങ്ങളിൽനിന്നും മുക്തമാകാനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുകയാണ് നാരദൻ. പരലോകത്തെയും പുനർജന്മത്തെയും കുറിച്ച വിവരണങ്ങളാണ് എട്ടാം അദ്ധ്യായത്തിൽ പ്രധാനമായും ഉള്ളത്.

**10. ബൃഹദാരണ്യകോപനിഷത്ത്:** യജുർവേദീയമാണ് ബൃഹദാരണ്യകോപനിഷത്ത്. ഏറ്റവും വലിയ ഉപനിഷത്തായ ഇതിൽ ആകെ ആറ് അദ്ധ്യായങ്ങളാണുള്ളത്. ഓരോ അദ്ധ്യായങ്ങളെയും ബ്രാഹ്മണങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ ആറ് വീതവും മൂന്നാം അദ്ധ്യായത്തിൽ ഒൻപതും നാലാം അദ്ധ്യായത്തിൽ ആറും അഞ്ചാം അദ്ധ്യായത്തിൽ പതിനഞ്ചും ആറാം അദ്ധ്യായത്തിൽ അഞ്ചും ബ്രാഹ്മണങ്ങളാണുള്ളത്.

യാഗാശ്വത്തെക്കുറിച്ച വർണ്ണനകളും പ്രജാപതിയുടെ പുത്രന്മാരായ ദേവന്മാരും അസുരന്മാരും തമ്മിലുള്ള യുദ്ധത്തിന്റെ വിവരണവുമാണ് ഒന്നാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. ഗാർഗ്യനും അജാതശത്രുവും തമ്മിലും യാജ്ഞവൽക്യനും സ്വഭാര്യയായ മൈത്രേയിയും തമ്മിലുമുള്ള സംവാദങ്ങളിലൂടെ ബ്രഹ്മജ്ഞാനത്തിന്റെ ചുരുളുകൾ അഴിക്കപ്പെടുകയാണ് രണ്ടാം അദ്ധ്യായത്തിൽ. മൂന്നും നാലും അദ്ധ്യായങ്ങളിൽ ജനക മഹാരാജാവിന്റെ യജ്ഞങ്ങളെയും അദ്ദേഹം നൽകുന്ന ദാനങ്ങളെയും കുറിച്ചാണ് പ്രതിപാദിക്കപ്പെടുന്നത്. പ്രജാപതി പുത്രന്മാരായ ദേവാസുരന്മാരും മനുഷ്യരും ബ്രഹ്മചര്യം ആചരിച്ചുകൊണ്ട് ബ്രഹ്മോപദേശം തരണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നൽകിയ 'ദ' എന്ന ഉപദേശത്തെക്കുറിച്ച ചർച്ചയും വിവിധ ഉപാസനാസമ്പ്രദായങ്ങളെക്കുറിച്ച വിവരണവുമാണ് അഞ്ചാം അദ്ധ്യായത്തിലെ ഉള്ളടക്കം. പ്രാണന്റെ ഉൽകൃഷ്ടതയും ശ്വേതകേതുവിന്റെയും പ്രവാഹണന്റെയും സംവാദവും പഞ്ചാഹ്നി വിദ്യയെക്കുറിച്ച വിവരണവുമാണ് ആറാം അദ്ധ്യായത്തിലുള്ളത്.


ഉപനിഷത്തുകൾ ബ്രഹ്മജ്ഞാനത്തെക്കുറിച്ച അന്വേഷണമാണ് വെളിപ്പെടുത്തുന്നത്. ഏകവും അദ്വിതീയവുമായ പരബ്രഹ്മത്തെക്കുറിച്ച്, തലമുറകളിൽനിന്നും കൈമാറി ലഭിച്ച ഭാരതീയ മനസ്സിന്റെ ഉപബോധ മനസിലുണ്ടായിരുന്ന ചിന്തയാണ് ഉപനിഷത്തുകളുടെ അടിസ്ഥാനം. അഗാധമായ തത്വാന്വേഷണത്തിന്റെ പാതയാണ് ഉപനിഷത്തുകളിലൂടെ ദർശനീഭവിക്കുന്നത്. ദൈവിക ബോധനങ്ങളിൽ നിന്നുള്ള വിശ്വാസങ്ങളുടെ ശകലങ്ങൾ ഉപനിഷത്തുകളിൽ കാണാൻ കഴിയുമെങ്കിലും ശാശ്വത സത്യത്തെക്കുറിച്ച വ്യക്തവും സ്ഖലിതരഹിതവുമായ ചിത്രം അവതരിപ്പിക്കുന്നതിൽ ഇവ പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഉപനിഷത്ത് രചനാകാലത്തുണ്ടായിരുന്ന അന്ധവിശ്വാസങ്ങളുടെയും ദൈവികബോധനങ്ങളിൽനിന്ന് ലഭിച്ച് തലമുറകളിലൂടെ കൈമാറിയെത്തിയ ഏകദൈവ വിശ്വാസത്തിന്റെയും, സ്ഥലകാലങ്ങൾക്കതീതനായ ദൈവികാസ്തിത്വത്തിന്റെ പൊരുളുതേടിയുള്ള വ്യർത്ഥമായ അന്വേഷണത്തിന്റെയും സങ്കലനമാണ് ഉപനിഷത്തുകളിൽ കാണാൻ കഴിയുന്നത്.

ഉപനിഷത്തുകളിലൂടെ തെളിഞ്ഞുവരുന്ന സത്യാന്വേഷണ തൃഷ്ണ തീർച്ചയായും വിലമതിക്കപ്പെടേണ്ടതാണ്. അതിലെ തത്വവിചാര സംവാദങ്ങൾ ഒരു പരിധിവരെ അനുസരിക്കപ്പെടേണ്ടവയുമാണ്. പക്ഷേ, ദൈവികബോധനത്തിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള, ദൈവികാസ്തിത്വത്തിന്റെ അർത്ഥമറിയാനുള്ള അന്വേഷണം മനുഷ്യരെ വ്യക്തവും സത്യസന്ധവുമായ നിഗമനത്തിലെത്തിക്കുകയില്ലെന്നാണ് ഉപനിഷത്തുകളിലെ ബ്രഹ്മജ്ഞാനത്തെക്കുറിച്ച പരസ്പരവിരുദ്ധങ്ങളായ ചർച്ചകൾ വ്യക്തമാക്കുന്നത്. "ഖുർആൻ, ബൈബിൾ, തൗറാത്ത് എന്നിവ സശ്രദ്ധം പഠിച്ചിട്ടും ശമിക്കാത്ത ആധ്യാത്മിക ജ്ഞാനത്തിനുവേണ്ടിയുള്ള ദാഹം ശമിപ്പിക്കാൻ ഉപനിഷത്തുകൾക്കാണ് കഴിഞ്ഞത്" എന്ന ദാറാഷുക്ക്വാ'യുടെ പ്രസ്താവന പലപ്പോഴും ഉദ്ധരിക്കപ്പെടാറുണ്ട്. നൂറ്റിയെട്ട് ഉപനിഷത്തുകളുടെയും സാരം ഒരു പ്രാവശ്യമെങ്കിലും വായിക്കുവാനും ദശോപനിഷത്തുകളെക്കുറിച്ച് അൽപം വിശദമായിതന്നെ പഠിക്കുവാനും അവസരം ലഭിച്ച വ്യക്തിയാണ് ഈ ലേഖകൻ. ഈയുള്ളവന്റെ വിനീതമായ അഭിപ്രായത്തിൽ ഈ പരാമർശം അൽപം കടന്ന കയ്യാണ്. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ സൂറത്തുക

1 മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മൂത്ത പുത്രൻ.

ളിലൊന്നായ സൂറത്തുൽ ഇഖ്‌ലാസിന് തത്തുല്ല്യമായി, ദൈവാസ്തിത്വത്തെക്കുറിച്ച വ്യക്തവും സംശയരഹിതവുമായ ധാരണയുണ്ടാക്കുന്ന ഒരു സൂക്തമെങ്കിലും ഉപനിഷത്തുകളിലില്ല. ദൈവാസ്തിത്വത്തിൻെറ സത്തയെക്കുറിച്ച് സ്ഥലകാലബന്ധനത്തിലുള്ള മനുഷ്യമസ്തിഷ്കത്തിന് മനസ്സിലാക്കാൻ കഴിയില്ല. ദൈവികബോധനങ്ങളിലൂടെ ലഭ്യമാകു ന്ന അറിവുമാത്രമെ തദ്വിഷയകമായി സ്വീകരിക്കാൻ കഴിയൂ. ഖുർആനിൻെറയും ഉപനിഷത്തുകളുടെയും വ്യത്യാസം ഇവിടെയാണ് പ്രകടമാകുന്നത്. ഒന്ന് ദൈവത്തിങ്കൽ നിന്നും നേരിട്ടുള്ള വെളിപാടാണെങ്കിൽ മറ്റേത് മനുഷ്യരുടെ ധിഷണ നടത്തുന്ന അന്വേഷണം മാത്രമാണ്. അതിന് പരിമിതികളുണ്ടാവുക സ്വാഭാവികവുമാണ്.





3

# വേദാംഗങ്ങൾ

ആറെണ്ണമാണ് വേദാംഗങ്ങൾ. വേദങ്ങൾ ശരീരമാണെങ്കിൽ അതിന്റെ അവയവമാണത്രെ വേദാംഗങ്ങൾ. വേദപഠനത്തിന് വേദാംഗ പഠനം അത്യന്താപേക്ഷിതമാണെന്നാണ് നിയമം. വേദാംഗങ്ങൾ ദുർല്ലഭവും ദാർശനിക പ്രധാനവുമല്ലാത്തതിനാൽ അവയെക്കുറിച്ച അവഗാഢമായ പഠനത്തിന് ഈ ലേഖകൻ മുതിർന്നിട്ടില്ല. എങ്കിലും ഹിന്ദുമത ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതായ വേദങ്ങളുമായി ബന്ധ പ്പെട്ടതാകയാൽ ഏകദേശമായ വിവരണം ആവശ്യമാണെന്ന് തോന്നുന്നു. ശിക്ഷ, കൽപ്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്എന്നിവയാണ് വേദാംഗങ്ങൾ.

വേദങ്ങൾ എങ്ങിനെ ചൊല്ലണം എന്ന് പഠിപ്പിക്കുന്ന വേദാംഗമാണ് ശിക്ഷ. ഓരോ വേദത്തിനും അതിൻേറതായ ഉച്ചാരണ രീതികളും ശിക്ഷകളുമുണ്ട്. ഓരോ അക്ഷരവും ഒറ്റക്കും കൂട്ടായും ഉച്ചരിക്കപ്പെടുമ്പോൾ ശ്വാസഗതി എങ്ങിനെയാകണമെന്നും ശബ്ദോൽപ്പത്തിക്ക്യ കാരണമായ വായുപ്രവാഹം എങ്ങിനെ നിയന്ത്രിക്കണമെന്നും ശിക്ഷകൾ വിശദമായി പ്രതിപാദിക്കുന്നു. യാജ്ഞവാൽക്ക് ശിക്ഷ, വാസിഷ്ഠീ ശിക്ഷ, കാത്യായനീ ശിക്ഷ, പരാശരീശിക്ഷ,

നാരദീ ശിക്ഷ, ശൗനകീയ ശിക്ഷ, ഗൗതമീ ശിക്ഷ, പാണിനീയ ശിക്ഷ എന്നിവയാണ് പ്രധാന ശിക്ഷകൾ.

യാഗങ്ങളുടെയും യജ്ഞങ്ങളുടെയും മറ്റും നടത്തിപ്പിൽ ദീക്ഷിക്കേണ്ട ആചാരക്രമങ്ങൾ വിശദീകരിക്കുന്ന വേദാംഗമാണ് കൽപ്പം. സൂത്രരൂപത്തിലുള്ള കൽപ്പങ്ങൾ വേദാംഗങ്ങളിൽ സുപ്രധാനമാണ്. കൽപ്പസൂത്രങ്ങളെ, ശ്രൗതസൂത്രം, ഗൃഹ്യസൂത്രം, ധർമ്മസൂത്രം, ശുൽബസൂത്രം എന്നിങ്ങനെ നാലായി തരംതിരിച്ചിക്കുന്നു. ശാംഖായന കൽപ്പസൂത്രം, അശ്വലായന കൽപ്പസൂതം എന്നിവ ഋഗ്വേദത്തിൻെറയും ആർഷേയ കൽപ്പസൂത്രം, ലാത്യായന ശ്രൗതസൂത്രം, ദ്രാഹ്യായണസൂത്രം എന്നിവ സാമവേദത്തിൻെറയും ആപസ്തംബം, ബൗദ്ധായനം, സത്യാഷാഢം, ഹിരണ്യകേശി, മാനവം, ഭാരദ്വാജം എന്നിവ യജുർവേദത്തിൻെറയും വൈതാനസൂത്രം, കൗശികസൂത്രം എന്നിവ അഥർവ്വവേദത്തിൻെറയും കൽപസൂത്രഗ്രന്ഥങ്ങളാണ്

വേദങ്ങളെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ വ്യാകരണം പഠിക്കൽ അനിവാര്യമാണ്. അടിസ്ഥാന ഭാഷാസ്വനങ്ങൾ, സ്വനപരിണാമം, പദനിഷ്പത്തി, നാമം, ക്രിയ, വിശേഷണം, വിഭക്തി, ലിംഗം, വചനം, ക്രിയാരൂപങ്ങൾ, പര്യായ ശബ്ദ വിജ്ഞാനം എന്നിവയാണ് വ്യാകരണത്തിൽനിന്ന് ലഭിക്കുന്നത്. പാണിനിയുടെ അഷ്ടാധ്യായിയാണ് വ്യാകരണ ഗ്രന്ഥങ്ങളിൽ ഏറ്റവും പഴയത്. പതഞ്ജലിയുടെ മഹാഭാഷ്യമാണ് മറ്റൊരു പ്രധാന വ്യാകരണ ഗ്രന്ഥം.


വൈദികശബ്ദങ്ങളാണ് നിരുക്തങ്ങളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്. യാസ്കൻെറ നിരുക്തമാണ് ഇന്ന് ലഭിക്കുന്നതിൽ ഏറ്റവും പൗരാണികം.

ഗ്രഹനിലകളും സൂര്യചന്ദ്രസ്ഥാനങ്ങളും മുഹൂർത്ത സമയങ്ങളും നോക്കി യജ്ഞയാഗാദി കർമ്മങ്ങളും മറ്റും ചെയ്യാൻ സഹായിക്കുന്ന വേദാംഗമാണ് ജ്യോതിഷം. ഏറ്റവും പൗരാണികമായ ജ്യോതിഷഗ്രന്ഥമായ ജ്യോതിഷ വേദാംഗത്തിൽ ഋഗ്വേദത്തിലെ മുപ്പത്തിയാറ് ശ്ലോകങ്ങളും യജുർവേദത്തിലെ നാൽപത്തിമൂന്ന് ശ്ലോകങ്ങളും അടങ്ങിയിരിക്കുന്നു.

വേദസൂക്തങ്ങളിൽ പ്രയോഗിച്ചിരിക്കുന്ന വൃത്തങ്ങളെക്കുറിച്ചാണ് ഛന്ദസ്സ് പ്രതിപാദിക്കുന്നത്. പിംഗളൻെറ ഛന്ദസൂത്രങ്ങളാണ് ആധികാരികമായ ഛന്ദസ്സ്.



വേദാംഗങ്ങൾ കഴിഞ്ഞാൽ വേദങ്ങളുമായി ബന്ധപ്പെട്ട മറ്റ് ഗ്രന്ഥങ്ങളാണ് ഉപവേദങ്ങൾ. ആയുർവ്വേദം, ധനുർവ്വേദം എന്നിവ പ്രസിദ്ധങ്ങളണ്. ഓരോരോ വേദവുമായി ബന്ധപ്പെട്ട ഉപവേദങ്ങളെക്കുറിച്ച് അതാത് വേദസംഹിതകളെക്കുറിച്ച് പറഞ്ഞിടത്ത് പ്രതിപാദിച്ചിട്ടുണ്ട്.



# 6

# പുരാണങ്ങൾ

വേദവും വേദവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളും പ്രദാനം ചെയ്യുന്ന ആശയങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന രൂപത്തിൽ ആവിഷ്ക്കരിച്ചതാണ് പുരാണങ്ങൾ. വേദോപനിഷത്തുകൾ പോലെതന്നെ ഹൈന്ദവ അടിസ്ഥാന ഗ്രന്ഥങ്ങളിൽപ്പെട്ടതാണ് പുരാണങ്ങൾ. ദുർഗ്രഹമായ വേദതത്ത്വങ്ങൾക്ക് സരളമായ കഥനങ്ങളിലൂടെ വ്യാഖ്യാനം നടത്തുകയാണ് പുരാണങ്ങൾ ചെയ്യുന്നത്. പുരാണമെന്ന പദത്തിനർത്ഥം പഴയത് എന്നാണ്. വിശ്വാസാചാരങ്ങളും ചരിത്രകഥനങ്ങളും ഇടകലർത്തിപ്പറയുന്ന പഴയ ഗ്രന്ഥങ്ങളാണ് സാങ്കേതികമായി പുരാണങ്ങൾ. വേദപ്രതിപാദിതമായ കഥകളുടെ വിസ്തൃത രൂപത്തിന് പുറമെ ചില ഭാവിപ്രവചനങ്ങളും പുരാണങ്ങളിലുണ്ട്.

വേദങ്ങളും ഉപനിഷത്തുകളും മറ്റും പുരാണങ്ങളെ സത്യസാക്ഷ്യപ്പെടുത്തുന്നതായി കാണാം. "യജ്ഞത്തിൻെറ ഫലമായി വേദങ്ങളോടൊപ്പം ഉണ്ടായതാണ് ഇതിഹാസവും പുരാണവുമെന്നാണ്"[1] അഥർവവേദം പറയുന്നത്. ഇതിഹാസ പുരാണങ്ങൾ വേദം തന്നെയാണെന്നാണ്[2] ശതപഥബ്രാഹ്മണം പറയുന്നത്. അഞ്ചാമത്തെ വേദ

1. ഋചസാമാനിഛന്ദാംസി പുരാണം യജുഷാവഹ്-അഥർവ്വ വേദം 15:6:4
2. പുരാണം വേദഃ സോ ƒയമിതി-ശതപഥബ്രാഹ്മണം, 13-4-13.



മാണ് പുരാണമെന്നാണ്[1] ഛന്ദോഗ്യോപനിഷത്തിൻെറ പക്ഷം. ബൃഹദാരണ്യകോപനിഷത്ഭാഷ്യത്തിൽ 'ശ്രീ ശങ്കര ഭഗ്വദ്പാദർ' പറയുന്നു. "നനഞ്ഞ വിറകിൽ തീപിടിച്ചാൽ അവിടവിടെയായി പുകഞ്ഞു കൊണ്ടിരിക്കുന്ന മാതിരി പരമാത്മാവിൻെറ നിശ്വാസത്തിൽനിന്ന് ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വാംഗിരസ്സ്, ഇതിഹാസം, പുരാണം, വിദ്യ, ഉപനിഷത്ത്, ശ്ലോകം, സൂത്രം, വ്യാഖ്യാനോപാഖ്യാനങ്ങൾ എന്നിവ ഉൽപ്പന്നമായി. ഇവയെല്ലാം അതിൻെറ നിശ്വാസമാണ്"[2].

എന്നാൽ, വേദങ്ങൾക്കൊപ്പം പ്രധാനമെന്ന് പ്രതിപാദിക്കപ്പെട്ട പുരാണങ്ങൾ അസ്വീകാര്യമാണെന്നും പുരാണ കഥകൾ സാങ്കൽപ്പികം മാത്രമാണെന്നുമാണ് ആധുനികരായ ചില പണ്ഡിതന്മാരുടെ പക്ഷം. ശ്രീ. എസ്. ഗുപ്തൻ നായർ എഴുതുന്നു: 'വേദാർത്ഥം വളച്ചൊടിച്ച് നമ്മുടെ പൂർവ്വികർ പാമരന്മാർക്ക് നൽകിയ സങ്കൽപ്പ കഥകളാണ് പുരാണങ്ങളായിത്തീർന്നത്. വാമനൻ മൂന്നടികൊണ്ട് മൂവുലകം അളന്നതും, ഇന്ദ്രൻ അഹല്ല്യയെ പ്രാപിച്ചതും മറ്റും വേദ മന്ത്രങ്ങളുടെ വിലക്ഷണപ്രായമായ രൂപാന്തരമാണ്."[3] ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയും പുരാണങ്ങളുടെ ആധികാരികതയെ നിഷേധിച്ചിരുന്നു.

ഇപ്പോൾ ലഭ്യമായ പുരാണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പതിനെട്ട് പുരാണങ്ങളാണ് അഷ്ടാദശപുരാണങ്ങൾ എന്നറിയപ്പെടുന്നത്. വേദങ്ങളിൽ പ്രതിപാദിക്കപ്പെട്ട ആദിപുരാണ സംഹിതയല്ല ഇപ്പോൾ ലഭ്യമാകുന്ന പുരാണങ്ങളെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. "ആദിമ മഹാപുരാണ സംഹിതക്ക് വേദത്തോളംതന്നെ പഴക്കമുണ്ട്. അത് അങ്ങനെത്തന്നെ ഇപ്പോൾ ലഭ്യമല്ലെങ്കിലും ആ മഹാഗ്രന്ഥത്തെ ആധാരമാക്കിയാണ് അഷ്ടാദശ പുരാണങ്ങളും ഉപപുരാണങ്ങളും നിർമ്മിച്ചിരിക്കുന്നത്"[4] എന്നാണ് സാധുശീലൻ കെ. പരമേശ്വരൻ പിള്ള പറയുന്നത്. ആദിപുരാണ സംഹിതയെന്ന ആശയത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമായ പണ്ഡിതന്മാരുണ്ട്. എ. എം.ടി. ജാക്സൺ, എ.ബ്ലോ, എഫ്.ഇ. പാർജിട്ടർ എന്നീ പണ്ഡിത

1. പുരാണം പഞ്ചമം വേദാനാം വേദം-ഛാന്ദോഗ്യം 7:1:1.
2. ഉദ്ധരണം: കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മ പരിചയം പേജ് 222.
3. എസ്. ഗുപ്തൻ നായർ: വൈദിക സാഹിത്യചരിത്രം: അവതാരിക പേജ് XI.

ന്മാർ ആദിമ പുരാണ സംഹിതയെന്ന ആശയം അംഗീകരിക്കുമ്പോൾ വിഖ്യാതനായ കാണെ അതിനെ പാടെ നിഷേധിക്കുകയാണ് ചെയ്യുന്നത് [1].

ആധുനിക പണ്ഡിതന്മാരിൽ പലർക്കും പുരാണങ്ങൾ അസ്വീകാര്യമാണെന്ന് പറഞ്ഞല്ലോ. അതിലെ അവിശ്വസനീയങ്ങളായ കഥകളോ ജനകീയമായ ശൈലിയോ മാത്രമാണോ ഈ അസ്വീകാര്യതക്ക് കാരണം. ആണെന്ന് പറയുകവയ്യ. വേദങ്ങളും ഉപനിഷത്തുകളും ബ്രാഹ്മണങ്ങളുമെല്ലാം അവിശ്വസനീയമായ കഥകൾ ഉൾക്കൊള്ളുന്നുണ്ട്. രാമചരിതവും കൃഷ്ണചരിതവുമെല്ലാം അത്തരം കഥകളിൽനിന്ന് മുക്തമാണെന്ന് പറയുകവയ്യ. എന്നിട്ടും, ഇവയെല്ലാം പ്രമാണമായി സ്വീകരിക്കുന്നവർ പുരാണങ്ങളെ പുറംതള്ളുന്നതിൻെറ ഔചിത്യം മനസ്സിലാകുന്നില്ല. വിജ്ഞാനവും മോക്ഷവും ബ്രാഹ്മണരിൽമാത്രം കേന്ദ്രീകരിക്കണമെന്ന ചിന്തയാണോ സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന പുരാണങ്ങൾ അസ്വീകാര്യങ്ങളാണെന്ന് പറയുന്നതിന് പിന്നിലുള്ളത്? അതല്ല, പുരാണങ്ങളിൽ പലതിലും നടത്തിയിരിക്കുന്ന പ്രവചനങ്ങൾ തങ്ങൾക്ക് അനിഷ്ടകരമായതിനാലാണോ? എന്തുതന്നെയായിരുന്നാലും വേദങ്ങളിൽ പേരെടുത്തുപറഞ്ഞ പുരാണങ്ങളെ പാടെ നിഷേധിക്കുന്നത് ഹൈന്ദവ ദർശനത്തോട് ചെയ്യുന്ന അനീതിയാണ്.

പുരാണങ്ങൾക്ക് പഞ്ചലക്ഷങ്ങളാണുള്ളതെന്നാണ് ആറാം നൂറ്റാണ്ടി ൽ ജീവിച്ചിരുന്ന അമരസിംഹൻ തൻെറ അമരകോശത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നിവയത്രെ അത്. പ്രപഞ്ചസൃഷ്ടി, പ്രപഞ്ചകാരണം, പ്രപഞ്ച പരിണാമം എന്നിവയാണ് സർഗംകൊണ്ടുള്ള വിവക്ഷ. ഓരോ കൽപ്പാന്തത്തിലുമുണ്ടാകുന്ന പ്രളയത്തോടുകൂടിയുണ്ടാവുന്ന പ്രപഞ്ചനാശത്തിനുശേഷമുള്ള പുനഃസൃഷ്ടിയാണ് പ്രതിസർഗ്ഗം. ദേവന്മാർ, അസുരന്മാർ, യക്ഷന്മാർ, രാക്ഷസന്മാർ, കിന്നരന്മാർ, മനുഷ്യർ തുടങ്ങിയവരുടെ ജീവവംശമാണ് വംശംകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രപഞ്ചത്തെ ഭരിക്കുന്ന ആകെ പതിനാല് മനുക്കളിൽ ഒരാളുടെ പ്രപഞ്ചഭരണകാലമാണ് മന്വന്തരം. സ്വയംഭൂവമനു മുതൽക്ക് മനുക്കളിൽനിന്ന് രാജാക്കന്മാരുടെ ഉൽപ്പത്തിയും അവ

1. S.R. Goyal: A Religious History of Ancient India, Vol. II Page 34.



രുടെ ചരിത്രവുമാണ് വംശാനുചരിതം. ഇവ അഞ്ചെണ്ണമാണ്. പുരാണ ലക്ഷണങ്ങളെന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്, ഇവയാണ് പുരാണങ്ങളുടെ പൊതുവായ ഉള്ളടക്കമെന്നാണ്. ഇവ കൂടാതെയും പല കാര്യങ്ങളും പുരാണങ്ങളുൾക്കൊള്ളുന്നുണ്ട്.

പുരാണങ്ങൾ രചിച്ചത് വേദവ്യാസനാണെന്നാണ് പ്രമാണങ്ങൾ പറയുന്നത്. വളരെ ദീർഘമായ ഒരു കാലയളവിനുള്ളിൽ രൂപപ്പെട്ട പുരാണങ്ങളുടെ കർത്തൃത്വം ഒരൊറ്റ വ്യക്തിയിൽ ആരോപിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. വേദങ്ങൾക്കും പുരാണങ്ങളിൽ ഓരോന്നിനുമെല്ലാം വ്യത്യസ്ത വ്യാസന്മാർ ഉണ്ടായിരുന്നുവെന്ന് കരുതുന്നതാണ് ശരിയെന്ന വിശ്വാസക്കാരാണ് ആധുനിക പണ്ഡിതന്മാരിൽ മിക്കവരും. പ്രഗൽഭനായ പി.വി. കാണെ[1] പുരാണങ്ങളുടെ സമാഹാര കാലത്തെ അഞ്ചു ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. അഥർവ്വവേദത്തിലും ശതപഥ ബ്രാഹ്മണത്തിലും ഉപനിഷത്തുകളിലും പ്രതിപാദിക്കപെട്ട പുരാണങ്ങളുടെ കാലമാണ് ഒന്നാമത്തെഘട്ടം. ഈ പുരാണങ്ങളെക്കുറിച്ച് നമുക്ക് ഇന്ന് ഒരു വിവരവുമില്ല. ഭവിഷ്യൽപുരാണമടക്കം മൂന്നിൽ കുറയാത്ത പുരാണങ്ങൾ നിലവിൽവന്ന കാലമാണ് രണ്ടാംഘട്ടം. ഇത് ക്രിസ്തുവിന് മുമ്പ് നാലും അഞ്ചും നൂറ്റാണ്ടുകൾക്കിടയിലാണ് നടന്നത്. മഹാഭാരതത്തിലും സ്മൃതികളിലും മറ്റും ഉദ്ധരിക്കപ്പെട്ട പുരാണങ്ങളുടെ രചന നടന്ന കാലമാണ് മൂന്നാംഘട്ടം. മൽസ്യപുരാണം, വായുപുരാണം, ബ്രഹ്മാണ്ഡപുരാണം എന്നിവ രചിക്കപ്പെട്ട ഈ ഘട്ടം ക്രിസ്തുവിനുശേഷം രണ്ടും മൂന്നും നൂറ്റാണ്ടുകൾക്കിടയിലാണ്. പ്രധാനപ്പെട്ട മഹാപുരാണങ്ങളെല്ലാം ക്രോഡീകരിക്കപ്പെട്ട ക്രിസ്തുവിനുശേഷം അഞ്ചും ഒൻപതും നൂറ്റാണ്ടുകൾക്കിടയിലുള്ള കാലഘട്ടമാണ് നാലാംഘട്ടം. പുരാണസാഹിത്യങ്ങളുടെ പരിണാമത്തിൻെറ അന്ത്യഘട്ടം ഉപപുരാണങ്ങളുടെ ക്രോഡീകരണ സമയമായ ക്രിസ്തുവിനുശേഷം ഏഴും പതിമൂന്നും നൂറ്റാണ്ടുകൾക്കിടയിലാണ്. ക്രിസ്തുവിന് നാല് നൂറ്റാണ്ടുകൾക്ക് മുമ്പെങ്കിലും ആരംഭിച്ച പുരാണ രചന സമാപിക്കുന്നത് ക്രിസ്തുവിന് പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷമാണെന്നർത്ഥം. ഇത്രയുംകാലം 'വ്യാസൻ' ജീവിച്ചിരുന്നുവെന്ന് ഊഹിക്കുക വയ്യ. അതുകൊണ്ടാണ്, ആധുനിക പണ്ഡിതന്മാർ

1 P.V. Kane: History of Dharmasastra volume 2, Page, 853-855.

പുരാണങ്ങൾക്കോരോന്നിനും പ്രത്യേക വ്യാസന്മാരാണെന്ന നിഗമനത്തിലെത്തിച്ചേരുന്നത്.

പുരാണങ്ങൾ പ്രധാനമായും രണ്ടായാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. മഹാപുരാണങ്ങളും ഉപപുരാണങ്ങളും. ഇവയെത്തന്നെ ത്രിമൂർത്തിപരമായി വിഭജിക്കാറുണ്ട്. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരാണല്ലോ ത്രിമൂർത്തികൾ. ബ്രഹ്മാവിൻെറ മഹിമ വിവരിക്കുന്ന പുരാണങ്ങളെ ബ്രഹ്മപുരാണങ്ങളെന്നും വിഷ്ണുവിൻെറ മഹിമ ഉയർത്തിപ്പിടിക്കുന്നവയെ വൈഷ്ണവ പുരാണങ്ങളെന്നും ശിവ മഹത്വം വിശദീകരിക്കുന്നവയെ ശൈവപുരാണങ്ങളെന്നും വിളിക്കുന്നു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവർ യഥാക്രമം രജസ്, സത്വം, തമസ് എന്നീ ഗുണങ്ങളുള്ളവരാകയാൽ ബ്രഹ് മപുരാണങ്ങളെ രാജസ പുരാണങ്ങളെന്നും വൈഷ്ണവ പുരാണങ്ങളെ സാത്വികപുരാണങ്ങളെന്നും ശൈവപുരാണങ്ങളെ താമസപുരാണങ്ങളെന്നും വിളിക്കാറുണ്ട്. അഷ്ടാദശപുരാണങ്ങളിൽ ആറെണ്ണം രാജസവും ആറെണ്ണം താമസവും ആറെണ്ണം സാത്വികവുമാണ്.

പതിനെട്ട് മഹാപുരാണങ്ങളും പതിനെട്ട് ഉപപുരാണങ്ങളുമാണുള്ളതെന്ന കാര്യം ഒരുവിധം എല്ലാവരും സമ്മതിക്കുന്നുവെന്നത് നേരാണ്. പക്ഷേ, ഏതാണ് ഈ പതിനെട്ട് പുരാണങ്ങളെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. പൊതുവെ ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നത് ദേവീഭാഗവതത്തിലെ പട്ടികയാണ്. അതിങ്ങനെയാണ്: മൽസ്യപുരാണം, മാർക്കണ്ഡേയ പുരാണം, ഭാഗവതപുരാണം, ഭവിഷ്യപുരാണം, ബ്രഹ്മപുരാണം, ബ്രഹ്മാണ്ഡപുരാണം, ബ്രഹ്മൈവർത്തപുരാണം, വീഷ്ണു പുരാണം, വരാഹ പുരാണം, വായുപുരാണം, വാമനപുരാണം, അഗ്നിപുരാണം, നാരദീയ പുരാണം, പത്മപുരാണം, ലിംഗപുരാണം, ഗാരുഢപുരാണം, കൂർമ്മപുരാണം, സ്കന്ദപുരാണം. വിഷ്ണുപുരാണത്തിൽ കൊടുത്തിരിക്കുന്ന പുരാണ പട്ടികയിൽ വായുപുരാണംവിട്ട് പകരം ശിവപുരാണമാണ് ചേർത്തിരിക്കുന്നത്. കൂർമ്മപുരാണത്തിലെ പട്ടികപ്രകാരം അഗ്നിപുരാണത്തിനുപകരം വായുപുരാണമാണുള്ളത്. വരാഹപുരാണത്തിലെ പട്ടികയിൽ ഗാരുഢപുരാണവും ബ്രഹ്മാണ്ഡപുരാണവും വിട്ട് പകരം വായുപുരാണവും നരസിംഹപുരാണവുമാണ് ചേർത്തിരിക്കുന്നത്.



ഉപപുരാണങ്ങളും പതിനെട്ടാണെന്ന് പൊതുവായി പറയപ്പെടുന്നുവെങ്കിലും അത് ഏതെല്ലാമാണെന്ന കാര്യത്തിലുമുണ്ട് അഭിപ്രായവ്യത്യാസങ്ങൾ. സനൽകുമാരം, നാരദസിംഹം, നാരദീയം, ശിവം, ദൗർവാസസം, കാപിലം, വാമനം, ഔഷനസം, നന്ദികേശ്വരം, വാരുണം, കാളികം, മഹേശ്വരം, സാംബം, സൗരം, പാരാശര്യം, കൽക്കി, മാരീചം, ഭാർഗവം എന്നിവയാണ് കൂർമ്മപുരാണപ്രകാരമുള്ള ഉപപുരാണങ്ങൾ. എന്നാൽ ബൃഹദ്ധർമ്മ പുരാണത്തിൽ കൊടുത്തിരിക്കുന്ന ഉപപുരാണങ്ങളുടെ പട്ടിക ഇതിൽനിന്നും വളരെ വ്യത്യസ്തമാണ്. ആദി, ആദിത്യം, ബൃഹന്നാരദീയം, നാര ദീയം, നന്ദികേശ്വരം, ബൃഹന്നന്ദികേശ്വരം, സാംബം, ക്രിയായോഗസാരം, കാളികം, ധർമ്മം, വിഷ്ണുധർമ്മോത്തരം, ശിവധർമ്മം, വിഷ്ണുധർമ്മം, വാമനം, വാരുണം, നരസിംഹം, ഭാർഗവം, ബൃഹദ്ധർമ്മം എന്നിവയാണവ.

പുരാണങ്ങളുടെ കാര്യത്തിലുള്ള ഈ അഭിപ്രായവ്യത്യാസം കാണിക്കുന്നതെന്താണ്? പുരാണങ്ങളിൽ പലതും കൂട്ടിച്ചേർക്കപ്പെട്ടതും മറ്റു ചിലവ നഷ്ടപ്പെടുത്തപ്പെട്ടതുമാണെന്ന വസ്തുതയല്ലാതെ മറ്റൊന്നുമല്ല. ഭാരത വിജ്ഞാന കോശം എഴുതുന്നു: "പുരാണങ്ങളുടെ എണ്ണം പതിനെട്ട് എന്ന് മഹാപുരാണങ്ങളുടെ കാര്യത്തിലായാലും ഉപപുരാണങ്ങളുടെ കാര്യത്തിലായാലും ഉറപ്പിച്ചുപറയുന്നുണ്ട് എല്ലവരും. എന്നാൽ അവ ഏതൊക്കെ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. പുരാണങ്ങളുടെ കൂട്ടത്തിൽ തിരുകിക്കയറ്റലും ഊരിക്കളയലും നടന്നിട്ടുണ്ടെന്ന് ചുരുക്കം''[1] മഹാപുരാണങ്ങളുടെയും ഉപപുരാണങ്ങളുടെയും എണ്ണത്തിലുള്ള പരസ്പര വ്യത്യാസം കാണിക്കുന്നത് പതിനെട്ടിലധികം പുരാണങ്ങളുണ്ടായിരുന്നുവെന്നാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. നാൽപ്പത്തിഅഞ്ചിൽപരം മഹാപുരാണങ്ങളും നൂറിൽപരം ഉപപുരാണങ്ങളുമുണ്ടെന്ന് സ്ഥാപിക്കുന്നവരുമുണ്ട്. ആർ.സി. ഹസ്ര തൻെറ "ഉപപുരാണങ്ങളെക്കുറിച്ച പഠനങ്ങൾ"[2] എന്ന ഗ്രന്ഥത്തിൽ നൂറിൽപ്പരം ഉപപുരാണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

1. ഭാരതവിജ്ഞാനകോശം വാല്യം 2 പേജ് 259
2. R.C. Hazra: Studies in the Upapuranas.

*അഷ്ടാദശപുരാണങ്ങളെ നമുക്കൊന്ന് പരിചയപ്പെടാം.*

**1. മൽസ്യപുരാണം:** ഏറ്റവും പഴക്കമുള്ള പുരാണം ഇതാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. 290 അദ്ധ്യായങ്ങളുള്ള ഇതിൽ ആകെ 14000 ശ്ലോകങ്ങളാണുള്ളത്. മൽസ്യാവതര കഥകളും, ദാന ധർമ്മാദിനിയമങ്ങളുമാണ് ഇതിലെ പ്രതിപാദ്യം.

**2. മാർക്കണ്ഡേയ പുരാണം:** ആകെ 9000 ശ്ലോകങ്ങളുണ്ടായിരിക്കേണ്ട ഈ പുരാണത്തിൽ ഇന്ന് 6900 ശ്ലോകങ്ങൾ മാത്രമാണുള്ളത്. 2100 ശ്ലോകങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണൻെറ ബാല്യലീലകളും ബ്രഹ്മാണ്ഡത്തെക്കുറിച്ച കഥകളും സദാചാരത്തെക്കുറിച്ച വിശദീകരണങ്ങളുമാണ് ഇതിലുള്ളത്.

**3. ഭാഗവതപുരാണം:** ഏറ്റവും പ്രചാരമുള്ള പുരാണമാണ് ഭാഗവതം. ലക്ഷണമൊത്ത ഏക പുരാണവും ഭാഗവതമാണെന്ന് പറയപ്പെടുന്നു. പന്ത്രണ്ട് സ്കന്ധങ്ങളിലായി 335 അദ്ധ്യായങ്ങളും 14073 ശ്ലോകങ്ങളുമുണ്ടിതിൽ. ഏതാനും ഗദ്യശ്ലോകങ്ങളുണ്ടെങ്കിലും ഭൂരിഭാഗവും പദ്യശ്ലോകങ്ങൾ തന്നെയാണ്. മഹാവിഷ്ണുവിൻെറ ദശാവതാരകഥകളാണ് ഇതിലെ പശ്ചാത്തലം. അവതാരങ്ങളിൽ കൃഷ്ണന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു. ശ്രീമഹാഭാരതത്തിൻെറ നാലിലൊന്നിലധികം വലിപ്പമുള്ള ദശമസ്കന്ധത്തിൽ കൃഷ്ണലീലകളാണ് പ്രധാനമായും ഉള്ളത്.

**4. ഭവിഷ്യപുരാണം:** ഭാവികാലത്തെക്കുറിച്ച പ്രവചനങ്ങളടങ്ങിയ പുരാണമാണിത്. ഭവിഷ്യപുരാണം പൂർണ്ണരൂപത്തിൽ ഇപ്പോൾ ലഭ്യമല്ല. ലഭ്യമായ ഗ്രന്ഥത്തിൻെറ പൂർവ്വാർദ്ധത്തിൽ 141 അദ്ധ്യായവും ഉത്തരാർദ്ധത്തിൽ 171 അദ്ധ്യായവുമാണുള്ളത്. ആകെ പതിനാലായിരത്തോളം ശ്ലോകങ്ങളുണ്ട്. സൂര്യൻ മനുവിനോട് സംസാരിക്കുന്ന രൂപത്തിലാണ് പുരാണം രചിക്കപ്പെട്ടിരിക്കുന്നത്. സൂര്യൻ, അഗ്നി, നാഗങ്ങൾ എന്നിവയുടെ ആരാധനയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭവിഷ്യപുരാണത്തിൽ നിരവധി പ്രവചനങ്ങളുമുണ്ട്.

**5. ബ്രഹ്മപുരാണം:** ആദിപുരാണമെന്നും വിളിക്കപ്പെടുന്ന ബ്രഹ്മപുരാണത്തിൽ 245 അദ്ധ്യായങ്ങളിലായി പതിമൂന്നായിരം ശ്ലോകങ്ങളാണുള്ളത്. സർഗപ്രക്രിയ, ദേവാസുരന്മാരുടെ ജന്മകഥ, സൂര്യചന്ദ്രവംശങ്ങൾ, സ്വർഗ്ഗം, നരകം, പാതാളം എന്നിവയെക്കുറിച്ചെല്ലാം ഈ പുരാണത്തിൽ വിവരിക്കുന്നുണ്ട്.



**6. ബ്രഹ്മാണ്ഡപുരാണം:** ഇതിൽ പന്ത്രണ്ടായിരം ശ്ലോകങ്ങളാണുള്ളത്. പുണ്യസ്ഥലങ്ങളെയും പുണ്യാത്മാക്കളെയും വാഴ്ത്തുന്ന സൂക്തങ്ങളാണ് പ്രധാനമായും ഇതിലുള്ളത്. ആദ്ധ്യാത്മ രാമായണം ഈ പുരാണത്തിൻെറ ഭാഗമായിട്ടാണ് കരുതപ്പെടുന്നത്. രാമനിലൂടെയുള്ള മോക്ഷമാണ് ആദ്ധ്യാത്മ രാമായണത്തിലെ വിഷയം. ബ്രഹ്മാണ്ഡപുരാണവും പൂർണ്ണമായി ഇന്ന് ലഭ്യമല്ല.

**7. ബ്രഹ്മൈവർത്തപുരാണം:** നാല് കാണ്ഡങ്ങളിലായി പതിനെട്ടായിരം ശ്ലോകങ്ങളാണ് ഇതിലുള്ളത്. ബ്രഹ്മാവിൻെറ വിവർത്ത (പരിണാമം)മാണ് പ്രപഞ്ചമെന്നതാണ് ഇതിലെ മുഖ്യ പ്രതിപാദ്യം. അവസാനത്തെ കാണ്ഡത്തിൽ കൃഷ്ണലീലകളും മറ്റും വിവരിക്കുന്നുണ്ട്. സാവിത്രി, സുരഭി, കാർത്തവീര്യൻ, പരശുരാമൻ എന്നിവരുടെ കഥകളുമുണ്ട് ഈ പുരാണത്തിൽ.

**8. വിഷ്ണുപുരാണം:** പുരാണരത്നമെന്ന് വിളിക്കപ്പെടുന്ന ഈ പുരാണത്തിനാണ് ഏറ്റവും പഴക്കമെന്ന് വാദിക്കുന്നവരുണ്ട്. ആറ് അംശങ്ങളിലായി ഇരുപത്തിമൂന്നായിരം ശ്ലോകങ്ങളാണിതിലുള്ളത്. ഏഴായിരം ശ്ലോകങ്ങളുള്ള വിഷ്ണുധർമ്മോത്തര ഖണ്ഡമെന്ന ഒരു അംശംകൂടിയുണ്ടായിരുന്നു ഇതിലെന്നും അത് നഷ്ടപ്പെട്ടതായിരിക്കാനിടയുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. വിഷ്ണുവിൻെറ പത്ത് അവതാരങ്ങളെക്കുറിച്ചും ഇതിൽ പരാമർശിക്കുന്നുണ്ടെങ്കിലും വരാഹാവതാരത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

**9. വരാഹപുരാണം:** 218 അദ്ധ്യായങ്ങളും 24000 ശ്ലോകങ്ങളുമാണ് വരാഹ പുരാണത്തിൽ ഉണ്ടായിരിക്കേണ്ടത്. പക്ഷേ, ഇപ്പോൾ ലഭിക്കുന്ന വരാഹപുരാണത്തിൽ 10000 ശ്ലോകങ്ങളേയുള്ളൂ. പതിനാലായിരം ശ്ലോകങ്ങൾ കാണാനില്ല. വരാഹാവതാരത്തെക്കുറിച്ച വർണ്ണനകളാണ് ഇതിൽ കൂടുതലായുമുള്ളത്. ഭഗവത്ഗീതയുടെ മാഹാത്മ്യത്തെക്കുറിച്ചും പരാമർശിക്കപ്പെട്ടിരിക്കുന്നു.

**10. വായുപുരാണം:** വായുഭഗവാൻ പറഞ്ഞ പുരാണമാണിതെന്നാണ് വിശ്വാസം. പതിനാലായിരം ശ്ലോകങ്ങളാണിതിലുള്ളത്. ശിവസ്തുതികളാണ് ഇതിൽ പ്രധാനമായും ഉള്ളത്.

**11. വാമനപുരാണം:** 95 അദ്ധ്യായങ്ങളിലായി പതിനായിരം ശ്ലോകങ്ങളാണ് ഈ പുരാണത്തിലുള്ളത്. മഹാവിഷ്ണുവിൻെറ എല്ലാ അവതാരങ്ങളെക്കുറിച്ചും പറയുന്നുണ്ടെങ്കിലും വാമനാവതാ

രത്തിന് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നു. വാമനപുരാണത്തിനും വരാഹപുരാണത്തിനും ഉള്ളടക്കത്തിൽ സാദൃശ്യമുണ്ട്.

**12. അഗ്നിപുരാണം:** അഗ്നിഭഗവാൻ വസിഷ്ഠമഹർഷിയോടു പറഞ്ഞ ഉപദേശങ്ങളാണ് ഈ പുരാണമുൾക്കൊള്ളുന്നതെന്ന് വിശ സിക്കപ്പെടുന്നു. മുന്നൂറ്റി എൺപത്തിമൂന്ന് അദ്ധ്യായങ്ങളിലായി പതിനയ്യായിരത്തിൽപ്പരം ശ്ലോകങ്ങളുണ്ട്-രാമകൃഷ്ണാവതാരങ്ങളെക്കുറിച്ചും ശിവലിംഗത്തെക്കുറിച്ചും ദുർഗാദേവിയെപ്പറ്റിയുമെല്ലാം ഇതിൽ പരാമർശങ്ങളുണ്ട്.

**13. നാരദീയ പുരാണം:** നാരദൻ സനൽകുമാരനോട് പറയുന്ന കഥയുടെ രൂപത്തിലാണ് ഈ പുരാണം. ആകെ 207 അദ്ധ്യായങ്ങളിലായി ഇരുപത്തി അയ്യായിരം ശ്ലോകങ്ങൾ ഇതിൽ ഉണ്ടായിരിക്കണമെങ്കിലും ഇന്ന് ലഭിക്കുന്ന നാരദീയ പുരാണത്തിൽ 18110 ശ്ലോകങ്ങളേയുള്ളൂ. 6890 ശ്ലോകങ്ങൾ കാണാനില്ല.

**14. പത്മപുരാണം:** ആറ് കാണ്ഡങ്ങളിലായി അൻപത്തി അയ്യായിരം ശ്ലോകങ്ങളാണ് ഇതിലുള്ളത്. ബ്രഹ്മാവിൻെറ ഇരിപ്പിടമായ പത്മത്തെക്കുറിച്ച് വിവരിക്കുന്നതിനാലാണ് ഇതിന് പത്മപുരാണമെന്ന് പേര് ലഭിച്ചത്. പന്ത്രണ്ട് മാസങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും രഘുവംശരാമൻെറ യും ശകുന്തളയുടെയും കഥകളെപ്പറ്റിയും ഇതിൽ വിശദീകരിച്ചിരിക്കുന്നു.

**15. ലിംഗപുരാണം:** പതിനൊന്നായിരം ശ്ലോകങ്ങളാണ് ഇന്നിതിലുള്ളത്. ഈശാനകൽപ്പകഥകളാണ് ഇതിലെ ഉള്ളടക്കം. ഇന്ന് ലഭിക്കുന്ന ലിംഗപുരാണം സമ്പൂർണ്ണമല്ലെന്ന് അഭിപ്രായമുണ്ട്.

**16. ഗാരുഡപുരാണം:** മഹാവിഷ്ണു ഗരുഡന് ഉപദേശിച്ചതാണ് ഈ പുരാണമെന്നാണ് വിശ്വാസം. 279 അദ്ധ്യായങ്ങളിലായി 18000 ശ്ലോകങ്ങളാണ് ഇതിലുണ്ടായിരിക്കേണ്ടതെങ്കിലും ഇന്ന് ലഭിക്കുന്ന ഗ്രന്ഥത്തിൽ 11000 ശ്ലോകങ്ങളേയുള്ളൂ. ഗരുഡൻെറ ഉൽപ്പത്തിയാണ് ഇതിലെ പ്രധാന പ്രതിപാദ്യം. ഉത്തരേന്ത്യയിലെ ഹിന്ദുക്കൾ മരണാനന്തര കർമ്മങ്ങൾ നടത്തുമ്പോൾ പാരായണം ചെയ്യുന്നത് ഈ പുരാണമാണ്.


**17. കൂർമ്മപുരാണം:** കൂർമ്മമൂർത്തി പാതാളത്തിൽവെച്ച് ഇന്ദ്രദ്യുമ്നൻെറ കഥ പറയുന്ന കൂട്ടത്തിൽ ഉപദേശിക്കുന്നതാണ് കൂർമ്മപുരാണമെന്നാണ് വിശ്വാസം. ഇതിൻെറ നാല് സംഹിതകളിൽ ബ്രഹ്മസംഹിത മാത്രമെ ഇപ്പോൾ ലഭിക്കുന്നുള്ളൂ. കൂർമ്മപുരാണതിൽ 17000 ശ്ലോകങ്ങളുണ്ടായിരിക്കണമെങ്കിലും ഇന്ന് 6000 ശ്ലോകങ്ങൾ മാത്രമെ കിട്ടാനുള്ളൂ.



**18. സ്കന്ദപുരാണം:** ഏറ്റവും വലിപ്പമേറിയ പുരാണമാണിത്. 81100 ശ്ലോകങ്ങളാണിതിലുള്ളത്. ശ്രീ സുബ്രഹ്മണ്യലീലകളും തീർത്ഥാടന സ്ഥലങ്ങളുടെ മാഹാത്മ്യങ്ങളും അടങ്ങിയിരിക്കുന്ന ഇതിൽ, മറ്റ് പുരാണങ്ങളിലെ കഥകളുടെ സംഗ്രഹവുമുൾക്കൊള്ളുന്നു.

ആദിമപുരാണസംഹിതയുടെ രൂപമോ അതിലടങ്ങുന്ന ആശയമോ എന്തെന്ന് നമുക്കറിഞ്ഞുകൂട. അതിനാൽ അതും ഇന്ന് ലഭിക്കുന്ന പുരാണങ്ങളും തമ്മിൽ ഒത്തുനോക്കി, ആദിമ പുരാണസംഹിതയോട് അഷ്ടാദശ പുരാണങ്ങളും ഉപപുരാണങ്ങളും എത്രത്തോളം നീതിപുലർത്തുന്നുവെന്ന് പറയാൻ നമുക്ക് കഴിയില്ല. വേദങ്ങളിലും ഉപനിഷത്തുകളിലും മറ്റും പ്രതിപദിക്കപ്പെട്ടിരിക്കുന്ന പുരാണത്തിൻെറ പൂർണ്ണ രൂപം ഇന്ന് ലഭ്യമല്ലെന്ന് മാത്രമല്ല അത് എങ്ങിനെയാണെന്ന് ഊഹിക്കാൻപോലും ഇന്ന് നമുക്ക് സാധ്യമല്ല. അത് ലഭ്യമാകുകയാണെങ്കിൽ ഹൈന്ദവദർശനത്തിൻെറ അടിസ്ഥാനശിലകളിലേക്ക് വെളിച്ചം വീശാൻ പര്യാപ്തമാകുമെന്ന് നാം പ്രത്യാശിക്കുക.

ആദിമപുരാണസംഹിതയിൽനിന്ന് എഴുത്തെടുതപ്പെട്ടവയാണെന്ന് അനുമാനിക്കപ്പെടുന്ന അഷ്ടാദശപുരാണങ്ങളിൽനിന്നു തന്നെ കുറെ ഭാഗങ്ങളും ശ്ലോകങ്ങളും നഷ്ടപ്പെട്ടതായി നാം കണ്ടു. ഇന്ന് അവശേഷിക്കുന്ന ഭാഗത്തുതന്നെ ഹൈന്ദവ പണ്ഡിതന്മാർക്ക് അനിഷ്ടകരമായ പ്രസ്താവനകളുള്ളതിനാൽ പുരാണങ്ങളെ പാടെ നിഷേധിക്കുകയാണ് ഒരു വിഭാഗം ചെയ്യുന്നത്. ലഭിക്കേണ്ട മറ്റ് ഭാഗങ്ങൾ കൂടി ലഭ്യമായാൽ ഈ ‘അനിഷ്ടം’ വർദ്ധിക്കുകയേയുള്ളൂവെന്ന് നമുക്കൂഹിക്കാം. ആദ്യകാല പണ്ഡിതന്മാർക്കുതന്നെ ‘അനിഷ്ട’ കരമായ ഭാഗങ്ങളായിരിക്കാം അവർ പുരാണങ്ങളിൽനിന്ന് മറച്ചുവെച്ചത്. തങ്ങളുടെ ഇഛക്കും പാരമ്പര്യ വിശ്വാസങ്ങൾക്കും ആമാശയത്തിനും ‘അനിഷ്ടകര’ങ്ങളായ ഭാഗങ്ങൾ അവർ മറച്ചുവെക്കുക സ്വാഭാവികമാണ്. ഈ ‘നഷ്ടപ്പെടൽ’ നടന്നത്ബോധപൂർവ്വമാകാനാണ് സാധ്യതയെന്നർത്ഥം. പുരാണങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലാണെന്നതിനാൽ ഈ മറച്ചുവെക്കപ്പെട്ട ഭാഗങ്ങൾ പുരാണങ്ങളിലുണ്ടാവുന്നത് ഭാവിയിൽ അപകടങ്ങളുണ്ടാക്കുമെന്ന് അവർ മനസ്സിലാക്കിയിരിക്കണം.



7

# സ്മൃതികൾ

'ശുതി'യെ ആസ്പദമാക്കി രചിക്കപ്പെട്ട ഋഷിപ്രോക്ത വചന ങ്ങളാണ് സ്മൃതികൾ. ഈ അർത്ഥത്തിൽ വേദാംഗങ്ങൾ, ഇതിഹാ സങ്ങൾ, പുരാണ ങ്ങൾ, നീതിശാസ്ത്രം എന്നിവയെല്ലാം സ്മൃതി കളിൽ ഉൾപ്പെടും. ജനങ്ങളു ടെ കാർമ്മിക കാര്യങ്ങളും രാഷ്ട്രീയ നിയമങ്ങളും കുടുംബ പ്രശ്നങ്ങളും സാമൂഹ്യാചാരങ്ങളും വിവരി ക്കുന്ന ധർമ്മശാസ്ത്രമാണ് പ്രത്യേകമായി സ്മൃതികൾ എന്ന പേരിൽ അറിയപ്പെടുന്നത്. ശ്രുതിയെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടതാ ണെന്ന് കരുതപ്പെടുന്ന സ്മൃതികൾ, 'ശ്രുതി' കഴിഞ്ഞാൽ പിന്നെയുള്ള പ്രമാണമാണ്.

ആദ്യകാലത്തേതിന് വിരുദ്ധമായി, കാലാന്തരത്തിൽ ജനങ്ങൾ വിഷയേച്ചരുക്കളായി മാറിയപ്പോൾ ദേവന്മാരും ഋഷിമാരും ചേർന്ന് സൃഷ്ടികർത്താവായ ബ്രഹ്മാവിൻെറയടുക്കൽ സങ്കടമുണർത്തിച്ച തിൻെറ അടിസ്ഥാനത്തിൽ, അദ്ദേഹം മാനവസമുദായത്തിൻെറ നില നിൽപ്പിനാവശ്യമായ നീതിശാസ്ത്രം നൽകി അനുഗ്രഹിച്ചു. ഇതാണ് ബ്രഹ്മകൃതമായ 'ദണ്ഡനീതിശാസ്ത്ര'മെന്നാണ് വിശ്വാസം. ഒരു ലക്ഷം അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്ന ഈ ദണ്ഡനീതിശാസ്



ത്രത്തെക്കുറിച്ച് നമുക്ക് ലഭിക്കുന്ന വിവരം മഹാഭാരതം ശാന്തി പർവ്വ ത്തിലെ 59-ാം അദ്ധ്യായത്തിൽനിന്നാണ്. ഈ ദണ്ഡ നീതിശാസ് ത്രമോ അതിൻെറ ഏതെങ്കിലും ഭാഗങ്ങളോ ഇന്ന് കിട്ടാനില്ല.

ബ്രഹ്മാവിൻെറ കൃതിയായ ദണ്ഡനീതിശാസ്ത്രത്തെ ഭഗ വാൻ ശിവൻ സംക്ഷേപിച്ച് പതിനായിരം അദ്ധ്യായങ്ങളുള്ള "വൈ ശാലാക്ഷ നീതിശാസ്ത്ര"വും ഇന്ദ്രൻ ഇതിനെയും സംക്ഷേപിച്ച് പതിനായിരം അദ്ധ്യായങ്ങളുള്ള "ബാഹുദന്തക നീതിശാസ്ത്രവും" ശുക്രാചാര്യൻ ഇതിനെയും സംക്ഷേപിച്ച് ആയിരം അദ്ധ്യായങ്ങളു ള്ള "ഔശനസീ നീതിശാസ്ത്ര"വും രചിച്ചുവെന്ന് കാണുന്നുവെ ന്നല്ലാതെ ഈ ഗ്രന്ഥങ്ങളൊന്നും ഇപ്പോൾ ഉപലബ്ധമല്ല. ഇന്ന് ലഭ്യമാകുന്ന നീതിശാസ്ത്ര ഗ്രന്ഥങ്ങളെക്കുറിച്ചാകട്ടെ മറ്റ് ഗ്രന്ഥ ങ്ങളിലൊന്നുംതന്നെ പരാമർശങ്ങളുമില്ല.

സ്മൃതിസംഖ്യ നൂറ്റിയെട്ടാണെന്നും അതിൽ കൂടുതലാണെ ന്നും അഭിപ്രായമുണ്ട്. എന്നാൽ മുഖ്യമായവ ഇരുപതെണ്ണമാകുന്നു. മനുസ്മൃതിയും യാജ്ഞവൽക്യസ്മൃതിയുമാണ് ഇവയിലേറ്റവും പ്രധാനപ്പെട്ടത്. ഇവ കൂടാതെയുള്ള പതിനെട്ട് സ്മൃതികളാണ് അഷ് ടാദശസ്മൃതികൾ എന്നറിയപ്പെടുന്നത്. വിഷ്ണുസ്മൃതി, അക്രിസ് മൃതി, ഹാരീതസ്മൃതി, ആംഗിരസ്മൃതി, യമസ്മൃതി, ആപസ് തംബ സ്മൃതി, ദേവലസ്മൃതി, സംവർത്തസ്മൃതി, കാത്യായനസ്മൃതി, ബൃഹസ്പതിസ്മൃതി, പരാശരസ്മൃതി, വ്യാസസ്മൃതി, ശംഖസ്മൃ തി, ലിഖിതസ്മൃതി, ദക്ഷസ്മൃതി, ഗൗതമസ്മൃതി, ശാതാതപസ്മൃതി, വസിഷ്ഠസ്മൃതി എന്നിവയാണവ. അത്രി, വിഷ്ണു, ഹാരീതൻ, ഉഷാനസ്സ്, അംഗിരസ്സ്, യമൻ, കാത്യായനൻ, ബൃഹസ്പതി, പരാശ രൻ, വ്യാസൻ, ദക്ഷൻ, ഗൗതമൻ, വസിഷ്ഠൻ, നാരദൻ, ആപസ്തം ബൻ, ഭൃഗു, ശംഖൻ, ലിഖിതൻ എന്നിവരാണ് അഷ്ടാദശസ്മൃതിക ളുടെ കർത്താക്കൾ.

**മനുസ്മൃതി:** സ്മൃതികളിൽവെച്ച് ഏറ്റവും പ്രാചീനമാണ് മനു സ്മൃതിയെന്നാണ് പണ്ഡിതാനുമാനം. ബി.സി. ആയിരത്തിനും അഞ്ഞൂറിനുമിടയ്ക്കാണ് അത് രചിക്കപ്പെട്ടതെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം[1]. ബി.സി. രണ്ടാം നൂറ്റാണ്ടിന് ശേഷമാ ണ് മനുസ്മൃതിയുടെരചന നടന്നതെന്നാണ് ആർ.സി. മജൂംദാറുടെ

1. ഭാരതവിജ്ഞാനകോശം വാല്യം 2, പേജ് 428.

അഭിപ്രായം[1]. മനു ജീവിച്ചിരുന്നത് ശ്രീബുദ്ധനുശേഷമാണെന്നാണ് മാർക്സിസ്റ്റ് ചരിത്രകാരനായ ഡി.ഡി. കൊസാംബിയുടെ[2] പക്ഷം. ബി.സി. ഇരുനൂറിനും എ.ഡി. ഇരുനൂറിനുമിടക്ക് ക്രോഡീകരിക്കപ്പെട്ട മനുസ്മൃതിയിൽ പലപ്പോഴായി പരിഷ്ക്കരണങ്ങൾ വരുത്തിയിട്ടുണ്ട് എന്നാണ് എസ്.ആർ. ഗോയൽ[3] എഴുതുന്നത്. മനുസ്മൃതി ആദ്യകാലത്ത് സൂത്രരൂപത്തിലായിരുന്നുവെന്നും പിന്നീട് ഭൃഗുമനുവാണ് അതിനെ സംവാദരൂപത്തിലുള്ള ശ്ലോകരൂപത്തിലാക്കിയത് എന്നുമാണ് വിശ്വാസം.

പന്ത്രണ്ട് അധ്യായങ്ങളിലായി രണ്ടായിരത്തിയെഴുന്നൂറ് ശ്ലോകങ്ങളാണ് മനുസ്മൃതിയിലുള്ളത്. പ്രപഞ്ചോൽപത്തി, ജീവോൽപ്പത്തി, പ്രളയം, ഷോഡസംസ്ക്കാരങ്ങൾ, നാല് ആശ്രമങ്ങൾ, പഞ്ചമഹായജ്ഞങ്ങൾ ജനനമരണ വിഷയികളായ കർമ്മങ്ങൾ, വിവാഹം, കുടുംബജീവിതം, ഗുരുശുശ്രൂഷ, സ്ത്രീധർമ്മം, ബ്രാഹ്മണധർമ്മം, ക്ഷത്രിയധർമ്മം, വൈശ്യധർമ്മം, ശൂദ്രധർമ്മം, കർമ്മഫലം, മോക്ഷം തുടങ്ങി ഒട്ടനവധി വിഷയങ്ങളെക്കുറിച്ച പ്രതിപാദനങ്ങളുണ്ട് മനുസ്മൃതിയിൽ. ഈ വിഷയങ്ങളെല്ലാം ചാതുർവർണ്ണ്യവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. സർവ്വ വർണ്ണങ്ങളുടെയും അന്തരാള ജാതിക്കാരുടെയും ധർമ്മങ്ങൾ മുഴുവൻ ഉപദേശിച്ചുകൊടുക്കുന്നതിന് മനുവിന്റെ അടുത്തുചെന്ന് ചില മഹർഷിമാർ ആവശ്യപ്പെട്ടതനുസരിച്ചാണ് വർണ്ണാശ്രമധർമ്മത്തെക്കുറിച്ച് അദ്ദേഹം ഉപദേശിച്ചതെന്നാണ് മനുസ്മൃതി[4] തന്നെ പറയുന്നത്.

ഒരൊറ്റ സോഷ്യലിസ്റ്റ് തത്വസംഹിതക്കും പ്രദാനം ചെയ്യാനാവാത്ത ഒരു സന്തുഷ്ട സമൂഹത്തിന്റെ അടിസ്ഥാനമാണ് മനുസ്മൃതി പ്രദാനം ചെയ്യുന്നതെന്നാണ് പ്രമുഖ ഹിന്ദു പുനരുജ്ജീവനവാദിയും ആർ.എസ്.എസ്. മുൻ സർസംഘചാലകുമായ ഗുരുജി ഗോൾവാൾക്കർ പറഞ്ഞത്[5].

**യാജ്ഞവൽക്യസ്മൃതി:** ആചാരം, വ്യവഹാരം, പ്രായശ്ചിത്തം എന്നീ മൂന്ന് അധ്യായങ്ങളിലായി ആയിരത്തിമുപ്പത്തിമൂന്ന്

1. R.C. Majumdar: The History and Culture of Indian People, Vol.2.
2. D.D. Kosambi: An Introduction to the study of Indian History.
3. S.R. Goyal: A Religious History of Ancient India, Vol.2
4. മനുസ്മൃതി 1:2
5. From the Redfort grounds ഉദ്ധരണം: മാതൃഭൂമി ആഴ്ചപതിപ്പ് 1988 ജനുവരി 17-13)



ശ്ലോകങ്ങളുള്ള യാജ്ഞവൽക്യസ്മൃതിയാണ് മനുസ്മൃതി കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രധാനപ്പെട്ട സ്മൃതി. ഇതിന് മിതാക്ഷര നിയമം എന്ന പേരിൽ ഒരു ഭാഷ്യമുണ്ട്.

**സ്മൃതികളും ജാതിചിന്തയും:-** സ്മൃതികൾ പൊതുവെ ബ്രാഹ്മണാധിപത്യത്തെയും അവർണ്ണപീഡനത്തെയും പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ബുദ്ധമതത്തിന്റെ തള്ളിക്കയറ്റത്തോടെ ജാതിവ്യവസ്ഥക്കും ബ്രാഹ്മണ മേധാവിത്വത്തിനും തളർച്ച നേരിട്ടു. അതിനെ എന്ത് വിലകൊടുത്തും തകർത്തുതോൽപിക്കുക ബ്രാഹ്മണമതത്തിന്റെ അനിവാര്യ താൽപ്പര്യമായി മാറി. അതിൽ നിന്നാണ് സ്മൃതികളുടെ ജന്മമെന്നാണ് കൊസാംബിയെപ്പോലെയുള്ള പണ്ഡിതന്മാർ പറയുന്നത്.

“വിഡ്ഢിയായാലും വിദ്വാനായാലും ബ്രാഹ്മണൻ ഈശ്വരതുല്യനാണ്. അഗ്നി അടുപ്പിലായാലും ചുടലയിലായാലും പൂജിക്കപ്പെടേണ്ടതാണ്”[1] എന്ന പ്രസ്താവനയിലൂടെ നാരദസ്മൃതിയും “ബ്രാഹ്മണൻ ദുർമാർഗ്ഗിയാണെങ്കിലും പൂജ്യനാണ്. ശൂദ്രനാകട്ടെ, ജിതേന്ദ്രിയനായാൽപോലും പൂജ്യനാവുകയില്ല”[2] എന്ന വാക്യത്തിലൂടെ പരാശരസ്മൃതിയും ബ്രാഹ്മണമേധാവിത്വത്തിന് അടിത്തറ പണിയുകയാണ് ചെയ്യുന്നത്. ബ്രാഹ്മണൻ ദൈവതുല്യനും നിർബന്ധമായും അനുസരിക്കപ്പെടേണ്ടവനു[3]മാണെന്ന് പഠിപ്പിക്കുന്ന മനുസ്മൃതി വേദങ്ങൾ പഠിപ്പിക്കുവാനോ സ്വത്ത് സമ്പാദിക്കുവാനോ ഉള്ള അധികാരം ശൂദ്രന് ഇല്ലെന്നാണ്[4] നിഷ്കർഷിക്കുന്നത്. വല്ല കാരണവശാലും ശൂദ്രന്റെ കൈവശം സ്വത്ത് വന്നുപോയാൽ, അത് പിടിച്ചെടുത്ത് സ്വന്തമാക്കാനുള്ള അവകാശവും ബ്രാഹ്മണനുണ്ടെന്നാണ് മനുസ്മൃതിയുടെ നിയമം[5].

**സാമൂഹികനിയമങ്ങൾ:** സാമൂഹിക പ്രശ്നങ്ങളിലും ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും വ്യത്യസ്ത വിധികളാണ് സ്മൃതികൾ കൽപ്പിക്കുന്നത്. ക്ഷത്രിയനെ ബ്രാഹ്മണൻ

1. അവിദ്വാം ശ്ചൈവ വിദ്വാശ്ച ബ്രാഹ്മണോ ദൈവതം മഹൽ
പ്രാണീതശ്ച പ്രതിതശ്ച യഥാനിർ ദെവതം മഹൽ-നാരദ സ്മൃതി 9:317.
2. ദുശീലോ *f*പി ദ്വിജഃപൂജ്യോനതു ശൂദ്രോ ജിതേന്ദ്രിയ-പരാശരസ്മൃതി, 8:33.
3. മനുസ്മൃതി 9:317
4. ശക്തനോപി ഹിശൂദ്രേണ ന കാര്യോ ധനസഞ്ചയഃ-മനുസ്മൃതി 10-129.
5. വിസ്രബ്ധം ബ്രാഹ്മണഃശൂദ്രാത് ദ്രവ്യോപദാനമാചരേത് നഹി
തസ്യാക്തി കിഞ്ചിത് സ്വം ഭർത്തൃ ഹാര്യോധനോഹിസഃ-മനുസ്മൃതി: 8:417.

ആക്ഷേപിച്ചാൽ അമ്പതുപണമാണ് പിഴ. വൈശ്യനെ ആക്ഷേപിച്ചാൽ ഇരുപത്തിയഞ്ച് പണം. ശൂദ്രനെയാണെങ്കിൽ വെറും പന്ത്രണ്ട് പണം മാത്രമാണ് പിഴ. ശൂദ്രൻ ബ്രാഹ്മണനെ അപമാനിച്ചാൽ അവന്റെ നാവ് അറുത്തുകളയണം. താഴ്ന്ന വർണ്ണത്തിൽ ജനിച്ച ഒരാൾ ഉയർന്ന വർണ്ണത്തിൽ ജനിച്ചവനെ കയ്യേറ്റം ചെയ്താൽ, ഏത് അവയവം കൊണ്ടാണോ അത് ചെയ്തത് ആ അവയവം മുറിച്ചുകളയണം. കയ്യോ വടിയോ ഓങ്ങിയാൽ കൈ മുറിച്ചുകളയണം. ചവിട്ടിയാൽ കാൽ മുറിച്ചുകളയണം[1] ഇങ്ങനെ പോകുന്നു മനുസ്മൃതിയിലെ സാമൂഹികശിക്ഷാ നിയമങ്ങൾ.

ബ്രാഹ്മണന്റെ ഒപ്പം നടന്ന ശൂദ്രനെ ചമ്മട്ടികൊണ്ടടിക്കണം. ശൂദ്രൻ മോഷ്ടിച്ചാൽ അവന്റെ സ്വത്ത് പിടിച്ചടക്കി അവനെ കൊല്ലണം. ആര്യസ്ത്രീയെ ശൂദ്രൻ പ്രാപിച്ചാൽ അവന്റെ പുരുഷാവയവം വേർപ്പെടുത്തി അവന്റെ സ്വത്തുക്കൾ പിടിച്ചടക്കി അവനെ കൊല്ലണം. ശൂദ്രൻ വേദം ശ്രവിച്ചാൽ അവന്റെ കാതിൽ ഈയ്യവും ഉരുക്കും ഉരുക്കിയൊഴിക്കണം. വേദം ഉച്ചരിച്ച ശൂദ്രന്റെ നാവ് അറുത്ത് വേർപ്പെടുത്തണം. ശൂദ്രനെ അധിക്ഷേപിക്കുന്ന ബ്രാഹ്മണന് ഒരു ശിക്ഷയും കൊടുക്കാൻ പാടില്ല. ബ്രാഹ്മണൻ മോഷ്ടിച്ചാൽ അവന്റെ കണ്ണുകൾ രണ്ടും കെട്ടുകമാത്രം ചെയ്ത് അവനെ വെറുതെ വിട്ടയയ്ക്കണം. ഇതെല്ലാമാണ് ആപസ്തംബ ധർമ്മസൂത്രത്തിലെ നിയമങ്ങൾ.[2]

ബ്രാഹ്മണനെ കൊല്ലുന്ന ശൂദ്രനെ മൂന്ന് പ്രാവശ്യമായി തീയിലിട്ട് കുറച്ചുകുറച്ചായി ചിത്രവധം ചെയ്ത് കൊല്ലണമെന്ന് കൽപ്പിക്കുന്ന ഗൗതമധർമ്മസൂത്രം ശൂദ്രനെകൊല്ലുന്ന ഉയർന്ന ജാതിക്കാർക്ക്നൽകുന്ന ശിക്ഷ ഒരു വർഷത്തെ തടവും പന്ത്രണ്ട് പശുക്കൾ പിഴയും മാത്രമാണ്[3].

താഴ്ന്ന ജാതിക്കാരെ മാത്രമല്ല, സമൂഹത്തിന്റെ മാതാക്കളായ സ്ത്രീകളെക്കൂടി അസമത്വത്തിന്റെയും അടിമത്തത്തിന്റെയും ചങ്ങലകൾക്കുള്ളിൽ ബന്ധിച്ചിടാനാണ് സ്മൃതികൾ പൊതുവെ ശ്രമിക്കുന്നത്. "കൗമാരാവസ്ഥയിൽ പിതാവിനാലും യൗവ്വനാവസ്ഥയിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടേണ്ട

1. മനുസ്മൃതി 8:279-283.
2. ഉദ്ധരണം: കൃഷ്ണാനന്ദസ്വാമി: ഇന്ത്യയിലെ വർണ്ണസമരം, പേജ് 93-95.
3. Ibid പേജ്: 95.



സ്ത്രീ, ഒരിക്കലും സ്വാതന്ത്ര്യത്തിനർഹയല്ല"[1] എന്നാണ് മനുസ്മൃതിയുടെ വിധി. സ്ത്രീ യൗവ്വനപ്രായത്തിൽതന്നെ വിധവയായാൽ പോലും, പുനർവിവാഹം മനുസ്മൃതി അനുവദിക്കുന്നില്ല[2]. ഭർത്താവ് ജാരവൃത്തി ചെയ്യുന്നവനാണെങ്കിൽപോലും സ്ത്രീ അയാളെ ദൈവതുല്യം പരിഗണിക്കണമെന്ന് അനുശാസിക്കുന്ന മനു, അതേ പ്രവൃത്തി ചെയ്യുന്ന സ്ത്രീക്ക് നൽകുന്ന ശിക്ഷ പരസ്യമായി പട്ടികൾക്ക് കടിച്ചുകീറാൻ എറിഞ്ഞുകൊടുക്കുകയാണെന്നതാണ്. സ്ത്രീക്ക് കുടുംബസ്വത്തിന് അവകാശമില്ലെന്ന് പ്രഖ്യാപിക്കുന്ന മനു അവളുടെ അദ്ധ്വാനത്തിന്റെ കൂലിപോലും പുരുഷന്റേതിന് പകുതിയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു.[3] ഹിന്ദു പിന്തുടർച്ചാ നിയമവും സ്വത്തവകാശ നിയമവുമെല്ലാം മനുസ്മൃതിയെ മാനിച്ചുകൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

**ന്യായീകരണങ്ങൾ:** സ്മൃതികളെ ന്യായീകരിക്കാനും വ്യാഖ്യാനിച്ച് തുമ്പില്ലാതാക്കാനുമുള്ള ശ്രമങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നു. വർണ്ണാശ്രമ വ്യവസ്ഥ തൊഴിൽ വിഭജനവുമായി ബന്ധപ്പെട്ടതാണെന്നാണ് ഒരു വ്യാഖ്യാനം. തൊഴിൽ വിഭജനവുമായി ബന്ധപ്പെട്ടതാണെങ്കിൽതന്നെ ജന്മാടിസ്ഥാനത്തിലുള്ള ജാതി വിഭജനം നീതിയല്ലെന്ന് അൽപ്പം ചിന്തിച്ചാൽ ബോധ്യമാകും. ജന്മത്തിന്റെ അടിസ്ഥാനത്തിലല്ല; കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് ജാതി വിഭജനമെന്ന വാദവും അടിസ്ഥാന രഹിതമാണ്. "ബ്രാഹ്മണ യോനിയിൽ ജനിച്ചവൻ", "ശൂദ്ര യോനിയിൽ ജനിച്ചവൻ" തുടങ്ങിയ പരാമർശങ്ങൾ ഉപനിഷത്തുകളിൽ വരെ കാണാം. ഇത് ജാതിവ്യവസ്ഥ ജന്മാടിസ്ഥാനത്തിൽ തന്നെയായിരുന്നു കണക്കാക്കിയിരുന്നതെന്ന് സുതരാം വ്യക്തമാക്കുന്നു.

"വീണ്ടും മനുസ്മൃതിക്ക് നിയമപ്രാബല്യം നൽകണമെന്ന് ഒരാളും ആവശ്യപ്പെട്ടിട്ടില്ല. ഗ്രന്ഥശാലകളിലും ഗവേഷണസ്ഥാപനങ്ങളിലും പൊടിപിടിച്ചുകിടക്കുന്ന ഒരു പ്രാചീനഗ്രന്ഥം ചുട്ടുകരിക്കണമെന്ന ആവശ്യം മറ്റെന്താ ആണ് സൂചിപ്പിക്കുന്നത്"[4] എന്ന

1. പിതാരക്ഷതി കൗമാരേ ഭർത്താരക്ഷതി യൗവ്വനേ
രക്ഷന്തസ്ഥ വീരേ പുത്രാ നഃസ്ത്രീ സ്വാതന്ത്ര്യമർഹതി-മനുസ്മൃതി, 9:3.
2. മനുസ്മൃതി 5:159.
3. മനുസ്മൃതി 5:159-161.
4. മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1988 ജനുവരി 17-23.

പി.പരമേശ്വരൻെറ പ്രസ്താവന വെറും 'കണ്ണിൽ പൊടിയിടൽ' മാത്ര മാണ്. മനുസ്മൃതിയിലും മറ്റ് സമൃതികളിലുമുള്ള ആചാരങ്ങൾക്ക് നിയമപ്രാബല്യം വേണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ നടത്തു ന്നവർ ഇന്നുമുണ്ട്. പുരിശങ്കരാചാര്യരുടെ പ്രഖ്യാപനങ്ങളും പ്രസ് താവനകളും കേട്ടിട്ടും ബധിരത നടിക്കുകയാണ് പരമേശ്വരനും കൂട്ടാ ളികളും. പുരിശങ്കരാചാര്യർ പറഞ്ഞു: "ദൈവിക ഗുണങ്ങളോടെയും ശക്തിയോടെയും ജനിക്കുന്നവരായ ബ്രാഹ്മണർ, സമൂഹത്തിലെ മാന്യത വീണ്ടെടുക്കാനും എതിരാളികൾക്കെതിരേ പോരാടാനും ഒന്നിക്കണം"[1]. "ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തിന് ഹിന്ദുമത ഗ്രന്ഥങ്ങൾ അനുവാദം നൽകുന്നില്ല. സ്ത്രീകളും ഹരിജനങ്ങളും ശാസ്ത്രം പഠിക്കുന്നതിനും അവ എതിര് നിൽക്കുന്നു"[2]. മനുസ്മൃതി 'ഏട്ടിലെ പശു' മാത്രമാണെന്ന വാദം അടിസ്ഥാനരഹിതമാ ണെന്നർത്ഥം.

സ്ത്രീപീഡനത്തിൻെറ ഏറ്റവും മൂർത്തരൂപവും ഇന്ത്യയിൽ നിരോധിക്കപ്പെട്ട ആചാരവുമായ സതി സമ്പ്രദായത്തെപ്പോലും അനു കൂലിച്ച് സംസാരിക്കാൻ ചങ്കൂറ്റം കാണിച്ച പുരിശങ്കരാചാര്യർക്കെ തിരെ ചെറുവിരൽ അനക്കാനെങ്കിലും കഴിയാത്തവരാണ് ഹിന്ദു പുനരുജ്ജീവനവാദികൾ. സ്മൃതികൾ സൃഷ്ടിച്ചുവിട്ട ജാതിചിന്ത യും ബ്രാഹ്മണ മേധാവിത്വബോധവും ഇന്നും നിലനിൽക്കുന്നു വെന്നതിൻെറ പ്രതീകമാണ് പുരിശങ്കരാചാര്യർ. ജാതി നിർമ്മൂലന ത്തിനും സ്ത്രീ വിമോചനത്തിനും വേണ്ടി വാദിക്കുന്നവർക്ക്, അതു കൊണ്ടുതന്നെ സ്മൃതികൾ ചുട്ടെരിക്കണമെന്ന് പറയേണ്ടിവരുന്നു വെങ്കിൽ അത് സ്വാഭാവികം മാത്രം.

**കൈകടത്തലുകൾ:** മനുസ്മൃതിയെ സംബന്ധിച്ച് ഈയടു ത്തുനടന്ന വിവാദത്തിൽനിന്നും ഉരുത്തിരിഞ്ഞ മറ്റൊരു വസ്തുത യുണ്ട്. സ്മൃതി ഗ്രന്ഥങ്ങളിൽ അത് രചിക്കപ്പെട്ട് കാലഘട്ടങ്ങൾക്കു ശേഷവും കൂട്ടിച്ചേർക്കലുകളും വെട്ടിച്ചുരുക്കലുകളും നടന്നിട്ടുണ്ടെന്ന കാര്യം അംഗീകരിക്കുവാൻ ഈ സംവാദത്തിൽ പങ്കെടുത്ത പണ് ഡിതന്മാർ സന്നദ്ധമാവുകയുണ്ടായി. പ്രൊഫ. കെ. മഹേശ്വരൻ നായർ എഴുതുന്നു: " മനുസ്മൃതിയിൽ പല കാലത്തായി കൂട്ടിച്ചേർ

1. മാതൃഭൂമി 15-5-1988.
2. Indian Express 441988.



ക്കലുകൾ നടന്നിട്ടുണ്ട്. ഇപ്പോഴും ആർ.എസ്.എസ്സുകാർ അത് നട ത്തിക്കൊണ്ടിരിക്കുന്നു. 1965 നവംബർ 14-ാം തീയതി ഡൽഹിയി ലെ ചെങ്കോട്ട മൈതാനത്ത് തടിച്ചുകൂടിയ ആർ.എസ്.എസ്സുകാരെ അഭിസംബോധന ചെയ്തുകൊണ്ട് അവരുടെ നേതാവായ മാ.സ. ഗോൾവാൾക്കർ നടത്തിയ പ്രഭാഷണത്തിൽ മനുസ്മൃതിയിൽനിന്നെ ന്നുപറഞ്ഞ് ഒരു ശ്ലോകം ഉദ്ധരിച്ചു.


*യാവാത്ഭ്രിയേത് ജഠരം താവത്സത്വം ഹി ദേഹിനാം*
*അധികം യോഭിമന്യേത സ സ്തേനോ ദണ്ഡമർഹതി.*

ഇങ്ങനെയൊരു ശ്ലോകം മനുസ്മൃതിയിൽ ഇല്ല. പരസ്പരവി രുദ്ധങ്ങളായ ഒട്ടേറെ പ്രസ്താവനകൾ മനുസ്മൃതിയിൽ കാണുന്നത് പലകാലത്തായി പലരും പലതും കൂട്ടിച്ചേർത്തതുകൊണ്ടാണ്"[1].

അച്ചടിയുടെ സാങ്കേതിക വിദ്യകളും മറ്റ് വിജ്ഞാനശേഖര ണോപാധികളും വളർന്ന് വികസിച്ച ഇന്നുപോലും സ്മൃതിഗ്രന്ഥ ങ്ങളിൽ കൂട്ടിച്ചേർക്കലുകൾക്കായി ശ്രമം നടന്നുവെങ്കിൽ ഓർമ്മശ ക്തി മാത്രമുപയോഗിച്ചുകൊണ്ടുള്ള പ്രേഷണരീതി സ്വീകരിച്ചിരുന്ന ഇന്നലെകളിൽ എത്രമാത്രം കൂട്ടിച്ചേർക്കലുകളും മാറ്റത്തിരുത്തലുക ളും നടന്നിരിക്കാം എന്ന് നമുക്ക്ന്യായമായും ഊഹിക്കാവുന്നതാണ്.

താരതമ്യേന പൗരാണികത കുറവായ സ്മൃതി ഗ്രന്ഥങ്ങളിൽ കടത്തിക്കൂട്ടലുകൾ നടന്നുവെങ്കിൽ, അതിനേക്കാൾ പുരാതനവും ആദികാല കയ്യെഴുത്ത് പ്രതികൾ അലഭ്യവുമായ വേദോപനിഷത്തു കളിലും മറ്റും കടത്തിക്കൂട്ടലുകൾ നടന്നിട്ടില്ലെന്ന് എങ്ങിനെ പറയാ നാവും? സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി സ്മൃതിഗ്രന്ഥങ്ങളിൽ ബ്രാഹ്മണർ കടത്തിക്കൂട്ടലുകൾ നടത്തിയെങ്കിൽ സ്മൃതികളേക്കാ ളധികം ബ്രാഹ്മണകരങ്ങളിലൂടെ കടന്നുവന്ന മറ്റ് ഗ്രന്ഥങ്ങളിൽ കൂടുതൽ വചനങ്ങൾ കൂട്ടിച്ചേർത്തിരിക്കണം. ഇന്ന് ലഭ്യമാകുന്ന ഹൈന്ദവ ഗ്രന്ഥങ്ങളിൽനിന്ന് അതിൻെറ മൂലഗ്രന്ഥങ്ങളിലില്ലാത്ത വചനങ്ങൾ ഒഴിവാക്കാൻ സാധിച്ചെങ്കിൽ മാത്രമെ ഭാരതത്തിലെ 'ദൈവികമത'ത്തെകുറച്ച ഒരു ഏകദേശ ധാരണയെങ്കിലും അവയിൽ നിന്ന് നമുക്ക് ലഭിക്കുകയുള്ളൂ.

1 "മനുസ്മൃതിയും സതിയും": മാതൃഭൂമി ആഴ്ചപ്പതിപ്പ് 1988 ജനുവരി 17-23.



8

# ഇതിഹാസങ്ങൾ

വേദതത്ത്വങ്ങളെ കഥാരൂപത്തിൽ അവതരിപ്പിക്കുകയാണ് ഇതിഹാസങ്ങളുടെ ധർമ്മം. 'യതോ ധർമ്മസ്തതോ' എവിടെ ധർമ്മമുണ്ടോ അവിടെ വിജയമുണ്ട് എന്നതാണ് ഇതിഹാസങ്ങളുടെ തത്വം. ധർമ്മത്തിന് ഗ്ലാനി സംഭവിച്ചപ്പോൾ അതിനെ സംസ്ഥാപിക്കാൻവേണ്ടി വന്ന അവതാരങ്ങളുടെ കഥയാണ് ഇതിഹാസങ്ങളുടെ ഉള്ളടക്കം. ഇത ഇഹ ആസം-ഇപ്രകാരമാണ് ഇവിടെ സംഭവിച്ചത്- എന്ന ശബ്ദങ്ങളിൽനിന്നാണ് ഇതിഹാസ ശബ്ദത്തിൻെറ വ്യുൽപ്പത്തി. കാൽഭാഗം ധർമ്മം നശിച്ച ത്രേതായുഗത്തിലെ വിഷ്ണു അവതാരത്തെക്കുറിച്ച കഥനമായ രാമായണവും പകുതിയും ധർമ്മം നശിച്ച ദ്വാപരയുഗത്തിലെ അവതാരമായ കൃഷ്ണൻെറ കഥ പറയുന്ന മഹാഭാരതവുമാണ് രണ്ട് ഇതിഹാസങ്ങൾ.

**രാമായണം:** രാമായണം ആദികാവ്യവും വാൽമീകി ആദികവിയുമായാണ് അറിയപ്പെടുന്നത്. വേദങ്ങളിലെയും, ഉപനിഷത്തുകളിലെയും പല വരികളും കാവ്യരൂപത്തിലാണ്. രാമായണം വേദങ്ങളുടെ രചന കഴിഞ്ഞ് കുറെകാലങ്ങൾക്കുശേഷമാണ് രചിക്കപ്പെട്ടതെന്ന് ഹൈന്ദവർതന്നെ വിശ്വസിക്കുന്നു. അപ്പോൾപിന്നെ, രാമായണം ആദ്യകാവ്യമാണെന്ന സങ്കൽപ്പം, ഇന്ത്യയുടെ പരിധിക്കകത്തുവെച്ച് മാത്രം നോക്കുമ്പോൾപോലും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ കഴിയും.



രാമായണം രചിക്കപ്പെട്ട കാലത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ക്രിസ്തുവിന് രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പോ അതിനു ശേഷമോ ആണ് രാമായണം രചിക്കപ്പെട്ടതെന്നാണ് പണ്ഡിതരിൽ ചിലരുടെ നിഗമനം[1] ബി.സി.അഞ്ചാം നൂറ്റാണ്ടിലാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്[2] ക്രിസ്തുവിന് മുമ്പ് അഞ്ചാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശ്രീബുദ്ധൻ സ്ഥാപിച്ച ബുദ്ധമതത്തെക്കുറിച്ച പരാമർശങ്ങൾ രാമായണ[3]ത്തിലുണ്ട്. ബി.സി. നാലാം ശതകത്തിലെഴുതപ്പെട്ട പാലിഭാഷയിലുള്ള ബൗദ്ധകൃതിയായ ദശരഥജാതകത്തിലെ കഥകൾക്ക് രാമായണ കഥയുമായി സാദൃശ്യമുണ്ട്. ഇതിൽനിന്നെല്ലാം രാമായണരചന നടന്നത് ബി.സി. നാലാം നൂറ്റാണ്ടിനുശേഷമാണെന്നാണ് മനസ്സിലാകുന്നത്.

വാൽമീകി മഹർഷി നൂറുകോടി ശ്ലോകങ്ങൾ രചിച്ചിരുന്നുവെന്നും അതിൽനിന്ന് ലവകുശന്മാരെ പഠിപ്പിച്ച ഇരുപത്തി നാലായിരം ശ്ലോകങ്ങളൊഴിച്ച് മറ്റെല്ലാം ബ്രഹ്മലോകത്തിലേക്കുപോയി എന്നും ഒരു വിശ്വാസമുണ്ട്[4]. ഇന്നുള്ള 24000 ശ്ലോകങ്ങളോടുകൂടിയ വാൽമീകി രാമായണം ബാലകാണ്ഡം, അയോധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിങ്ങനെ ഏഴു കാണ്ഡങ്ങളായി വിഭജിക്കപെട്ടിട്ടുണ്ട്. ഇതിൽ ആദ്യത്തെ ബാലകാണ്ഡവും അവസാനത്തെ ഉത്തരകാണ്ഡവും ആദ്യകാല രാമായണത്തിലുണ്ടായിരുന്നില്ലെന്നും പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നുമാണ് പ്രമുഖ പണ്ഡിതന്മാരുടെ മുഴുവൻ അഭിപ്രായം.

സ്വശിഷ്യനായ ഭരദ്വാജനോടുകൂടെ തമസാനദിയിൽ സ്നാനത്തിനുപോയ വാൽമീകി മഹർഷി ഇണക്കുരുവികളിലൊന്നിനെ കാട്ടാളൻ അമ്പെയ്യുന്നതും ദുഃഖാർത്തയായ പെൺപക്ഷി പിടഞ്ഞു കരയുന്നതും കണ്ട് മനസ്സലിഞ്ഞു. ആ കരുണയിൽ നിന്നുയിർ കൊ

1. K.M. Munshi: The History and Culture of Indian People Vol. II Page 254.
2 ഭാരത വിജ്ഞാനകോശം വാല്യം 2, പേജ് 558.
3 വാൽമീകി രാമായണം: അയോധ്യാകാണ്ഡം 108-ാം സർഗം.
4 ഹിന്ദു ധർമ്മപരിചയം, പേജ് 214.

ണ്ട ശാപമാണ് രാമായണത്തിന്റെ പ്രഥമ ശ്ലോകമായി മാറിയത്.

"അരുത് കാട്ടാളാ..... ക്രൗഞ്ച മിഥുനങ്ങളിൽ കാമമോഹിതമായ ഒന്നിനെ വധിച്ച നീ ഏറെക്കാലം ജീവിക്കാതിരിക്കട്ടെ"[1] എന്നാണ് ശാപം. ഈ ശ്ലോകത്തിന്റെ താളവും ലയവും സൗന്ദര്യവും വളരെയധികം ഇഷ്ടപ്പെട്ട വാൽമീകി ഇതേ രൂപത്തിൽ ഒരു മഹാപുരുഷാഖ്യാനത്തിന് പ്രേരിതനായി. ഇന്ന് ഈ ലോകത്ത് ജീവിച്ചിരിക്കുന്നവരിൽവെച്ച് ഏറ്റവും ഗുണപൂർണ്ണനായ മനുഷ്യനാരാണ് എന്ന അന്വേഷണത്തിന് രാമനല്ലാതെ മറ്റാരുമല്ല എന്ന ഉത്തരമാണ് നാരദ മഹർഷിയിൽ നിന്ന് ലഭിച്ചത്. അങ്ങനെയാണ് രാമകഥാഖ്യാനം നടത്താൻ വാൽമീകി മഹർഷി മുതിരുന്നത്.

അയോധ്യയിലെ രാജാവായിരുന്ന ദശരഥന്റെ മൂന്ന് ഭാര്യമാരിൽ ഒരാളായ കൗസല്യയുടെ പുത്രനാണ് രാമൻ. കൈകേയി, സുമിത്ര എന്നിവരാണ് മറ്റ് രണ്ട് ഭാര്യമാർ. ദീർഘകാലം തനിക്ക് സന്താനങ്ങളില്ലാത്തതിൽ ദുഃഖിച്ച് പുത്രകാമേഷ്ടിയാഗം നടത്തുകയും യാഗത്തിൽവെച്ച് ശൃംഗമുനി യജ്ഞപിണ്ഡം തയ്യാറാക്കി ദശരഥന്റെ മൂന്ന് ഭാര്യമാർക്കും കൊടുക്കുക യും ചെയ്യുന്നു. ഈ പിണ്ഡങ്ങൾ കഴിച്ച് മൂന്നുപേരും ഗർഭിണികളായി. കൗസല്യ രാമനേയും കൈകേയി ഭരതനേയും സുമിത്ര ലക്ഷ്മണനേയും ശത്രുഘ്നനേയും പ്രസവിക്കുകയും ചെയ്തു. കുറെക്കാലം കഴിഞ്ഞ് രാമൻ സീതയെ വിവാഹം ചെയ്യുന്നു. രാമന് പ്രായമായപ്പോൾ അദ്ദേഹത്തെ രാജപദവി ഏൽപ്പിച്ചുകൊടുത്ത് രാജ്യഭരണകാര്യങ്ങളിൽനിന്നും വിരമിക്കാൻ ദശരഥൻ ആഗ്രഹിക്കുന്നു. ആ സമയത്ത് താനുമായി മുമ്പുണ്ടാക്കിയ ഉട മ്പടിയനുസരിച്ച് എപ്പോഴാവശ്യപ്പെട്ടാലും നടപ്പാക്കാൻ ദശരഥൻ ബാധ്യതപ്പെട്ടതായ ആഗ്രഹം സഫലമാക്കിത്തരണമെന്ന് കൈകേയി ആവശ്യപ്പെടുന്നു. കൈകേയി തന്റെ പുത്രനായ ഭരതനെ രാജാവാക്കണമെന്നും രാമൻ പന്ത്രണ്ട് വർഷം വനവാസം നടത്തണമെന്നും ആവശ്യപ്പെടുന്നു. പിതാവിന്റെ വാഗ്ദത്ത പാലനത്തിനുവേണ്ടി രാമൻ സീതയോടും ലക്ഷ്മണനോടും കൂടെ വനവാസത്തിന് പോകുന്നു. വനവാസത്തിനിടക്ക് ലങ്കാരാജാവായ രാവണൻ എന്ന രാക്ഷസൻ സീതയെ തട്ടിക്കൊണ്ടുപോയി

1. മാ നിഷാദ: പ്രതിഷ്ഠാംത്വ മ ഗമ ശ്ശാശ്വതീഃ സമാഃ
യത് ക്രൗഞ്ചമിഥുനാ ദേക മവധീഃ കാമമോഹിതം



കൊട്ടാരത്തിൽ പാർപ്പിക്കുന്നു. സീതയെ തിരക്കിയിറങ്ങിയ രാമനും ലക്ഷ്മണനും മാർഗ്ഗമധ്യേ വാനരനേതാക്കളായ സുഗ്രീവനെയും ഹനുമാനെയും കണ്ട്സുഹൃദ്ബന്ധം സ്ഥാപിക്കുന്നു. ഇവരുടെ കൂടി സഹായത്തോടെ ലങ്കയിലേക്ക് പടനയിച്ച്, രാവണനെ യുദ്ധത്തിൽ തോൽപ്പിച്ച് സീതയെ രക്ഷിക്കുന്നു. അപ്പോഴേക്കും കൈകേയി ആവശ്യപ്പെട്ട പന്ത്രണ്ട് വർഷമെന്ന കാലാവധി അവസാനിച്ചതനുസരിച്ച് രാമനും സീതയും ലക്ഷ്മണനും അയോധ്യയിലേക്ക് മടങ്ങുന്നു. ഭരതൻ സിംഹാസനം ഉപേക്ഷിക്കുകയും രാമൻ രാജ്യഭരണം ഏറ്റെടുക്കുകയും ചെയ്യുന്നു. ഇതാണ് വാൽമീകി രാമായണത്തിന്റെ സംക്ഷിപ്തം.

കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നീ യുഗങ്ങളിൽ ത്രേതായുഗത്തിലാണ് ശ്രീരാമന്റെ ഭരണം നടന്നതെന്നാണ് വിശ്വാസം. കലിയുഗം തുടങ്ങിയിട്ട് 5092 വർഷങ്ങളായെന്നാണ് കണക്ക്. ദ്വാപരയുഗം 8,64000 വർഷമുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു. അതിനും മുമ്പുള്ള ത്രേതായുഗത്തിൽ 12,99,000 വർഷമുണ്ടായിരുന്നുവെന്നും വിശ്വസിക്കപ്പെടുന്നു. ത്രേതായുഗത്തിന്റെ അവസാനത്തിലാണ് ശ്രീരാമൻ ഭരണം നടത്തിയതെങ്കിലും, പുരാണങ്ങൾ പ്രകാരം 8,69,092 വർഷങ്ങൾക്ക് മുമ്പാണ് ആ കാലഘട്ടം എന്നനുമാനിക്കേണ്ടിവരും. എട്ട് ലക്ഷംവർഷങ്ങൾക്ക് മുമ്പ് ലോകത്തിലെവിടെയെങ്കിലും നാഗരികതയുണ്ടായിരുന്നതായി തെളിവുകളില്ല. ഈ അടിസ്ഥാനത്തിൽ രാമകഥ അടിസ്ഥാനരഹിതമാണെന്ന് വാദിക്കുന്നവരുണ്ട്. അവരുടെ അഭിപ്രായത്തിൽ രാമായണം നല്ലൊരു നോവൽ മാത്രമാണ്.

വാൽമീകി രാമായണം കൂടാതെ ഒട്ടനവധി രാമായണങ്ങളുണ്ട്. അദ്ധ്യാത്മ രാമായണം, മഹാരാമായണം, സംവൃതരാമായണം, അഗസ്ത്യ രാമായണം, ലോമസ രാമായണം, മഞ്ജുള രാമായണം, സൗപത്യ രാമായണം, സൗഹാർദ്ദ രാമായണം തുടങ്ങി കുറെ സംസ്കൃത രാമായണങ്ങൾതന്നെയുണ്ട്. തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായാണം കിളിപ്പാട്ടാണ് മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള രാമായണകാവ്യം. കണ്ണശ്ശ രാമായണം, രാമകഥപ്പാട്ട്, രാമചരിതം തുടങ്ങി വേറെയും രാമകഥകൾ മലയാളത്തിലുണ്ട്. തമിഴിൽ കമ്പ രാമായണവും ഹിന്ദിയിൽ തുളസീദാസ രാമായണവുമാണ് പ്രസിദ്ധം.

ഈ രാമായണങ്ങളെല്ലാം നൽകുന്ന രാമചിത്രം വ്യത്യസ്തമാണ്. പരസ്പര വിരുദ്ധങ്ങളായ ഒട്ടനവധി കാര്യങ്ങൾ ഈ രാമായണങ്ങളിലുണ്ട്.

**മഹാഭാരതം:** ശ്രീകൃഷ്ണാവതാരത്തെക്കുറിച്ച കഥനമായ മഹാഭാരതമാണ് ഏറ്റവും മഹത്തായ ഇതിഹാസഗ്രന്ഥമായി അറിയപ്പെടുന്നത്. വേദവ്യാസൻ രചിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന മഹാഭാരതം, പഞ്ചമവേദമെന്ന പേരിൽ അറിയപ്പെടുന്നു. സരസ്വതീ നദീതീരത്തിലെ ആശ്രമത്തിലിരുന്ന് വേദവ്യാസൻ രചിച്ച മഹാഭാരതം ശിഷ്യനായ വൈശമ്പായനനെ പഠിപ്പിക്കുകയും പിന്നീട് വൈശമ്പായനൻ ജനമേജയന് ഉപദേശിച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. 'ഭാരതം' എന്ന ശബ്ദത്തിലെ ഓരോ അക്ഷരവും ഓരോ മഹത്തായ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്ന് പറയപ്പെടുന്നു. 'ഭാ' എന്ന അക്ഷരംകൊണ്ട് എല്ലാ വേദങ്ങളിലും ഭാസിക്കുന്നത് എന്നും, 'ര' എന്ന അക്ഷരംകൊണ്ട് എല്ലാ ജീവികളിലും രതിയുള്ളത് എന്ന 'ത' എന്ന അക്ഷരംകൊണ്ട് എല്ലാ തീർത്ഥങ്ങളെയും തരിക്കുന്നത് എന്നുമാണ് വിവക്ഷിക്കുന്നതത്രെ.

ഇന്ന് കാണുന്ന മഹാഭാരതത്തിന് ബി.സി. രണ്ടാം നൂറ്റാണ്ടിലേറെ പഴക്കമില്ലെന്നാണ് പണ്ഡിതാനുമാനം. ബി.സി. രണ്ടാം നൂറ്റാണ്ടിനും എ.ഡി. രണ്ടാം നൂറ്റാണ്ടിനുമിടയ്ക്കാണ് മഹാഭാരതം ഇന്നത്തെ രൂപത്തിലായതെന്നാണ് ഡി.ഡി.കൊസാംബി[1]യും ഡോ. രാധാകമൽമുക്കർജിയും[2] പറയുന്നത്. വിൻറർനിറ്റ്സിൻെറ അഭിപ്രായത്തിൽ, മഹാഭാരതത്തിന് ബി.സി. നാലാം നൂറ്റാണ്ടിലധികം പൗരാണികതയോ എ.ഡി. നാലാം നൂറ്റാണ്ടിലധികം ആധുനികതയോ നൽകാൻ കഴിയില്ല.[3] വ്യാസൻ എഴുതിയത് കേവലം 8800 ശ്ലോകങ്ങളുള്ള 'ജയ' എന്ന കാവ്യം മാത്രമാണെന്നും വൈശമ്പായൻ അതിനെ 24000 ശ്ലോകങ്ങളുള്ള 'ഭാരതം' എന്ന ഗ്രന്ഥമാക്കിയെന്നും സൂതൻ എന്ന ആചാര്യനാണ് ഭാരതസംഹിതയെ കുറച്ചുകൂടി വിപുലപ്പെടുത്തി ഒരു ലക്ഷം ശ്ലോകങ്ങളുള്ള 'മഹാഭാരതം' ആക്കിയതെന്നും[4] അഭിപ്രായമുണ്ട്.

എന്നാൽ 'വേദവ്യാസ വിരചിതമായ മൂലഭാരതത്തിൽ അനേ

1. D.D. Kosambi: An Introduction to the Study of Indian History, Page 133.
2. Radha Kamal Mukharjee: The Culture and Art of India. Page 214.
3. Quoted by S.R. Goyal: A Religious History of Ancient India, Vol. 11 Page 17.
4. B.B. Lal: Mahabharatha: Myth and Reality, Page 53.



കലക്ഷം ശ്ലോകങ്ങൾ ഉണ്ടായിരുന്നവയിൽ ഭൂരിപക്ഷവും ബ്രഹ്മലോകത്തെ പ്രാപിച്ചുവെന്നാണ്' വിശ്വാസം[1]. രചനാകാലത്ത് മഹാഭാരതത്തിൽ ഇപ്പോഴുള്ളതിൽകുറച്ച് ശ്ലോകങ്ങളേ ഉണ്ടായിരുന്നുള്ളൂവെന്നും പിന്നീട് കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ടെന്നും ഒരു വിധം എല്ലാ പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്. കൃഷ്ണചൈതന്യ എഴുതുന്നു. "മഹാഭാരതത്തിൻെറ മൂലം ബി.സി. നാലാം നൂറ്റാണ്ടിന് മുമ്പുതന്നെ രചിക്കപ്പെട്ടതാണെങ്കിലും അതിൽ പിൽക്കാലത്ത് പലതും കൂട്ടിച്ചേർത്തിട്ടാണ് ഇന്നത്തെ രൂപം കൈവന്നത്. കേവലം 24000 ശ്ലോകങ്ങളടങ്ങിയ ഒരു കാവ്യമാണ് (അതിൻെറ പേര് 'ഭാരതം' എന്നായിരുന്നു.) പിന്നീട് ഒരു ലക്ഷത്തിലേറെ പദ്യങ്ങളുള്ള മഹാഭാരതമായിത്തീർന്നത്"[2]. മഹാഭാരതത്തിന് മൂന്ന് പകർത്തിയെഴുതലുകൾ നടന്നിട്ടുണ്ടെന്ന് യാഥാസ്ഥിതികന്മാർപോലും സമ്മതിക്കുന്ന കാര്യമാണ്[3].

മഹാഭാരതത്തിൻെറ കർത്താവായ വേദവ്യാസനെക്കുറിച്ചും വിരുദ്ധാഭിപ്രായങ്ങളുണ്ട്. ഉപരിചരവസു എന്ന രാജാവിൽനിന്ന് ഗർഭിണിയായ അദ്രികയെന്ന മൽസ്യകന്യക പ്രസവിച്ച സത്യവതിയിൽ പരാശരമഹർഷിക്ക് ജനിച്ച കൃഷ്ണദ്വൈപായനനാണ് വേദവ്യാസൻ എന്നറിയപ്പെടുന്നതെന്നാണ് വിശ്വാസം. എന്നാൽ വേദവ്യാസൻ എന്നത് ഒരു വ്യക്തിയല്ലെന്നും അതൊരു സ്ഥാനനാമം മാത്രമാണെന്നും പല പണ്ഡിതന്മാർക്കും അഭിപ്രായമുണ്ടെന്ന് നടേ സൂചിപ്പിച്ചിട്ടുണ്ട്. ശങ്കരാചാര്യർ, പോപ്പ്, പാത്രിയാർക്കീസ് തുടങ്ങിയവപോലെയുള്ള സ്ഥാനപ്പേര് മാത്രമാണ് കണ്വൻ, വ്യാസൻ എന്നിവയെന്നാണ് ഗുരുനിത്യ ചൈതന്യയതി[4] പറയുന്നത്. വ്യാസൻ എന്ന നാമത്തിന് സംവിധായകൻ, പ്രസാധകൻ സമാഹരിച്ച വ്യക്തി തുടങ്ങിയ അർത്ഥങ്ങളുണ്ടെന്നും വേദങ്ങൾ സമാഹരിച്ച വ്യക്തി വേദവ്യാസനും മഹാഭാരതം തുടങ്ങിയവ സമാഹരിച്ചവർ വ്യത്യസ്ത വ്യാസന്മാരും ആകാനാണ് സാധ്യതയെന്നാണ് മാർഗരറ്റും ജെയിംസ് സ്റ്റെഡ്ലെഗും[5] അഭിപ്രായപ്പെടുന്നത്.

ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളുള്ള മഹാഭാരതത്തിൽ പതി

1. കെ. പരമേശ്വരൻപിള്ള: ഹിന്ദുധർമ്മ പരിചയം, പേജ് 216.
2. Krishna Chaithanya: A New History of Sanskrit Literature Page, 200.
3. വെട്ടംമാണി: പുരാണിക് എൻസൈക്ലോപീഡിയ, പേജ് 875.
4. Nithya Chaithanya Yathi- The Bhagavad Gita, Page 1.
5. Margerette and James Stutleg: A Dictionary of Hinduism, Page 151.

നെട്ട് പർവ്വങ്ങളിലായി രണ്ടായിരം അദ്ധ്യായങ്ങളും നൂറ് ഉപപർവ്വങ്ങളും അടങ്ങിയിരിക്കുന്നു. മൂന്ന് വർഷം കൊണ്ടാണ് വേദ വ്യാസ മഹർഷി ഇത് രചിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. വളരെ വിശദമായ ഒരു ഇതിവൃത്തമാണ് ഭാരതത്തിൻേറത്. കൃഷ്ണനെന്ന പ്രധാന കഥാപാത്രത്തെ ചുറ്റിയുള്ള കഥനത്തിലൂടെ ഒന്ന് എത്തിനോക്കാം.

യാദവ വംശത്തിൽപ്പെട്ട ഉഗ്രസേനൻെറ മകനായ വാസുദേവനാണ് ശ്രീകൃഷ്ണൻെറ പിതാവ്. ഉഗ്രസേനൻെറ സഹോദരനായ ദേവകൻെറ മകൾ ദേവകിയാണ് അദ്ദേഹത്തിൻെറ മാതാവ്. ദേവകിയുടെ എട്ടാമത്തെ മകൻ തന്നെ കൊല്ലുമെന്ന് അശരീരി കേട്ട ദേവകിയുടെ മച്ചുനൻ കംസൻ ദേവകിയെ കൊല്ലാൻ ശ്രമിക്കുന്നു. ദേവകി പ്രസവിക്കുന്ന കുഞ്ഞുങ്ങളെയെല്ലാം കംസന് നൽകാമെന്ന നിബന്ധനയിൽ അവളെ കൊലയിൽനിന്നുമൊഴിവാക്കപ്പെട്ടുവെങ്കിലും, ദേവകിയും ഭർത്താവും തടവിലാക്കപ്പെടുന്നു. ദേവകിക്കുണ്ടായ ആറ് കുഞ്ഞുങ്ങളെയും കംസൻ കൊല്ലുന്നു. ഏഴാമത്തെ കുട്ടിയായ ബലരാമൻ വാസുദേവൻെറ മറ്റൊരു ഭാര്യയായ രോഹിണിയുടെ ഗർഭപാത്രത്തിലേക്ക് മാറ്റപ്പെടുകയും രോഹിണിയുടെ മകനായി ജീവിക്കുകയും ചെയ്തു.

എട്ടാമത്തെ പുത്രനായ കൃഷ്ണൻ ജനിച്ചപ്പോൾ തന്നെ, വിഷ്ണുവിൻെറ നിർദ്ദേശപ്രകാരം പിതാവ് രഹസ്യമായി യമുനാനദിയുടെ മറുകരയിലുള്ള അമ്പാടിയിൽ നന്ദഗോപരുടെ വീട്ടിലെത്തി, അദ്ദേഹത്തിൻെറ ഭാര്യ യശോദ പ്രസവിച്ച പെൺകുട്ടിയെ എടുക്കുകയും പകരം കൃഷ്ണനെ അവിടെ വെക്കുകയും ചെയ്തു. ആ കുഞ്ഞിനെയും കൊല്ലുവാൻ പതിവിൻപടി കംസൻ ശ്രമിച്ചപ്പോൾ അത് ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു. നന്ദനും യശോദയും വളർത്തുന്ന കുഞ്ഞ് തൻെറ അന്തകനാണെന്ന് പ്രവചിക്കപ്പെട്ട ദേവകിയുടെ എട്ടാമത്തെ പുത്രനാണെന്ന് മനസിലാക്കിയ കംസൻ, കൃഷ്ണനെ കൊല്ലാൻ ഒന്നിനുപിറകെ ഒന്നായി പല അടവുകളും പ്രയോഗിച്ചുവെങ്കിലും അതെല്ലാം പരാജയപ്പെടുകയുണ്ടായി. പൂതന, തൃണാവർത്തൻ, ശടകൻ, വത്സാസുരൻ, ബകൻ, അഘാസുരൻ തുടങ്ങിയവർ കൃഷ്ണനെ വധിക്കാൻവേണ്ടി, കംസൻെറ കൽപ്പനപ്രകാരം നിയോഗിക്കപ്പെട്ടവരാണ്. കൃഷ്ണവധത്തിനുള്ള ശ്രമത്തിൽ ഇവരെല്ലാം കൊല്ലപ്പെടുകയുണ്ടായി. പിന്നീട് പല അത്ഭുതങ്ങളും കൃഷ്ണൻ കാണി



ച്ചതായി മഹാഭാരതം വിവരിക്കുന്നു.

വാസുദേവസഹോദരിയായ കുന്തിയെ ഹസ്തിനപുരത്തിലെ രാജാവായ പാണ്ഡുവാണ് വിവാഹം ചെയ്തത്. മാദ്രിയെന്ന മറ്റൊരു ഭാര്യകൂടിയുണ്ടായിരുന്നു പാണ്ഡുവിന്. ഭാര്യമാരുമായി ബന്ധപ്പെട്ടാൽ തൽക്ഷണം മരിക്കുമെന്ന് പാണ്ഡുവിന് ശാപം ലഭിച്ചു. അദ്ദേഹത്തിൻെറ ഭാര്യയായ കുന്തി യമധർമ്മൻ, വായു, ഇന്ദ്രൻ എന്നിവരിൽനിന്നും ഗർഭം ധരിച്ച് യഥാക്രമം, ധർമ്മപുത്രൻ, ഭീമൻ, അർജുനൻ എന്നീ മക്കളെ പ്രസ വിച്ചു. മാദ്രി അശ്വനീ ദേവതകളിൽനിന്ന് ഗർഭംധരിച്ച് നകുലനെയും സഹദേവനെയും പ്രസവിച്ചു.ഈ അഞ്ചു പേരാണ് പാണ്ഡവന്മാർ. പാണ്ഡു മരിച്ചപ്പോൾ മാദ്രി സതി അനുഷ്ഠിച്ചു. കുന്തി പഞ്ചപാണ്ഡവന്മാരെ വളർത്തിക്കൊണ്ട് ജീവിച്ചു.

പാണ്ഡുവിനെതുടർന്ന് സഹോദരനായ ധൃതരാഷ്ട്രർ ഹസ്തിനപുരത്തിലെ രാജാവായി. ധൃതരാഷ്ട്രസന്താനങ്ങളായ കൗരവർ പാണ്ഡവർക്ക് അർഹമായ അവകാശങ്ങൾ കൊടുക്കാത്തതിനാൽ അവർ തമ്മിൽ അവകാശത്തർക്കമുണ്ടായി. അവകാശങ്ങൾ നേടിയെടുക്കാനായി യുദ്ധം ചെയ്യാൻ കൃഷ്ണൻ പാണ്ഡവന്മാരെ ഉപദേശിച്ചു. പാണ്ഡവ പ്രമുഖനായ അർജുനൻെറ തേരാളിയായി കുരുക്ഷേത്ര യുദ്ധത്തിൽ സേവനമനുഷ്ഠിക്കുന്ന കൃഷ്ണൻ, യുദ്ധാരംഭത്തിൽ ബന്ധുക്കളെ വധിക്കാൻ മടിച്ച് ആയുധം താഴെവെക്കുന്ന അർജ്ജുനന് നൽകുന്ന ഉപദേശങ്ങളാണ് ഭഗവദ്ഗീത. കുരുക്ഷേത്ര യുദ്ധത്തിൽ പാണ്ഡവർ വിജയിക്കുകയും അവർ ഭരണം നടത്തുകയും ചെയ്തു.

വിദർഭയിലെ രാജാവായ ഭീഷ്മകൻെറ മകൾ രുഗ്മിണിയെയാണ് കൃഷ്ണൻ ആദ്യമായി വിവാഹം ചെയ്യുന്നത്. അതിനുശേഷം സത്യഭാമ, ജാംബവതി, കാളിന്തി, മിത്രവിന്ദ, സത്യ, ഭദ്ര (കൈകേയി), ലക്ഷ്മണാ തുടങ്ങി പതിനാറായിരത്തി എട്ട് സ്ത്രീകളെ കല്ല്യാണം കഴിച്ചു. ഒരു ലക്ഷത്തി എൺപതി നായിരം മക്കളുണ്ടായിരുന്നുവത്രെ ശ്രീകൃഷ്ണന്.

കൃഷ്ണൻെറ മക്കളിലൊരാളായ സാംബവനെ, യാദവൻമാർ ഒരു ഉന്മാദവേളയിൽ ഒരു ഗർഭിണിയുടെ വേഷംകെട്ടിച്ച് ആ ഗർഭിണി പ്രസവിക്കുന്ന കുഞ്ഞ് എന്താണെന്ന് മുനിമാരോട് പരിഹാസ ഭാവത്തിൽ ചോദിച്ചു. അവൾ ഒരു ഇരുമ്പുലക്ക പ്രസവിക്കുമെന്നും

അത് യാദവരുടെ നാശത്തിന് നിദാനമാകുമെന്നും ക്രുദ്ധനായ മുനി ശപിച്ചു. പിറ്റേന്നുതന്നെ സാംബവൻ ഇരുമ്പുലക്ക പ്രസവിക്കുകയും ചെയ്തു. അവ ഉരച്ചുരച്ച് പൊടിയാക്കി കടലിലേക്കെറിഞ്ഞെങ്കിലും, കരയ്ക്ക് അടിച്ചുകയറി കോലുകളായി വളർന്നുവന്നു. യാദവർ ഈ ഇരങ്കോലുകൾകൊണ്ട് പരസ്പരം പോരടിച്ച് മരിച്ചു. ഈ ഇരുമ്പിൻെറ ഒരു ഭാഗം വേടനുകിട്ടി. അയാളത് അമ്പുമുനയായി ഉപയോഗിച്ചു. തപസ്സ് ചെയ്തുകൊണ്ടിരുന്ന ശ്രീകൃഷ്ണൻ മാനാണെന്ന് തെറ്റിദ്ധരിച്ച് ആ വേടൻ അമ്പെയ്തു. അമ്പുകൊണ്ട് വീണ ശ്രീകൃഷ്ണനടുത്ത് വന്ന വേടൻ ക്ഷമായാചനം നടത്തുകയും അദ്ദേഹം പൊറുത്തു കൊടുക്കുകയും ചെയ്തു. ദിക്കുകളിലേക്കെല്ലാം പ്രകാശം വിതറിക്കൊണ്ട് കൃഷ്ണൻ സ്വർഗ്ഗത്തിലേക്ക് യാത്രയായി.

മഹാഭാരതം ഒരു സംഭവ കഥയല്ലെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അത് വെറുമൊരു കഥയാണെന്നും കൃഷ്ണൻ, അർജ്ജുനൻ എന്നിവർ കഥാപാത്രങ്ങളാണെന്നുമാണ് അവരുടെ പക്ഷം. വേദസാഹിത്യത്തിലൊരിടത്തും മഹാഭാരത യുദ്ധത്തെക്കുറിച്ച പരാമർശങ്ങളിലെന്നതും ബി.സി. നാലാം ശതകത്തിന് മുമ്പുള്ള ഒരു കൃതിയിലും മഹാഭാരതത്തെക്കുറിച്ച് പറഞ്ഞിട്ടില്ലെന്നതുമാണ് അത് നിഷേധിക്കുന്നതിനുള്ള കാരണമായി പറയപ്പെടുന്നത്. ഇന്ത്യയിൽ മഹാഭാരതയുദ്ധം നടന്നുവെന്ന് പറയപ്പെടുന്ന കാലത്ത് വലിയ രാജ്യങ്ങൾ നിലനിന്നിരുന്നുവെന്നും ഇവിടെയെല്ലാം വികസിതമായ നാഗരികതകൾ സൃഷ്ടിക്കപ്പെട്ടിരുന്നുവെന്നും അവർക്ക് വൻതോതിലുള്ള സൈനിക ശക്തി ഉണ്ടായിരുന്നുവെന്നും ഇരുമ്പ് ഇന്ത്യയിൽ സുലഭമായി ഉപയോഗിച്ചിരുന്നുവെന്നും കരുതുന്നത് അടിസ്ഥാനരഹിതമാണെന്നും വാദിക്കപ്പെടുന്നു. ഡോ. സി.സി. സർക്കാർ, ഡോ. എച്ച്. ഡി. സങ്കാലി[1] തുടങ്ങിയ പ്രഗൽഭരായ പലരുടെയും അഭിപ്രായം ഇതാണ്.


വ്യാസൻെറ മൂല മഹാഭാരതത്തെ അടിസ്ഥാനമാക്കി വിവിധ ഇന്ത്യൻ ഭാഷകളിൽ മഹാഭാരത ഭാഷ്യങ്ങളും മറ്റും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. വ്യാസമഹാഭാരതതിൻെറ പദാനുപദ മലയാള പരിഭാഷയാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിർവഹിച്ചിരിക്കുന്നത്. തുഞ്ചത്തെഴുത്തച്ഛൻെറ ശ്രീമഹാഭാരതം കിളിപ്പാ

1. Quoted by B.B. Lal: Mahabharatha: Myth and Reality, Page 4,5



ട്ടാണ് ഏറ്റവും പ്രസിദ്ധം. വ്യാസഭാരതത്തോട് നീതി പുലർത്തിക്കൊണ്ടാണ് ഇതിൻെറ രചന നടന്നതെങ്കിലും കവികളുടെ ഭാവന അവയെ സ്വാധീനിച്ചിട്ടുണ്ട്. ശ്രീവടക്കുംകൂർ രാജാരാജവർമ്മ എഴുതുന്നു: "ഭാരതം മൂലത്തിനും എഴുത്തച്ഛൻെറ കിളിപ്പാട്ടിനും ഒരു പ്രധാന വ്യത്യാസമുള്ളത് സവിശേഷം സ്മരിക്കേണ്ടതാകുന്നു. വ്യാസവിരചിതമായ ഇതിഹാസത്തിൽ ധർമ്മത്തിനാണ് പരമമായ പ്രാധാന്യം നൽകിയിരിക്കുന്നത്. അതിൽ ഭക്തിക്ക് സ്ഥാനം കൽപ്പിച്ചിട്ടുണ്ട്. അത് അപ്രധാനം അല്ലെങ്കിൽ ധർമ്മത്തിന് താഴെയാകുന്നു. സർവ്വത്ര ഗിരിശിഖരംപോലെ പ്രശോഭിക്കുന്നതും അതൊന്നുതന്നെ. കിളിപ്പാട്ടിൽ മഹാഭക്തനായ തുഞ്ചത്താചാര്യൻ മൂലത്തിൻെറ ആ സ്ഥിതിക്ക് അൽപ്പം ഒരു മാറ്റം വരുത്തിയിട്ടുണ്ട്"[1].

1. വടക്കുംകൂർ രാജരാജവർമ്മ: ശ്രീമഹാഭാരതം, പേജ്. 15.



# 9

# ഭഗ്‌വദ്ഗീത

പതിനെട്ട് പർവ്വങ്ങളുള്ള മഹാഭാരതത്തിലെ ആറാമത്തെ പർവ്വമായ ഭീഷ്മപർവ്വത്തിലെ ഇരുപത്തഞ്ച് മുതൽ നാൽപ്പത്തിരണ്ടു വരെ അദ്ധ്യായങ്ങളാണ് ഭഗ്‌വദ്ഗീത. ഇത് ഒരു സ്വതന്ത്രഗ്രന്ഥമല്ലെങ്കിലും ഏറ്റവുമധികം ഉദ്ധരിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്ന ഹൈന്ദവ ഗ്രന്ഥമെന്ന നിലക്ക് ഇതിന് പ്രസക്തിയുണ്ട്. ഹിന്ദു പുനരുജ്ജീവനവാദികളും നവോത്ഥാനനായകന്മാരും ഏകീകരണസിദ്ധാന്തക്കാരുമെല്ലാം ഒരുപോലെ അവലംബിക്കുന്ന ഗ്രന്ഥമാണ് ഗീത. ആരാധനാസ്ഥലങ്ങളും രീതികളും രൂപങ്ങളും മൂർത്തികളും വ്യത്യസ്തമായ, സിദ്ധാന്തങ്ങളും തത്വങ്ങളും വിരുദ്ധമായ വിവിധ ഹിന്ദുഗ്രൂപ്പുകളെ ഒന്നിപ്പിക്കാനുള്ള ആയുധമായും ഇന്ന് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത് ഭഗ്‌വദ്ഗീതയാണ്.

ഗീത പലരുടെയും പുകഴ്ത്തലുകൾക്ക് വിധേയമായിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന് അനുകൂലമായി ഗീതയെ വ്യാഖ്യാനിക്കാൻ അക്കാലത്ത് ശ്രമങ്ങൾ നടന്നിരുന്നു. വെള്ളക്കാർക്കെതിരായി ബംഗാളിൽ വിപ്ലവ പ്രസ്ഥാനം ആരംഭിച്ച ബങ്കിംചന്ദ്രചതോപാധ്യായയുടെയും ബറിൻഘോഷ്, അരവിന്ദ്ഘോഷ്, ഉല്ലാസ്കർ ദത്ത് തുടങ്ങിയവർ ഗീതയിൽനിന്ന് വചനങ്ങളുദ്ധരിച്ചുകൊണ്ടായിരുന്നുവത്രെ[1] ജനങ്ങളെ

1. Dilip Bose- Marxism and the Bhagvath Geetha. Page. 55



സംഘടിപ്പിച്ചിരുന്നത്. സ്വാമി വിവേകാനന്ദന്റെ ശിഷ്യയായ പാശ്ചാത്യവനിത സിസ്റ്റർ നിവേദിത പറഞ്ഞത് "ഇന്ത്യയുടെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമാണ് ഗീത"[1]യെന്നാണ്. ആചാര്യ വിനോബഭാവെ എഴുതുന്നതിങ്ങനെയാണ്. "ഗീതയുമായുള്ള എന്റെ സംബന്ധം തർക്കാതീതമാണ്. മാതാവിന്റെ മുലപ്പാല് എന്റെ ശരീരത്തെ എത്രമാത്രം പുഷ്ടിപ്പെടുത്തിയിട്ടുണ്ടോ അതിലധികം ഗീതാദുഗ്ധം എന്റെ ഹൃദയത്തെയും ബുദ്ധിയെയും പോഷിപ്പിച്ചിട്ടുണ്ട്"[2]. സാർവ്വത്രികമായ സന്ദേശമാണ് ഗീതയുടേതെന്ന് ഡോ. എസ്. രാധാകൃഷ്ണനും[3] ഗീത ശക്തിയുടെ ഉറവിടമാണെന്ന് സ്വാമി വിവേകാനന്ദനും[4] വിശേഷിപ്പിക്കുന്നു.

ഭാരതത്തിലുണ്ടായ ദർശനങ്ങളുടെ കർത്താക്കളെല്ലാം അവരുടെ ചിന്തകൾക്കനുകൂലമായി ഗീതയെ വ്യാഖ്യാനിച്ചിട്ടുണ്ട്. അദ്വൈതാചാര്യനായ ശങ്കരാചാര്യർ ഗീതയെ വ്യാഖ്യാനിച്ചത് ജ്ഞാനമാർഗ്ഗത്തിലൂടെ ആത്മസാക്ഷാൽക്കാരം അഥവാ മോക്ഷം നേടാം എന്ന രൂപത്തിലാണ്. ഗീതയുടെ ശങ്കരവ്യാഖ്യാനമാണ് ഇന്ന് ഉപലബ്ധമായവയിൽ ഏറ്റവും പഴയത്. വിശിഷ്ടാദ്വൈതാചാര്യനായ രാമാനുജനും ദ്വൈതാചാര്യനായ മാധ്വനും ഗീതയെ വ്യാഖ്യാനിച്ചത് ഭക്തിമാർഗ്ഗത്തിലൂടെ മോക്ഷം നേടാമെന്ന ആശയത്തോടുകൂടിയാണ്. രവീന്ദ്രനാഥ ടാഗോർ, അരവിന്ദൻ, വിവേകാനന്ദൻ എന്നിവർ ഗീതയെ വ്യാഖ്യാനിക്കുന്നത് കർമ്മമാർഗ്ഗത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ്. ഗാന്ധിജി, തിലകൻ എന്നിവർ സ്വാതന്ത്ര്യ സമരത്തിനനുകൂലമായി ഗീതയെ വ്യാഖ്യാനിച്ചപ്പോൾ ബ്രിട്ടീഷുകാർ സാമ്രാജ്യത്വത്തിന് അനുകൂലമായ പ്രചരണത്തിനും വർഗ്ഗീയവാദികൾ മുസ്ലികൾക്കെതിരായ കലാപങ്ങൾക്കുവേണ്ടിയും ഗീതയെ വ്യാഖ്യാനിച്ചു[5].

പതിനെട്ട് അദ്ധ്യായങ്ങളിലായി ആകെ എഴുന്നൂറ് ശ്ലോകങ്ങളാണ് ഗീതയിലുള്ളത്. ഈ അദ്ധ്യായങ്ങളെ കർമ്മകാണ്ഡം, ഉപാസനാ കാണ്ഡം, ജ്ഞാനകാണ്ഡം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ഓരോ കാണ്ഡങ്ങളിലും ആറുവീതം അദ്ധ്യായങ്ങളെ

1. Quoted by Prmnath Bazaz: The Role of Bhagavad Gita in Indian History, Page 290.
2. ആചാര്യവിനോബഭാവെ: ഗീതാപ്രവചനം, പേജ് 1.
3. Dr. S. Radha Krishnan: Indian Philosophy Vol II, Page 479.
4 Swami Vivekananda: Thoughts on Gita, Page 73.
5. Dilip Bose: Marxism and the Bhagvath Geetha, Page 14.

യാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യ അദ്ധ്യായമായ അർജ്ജു നവിഷാദ യോഗത്തിൽ നാൽപ്പത്തിയേഴ് ശ്ലോകങ്ങളാണുള്ളത്. “സഞ്ജയാ...ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്യാനായി എത്തിച്ചേർന്ന എൻെറ ആളുകളും പാണ്ഡുപുത്രാദികളും എന്ത് ചെയ്തു”[2] വെന്ന ധൃതരാഷ്ട്രരോടുള്ള ചോദ്യത്തോടെ ആരംഭിക്കുന്ന ഈ അദ്ധ്യായത്തിൽ അർജ്ജുനൻ, ശ്രീകൃഷ്ണനോട് സങ്കടം പറയുന്നതാണ് പ്രധാനമായും ഉള്ളത്. രണ്ടാമത്തെ അദ്ധ്യായമായ സാംഖ്യയോഗത്തിൽ എഴുപത്തിരണ്ട് ശ്ലോകങ്ങളാണുള്ളത്. ആത്മാവിൻെറ നിത്യതയും അനശ്വരതയും വ്യക്തമാക്കിക്കൊടുക്കുകയാണ് ഈ അദ്ധ്യായത്തിലൂടെ കൃഷ്ണൻ ചെയ്യുന്നത്. നാൽപ്പത്തിമൂന്ന് ശ്ലോകങ്ങളുള്ള കർമ്മയോഗമെന്ന മൂന്നാം അദ്ധ്യായത്തിൽ കർമ്മത്തിൻെറ മഹത്വവും മേന്മയും വിവരിച്ചുകൊണ്ട് അതിലൂടെ സ്വർഗ്ഗപ്രാപ്തി സാധിക്കുമെന്ന് സ്ഥാപിക്കുകയാണ്. നാലാം അദ്ധ്യായമായ ജ്ഞാനകർമ്മ സന്ന്യാസയോഗത്തിലെ നാൽപ്പത്തിരണ്ട് സൂക്തങ്ങളിലൂടെ ജ്ഞാനത്തിൻെറ മഹത്വവും അവതാരോദ്ദേശ്യവും വെളിപ്പെടുത്തുന്നു. കർമ്മസന്ന്യാസയോഗമെന്ന അദ്ധ്യായത്തിലും കർമ്മാനുഷ്ഠാനത്തിൻെറ മഹത്വമാണ് വിവരിക്കുന്നത്. ഈ അഞ്ചാം അദ്ധ്യായത്തിൽ ഇരുപത്തിയൊൻപത് സൂക്തങ്ങളാണുള്ളത്. കർമ്മകാണ്ഡത്തിലെ അവസാനത്തെ അദ്ധ്യായമായ ധ്യാനയോഗത്തിലെ നാൽപ്പത്തിയേഴ് ശ്ലോകങ്ങളിലൂടെ ധ്യാനത്തിൻെറ അടിസ്ഥാനമാർഗ്ഗങ്ങളും മുറകളുമാണ് വിശദീകരിക്കുന്നത്.

മുപ്പത് ശ്ലോകങ്ങളുള്ള ജ്ഞാനവിജ്ഞാനയോഗമെന്ന ഏഴാം അദ്ധ്യായത്തോടുകൂടി ഉപാസനാ കാണ്ഡമാരംഭിക്കുന്നു. ദൈവത്തിൻെറ ഏകത്വത്തെയും ഗുണങ്ങളെയും, പര, അപര തുടങ്ങിയ പ്രകൃതികളെയും കുറിച്ച വിവരണമാണിതിൽ. ഇരുപത്തിയെട്ട് ശ്ലോകങ്ങളുള്ള അക്ഷരബ്രഹ്മ യോഗമെന്ന എട്ടാം അദ്ധ്യായത്തിൽ ദൈവസ്മരണയെയും മുക്തിയെയും കർമ്മത്തെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഒൻപതാം അദ്ധ്യായമായ രാജഗുഹ്യയോഗത്തിലെ മുപ്പത്തിനാല് ശ്ലോകങ്ങളിൽ ഈശ്വരഭക്തിയെയും ജ്ഞാനവിജ്ഞാനങ്ങളെയും കുറിച്ച പരാമർശങ്ങളാണുള്ളത്. വിഭൂതിയോഗമെന്ന പത്താം അദ്ധ്യായത്തിലെ നാൽപ്പത്തിരണ്ട് ശ്ലോകങ്ങളിലും ഈശ്വരപ്രതീകങ്ങളായ വസ്തുക്കളെക്കുറിച്ച വിവരണമാണുള്ളത്. അൻപത്തി അഞ്ച് ശ്ലോകങ്ങളുള്ള വിശ്വരൂപദർശനയോഗമെന്ന പതിനൊന്നാം അദ്ധ്യായത്തിൽ അർജ്ജുനനോട് കർമ്മം ചെയ്യാനുപദേശിച്ചുകൊണ്ട് ശ്രീകൃഷ് ണൻ തൻെറ വിശ്വരൂപം കാണിച്ചുകൊടുക്കുന്ന രംഗമാണുള്ളത്. പന്ത്രണ്ടാമത്തെ ഭക്തിയോഗമെന്ന അദ്ധ്യായത്തോടെ ഉപാസനാകാണ്ഡം സമാപിക്കുന്നു. ഇരുപത് ശ്ലോകങ്ങൾ മാത്രമുള്ള പ്രസ്തുത അദ്ധ്യായത്തിൽ ഈശ്വരോപാസനയെക്കുറിച്ച വിവരണവും ഭക്തിപ്രാപ്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച വിശദീകരണങ്ങളുമാണ് ഉൾക്കൊള്ളുന്നത്.

2. ധർമ്മക്ഷേത്ര കുരുക്ഷേത്രേ സമവേതായുയുത്സവഃ
മാമകാഃപാണ്ഡവാശ്ചൈവ കിമ കുർവത സഞ്ജയ-ഗീത 1:1.



പ്രകൃതി പുരുഷ വിവേകയോഗമെന്ന പതിമൂന്നാം അദ്ധ്യായത്തോടുകൂടി ജ്ഞാനകാണ്ഡം ആരംഭിക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള വ്യത്യാസം, ജഡചൈതന്യങ്ങളെ വിവേചിച്ചറിയുന്ന വിധം എന്നിവ വിവ രിക്കുന്ന ഈ അദ്ധയായത്തിൽ മുപ്പത്തിനാല് ശ്ലോകങ്ങളാണുള്ളത്. സത്വ, രജസ്, തമോ ഗുണങ്ങളുള്ള-ത്രിഗുണാത്മകമായ പ്രകൃതിയുടെ വിവരണവും ഉത്തമഭക്തൻെറ ലക്ഷണങ്ങളുമാണ് ഇരുപത്തിയേഴ് ശ്ലോകങ്ങളുള്ള ഗുണത്രയവിഭാഗയോഗമെന്ന പതിനാലാം അദ്ധ്യായത്തിലെ പ്രതിപാദ്യം. പതിനഞ്ചാം അദ്ധ്യായമായ പുരുഷോത്തമയോഗത്തിൽ ഇരുപത് ശ്ലോകങ്ങളാണുള്ളത്. ഈശ്വരസ്വഭാവവും സർവ്വജ്ഞതയും വ്യക്തമാക്കുന്ന ഈ അദ്ധ്യായത്തിൽ പ്രപഞ്ചം, ദൈവം, ജീവൻ എന്നിവ തമ്മിലുള്ള ബന്ധത്തെയും കുറിച്ച് വിവരിച്ചിട്ടുണ്ട്. ഇരുപത്തിനാല് ശ്ലോകങ്ങളുള്ള ദേവാസുരസമ്പദ്വിഭാഗയോഗമെന്ന പതിനാറാം അദ്ധ്യായത്തിൽ ദൈവമെന്നും ആസുരമെന്നുമുള്ള രണ്ടുതരം സൃഷ്ടികളെക്കുറിച്ചും കാമക്രോധ ലോഭാദികൾ നരകത്തിലേക്കുള്ള വഴിയാണെന്ന വസ്തുതയെക്കുറിച്ചുമുള്ള വിവരണങ്ങളാണുള്ളത്. സത്വം, രാജസം, താമസം എന്നീ മൂന്ന് ഗുണങ്ങളെക്കുറിച്ചും യജ്ഞം, ദാനം, തപസ്സ് എന്നിവയെപ്പറ്റിയും വിവരിക്കുന്ന പതിനേഴാം അദ്ധ്യായമായ ശ്രദ്ധാത്രേയവിഭാഗയോഗത്തിൽ ഇരുപത്തിയെട്ട് ശ്ലോകങ്ങളാണുള്ളത്. എഴുപത്തിയെട്ട് ശ്ലോകങ്ങളുള്ള മോക്ഷസന്യാസയോഗമാണ് ഗീതയിലെ അവസാനത്തെ അദ്ധ്യായം. സ്വന്തമായി കർമ്മങ്ങൾ അനുഷ്ഠിക്കുകയാണ് അന്യധർമ്മത്തെ ആശ്രയിക്കുന്നതിലും ഉത്തമമെന്ന ആശയമാണ് ഈ അദ്ധ്യായത്തിൽ തെളിഞ്ഞ് കാണുന്നത്.

മഹാഭാരതത്തിനകത്താണ് ഗീതയെ ഇന്ന് നമുക്ക് കാണാൻ

കഴിയുന്നത്. എന്നാൽ ഭഗ്‌വദ്ഗീത ഒരു സ്വതന്ത്ര കൃതിയാണെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുമുണ്ട്. ഇരുവശത്തും യുദ്ധത്തിന് തയ്യാറെടുക്കുന്ന സൈന്യത്തിന് നടുവിൽനിന്ന് ഇത്തരം ഉപദേശങ്ങൾ നൽകുക അസാധ്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രഗൽഭ പണ്ഡിതന്മാരായ ടാൽബോയിസ് വീലർ, തേലംഗ് എന്നിവർ ഈ അഭിപ്രായക്കാരാണ്[1]. എന്നാൽ മഹാഭാരതവും ഗീതയും ഒരൊറ്റ ഗ്രന്ഥകാരനാൽ രചിക്കപ്പെട്ടതാണെന്നാണ്[2] ബാലഗംഗാധര തിലകൻ സ്ഥാപിക്കുന്നത്. ഒരൊറ്റ ഗ്രന്ഥകാരനാൽ രചിക്കപ്പെട്ടതാണ് ഗീതയെന്ന് വാദിക്കുന്ന ഡോ. രാധാകൃഷ്ണൻതന്നെ പല കാലങ്ങളിലായി രചിക്കപ്പെട്ട കൃതികൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ട്[3]. പ്രഗൽഭപണ്ഡിതനായ ജി.എസ്. ഖയറിൻെറ അഭിപ്രായത്തിൽ മൂന്ന് പണ്ഡിതന്മാരുടെ രചനകൾ സമാഹരിച്ചതാണ് ഭഗ്‌വദ്ഗീത[4]. ഗീതയുടെ മൂലഗ്രന്ഥത്തിൽ പ്രഥമാദ്ധ്യായം മുതൽ പതിനൊന്നാം അദ്ധ്യായം വരെയും പതിമൂന്നാം അദ്ധ്യായത്തിലെ 63 മുതൽ 78വരെ ശ്ലോകങ്ങളും മാത്രമെ ഉണ്ടായിരുന്നുള്ളൂവെന്നും ബാക്കി പിന്നീട് കൂട്ടിച്ചേർത്തതാണെന്നുമുള്ള അഭിപ്രായക്കാരുമുണ്ട്[5].

ഗീതയുടെ രചനാകാലത്തെക്കുറിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഭഗ്‌വദ്ഗീത രചിക്കപ്പെട്ടത് ക്രിസ്തുവിന് മുമ്പ് അഞ്ചാം നൂറ്റാണ്ടിലാണെന്നാണ് ഡോ. രാധാകൃഷ്ണൻെറ[6] പക്ഷം. ബാലഗംഗാധര തിലകൻെറ[7] അഭിപ്രായവും ഇതുതന്നെയാണ്. ആർ.ജി. ഭണ്ഡാർക്കർ പറയുന്നത് ഗീതക്ക് ക്രിസ്തുവിന് നാല് നൂറ്റാണ്ട് മുമ്പെങ്കിലും പഴക്കമുണ്ടെന്നാണ്[8]. ബി.സി. മൂന്നാം നൂറ്റാണ്ടിന് മുമ്പെങ്കിലും ഗീത രചിക്കപ്പെട്ടിട്ടുണ്ടെന്നാണ് കെ.ടി. തെലംഗിൻെറ[9] വിശ്വാസം. ഗീതയുടെ മൂലം ബി.സി. രണ്ടാം നൂറ്റാണ്ടിൽ നിർമ്മിതമായിട്ടുണ്ടെങ്കിലും അത് ഇന്നത്തെ രൂപത്തിലായത് എ.ഡി. രണ്ടാം നൂറ്റാണ്ടോടെയാണെന്നാണ് ഗാർബെയുടെ[10] അഭിപ്രായം. ജവഹർലാൽ നെഹ്റുവി[11]ൻെറ അഭിപ്രായം ഗീതാ

1. Quoted by Dr. Radha Krishnan: Indian Philosophy Vol 1, Page 523.
2. Bal Gangadar Tilak: Bhagvat Geeta Rahasyam Page 785.
3. Indian Philosophy Vol 1 Page 524.
4. G.S. Khair: The Quest for Original Gita, Page 106.
5. PremNath Bazaz. The Role of Bhagavad Gita in Indian History, Page 66.
6. Indian Philosophy, Vol 1, Page 524.
7. Gita Rahasyam, Page 270.
8. R.G. Bhandarkar: The Original Gita, Page 14.
9. Quoted by K.N. Upadhyaya: Early Budhism and Bhagavad Gita, Page 1.
10. Ibid
11. The Discovery of India, Page 90



രചന നടന്നത് ബുദ്ധമതത്തിൻെറ ആവിർഭാവത്തിന് മുമ്പാണെന്നാണ്. എന്നാൽ ബുദ്ധമതാശയങ്ങളെക്കുറിച്ച വിവരങ്ങളില്ലാതെ ഗീതയിലെ രണ്ടാം അദ്ധ്യായം 55 മുതൽ 72 വരെയുള്ള ശ്ലോകങ്ങളും അഞ്ചാം അദ്ധ്യായത്തിലെ 25-ാം ശ്ലോകവും എഴുതാൻ കഴിയില്ലെന്നാണ് ഡി.ഡി. കൊസാംബി[1] വാദിക്കുന്നത്. ഗീതയിലെ ആശയങ്ങൾ പഴയതാണെങ്കിലും ഭാഷ ഉയർന്ന ക്ലാസിക്കൽ സംസ്കൃതമാണെന്നതിനാൽ അത് ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടുകൾക്കുശേഷം എഴുതപ്പെട്ടതാണെന്ന് വിശ്വസിക്കുന്നതാണ് ന്യായമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു[2].

സമകാലീനങ്ങളായ വ്യത്യസ്ത ദർശനങ്ങളെ സമന്വയിപ്പിക്കാനുള്ള ശ്രമമാണ് ഗീതയിൽ കാണുന്നത്. ദർശനങ്ങളുടെയൊന്നും പേരെടുത്ത് പറയാതെ ഇതെല്ലാം തന്നിൽ നിന്നുള്ളതാണെന്ന് വാദിക്കുകയാണ് കൃഷ്ണൻ ചെയ്യുന്നത്. വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ദർശനങ്ങൾ ഒരൊറ്റ ദൈവത്തിങ്കൽനിന്ന് വരാനുള്ള സാധ്യതയില്ലെന്ന് ഡി.ഡി. കൊസാംബി[3] ചൂണ്ടിക്കാണിക്കുന്നുണ്ട്. എല്ലാ മാർഗ്ഗങ്ങളും തന്നിലേക്കാണെന്ന് പറയുന്ന കൃഷ്ണൻതന്നെ വൈദിക യജ്ഞങ്ങളെയും യാഗങ്ങളെയും മറ്റ് ആചാരങ്ങളെയുമെല്ലാം വിമർശിക്കുന്നുണ്ട്. വിരുദ്ധങ്ങളായ ദർശനങ്ങളെ കൂട്ടിയിണക്കാൻ വേണ്ടിയുള്ള ശ്രമത്താലാണ് ഗീതയിൽ വൈരുദ്ധ്യങ്ങൾ കടന്നുകൂടിയതെന്നും വാദിക്കപ്പെടുന്നു.

രാധാകൃഷ്ണൻ എഴുതി:

“ഗീതകാലത്ത് ധർമ്മാചരണത്തെക്കുറിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. കർമ്മാനുഷ്ഠാനങ്ങളെപ്പറ്റിയുള്ള വൈദിക സിദ്ധാന്തങ്ങൾ, യാഥാർത്ഥ്യത്തെ അന്വേഷിക്കുന്ന ഉപനിഷത് തത്വങ്ങൾ, എല്ലാവിധ കർമ്മങ്ങളെയും ഉപേക്ഷിക്കാനുപദേശിക്കുന്ന ബൗദ്ധചിന്തകൾ, ആസ്തികന്മാരുടെ ഈശ്വരാരാധനാ സിദ്ധാന്തം-ഇങ്ങനെ വിവിധ ചിന്താധാരകളെയെല്ലാം ചേർത്ത് പരസ്പര സാംഗത്യമുള്ള ഒരു പദ്ധതിയാക്കാൻ ശ്രമിക്കുകയാണ് ഭഗ്‌വദ്ഗീത”[4]. പരസ്പര വിരുദ്ധങ്ങളായ ദർശനങ്ങൾ കൂട്ടിയിണക്കാൻവേണ്ടി ശ്രമിക്കുമ്പോൾ വൈരുദ്ധ്യമുണ്ടാവുക സ്വാഭാവികമാണല്ലോ.

1. D.D. Kosambi: Myth and Reality, Page 16.
2. Ibid.
3. D.D. Kosambi: The Culture and Civilization of Ancient India, Page 207.
4. Dr. Radha Krishnan: Indian Philosophy, Page 526,

ഗീത ചാതുർവർണ്യവ്യവസ്ഥക്ക് എതിരല്ല. "ഗുണങ്ങൾക്കും കർമ്മങ്ങൾക്കുമനുസരിച്ച് ഞാൻ തന്നെയാണ് നാല് ജാതികളെ സൃഷ്ടിച്ചത്"[1] എന്ന് വ്യക്തമായി പ്രസ്താവിക്കുന്ന കൃഷ്ണൻ മാനോനിയമനം, ഇന്ദ്രിയ നിയമനം, വ്രതം, ശൗചം, പ്രതികാരേഛാ ഭാവം, ആർജ്ജവം, ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം എന്നിവ ബ്രഹ്മണകർമ്മങ്ങളും പരാക്രമം, തേജസ്സ്, ധൈര്യം, സാമർത്ഥ്യം, യുദ്ധത്തിൽ പിൻമടങ്ങാതിരിക്കുക, സൽപാത്രദാനം, പ്രഭുശക്തി എന്നിവ ക്ഷത്രിയകർമ്മങ്ങളും കൃഷി, പശുപരിപാലനം, വാണിജ്യം തുടങ്ങിയവ വൈശ്യകർമ്മങ്ങളും പരിചാരകവൃത്തി ശൂദ്രകർമ്മവുമാണെന്ന്[2] സംശയലേശമന്യേ വിവരിക്കുന്നുണ്ട്. എന്നാൽ "സ്ത്രീകളോ വൈശ്യന്മാരോ ശൂദ്രരോ നീചകുലത്തിൽ ജനിച്ചവരോ ആരായിരുന്നാലും എന്നെ വേണ്ടപോലെ സേവിക്കുന്നപക്ഷം ഉത്തമഗതിയെ പ്രാപിക്കുന്നതാണ്"[3] എന്നും കൃഷ്ണൻ പറയുന്നുണ്ട്. ഇത് ഭഗ്വദ്ഗീത ജന്മാടിസ്ഥാനത്തിലുള്ള ജാതീയത അംഗീകരിക്കുന്നില്ലയെന്നതിന് തെളിവായി ഉദ്ധരിക്കപ്പെടാറുണ്ട്. യഥാർത്ഥത്തിൽ ഈ വചനം, സ്ത്രീകളും വൈശ്യന്മാരും ശൂദ്രരും നീചകുലത്തിൽ ജനിച്ചവരും ബ്രാഹ്മണ ക്ഷത്രിയാദികളെ അപേക്ഷിച്ച് അധമൻമാരുമാണെന്നുതന്നെയാണ് വ്യക്തമാക്കുന്നത്.

അശാസ്ത്രീയമായ ഒട്ടനവധി പരാമർശങ്ങളും ഗീത ഉൾക്കൊള്ളുന്നുണ്ട്. അത് ഗീതാകാരൻെറ അറിവില്ലായ്മയല്ല; അക്കാലത്തുള്ള അജ്ഞാനമാണ് വ്യക്തമാക്കുന്നത്. ഭഗ്വദ്ഗീത ഹിന്ദുമതത്തിൻെറ അടിസ്ഥാനാധാരമായാണ് ഇന്ന് അവതരിപ്പിക്കുന്നതെങ്കിലും വ്യക്തവും സ്ഖലിതരഹിതവുമായ ഒരു പ്രപഞ്ചവീക്ഷണമോ ജീവിതദർശനമോ സംഭാവന ചെയ്യുന്നതിൽ ഈ ഗ്രന്ഥവും പരാജയപ്പെടുകയാണ് ചെയ്യുന്നത്. വ്യത്യസ്ത ദർശനങ്ങളെ കൂട്ടിയിണക്കാനുള്ള വ്യർത്ഥമായ ശ്രമത്തിനിടക്ക് വ്യക്തമായ ദൈവസങ്കൽപംപോലും അവതരിപ്പിക്കാൻ ഗീതക്ക് കഴിയുന്നില്ല. ഹിന്ദുരാഷ്ട്രത്തിൻെറ അടിസ്ഥാന സ്രോതസ്സെന്ന് ഘോഷിക്കപ്പെടുന്ന ഗീതയിൽ രാഷ്ട്രീയ-സാമൂഹിക-കുടുംബ നിയമങ്ങളെക്കുറിച്ച വിശദമായ വിവരണങ്ങളും അടങ്ങുന്നില്ല. ഒരു സമ്പൂർണ്ണ ജീവിതദർശനം സംഭാവന ചെയ്യാൻ ഗീതക്ക് കഴിയുന്നില്ലെന്നർത്ഥം.

1. ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമ്മ വിഭാഗശഃ-ഭഗ്വദ്ഗീത, 4:13.
2. ഭഗ്വത്ഗീത 18:41-45
3. Ibid 9:32



# ഭാഗം മൂന്ന്

# അടിസ്ഥാനശിലകൾ

ചരിത്രത്തെക്കുറിച്ച് ഇസ്ലാമിന് വ്യക്തമായൊരു കാഴ്ചപ്പാടുണ്ട്. ഉപഭോഗവ്യവസ്ഥയിലോ ഉൽപ്പാദനമാറ്റങ്ങളിലോ മാത്രം ഊന്നിനിന്നുകൊണ്ടുള്ള ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ ചരിത്രവീക്ഷണത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണത്. ഭൗതിക തത്വശാസ്ത്രങ്ങളുടെ അടിത്തറയിൽ സ്ഥാപിക്കപ്പെട്ട ചരിത്രവ്യാഖ്യാനങ്ങളെല്ലാം വ്യവസ്ഥിതിയും സംസ്കാരവുമാണ് ദർശനങ്ങളെ സൃഷ്ടിക്കുന്നതെന്ന അടിസ്ഥാനാദർശത്തിന്മേലാണ് സ്ഥാപിതമായിരിക്കുന്നത്. എന്നാൽ ദർശനങ്ങളും അതിന്റെ പ്രയോഗവുമാണ് നാഗരികതയുടെയും സംസ്കാരത്തിന്റെയും സൃഷ്ടിക്ക് നിദാനമാകുന്നതെന്ന തത്വത്തിന്മേലാണ് ഇസ്ലാം ചരിത്രവ്യാഖ്യാനം നിർവ്വഹിക്കുന്നത്. 'സംസ്കാരം' എന്ന പദത്തിന്റെ തന്നെ നിർവ്വചനത്തിൽ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ വസ്തുനിഷ്ഠതക്ക് അമിതപ്രാധാന്യം നൽകുമ്പോൾ, ഇസ്ലാം ആത്മനിഷ്ഠതക്കാണ് പ്രാധാന്യം കൽപിക്കുന്നത്.

ദൈവവിശ്വാസത്തെക്കുറിച്ചും അതിന്റെ ഉൽപ്പത്തിയെ സംബന്ധിച്ചുമുള്ള ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ സങ്കൽപ്പം അടിസ്ഥാനരഹിതമാകുന്നത് ഇവിടെയാണ്. പ്രകൃതി പ്രതിഭാസങ്ങളോടുള്ള ഭയത്തിൽനിന്ന് ഉരുത്തിരിഞ്ഞ്, പിതുരാരാധനയിലൂടെ വളർന്നുവന്ന ദൈവവിശ്വാസം, മുതലാളിത്ത കാലഘട്ടത്തിൽ അതിന്റെ ഏറ്റവും ഉന്നതരൂപമായ ഏകദൈവ



വിശ്വാസത്തിലെത്തിച്ചേർന്നുവെന്നാണ് ചരിത്രപരമായ ഭൗതികവാദം സിദ്ധാന്തിക്കുന്നത്[1]. ഏകദേശം ഇതേ വീക്ഷണം തന്നെയാണ് മോർഗനും[2] ഗോർഡൻ ചൈൽഡുമെല്ലാം[3] മുന്നോട്ടുവെക്കുന്നത്. പക്ഷേ, ഈ വീക്ഷണം അടിസ്ഥാനരഹിതമാണെന്നും ആധുനിക ഉൽഖനന ഗവേഷണങ്ങൾ ഈ വിശ്വാസത്തിന് വിരുദ്ധമായ വസ്തുതകളാണ് പുറത്തുകൊണ്ടുവന്നുകൊണ്ടിരിക്കുന്നതെന്നും വാദിക്കുന്ന പണ്ഡിതന്മാരുമുണ്ട്. വിയന്നാ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡബ്ല്യു. ഷ്മിറ്റ് എഴുതുന്നു: "പൗരാണിക നാഗരികതകളിൽ ആരാധിക്കപ്പെട്ടിരുന്നത് ഏകദൈവവിശ്വാസപ്രകാരമുള്ള യഥാർത്ഥ ദൈവവും അവയുൾക്കൊള്ളുന്ന മതം ശുദ്ധ ഏകദൈവത്തിലധിഷ്ഠിതമായ മതവുമായിരുന്നു. ഇക്കാര്യത്തിലുള്ള ഗ്രന്ഥകാരന്മാരുടെ എതിർപ്പുകളെ നേരിടാൻ ഇന്ന് നമുക്ക് കഴിയും. അതിപുരാതന ഗോത്രവർഗ്ഗങ്ങളിൽ ഭൂരിപക്ഷത്തിന്റെയും ദൈവത്തിനുള്ളത്, യഥാർത്ഥ ഏകദൈവവിശ്വാസത്തിലുള്ള ആരാധ്യന്റെ സ്വഭാവം തന്നെയാണെന്ന് ഒരു ഏകദേശ പഠനത്തിൽനിന്നു തന്നെ വ്യക്തമാവുന്നുണ്ട്"[4].

ഭൂമിയിലെ ഖലീഫയായ മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഏകദൈവവിശ്വാസിയായിക്കൊണ്ടാണ്. "ഏകദൈവവിശ്വാസിയായി നീനിന്റെ മുഖത്തെ മതത്തിന് വിധേയമാക്കുക. അല്ലാഹു മനുഷ്യരെ ഏത് പ്രകൃതിയിൽ സൃഷ്ടിച്ചുവോ ആ പ്രകൃതി (സ്വീകരിക്കുക)"[5]. ഏകദൈവ വിശ്വാസം തങ്ങളുടെ ജീവിതാദർശത്തിന്റെ അടിത്തറയായിരുന്ന കാലത്ത് സമൂഹത്തിൽ സാഹോദര്യവും സ്നേഹവും സഹവർത്തിത്തവും നിലനിന്നിരുന്നു. മനുഷ്യന്റെ ശുദ്ധപ്രകൃതിയിൽനിന്ന്– ഏകദൈവ വിശ്വാസത്തിൽനിന്ന്– അവൻ വ്യതിചലിക്കുവാനും പ്രകൃതിയെയും പൂർവ്വപിതാക്കളെയും മറ്റും ആരാധിക്കാനും തുടങ്ങിയപ്പോൾ അവർക്കിടയിൽ സ്പർദ്ധകളും സംഘട്ടനങ്ങളും അസ്വാരസ്യങ്ങളുമുണ്ടായി. അതിൽനിന്ന് മനുഷ്യരെ പിന്തിരിപ്പിക്കാനും ഏകദൈവ വിശ്വാസത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന് സാഹോദര്യ സങ്കൽപ്പത്തിന് മൂർത്ത

1. Marx and Engels: On Religion.
2. Lewis Henry Morgan: Ancient Society.
3. Gorden Childe: What Happened in History.
4. W. Schmidt: The Origin and Growth of Religion, Page 8.
5. ഖുർആൻ 30:31

രൂപം നൽകുവാനുംവേണ്ടി പ്രവാചകന്മാർ നിയോഗിക്കപ്പെട്ടു. "ജനങ്ങൾ ഏകസമുദായമായിരുന്നു. അങ്ങനെ അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്ന വരുമായി പ്രവാചകന്മാരെ അയച്ചു. അവരോടൊപ്പം യഥാർത്ഥ വുമായി വേദഗ്രന്ഥവും അവൻ അവതരിപ്പിച്ചു. മനുഷ്യർ യാതൊന്നിൽ ഭിന്നാഭിപ്രായത്തിലായോ അതിൽ അവർക്കിട യിൽ വിധി കൽപ്പിക്കുന്നതിനുവേണ്ടി"[1] ദൈവിക മാർഗ്ഗദർ ശനം സ്വീകരിച്ചവർ സത്യവിശ്വാസികളും തിരസ്ക്കരിച്ചവർ സത്യനിഷേധികളുമായി മാറി. ഈ പ്രവാചക പരമ്പര പതിനാ ല് നൂറ്റാണ്ടുകൾക്കുമുമ്പ് അറേബ്യയിൽ മുഹമ്മദ് (സ) ആഗമി ക്കുന്നതുവരെ തുടർച്ചയായി നിലനിന്നു. ഏതൊരു സമൂഹമാ ണോ സത്യത്തിൽനിന്നും വ്യതിചലിക്കുന്നത് ആ സമൂഹത്തിൽ പ്രവാചകന്മാർ കടന്നുവരികയും മാർഗ്ഗദർശനം നൽകുകയും ചെയ്തു. ഇങ്ങനെ പ്രവാചകന്മാരുടെ ആഗമനമുണ്ടാകാത്ത ഒരൊറ്റ സമുദായവുമില്ല. "അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാത്ത ആരാധ്യന്മാരെ വെടിയുവിൻ എന്ന് പ്രബോധനം ചെ യ്യാൻ എല്ലാ സമൂഹങ്ങളിലേക്കും നാം ദൂതന്മാരെ അയ ച്ചിട്ടുണ്ട്"[2]. താക്കീതുകാരനില്ലാതെ ഒരു സമൂഹവും കഴിഞ്ഞു പോയിട്ടില്ല"[3].

അപ്പോൾ, ഇന്ത്യയിലേക്കും പ്രവാചകന്മാർ കടന്നുവന്നി രിക്കണം. അവരിലാരുടെയും പേര് ഖുർആൻ പറയുന്നില്ലെന്ന ത് നേരാണ്. ഒരു ലക്ഷത്തിലധികം പ്രവാചകന്മാരിൽ ഇരുപ ത്തിയഞ്ചാളുകളുടെ പേര് മാത്രമെ ഖുർആൻ വെളിപ്പെടുത്തു ന്നുള്ളൂ. "ചില ദൂത ന്മാരെക്കുറിച്ച് നാം താങ്കൾക്ക് വിവരണം തന്നിട്ടുണ്ട്. ചില ദൂതന്മാരെക്കുറിച്ച് താങ്കൾക്ക് നാം വിവരണം തന്നിട്ടില്ല"[4] എന്നാണ് ദൈവം വ്യക്തമാക്കുന്നത്. വെളിപ്പെടു ത്തപ്പെടാത്ത പ്രവാചകന്മാരിൽ ഭാരതീയ പ്രവാചകന്മാരുമു ണ്ടായിരിക്കണം. അവരും മറ്റ് പ്രവാചകന്മാരെപോലെ പ്രബോ ധനം ചെയ്തത് ഏകദൈവ വിശ്വാസമായിരുന്നു. ദൈവിക ബോധനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു അവർ സംസാ രിച്ചിരുന്നത്. ഏകദൈവവിശ്വാസവും തജ്ജന്യങ്ങളായ പ്രവർ ത്തനങ്ങളും നിലനിന്നിരുന്ന കാലത്ത് ഇന്ത്യയിൽ സമത്വവും

1. ഖുർആൻ 2:213.
2. ഖുർആൻ 16:36
3. ഖുർആൻ 35:16.
4. ഖുർആൻ 4:164.



സാഹോദര്യവും നിലനിന്നു. പിന്നീട് പ്രകൃതിപൂജയിലേക്കും മൂർത്തീപൂജയിലേക്കും പിതുരാരാധനയീലേക്കും മനുഷ്യർ വഴിതെറ്റി. അപ്പോൾ അസമത്വവും ജാതീയതയും സ്പർദ്ധ കളുമുണ്ടായി. അവസാനത്തെ പ്രവാചകൻ മക്കയിൽ അവത രിച്ചു. അദ്ദേഹത്തെ പിൻപറ്റിയവർ മോക്ഷം നേടി. മനുഷ്യനിർ മ്മിതങ്ങളായ സങ്കുചിതത്വങ്ങളിൽ നിന്ന് മോചനവും നേടി.

ദൈവിക മതത്തിൻെറ വിശ്വാസപ്രമാണങ്ങളിൽ പ്രധാന മായിട്ടുള്ളത് ഏകദൈവവിശ്വാസം, മലക്കുകളിലുള്ള വി ശ്വാസം, പ്രവാചകന്മാരിലുള്ള വിശ്വാസം, ദൈവിക ഗ്രന്ഥ ങ്ങളിലുള്ള വിശ്വാസം, പരലോക വിശ്വാസം, നന്മതിന്മകൾ ദൈവത്തിങ്കൽനിന്നാണെന്ന വിശ്വാസം എന്നിവയാണ്. ഭാരതീയ പ്രവാചകന്മാരും പ്രബോധനം ചെയ്തത് ഈ വിശ്വാ സങ്ങൾ തന്നെയായിരിക്കണം. പക്ഷേ, പ്രാചക പ്രബോധനങ്ങ ളെക്കുറിച്ച സ്ഖലിതരഹിതമായ വിവരങ്ങൾ തരുന്ന രേഖകളെ വിടെ? ഇന്ന് ലഭിക്കുന്ന ഹിന്ദുമത ഗ്രന്ഥങ്ങളേതെങ്കിലും വ്യക് തമായ ഒരു രേഖ തരുന്നുണ്ടോ? ഇല്ലതന്നെ.

ഏകദൈവ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരി ക്കുന്ന ഒരു സമൂഹത്തിൻെറ ചിത്രമാണ് വേദങ്ങളിലും ഉപനിഷ ത്തുകളിലും നമുക്ക് കാണാൻ കഴിയുന്നത്. അവ പുരാണങ്ങളി ലെത്തുമ്പോഴേക്ക് ബഹുദൈവാരാധനയുടെ ഏറ്റവും മൂർത്ത മായ രൂപമാണ് ദൃശ്യമാകുന്നത്.

പക്ഷേ, ഈ ഗ്രന്ഥങ്ങളിൽതന്നെ ദൈവിക ബോധനത്തി ൻെറ അടിസ്ഥാനത്തിലുള്ള വിശ്വാസങ്ങളുടെ പരിണമിച്ച രൂപ ങ്ങൾ കാണാൻ കഴിയും. പുരാതന ഭാരതത്തിലെ ദൈവിക മതത്തെക്കുറിച്ച അന്വേഷണത്തിന് 'ഹിന്ദുമത ഗ്രന്ഥങ്ങളെ' യല്ലാതെ അവലംബിക്കുകയും വയ്യ. കാരണം മറ്റ് ഒരു രേഖയും ഇന്ന് കിട്ടാനില്ല. ഹിന്ദുമത ഗ്രന്ഥങ്ങളിൽ തന്നെയുള്ള ദൈവിക മതത്തിൻെറ സ്വാധീനമാണ് നാം പരിശോധിക്കാൻ ഒരു ങ്ങുന്നത്. ദൈവിക മതത്തിൽനിന്ന് വിഗ്രഹാരാധനയിലേക്കും അതോടനുബന്ധിച്ച വിശ്വാസങ്ങളിലേക്കും എങ്ങനെ പരിണ മിച്ചുവെന്നും ഇന്ന് കാണുന്ന വിശ്വാസങ്ങളുടെ മൂലമെന്താ യിരുന്നുവെന്നുമുള്ള അന്വേഷണമാണ് അടുത്ത പേജുക ളിൽ.......

1

# ഏകദൈവ വിശ്വാസം

മുപ്പത്തിമുക്കോടി ദൈവങ്ങളെ വെച്ചാരാധിക്കുന്നവരാണ് ഹിന്ദുക്കൾ. ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം ഓരോ ശിലയും മരവും മണൽത്തരിയുമെല്ലാം ദൈവമാണ്. ഓരോ ഉമ്മറപ്പടിയും പൂജാവിഗ്രഹമാണ്. ഏകദൈവാരാധനയുടെ ലാഞ്ഛനപോലും സാധാരണ ഹിന്ദുക്കളുടെ വിശ്വാസാചാരങ്ങളിൽ കാണുക സാധ്യമല്ല. ഈ ബഹുദൈവവിഭാവനയിൽ അഭിമാനിക്കുന്നവരാണ് അഭിനവ ഹിന്ദു ബുദ്ധിജീവികൾ. ബഹുദേവതാ സങ്കൽപ്പത്തെ ഹൈന്ദവതയുടെ മാത്രമായ സർവ്വാംഗീകരണത്തിൻെറ ഉദാത്തമാതൃകയായി അവർ അവതരിപ്പിക്കുന്നു. ശ്രീ. പി.പരമേശ്വരൻ എഴുതുന്നു: "ഭൂതപ്രേതങ്ങൾ മുതൽ പരബ്രഹ്മംവരെ, കല്ലും മരവും മുതൽ നിരാകാരനിർഗുണ ബ്രഹ്മം വരെ ആരാധിക്കുന്നവരെ അതംഗീകരിക്കുന്നു"[1].

ആര്യാഗമനത്തിന് മുമ്പ് ഇന്ത്യയിൽ ശുദ്ധമായ ഏകദൈവ വിശ്വാസമായിരുന്നു നിലനിന്നിരുന്നതെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. മൗലാനാ അബുൽകലാം ആസാദ് എഴുതുന്നു:

1 മാതൃഭൂമി ആഴ്ചപ്പതിപ്പ്: 1989 ജൂൺ 11-17.



"ഇന്ത്യയിലെ ആദിവാസികളെ പിന്നീട് വന്ന ആര്യന്മാർ 'ദസ്യുക്കൾ' എന്ന ഹാസ്യനാമത്തിലാണ് വിളിച്ചിരുന്നത്. ദസ്യുക്കളുടെ അടിസ്ഥാന ദൈവസങ്കൽപ്പം ഏകത്വത്തിലധിഷ്ഠിതമായിരുന്നു. അവർ വിഗ്രഹാരാധകരായിരുന്നില്ല. അവരുടെ ഏകദൈവത്തിൻെറ പേര് ഔം എന്നായിരുന്നു. അതിന് തുല്യമായ ഒരു സംസ്കൃത പദം ഇന്ദുവാൻ ആകുന്നു. ആ ഏകാസ്തിത്വത്തിൻെറ അധികാരം സകല ചരാചരങ്ങളുടെയും എല്ലാ ദേവന്മാരുടെയുംമേൽ വ്യാപകമാകുന്നു. ആ മഹാശക്തിയുടെ നിയമമനുസരിച്ചാണ് ദേവന്മാരൊക്കെ പ്രവർത്തിക്കുന്നത്. ആ ശക്തിയുടെ ഒരു ഗുണം 'ദീദിവികൺ' എന്നാകുന്നു. ഒരിക്കലും അശ്രദ്ധ ബാധിക്കാത്ത ദൃഷ്ടിയോടുകൂടിയുള്ളവൻ എന്നർത്ഥം"[1]. പ്രൊഫസർ ലിയോപോൾഡ് പോൺ ചറോഡറും ആൻറിലിംഗുമെല്ലാം[2] നടത്തിയ പഠനങ്ങളും ആദ്യകാല ഭാരതീയർ ഏകദൈവവിശ്വാസികളാണെന്നാണ് വ്യക്തമാക്കുന്നത്.

ഹിന്ദുമതഗ്രന്ഥങ്ങളെന്ന് വ്യവഹരിക്കപ്പെടുന്ന പുസ്തകങ്ങൾ ബഹുദൈവാരാധനയെ പ്രത്യക്ഷമോ പരോക്ഷമോ ആയി അംഗീകരിക്കുന്നുവെന്നത് നേരാണ്. പക്ഷേ, അവയുടെ രചനക്ക് മുമ്പ് സമൂഹത്തിലുണ്ടായിരുന്ന ഏകദൈവവിശ്വാസം ഈ ഗ്രന്ഥങ്ങളിൽ സ്വാധീനം ചെലുത്തിയതായി കാണാൻ കഴിയും. വേദങ്ങളിലും ഉപനിഷത്തുകളിലും മറ്റുമുള്ള ബഹുദേവതാസങ്കൽപ്പങ്ങളും അവയുടെ ഗുണഗണവർണ്ണനകളും ഒഴിച്ചുനിർത്തിയാൽ ശുദ്ധമായ ഏകദൈവവിശ്വാസത്തിൻെറ സുന്ദരമായ ചിത്രമാണ് നമുക്ക് ലഭിക്കുന്നത്.

**വേദസംഹിതകളിൽ:** കർമ്മകാണ്ഡപ്രധാനമാണ് വേദസംഹിതകൾ. പക്ഷേ, ഹിന്ദുമതഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമാണികത കൽപിക്കപ്പെടുന്നത് വേദങ്ങൾക്കുതന്നെയാണ്. വേദങ്ങളിൽ പ്രധാനമായ ഋഗ്വേദത്തിൽ ദേവതമാരുടെ സംഖ്യ മുന്നൂറ്റി മുപ്പത്തിമൂന്നു വരെ പെരുകിയെന്നും അതിൽ പ്രധാനികളായ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി, വിഷ്ണു എന്നിവർ ഓരോ പ്രത്യേക വകുപ്പുകളുടെ ദേവന്മാരായി മാറിയെന്നും കാണാൻ കഴിയുന്നു. ഒരുഭാഗത്ത് ദേവന്മാർക്ക് വകുപ്പുകൾ വിഭജിക്കുന്ന വേദങ്ങൾതന്നെ മറുഭാഗത്ത് എല്ലാറ്റിൻേറയും ഉടമസ്ഥനായ ഏകദൈവത്തെക്കുറിച്ച പരാമർശങ്ങളുൾക്കൊള്ളുന്നു.

1. അബുൽ കലാം ആസാദ്: ദൈവ സങ്കൽപ്പം കാലഘട്ടങ്ങളിലൂടെ, പേജ് 27
2. Quoted by അഫീഫ് എ.എഫ്. ത്വബ്ബാറ: ഇസ്ലാം മത തത്വങ്ങൾ, പേജ് 75,76

ഹിരണ്യഗർഭൻ, വിശ്വകർമ്മാവ്, പ്രജാപതി തുടങ്ങിയ നാമങ്ങളിലെല്ലാം വേദങ്ങളിൽ ദൈവം സംബോധന ചെയ്യപ്പെടുന്നുണ്ട്. ഈ പ്രപഞ്ചത്തിൻെറയും സകല ദേവന്മാരുടെയും സൃഷ്ടിക്കുമുമ്പ് ഒരു ശക്തി ഇവിടം മുഴുവൻ വ്യാപിച്ചിരുന്നുവെന്ന് ഋഗ്വേദത്തിലെ സൃഷ്ടിഗീതം വ്യക്തമാക്കുന്നു. "അപ്പോൾ അസത്തും സത്തും ഇല്ലായിരുന്നു. വായുമണ്ഡലവും അതിനുമുകളിൽ ആകാശവുമില്ല. എന്തൊന്നാണത്? എവിടെയാണത് മൂടിക്കിടന്നത്? ഏതൊന്നാണതിന് രക്ഷ നൽകിയത്? അവിടെ ഗഹനവും അഗാധവുമായ ജലപ്പരപ്പുണ്ടായിരുന്നുവോ? മൃത്യുവുണ്ടായിരുന്നില്ല. അമരത്വവുമുണ്ടായിരുന്നില്ല; രാപ്പകലുകളുടെ ചിഹ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. ഏകമായ അത് സ്വന്തം ആന്തരികശക്തികൊണ്ട് വായുവില്ലാതെ ശ്വാസമയച്ചു"[1]. ഈ വചനം നീണ്ടുപോയി ഈ ശക്തിയെ ആരാണ് സൃഷ്ടിച്ചതെന്ന ചോദ്യത്തിലെത്തുന്നു. അപ്പോൾ അതും ഏകമായ ആ ശക്തിക്ക് മാത്രമേ അറിയൂവെന്ന സങ്കൽപ്പത്തിലാണ് എത്തിച്ചേരുന്നത്. "മൂലകാരണമേതെന്നും, സൃഷ്ടിയുടെ ഉറവിടമെന്തെന്നും ആർ പ്രഖ്യാപിക്കും? ദേവന്മാരും മറ്റും സൃഷ്ടിക്ക് ശേഷമാണുണ്ടായത്. അപ്പോഴതെങ്ങിനെ ആവിർഭവിച്ചതെന്ന് ആർക്കറിയാം? അതിനെ ആർ സൃഷ്ടിച്ചു? ആർ സൃഷ്ടിച്ചില്ല? ഉപരിലോകത്ത് സ്ഥിതി ചെയ്യുന്ന അതിന് മാത്രമറിയാം"[2].

ആദിയും അന്തവുമില്ലാത്ത ഏകദൈവത്തെ ഹിരണ്യഗർഭൻ എന്ന് ഋഗ്വേദത്തിൽ പലയിടങ്ങളിലും സംബോധന ചെയ്തതായി കാണാം. "ആദിയിൽ ഹിരണ്യഗർഭൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ.

1. നാസദാസീന്നോ സദാസീത്ത ദാനീ
ന്നാസീദ്ര ജോനോ വ്യോമാ പയോരത്
കീമാ വരീവഃ കുഹ കസ്യ ശർമന്നംഭഃ
കിമാസീദ് ഗഹനം ഗംഭീരം
നമൃത്യു രാസീദമൃതം ന തർഹി
നരാത്ര്യാ അഹ്ന ആസിത് പ്രകേതഃ
ആനീ ദ വാതം സ്വധയാതദേകം
തസ് മാദ്ധ്യാന്യന്ന പരഃകിംചനാസ (ഋഗ്വേദം 10:129:1,2).
2. കോ അദ്ധാ വേദക ഇഹപ്രമോചത്
കൂത ആജാ കുത ഇയം വിസൃഷ്ടിഃ
അർവാഗ്ദേവാ അസ്യ വിസർജനേ
നാഥാ കോവേദ യത ആബഭൂവ
ഇയം വിസൃഷ്ടിര്യത ആബഭൂവ
യദി വാദധേ യദിവാന
യോ അസ്യാധ്യക്ഷഃ പരമേ വ്യോമ
ൻ ത് സോ അംഗവേദ യദി വാ ന വേദ. (ഋഗ്വേദം 10:129:6,7).



അവനാണ് സർവ്വ ഭുവനങ്ങളുടെയും അധീശാധികാരി. അവൻ ഭൂമിയെയും സ്വർഗ്ഗത്തെയും അതത് സ്ഥാനങ്ങളിൽ സ്ഥാപിച്ചു. അവനിൽ നിന്നാണ് സർവ്വ ചരാചാരങ്ങളുമുണ്ടായത്. ലോകം മുഴുവൻ ഹിരണ്യഗർഭൻെറ കൽപ്പനകളനുസരിക്കുന്നു. അതുകൊണ്ട് അവനു മാത്രം ഹവിസ്സർപ്പിക്കുക"[1]. സാമവേദവും ഏകദൈവത്തെ ഹിരണ്യഗർഭൻ എന്ന് വിളിക്കുന്നുണ്ട്.

ഏകദൈവത്തെതന്നെ വിവിധ നാമങ്ങളിൽ വിളിക്കുന്ന സമ്പ്രദായം മുമ്പുമുതൽക്കുതന്നെ ഉണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഹിരണ്യഗർഭൻെറ അതേ സ്വഭാവങ്ങൾതന്നെ വിശ്വകർമ്മാവിലും ആരോപിച്ചിരിക്കുന്നതിനാൽ ഇവ രണ്ടും ഒരേ ദൈവത്തെക്കുറിച്ച സങ്കൽപ്പത്തിൻെറ വിവിധ നാമങ്ങൾ മാത്രമായിരിക്കാം. "പ്രപഞ്ചങ്ങളെയും ദേവന്മാരെയും സൃഷ്ടിച്ചതും സ്വർഗ്ഗവും ഭൂമിയും മറ്റും നിർമ്മിച്ചതും വിശ്വകർമ്മാവാണ്. സർവ്വവ്യാപിയായ അവൻ എല്ലാവിധ സുഖങ്ങളുടെയും ഉറവിടമാണ്. അതിനാൽ വിശ്വകർമ്മാവിനെ വന്ദിക്കുക"[2]. ഋഗ്വേദത്തിൽ തന്നെ വിരാട് പുരുഷനെയും[3] ആദിയും അന്തവുമില്ലാത്തവനായി വാഴ്ത്തിയതായി കാണാൻ കഴിയും. ഇതിൽനിന്നും ഏകദൈവത്തിൻെറ മറ്റൊരു പേരു തന്നെയാണ് വിരാട് പുരുഷൻ എന്ന് നമുക്കൂഹിക്കാവുന്നതാണ്.

യജുർവേദത്തിലും പ്രജാപതിയെന്ന പേരിലും വിശ്വകർമ്മാവെന്ന പേരിലും ഈ ഏകദൈവം സംബോധന ചെയ്യപ്പെട്ടിരിക്കുന്നു. "ഈ സൃഷ്ടിയുടെ അടിസ്ഥാനമെന്തായിരുന്നു? ലോകാരംഭത്തിൽ ഈ സൃഷ്ടിയുടെ ഉപാദാനകാരണമെന്തായിരുന്നു? ഈ വിശാല സൃഷ്ടിയെ ജനിപ്പിച്ച വിശ്വകർമ്മാവായ പ്രജാപതി ഭൂമിയെയും അന്തരീക്ഷാദികളെയും രചിച്ച് അവയെയെല്ലാം സ്വന്തം ശക്തിയിൽ പൊതിഞ്ഞുവെച്ചിരിക്കുന്നു"[4]. ഈ പ്രജാപതി സകല ചരാചരങ്ങളുടെയും നാഥനാണന്ന് കാണിക്കുന്ന ഒരു പ്രാർത്ഥന നോക്കുക:"

1. ഹിരണ്യഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാതഃ പതിരേക ആസീത്
സദാധാര പൃഥി വീം, ദ്യാമുതേമാം
കസ്മൈ ദേവായ ഹവിഷാ വിധേമ. (ഋഗ്വേദം 10:121:1).
2. ഋഗ്വേദം 10:81:1.
3 ഋഗ്വേദം 10:90:2.
4. കിം സ്വിദാ സീദധിഷ്ഠാന മാരംഭണം
കതമത്സ്വിത് കഥാസ്വീത്
യതോ ഭൂമീം ജനയ
നംവിശ്വകർമ്മാ വിദ്യാമൗർണോൻ മഹിനാ വിശ്വചക്ഷാഃ (ശുക്ലയജുർവേദം 17:18).

ചതുപ്പുനിലങ്ങളുടെയും നടവഴികളുടെയും നാടിന്റെയും കാടിന്റെയും കുന്നിന്റെയും കുണ്ടിന്റെയും ആലകളുടെയും ആലയങ്ങളുടെയും ഗുഹയുടെയും ജലാശയത്തിന്റെയും നിലാവിന്റെയും ശബ്ദത്തിന്റെയും ധൂളികളുടെയും ചെടികളുടെയും ചുള്ളിക്കമ്പിന്റെയും ഭൂമികളുടെയും പുളച്ചൊഴുകുന്ന നദികളുടെയും മരത്തിലെ പച്ചിലകളുടെയും മണ്ണിൽ കൊഴിഞ്ഞ ഇലകളുടെയും നാഥനായ അങ്ങേയ്ക്ക് നമസ്കാരം”[1].

ഏകനായ ദൈവത്തിന് സമാന്തരൻമാരില്ലെന്ന യാഥാർത്ഥ്യം വേദങ്ങൾ ഉൽഘോഷിക്കുന്നുണ്ട്. “ഏകനായ അവൻ ഏകനായിതന്നെ എന്നെന്നും നിലനിൽക്കുന്നവനാണെന്ന് വിശ്വസിക്കുക. രണ്ടാമതൊരു ദൈവം ഇല്ല തന്നെ”[2] എന്നാണ് അഥർവ്വവേദം പറയുന്നത്. “അവന് സമാന്തരന്മാരില്ല. അവന്റെ കീർത്തി, സത്യമായും മഹത്താകുന്നു”[3] വെന്ന് യജുർവേദവും വ്യക്തമാക്കുന്നു.

“പ്രജാപാലകനും ചിത്രാവരുണൻമാരിൽ ഏകനുമായവൻ ധാരാളം ചെറിയ ദ്രവ്യങ്ങളെ, ഈ ലോകത്തിലെ ചരാചരങ്ങളെ, ഇപ്രകാരം സ്വതേജസ്സോടുകൂടി നോക്കുന്നു”[4] എന്ന് ഋഗ്വേദം വ്യക്തമാക്കുമ്പോൾ ഏകദൈവവിശ്വാസമാണ് നമുക്കതിലും കാണാൻ കഴിയുന്നത്.

അഥർവ്വവേദത്തിൽ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച വ്യക്തവും സ്പഷ്ടവുമായ പ്രസ്താവനകൾ കാണാൻ കഴിയും. “ഈ ദൈവത്തെ ഏകനായി അറിയുന്നവൻ സത്യം മനസ്സിലാക്കിയിരിക്കുന്നു. അവൻ രണ്ടെന്നോ മൂന്നെന്നോ നാലെന്നോ അഞ്ചെന്നോ ആറെന്നോ ഏഴെന്നോ എട്ടെന്നോ ഒമ്പതെന്നോ പത്തെന്നോ വിളിക്കപ്പെടുന്നില്ല. ശ്വസിക്കുന്നതും ശ്വസിക്കാത്തതുമായ സകലതിനെയും അവൻ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഉന്നതമായ ശക്തികളുൾക്കൊള്ളുന്ന അവൻ ഏകനാണ്. ഏകൻ മാത്രമാണ്.

1. കൃഷ്ണ യജുർവേദം 4:6-9.
2. തമിദം നികതം സഹഃസ ഏശഏക ഏകവ്രതേക ഏവ
യഏതം ദേവമേക വൃതം വേദഃ സർവ്വേ അസ്മിൻ ദേവ
ഏകവൃതോ ഭവന്തി
യ ഏതം ദേവമേകവൃതംവേദ (അഥർവ്വ വേദം 13-5-20,21).
3. ന തസ്യ പ്രതിമാ ആസ്തീ യശ്യനാമ് മഹദ്യസഹേ (യജുർവേദം 32:3)
4. അയമേക ഇത്ഥാ പുരൂ ചഷ്ടേ വി വിശപതീഃ
തസ്യവൃതാന്യനു വശ്ചരാമസീ (ഋഗ്വേദം 8:25:16).



എല്ലാവിധ ദൈവിക ശക്തികളും അവനിൽ കേന്ദ്രീകരിച്ചുകൊണ്ട് ഐക്യപ്പെട്ടിരിക്കുന്നു”[1].

ഈ ലോകം മുഴുവൻ സൃഷ്ടിച്ച് പരിപാലിക്കുന്ന ശക്തി ഏകനാണെന്ന സത്യം വേദങ്ങളിൽനിന്ന് വ്യക്തമാകുന്നു. അവന്റെ ശക്തിയാണ് സകല ലോകങ്ങളിലും വ്യാപിച്ചുകിടക്കുന്നത്. അവൻ അജയ്യനും അനന്തനും അനാദ്യനുമാണ്. “പ്രകാശഗോപുരങ്ങളായ ഗ്രഹനക്ഷത്രങ്ങളും ജ്ഞാനികളുമെല്ലാം ഏകദൈവത്തിലാണ് അഭയം പ്രാപിക്കുന്നത്”[2] എന്ന അഥർവ്വവേദ സൂക്തത്തിൽനിന്നും ഇക്കാര്യം സുതരാം വ്യക്തമാകുന്നു. യജുർവേദവും ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. “കീഴടക്കാൻ കഴിയാത്ത പ്രപഞ്ചത്തെ സംരക്ഷിക്കുന്നത് അവനത്രെ. ഭൂമി, ആകാശം, അതിന് നടുവിലുള്ള ലോകം എന്നിങ്ങനെ ത്രിലോകങ്ങളെ സൃഷ്ടിച്ചതും അവനത്രെ. സുപ്രധാനമായ എല്ലാ പ്രവൃത്തികളുടെയും ധർമ്മത്തെ സംരക്ഷിക്കുന്നവനും പരിപാലിക്കുന്നവനും അവനാണ്. പ്രാപഞ്ചിക ജീവിതത്തിന്റെ സന്തുലിതത്വം നിലനിർത്തുന്നത് ഈ നിയമങ്ങളാണ്”[3]. “അജയ്യനായ ദൈവത്തിന്റെ ഉന്നതമായ ശക്തി ലോകങ്ങളിൽ മുഴുവൻ വ്യാപിച്ചുകിടക്കുന്നു”[4]വെന്ന ഋഗ്വേദ സൂക്തവും ഇക്കാര്യത്തിലേക്കുതന്നെയാണ് വിരൽ ചൂണ്ടുന്നത്.

1. കീർത്തിയശ്ചഃ യശ്ചാം ഭശ്ചഃ നഭക്ഷ്
ബ്രാഹ്മണ വർഛസം ഛാന്നം ഛാണാത്യംച
ഏതം ദേവമേക വൃതം വേദഃ നദ്വിതി
യോ നതൃതിയശ്ചതുർത്ഥോ
നാപ്യുശ്ചതേ
യ ഏതം ദേവമേക വൃതം വേദഃ
ന പഞ്ചമോ ന സഷ്ഠഹം സപ്തമോ നാ പ്യുച്യതേ
യ ഏതം ദേവമേക വൃതം വേദഃ
ന ഷ്ഠമോ നനവമോ ദശമോ നപ്യുച്യതേ
യ ഏതം ദേവമേ ക വൃതം വേദഃ
സ സർവ്വസ്മൈ വി പശ്ചതിയശ്ച പ്രണാതിയശ്ചനേ
യ ഏതം ദേവമേക വൃതം വേദഃ
തമിദം നിഗതം സഹഃ സ ഏഷ ഏക ഏകവദേക ഏവ
യ ഏതം ദേവമേ ക വൃതം
വേദഃ (അഥർവ്വവേദം 13:5:14-21).
2. സർവ്വേ അസ്മിൻ ദേവ ഏക വ്രതോ ഭവന്തി
യ ഏതം ദേവമേക വൃതം വേദഃ (അഥർവ്വവേദം 13:5-22).
3. ഇദം വിഷ്ണുർവി ചക്രമേ ത്രേധാ നിദതേ പദാ
സമ്മൂഠ്മസ്യ പാഠസുരേ (അഥർവ്വവേദം 7:26:4).
4. തദിദാസഭുവനേശു ജ്യേഷ്ഠം
യതോജ്ജ്ഞ ഉഗ്രസ്ത്വേശ്വനൃമ്ണ
സദ്യോജജ്ഞാനോ നി രിണാതി ശത്രു
നനൂയം വിശ്വേ മദന്ത്യുമാഹഃ (ഋഗ്വേദം 10:120:1).

വേദങ്ങളിലെ പ്രാർത്ഥനകളിലും ഈ ഏകദൈവ ദർശനം നിഴലിച്ചുകാണുന്നുണ്ട്. വേദപ്രാർത്ഥനകളധികവും ആരംഭിക്കുന്നത് ഓംകാര ശബ്ദമുരുവിട്ടുകൊണ്ടാണ്. ഓംകാര ശബ്ദത്തെക്കുറിച്ചു മാത്രം വിശദീകരിക്കുന്ന ചെറിയ ഒരു ഉപനിഷത്തുണ്ട്. പതിമൂന്ന് ശ്ലോകങ്ങൾ മാത്രമുള്ള ഇതിൻെറ പേര് പ്രണവോപനിഷത്ത് എന്നാണ്. ഈ ഓംകാര ശബ്ദത്തെ ഏകാക്ഷരബ്രഹ്മമെന്ന് വിളിക്കപ്പെടാനുള്ള കാരണത്തെക്കുറിച്ച വിശദീകരണമാണിതിലുള്ളത്. "ഓംകാരത്തിൽ മൂന്ന് ദേവന്മാരും മൂന്ന് ലോകവും മൂന്ന് വേദങ്ങളും മൂന്ന് അഗ്നികളും മൂന്ന് മാത്രകളും അർദ്ധമാത്രകളുമെല്ലാം അടങ്ങിയിരിക്കുന്നുവെന്ന് പറയപ്പെടുന്നു. എന്തെന്നാൽ അത് ആ പരമശിവ തത്വസ്വരൂപമാണ്"[1] എന്നാണ് പ്രസ്തുത ഉപനിഷത്ത് പറയുന്നത്. അ,ഉ,മ എന്നീ മൂന്നക്ഷരങ്ങളുടെ സമന്വയമാണ് ഓം കാരശബ്ദമെന്നും അവ അനാദി, ഉദ്ധരണം, മരണം എനീ സംജ്ഞകളെയാണ് പ്രതിനിധീകരിക്കുന്നതെന്നുമാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. അജയ്യനും അനാദിയും മനുഷ്യരെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നവനും മരിപ്പിക്കുന്നവനും എല്ലാമായ ഏകദൈവത്തെയാണ് ഈ ശബ്ദം ഉൾക്കൊള്ളുന്നതെന്നർത്ഥം.

സുപരിചിതമായ ഒരു വേദപ്രാർത്ഥന നോക്കുക:
"ഓം അസതോമാസത് ഗമയ
തമസോമാ ജോതിർ ഗമയ
മൃത്യോമ്മാ അമൃതം ഗമയ.

"ഓം കാര ശബ്ദമേ...... അനിത്യമായ അസത്യത്തിൽനിന്ന് നിത്യമായ സത്യത്തിലേക്ക് എന്നെ നയിച്ചനുഗ്രഹിക്കേണമേ. അജ്ഞാനമാകുന്ന അന്ധകാരത്തിൽനിന്ന് ജ്ഞാനജ്യോതിസ്സിലേക്ക് എന്നെ നയിച്ചനുഗ്രഹിക്കണമേ. മരണത്തിൽനിന്ന് അമരത്വത്തിലേക്ക് എന്നെ നയിച്ചനുഗ്രഹിക്കണമേ".

ത്രികാലജ്ഞാനിയായ ഏകദൈവത്തെക്കുറിച്ച സങ്കൽപ്പങ്ങളാണ് മിക്ക വേദപ്രാർത്ഥനകളിലും കാണുന്നത്. ഏകനായ ബ്രഹ്മം ത്രികാലജ്ഞാനിയാണെന്ന് അഥർവ്വവേദത്തിലെ താഴെപ്പറയുന്ന

1. തത്രദേവാസ്ത്രയഃ പ്രോക്താ
ലോകാ വേദാ സ്ത്രയോഗ്നയഃ
തിസ്രോ മാത്രാർ ധമാത്രാച
പ്രത്യക്ഷ്യ ശിവസ്യതത് (പ്രണവോപനിഷത്ത് 3).



പ്രാർത്ഥന വ്യക്തമാക്കുന്നു:

"ഭൂത ഭവിഷ്യത് വർത്തമാന പദാർത്ഥങ്ങളിലെല്ലാം എല്ലായ്പ്പോഴും വ്യാപക സ്വരൂപനായിരിക്കുന്ന, സർവ്വാനന്ദമയനായ ബ്രഹ്മത്തിന് നമസ്കാരം"[1].

തേജസ്സിൻെറയും ഓജസ്സിൻെറയും വീര്യത്തിൻേറയും ബലത്തിൻെറയും പരമമായ സ്രോതസ്സിനോട് അവയെ ആവശ്യപ്പെട്ടുകൊണ്ട് ചെയ്യുന്ന വേദത്തിലെ താഴെ പറയുന്ന പ്രാർത്ഥനയും ദൈവത്തിൻെറ ഏകത്വമാണ് വ്യക്തമാക്കുന്നത്: "ഹേ സർവ്വേശ്വരാ.... തേജസ്സായ അങ്ങ് എന്നെയും തേജസ്വിയാക്കേണമേ. വീര്യമായ അവിടുന്ന് എന്നെയും വീര്യവാനാക്കേണമേ. അവിടുന്ന് ബലമാണ്. എന്നെയും ബലവാനാക്കേണമേ. ഓജസ്സായ അങ്ങ് എന്നെയും ഓജസിയാക്കേണമേ. അങ്ങ് ഉൽസാഹസ്വരൂപനാണ്. എന്നെയും ഉൽസാഹവാനാക്കേണമേ. അവിടുന്ന് സഹനശക്തിയാണ്. എന്നെയും സഹനശക്തിയുള്ളവനാക്കണമേ..."[2].

ഇത്തരമൊരു പ്രാർത്ഥനക്ക് ശ്രീ ദയാനന്ദ സരസ്വതി നൽകുന്ന വ്യാഖ്യാനം ശ്രദ്ധേയമാണ്: 'സൃഷ്ടിക്കുമുമ്പ് തേജോമയങ്ങളായ സൂര്യാദി സകല ലോകങ്ങളുടെയും ഉൽപ്പത്തി സ്ഥാനവും ആധാരവുമായിരുന്നത് ഏതൊന്നോ, ഇതിന് മുമ്പുണ്ടായിട്ടുള്ളതും ഇനി ഉണ്ടാകുന്നതുമായ സകല പദാർത്ഥങ്ങളുടെയും ത്രികാലത്തിലെ സ്വാമി ഏതെന്നോ, അത് സർവ്വലോകങ്ങളെയും നിർമ്മിച്ച് രക്ഷിച്ചുകൊണ്ടിരിക്കുന്നു. ആ പരമാത്വാവിനെ ഞങ്ങൾ ഭക്തിപൂർവ്വം നമിക്കുന്നു"[3].

**<u>ഉപനിഷത്തുകളിൽ:</u>** ഉപനിഷത്തുകൾ പൊതുവെ ദാർശനിക പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യുന്നത്. പ്രാപഞ്ചിക പ്രതിഭാസങ്ങൾക്ക് പിന്നിലെ യാഥാർത്ഥ്യത്തെക്കുറിച്ച അന്വേഷണത്തോടൊപ്പം തന്നെ ആ യാഥാർത്ഥ്യവും മനുഷ്യാസ്തിത്വവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച അന്വേഷണവും കൂടി ഉപനിഷത്തുകൾ ഉൾക്കൊള്ളു

1. യോഭൂതം ച ഭവ്യം ച സർവ്വം യശ്ചാ ധിതിഷ്ഠതി
സ്വരസ്യച കേവലം തസ മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ
2. ഓം തേജോസി തേജോമയിധേഹി
വീർയ്യമസി വീര്യമയിധേഹി
ബലമസി ബലം മയിധേഹി
ഓജസ്യോജോ മയിധേഹി
3. നരേന്ദ്ര ഭൂഷൺ: വേദ പര്യടനം പുറം 53.

ന്നു. ഈ അന്വേഷണമാണ് കാടുകയറി ‘അഹം ബ്രഹ്മാസ്മി’യെന്ന സിദ്ധാന്തത്തിലേക്ക് ചിലരെ നയിച്ചത്. ദൈവാസ്തിക്യത്തെക്കുറിച്ച ചർച്ചകൾ പുരോഗമിച്ച് അവൻെറ സൃഷ്ടിയെക്കുറിച്ചും രൂപത്തെക്കുറിച്ചുമെല്ലാമുള്ള കാടുകയറിയ ചർച്ചയിലേക്കുകൂടി ഉപനിഷത്തുകൾ എത്തിപ്പെടുന്നത് കാണാം.

അദ്വിതീയനായ അസ്തിത്വമാണ് പ്രപഞ്ചസൃഷ്ടിക്കുപിന്നിൽ പ്രവർത്തിച്ചതെന്ന് ഉപനിഷത്തുകൾ ഘോഷിക്കുന്നു. ഈ ഏകശക്തിയെയാണ് അവ ‘ബ്രഹ്മം’ എന്ന് വിളിക്കുന്നത്. ബ്രഹ്മ ശബ്ദം ദൈവശബ്ദം പോലെതന്നെ നപുംസകലിംഗമാണ്. ദേവന്മാരുടെ ദേവനും അദ്വിതീയനും നിരാകാരവുമായ അസ്തിത്വത്തെയാണ് ഉപനിഷദ്കാലത്ത് ബ്രഹ്മശബ്ദംകൊണ്ട് വിവക്ഷിച്ചതെന്ന് ശ്രീ രാഹുൽ സാംകൃത്യായൻ[1] വ്യക്തമാക്കുന്നുണ്ട്.

വേദത്തിൽ ‘ആത്മാവ്’ എന്ന പ്രയോഗം പ്രാണനെന്നോ മനസ്സെന്നോ മാത്രം അർത്ഥമുൾക്കൊള്ളുന്നതായിരുന്നു. എന്നാൽ ഉപനിഷത്തുകളിൽ പരമേശ്വരൻെറ പര്യായമായും ആത്മാവ് എന്ന് പ്രയോഗിച്ചതായി കാണാൻ കഴിയും. ഉപനിഷത്തുകളിലെ ആത്മ ശബ്ദം രണ്ട് മാനങ്ങളുൾക്കൊള്ളുന്നു. ഒന്ന്, പരമാത്മാവ്. രണ്ട്, ജീവാത്മാവ്. പരമാത്മാവ് പ്രപഞ്ച സൃഷ്ടിക്കുമുമ്പ് നിമിത്തമായി നിലകൊണ്ടവനും ജീവാത്മാവ് പരമാത്മാവിനാൽ സൃഷ്ടിക്കപ്പെട്ട് ജീവകളിൽ ചേതന നിലനിർത്തുന്നവനുമാണ്. ഇവ രണ്ടും ഉപനിഷത്തുകളിൽ ആത്മ ശബ്ദംകൊണ്ടാണ് പ്രതിനിധീകരിക്കപ്പെടുന്നത്. ജീവാത്മാവിനെയും പരമാത്മാവിനെയും അവയുടെ ഗുണധർമ്മ വർണ്ണനകളിൽനിന്നേ നമുക്ക് വേർതിരിച്ച് മനസ്സിലാക്കാൻ കഴിയൂ.

ഏകനും അദ്വിതീയനുമായ പരമാത്മാവുതന്നെയാണ് ബ്രഹ്മമെന്ന് ഉപനിഷത്തുകൾതന്നെ വ്യക്തമാക്കുന്നുണ്ട്. “ഈ പരമാത്മാവാണ് സർവ്വത്തിനും ആധാരം. പ്രജ്ഞാന സ്വരൂപയായ ഈ പരമാത്മാവ് തന്നെയാണ് ബ്രഹ്മം”[2] എന്നാണ് ഐതരേയോപനിഷത്ത് പറയുന്നത്.

ഈ പരമാത്മാവാകുന്നു ലോകങ്ങളെയും ലോകപാലകന്മാരെ

1. രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ പുറം 557.
2. പ്രജ്ഞാനേ പ്രതിഷ്ഠിതം പ്രജ്ഞാനേത്രോലോകഃ
   പ്രജ് ഞാപ്രതിഷ്ഠ പ്രജ്ഞാനം ബ്രഹ്മ-(ഐതരേയോപനിഷത് 3:1:3)



യും സൃഷ്ടിച്ചത്. അവനാകുന്നു അവയെ പരിപാലിക്കുന്നത്. അവൻ ഏകനാകുന്നു. “അദ്വിതീയനായ പരമാത്മാവ് ജഗദ്രൂപജാലത്തെ സൃഷ്ടിച്ച് തൻെറ സ്വരൂപഭൂതമായ ശാസനാ ശക്തിയാൽ അതിനെ ഭരിക്കുന്നു. ആ വിവിധ ശാസനാബലത്താൽ സമസ്ത ലോകങ്ങളെയും ലോകപാലകന്മാരെയും യഥായോഗ്യം ഭരിക്കുന്നു. ഏകനായിത്തന്നെ സമസ്ത ജഗത്തിൻെറയും ഉൽപ്പത്തിക്കും വിസ്താരത്തിനും സമർത്ഥനായിരിക്കുന്ന ആ ബ്രഹ്മത്തെ തത്വേന അറിയുന്ന മഹാപുരുഷന്മാർ അമരന്മാരായി ഭവിക്കുന്നു”[1].

“ജ്ഞാനസ്വരൂപനായ ആ പരമാത്മാവ് സർവ്വസ്രഷ്ടാവും സർവ്വജ്ഞനും ആത്മയോനിയും കാലകാലനും സർവ്വദിവ്യഗുണ സമ്പന്നനും സർവ്വത്തേയും അറിയുന്നവനുമാകുന്നു. അവൻ പ്രധാന ക്ഷേത്രജ്ഞപതിയും (പ്രകൃതിയുടെയും ജീവാത്മാവിൻെറയും അധിപതി) സമസ്ത ഗുണങ്ങളുടെയും ശാസകനും ജനനമരണ സ്വരൂപമായ സംസാരത്തിൽ ബന്ധനത്തിനും സ്ഥിതിയ്ക്ക് മോക്ഷത്തിനും കാരണഭൂതനുമാകുന്നു”[2].

“ആ പരമാത്മാവ് തന്മയനും, അമൃതസ്വരൂപനും, ആത്മസ്വരൂപത്തിൽ ലോകപാലന്മാരിലും സ്ഥിതിചെയ്യുന്നവനും സർവ്വജ്ഞനും സർവ്വഗനും ഈ ഭുവനത്തിൻെറ സംരക്ഷകനുമാകുന്നു. അവൻ ഈ സമ്പൂർണ്ണ ജഗത്തിനെയും നിത്യവും ഭരിക്കുന്നു. എന്തെന്നാൽ ഈ പ്രപഞ്ചത്തെ ഭരിക്കുവാൻ മറ്റൊരു ഹേതുവുമില്ല”[3].

വേദങ്ങളിൽ സർവ്വത്തിനും മുമ്പുണ്ടായിരുന്നതായി വിശേഷിപ്പിച്ചിട്ടുള്ള ഹിരണ്യഗർഭനെപ്പോലും സൃഷ്ടിച്ചത് പരമാത്മാവാണെന്നും ഇന്ദ്രാദിദേവന്മാരെയെല്ലാം പടച്ചതും അതുതന്നെയാണെന്നും ശ്വേതാശ്വതരോപനിഷത്ത് വ്യക്തമാക്കുന്നുണ്ട്:”ഇന്ദ്രാദിദേവന്മാരുടെ

1. യ ഏകോ ജാല വാനീശത ഈശ നീഭിഃ
   സർവ്വാൻ ലോകാനീശതേ ഈശനീഭിഃ
   യ ഏവൈക ഉദ്ഭവേ സംഭവേശ്ചയ
   ഏതദ്വിദൂര മൃതാസ് തേ ഭവന്തി (ശ്വേതാശതരോപനിഷത്ത് 3:1)
2. സ വിശ്വകൃത് വിശ്വിദാത്മയോ
   നിർജ്ഞാ കാല കാലോ ഗുണീ സർവ്വവിദ്യ
   പ്രധാനക്ഷേത്രജ്ഞ പതിർഗുണേശഃ
   സംസാരമോക്ഷ സ്ഥിതിബന്ധ ഹേതുഃ (അതേഗ്രന്ഥം 6:16)
3. സ തൻമയോ ഹ്യമൃത ഈശസംസ്ഥോ
   ജ്ഞഃസർവ്വഗോ ഭുവനസ്യാസ്യ ഗോപ്താ
   യ ഈശേ അസ്യ ജഗതോ നിത്യമേവ
   നാന്യോ ഹേതുർ വിദ്യതേ ഈശനായ (അതേഗ്രന്ഥം 6:17)

ഉൽപ്പത്തിക്കും വൃദ്ധിക്കും ഹേതുഭൂതനായിരിക്കുന്നവനും സർവ്വാധിപതിയും സർവജ്ഞനും ആദ്യമായി ഹിരണ്യഗർഭനെ സൃഷ്ടിച്ചവനുമായ ആ പരമാത്മാവ് നമ്മെ ശുഭബുദ്ധിയുള്ളവരാക്കിത്തീർക്കട്ടെ"[1].

പ്രകൃതിയിലെ വ്യത്യസ്ത പ്രതിഭാസങ്ങൾപോലും സംഭവിക്കുന്നത് ഈ പരബ്രഹ്മത്തെ ഭയന്നിട്ടാണ്. "ഇതിനെ ഭയന്നിട്ടാണ് വായു ചലിക്കുന്നത്. ഇതിനെ ഭയന്നാണ് സൂര്യൻ ഉദിക്കുന്നത്. ഇതിനെ ഭയന്നിട്ടുതന്നെയാണ് അഗ്നിയും ഇന്ദ്രനും പഞ്ചമനായ മൃത്യുവും കർമ്മങ്ങൾ അനുഷ്ഠിക്കുന്നത്"[2].

ജഗത്തിൻെറ കാരണമെന്താണ്? സ്വഭാവമാണോ? കാലമാണോ? അല്ലതന്നെ. ജഗത്തിൻെറ കാരണം പരമേശ്വരൻ മാത്രമാണ്. "ഈ ജഗത്തിന് കാരണം സ്വഭാവമാണെന്ന് ചില ബുദ്ധിമാന്മാരും കാലമാണെന്ന് മറ്റുചിലരും പറയുന്നു. ഇവർ മോഹഗ്രസ്തരായതിനാൽ ജഗത്കാരണമെന്തെന്നറിഞ്ഞുകൂടാ. സർവ്വശക്തിമാനായ പരമേശ്വരൻെറ മഹാവിശേഷമാണിത്. ആ പരമാത്മാവിൻെറ മഹിമകൊണ്ടാണ് ഈ ബ്രഹ്മചക്രം കറങ്ങിക്കൊണ്ടിരിക്കുന്നത്"[3].

സൂര്യചന്ദ്രാദികൾ പ്രകാശിക്കുന്നത് പരബ്രഹ്മത്തിൻെറ കൽപനയാലാണ് "അവിടെ സൂര്യൻ പ്രകാശിക്കുന്നില്ല. ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിക്കുന്നില്ല. ഈ വിദ്യുത്തുക്കളും പ്രകാശിക്കുന്നില്ല. പിന്നെ ഈ അഗ്നി എവിടെ? തേജോമയമായ ആ പരബ്രഹ്മത്തെ അനുസരിച്ച് മറ്റെല്ലാം പ്രകാശിക്കുന്നു. അതിൻെറ ശോഭകൊണ്ടുതന്നെയാണ് ഈ പ്രപഞ്ചം മുഴുവൻ പ്രകാശിക്കുന്നത്"[4].

1. യോ ദേവാനാം പ്രഭവശ്ചോദ്ഭവശ്ച
വിശ്വാധിപോ രുദ്രോമഹർഷിഃ
ഹിരണ്യഗർഭം ജനയാമാസ പൂർവ്വം
സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു (അതേഗ്രന്ഥം 3:4)
2 ഭീഷാ സ്മാത്വാതഃ പവതേ,
ഭീഷോദേതി സൂര്യഃ
ഭീഷാ സ്മാദഗ്നിശ്ചേന്ദ്രശ്ച.
മൃത്യുർ ധാവതി പഞ്ചമ ഇതി (തൈത്തിരീയോപനിഷത്ത് 2:8:1)
3. സ്വഭാവമേകേ കവയോ വദന്തി
കാലം തഥാന്യേ പരിമുഹ്യമാനാഃ ദേവ
സ്യൈഷ മഹിമാതുലോകേ
യേ നേദം ഭ്രാമ്യതേ ബ്രഹ്മചക്ര (ശ്വേതാശതരോപനിഷത്ത് 6:1)
4. ന തത്ര സൂര്യോഭാതി ന ചന്ദ്രതാരകം
നേമാ വിദ്യുതോ ഭാന്തി കുതോ fയമഗ്നിഃ
തമേവ ഭാന്തമനു ഭാതിസർവ്വം
തസ്യഭാസാ സർവ മിദം വിഭാതി (മുണ്ണകോപനിഷത്ത് 2:2:11)



പരമാത്മാവിന് ഇന്ദ്രിയങ്ങളില്ല. പക്ഷെ, അവൻ കാണുകയും കേൾക്കുകയുമെല്ലാം ചെയ്യുന്നുണ്ട്. " ആ പരമാത്മാവ് കരചരണരഹിതനാണെങ്കിലും സമസ്ത വസ്തുക്കളെയും ഗ്രഹിക്കുന്നവനും അതിവേഗം സർവത്ര ഗമിക്കുന്നവനും കണ്ണുകൾകൂടാതെ സർവ്വവും കാണുന്നവനും കാതുകൾ കൂടാതെ എല്ലാം കേൾക്കുന്നവനുമാകുന്നു. അവൻ അറിയേണ്ടതായിട്ടുള്ളത് എല്ലാം അറിയുന്നു. എന്നാൽ അവനെ അറിയുന്നവനായിട്ട് ആരുമില്ല. ജ്ഞാനികൾ അവനെ മഹാനെന്നും ആദിപുരുഷനെന്നും പറയുന്നു"[1].

ഇന്ദ്രിയാതീതനാണ് പരമാത്മാവ്. അവനെ കാണുവാൻ കഴിയില്ല. "ഈ പരമാത്മാവിൻെറ രൂപം ദൃഷ്ടിക്കു വിഷയമല്ല. ഈ പരമാത്മാവിനെ മാംസചക്ഷുസ്സുകൊണ്ട് ആർക്കും കാണുവാൻ സാധ്യമല്ല. സാധകന്മാർ ഹൃദയസ്ഥിതനും അന്തര്യാമിയുമായ പരമാത്മാവിനെ ഭക്തിയോടു കൂടിയ ഹൃദയത്തോടും നിർമ്മല മനസ്സോടും, ഇപ്രകാരം അറിയുന്നവർ അമരന്മാരായി ഭവിക്കുന്നു"[2]. ഇക്കാര്യം തന്നെ കഠോപനിഷത്ത് കുറച്ചുകൂടി വ്യക്തമായി വിവരിക്കുന്നു. "ആ പരമാത്മാവ് വാക്കിനും കാതിനും ബുദ്ധിക്കും അപ്രാപ്യമാണ്. എന്നാൽ ആരുടെമേൽ അവന് കൃപയുണ്ടോ അവന് ആഭാഗ്യം ലഭിക്കുന്നു. എന്തെന്നാൽ അവൻ കൃപാപാത്രത്തിൽ മാത്രമെ സ്വയം പ്രത്യക്ഷപ്പെടുകയുള്ളൂ"[3].

കണ്ണും കാതും മനസ്സുമെല്ലാം ബ്രഹ്മത്തെ നേരിൽ അറിയാൻ അശക്തമെങ്കിലും ഇവയെല്ലാം ശക്തി നേടുന്നത് ബ്രഹ്മത്തിനാലാണെന്ന് ഉപനിഷത്തുകൾ ഘോഷിക്കുന്നു. "അവിടെ കണ്ണോ വാക്കോ മനസ്സോ എത്തുന്നില്ല. അതിനെപ്പറ്റി എങ്ങനെയാണ് പറയേണ്ടതെന്നും നമുക്കറിഞ്ഞുകൂടാ. മറ്റുള്ളവരിൽ നിന്നും കേട്ട് മനസ്സി

1. അപാണിപാദോ ജവനോ ഗൃഹീതാ
പശ്യത്യക്ഷുഃ സ ശൃണോത്യ കർണ്ണഃ
സവേത്തി വേദ്യം നച തസ്യാസ്തി വേത്താ
തമാഹു രഗ്ര്യം പുരുഷം മഹാന്തം (ശ്വേതാശ്വതരോപനിഷത്ത് 3:19)
2. ന സംദൃശേ തിഷ്ഠതി രൂപമസ്യ
ന ചക്ഷുഷാപശ്യതി കശ്ചനൈനെ.
ഹൃദോഹൃദിസ്ഥം മനസാ യ ഏന
മേവം വിദുര മൃതാസ് തേ ഭവന്തി (ശ്വേതോശതരോപനിഷത്ത് 4:20).
3. നായമാത്മാ പ്രവചനേന ലഭ്യോ
ന മേധയാ ന ബഹുനാ ശ്രുതനേ
യമേ വൈഷ വൃണുതേ തേന ലഭ്യ
സ്തസ്യൈഷ ആത്മാവിവൃണുതേ തനൂം സ്വാം (കഠോപനിഷത്ത് 1:2:23).

ലാക്കുവാനും കഴിഞ്ഞിട്ടില്ല. എന്തെന്നാൽ അത് അറിയപ്പെട്ടവയിൽ നിന്നും ഭിന്നമാണ്. അറിയപ്പെടാത്തവയ്ക്കും അതീതമാണ്. ഇക്കാര്യം നമ്മെ വ്യാഖ്യാനിച്ച് കേൾപ്പിച്ച നമ്മുടെ പൂർവ്വികന്മാരിൽനിന്നും കേട്ടതാണ്"[1].

"വാക്കുകളിൽ പറയപ്പെടാൻ അസാധ്യമായതും വാക്കുകൾ ഉച്ചരിക്കപ്പെടാൻ കാരണമായതും ഏതൊന്നാണോ അതുതന്നെയാണ് ബ്രഹ്മമെന്ന് നീ മനസ്സിലാക്കണം. വാക്കുകളാൽ ഉപാസിക്കപ്പെടുന്നത് ബ്രഹ്മമല്ല"[2].

"ഏതൊരു ബ്രഹ്മം മനസ്സുകൊണ്ട് മനസ്സിലാക്കപ്പെടുവാൻ സാധ്യമല്ലയോ, എന്നാൽ മനസ്സ് ഏതൊന്നിന്റെ ശക്തിയാർജ്ജിച്ചിട്ടാണോ അറയപ്പെട്ടതായിത്തീരുന്നത്, അതിനെ നീ ബ്രഹ്മമെന്ന് മനസ്സിലാക്കുക. ഉപാസനാ വിഷയമായത് ബ്രഹ്മമല്ല"[3]

യാതൊന്നാണോ കണ്ണുകൊണ്ട് കാണാൻ സാധിക്കാത്തത്, എന്നാൽ കണ്ണിന് ദർശനം ലഭിക്കുന്നതിന് കാരണം യാതൊന്നാണോ, അതിനെത്തന്നെ നീ ബ്രഹ്മമെന്ന് മനസ്സിലാക്കുക. കണ്ണുകൊണ്ട് കാണുന്ന ഏതൊന്നിനെയാണോ മനുഷ്യൻ ഉപാസിക്കുന്നത്; അത് ബ്രഹ്മമല്ല"[4].

"യാതൊരു ശബ്ദത്തെ കാതുകൊണ്ട് ആർക്കും കേൾക്കുവാൻ സാധ്യമല്ലയോ, എന്നാൽ യാതൊന്നിൽ നിന്നാണോ ശ്രോതേന്ദ്രിയത്തിന് ശ്രവണശക്തി ലഭിക്കുന്നത് അതിനെത്തന്നെ നീ ബ്രഹ്മമെന്ന് മനസ്സിലാക്കുക. കാതുകൾക്ക് ഉപാസനാ വിഷയമായിരിക്കുന്നത് ബ്രഹ്മമല്ല"[5].

"യാതൊന്നാണോ പ്രാണൻ മുഖേന പ്രേരിതമാകാത്തത്, എന്നാൽ യാതൊന്നിൽ നിന്നുമാണോ പ്രാണന് പ്രേരണ ലഭിക്കു

1. ന തത്ര ചക്ഷുർ ഗച്ഛതി ന വാഗ്ഗച്ഛതി നോമനോ
   ന വിദ്മോന വിജാനീമോ യഥൈത ദനുശിഷ്യാത്-
   അന്യദേവ തദ്വിദിതാ ദഥോ ഷാഃ അവിദിതാദധി. ഇതി
   ശുശ്രുമ പൂർവേഷാം യേന സ്തദ് വ്യാച ചക്ഷിരേ (കേനോപനിഷത് 1:3).
2. യദ് വാചാന ഭ്യുദിതം യേന വാഗഭ്യുദ്യതേ ത ദേവ
   ബ്രഹ്മത്വം വിദ്ധി നേദം യദിദ മുപാസതേ. (കേനോപനിഷത്ത് 1:4)
3. യൻ മനസാ ന മനുതേ യേനാഹൂർ മനോ മ തം
   തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദ മുപാസതേ (കേനോപനിഷത്ത് 1:5).
4. യച്ച ക്ഷുഷാന പശ്യതി യേന ചഷ്ഷ്യംഷി പശ്യതി
   തദേവ ബ്രഹ്മത്വം വിദ്ധി നേദം യദിദ മുപാസതേ (അതേഗ്രന്ഥം 1:6)
5. യത് ശ്രോത്രേണ ന ശ്രുണോതി യേന ശ്രോത്ര മിദം ശ്രുതം
   തദേവ ബ്രഹ്മത്വം വിദ്ധി നേദം യദിദ മുപാസതേ (അതേഗ്രന്ഥം 1:7)



ന്നത്, അതിനെത്തന്നെ നീ ബ്രഹ്മമെന്ന് മനസ്സിലാക്കുക. പ്രാണന് ഉപാസനാവിഷയമായത് ബ്രഹ്മമല്ല"[1].

ഏകനായ പരമാത്മാവ് സമസ്ത ശക്തികളിലും ആധിപത്യം വഹിക്കുന്നു. "എപ്രകാരമാണോ ഈ സൂര്യൻ എല്ലാ ദിക്കുകളെയും, മുകളിലും, താഴെയും, ഇവിടെനിന്നും, അവിടെനിന്നും, ഇങ്ങനെ എല്ലാ ഭാഗത്തുനിന്നും പ്രകാശിപ്പിച്ചുകൊണ്ട് സ്വയം പ്രകാശിക്കുന്നത്, അതുപോലെ വരേണ്യനും പരമേശ്വരനുമായ പരമാത്മാവ് ഏകനായിത്തന്നെ സമസ്തകാരണങ്ങളാകുന്ന സ്വശക്തികളിൽ ആധിപത്യം സ്ഥാപിക്കുന്നു"[2].

പരബ്രഹ്മത്തെക്കുറിച്ച് അറിയാത്തവന് വേദങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് ഉപനിഷത്തുകൾ വ്യക്തമാക്കുന്നു. "സമസ്ത ദേവന്മാരും അധിവസിക്കുന്ന അനശ്വരമായ പരമവ്യോമത്തിൽ വസിക്കുന്ന പരബ്രഹ്മത്തെ അറിയാത്ത മനുഷ്യന് വേദങ്ങളാൽ യാതൊരു പ്രയോജനവും സിദ്ധിക്കുകയില്ല. എന്നാൽ ഇതറിയുന്നവൻ അവിടെ സമ്യക്രീതിയിൽ സ്ഥിതിചെയ്യുന്നു"[3].

പരമാത്മാവിനെ അറിയുന്നവർ അമരത്വവും അതറിയാത്തവർ ശാശ്വതദുഃഖങ്ങളിലും പതിക്കുന്നു. "ആ ഹിരണ്യഗർഭനെക്കാളും ഉത്കൃഷ്ടമായ ആ പരമാത്മാവ് അരൂപനും അനാമയനുമാണ്. ആ പരമാത്മാവിനെ അറിയുന്നവർ അമരത്വത്തെ പ്രാപിക്കുന്നു. എന്നാൽ ഈ രഹസ്യമറിയാത്തവർ വീണ്ടും വീണ്ടും ദുഃഖത്തെ പ്രാപിക്കുന്നു"[4].

ഈ ഏകനായ പരമാത്മാവ് മാത്രമാണ് ആരാധനകൾക്കർഹനെന്നും ദേവപിതൃമാനവാദികളെ ആരാധിക്കുന്നത് ശാശ്വത നഷ്ടത്തിലേക്ക് മാത്രമെ നയിക്കുകയുള്ളൂവെന്നും ഈശാവാസ്യോപനിഷത്ത് വ്യക്തമാക്കുന്നു. "വിദ്യയാകുന്ന ജ്ഞാനതത്വവും അവിദ്യ

1. യത് പ്രാണേന ന പ്രാണിതിയേന പ്രാണഃ പ്രണീയതേ
   തദേവ ബ്രഹ്മത്വം വിദ്ധി നേദം യദിദമുപാസതേ (കേനോപനിഷത്ത് 1:8)
2. സർവാദിശഃ ഊർദ്ധ്വമധശ്ച തിര്യക്
   പ്രകാശയൻ ഭ്രാജതേ യദ്വനഡ്വാൻ
   ഏവം സദേവോ ഭഗവാൻ വരേണ്യോ
   യോനി സ്വഭാവാന ധിതിഷ്ഠത്യേകഃ (ശ്വേതാശ്വതരോപനിഷത്ത് 5:4)
3. ഋചോ അക്ഷരേ പരമേ വ്യോമൻ
   യസ്മിൻ ദേവാ അധിവിശ്വേ നിഷേദുഃ
   യസ്തം ന വേദ കിമൃചാ കരിഷ്യതാ യ ഇത്
   യദ്വിദുസ്ത ഇമേ സമാസതേ (ശ്വേതാശതരോപനിഷത്ത് 4:8).
4. തതോ യദുത്തരതരം തദ രൂപമനാമയം.
   യ ഏത ദവിദുരമൃതാസ്തേ ഭവന്തിഅഥേ തരേ ദുഃഖമേവാപിയന്തി (അതേഗ്രന്ഥം 3:10).

യാകുന്ന കർമ്മതത്വവും ഒന്നിച്ച് ഗ്രഹിക്കുന്ന മനുഷ്യൻ കർമ്മാനുഷ്ഠാനങ്ങളിൽകൂടി മൃത്യുവിനെ തരണം ചെയ്ത് ജ്ഞാനമാർഗ്ഗനിഷ്ഠനായി അമൃതത്വത്തെ അനുഭവിക്കുന്നു"[1].

"നശ്വരങ്ങളായ ദേവപിതൃമാനവാദികളെ ഉപാസിക്കുന്നവർ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു. അവിനാശിയായ പര മാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽതന്നെ പതിക്കുന്നു"[2].

"നാശരഹിതമായ പരമാത്മാവിനെ ഉപാസിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫലം മറ്റൊന്നാണെന്നും, നശ്വരങ്ങളായ പിതൃദേവാദികളെ ഉപാസിക്കുന്നതുകൊണ്ടുള്ള ഫലം അതിലും ഭിന്നമാണെന്നും പറയപ്പെട്ടിരിക്കുന്നു. ഇതിനെപ്പറ്റി വ്യാഖ്യാനിച്ചിട്ടുള്ള ജ്ഞാനികളുടെ ശ്രേഷ്ഠവചനങ്ങൾ നാം കേട്ടിട്ടുണ്ട്"[3].

അടിസ്ഥാനപരായ ഏകദൈവവിശ്വാസം പ്രബോധനം ചെയ്യുന്ന ഉപനിഷദ്വാക്യങ്ങളിൽ ചിലവയാണ് നാം ചർച്ച ചെയ്തത്. ദൈവിക മതത്തിൻെറ സ്വാധീനം വ്യക്തമായി മനസിലാക്കാൻ കഴിയുന്നുണ്ട് ഈ വചനങ്ങളിൽ. ദേവന്മാരെക്കുറിച്ചുള്ള സങ്കൽപ്പവും ഉപനിഷത്തുകളിൽതന്നെ കാണാൻ കഴിയുമെന്നത് ഈ വിഷയത്തിൻെറ മറുപുറമാണ്. ദേവന്മാരെക്കുറിച്ച സ്തുതികൾ കാടുകയറി അവയ്ക്കും അനന്തതയും നിത്യതയും സർവ്വാധികാരവും കൽപ്പിച്ചുകൊടുക്കുന്നുണ്ട്. പക്ഷേ, ഉപനിഷത്തുകളിലെല്ലാം തന്നെ ഈ ദേവന്മാരെല്ലാവരും ഏകാസ്തിത്വമായ പരബ്രഹ്മത്തിൻെറ ആജ്ഞാനുവർത്തികളോ സൃഷ്ടികളോ ആണെന്ന തത്വം ഉൾക്കൊള്ളുന്നു. ദേവന്മാരുടെ സ്വതന്ത്ര്യാസ്തിത്വം സമ്മതിക്കാൻ ഉപനിഷത്തുകൾ സന്നദ്ധമല്ലെന്നർത്ഥം.

ശിവനെ നിത്യനും വിഷ്ണുവിനെ സ്രഷ്ടാവുമായവതരിപ്പിക്കുന്ന ശരഭോപനിഷത്ത് ഇവരെല്ലാം ഏകദൈവത്തിൻെറ സൃഷ്ടികളാണെന്നും കൂടി വ്യക്തമാക്കുന്നത് നോക്കുക: "അവൻ എല്ലാവർ

1. വിദ്യാംച അവിദ്യാംച യസ്ത കുവേദോ ഭയം സഹ
   അവിദ്യയാ മൃത്യും തീർത്ത്വാ വിദ്യയാ അമൃത മശ്നുതേ
   (ഈശാവാസ്യോപനിഷത്ത്11).
2. അന്ധം തമഃ പ്രവിശന്തിയേ സം ഭൂതി മുപാസതേ
   തയോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതാഃ (അതേഗ്രന്ഥം 12)
3. അന്യദേവാഹുഃ സംഭവാ ദന്യദാഹുര സംഭവാത്
   ഇതി ശുശ്രുമ ധീരാണാം യേ നസ്താദ്വിച ചക്ഷിരേ (അതേഗ്രന്ഥം 13)



ക്കും പ്രഭുവും ശ്രേഷ്ഠനുമാണ്. പിതാവും പരമേശ്വരനുമാണ്. അവൻ തന്നെയാണ് ബ്രഹ്മാവിനെ ധാരണം ചെയ്യുന്നത്. അവൻതന്നെയാണ് വേദങ്ങളെ മുമ്പിനാൽതന്നെ നിർണ്ണയിക്കുന്നത്. അവൻതന്നെയാണ് പ്രഭുവും ദേവന്മാരുടെ പിതാവും. അവൻ എൻേറയും വിഷ്ണുവിൻേറയും ജനകനാണ്. അവൻതന്നെയാണ് അന്തകാലത്ത് സർവ്വലോകങ്ങളെയും സംഹരിക്കുന്നത്. ആ ദേവന് നമസ്ക്കാരം"[1].

എന്നാൽ പിന്നീട് പുരാണങ്ങളിലും സ്മൃതികളിലുമെല്ലാം ഈ ദേവന്മാർക്ക് സ്വതന്ത്രമായ അധീശാധികാരങ്ങൾ ആരോപിച്ച് അവരെ ദൈവങ്ങളാക്കി മാറ്റുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അങ്ങനെ അവരെല്ലാം ദൈവങ്ങളായി മാറിയപ്പോൾ ഏകനായ ബ്രഹ്മത്തെക്കുറിച്ച സങ്കൽപംതന്നെ ജനഹൃദയങ്ങളിൽനിന്നും മാഞ്ഞുപോയി. ഇന്നത്തെ ഹിന്ദുക്കളുടെ വിശ്വാസങ്ങളിലോ ആചാരങ്ങളിലോ ഏകദൈവ വിശ്വാസത്തിൻെറ ലാഞ്ചനപോലും കാണാൻ കഴിയില്ലെന്ന അവസ്ഥയാണുള്ളത്. ബ്രഹ്മത്തെക്കുറിച്ച് അവർക്ക് അറിയുകപോലുമില്ല. പരമാത്മാവിനെയോ പ്രജാപതിയേയോ പരമേശ്വരനേയോ ഹിരണ്യഗർഭനേയോ വിശ്വകർമ്മാവിനെയോകുറിച്ച് അവർ കേട്ടിട്ടില്ല. അവർക്കറിയുക ശിവനെയും പാർവ്വതിയെയുമാണ്; വിഷ്ണുവിനെയും ലക്ഷ്മിയെയുമാണ്; ബ്രഹ്മാവിനെയും സരസ്വതിയെയുമാണ്; രാമനെയും സീതയെയുമാണ്; കൃഷ്ണനെയും ഗണപതിയെയുമാണ്. അവർ പ്രാർത്ഥനയും ആരാധനാ വഴിപാടുകളുമർപ്പിക്കുന്നത് ഈ ദേവന്മാർക്കാണ്. അവരുടെ മൂർത്തികൾക്കും വിഗ്രഹങ്ങൾക്കും ലിംഗങ്ങൾക്കുമാണ്.

**ബഹുദൈവരാധനയിലേക്ക്:** ശുദ്ധമായ ഏകദൈവ വിശ്വാസത്തിലാണ് ഭാരതീയ ദർശന ത്തിൻെറ അടിത്തറ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന് നാം മനസ്സിലാക്കി. പിന്നെ എങ്ങനെയാണ് ഹിന്ദുക്കൾ ബഹുദൈവവിശ്വാസത്തിലേക്ക് വഴിമാറിയതെന്ന അന്വേഷണത്തിന് തീർച്ചയായും പ്രസക്തിയുണ്ട്. ഇതിന് ബഹുദേവതാസങ്കൽപ്പത്തിൻെറയും അവതാരവിശ്വാസത്തിൻെറയും അടിത്തറകൾകൂടി

1.പ്രഭും വരേണ്യം പിതരംമഹേശ്വരം
യോ ബ്രഹ്മാണം വിദധാതി തസ്മൈ
വേദാംശ്ച സർവാൽ പ്രഹിണോതിചാഗ്ര്യം
തം വൈ പ്രഭും പിതരം ദേവതാനാം
മമാപി വിഷ്ണോർജനകം
ദേവമീഡ്യം യോ *f* ന്ത കാലേ സർവ ലോകാൻ സംജഹരേ (ശരഭോപനിഷത്ത് 2,3)

പരിശോധിക്കപ്പെടണം. അടുത്ത പേജുകളിൽ അതാണ് നിർവ്വഹിക്കപ്പെടുന്നത്. ദേവന്മാരെക്കുറിച്ച സങ്കൽപ്പത്തിന് മലക്കുകളെക്കുറിച്ച വിശ്വാസവുമായും അവതാര സങ്കൽപ്പത്തിന് പ്രവാചകന്മാരെക്കുറിച്ച വിശ്വാസവുമായും താത്വികമായി ബന്ധമുണ്ടെന്ന് കാണാൻ കഴിയും.

പുണ്യപുരുഷന്മാരെ ദേവന്മാരായി അവരോധിച്ച് അവരെ ആരാധിക്കുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ഈ മാർഗ്ഗഭ്രംശത്തിൻെറ ആരംഭം വേദകാലത്തുതന്നെയായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഇന്ദ്രനെയും മിത്രനെയും വരുണനെയും സൂര്യചന്ദ്രാദിഗോളങ്ങളെയും ആരാധിക്കുന്നവരായ ആര്യന്മാരുടെ ചിത്രമാണ് വേദങ്ങൾ വരച്ചുകാണിക്കുന്നത്. ശുദ്ധമായ ഏകദൈവ വിശ്വാസത്തിൽനിന്ന് ബഹുദൈവാരാധന വളർന്നുവന്നത് ഒറ്റ രാത്രികൊണ്ടായിരുന്നില്ല. തലമുറകളിലൂടെ മെല്ലെമെല്ലെയായിരിക്കണം ബഹുദൈവാരാധന വളർന്നുവന്നത്. അപ്പോൾ സമൂഹത്തെ നേർവഴിക്ക് നയിക്കേണ്ട പണ്ഡിതന്മാർ എന്ത് ചെയ്യുകയായിരുന്നുവെന്ന ചോദ്യം പ്രസക്തമാണ്.

ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ദർശനം ബഹുദൈവാരാധനയിലേക്ക് വഴിമാറിപ്പോകുന്നത് ആ സമൂഹത്തിലെ പണ്ഡിതന്മാരെല്ലാം നിഷ്ക്രിയരായി നോക്കിനിന്നുവെന്ന് അനുമാനിക്കുക വയ്യ. പണ്ഡിതന്മാരിൽ പലരും നവോത്ഥാനത്തിന് മുതിർന്നിട്ടുണ്ടാവണം. അപ്പോൾ പൊതുജനത്തിൻെറ ഹിതത്തിനനുസരിച്ച് മതത്തെ മാറ്റിമറിക്കാൻ സന്നദ്ധരായ പുരോഹിതന്മാർ ഇത്തരം പണ്ഡിതന്മാർക്കെതിരെ രംഗപ്രവേശം ചെയ്തിട്ടുമുണ്ടായിരിക്കണം. അവരുടെ ന്യായീകരണങ്ങളും വാദങ്ങളുമാണ് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതും ആലേഖനം ചെയ്യപ്പെട്ടതും. സമൂഹത്തിനെതിരെ ഏകദൈവവിശ്വാസത്തിൻെറ ധ്വജവാഹകരായി നിലകൊണ്ട പണ്ഡിതന്മാർ കാലാന്തരത്തിൽ വിസ്മരിക്കപ്പെടുകയും അവരോടൊപ്പം അവരുടെ ആശയങ്ങളും മരിച്ചുമണ്ണടിയുകയും ചെയ്തിരിക്കണം. പിന്നീട് അവ ഏറ്റെടുക്കുവാൻ ആളില്ലാതെയായതായിരിക്കണം അവയുടെ സമ്പൂർണ്ണനാശത്തിന് വഴിതെളിയിച്ചത്.

പല ദേവന്മാരെയും വിളിച്ച് പ്രാർത്ഥിച്ചിരുന്ന ഹൈന്ദവ സമൂഹത്തെ ഏകദൈവാരാധനയുടെ നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നതിന് പകരം ഈ ബഹുദൈവ വിശ്വാസംകൂടി ഏകദൈവ വിശ്വാസ



ത്തിൻെറ ഭാഗമാണെന്ന് വരുത്തിത്തീർത്ത് സമൂഹത്തെ അന്ധകാരത്തിൽ തളച്ചിടാൻ ശ്രമിച്ചപുരോഹിതന്മാരുടെ രചനകൾക്കാണ് സമൂഹത്തിൽ ശാശ്വതത്വം ലഭിച്ചത്. "സത്തായ ഒന്നിനെ വിദ്വാൻമാർ പലതായി പ്രകീർത്തിക്കുന്നു"[1]വെന്നും "സത്തായ ഒന്നിനെ അറിവുള്ളവർ പലതായി കൽപ്പിക്കുന്നു"[2] വെന്നുമാണ് അത്തരം പണ്ഡിതന്മാർ സമൂഹത്തെ പഠിപ്പിച്ചത്. ഈ സൂക്തങ്ങളിൽ സത്തായ ഒന്നിനെ പലതായി കൽപ്പിക്കുന്നവരാണ് അറിവുള്ളവരെന്ന ധ്വനി അടങ്ങിയിരിക്കുന്നു. അഥവാ സത്തായ ഒന്നിനെ ഒന്നുമാത്രമായി കൽപ്പിക്കുന്നവർ വിദ്വാൻമാരല്ല. ശുദ്ധമായ ഏകദൈവവിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിച്ച പണ്ഡിതന്മാരെ വിമർശിച്ച് അവർ വിവരദോഷികളാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമായിരിക്കാം ഈ സൂക്തങ്ങൾക്ക് പിന്നിലുള്ളത്. ബഹുദൈവാരാധന താത്വികമായി ഏകദൈവവിശ്വാസം തന്നെയാണെന്ന ഈ സൂക്തങ്ങളുടെ ന്യായീകരണമാണ് ഇന്ന് കാണുന്ന രൂപത്തിലുള്ള വിചിത്രമായ ബഹുദൈവവിശ്വാസത്തിലേക്ക് ഹിന്ദുമതത്തെ ആപതിപ്പിച്ചത്.

ഏകദൈവവിശ്വാസംതന്നെയാണ് ശരിയെന്ന് മനസ്സിലാക്കുകയും എന്നാൽ സമൂഹത്തിൽ വളർന്നുവന്ന ബഹുദേവതാവിശ്വാസത്തെ പെട്ടെന്ന് വിമർശിക്കുന്നത് തങ്ങളുടെ വ്യക്തിജീവിതത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഭയക്കുകയും ചെയ്ത മറ്റൊരു വിഭാഗം പണ്ഡിതന്മാരെകൂടി ചില വേദസൂക്തങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നു. "ദേവന്മാരുടെ നാമങ്ങളെ ധരിച്ചിട്ടുള്ള വ്യക്തി ഒന്നുതന്നെയാകുന്നു"[3] വെന്ന ഉപദേശത്തിലൂടെ ജനങ്ങളെ ഏകദൈവ വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ അവർ ശ്രമിച്ചുവെങ്കിലും, പിന്നീട് ബഹുദൈവാരാധന ഏകദൈവവിശ്വാസത്തിൻെറ ഭാഗമാണെന്ന ന്യായീകരണത്തിനനുകൂലമായി അവരുടെ വചനങ്ങൾ വ്യാഖ്യാനിക്കപ്പെടുകയാണ് ചെയ്തത്.

ഏകദൈവവിശ്വാസം പണ്ഡിതന്മാർക്ക് വെളിപ്പെട്ടിട്ടും പാമരൻമാരിൽ സ്വാധീനം ചെലുത്തിയില്ലെന്ന യാഥാർത്ഥ്യം ഡോക്ടർ രാധാകൃഷ്ണൻ സമ്മതിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "ചില പ്രത്യേകക്കാരുടെ മസ്തിഷ്കം രൂപവൽക്കരിച്ച ദർശനാത്മകമായ

1 ഏകം സദ്വിപ്രാ ബഹുധാവദന്തി (ഋഗ്വേദം 2:3:6)
2. ഏകം സന്തം ബഹുധാ കൽപ്പയന്തി (ഋഗ്വേദം 8:6:6)
3. യോദേവാനാം താമധാ ഏക ഏവ (ഋഗ്വേദം 8:3:3)

ഏകദൈവസങ്കൽപ്പം പാമരജനങ്ങളുടെ അന്ധവികാരങ്ങളുമായി ഒരു പരസ്പര ധാരണയിലെത്തിയിരുന്നു. വാസ്തവത്തിലിതുമൂലം പണ്ഡിതന്മാരുടെയും പാമരന്മാരുടെയും ഇടയിൽ ചിന്താപരമായ ഒരു സന്ധിയുടെ അന്തരീക്ഷം സംജാതമായി. അതിപ്പോഴും തുടർന്നുവരുന്നു"[1]. പണ്ഡിതന്മാർക്ക് വെളിപ്പെട്ട ഏകദൈവവിശ്വാസം സാധാരണക്കാരിൽനിന്നും മറച്ചുവെക്കപ്പെട്ടുവെന്നർത്ഥം. ഇതിന് കാരണം സ്വാർത്ഥതയാവാം. അല്ലെങ്കിൽ പരമ്പരാഗത വിശ്വാസങ്ങളെ എതിർത്താലുണ്ടാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച ഭയമാവാം. എന്തായിരുന്നാലും ആ മറച്ചുവെക്കലാണ് ഇന്ന് കാണുന്ന രൂപത്തിൽ, ഏകദൈവത്തിൻെറ സ്വാധീനത്തെക്കുറിച്ചുപോലുമറിയാത്ത വിധത്തിലുള്ള ബഹുദൈവ വിശ്വാസത്തിലേക്ക് ഹൈന്ദവ ദർശനം പരിണമിക്കാനുള്ള പല കാരണങ്ങളിലൊന്ന്.

എല്ലാ ദൈവങ്ങളെയും യോജിപ്പിച്ച് ഏകദൈവമാക്കാനുള്ള ഒരു ശ്രമം ഗീതയിലൂടെയും നടത്തപ്പെടുന്നുണ്ട്. "ഹേ.... കുന്തീപുത്രാ! ശ്രദ്ധയോടെ അന്യദേവതകളെ ആരാധിക്കുന്ന ഭക്തന്മാർ വിധിപ്രകാരമല്ലാതെ എന്നെത്തന്നെയാണ് ആരാധിക്കുന്നത്"[2] എന്ന കൃഷ്ണോപദേശത്തിലൂടെ വിവിധ ദൈവങ്ങളെ ആരാധിക്കുന്നവരും കൃഷ്ണനെന്ന ഏകദൈവത്തെ തന്നെയാണ് ആരാധിക്കുന്നതെന്ന് വരുത്തിത്തീർക്കാൻ ഗീതാകാരൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇത് ഗീതയിലെതന്നെ മറ്റുചില വചനങ്ങളുമായി പൊരുത്തപ്പെടുന്നില്ല. "ഇന്ദ്രാദി ദേവന്മാരെ ഉദ്ദേശിച്ച് വ്രതമനുഷ്ഠിക്കുന്നവർ ഇന്ദ്രാദികളെ തന്നെ പ്രാപിക്കുന്നു. പിതൃദേവന്മാരെ ഭജിക്കുന്നവർ പിതൃക്കളെയും പ്രാപിക്കുന്നു. എന്നെ ആരാധിക്കുന്നവർ പരമാനന്ദസ്വരൂപനായ എന്നെത്തന്നെ പ്രാപിക്കുന്നു"[3]വെന്ന് കൃഷ്ണൻ പറയുമ്പോൾ ദേവപിതൃമാനവാദികളെ ആരാധിക്കുന്നത് വ്യർത്ഥമാണെന്നും ഈശ്വരപ്രാപ്തിക്ക് അവനെമാത്രം ആരാധിച്ചിട്ടേ കാര്യമുള്ളൂവെന്നും വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

മറ്റ് ദൈവങ്ങളെയെല്ലാം വിഷ്ണുവിൽ ലയിപ്പിക്കാനുള്ള ശ്രമമാണ് ഗീതയിൽ കാണുന്നത്. വിഷ്ണുവിൻെറ അവതാരമെന്ന് വിശേ

1.Dr. Radhakrishnan: Indian Philosophy Vol I Page 145.
2.യേfപ ന്യ ദേവതാ ഭക്താ യജന്തേ ശ്രദ്ധയാന്വിതാഃ
തേ പി മാമേവ കൌന്തേയ യജന്ത വിധി പൂർവ്വകം (ഭഗ്വദ്ഗീത 9:23)
3.യാന്തി ദേവവ്രതാ ദേവാൻ പിതൄൻ യാന്തി പിതൃവ്രതാഃ
ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ്യാജിനോപിമാം (ഗീത 9:25)



ഷിപ്പിക്കപ്പെടുന്ന ശ്രീകൃഷ്ണൻ പറയുന്നു: "ഈ ജഗത്തിൻെറ പിതാവും മാതാവും പിതാമഹനും കർമ്മഫലദാതാവും അറിയപ്പെടേണ്ട വസ്തുവും പരിശുദ്ധ വസ്തുവും ഓങ്കാരവും ഋഗ്വേദവും സാമവേദവും യജുർവേദവും ഞാൻതന്നെയാകുന്നു"[1] "ചരാചരാത്മങ്ങളായ എല്ലാ ഭൂതങ്ങളും എൻെറ രണ്ടുതരത്തിലുള്ള പ്രകൃതിയിൽനിന്നുണ്ടായവയാകുന്നു. അതിനാൽ ഞാൻ സകല ലോകത്തിൻെറയും ഉൽപ്പത്തിക്കും ലയത്തിനും കാരണഭൂതനാകുന്നു"[2] "പ്രാപ്യസ്ഥാനവും ഭരണകർത്താവും നിയന്താവും പ്രത്യക്ഷത്തിൽ കണ്ടറിയുന്നവനും വാസസ്ഥാനവും രക്ഷകനും ഹിതകാരിയും സൃഷ്ടികർത്താവും സംഹാരകർത്താവും പാലനകർത്താവും പ്രളയസ്ഥാനവും നാശരഹിതമായ മൂലകാരണവും ഞാൻതന്നെയാകുന്നു"[3].

ഒരുവശത്ത് ശ്രീകൃഷ്ണപൂജയിലധിഷ്ഠിതമായ ഏകദൈവ വിശ്വാസം പ്രബോധനം ചെയ്യുന്ന ഭഗ്വദ്ഗീതതന്നെ മറുവശത്ത് ദേവപൂജക്ക് അനുമതി നൽകുകയും വ്യത്യസ്ത ദേവതകളെ ആരാധിക്കുന്നതിലൂടെ ഏകദൈവത്തെതന്നെയാണ് ആരാധിക്കുന്നതെന്ന ധാരണയുണ്ടാക്കുകയും ചെയ്യുന്നു. "ഏതേത് ഭക്തന്മാർ ഏതേത് രൂപത്തെ ശ്രദ്ധാപൂർവ്വം അർച്ചിക്കാനിഛിക്കുന്നുവോ ആ ഭക്തന്മാരുടെ ആ രൂപത്തിലുള്ള ശ്രദ്ധയെതന്നെ ഞാൻ സ്ഥിരമാക്കിത്തീർക്കുന്നു. സ്ഥിരമായ ശ്രദ്ധയോടെ ആ ഭക്തൻ ആ സ്വരൂപത്തെ ആരാധിക്കുന്നു. സർവ്വാന്തര്യാമിയായ ഞാൻതന്നെ ഉണ്ടാക്കിത്തീർക്കുന്ന ആ അഭീഷ്ട വസ്തുക്കളെ ആ ദേവതാസ്വരൂപത്തിൽനിന്ന് അവന് കിട്ടുകയും ചെയ്യുന്നു"[4]. ഈ ധാരണയിലൂടെ ഏകദൈവമായ വിഷ്ണുവിന് ഔന്നത്യം നൽകാനാണ് ഗീതാകാരൻ ശ്രമിക്കുന്നതെങ്കിലും ശൈവ-വൈഷ്ണവ സംഘട്ടനങ്ങളിലേക്കാണവ പിന്നീട് നയിച്ചത്. ഏതായിരുന്നാലും വിഷ്ണുവിനെ ഏകദൈവമാക്കാനുള്ള ഗീതാകാരൻെറ ശ്രമവും പ്രായോഗികമായി പരാജയപ്പെടുന്നതാണ് ഇന്ത്യയിൽ കാണാൻ കഴിയുന്നത്. അതിനുള്ള കാരണം, ബഹുദൈവാരാധനയുടെ അംഗീകരണമല്ലാതെ മറ്റൊന്നുമല്ല.

1. പിതാfഹമസ്യ ജഗതോ മാതാധാതാ പിതാമഹഃ
വേദ്യം പവിത്രമോങ്കാര ഋക്സാമ യജുരേവ ച (ഗീത 9:17).
2. ഏതദ്യോ നീനി ഭൂതാനി സർവ്വാണീത്യുപധാരയ
അഹം കൃത്സ്നസ്യ ജഗതഃ പ്രഭവഃ പ്രളയസ്തഥാ (ഗീത 7:6).
3. ഗതിർഭർത്താ പ്രഭുഃസാക്ഷീ നിവാസഃശരണം സുഹൃത്
പ്രഭവഃപ്രളയഃസ്ഥാനം നിധാനം ബീജമവ്യയം (ഗീത 9:18)
4.ഗീത 7:21,22.

ബഹുദൈവാരാധനയിൽനിന്ന് ഏകദൈവവിശ്വാസത്തിലേക്ക് ഹിന്ദുക്കളെ കൊണ്ടുവരുന്നതിന് ശ്രമിച്ച നവോത്ഥാന പ്രസ്ഥാനങ്ങളുടെ പലതിൻെറയും തകർച്ചയാണ് ഭാരതീയ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. രാജാറാം മോഹൻറോയിയുടെ 'ബ്രഹ്മസമാജം' ഇന്നെവിടെ? റാനഡെയുടെ 'പ്രാർത്ഥനാസമാജ'മെവിടെ? രാമാനന്ദൻെറയും കബീറിൻെറയും 'ഭക്തിപ്രസ്ഥാന'മെവിടെ? ഈ പ്രസ്ഥാനങ്ങളെല്ലാം ഏകദൈവവിശ്വാസം പ്രബോധനം ചെയ്യാൻ ശ്രമിച്ചു. അതുകൊണ്ടുതന്നെ ഭാരതത്തിൻെറ മണ്ണിൽ ചരിത്രത്തിൻെറ ഏടുകളിൽ മാത്രമായിത്തീർന്നു അവരുടെ പ്രസക്തി. പ്രായോഗിക ജീവിതത്തിൽ നിന്ന് അവ പൂർണ്ണമായും പറിച്ചുമാറ്റപ്പെട്ടു. എന്തിനധികം, ദയാനന്ദ സരസ്വതിയുടെ ആര്യസമാജംപോലും അതിൻെറ തീവ്രവും സങ്കുചിതവുമായ ദേശീയത മാത്രം അവശേഷിപ്പിച്ച്,ദാർശനികമായ ഏകദൈവസിദ്ധാന്തത്തോടൊപ്പം ഭാരതമണ്ണിൽ ചരമം പ്രാപിച്ചതാണല്ലോ നാം കാണുന്നത്!.

എന്നാൽ, കല്ല് മുതൽ കാഞ്ഞിരകുറ്റിവരെയുള്ള സകലതിനെയും ആരാധിക്കുന്നതിന് താത്വികമായ അടിത്തറ പണിത ശ്രീശങ്കരൻെറ അദ്വൈത ദർശനത്തിനാണ് ചരിത്രത്തിൽ ഹൈന്ദവ നവോത്ഥാനമെന്ന അദ്ധ്യായത്തിന് കീഴിൽ സ്ഥാനമുള്ളത്. ശങ്കരാചാര്യരെ പാടിപ്പുകഴ്ത്താൻ എന്നും ആളുകളുണ്ട്. അദ്ദേഹത്തെ പിന്തുടരാനും ആശയങ്ങൾ പ്രചരിപ്പിക്കാനും ജന്മവാർഷികങ്ങൾ കൊണ്ടാടാനും നിരീശ്വര പ്രത്യയശാസ്ത്രങ്ങളുടെ വക്താക്കൾപോലും മുൻനിരയിൽ തന്നെയുണ്ടെന്ന വസ്തുതയാണ് ഏറെ വിചിത്രമായിട്ടുള്ളത്.

വേദങ്ങളിലെയും ഉപനിഷത്തുകളിലെയും ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ തത്വസംഹിതകൾക്ക്, അവയുടെ മാത്രം അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പ്രായോഗിക രൂപം നൽകാൻ സാധ്യമല്ലെന്നാണ് ഹൈന്ദവനവോത്ഥാന പ്രസ്ഥാനങ്ങളുടെ പരാജയത്തിൽ നിന്ന് മനസ്സിലാക്കേണ്ടത്. ഏകദൈവാദർശത്തിൻെറ പ്രായോഗികവൽക്കരണത്തിന് അപ്രമാദിതമായ ദൈവിക സ്രോതസ്സുകൾക്കേ കഴിയൂ. ദൈവിക ബോധനത്തിൻെറ മാനുഷിക കരവിരുതുകളിൽ നിന്ന് മുക്തമായ സമാഹാരങ്ങൾക്കേ സാധിക്കൂ. അത്തരം സ്ഖലിത രഹിതമായ ദൈവിക സ്രോതസ്സായി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കാൻ പറ്റുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ്.



2

# ബഹുദൈവസങ്കൽപ്പം

വിശദാംശങ്ങളിൽ വ്യത്യസ്തമെങ്കിലും പ്രപഞ്ചത്തിൻെറ നിയന്ത്രണച്ചുമതലയുള്ള ശക്തികളെക്കുറിച്ച വിശ്വാസം ഏറെക്കുറെ എല്ലാ മതങ്ങളിലും കാണാൻ കഴിയും. സെമിറ്റിക് മതങ്ങൾ ഈ ശക്തികളെ വിളിക്കുന്നത് മലക്കുകളെന്നും മാലാഖ (Angels)മാരെന്നുമാണ്. ഗ്രീക്കുകാർ ഥിയോസ് (Theos) എന്നും റോമക്കാർ ഡെയൂസ് (Deus) എന്നും പേർഷ്യക്കാർ യസ്താനെ (Esthan)ന്നും വിളിക്കുന്നത് ഈ ശക്തികളെത്തന്നെയാണ്. മലക്കുകൾക്ക് ഏതെങ്കിലും രൂപത്തിലുള്ള ദിവ്യത്വമുള്ളതായി മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. മാലാഖമാരിൽ പ്രമുഖനായ പരിശുദ്ധാത്മാവ് ദൈവിക ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായിട്ടാണ് ക്രൈസ്തവർ പരിഗണിക്കുന്നത്. മാലാഖമാർ ദൈവത്തിൻെറ പെൺമക്കളാണെന്നായിരുന്നു മക്കയിലെ ബഹുദൈവ വിശ്വാസികളുടെ വിശ്വാസം. ഗ്രീക്ക്-റോമൻ പുരാണങ്ങളിലെ ഥിയോസും ഡെയൂസും സ്വന്തമായ അതീശാധികാരങ്ങളും സ്വതന്ത്രമായ അസ്തിത്വവുമുള്ളവരാണ്.

ഹൈന്ദവ പുരാണങ്ങളിലെ 'ദേവ'സങ്കൽപ്പം സെമിറ്റിക് മതങ്ങളിലെ മാലാഖമാരിലുള്ള വിശ്വാസവുമായി താത്വിക പൊരുത്തം

പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ, മാലാഖമാർ ദൈവകൽപ്പനകളനുസരിച്ച് മാത്രം പ്രവർത്തിക്കാൻ വിധിക്കപ്പെട്ടവരാണെന്ന വിശ്വാസവുമായി പൊരുത്തപ്പെടാൻ ആര്യദേവ സങ്കൽപ്പത്തിന് കഴിയുന്നില്ല. വേദപുരാണങ്ങളിൽ പ്രസ്താവിക്കുന്ന ദേവന്മാരിൽ പലർക്കും സ്വതന്ത്രമായ നിയന്ത്രണാധികാരങ്ങളും കൈകാര്യകർത്തൃത്വവും കൽപ്പിക്കപ്പെടുന്നുണ്ട്.

മതചരിത്രത്തെ പരിണാമ പ്രക്രിയയുടെ ഭൗതിക വീക്ഷണത്തിലൂടെ മാത്രം നോക്കിക്കണ്ട ഗവേഷകർ പ്രകൃതിപ്രതിഭാസ പൂജയും പിതൃരാരാധനയുമാണ് ഈ ബഹുദേവതാ സങ്കൽപത്തിന് അടിത്തറപാകിയതെന്നും ഉപനിഷത്തുകളിൽ കാണുന്ന ഏകത്വവിഭാവന ബഹുദേവസങ്കൽപ്പത്തിൽ നിന്ന് ഉരുത്തിരിഞ്ഞുണ്ടായതാണെന്നും വാദിക്കുന്നു. ഭാരതീയ മതങ്ങളുടെ മൂലം ഏകദൈവവിശ്വാസത്തിലാണെന്ന് നാം കണ്ടു. ഈ ഏകദൈവ വിശ്വാസത്തോടൊപ്പം ഭാരതത്തിൽവന്ന പ്രവാചകന്മാർ പ്രബോധനം ചെയ്ത മലക്കുകളിലുള്ള വിശ്വാസമാണ് ദേവസങ്കൽപ്പത്തിന്റെ അടിത്തറയായി വർത്തിച്ചതെന്ന് സൂക്ഷ്മ വിശകലനത്തിൽ നമുക്ക് കാണാൻ കഴിയും. മലക്കുകളെ ആരാധിച്ചിരുന്ന[1] സമൂഹങ്ങളെപ്പോലെ ഭാരതീയരും ദേവാരാധനയിലേക്ക് വഴിതെറ്റിപ്പോകുന്നതിന്റെ ചിത്രമാണ് ഋഗ്വേദവും മറ്റും നമുക്ക് തരുന്നത്.

**ദേവശബ്ദത്തിന്റെ ഉൽപ്പത്തി:-** തിളങ്ങുക എന്നർത്ഥംവരുന്ന 'ദിവ' ശബ്ദത്തിൽനിന്നാണ് ദേവശബ്ദത്തിന്റെ ഉൽപ്പത്തി. പ്രകശിക്കുന്നവനെന്നാണ് ദേവശബ്ദംകൊണ്ട് വിവക്ഷിക്കുന്നതെന്ന് ഡോക്ടർ രാധാകൃഷ്ണൻ[2] ചൂണ്ടിക്കാണിക്കുന്നുണ്ട്. പ്രകാശംകൊണ്ട് സൃഷ്ടിക്കപെട്ടവൻ എന്ന അർത്ഥത്തിലായിരിക്കാം 'ദേവൻ' എന്ന് വിളിക്കപ്പെട്ടത്. മലക്കുകൾ പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടത്[3] എന്നാണല്ലോ ഇസ്ലാമിക വിശ്വാസം.

എന്നാൽ പിന്നീട് ഈ പദത്തിനും അർത്ഥവ്യത്യാസമുണ്ടായി. 'മനുഷ്യന് ദാനം നൽകുന്നവനാണ് ദേവൻ' എന്നാണ് നിരുക്തത്തിൽ നിർവ്വചിച്ചിരിക്കുന്നത്. "മറ്റ് മനുഷ്യർക്ക് ദാനം നൽകുന്ന വിദ്വാനായ മനുഷ്യനും ദേവൻതന്നെയാണ് (വിദ്വാം സോഹി ദേവഃ)

1. ഖുർആൻ 43:20.
2. Dr. S. Radhakrishnan: Indian Philosophy Vol 1 Page 52
3. സഹീഹു മുസ്ലിം.



സൃഷ്ടിക്ക് മുഴുവനും വെളിച്ചം നൽകുന്നതിനാൽ സൂര്യൻ, ചന്ദ്രൻ, അന്തരീക്ഷം എന്നിവയും ദേവൻമാർതന്നെ. അച്ഛൻ, അമ്മ, ഗുരുക്കന്മാർ എന്നിവരും ദേവൻമാരാണ് (മാതൃദേവോ ഭവഃപിതൃദേവോ ഭവഃ ആചാര്യദേവോഭവഃ)" എന്നാണ് നിരുക്തം[1] പറയുന്നത്.

**സ്വതന്ത്ര ദൈവങ്ങളല്ല:-** ദേവന്മാർ ഓരോരുത്തരെയും സ്വതന്ത്രന്മാരും ആരാധ്യാർഹരുമായാണ് വേദങ്ങളും പുരാണങ്ങളും മറ്റും അവതരിപ്പിക്കുന്നത്. എന്നാൽ, ദേവന്മാരെല്ലാവരും തന്നെ പ്രവർത്തിക്കുന്നത് ഏകനായ ദൈവത്തിന്റെ ആജ്ഞപ്രകാരമാണെന്ന് വ്യക്തമാക്കുന്ന ഉപനിഷത്സൂക്തങ്ങളുണ്ട്. തൈത്തിരിയോപനിഷത്ത് പറയുന്നു. "ഇതിനെ ഭയന്നിട്ടാണ് വായു ചലിക്കുന്നത്. ഇതിനെ ഭയന്നാണ് സൂര്യൻ ഉദിക്കുന്നത്. ഇതിനെ ഭയന്നിട്ടുതന്നെയാണ് അഗ്നിയും ഇന്ദ്രനും പഞ്ചമനായ മൃത്യുവും അവരുടെ കർമ്മങ്ങൾ അനുഷ്ഠിക്കുന്നത്"[2]

ഇന്ദ്രൻ, ബ്രഹ്മാവ്, വിഷ്ണു തുടങ്ങിയ പ്രധാന ദേവന്മാരെല്ലാം ദൈവസൃഷ്ടികളാണെന്ന്[3] ഉപനിഷത്തുകൾ വ്യക്തമാക്കുന്നുണ്ട്. അവരെ പരിപാലിക്കുന്നവനും ബ്രഹ്മംതന്നെയാണ്. ഇതിൽനിന്നെല്ലാം ദേവന്മാരെല്ലാംതന്നെ ഏകദൈവത്തിന്റെ സൃഷ്ടികളും ആജ്ഞാനുവർത്തികളുമാണ് എന്നും അവർക്ക് സ്വതന്ത്രമായ കൈകാര്യകർത്തൃത്വമില്ലെന്നും തന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്.

**ഉത്ഭവകാരണങ്ങൾ:-** ദേവസങ്കൽപ്പത്തിന്റെ ഉൽപത്തി മലക്കുകളിലുള്ള വിശ്വാസത്തിലായിരിക്കാനുള്ള സാധ്യത നാം മനസ്സിലാക്കി. ഏകദൈവവിശ്വാസത്തിൽനിന്നും ബഹുദേവസങ്കൽപ്പത്തിലേക്കുള്ള ഹൈന്ദവതയുടെ പരിണാമത്തിന് ഒന്നിലധികം കാരണങ്ങളുണ്ട്. ആര്യദസ്യു സംഘട്ടനങ്ങളാണ് ദേവസങ്കൽപ്പത്തിന്റെ ഉൽപ്പത്തിക്ക് നിദാനമായതെന്ന് സങ്കൽപ്പിക്കുന്നവരുണ്ട്. പ്രകൃതിപൂജയിൽനിന്നാണ് ഹൈന്ദവദേവസങ്കൽപ്പം രൂപാന്തരപ്പെട്ടതെന്ന് വാദിക്കുന്നവരുണ്ട്. ദസ്യുക്കളുടെ വിശ്വാസങ്ങളും ആര്യന്മാരുടെ വിശ്വാസങ്ങളും കൂടി നടന്ന സങ്കലനത്തിന്റെ ഉപോൽപ്പന്നമാണ് ദേവന്മാരിലുള്ള വിശ്വാസമെന്ന അഭിപ്രായവും ചിലർക്കുണ്ട്. ഈ

1. Quoted by: Drs. Radhakrishnan: Indian Philosophy Vol 1 Page 52.
2. തൈത്തീരീയോപനിഷത്ത് 8:4.
3. ശ്വേതാശതരോപനിഷത്ത് 4:12

അഭിപ്രായങ്ങളിലെല്ലാം യാഥാർത്ഥ്യത്തിൻെറ അംശങ്ങളില്ലെന്ന് പറ ഞ്ഞുകൂട. പക്ഷേ, ഇതിലെ ഏതെങ്കിലും ഒരഭിപ്രായത്തിൻെറ മാത്രം പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് ദേവവിശ്വാസത്തിൻെറ ഉൽപ്പത്തി യെയും പരിണാമത്തെയും വിശദീകരിക്കുക സാധ്യമല്ല. ഇവയെല്ലാം തന്നെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദേവവിശ്വാസത്തി ൻെറ ഉൽപ്പത്തിക്ക് നിദാനമായിട്ടുണ്ടെന്നതാണ് വാസ്തവം.

ഹൈന്ദവ ദേവസങ്കൽപ്പത്തിൻെറ ഉൽപ്പത്തിക്ക് പ്രധാനമായും മൂന്ന് കാരണങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഒന്ന്. ഉപനിഷത്തുകളുടെ അടിസ്ഥാനാശയമായ ഏകദൈവ വിശ്വാസത്തോടൊപ്പം പ്രവാചകന്മാർ പ്രബോധനം ചെയ്ത മാലാഖ മാരിലുള്ള വിശ്വാസം പരിണമിച്ച് മനുഷ്യരൂപത്തിലേക്ക് വരികയും അവരുടെ ശക്തികൾക്ക് മനുഷ്യരൂപം നൽകി വികൃതമാക്കപ്പെടുക യും ചെയ്തു.

രണ്ട്. സമൂഹത്തിൽ ആദരിക്കപ്പെട്ടിരുന്ന ആളുകൾ മരണ ശേഷം ആരാധിക്കപ്പെടുകയും ദേവന്മാരായി വ്യവഹരിക്കപ്പെടുകയും ചെയ്തു.

മൂന്ന്. പ്രകൃതി പ്രതിഭാസങ്ങളും, മനുഷ്യേതരമായ അചേതന ങ്ങളും സചേതനങ്ങളുമായ വസ്തുക്കളും അവയോടുള്ള ഭയം കൊണ്ടോ അവയിൽനിന്ന് ലഭിക്കുന്ന ഉപകാരംകൊണ്ടോ ദേവന്മാരാ യി വ്യവഹരിക്കപ്പെട്ടു.

വേദങ്ങളിൽ പ്രധാനപ്പെട്ട ഋഗ്വേദപ്രകാരം ഭൂമി, അന്തരീക്ഷം, സ്വർഗ്ഗം എന്നിവയിൽ ആകെ മുപ്പത്തിമൂന്ന് ദേവന്മാരാണുള്ളത്. ഇന്ദ്രൻ, വായു, അഗ്നി, സോമൻ, മിത്രൻ, സൂര്യൻ, പർജ്ജന്യൻ, വരുണൻ, വിഷ്ണു, ഉഷസ്സ്, രണ്ട് അശ്വിനിമാർ, രുദ്രൻ, പ്രജാപതി, പൂർഷാവ്, യമൻ, ആര്യമാവ്, മരുത്തുക്കൾ, ബൃഹസ്പതി, സരസ്വതി, അദിതി, ആദിത്യന്മാർ, ഋഭുക്കൾ, ഇളത്വാഷ്ടാവ്, വൈശ്വാനരൻ, സവിതാവ്, വരുണാനി, ഇന്ദ്രാണി, അഗ്നേയിവസുക്കൾ, ഭാരതി, മാതരിശ്വാവ്, നാസത്യന്മാർ എന്നിവരാണവർ. ഇവരിൽ ചിലർ ദേവ തകളാണ്. ഈ ദേവന്മാരിൽ ആരെല്ലാം മുകളിൽ പറഞ്ഞ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്ന് കൃത്യമായി കണക്കാക്കുക വയ്യ. ചില ദേവന്മാരെ സങ്കൽപ്പിക്കുന്നതിന് മുകളിൽ പറഞ്ഞ ഒന്നിലേറെ കാരണങ്ങൾ സ്വാധീനം ചെലുത്തിയതായി കാണാൻ കഴിയും.



ആദിആര്യന്മാർക്ക് ദേവന്മാരെ ആരാധിക്കുന്ന പതിവുണ്ടായി രുന്നില്ലെന്നും പിന്നീടാണ് വിവിധ ദേവികാദേവന്മാരെയും വിഗ്രഹ ങ്ങളെയും ആരാധിക്കുന്ന സമ്പ്രദായം ഉടലെടുത്തതെന്നും പ്രമുഖ ഗവേഷകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിശ്വവിജ്ഞാനകോശം എഴു തുന്നു: " അഥർവ്വവേദത്തിൻെറ കാലമായപ്പോഴേക്കും ആരംഭത്തിൽ വിഗ്രഹാരാധന ശീലിച്ചിട്ടില്ലായിരുന്ന ആര്യൻ ജനത മന്ത്രവാദത്തി ലും പലതരം ദേവീദേവന്മാരെ ആരാധിക്കുന്നതിലും തൽപ്പരരായി ക്കഴിഞ്ഞിരുന്നു"[1].

**ത്രിമൂർത്തികൾ:-** ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിങ്ങനെ മൂന്ന് മൂർത്തികളിലായി നിരാകാര നിർഗുണ ബ്രഹ്മം സ്ഥിതി ചെയ്യു ന്നുവെന്നാണ് ഹൈന്ദവ വിശ്വാസം. ബ്രഹ്മാവ് സൃഷ്ടിയുടെയും വിഷ്ണു സ്ഥിതിയുടെയും ശിവൻ സംഹാരത്തിൻെറയും ദേവന്മാരാ ണ്. ഈ ത്രിമൂർത്തി സങ്കൽപ്പത്തിൻെറ വേരുകൾ ദൈവികമതത്തി ലെ മാലാഖാ സങ്കൽപ്പത്തിലായിരിക്കാൻ സാധ്യതയുണ്ട്. പക്ഷേ, ഇവയ്ക്കും മനുഷ്യവ്യക്തികളുടെ ശക്തിയും സ്വഭാവങ്ങളും സ ങ്കൽപ്പിച്ചതിനാൽ ഏറെ വിചിത്രമായ ഒരു ചിത്രമാണ് നമുക്കിന്ന് അവയെക്കുറിച്ച് ലഭിക്കുന്നത്.

പുരാണങ്ങളിലാണ് ഈ മൂന്ന് ദേവന്മാരും ബ്രഹ്മത്തിൻെറ മൂന്ന് മൂർത്തികളാണെന്ന ആശയം തെളിഞ്ഞുകാണുന്നത്. വായു പുരാണം പറയുന്നു: "ബ്രഹ്മാവ് ചരാചരങ്ങളെ സൃഷ്ടിക്കുന്നു. കാലനവയെ സംഹരിക്കന്നു. പുരുഷൻ ഇവയെയെല്ലാം വ്യത്യസ്ത ങ്ങളായി നിലനിർത്തുന്നു. ഇവ മൂന്നും പ്രജാപതിയുടെ മൂന്ന് ഘട്ടങ്ങ ളത്രെ"[2]. കൂർമ്മപുരാണം പറയുന്നത് ഇങ്ങനെയാണ്: "സൃഷ്ടിയും സ്ഥിതിയും സംഹാരവും അവൻെറ വ്യത്യസ്ത രൂപങ്ങൾ മാത്രമാ കുന്നു. സ്വയം സത്ത്വമായ വിഷ്ണുഭഗവാനാണ് സൃഷ്ടികളെ മുഴു വൻ നിലനിർത്തുന്നത്. സ്വയം രജസ്സായ ബ്രഹ്മാവ് സൃഷ്ടിക്കുകയും തമസ്സ് സംഹരിക്കുകയും ചെയ്യുന്നു"[3].

ഉപനിഷത്തുകൾ ഈ മൂന്ന് ദേവന്മാരെക്കുറിച്ചും പ്രതിപാദിക്കു ന്നുണ്ടെങ്കിലും അവ ഒന്നിനോടൊന്ന് ബന്ധപ്പെട്ടുകൊണ്ടാണെന്നോ

1. വിശ്വവിജ്ഞാനകോശം, വാല്യം 2, പുറം 281.
2. Quoted by S.R. Goyal: A Religious History of Ancient India Vol: II Page 75.
3. Ibid Page 76.

ഏകദൈവത്തിൻെറ മൂന്ന് മൂർത്തികളാണെന്നോ വ്യക്തമാക്കുന്നില്ല. സൃഷ്ടിയുടെ മൂർത്തിയെന്ന് വിശ്വസിക്കപ്പെടുന്ന ബ്രഹ്മാവിനെ ഒരു ലോകപാലകൻ മാത്രമായിട്ടാണ് പരമാത്മാവ് സൃഷ്ടിച്ചതെന്ന് ഐതരേയോപനിഷത്ത് വ്യക്തമാക്കുന്നത് നോക്കുക: "ഇപ്രകാരം സകല ലോകങ്ങളെയും സൃഷ്ടിച്ചതിനുശേഷം പരമാത്മാവ് ഇപ്രകാരം വിചാരിച്ചു 'ലോകങ്ങളെല്ലാം സൃഷ്ടിച്ചു. ഇനി ലോകങ്ങളെ സംരക്ഷിക്കുന്ന ലോകപാലകന്മാരെയും തീർച്ചയായും സൃഷ്ടിക്കണം'. ഇപ്രകാരം ചിന്തിച്ചിട്ട് അദ്ദേഹം ജലത്തിൽനിന്നും ഹിരണ്യ ഗർഭരൂപിയായ പുരുഷനെ സമുദ്ധരിച്ച് അതിനെ സർവ്വാംഗ്യുക്തനാക്കി മൂർത്തരൂപം കൊടുത്തു"[1]. ഇതിൽ പുരുഷൻ എന്ന് പ്രയോഗിച്ചിരിക്കുന്നത് ഒന്നാമതായി സൃഷ്ടിച്ചിരിക്കുന്ന ബ്രഹ്മാവിനെക്കുറിച്ചാണെന്ന് തൻെറ 'ഭാവപ്രകാശം' എന്ന ഉപനിഷത്ത് വ്യാഖ്യാനത്തിൽ കെ. ഭാസ്ക്കരൻ നായർ[2] വ്യക്തമാക്കുന്നുണ്ട്.

ഉപനിഷത്തുകളിൽ ചിലവ, ഇതിലെ ചില പ്രത്യേക ദേവന്മാരുടെ ഉപാസകന്മാരുടെ സ്വാധീനത്തിന് വിധേയമായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ചില ഉപനിഷത്തുകൾ ശിവനെ സകല ദേവന്മാരിലും ഉന്നതനായി വാഴ്ത്തുമ്പോൾ മറ്റു ചിലവ വിഷ്ണുവിനെയാണ് വാഴ്ത്തുന്നത്. പുരാണങ്ങൾ പറയുന്ന സൃഷ്ടി സ്ഥിതി സംഹാരത്തിൻെറ ദേവക്രമം ഉപനിഷത്തുകളിൽ കാൺമാനില്ല. ബ്രഹ്മാവാണ് സൃഷ്ടിക്കുന്നതെന്ന പുരാണ സങ്കൽപ്പത്തിന് വിരുദ്ധമായി "സമസ്ത പ്രാണികളെയും സൃഷ്ടിക്കുന്നത് വിഷ്ണുവാണെ"[3] ന്നാണ് ശരഭോപനിഷത്ത് പഠിപ്പിക്കുന്നത്. എന്നാൽ ഇതേ ഉപനിഷത്തുതന്നെ ശിവൻ മാത്രമാണ് നിത്യനെന്നും വിഷ്ണുവും ബ്രഹ്മാവും മറ്റ് ദേവന്മാരുമെല്ലാം മിഥ്യകളായതിനാൽ ത്യജിക്കപ്പെടേണ്ടതാണെന്നും പഠിപ്പിക്കുന്നുണ്ട്. "ഒരേയൊരു ശിവൻതന്നെയാണ് നിത്യനായിട്ടുള്ളത്. മറ്റുള്ളതെല്ലാം മിഥ്യയാണ്. അതുകൊണ്ടാണ് വിഷ്ണു മുതലായ സമസ്ത ദേവന്മാരെയും ത്യജിച്ച് സർവ്വസംസാരബന്ധനങ്ങളിൽനിന്നും മോചിപ്പിക്കുന്ന ഏകമാത്രമായ അദ്ദേഹത്തെ ധ്യാനി

1. സ ഈക്ഷതേ മേ നു ലോകാ ലോകാപാലാന്നു സൃജാ ഇതി
സോ $f$ ദ്ഭ്യഃ ഏവ പുരുഷം സമുദ് ധൃത്യാ മൂർഛയത്
(ഐതരേയോപനിഷത്ത് 1:1:3).
2. കെ. ഭാസ്ക്കരൻ നായർ: ഉപനിഷദ് ദീപ്തി, വാല്യം 2 പേജ് 87
3. വിഷ്ണുർ വിശ്വ ജഗദ്യോനിഃ (ശരഭോപനിഷത്ത് 22).



ക്കേണ്ടത്. സർവ്വസംഹാരകർത്താവായ ആ മഹേശ്വരനായിക്കൊണ്ട് നമസ്ക്കാരം"[1].

ഇതിനുനേരെ വിപരീതമായി ത്രിപാദ്വിഭൂതി മഹാനാരായണോപനിഷത്തിൽ വിഷ്ണുവിനെ ഉന്നതനും ശിവൻപോലും അന്വേഷിക്കുന്നവനുമായ ദേവനുമായി സങ്കൽപ്പിച്ചിരിക്കുന്നത് കാണാൻ കഴിയും. "അങ്ങ് (വിഷ്ണു)തന്നെയാണ് സർവ്വജ്ഞനും സർവ്വസ്വരൂപനും, സർവ്വേശ്വരനും, സർവ്വത്തിനും അധിഷ്ഠാനമായിട്ടുള്ളവനും സർവ്വശക്തിയും, സർവ്വ പ്രവർത്തകനും, സർവ്വരേയും പരിപാലിക്കുന്നവനും, സർവ്വ നിവർത്തകനും, സദസാത്മകനും, സദസദ്വിലക്ഷണനും, അന്തർബഹിർവ്യാപിയും സൂക്ഷ്മതരനും, അതിമഹതോമഹിയാനും സർവ്വത്തിൻെറയും അജ്ഞാന നിവർത്തകനും, വിദ്യാവിഹാരിയും, വിദ്യാധാരകനും, വിദ്യാവേദ്യനും, വിദ്യാസ്വരൂപനും, വിദ്യാതീതനും, സർവ്വകാരണങ്ങൾക്കും ഹേതുഭൂതനും, സർവ്വകാരണസമഷ്ടിയും, സർവ്വകാരണവ്യഷ്ടിയും, അഖണ്ഡാനന്ദനും, പരിപൂർണ്ണാനന്ദനും, നിരതിശയാനന്ദനും, തുരീയതുരീയനും, തുരീയാതീതനും, അനന്തങ്ങളായ ഉപനിഷത്തുകളിൽ അന്വേഷിക്കപ്പെടുന്നവനും സകലശാസ്ത്രങ്ങളാൽ അന്വേഷിക്കപ്പെടുന്നവനും, ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ തുടങ്ങിയ ദേവന്മാരാലും അന്യദേവന്മാരാലും അന്വേഷിക്കപ്പെടുന്നവനും അമൃതമയനും സർവ്വവും സർവ്വവും സർവ്വവും. അങ്ങുതന്നെയാണ് മോക്ഷവും മോക്ഷസാധനവും"[2].

ഈ വൈരുദ്ധ്യമുണ്ടായത് ശൈവ-വൈഷ്ണവ സംഘട്ടനത്തിൽ നിന്നാണെന്ന് വ്യക്തമാണ്. വൈഷ്ണവന്മാർ തങ്ങളുടെ ദേവനായ വിഷ്ണുവിനെ സർവ്വശക്തനായി പ്രതിഷ്ഠിച്ചപ്പോൾ ശൈവന്മാർ തങ്ങളുടെ ദേവനായ ശിവനെ വിഷ്ണുവിൻെറ പോലും ദേവനായി അവതരിപ്പിച്ചു. ഈ സംഘട്ടനത്തിൻെറ സ്വാധീനം ദശോപനിഷത്തുകളൊഴിച്ച് ബാക്കി ഒരുവിധമെല്ലാ ഉപനിഷത്തുകളിലും കാണാൻ കഴിയും. ഇവയിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയു

1. ഏക ഏവ ശിവോ നിത്യഃ തതോ $f$ ന്യത് സകലം മൃഷാ
തസ്മാത് സർവ്വാൻ പരിത്യജ്യ ധ്യേയാത് വിഷ്ണ്വാദികാൻ സുരാൻ
ശിവ ഏവ സദാധ്യേയഃ സർവ്വ സംസാര മോചകഃ
തസ്മൈ മഹാഗ്രാസായ മഹേശ്വരായ നമഃ
(ശരഭോപനിഷത്ത് 30:31).
2. ത്രിപാദ്വിഭൂതി മഹാ നാരായണോപനിഷത്ത് 1:1–7

ന്നത്, വിഷ്ണുവും ബ്രഹ്മാവും ശിവനും ഒരൊറ്റ ദൈവത്തിന്റെ മൂന്ന് മൂർത്തികളാണെന്നായിരുന്നില്ല, പ്രത്യുത മൂന്ന് ലോകപാലകന്മാർ മാത്രമാണെന്നായിരുന്നു, ആദ്യകാല ഹൈന്ദവവിശ്വാസമെന്നാണ്.

ശൈവ-വൈഷ്ണവ സംഘട്ടനത്തിന്റെ സ്വാധീനം ഉപനിഷത്തുകളിലെ ഈ ദേവന്മാരെക്കുറിച്ച വിശദീകരണങ്ങളിൽ മാത്രമല്ല ഉള്ളത്. അവരെ ത്രിമൂർത്തികളായി അവതരിപ്പിക്കുന്ന പുരാണങ്ങൾ തന്നെ, ഇവർ മൂന്നുപേരും വിഷ്ണുവിന്റെ മൂന്ന് രൂപങ്ങളാണെന്നും അതല്ല ശിവന്റെ മൂന്ന് രൂപങ്ങളാണെന്നും പറഞ്ഞ് തർക്കിക്കുന്നതായി കാണാം. “വൈഷ്ണവ മതം ഈ മൂന്ന് മൂർത്തികളുടെയും പിന്നിലുള്ള ഏകശക്തി വിഷ്ണുവാണെന്ന് അവകാശപ്പെടുമ്പോൾ ശൈവപുരാണങ്ങളും താന്ത്രിക ഗ്രന്ഥങ്ങളും ഈ ഗുണങ്ങളെല്ലാം ശിവനും, ശാക്തപുരാണങ്ങൾ ശക്തിക്കും ദേവിക്കുമാണ് ആരോപിക്കുന്നത്”[1] എന്നാണ് ആര്യരാമചന്ദ്ര തിവാരി സമർത്ഥിക്കുന്നത്.

ഈ മൂർത്തികളിൽ ഓരോരുത്തരെയും പുകഴ്ത്തി പുകഴ്ത്തി വളരെ വികലവും വിചിത്രവുമായ ഒരു സങ്കൽപ്പമാണ് പുരാണങ്ങൾ നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്.

**ബ്രഹ്മാവ്:-** പ്രപഞ്ചത്തിന്റെ മുഴുവൻ സ്രഷ്ടാവായ ബ്രഹ്മാവ് ജനിച്ചത് മഹാവിഷ്ണുവിന്റെ നാഭിയിൽനിന്നുയർന്നുവന്ന താമരയിൽനിന്നാണ്. അനേകം വർഷങ്ങളുടെ കഠിനതപസ്സിനുശേഷമാണ് ബ്രഹ്മാവ് സപ്തർഷികളെയും പ്രജാപതികളെയും സൃഷ്ടിക്കുന്നത്. അവരിൽനിന്നാണ് മറ്റ് ജീവജാലങ്ങളുണ്ടായത്. സ്വന്തം ശരീരത്തിന്റെ അർദ്ധഭാഗംകൊണ്ട് സൃഷ്ടിച്ച ശതരൂപയാണ് ബ്രഹ്മാവിന്റെ ഭാര്യ. തന്റെ ഭാര്യയെ മുഖം തിരിക്കാതെ ഏതുഭാഗത്തുനിന്നും കാണുന്നതിനായി തലയുടെ പാർശ്വങ്ങളിലും പുറകിലും ഓരോ മുഖങ്ങൾകൂടി സൃഷ്ടിച്ച് ചതുർമുഖനായി മാറി. ശതരൂപ ആകാശത്തിൽകൂടി സഞ്ചരിച്ചപ്പോൾ മുകളിൽ ഒരു മുഖം കൂടി സൃഷ്ടിച്ചു. പുരാണങ്ങൾ ബ്രഹ്മാവിന്റെ ഭാര്യയായി സരസ്വതിയെക്കൂടി അവതരിപ്പിക്കുന്നു. സരസ്വതിയും ശതരൂപയും ഒരാളാണോ, അതല്ല വ്യത്യസ്ത വ്യക്തികളാണോയെന്ന കാര്യത്തിൽ പുരാണങ്ങൾ തമ്മിൽ അഭിപ്രായവത്യാസമുണ്ട്.

1 Tiwari-Arya Ramachandra G: Evolution of Brahmanical Pantheon, Quoted by S.R. Goyal: A Religious History of Ancient India Vol II Page 76.



ഒരിക്കൽ വിഷ്ണുവും ബ്രഹ്മാവും തങ്ങളിൽ ആർക്കാണ് മഹത്വം കൂടുതലെന്ന കാര്യത്തിൽ തർക്കമുണ്ടായി. ശിവൻ മാധ്യസ്ഥത്തിനെത്തി. ശിവന്റെ നിർദ്ദേശപ്രകാരം ബ്രഹ്മാവ് ശിവലിംഗത്തിന്റെ മുകൾഭാഗം കാണാനായി മുകളിലേക്കും വിഷ്ണു ശിവലിംഗത്തിന്റെ അടിഭാഗം കാണാനായി കീഴോട്ടും അതിദൂരം സഞ്ചരിച്ചു. വിഷ്ണു തന്റെ പരാജയം സമ്മതിച്ചു. കൈതപ്പൂവിനെ സാക്ഷിയാക്കി, താൻ ജയിച്ചതായി ബ്രഹ്മാവ് സ്വയം പ്രഖ്യാപിച്ചു. തൽക്ഷണം അവിടെ പ്രത്യക്ഷപ്പെട്ട ശിവൻ, കള്ളംപറഞ്ഞ ബ്രഹ്മാവിന്റെ അഞ്ചാമത്തെ തല നുള്ളിക്കളഞ്ഞുവെന്നാണ് ദേവീഭാഗവതം പറയുന്നത്. കോടിക്കണക്കിന് വർഷങ്ങൾക്കുശേഷം ബ്രഹ്മാവ് മഹാവിഷ്ണുവിൽ ലയിക്കുമെന്നും പിന്നീട് അനേകം ബ്രഹ്മാവുകൾ വിഷ്ണുവിൽ നിന്ന് ഉണ്ടായി വിഷ്ണുവിൽ വിലയം പ്രാപിക്കുമെന്നും ഭാഗവതം പറയുന്നുണ്ട്.

**വിഷ്ണു:-** ജീവിതത്തിന്റെ അധിനായകനായ വിഷ്ണു, പാൽക്കടലിൽ അനന്തശയനത്തിൽ യോഗനിദ്ര ചെയ്യുകയാണ്. ലക്ഷ്മിയും ഭൂമിയുമാണ് പത്നിമാർ. ഗരുഢനാണ് വിഷ്ണുവിന്റെ വാഹനം. അധർമ്മത്തെ സംഹരിക്കുവാനും ധർമ്മം സ്ഥാപിക്കുവാനും യുഗങ്ങൾ തോറും വിഷ്ണു അവതരിക്കുമെന്നാണ് ഹൈന്ദവവിശ്വാസം.

ഒരിക്കൽ ഋഷിമാർ കൂടിയിരുന്ന് ത്രിമൂർത്തികളിൽ ആരാണ് പൂജാർഹനെന്ന് സംവദിച്ചു. ഭൃഗുമഹർഷിയെ ഇക്കാര്യം പരീക്ഷിക്കാൻ വേണ്ടി നിശ്ചയിച്ചു. ശിവനും ബ്രഹ്മാവും ഭൃഗുവിനെ അവഗണിച്ചപ്പോൾ അദ്ദേഹം അവരെ ശപിച്ചു. പിന്നീട് യോഗനിദ്രയിൽ സ്ഥിതി ചെയ്യുന്ന വിഷ്ണുവിനടുത്താണ് ചെന്നത്. കോപിച്ച് ഭൃഗുമഹർഷി വിഷ്ണുവിന്റെ നെഞ്ചിൽ ചവിട്ടി. വിഷ്ണു ഉണർന്ന് ഭൃഗുവിന്റെ കാലുതടവി ക്ഷേമമന്വേഷിച്ചു. വിഷ്ണുതന്നെയാണ് പൂജാർഹനെന്ന് മുനിമാർ നിശ്ചയിച്ചു. ഭൃഗുവിന്റെ ചവിട്ടുകൊണ്ട പാടാണത്രെ വിഷ്ണുവിന്റെ നെഞ്ചിലെ ശ്രീവൽസം. വിഷ്ണുവിനെ ഏകദൈവമായി വിശ്വസിക്കുന്നവരാണ് വൈഷ്ണവൻമാർ.

**ശിവൻ:-** സംഹാരമൂർത്തിയായ ശിവന്റെ ജനനത്തെക്കുറിച്ച് വ്യത്യസ്താഭിപ്രായങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട അഭിപ്രായം വിഷ്ണുപുരാണത്തിലേതാണെന്ന് കരുതപ്പെടുന്നു. ബ്രഹ്മാവിനെ വധിക്കുന്നതിനുവേണ്ടി മധു, കൈടഭൻ എന്നീ രണ്ട അസുരന്മാർ

പാഞ്ഞെത്തി. ഈ അക്രമം കണ്ട് കോപിഷ്ഠനായ മഹാവിഷ്ണുവിന്റെ നെറ്റിയിൽനിന്നും ശിവൻ ശൂലപാണിയായി ജനിച്ചു. ശിവന്റെ നെറ്റിത്തടത്തിലെ സർവ്വദാഹകമായ മൂന്നാം കണ്ണ് അടഞ്ഞിരിക്കുന്നു. ഭസ്മം മേലാകെ പൂശുകയും സർപ്പത്തെ മാലയായി സ്വീകരിക്കുകയും ചെയ്യുന്ന പരമശിവൻ വേദങ്ങളിൽ രുദ്രനെന്ന പേരിലാണ് അറിയപ്പെടുന്നത്.

ശിവനും വിഷ്ണുവും തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടുണ്ടെങ്കിലും അപൂർവ്വമായേ സംഘട്ടനങ്ങളുണ്ടായിട്ടുള്ളൂ. അവയിൽ പ്രധാനപ്പെട്ട രണ്ട് സംഘട്ടനങ്ങളെക്കുറിച്ച് പുരാണങ്ങൾ വിവരിക്കുന്നുണ്ട്. അവയിൽ ഒരെണ്ണം ശിവനും വിഷ്ണുവും നേരിട്ടാണ് നടന്നതെങ്കിൽ മറ്റേത് ശിവനും വിഷ്ണുഅവതാരമായ നാരായണർഷിയും തമ്മിലാണ് നടന്നത്. അതിൽ ശിവനും വിഷ്ണുവും തമ്മിൽ നടന്ന സംഘട്ടനത്തിന്റെ വിവരണത്തിൽ നിന്ന് പരിശുദ്ധരായ മാലാഖമാർക്ക് മാനുഷിക രൂപം കൽപ്പിക്കപ്പെട്ടപ്പോൾ എത്രമാത്രം വികൃതമായ സങ്കൽപ്പങ്ങളാണുണ്ടായതെന്ന് മനസ്സിലാക്കാൻ കഴിയും.

ശിവനോ വിഷ്ണുവിനോ ആർക്കാണ് ബലക്കൂടുതലെന്ന് പരിശോധിക്കാൻ ദേവതകൾ തീരുമാനിച്ചു. തങ്ങളുടെ തീരുമാനത്തെക്കുറിച്ച് അവർ ബ്രഹ്മാവിനെ അറിയിച്ചു. ബ്രഹ്മാവ് ഏഷണികൾ പറഞ്ഞ് ശിവനെയും വിഷ്ണുവിനെയും തമ്മിൽ പിണക്കി. അവർ തമ്മിൽ യുദ്ധം തുടങ്ങി. ബ്രഹ്മാവ് രണ്ടുപേർക്കും വില്ലുണ്ടാക്കിക്കൊടുത്ത് സംഘട്ടനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. പ്രസ്തുത യുദ്ധത്തിൽ അവസാനം പരമശിവൻ പരാജയപ്പെട്ടുവെന്നാണ് പുരാണങ്ങൾ പറയുന്നത്.

ത്രിമൂർത്തികൾക്കും നാശമുണ്ട്. ആയിരം ചതുർയുഗം കൂടുന്നതാണ് ബ്രഹ്മാവിന്റെ ഒരു ദിവസം. ബ്രഹ്മാവിന്റെ ആയുഷ്കാലത്ത് പതിനാല് ഇന്ദ്രന്മാർ സ്വർഗ്ഗത്തിൽനിന്ന് വീണ് മരിച്ചുപോകും. ഇങ്ങനെ രണ്ട് ബ്രഹ്മായുസ്സ് കൂടിയതാണ് വിഷ്ണുവിന്റെ ആയുഷ്ക്കാലം. വിഷ്ണുവിന്റെ ആയുസ്സിന്റെ ഇരട്ടിയാണ് ശിവായുസ്സ്[1]. ഇപ്പോഴത്തെ ബ്രഹ്മാവ് നശിച്ചാൽ പുതിയ ബ്രഹ്മാവ് ജനിക്കും. ഇപ്പോഴത്തെ ബ്രഹ്മാവിന്റെ കാലത്ത് പതിനാല് മന്വന്തരങ്ങളാണു

1. ദേവിഭാഗവതം: പഞ്ചമസ്കന്ധം.



ള്ളത്. ഓരോ മന്വന്തരത്തിലും ഇന്ദ്രനും ദേവമാരും വേറെവേറെയാണ്. ഇനിയും ഏഴ് മന്വന്തരങ്ങൾകൂടി കഴിയുമ്പോൾ ഇപ്പോഴത്തെ ബ്രഹ്മാവ് നശിക്കുകയും പുതിയ ബ്രഹ്മാവ് ജനിക്കുകയും ചെയ്യും[1].

**ഇന്ദ്രൻ:–** ഋഗ്വേദത്തിലെ പ്രധാനിയായ ഒരു ദേവനാണ് ഇന്ദ്രൻ. ദേവന്മാരുടെ അധിപനായ ഇന്ദ്രൻ, കശ്യപന് അദിതിയിൽ ജനിച്ച പുത്രനാണ്. അഷ്ടദിക്പാലകരിൽ പ്രധാനിയാണ് ഇന്ദ്രനെന്ന് ഋഗ്വേദം പറയുന്നു. ദേവേന്ദ്രസങ്കേതമായ അമരാവതി സർവ്വ ഐശ്വര്യങ്ങളുടെയും ഇരിപ്പിടമാണ്. ഇന്ദ്രന് കുന്തിയിൽ ജനിച്ച പുത്രനാണ് അർജുനനെന്ന് പുരാണങ്ങൾ പറയുന്നു. ഗൗതമന്റെ പത്നിയായ അഹല്യയെ പ്രാപിച്ചപ്പോൾ ഗൗതമൻ ഇന്ദ്രനെ ശപിച്ചു. അങ്ങനെ ദേവേന്ദ്രൻ സഹസ്രലിംഗനായി. ശാപമോക്ഷം ലഭിച്ചപ്പോൾ സഹസ്രാക്ഷനുമായി. ഇന്ദ്രനെ മഴയുടെ ദേവനായും സങ്കൽപ്പിക്കപ്പെടുന്നു.

ഉത്തമരായി കരുതപ്പെട്ടിരുന്ന വ്യക്തികളുടെ വിയോഗത്തിനുശേഷം അവർ ദേവസ്ഥാനത്ത് അവരോധിക്കപ്പെട്ടതിനുള്ള വ്യക്തമായൊരു ഉദാഹരണമാണ് ദേവേന്ദ്രൻ. ഋഗേദസൂക്തങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഇന്ദ്രൻ ഒരു ആര്യരാജാവായിരുന്നുവെന്ന് ബോധ്യപ്പെടും. ഇന്ദ്രൻ എന്ന പദത്തിന്റെ ഉൽപ്പത്തി 'ഇൻ', 'ദ്ര' എന്നീ അക്ഷരങ്ങളുടെ സമന്വയത്തിൽ നിന്നാണെന്നാണ് പണ്ഡിതാഭിപ്രായം. ബാബിലോണിയൻ ഭാഷയിൽ 'ഇൻ' എന്ന പദത്തിന്റെ അർത്ഥം യോദ്ധാവ് എന്നും 'ദ്ര' പദത്തിന്റെ അർത്ഥം മുഖ്യം എന്നുമാണ്. ഇതിൽനിന്നും ഇന്ദ്രൻ എന്നതുകൊണ്ടുള്ള വിവക്ഷ മുഖ്യയോദ്ധാവെന്നാണെന്ന് വ്യക്തമാകുന്നു.

വേദങ്ങളിലെ ദേവാസുര സംഘട്ടനങ്ങൾ ഇന്ത്യയിലെ ആദിവാസികളായ ദസ്യുക്കളും കുടിയേറിവന്ന ആര്യന്മാരും തമ്മിലുള്ള സംഘട്ടനങ്ങളാണെന്നാണ് പ്രഗൽഭ പണ്ഡിതന്മാരായ ഡി.ഡി. കൊസാംബി, കെ. ദാമോദരൻ, രാഹുൽ സാംകൃത്യായൻ[2] എന്നിവരുടെ അഭിപ്രായം. ദേവന്മാരായി അവരോധിക്കപ്പെട്ട പുണ്യാത്മാക്കളിൽ പലരും ആര്യ-ദസ്യു സംഘട്ടനങ്ങളിലെ ആര്യഭാഗത്തുനിന്നുള്ള ജേതാക്കളായിരുന്നുവെന്ന് കാണാൻ കഴിയും. നേരെമറിച്ച്,

1. വിഷ്ണു പുരാണം. അംഗം 2 അധ്യായം 1.
2 D.D. Kosambi: Myth and Reality, കെ. ദാമോദരൻ: ഇന്ത്യയുടെ ആത്മാവ്, രാഹുൽ സാംകൃത്യായൻ: സാമൂഹ്യരേഖ ഇവ നോക്കുക.

ഈ സംഘട്ടനത്തിലെ ദസ്യുനേതാക്കന്മാരെയെല്ലാം അസുരന്മാരായി സങ്കൽപ്പിച്ചതായും നമുക്ക് മനസ്സിലാക്കാനാവും.

ഋഗ്വേദത്തിലെ സൂക്തങ്ങളിൽ പലതും ഇന്ദ്രനെന്ന രാജാവിനെ സ്തുതിച്ചുകൊണ്ടും അദ്ദേഹത്തിൻെറ ചെയ്തികളെ പുകഴ്ത്തിക്കൊണ്ടുമുള്ളതാണ്. ആശ്രിതർക്കുവേണ്ടി യുദ്ധം ചെയാൻ സന്നദ്ധനായതാണ് ഇന്ദ്രന് ഇത്രയേറെ പ്രാബല്യം ലഭിക്കാനുള്ള കാരണമെന്ന് സർദാർ കെ.എം. പണിക്കർ[1] ചൂണ്ടിക്കാട്ടുന്നുണ്ട്.

ഇന്ദ്രന് അദ്ദേഹത്തിൻെറ ബന്ധുവായ ത്വാഷ്ടാവ് നൽകിയ പ്രത്യേകതരം വജ്രായുധമുപയോഗിച്ചാണ് അദ്ദേഹം ദാസനഗരങ്ങൾ നശിപ്പിച്ചതെന്നും ഒടുവിൽ ദാസനേതാവായ വൃതനെ വധിച്ചുവെന്നും ഋഗ്വേദം ഘോഷിക്കുന്നു. അസുരരാജാക്കന്മാരായ വൃഛി, കൃഷ്ണൻ, ശുശ്ണൻ, പിപ്പ്രു, ഋജിശ്വാവ് എന്നിവരെയും ഇന്ദ്രൻ തോൽപിച്ചതായും പട്ടണങ്ങളെ പിളർക്കുന്നവൻ എന്നർഥം വരുന്ന പുരന്ധരൻ എന്ന പേരുകൂടി അദ്ദേഹത്തിന് ലഭിച്ചതായും ഋഗ്വേദം പറയുന്നുണ്ട്.

ഋഗ്വേദത്തിലെ ഇന്ദ്രനെക്കുറിച്ച ചില സൂക്തങ്ങൾ നോക്കുക. "ആർ ഈ ഭുവനങ്ങളെ വീഴാതാക്കിയോ, ആർ താന്ന മുടിയന്മാരെ കുഴിയിൽ മൂടിയോ; ലക്ഷ്യത്തെ വെല്ലുന്നവനായ ആർ ശത്രുവിൻെറ സമൃദ്ധിയെ ഒരു വേടനെന്നപോലെ കൈക്കലാക്കിയോ, ആളുകളേ അദ്ദേഹമാണ് ഇന്ദ്രൻ". "ആർ സമ്പന്നനും, ആർ ദരിദ്രനും, ആർ യാചിച്ചു സ്തുതിക്കുന്ന ബ്രഹ്മജ്ഞനും ധനം അയച്ചുകൊടുക്കുന്നുവോ; അഴകൊത്ത ശിരസ്സുള്ള ആർ സോമം അമ്മിക്കുഴകൊണ്ട് ചതച്ചുപിഴിഞ്ഞവനെ രക്ഷിച്ചരുളുമോ, ആളുകളേ, അദ്ദേഹമാണ് ഇന്ദ്രൻ" "ആളുകൾ ആരെക്കൂടാതെ ജയം നേടില്ലയോ; പൊരുതുന്നവർ രക്ഷക്ക് ആരെ വിളിക്കുന്നുവോ; സർവ്വലോകത്തിനും പ്രതിനിധി ആരോ; ആർ വീഴാത്തവയേയും വീഴിയ്ക്കുമോ; ആളുകളേ, അദ്ദേഹമാണ് ഇന്ദ്രൻ". "തന്നത്താനറിയാത്ത വളരെ മഹാപാപികളെ ആർ വജ്രംകൊണ്ട് വധിച്ചുവോ; ആർ ഉങ്കുകാരന് ഉത്തമകർമ്മം കൊടുക്കില്ലയോ; ആർ മുടിയനെ മുടിക്കുമോ, ആളുകളേ അദ്ദേഹമാണ് ഇന്ദ്രൻ". "ആർ മലയകളിലൊളിച്ച ശംബരനെ നാൽപ്പതാം സംവൽസരത്തിൽ കണ്ടുപിടിച്ചുവോ; കെൽപ്പെടുത്തുപൊരുതിയ

1. സർദാർ കെ.എം. പണിക്കർ: വള്ളത്തോളിൻെറ ഋഗ്വേദ സംഹിത: ആമുഖം പേജ്: 16.



ആദാനവനെ ആർ കൊന്നുവീഴ്ത്തിയോ; ആളുകളേ അദ്ദേഹമാണ് ഇന്ദ്രൻ". "വാനൂഴികൾ ആരെ വണങ്ങുന്നുവോ; പർവ്വതങ്ങൾ ആരുടെ ബലത്തെ പേടിക്കുന്നുവോ സോമപാനും ദൃഢഗാത്രനും വജ്രതുല്ല്യബാഹുവും വജ്രപാണിയും ആരോ ആളുകളേ അദ്ദേഹമാണ് ഇന്ദ്രൻ"[1].

അതിശയോക്തിയും രാജപ്രീണനത്തിനുവേണ്ടിയുള്ള അമാനുഷിക കഴിവുകളുടെ ആരോപണങ്ങളും നിറഞ്ഞുനിൽക്കുന്നുവെങ്കിലും ഈ സൂക്തങ്ങൾ രാജഭക്തിയുൾക്കൊണ്ട് രചിക്കപ്പെട്ടവയാണെന്ന് ഒറ്റനോട്ടത്തിൽതന്നെ വ്യക്തമാവുന്നുണ്ട്. ഇന്ദ്രൻ ആറ്റിലെ ജലം കുറച്ച് സുദാസ്സ രാജാവിൻെറ സേനകൾക്ക് തരണം ചെയ്യാറാക്കിയെന്നും സുശ്രവസ്സ് നിസ്സഹായനായപ്പോൾ തേർ ചക്രം കൊണ്ട് 20 രാജാക്കന്മാരെയും 60099 പടയാളികളെയും നശിപ്പിച്ചുവെന്നും ഋഗ്വേദം പറയുന്നു. ഇന്ദ്രൻ ത്വഷ്ടാവിൻെറ പുത്രനായ വിശ്വരൂപനെ പുരോഹിതനാക്കുകയും, വിപ്ലവഭയത്താൽ അയാളെ കൊല്ലുകയും ചെയ്തുവെന്ന് ഋഗ്വേദത്തിലും യജുർവേദത്തിലും പ്രസ്താവിക്കുന്നുണ്ട്.

ഇന്ദ്രനോടുള്ള ഋഗ്വേദത്തിലെ പ്രാർത്ഥനകളും അദ്ദേഹം ഒരു സേനാനിയായിരുന്നുവെന്നാണ് വ്യക്തമാക്കുന്നത്. "ബുദ്ധിയില്ലാത്ത ദുഷ്ടന്മാരായ ദസ്യുക്കൾ ചുറ്റുപാടുകളിൽനിന്നും ഞങ്ങളെ വളഞ്ഞിരിക്കുന്നു. അവർ മനുഷ്യത്വമില്ലാത്തവരാണ്. തെറ്റായ നിയമങ്ങൾ വെച്ചുപുലർത്തുന്നവരാണ്. അല്ലയോ ശത്രുസംഹാരക! ദാസൻെറ ആയുധങ്ങളെ ഇടിച്ചുതകർക്കുക"[2]. 'മുന്നേറുക, ശത്രുവ നേരിടുക, ധൈര്യശാലിയായിരിക്കുക, നിൻെറ ഇടിവെട്ട് അജയ്യമാണ്. ഇന്ദ്ര! പൗരുഷമാണ് നിൻെറ ബലം; വൃതനെ ആട്ടിയോടിക്കുക. നദികളുടെ മേൽ ആധിപത്യം നേടുക! സ്വരാജ്യം ഉൽഘോഷിക്കുക"[3].

ആര്യദേവനായ ഇന്ദ്രൻ മദ്യപനായിരുന്നു. ഇന്ദ്രൻ മാത്രമല്ല, മറ്റ് പല ദേവന്മാരും 'സോമം' എന്ന മദ്യത്തിൻെറ അടിമകളായിരുന്നു. സോമരസം കുടിച്ച് അവർ മദോന്മത്തരായ കഥകൾ വേദങ്ങളിൽ കാണാൻ കഴിയും. "ഇന്ദ്രൻ അഭിപ്ലവികദിനങ്ങളിൽ സോമരസം

1. ഋഗ്വേദം: മണ്ഡലം 2 സൂക്തം 12ൽനിന്ന്.
2. ഋഗ്വേദം 10:22:8.
3. ഋഗ്വേദം: 1:80: 3,4

കുടിച്ചു. അതിൻെറ മത്തിൽ വൃതനെ വധിച്ചു"[1]വെന്നാണ് ഇന്ദ്രൻെറ ഗുണഗണങ്ങൾ വർണ്ണിച്ചുകൊണ്ട് ഗുൽസമദ ഋഷി പറയുന്നത്. സോമരസത്തിൻെറ മത്തിൽ ഇന്ദ്രൻ, ആകാശത്തിൽ ദ്യോവിനെ ഉറപ്പിച്ചതായും വലിയ അന്തരീക്ഷത്തെയും വാനൂഴികളെയും നിറച്ചതായും ഭൂമിയെ താങ്ങി വിസ്താരപ്പെടുത്തിയതായും നദികളുടെ അടിവശങ്ങളെ വജ്രംകൊണ്ട് പൊളിച്ചതായും ദദീതിയെ പിടിച്ചുകൊണ്ടുപോകുന്നവരോടെതിർത്ത് അവരുടെ ആയുധങ്ങളെല്ലാം കത്തുന്ന തീയിൽ എരിച്ചതായും മഹാനദിയിലെ വെള്ളം ചുരുക്കിയതായും സിന്ധുവിനെ വടക്കോട്ടൊഴുക്കിച്ചതായും ഉഷസ്സിൻെറ വണ്ടി വജ്രം കൊണ്ട് തവിടുപൊടിയാക്കിയതുമൊക്കെ ഋഗ്വേദത്തിലെ രണ്ടാം മണ്ഡലത്തിലെ പതിനഞ്ചാം സൂക്തത്തിൽ വിശദമായി വിവരിക്കുന്നു. സോമരസമെന്ന ഉൽകൃഷ്ട (?) മദ്യം സേവിച്ചിരുന്ന ആര്യനേതാവായ ഇന്ദ്രൻെറ ചിത്രമാണ് ഈ സൂക്തം വരച്ചുകാണിക്കുന്നത്.

ഇന്ദ്രൻെറ ആളുകൾക്ക് എന്ത് നെറികേടും പ്രവർത്തിക്കാമെന്ന അവസ്ഥയിലേക്കാണ് ചില സൂക്തങ്ങൾ നമ്മെ നയിക്കുന്നത്. കൗഷതകീ ഉപനിഷത്തിൽ ഇന്ദ്രൻ പറയുന്നു: "എന്നെ അറിയുക! അതാണ് മനുഷ്യർക്ക് ഹിതകരമായിട്ടുള്ളത്. എന്നെ എങ്ങനെയെങ്കിലും അറിയണം! ത്വഷ്ടാവിൻെറ പുത്രനായ ത്രിശീർഷനെ ഞാനാണ് കൊന്നത്. അരുണമർഗ എന്നുപേരുള്ള ഒരു യതിയെ ഞാൻ പട്ടിയെക്കൊണ്ട് തീറ്റിച്ചു. അനേകം സത്യലംഘനങ്ങൾ ചെയ്ത് ദിവ്യലോകത്തിൽ പ്രഹ്ലാദന്റെ അനുയായികളെയും അന്തരീക്ഷത്തിൽ പൗലോമന്മാരെയും ഭൂമിയിൽ കാലകാശ്യന്മാരെയും ഞാൻ നിഗ്രഹിച്ചു. അതുകൊണ്ടൊന്നും എൻെറ ഒരു രോമത്തിനുപോലും ഹാനി സംഭവിച്ചുമില്ല. ഈ വിധത്തിൽ എന്നെ ആരറിയുന്നോ അവൻ മാതൃവധം, പിതൃവധം, മോഷണം, ഭ്രൂണഹത്യ മുതലായ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ചെയ്തുകൊണ്ടിരുന്നാലും അവന് യാതൊരു ശങ്കയുമുണ്ടാകരുത്. അവൻെറ മുഖഭാവത്തിന് യാതൊരു വാട്ടവും ഉണ്ടാവുകയും അരുത്"[2].

ഇതെല്ലാം ഇന്ദ്രൻ എന്ന സനാതന സംരക്ഷകനായ ദേവൻെറ വൃത്തികളാണോ; അതല്ല ഏത് മാർഗ്ഗവുമുപയോഗിച്ച് രാജ്യം

1 ഋഗ്വേദം 2:15:4
2 ധർമ്മാനന്ദ കൊസാംബി: ഉദ്ധരിച്ചത് ഭഗ്വാൻ ബുദ്ധൻ, പേജ് 57, 58.



കൈക്കലാക്കാൻ ശ്രമിച്ച വ്യക്തിയുടെ വൃത്തികേടുകളോ? ഋഗ്വേദത്തിലൂടെ കടന്നുപോകുമ്പോൾ ഇന്ദ്രനെന്ന രാജാവിൻെറ ചിത്രമാണ് ഒരു സത്യാന്വേഷിക്ക് കാണാൻ കഴിയുന്നത്. "സപ്ത സിന്ധുവിനെ സ്വാധീനപ്പെടുത്തിയ സേനാധിപതിയായ ഇന്ദ്രൻ മനുഷ്യനായിരുന്നുവെന്നുള്ളതിന് ഋഗ്വേദത്തിൽതന്നെ തെളിവുകളുണ്ട്"[1] എന്നാണ് ധർമ്മാനന്ദ കൊസാംബി എഴുതുന്നത്. "സപ്ത സിന്ധുദേശത്തിൻെറ പൂർണ്ണാധികാരം ലഭ്യമായശേഷം മധ്യഹിന്ദുസ്ഥാനം ഇന്ദ്രൻെറ ലക്ഷ്യമായി മാറി. ദേവകീനന്ദനായിരുന്ന, കേവലം ഗോക്കളെ പരിപാലിച്ചുകൊണ്ടിരുന്ന രാജാവായിരുന്ന കൃഷ്ണൻ, ഇന്ദ്രൻെറ യജ്ഞ സംസ്കാരവും ആധിപത്യവും സമ്മതിച്ചുകൊടുക്കാൻ ഒരുക്കമല്ലായിരുന്നു. അതുകൊണ്ട് ഇന്ദ്രൻ അദ്ദേഹത്തെ എതിരിട്ടു. കൃഷ്ണൻെറ കയ്യിൽ കുതിരപ്പടയില്ലെങ്കിലും അദ്ദേഹം ഇന്ദ്രനെ എതിർത്തുനിൽക്കാൻ കഴിയാത്തവണ്ണമുള്ള ഒരു നിലയിലെത്തിച്ചു. ബൃഹസ്പതിയുടെ സഹായത്തോടെ ഇന്ദ്രൻ എങ്ങിനെയോ ജീവനോടുകൂടി പിൻവാങ്ങി. ഋഗ്വേദത്തിൽ (8:36:13–15) കാണുന്ന ചില ഋതുക്കളും, ഭാഗവതം മുതലായ പുരാണങ്ങളിൽ വർണ്ണിച്ചിട്ടുള്ള ഐതിഹ്യങ്ങളും ഈ അനുമാനത്തെ അത്യന്തം ബലപ്പെടുത്തുന്നു"[2].

വേദത്തിലെ ഇന്ദ്രനെ സംബന്ധിച്ച സൂക്തങ്ങളുടെ ഉറവിടം അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ കൊട്ടാരപണ്ഡിതർ നടത്തിയ പ്രശംസകളായിരിക്കണം. സ്വാഭാവികമായും രാജാവിനെ സ്തുതിക്കുമ്പോൾ, ആലങ്കാരികമായി അദ്ദേഹത്തിൽ അമാനുഷികത ആരോപിച്ചതായിരിക്കാം പിന്നീട് ദേവനായി മാറാനുണ്ടായ കാരണം. ധർമ്മാനന്ദ കൊസാംബി എഴുതുന്നു' "സർവ്വഭൗമരാജാക്കന്മാരെ യജ്ഞത്തിൽ ക്ഷണിച്ചുകൊണ്ടുവന്ന് സോമം നൽകുന്ന രീതി ബാബിലോണിയയിൽ ഉണ്ടായിരുന്നു. ആ അവസരത്തിൽ അവരുടെ സ്തുതി പൂർണ്ണങ്ങളായ ഗാനങ്ങൾ പാടുകയും ചെയ്തിരുന്നു. ഇന്ദ്രനെപ്പറ്റിയുള്ള സൂക്തങ്ങളും ഇപ്രകാരമുള്ളതാകുന്നു"[3].

**വരുണൻ:-**വേദങ്ങളിലെ സുപ്രധാനിയായ മറ്റൊരു ദേവനാണ് വരുണൻ. ഋഗ്വേദത്തിൽ ദേവന്മാരുടെയും മനുഷ്യരുടെയും രാജാവായിട്ടാണ് വരുണനെ സ്തുതിക്കുന്നത്. ഇരു ലോകങ്ങളും തമ്മിലകറ്റി

1. അതേപുസ്തകം ജമഴല 57,
2 അതേപുസ്തകം 62,
3. ധർമ്മാനന്ദ കൊസാംബി: ഹിന്ദി സംസ്കൃതി ആണി അഹിംസ, പേജ് 56.

ആകാശത്തെ മുകളിലേക്കുയർത്തിയതും സ്വർഗ്ഗവും ഭൂമിയും വേർതിരിച്ച് വെച്ചതും നദികൾ കടലിൽചെന്ന് ചേരുന്നതും വരുണന്റെ ശക്തികൊണ്ടാണെന്നാണ് സങ്കൽപ്പം. ഋഗ്വേദപ്രകാരം മിത്രനും വരുണനും മഴയുടെ ദേവന്മാരാണ്. ഋഗ്വേദത്തിലെ പല സൂക്തങ്ങളിലും ഇന്ദ്രനേക്കാൾ ശക്തിയേറിയ ദേവനായാണ് വരുണൻ പ്രത്യക്ഷപ്പെടുന്നതെങ്കിലും അഥർവ്വവേദത്തിലും മറ്റും താരതമ്യേന ശക്തികുറഞ്ഞ ദേവനായാണ് അദ്ദേഹം വ്യവഹരിക്കപ്പെട്ടിരിക്കുന്നത്. മഹാഭാരതപ്രകാരം കശ്യപ പ്രജാപതിക്ക് അദിതിയെന്ന ഭാര്യയിൽ ജനിച്ചവനാണ് വരുണൻ[1]. കശ്യപപ്രജാപതിക്ക് മുനിയെന്ന ഭാര്യയിൽ ജനിച്ച, ദേവഗന്ധർവ്വനായ മറ്റൊരു വരുണനെക്കുറിച്ചും മഹാഭാരതം പറയുന്നുണ്ട്[2]. ബ്രഹ്മ സഭയിലെ ഒരു സാമാജികനുമാണ് മഹാഭാരതപ്രകാരം വരുണൻ[3]. കിഴക്ക് ഇന്ദ്രനെയും തെക്ക് യമനെയും വടക്ക് വൈശ്രവണനെയും ദിക്പാലകരായി നിയമിച്ച ബ്രഹ്മാവ് പടിഞ്ഞാറ് വരുണനെയും ദിക്പാലകനായി നിയമിച്ചതായി ഉത്തമ രാമായണം പറയുന്നുണ്ട്.

വരുണനെക്കുറിച്ച ഋഗ്വേദത്തിലെ ഒരു സൂക്തം നോക്കുക: "വരുണൻ കാട്ടിൽ മരക്കൂട്ടങ്ങളുണ്ടാക്കി. വീടുകൾക്ക് ഓജസ്സും പശുക്കൾക്ക് പാലും ഹൃദയങ്ങൾക്ക് വിവേകവും നൽകി; ജലത്തിൽ അഗ്നിയെയും ആകാശത്തിൽ സൂര്യനെയും പർവ്വതങ്ങളിൽ സോമത്തെയും നിക്ഷേപിച്ചു"[4].

ഇന്ദ്രനെപ്പോലെ, വരുണൻ ആര്യസേനാനിയായിരുന്നുവെന്ന് പറയാൻ ഖണ്ഡിതമായ തെളിവുകളൊന്നുമില്ല. എങ്കിലും, അദ്ദേഹം ആര്യാക്രമണ കാലത്തോ അതിനുമുമ്പോ ജീവിച്ചിരുന്ന ആദരിക്കപ്പെട്ട വ്യക്തികളിൽ ഒരാളായിരുന്നുവെന്ന് കരുതുന്നതിൽ തെറ്റില്ല. മാലാഖ പരിണമിച്ച് മനുഷ്യനായതാണോ, അതല്ല മനുഷ്യൻ പരിണമിച്ച് ദേവനായതാണോയെന്ന് ഖണ്ഡിതമായി പറയാൻ സാധിക്കാത്ത അവസ്ഥയാണ് വരുണനെ സംബന്ധിച്ച സൂക്തങ്ങൾ പരിശോധിച്ചുനോക്കുമ്പോഴുണ്ടാകുന്നത്. ഋഗ്വേദത്തിലെയും യജുർവേദത്തിലെയും മറ്റും സൂക്തങ്ങളുടെ വെളിച്ചത്തിൽ, വരുണൻ ആദരിക്കപ്പെട്ടിരുന്ന ഒരു ആര്യനായിരുന്നുവെന്ന നിഗമനമാണ് കൂടുതൽ പ്രസക്തമെന്നാണ് തോന്നുന്നത്.

1. മഹാഭാരതം: ആദിപർവ്വം അദ്ധ്യായം 65 പദ്യം 15.
2. അതേപുസ്തകംപദ്യം 42.
3. അതേപുസ്തകം സഭാപർവ്വം 11:51
4. ഋഗ്വേദം 5:85:2.



**അഗ്നി:–** പ്രകൃതിപ്രതിഭാസങ്ങളും വസ്തുക്കളും അവയോടുള്ള ഭയംകൊണ്ടോ ആദരവുകൊണ്ടോ ദേവന്മാരായി വ്യവഹരിക്കപ്പെട്ടതിനുള്ള ഉദാഹരണങ്ങളാണ് അഗ്നി, ഉഷസ്, സൂര്യൻ, സോമൻ എന്നീ ദേവന്മാരെക്കുറിച്ച വേദശ്ലോകങ്ങൾ. ഇവ ആദ്യകാലത്ത് ആദരവിൽ നിന്നോ ഭയത്തിൽ നിന്നോ ഉടലെടുത്തവയായിരിക്കാം. പക്ഷേ, പിന്നീട് അവയെക്കൂടി ആരാധിക്കുന്ന അവസ്ഥയിലേക്ക് വഴിമാറുന്നതായാണ് നാം കാണുന്നത്. ഗംഗാതടത്തിലും തുടർന്ന് കിഴക്കോട്ട് നീങ്ങുന്ന കാര്യത്തിലും ആര്യന്മാരായ കുടിയേറ്റക്കാർ നേരിട്ട പ്രതിബന്ധങ്ങളും കഠിനമായ കാലാവസ്ഥയുണ്ടാക്കിയ പ്രശ്നങ്ങളും ആത്മവിശ്വാസം കെടുത്തിയ പശ്ചാത്തലത്തിലായിരിക്കണം പ്രകൃതിപ്രതിഭാസങ്ങൾ ദേവന്മാരാണെന്ന ധാരണ വളർത്തിയതെന്നാണ് എച്ച്.ഡി. ഗ്രിസ് വോൾഡിന്റെ[1] അഭിപ്രായം. ആര്യകുടിയേറ്റക്കാർ നേരിട്ട പ്രതിബന്ധങ്ങളും കാലാവസ്ഥാ പ്രശ്നങ്ങളും മാത്രമല്ല, അവയുടെ ഉപയോഗങ്ങളും ആദരവുംകൂടി പ്രകൃതിപ്രതിഭാസങ്ങളെ ദേവന്മാരായി വ്യവഹരിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

അഗ്നിദേവനെക്കുറിച്ച സങ്കൽപ്പം ഭീതിയിൽനിന്നും ഭക്തിയിൽ നിന്നും ഉടലെടുത്തതാണെന്ന കാര്യത്തിൽ സംശയമില്ല. അഗ്നിയാരാധന സെൻറ് അവെസ്തെയുടെ അനുയായികളായ ഇറാനികളിൽ പൗരാണിക കാലം മുതൽതന്നെ നിലനിന്നതായി കാണാൻ കഴിയും. അവരിൽ നിന്നായിരിക്കാം ആര്യന്മാർ അഗ്നിയാരാധന സ്വീകരിച്ചത്. ഇടതൂർന്ന് നിൽക്കുന്ന വനങ്ങളിലേതെങ്കിലും അഗ്നിക്കിരയായതിനാൽ ആര്യന്മാർക്ക് നേരിടേണ്ടിവന്ന പ്രയാസങ്ങളായിരിക്കാം അഗ്നിയെക്കുറിച്ച ഭയത്തിനും അതിനെ പ്രീതിപ്പെടുത്തി അഗ്നിക്ഷോഭങ്ങളിൽനിന്ന് രക്ഷപ്പെടാമെന്ന ധാരണക്കും കാരണമായിത്തീർന്നത്. ഭയത്തിൽനിന്ന് തുടങ്ങി ക്രമേണ, ആകാശത്തെയും ഭൂമിയെയും അകറ്റിനിർത്തുന്ന ഒരു ശക്തിയെന്ന നിലയിലും ദേവന്മാർക്കും മനുഷ്യർക്കുമിടയിലെ മധ്യസ്ഥനെന്ന നിലയിലുമാണ് അഗ്നി കൂടുതൽ 'ദൈവികത' കൈവരിക്കുന്നതെന്ന് ഡോ. രാധാകൃഷ്ണൻ[2]

1. H.D. Griswold: The Religion of Rigveda, Page: 88.
2. Dr. S. Radhakrishnan: Indian Philosophy, Page 62.

വിശദീരിക്കുന്നുണ്ട്.

ഋഗ്വേദത്തിലെ പല സൂക്തങ്ങളിലും അഗ്നിയെ അരണികളിൽ (മരക്കഷ്ണങ്ങൾ) നിന്നും ജനിപ്പിക്കുന്നതായി വിവരിച്ചിട്ടുണ്ട്. കൂർത്ത താടിയെല്ലുകളും പിംഗള വർണ്ണത്തിലുള്ള താടിയും കത്തിയെരിയുന്ന പല്ലുകളുമുള്ള അഗ്നിയെ മാരീതരിശ്വാവ് സ്വർഗത്തിൽ നിന്ന് കൊണ്ടുവന്നുവെന്നാണ് ആര്യവിശ്വാസം[1]. അഗ്നിയോടുള്ള ഒരു വേദപ്രാർത്ഥന നോക്കുക: "അല്ലയോ തേജോമയ! നീയാണ് ചിരഞ്ജീവിയായ സൂര്യനെ ആകാശയാത്രയ്ക്ക് തയ്യാറാക്കിയത്. നീ മനുഷ്യന് പ്രകാശം നൽകി. അല്ലയോ ജോതിർമയ! നീ ജനങ്ങളുടെ വെളിച്ചമാണ്. ഞങ്ങളുടെ മുന്നിൽ നീ സർവ്വശ്രേഷ്ഠനും സർവ്വപ്രിയനുമാണ്. ഗായകനായ എൻെറ പേരിൽ ദയ കാണിക്കുക. എനിക്ക് ജീവൻ നൽകുക"[2]

അഗ്നിദേവനെക്കുറിച്ച സങ്കൽപ്പത്തിൽ ഭക്തിയേക്കാളേറെ ഭയമാണ് സ്വാധീനിച്ചിരിക്കുന്നതെന്നാണ് ഋഗ്വേദ സൂക്തങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുക. "അവിടുന്ന് വനങ്ങളിൽ ദാഹം പൂണ്ടവനപ്പോലെ ഉജ്ജ്വലിക്കുന്നു. വെള്ളംപോലെ ഒഴുകുന്നു. തേർക്കുതിരപോലെ മുരളുന്നു. ആ പൊള്ളിക്കുന്ന കൃഷ്ണവർമ്മാവ് നക്ഷത്രങ്ങളാൽ പുഞ്ചിരിയാടുന്ന നഭസ്സുപോലെ പ്രകാശിക്കുന്നു. ആ തേജസ്വിയായ അഗ്നി നാനാരൂഹയായി സ്ഥിതിചെയ്യുന്നു. ഭൂമിയിലെങ്ങും വളരുന്നു. വരണ്ടവയെ എരിച്ചും നോവിക്കുന്നവയെ കരിച്ചും ധാരാളം കുടിക്കുന്നപോലെയായും ഇടയനില്ലാത്ത ഒരു നാൽക്കാലിയെപ്പോലെ സ്വയം മേഞ്ഞും നടക്കുന്നു"[3].

കർമ്മകാണ്ഡപ്രകാരമുള്ള യാഗങ്ങളിലുള്ള പ്രധാന വസ്തുവായ യാഗാഗ്നിയോടുള്ള ബഹുമാനവും അതിനോട് പ്രാർത്ഥിക്കുന്ന അവസ്ഥയിലേക്ക് നയിച്ചിരിക്കാം. ഋഗ്വേദ സൂക്തങ്ങളിൽ പലതിലും യാഗാഗ്നിയെ മധ്യസ്ഥനാക്കുന്നതായി കാണാം. "ഹേ.... അഗ്നേ ഞങ്ങളുടെ ഈ യാഗത്തിലേക്ക് വരുണനെ ആനയിക്കുക; ദ്യോവിൽനിന്ന് ഇന്ദ്രനെയും അന്തരീക്ഷത്തിൽനിന്ന് മരുത്തുക്കളെയും കൊണ്ടുവരിക"[4]യെന്നും "ബലവാനും ശോഭനകർമ്മാവുമായ

1. H.D. Griswold: The Religion of Rigveda, Page 163.
2. ഋഗ്വേദം 10:150:5
3. ഋഗ്വേദം 2:4:15-18.
4. ഋഗ്വേദം 10:70:17.



അഗ്നേ, ഒലികൊള്ളുന്ന ഭവാൻ ഞങ്ങളുടെ ഈ യാഗം ദേവന്മാരിൽ എത്തിച്ചാലും"[1] എന്നുമുള്ള പ്രാർത്ഥനകളിൽ യാഗത്തെ ദേവന്മാരിലേക്കെത്തിക്കുന്ന ഒരു ഇടയാളൻ മാത്രമായാണ് അവതരിപ്പിക്കുന്നത്. എന്നാൽ മറ്റുചില പ്രാർത്ഥനകളിൽ അഗ്നിയെ ഒരു ദേവനായിത്തന്നെയാണ് സങ്കൽപ്പിച്ചിരിക്കുന്നത്. "അഗ്നി എൻെറ പിതാവെന്ന് ഞാൻ കരുതുന്നു. അഗ്നി എൻെറ ജ്ഞാതിയും ദാതാവും സഖാവുമാണെന്ന് ഞാൻ വിചാരിക്കുന്നു"[2]വെന്ന ശ്ലോകത്തിൽ അഗ്നി ഒരു ദേവൻതന്നെയാണ്. ഇരുട്ടിനെ അകറ്റുന്നവനും ദുരാത്മാക്കളെയും ദുർമന്ത്രവാദത്തെയും തുരത്തുന്നവനുമായി പലപ്പോഴും വേദങ്ങൾ അഗ്നിയെ പരിചയപ്പെടുത്തുന്നുണ്ട്[3].

**ഉഷസ്സും സൂര്യനും:-** പ്രകൃതിപ്രതിഭാസങ്ങൾക്ക് അമൂർത്തത കൽപ്പിച്ചതിൻെറ വ്യക്തമായ ഉദാഹരണങ്ങളാണ് ഉഷസ്സും സൂര്യനും. വേദങ്ങളിലെ ഏറ്റവും പ്രധാനിയായ സ്ത്രീ ദൈവമാണ് ഉഷസ്സ്. ഉഷസ്സ് സൗന്ദര്യത്തിൻെറയും സൗമ്യത്തിൻെറയും ദേവതയായാണ് വേദങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. വേദകാവ്യങ്ങളിലെ അതിമനോഹരമായ ഒരു സൃഷ്ടിയാണ് ഉഷസ്സെന്നാണ് പണ്ഡിതനായ മാക്ഡൊണൽ[4] അഭിപ്രായപ്പെട്ടിട്ടുള്ളത്. ഉഷസ്സിനെക്കുറിച്ച സൂക്തങ്ങൾ രൗദ്രതയോ ഭയമോ അല്ല പ്രദാനം ചെയ്യുന്നത്; പ്രത്യുത, ഹൃദ്യതയും സൗന്ദര്യവുമാണ്. ഋഗ്വേദത്തിലെ ഉഷസ്സിനെക്കുറിച്ച ഒരു സൂക്തം നോക്കുക: "ഉഷസ്സ് ഇരുളിനെ ഒരു ക്ഷുരകനെപ്പോലെ വടിച്ചുകളയുന്നു. മാറിടത്തെ ഒരു പശുവിൻെറ അകിടിനെയെന്നപോലെ വെളിപ്പെടുത്തുന്നു. ഗോക്കൾ തൊഴുത്തിലെന്നപോലെ കിഴക്കുഭാഗത്തണഞ്ഞു ലോകത്തിനെല്ലാം വെളിച്ചം നൽകുന്നു. അന്ധകാരത്തെ അകറ്റുന്നു"[5]

സൂര്യൻ പുരുഷദേവനാണ്. സൂര്യനോടുള്ള ഒരു പ്രാർത്ഥന നോക്കുക: "ഹേ സൂര്യ! അന്ധകാരത്തെ അകറ്റിക്കളയുകയും ലോകത്തിലൊടുക്കും വെളിച്ചം പരത്തുകയും ചെയ്യുന്ന നിൻെറ ഉജ്ജ്വലമായ പ്രകാശം ഞങ്ങളുടെ ദാരിദ്ര്യത്തെയും സ്വാർഥതയെയും എല്ലാതരം വേദനകളെയും ദൂരീകരിക്കട്ടെ. അവിദ്യയുടെ ദുസ്വപ്നങ്ങളെ

1. ഋഗ്വേദം 10:7:4.
2. ഋഗ്വേദം 10:7:28.
3. ഋഗ്വേദം 7:15:2,4:1:9, 31:7,3:5:1 ഇവ നോക്കുക.
4. Macdonell: Mythology in Grundiss, Page 46.
5. ഋഗ്വേദം 1:92:14.

ഉച്ചാടനം ചെയ്യട്ടെ"[1].

**സോമദേവൻ:-** തങ്ങളുപയോഗിച്ച മദ്യംപോലും പിന്നീട് പ്രാർത്ഥിക്കപ്പെടുന്ന ദേവനായി മാറിയതായുള്ള ആര്യചരിത്രത്തിലെ വൈചിത്ര്യമാണ് സോമദേവനെക്കുറിച്ച സൂക്തങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇന്ദ്രനും മറ്റ് ദേവന്മാരുമെല്ലാം സോമരസം ഉപയോഗിച്ച് മദോൻമത്തരായതായി വേദങ്ങളിൽ കാണാൻ കഴിയും. സോമരസം അമരത്വത്തിലേക്ക് നയിക്കുന്നതായി ഋഗ്വേദത്തിൽ പറഞ്ഞിട്ടുണ്ട്. "ഞങ്ങൾ സോമപാനം ചെയ്തു. അമൃതരായിത്തീർന്നു. ജ്യോതിസ്സിലേക്ക് പ്രവേശിച്ചു. ദേവന്മാരെ അറിഞ്ഞു"[2]വെന്ന് ഋഗ്വേദ കർത്താക്കളിലൊരാൾ പറയുമ്പോൾ അദ്ദേഹത്തിനുണ്ടായ ലഹരിയിരിക്കാം അമരത്വവും ജ്യോതിർപ്രവേശനവുംകൊണ്ട് വിവക്ഷിക്കുന്നതെന്ന് ന്യായമായും ഊഹിക്കാവുന്നതാണ്. ഈ ഊഹത്തിന് പ്രാബല്യം നൽകുന്നതാണ് ശുക്ല യജുർവേദീയ ശതപഥ ബ്രാഹ്മണത്തിലെ താഴെപ്പറയുന്ന വിവരണം: "ഇന്ദ്രൻ വിശ്വരൂപനെ കൊന്നു. അതിന് പകരമായി വിശ്വരൂപന്റെ പുത്രനായ ത്വഷ്ടാവ് സോമത്തെ ആഭിചാരപ്രയോഗം കൊണ്ട് അപഹരിച്ചു. ഇതറിഞ്ഞ ഇന്ദ്രൻ ത്വഷ്ടാവിന്റെ കയ്യിൽനിന്ന് സോമത്തെ പിടിച്ചുപറിച്ചു കുടിച്ചു. ഇതിന്റെ ലഹരി ഇന്ദ്രന്റെ ദേഹം മുഴുവൻ വ്യാപിച്ചു. കണ്ണുകളിൽനിന്ന് തേജസ്സ് മങ്ങി. നാസികകൾ വഴിയായി വീര്യം ചോർന്നുപോയി. മുഖത്തിൽനിന്ന് ശക്തി അസ്തമിച്ചു. ചെവികൾക്കുള്ള കേൾവി നശിച്ചു. ശുക്ലം സ്രവിച്ചു. അങ്ങിനെ ഇന്ദ്രൻ തന്റെ ശത്രുവായ നമുചിയോടുകൂടി സഞ്ചരിച്ചു"[3].

മുകളിൽപറഞ്ഞ വിവരണത്തിൽനിന്ന് ശക്തമായ ലഹരിയുണ്ടാക്കുന്ന കഞ്ചാവിനെപ്പോലുള്ള എന്തോ ഒന്നാണ് സോമരസമെന്ന് കാണാൻ കഴിയും. പർവ്വതപ്രദേശങ്ങളിൽ വളരുന്നതും തൂങ്ങുന്ന ശിഖരങ്ങളും ഹരിതവർണ്ണവുമുള്ള ഏതോ ഒരു ചെടിയാണ് സോമം ഉൽപ്പാദിപ്പിക്കുന്നതെന്നാണ് വേദത്തിലെ വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. സൗത്രാമണി യാഗത്തിനുവേണ്ടി സോമം ഉണ്ടാക്കുന്നതിനെക്കുറിച്ച് ശതപഥബ്രാഹ്മണം വിവരിക്കു

1. **ഋഗ്വേദം**10:37:4.
2. **ഋഗ്വേദം** 8:48 36.
3. ശുക്ല യജുർവേദീയ ശതപഥ ബ്രാഹ്മണം 7:3:2:1-3 ഇന്ത്യയിലെ വർണ്ണസമരത്തിൽ ഉദ്ധരിച്ചത്. പേജ് 66.



ന്നുണ്ട്. "സോമം കൊണ്ടുവന്ന് ആദ്യരാത്രി ജലത്തിലിട്ടുവെച്ച് കാലത്തെടുത്ത് വെള്ളമൊഴിച്ച് ലഭിക്കുന്ന ശുദ്ധിക്ക് അശ്വിനം എന്നാണ് പേർ. രണ്ടാം ദിവസവും മൂന്നാം ദിവസവും രാത്രിയിൽ ജലത്തിലിട്ടുവെച്ച് നന്നായി കഴുകി ലഭിക്കുന്നതിന് യഥാക്രമം സാരസ്വതമെന്നും ഐന്ദ്രമെന്നും വിളിക്കുന്നു"[1]. ഇന്ന് 'മോർഫിൻ' എന്ന ലഹരി പദാർത്ഥത്തിൽനിന്ന് 'കോഡിൻ', 'ഹെറോയിൻ' എന്നിവയും കഞ്ചാവിൽനിന്ന് കൂടുതൽ ലഹരിദായകമായ ഹഷീഷും ഉൽപ്പാദിപ്പിക്കുന്നതുപോലെ 'സോമ'ത്തിൽനിന്നും കൂടുതൽ ശക്തിയുള്ള ലഹരി പദാർത്ഥങ്ങൾ നിർമ്മിക്കാനുള്ള വിദ്യയായിരിക്കാം ശതപഥബ്രാഹ്മണത്തിലെ മുകളിൽ പറഞ്ഞ സൂക്തം വിവരിക്കുന്നത്.

എന്തുതന്നെയായിരുന്നാലും ഒരു ലഹരി പദാർത്ഥമായിരുന്നു സോമമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. എന്നാൽ, സോമത്തോട് പ്രാർത്ഥിക്കുന്നതും അതിനെ ദേവനായി സങ്കൽപ്പിക്കുന്നതും വേദത്തിൽ നാം ദർശിക്കുന്നു. സോമത്തെ വർണ്ണിച്ചുവർണ്ണിച്ച് ദേവന്മാരുടെയും മനുഷ്യരുടെയും രാജാവെന്ന് ഋഗ്വേദം പരിചയപ്പെടുത്തുന്ന വരുണന് തുല്യനായും വരുണൻ തന്നെയായും വ്യവഹരിക്കുന്നതാണ് വേദങ്ങളിൽ നാം കാണുന്നത്. "സോമാ.... രാജാവും വരുണനുമായ അങ്ങയുടെയാണല്ലോ കർമ്മങ്ങൾ. വിശാലവും ഗംഭീരവുമത്രെ അങ്ങയുടെ തേജസ്സ്. സോമാ, അങ്ങ് പ്രിയപ്പെട്ട മിത്രനെപ്പോലെ പാവനമാകുന്നു. സൂര്യനെപ്പോലെ വർദ്ധയിതാവാകുന്നു"[2]വെന്നു പരിചയപ്പെടുത്തുന്ന ഋഗ്വേദ സൂക്തത്തിൽ സോമനോടുള്ള ഒട്ടനവധി പ്രാർത്ഥനകൾ കാണാനാവും. "സോമ രാജാവേ, ഭഗവാൻ ഞങ്ങളെ എല്ലാ ദേഹേച്ഛരുക്കളിൽനിന്നും രക്ഷിക്കുക. അങ്ങയെപ്പോലുള്ളവന്റെ സഖാവും നശിക്കുകയില്ലല്ലോ". "സോമാ, അവിടുന്ന് ഈ യജ്ഞവും സ്തുതിയും സ്വീകരിച്ച് എഴുന്നള്ളിവരിക, ഞങ്ങൾക്ക് അഭിവൃദ്ധി വരുത്തുക". "സോമ, അങ്ങു ഞങ്ങൾക്ക് ധനം വർദ്ധിപ്പിക്കുക. രോഗങ്ങൾ ശമിപ്പിക്കുക, സമ്പത്ത് നൽകുക, പുഷ്ടി കൂട്ടുക, നല്ല സഖാക്കളെ തരിക"[3]തുടങ്ങിയവ ഋക്കുകളിൽ കാണുന്ന പ്രാർത്ഥനകളിൽ ചിലവയാണ്.

സോമരസം പ്രദാനം ചെയ്യുന്ന ദിവ്യമായ (?) അനുഭൂതിയായി

1. ശതപഥബ്രാഹ്മണം: 12:8:2:8-10
2. ഋഗ്വേദം 1:91:17.
3. **ഋഗ്വേദം** ഒന്നാം മണ്ഡലം 91-ാം സൂക്തത്തിൽനിന്ന്.

രിക്കണം അതിനെ ആരാധിക്കുന്നതിലേക്ക് മനുഷ്യരെ നയിച്ചതെന്നാണ് പ്രഗൽഭരായ പല പണ്ഡിതന്മാരുടെയും അഭിപ്രായം. വിറ്റ്നി എഴുതുന്നു' "പ്രകൃതിയുടെ ആശ്ചര്യകരങ്ങളായ ശക്തികളെയും പ്രതിഭാസങ്ങളെയും പൂജിക്കുകയെന്നതിൽ മതസങ്കൽപ്പം മുഴുവൻ അടങ്ങിയിരുന്ന സരളഹൃദയന്മാരായ ആര്യന്മാർ ആത്മോൻമേഷത്തെ ഉയർത്തുവാനും സാധാരണഗതിയിൽ ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണയും കഴിവും വ്യക്തികളിലുളവാക്കുന്ന താൽക്കാലികമായ ഒരു തരം ലഹരി ഉൽപാദിപ്പിക്കാനും ഒരു ദ്രാവകത്തിന് കഴിവുണ്ടെന്ന് കണ്ടതോടെ ദിവ്യമായ എന്തോ ഒന്നാണ് അതെന്ന് കരുതുവാൻ തുടങ്ങി. താൻ പ്രവേശിക്കുന്ന വ്യക്തികൾക്കെല്ലാം ദേവോചിതമായ ശക്തികൾ പ്രദാനം ചെയ്യുന്ന ഒരു ദേവതയായിത്തീർന്നു അവരുടെ ദൃഷ്ടിയിൽ ആ പാനീയം. അതുണ്ടാക്കുന്ന ചെടിയാകട്ടെ അവരെ സംബന്ധിച്ചിടത്തോളം ഔഷധികളുടെ രാജാവും അതിൽനിന്ന് പാനീയമുണ്ടാക്കുന്ന പ്രക്രിയ വിശുദ്ധമായ ഒരു യജ്ഞവും അതിനുപയോഗിക്കുന്ന ഉപകരണങ്ങൾ പാവനവുമായിത്തീർന്നു. ഈ ആരാധനാ സമ്പ്രദായം വളരെയധികം പ്രാചീനമാണെന്ന് പേർഷ്യൻ അവെസ്തയിൽ അതിനെപ്പറ്റി കാണുന്ന സൂചനകൾ തെളിയിക്കുന്നു. എങ്കിലും ഇന്ത്യൻ ഭൂപ്രദേശത്ത് എത്തിയതിനുശേഷം അതിനൊരു പുതിയ ജീവൻ വന്നതായി കാണുന്നു"[1].

സോമത്തെപ്പോലെതന്നെ വേദത്തിൽ പ്രതിപാദിക്കപ്പെട്ട മറ്റൊരു ലഹരി പദാർത്ഥമാണ് സുര. "സുരയല്ലാതെ മറ്റ് മദ്യങ്ങൾ ബ്രാഹ്മണൻ കുടിച്ചുകൂടാ"[2]യെന്നാണ് ബോധായന ധർമ്മസൂത്രം നിർദ്ദേശിക്കുന്നത്. പക്ഷേ, സുര സോമത്തെപ്പോലെ ദിവ്യവൽക്കരിക്കപ്പെട്ടിട്ടില്ല. വേദത്തിലോ മറ്റോ സുരയോടുള്ള പ്രാർത്ഥനകൾ കാണുക സാധ്യവുമല്ല.

**അസുരന്മാർ:-** സെമിറ്റിക് മതങ്ങൾ പിശാചുക്കൾ എന്നോ സാത്താന്മാർ എന്നോ പറയുമ്പോൾ ഉള്ള വിവക്ഷ തന്നെയാണ് ആര്യമതം അസുരന്മാരെന്നും രാക്ഷസന്മാരെന്നും പറയുമ്പോഴുമുള്ളത്. ചെകുത്താൻമാരെക്കുറിച്ച് സെമിറ്റിക് മതവിശ്വാസികളിൽ കടന്നുകൂടിയതിനേക്കാളധികം അന്ധവിശ്വാസങ്ങൾ ആര്യമതത്തിൽ അസുരന്മാരെക്കുറിച്ച് കാണാൻ കഴിയും. മനുഷ്യരിൽപ്പെട്ട ഉത്തമന്മാരെ ദേവസ്ഥാനത്തേക്ക് ഉയർത്തിയപ്പോൾ അധമരെ അസുരന്മാരായി ചിത്രീകരിച്ചതായും നാം വേദങ്ങളിൽ കാണുന്നു. അതുപോലെ തന്നെ, ആര്യ-ദസ്യുസംഘട്ടനത്തിൽ, ആര്യനേതാക്കന്മാർ ദേവന്മാരായി വ്യവഹരിക്കപ്പെട്ടപ്പോൾ ദസ്യുനേതാക്കന്മാർ അസുരന്മാരെന്ന് വിളിക്കപ്പെട്ടു. ദസ്യുക്കളെ ചെകുത്താൻമാരേക്കാളും നീചരായിക്കണ്ട ആര്യന്മാർ, പിന്നീട് അവരെ അടിമകളാക്കിയതായാണ് ഇന്ത്യാ ചരിത്രത്തിൽ നാം കാണുന്നത്.

1. Whitny: Journel of American Oriental Society-iii:292.
Quoted by Dr. S. Radhakrishnan: Indian Philosophy Vol I page 62.
2. ബോധായനധർമ്മ സൂത്രം 1:1:10.



ഹൈന്ദവ ദേവസങ്കൽപ്പത്തിൻെറ വ്യത്യസ്ത രൂപങ്ങളെയും ഉൽപ്പത്തികാരണങ്ങളെയും കുറിച്ച ഒരു ഏകദേശ ചിത്രമാണ് നാം കണ്ടത്. മഹാത്മാക്കളോടുള്ള ആദരവും പ്രകൃതിശക്തികളെ പ്രീണിപ്പിക്കാനുള്ള അഭിവാഞ്ഛയുമാണ് പ്രധാന ദേവന്മാരുടെയെല്ലാം ഉൽപ്പത്തിക്ക് കാരണമായിട്ടുള്ളതെങ്കിലും അവയുടെയും അടിസ്ഥാനമായി വർത്തിച്ചത് ഏകദൈവത്തിൻെറ പണിയാളുകളായ മാലാഖമാരെക്കുറിച്ച വിശ്വാസമായിരിക്കണം. പ്രകൃതിശക്തികളെയും മഹത്തുക്കളെയും മാലാഖമാരുടെ സ്ഥാനത്തേക്ക് ഉയർത്തിയപ്പോൾതന്നെ, മാലാഖമാരെ അവരുടെ ശക്തിയുടെ പ്രതീകമായ മനുഷ്യരൂപത്തിലേക്ക് ഇറക്കിവെച്ചതായും നാം കാണുന്നു. തലകളുടെയും കൈകളുടെയും മറ്റ് അവയവങ്ങളുടെയും എണ്ണം കൂടുതലുള്ള ദേവന്മാരെ സങ്കൽപ്പിച്ചത് അവരുടെ ശക്തിയെ പ്രതിനിധീകരിക്കാനാണെന്ന് ഊഹിക്കാവുന്നതാണ്. ഏകനായ ദൈവത്തെക്കുറിച്ചും അനേകം അവയവങ്ങളുള്ളവനായുള്ള വിവരണം ഉപനിഷത്തുകളിൽപോലും കാണാൻ കഴിയും. "എല്ലാ ഭാഗത്തും കണ്ണുകളുള്ളവനും സർവ്വത്ര മുഖമുള്ളവനും എല്ലാഭാഗത്തും ബാഹുക്കളുള്ളവനും എല്ലാ ഭാഗത്തും പാദങ്ങളുള്ളവനും ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനും ആയ ഏകമാത്രനായ ആ പരമാതാവ്, മനുഷ്യാദികളെ രണ്ട് കൈകളോടുകൂടിയവനും പക്ഷി മുതലായവക്ക് ചിറകുകൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു"[1]. ഇതെല്ലാം ദൈവത്തിൻെറ ശക്തിയെ വിശദീകരിക്കാൻവേണ്ടിയുള്ള വിവരണമായതുപോലെ ദേവശക്തിയെ വ്യക്തമാക്കാനായിരിക്കാം അവയവ

1. ശ്വേതാശതരോപനിഷത്ത് 3:3.

ങ്ങളുടെ എണ്ണക്കൂടുതലിനെക്കുറിച്ച് പ്രതിപാദിക്കുന്നത്. എന്തുതന്നെയായിരുന്നാലും, ഹൈന്ദവ ദേവസങ്കൽപ്പത്തിന്റെ ഉള്ളിന്റെയുള്ളിൽ സെമിറ്റിക് മതങ്ങളിലെ മാലാഖാസങ്കൽപ്പത്തിൽനിന്നും നീളുന്ന വേരുകൾ കാണാൻ കഴിയും. സെമിറ്റിക് മതങ്ങളിലും ചെറിയ തോതിലെങ്കിലും, മാലാഖമാരെക്കുറിച്ച വിശ്വാസം ബഹുദൈവ വിശ്വാസത്തിലേക്ക് പരിണമിച്ചിട്ടുണ്ടെന്ന വസ്തുത ഇവിടെ പ്രത്യേകം സ്മരണീയമാണ്.

ഖുർആൻ പറയുന്നത് നോക്കുക: "അവരെയെല്ലാവരെയും അവനൊരു ദിവസം ഒരുമിച്ചുകൂട്ടും. പിന്നെ മലക്കുകളോട് ചോദിക്കും: 'ഇവരാണോ നിങ്ങളെ ആരാധിച്ചിരുന്നത്?' അവർ പറയും 'നീ പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി-അവരല്ല. അവർ ജിന്നുകളെയാണ് ആരാധിച്ചിരുന്നത്. അവരിൽ അധികപേരും ജിന്നുകളിൽ വിശ്വസിക്കുന്നവരാകുന്നു"[1].

1. ഖുർആൻ 34:40,41.



3

# അവതാരസങ്കൽപ്പം

മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യപ്രാപ്തിക്ക് എന്തുചെയ്യണമെന്ന് പറയുവാൻ പാദാർത്ഥികമായ പരീക്ഷണ നിരീക്ഷണങ്ങൾക്ക് കഴിയില്ല. അവനെ സൃഷ്ടിച്ച് പരിപാലിക്കുന്നവൻ തന്നെ അതവന്ന് അറിയിച്ചുകൊടുക്കണം. അതിന്നുവേണ്ടി ദൈവം തെരഞ്ഞെടുത്ത് പ്രത്യേകമായ ബോധനങ്ങൾ നൽകി ജനമധ്യത്തിലിറങ്ങാൻ നിയോഗിച്ച ദൂതന്മാരെക്കുറിച്ച വിശ്വാസം, വിശദാംശങ്ങളിൽ വ്യത്യസ്തമെങ്കിലും ഒരു വിധമെല്ലാ മതങ്ങളിലും കാണാൻ കഴിയും. പ്രവാചകൻ (Prophet), ദൈവദൂതൻ (The Messenger) എന്നീ പ്രയോഗങ്ങൾ സെമിറ്റിക് മതങ്ങളുടേതാണെങ്കിലും ഈ പദങ്ങൾ കൊണ്ട് വിവക്ഷിക്കുന്ന പ്രവർത്തനങ്ങൾ ചെയ്ത വ്യക്തികളെക്കുറിച്ച സങ്കൽപ്പം ഗ്രീക്ക്-റോമൻ മിത്തോളജിയിലും പൗരാണിക നദീതട വിശ്വാസങ്ങളിലും കാണാൻ കഴിയും.

പ്രവാചക സങ്കൽപ്പത്തിന് സമാന്തരമായി ഹിന്ദുമതത്തിൽ കാണുന്ന ഒരു വിശ്വാസമാണ് അവതാരങ്ങളിലുള്ള വിശ്വാസം. അവതാരപദത്തിന്റെ ധാത്വാർത്ഥം 'താഴോട്ടുരിക'യെന്നാണ്. "നാം താഴെനിന്ന് എന്തായി വികസിക്കണമോ അതിനെ മുകളിൽനിന്ന്

ഐശ്വര്യശക്തി ആവിഷ്ക്കരിച്ച് കാണിക്കുന്നതാണ് അവതാരം"[1] എന്നാണ് ശ്രീ അരവിന്ദ മഹർഷി എഴുതുന്നത്. ഇവിടെ, മുകളിലുള്ള ഐശ്വര്യശക്തിയുടെ ആവിഷ്കാരമെന്ന ആശയം മാറ്റിവെച്ചാൽ, 'നാം താഴെനിന്ന് എന്തായി വികസിക്കണമോ അത് കാണിച്ച് തരാൻ ഐശ്വര്യശക്തി പറഞ്ഞയച്ച പുണ്യാത്മാക്കളാണ് അവതാരങ്ങൾ' എന്ന് ലഭിക്കുന്നു. പ്രവാചകന്മാരുടെ ആഗമനോദ്ദേശ്യം മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് പ്രായോഗികമായി കാണിച്ചുകൊടുക്കുകയായിരുന്നുവല്ലോ.

ദൈവത്തിന്റെ ജഡാവിഷ്കാരമാണ് അവതാരങ്ങളെന്നാണല്ലോ ഹൈന്ദവ വിശ്വാസം. ദൈവത്തിന്റെ ജഡാവിഷ്ക്കാരത്തെക്കുറിച്ച് ഹിന്ദുമതത്തിലെ വ്യത്യസ്ത വിഭഗങ്ങൾക്കിടയിൽ സാരമായ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ബൗദ്ധന്മാർ ബോധിസത്വന്റെ അവതാരങ്ങളെക്കുറിച്ച് വിശ്വസിക്കുന്നു. ജാതകകഥകളിൽ ബുദ്ധനു[2] മുമ്പും ബോധിസത്വന്റെ അവതാരങ്ങളുണ്ടായിരുന്നുവെന്നും ഇനിയും അവ ഉണ്ടാകാനിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നതായി കാണാൻ കഴിയും. ജൈനൻമാർക്കും അവരുടേതായ അവതാരസിദ്ധാന്തമുണ്ട്. ജൈനവിശ്വാസപ്രകാരം അവതാരങ്ങൾ എപ്പോഴും വരുന്നത് നന്മയുടെയും തിന്മയുടെയും പ്രതിനിധികളുടെ വിരുദ്ധ ഇരട്ടകളായിട്ടാണ്[3]. നാരായണനും പ്രതിനാരായണനും, ബാലഭദ്രനും പ്രതിബാല ഭദ്രനുമെല്ലാം ഇങ്ങനെ നന്മയുടെയും തിന്മയുടെയും വിരുദ്ധ ഇരട്ടകളായ അവതാരങ്ങളത്രെ. ശൈവസിദ്ധാന്ത പ്രകാരമുള്ള ദൈവത്തിന്റെ ജഡാവിഷ്കാരങ്ങൾ ഇവയിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ശിവന്റെ വ്യത്യസ്ത രൂപങ്ങളായ രുദ്രൻ, ഭവൻ, മഹാകാലൻ, അർദ്ധനാരീശ്വരൻ എന്നിവർ അവതാരങ്ങൾ എന്ന് പറയാൻ പറ്റുമോ ഇല്ലേ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇന്ന് വ്യവഹരിക്കുന്ന അവതാരങ്ങൾ വൈഷ്ണവ മതപ്രകാരമുള്ളതാണ്. വൈഷ്ണവ അവതാരസിദ്ധാന്തത്തിന് താത്വികമായി അടുപ്പമുള്ളത് പേർഷ്യക്കാരുടെ വിശ്വാസവുമായിട്ടാണെന്നാണ് പണ്ഡിതന്മാരുടെ പക്ഷം. എ.സി. ബൗക്കെ എഴുതുന്നു: "ഹൈന്ദവാവതാരബോധത്തോട് ഏറ്റവും അടുത്തുനിൽക്കുന്നത് പേർഷ്യക്കാരുടെ സങ്കൽ

1. Shri Arabind: The Message of Gita 58.
2. ചരിത്രത്തിൽ അറിയപ്പെടുന്ന ബുദ്ധൻ.
3. Krishna Bhagwan Dai: A Study in the Theory of Avataras Page 6.



പ്പമാണ്. അവരുടെ പരമാചാര്യനായ സൊരാസ്റ്ററുടെ ഗ്രന്ഥത്തിൽ 'വെരത്രഗ്ന' എന്ന ദേവത പല അവതാരങ്ങളെടുത്ത കഥ പ്രതിപാദിച്ചിട്ടുണ്ട്"[1].

**അവതാര ലക്ഷ്യം:-** അധർമ്മത്തിന്റെ നിഷ്കാസനവും ധർമ്മത്തിന്റെ സംസ്ഥാപനവും നടത്തുകയെന്ന സെമിറ്റിക് പ്രവാചകന്മാരുടെ അതേ പ്രവർത്തനത്തിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണ് ഹൈന്ദവ സങ്കൽപപ്രകാരം അവതാരങ്ങൾ. അവതാരങ്ങളുടെ ആഗമനോദ്ദേശ്യം ഭഗ്വദ്ഗീതയിലെ സുപ്രസിദ്ധമായ കൃഷ്ണോപദേശം വിവരിക്കുന്നുണ്ട്. "ഹേ! ഭാരത! ഏതേതുകാലത്ത് ധർമ്മത്തിന് ഗ്ലാനി സംഭവിച്ച് അധർമ്മത്തിന് പ്രാബല്യം ലഭിക്കുന്നുവോ അപ്പോൾ ഞാൻ സ്വയം അവതരിക്കുന്നു. സജ്ജനങ്ങളെ രക്ഷിക്കാനും ദുഷ്ടന്മാരെ ശിക്ഷിക്കാനും അതിലൂടെ ധർമ്മം സംസ്ഥാപിക്കാനും ഞാൻ യുഗങ്ങൾതോറും അവതരിക്കുന്നു"[2].

ധർമ്മസംസ്ഥാപകനെക്കുറിച്ച വിശ്വാസമാണ് ഹൈന്ദവ അവതാര സങ്കൽപ്പത്തിന്റെയും അടിസ്ഥാനമെന്ന് ഈ ശ്ലോകത്തിൽ നിന്ന് വ്യക്തമാകുന്നു. പക്ഷെ, ധർമ്മ സംസ്ഥാപകൻ ഭഗവാൻ തന്നെ മനുഷ്യരൂപം പൂണ്ടതാണെന്ന ഹൈന്ദവ വിശ്വാസവുമായി പൊരുത്തപ്പെടുവാൻ ഇസ്ലാമിന് കഴിയില്ല. ക്രൈസ്തവ ദർശനത്തിലും ദൈവം ജഡം സ്വീകരിക്കുകയെന്ന വിശ്വാസമുണ്ടെങ്കിലും അത് ക്രിസ്തുവിൽ മാത്രം പരിമിതമാണ്. ഹൈന്ദവ പുരാണങ്ങൾ പ്രകാരം അവതാരങ്ങളെല്ലാംതന്നെ വ്യത്യസ്തങ്ങളായ അവസരത്തിൽ ധർമ്മസംസ്ഥാപനത്തിന്റെ ആവശ്യാർത്ഥം ദൈവം ജഡം സ്വീകരിച്ചാണ് ഉണ്ടായിട്ടുള്ളത്. പദാർത്ഥാതീതനും പരിശുദ്ധനുമായ ദൈവം ജഡരൂപം സ്വീകരിച്ച് മനുഷ്യരുടെയും മൃഗങ്ങളുടെയും സകലവിധ ചാപല്യങ്ങളോടുംകൂടി പ്രത്യക്ഷപ്പെടുമെന്ന വിശ്വാസം അവന്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്നതാണെന്ന് ഇസ്ലാമിക പ്രമാണങ്ങൾ പ്രഖ്യാപിക്കുന്നു.

ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചുവെന്ന വിശ്വാസത്തെ പരസ്യമായി വിമർശിച്ച ഹൈന്ദവ നവോത്ഥാന നായകന്മാരുണ്ടാ

1.A.C. Bouquet: Comprative Religion, Page 97.
2. യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ (ഭഗ്വദ്ഗീത 4:7,8.)

യിട്ടുണ്ട്. അവരിൽ പ്രധാനിയാണ് കബീർ. "പ്രപഞ്ചത്തിൻെറ ഉടമസ്ഥനായ ദൈവം ദുർബ്ബലന്മാരും പ്രബലന്മാരും തമ്മിലുള്ള അസമത്വം കണ്ടിട്ട് ശ്രീരാമനായി അവതരിച്ചുവെന്ന് ഹിന്ദുക്കൾ പറയുന്നു. കബീർ പറഞ്ഞു: "ജനിക്കുകയും മരിക്കുകയും ചെയ്യുന്ന യാതൊരാളുടെ മുമ്പിലും ശിരസ്സ് കുനിക്കാൻ പാടില്ല. ആളുകൾ പറയുന്ന ദശാവതാരവുമായി എനിക്ക് യാതൊരു ബന്ധവുമില്ല"[1].

വിശ്വാസിയും വൈഷ്ണവകുടുംബത്തിൽ ജനിച്ച വ്യക്തിയുമായ നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ വീക്ഷണം ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. അദ്ദേഹം എഴുതി: "ദൈവം ഒരു വ്യക്തിയല്ല. മനുഷ്യരൂപത്തിൽ അദ്ദേഹം അവതരിക്കുമെന്ന് പറയുന്നതിൽ ഭാഗികമായേ സത്യമുള്ളൂ. അത്തരം വ്യക്തികൾ ദൈവത്തോട് അടുത്ത് ജീവിച്ചിരുന്നുവെന്ന് മാത്രമെ അത് വ്യക്തമാക്കുന്നുള്ളൂ. സർവ്വവ്യാപിയായ ദൈവം എല്ലാ മനുഷ്യരിലും വസിക്കുന്നു. അതുകൊണ്ട്, ദൈവത്തിൻെറ അവതാരമെന്ന് ആരെപ്പറ്റിയും പറയാം. ഇത് നമ്മെ എവിടെയുമെത്തിക്കുകയില്ല. രാമൻ, കൃഷ്ണൻ തുടങ്ങിയവരെ ദൈവാവതാരങ്ങളെന്ന് വിളിക്കുന്നത് നാം അവർക്ക് ചില ദിവ്യഗുണങ്ങൾ നൽകുന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ അവർ മനുഷ്യഭാവനയുടെ സൃഷ്ടികളാണ്. അവർ ജീവിച്ചിരുന്നുവോ ഇല്ലയോ യെന്നത് മനുഷ്യമനസ്സിൽ അവരെപ്പറ്റിയുള്ള ചിത്രങ്ങളെ ബാധിക്കുന്നില്ല. രാമനെയും കൃഷ്ണനെയും ചരിത്ര പുരുഷന്മാരാക്കാൻ ശ്രമിച്ചാൽ പലതരത്തിലുള്ള വാദഗതികൾക്ക് മറുപടി പറയാനാകാതെ വിഷമിക്കേണ്ടിവരും"[2]. "എന്നെ സംബന്ധിച്ചിടത്തോളം മഹാഭാരതം ഒരു അഗാധമായ മതഗ്രന്ഥമാണ്. പ്രതിരൂപാത്മകമായ അത് ഒരർത്ഥത്തിലും ചരിത്രരേഖയല്ല. നമ്മുടെയുള്ളിൽ അനന്തമായി നടക്കുന്ന ദ്വന്ദയുദ്ധത്തിൻെറ ചിത്രീകരണമാണത്. നമുക്ക് ചിന്തിക്കുന്നതിനുവേണ്ടിയുള്ള സൗകര്യത്തിന് അത് മനുഷ്യർ നടത്തിയതായി വിവരിക്കുന്നുവെന്നുമാത്രം. നമ്മുടെ കയ്യിൽ ഇപ്പോഴുള്ള മഹാഭാരതം മൂലത്തിൻെറ കുറ്റമറ്റ പ്രതിയാണെന്നും ഞാൻ കരുതുന്നില്ല. നേരെമറിച്ച് അത് നിരവധി തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്"[3]. "ഞാൻ ഗീതയുമായി ആദ്യമായി പരിചയപ്പെടുമ്പോൾ തന്നെ

1. Dr. Thara Chand: Influence of Islam on Indian Culture, Page 163.
2. Harijan-22-6-1947.
3. Young India 1-10-1925.



അതൊരു ചരിത്ര കൃതിയല്ലെന്ന് എനിക്ക് തോന്നിയിരുന്നു. ശാരീരിക യുദ്ധത്തിൻെറ ബാഹ്യഭാവത്തോടെ മനുഷ്യൻെറ ഉള്ളിൽ നടക്കുന്ന അനന്തമായ ദ്വന്ദയുദ്ധമാണ് ഇതിൽ വിവരിക്കുന്നത്. മനസ്സിൽ നടക്കുന്ന ഈ യുദ്ധത്തെ കൂടുതൽ വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ശാരീരിക യുദ്ധത്തിൻെറ കഥകൊണ്ടുവരുന്നത്"[1].

**അവതാരവും അദ്വൈതവും:-** അവതാര സങ്കൽപ്പം ശ്രീ ശങ്കരൻെറ അദ്വൈതവാദവുമായി താത്വികമായ വൈരുദ്ധ്യം പുലർത്തുന്നു. 'പ്രപഞ്ചത്തിലാകെ എന്തെല്ലാം നിലനിൽക്കുന്നുണ്ടോ അതെല്ലാം ബ്രഹ്മം മാത്രമാണെ'ന്നാണല്ലോ[2] അദ്വൈതത്തിൻെറ അടിസ്ഥാനവാക്യം. ഞാനും നിങ്ങളും നമുക്ക് ചുറ്റുമുള്ള അചേതനവും സചേതനവുമായ സകലതും ബ്രഹ്മമാണെങ്കിൽ പിന്നെ എങ്ങനെയാണ് ദൈവം ഒരു പ്രത്യേക വ്യക്തിയിൽ മാത്രം അവതരിക്കുന്നത്? ഏതൊരു സാധാരണക്കാരനിലും ദൈവത്തിൻെറ അംശം നിലനിൽക്കുന്നുവെങ്കിൽ എന്തിനുവേണ്ടിയാണ് നമുക്ക് മാതൃക കാണിച്ചുതരാൻവേണ്ടി ദൈവം (ദൈവവും നാം തന്നെ!) മറ്റൊരു പുരുഷനെ അയക്കുന്നത്!?. 'ജീവൻ തന്നെയാണ് ബ്രഹ്മ'[3]മെന്ന അദ്വൈതവചനം ശരിയാണെങ്കിൽ മൽസ്യം മുതൽ കൽക്കിവരെയുള്ള അവതാരങ്ങൾക്ക് നമ്മിൽനിന്നും വ്യത്യസ്തമായി എന്ത് പ്രത്യേകതയാണുള്ളത്? അവർ ദൈവത്തിൻെറ അവതാരങ്ങൾ. നമ്മളോ ദൈവം തന്നെയും! പിന്നെ നമുക്ക് മാതൃക കാണിക്കാനവർ അർഹരാണോ? അവർക്ക് എന്ത് പ്രത്യേകതയാണുള്ളത്? അവതാരത്തിന് എന്ത് പ്രസക്തിയാണുള്ളത്?

**അവതാര സംഖ്യ:-** 'അവതാരേഹ്യ സാംഖ്യേയ ഹരേഃ സത്വനിധേർദ്വിജാ' എന്ന ഭാഗവത വചനപ്രകാരം ഭഗവാൻെറ അവതാരങ്ങൾ അസംഖ്യമാണെങ്കിലും പ്രധാനമായും പത്ത് അവതാരങ്ങളെക്കുറിച്ചാണ് സാധാരണ വ്യവഹരിക്കപ്പെടാറുള്ളത്. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബലരാമൻ[4] കൽക്കി എന്നിവരാണ് ദശാവതാരങ്ങൾ. ശ്രീമഹാദേവീ ഭാഗവതപ്രകാരം മഹാവിഷ്ണുവിന് ഇരുപത്തിയാറ്[5]

1. M.K. Gandhi: The Teaching of the Gita, Page 18.
2. ബ്രഹ്മൈ വേദം വിശ്വം സമസ്തം ഇദം ജഗദ്
3. ജീവോ ബ്ര്മൈവ നാപരഃ
4. ചിലർ ബലരാമനു പകരം ശ്രീബുദ്ധനെയാണ് അവതാരമായി കണക്കാക്കുന്നത്.
5. ശ്രീമഹാദേവി ഭാഗവതം-സ്കന്ധം 1 അദ്ധ്യായം 3.

അവതാരങ്ങളുണ്ട്. സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ, വരാഹം, നാരദൻ, നരനാരായണന്മാർ, കപിലൻ, ദത്താത്രേയൻ, യജ്ഞൻ, ഋഷഭൻ, പൃഥു, മൽസ്യം, മോഹിനി, കൂർമ്മം, ഗരുഢൻ, ധന്വന്തരി, നരസിംഹം, വാമനൻ, പരശുരാമൻ, വ്യാസൻ, ശ്രീരാമൻ, ബലഭദ്രരാമൻ, ശ്രീകൃഷ്ണൻ, ബുദ്ധൻ, കൽക്കി എന്നിവരാണവർ. പത്തോ ഇരുപത്തിയാറോ മാത്രമല്ല കുറെയധികം അവതാരങ്ങളുണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കുന്ന പണ്ഡിതന്മാരുണ്ട്. 'തത്വമസി' യെന്ന ഗ്രന്ഥത്തിലൂടെ ഉപനിഷദ്‌വ്യാഖ്യാനത്തിൽ പ്രസിദ്ധിനേടിയ സുകുമാർ അഴീക്കോടിൻെറ അഭിപ്രായത്തിൽ യേശുക്രിസ്തു മുതൽ മഹാത്ഗാന്ധിവരെ മഹാവിഷ്ണുവിൻെറ അവതാരങ്ങളാണ്[1].

മൽസ്യം മുതൽ കൽക്കിവരെയുള്ളവരുടെ അവതാരോദ്ദേശ്യം ധർമ്മസംസ്ഥാപനമായിരുന്നുവെന്നതിന് അവരെക്കുറിച്ച പുരാണകഥകൾ ഉദ്ധരിക്കപ്പെടാറുണ്ട്. കൃതമാലാ നദിയിൽ ജലതർപ്പണം ചെയ്യുന്ന സത്യവ്യതരാജാവിനാണ് വിഷ്ണു മൽസ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടത്. പിന്നീടുണ്ടായ പ്രളയത്തിൽ അദ്ദേഹത്തെ രക്ഷിക്കുകയും ഹയഗ്രീവനെ ഹനിച്ച് വേദങ്ങളെ ഉദ്ധരിക്കുകയുമായിരുന്നു മൽസ്യാവതാരത്തിൻെറ ലക്ഷ്യം. ദേവാസുരന്മാർ പാലാഴി കടഞ്ഞ് അമൃതം ലഭിക്കാൻ ശ്രമിക്കവെ, കടകോലായിരുന്ന മന്ദരപർവ്വതം താണുപോയപ്പോൾ ആശ്ചര്യകരമാംവണ്ണം വലിയൊരു ആമയുടെ രൂപം കൈകൊണ്ട് പാലാഴിമഥനത്തെ സഫലമാക്കുകയായിരുന്നു കൂർമ്മാവതാരത്തിൻെറ ലക്ഷ്യം. സ്വയംഭുവമനു സൃഷ്ടിക്കുവേണ്ടി ഉദ്യുക്തനായിരിക്കുമ്പോൾ കടലിലൊളിക്കപ്പെട്ടു കാണാതായ ഭൂമിയെ ഹിരണ്യാക്ഷ വധം നടത്തി വീണ്ടെടുക്കുകയായിരുന്നു വരാഹാവതാരത്തിൻെറ ധർമം. ഈശ്വരവിശ്വാസത്തെ പാടെ തടഞ്ഞ ഹിരണ്യകശിപുവിനെ തൂണിൽനിന്ന് നരസിംഹമൂർത്തിയായി പുറത്തുവന്ന് നശിപ്പിച്ച് പ്രഹ്ളാദകുമാരനെ സമാശ്വസിപ്പിക്കുകയാണ് നരസിംഹാവതാരം ചെയ്തത്. പിതാവായ ജമദഗ്നിയുടെ ശിരഛേദം ചെയ്ത കാർത്തവീരാർജ്ജുനനെയും ക്ഷത്രിയരാജാക്കന്മാരെയും ഹനിക്കുകയായിരുന്നു പരശുരാമാവതാരത്തിൻെറ ലക്ഷ്യം. കേരളനാട്ടിൽ സുഖസുന്ദരമായ ഭരണം കാഴ്ചവെച്ച മഹാബലിയെ പരീക്ഷണത്തിലൂടെ ഭൂമിക്കടിയിലേക്ക് താഴ്ത്തുകയായിരുന്നു വാമനാ

1. സുകുമാർ അഴീക്കോട്: തത്ത്വവും മനുഷ്യനും പേജ് 74-84.



വതാരത്തിൻെറ ആഗമനോദ്ദേശ്യം. സീതാപഹരണം നടത്തി അധർമ്മത്തിൻെറ പതാകാവാഹകനായി മാറിയ രാവണനെ നശിപ്പിക്കുകയായിരുന്നു ശ്രീരാമാവതാരത്തിൻെറ ധർമ്മം. കൗരവ പാണ്ഡവ യുദ്ധത്തിൽ ക്ഷത്രിയധർമ്മത്തിൻെറ സംരക്ഷണത്തിന് അർജ്ജുനനെ ഉപദേശിക്കുകയും സഹായിക്കുകയുമായിരുന്നു കൃഷ്ണാവതാരത്തിൻെറ ഉദ്ദേശ്യം. ജീവകാരുണ്യത്തിൻെറ മഹിതാശയങ്ങളുടെ പ്രചരണമായിരുന്നു ശ്രീബുദ്ധാവതാരത്തിൻെറ ലക്ഷ്യം. കലിയുഗപാരമ്യത്തിൽ ദുഷ്ട ജനമർദ്ദനത്തിനുവേണ്ടിയായിരിക്കും കൽക്കിയവതരിക്കുക.

വിഷ്ണുവിന് അവതാരമെടുക്കേണ്ടിവന്നത് ഒരു ശാപം കൊണ്ടാണെന്നാണ് ശ്രീമഹാഭാഗവതം[1] പറയുന്നത്. കശ്യപപുത്രനായ കശിപു ദേവാസുരയുദ്ധത്തിൽ വധിക്കപ്പെട്ടതിനുശേഷം, വിഷ്ണുവിനെയും ഇന്ദ്രനെയും ഒരിക്കൽ യോഗശക്തികൊണ്ട് ശുക്രമഹർഷിയുടെ അമ്മ സ്തംഭിപ്പിച്ചുകളഞ്ഞു. ഉടനെ വിഷ്ണു സുദർശനം കൊണ്ട് ശുക്രമാതാവിൻെറ ശിരസ്സ് ഛേദിച്ചു. ഇതുകണ്ട് രോഷം പൂണ്ട ഭൃഗുമഹർഷി വിഷ്ണുവിനെ ശപിച്ചു. "ഭൂമിയിൽ അവതാരങ്ങളായിക്കഴിയാൻ ഇടവരട്ടെ". തുടർന്ന് വിഷ്ണു കൈക്കൊണ്ട അവതാരങ്ങളാണത്രെ ദശാവതാരങ്ങൾ.

**അവതാരവും പരിണാമവും:-** ദശാവതാര സങ്കൽപ്പത്തെ ആധുനിക പരിണാമവാദവുമായി സമന്വയിപ്പിക്കാൻ ഇന്ന് ചില അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ബാവട്സ്കി മുതൽ ജിനരാജദാസൻവരെയുള്ള തിയോസഫിസ്റ്റുകളാണ് ഈ പുതിയ വ്യാഖ്യാനത്തിൻെറ പ്രബോധകർ. ആറ്റത്തിൻെറ നിഗൂഢതകളിൽ നടരാജനൃത്തം ദർശിച്ച ഫ്രിജോഫ്കാപ്രയുടെ[2] കൃതികളും ദശാവതാര പരിണാമ സങ്കലന സിദ്ധാന്തങ്ങളും ഒരു 'നവ ഇന്ത്യൻ സോഷ്യലിസ'ത്തിന് രൂപം നൽകാൻ പര്യാപ്തമാവുമെങ്കിലും അവയും സത്യവുമായി യാതൊരു ബന്ധവുമില്ലെന്ന് ഒരൽപ്പം ചിന്തിച്ചാൽ ബോധ്യമാകും. ദശാവതാര പരിണാമ സമന്വയ സിദ്ധാന്തത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് ഡോ. ആർ. ഗോപിമണി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഏതാനും വർഷങ്ങൾക്ക് മുമ്പെഴുതിയ 'പരിണാമത്തി

1. ശ്രീമഹാഭാഗവതം: അഷ്ടമസ്കന്ധം 24:9-13.
2. Fritjoph Capra: The Tao of Physics.

നെതിരെ വെല്ലുവിളികൾ'[1] എന്ന ലേഖനം തന്നെ ഈ വാദത്തിൻെറ അപഹാസ്യത വ്യക്തമാക്കുന്നുണ്ട്. ആദ്യം ജലത്തിലെ മൽസ്യമായും പിന്നെ കരയിലും ജലത്തിലും ഒരുപോലെ വസിക്കാൻ കഴിവുള്ള കൂർമ്മമായും പിന്നീട് പ്രാകൃതമായ വരാഹമായും പിന്നെ മനുഷ്യനും മൃഗത്തിനും നടുവിലുള്ള നരസിംഹമായും ഒടുവിൽ മനുഷ്യൻെറ തന്നെ പല സംസ്കാരഭാവങ്ങളെയും സൂചിപ്പിക്കുന്ന പരശുരാമൻ തൊട്ട് ശ്രീബുദ്ധൻവരെയുള്ള മനുഷ്യാവതാരങ്ങളായും ബുദ്ധീശ്വര നായ വിഷ്ണു ഈ ഭൂമുഖത്ത് അവതരിച്ചുവെന്ന ദശാവതാര കഥ ജീവപരിണാമത്തെ സൂചിപ്പിക്കുന്നതാണെന്ന് സ്ഥാപിക്കാൻ ഗോപി മണി വല്ലാതെ പാടുപെടുന്നുവെന്നല്ലാതെ, പ്രസ്തുത ലേഖനത്തി ലൂടെ താൻ വെളിപ്പെടുത്താനുദ്ദേശിക്കുന്ന ആശയങ്ങൾ സമർത്ഥി ക്കാൻപോലും അദ്ദേഹത്തിന് കഴിയുന്നില്ല. അവതാരോദ്ദേശ്യമായ ധർമ്മ സംസ്ഥാപനവും ഡാർവിനിസത്തിലെ 'വർഗ്ഗങ്ങളുടെ ഉൽ പ്പത്തി'യും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെടുന്നതെന്ന് വിശദീ കരിക്കാൻ ഗോപിമണിക്കോ അദ്ദേഹത്തെ അനുകൂലിക്കുന്നവർക്കോ സാധിക്കുന്നില്ല.

മനുഷ്യോൽപ്പത്തിക്ക് മുമ്പ് മത്സ്യവും കൂർമ്മവും വരാഹവും നരസിംഹവുമുണ്ടായി എന്നാണല്ലോ വാദം. എന്നാൽ പുരാണങ്ങ ളിലെ മൽസ്യ കൂർമ്മ വരാഹ നരസിംഹാദികളെക്കുറിച്ച കഥകളി ലെല്ലാംതന്നെ അവതാരങ്ങൾക്ക് സമകാലികരായി മനുഷ്യരുമുണ്ടാ യിരുന്നതായി കാണാം. ഉദാഹരണമായി, ദശാവതാരങ്ങളിൽ പ്രഥ മനായ മൽസ്യാവതാരത്തിൻെറ കഥ നോക്കുക. അസുരന്മാരുടെ രാജാവ് വേദം തട്ടിക്കൊണ്ടുപോയപ്പോഴാണ് വിഷ്ണു മൽസ്യാവ താരമെടുക്കുന്നത്. കൽപകാലത്തിലെ സത്യവൃതനെന്ന രാജാവ് കൃതമാലാ നദിയിൽ ജലതർപ്പണം ചെയ്യുമ്പോഴാണ് വിശേഷപ്പെട്ട മൽസ്യാവതാരം ദർശിച്ചത്[2]. പിന്നീടുള്ള മൽസ്യപുരാണ കഥകളി ലെല്ലാം തന്നെ മനുഷ്യരെ നാം കാണുന്നു. മാത്രവുമല്ല, ശ്രീമഹാ ദേവി ഭാഗവതത്തിലെ ഒന്നാം സ്കന്ധമനുസരിച്ചുള്ള ഇരുപത്തി യാറ് അവതാരങ്ങളിൽ ആദ്യത്തെ നാലും (സനകൻ, സനന്ദൻ, സനാ തനൻ,സനൽകുമാരൻ) മനുഷ്യരാണ്. പിന്നീടാണ് വരാഹാവതാര മുണ്ടാകുന്നത്. ഇത് പരിണാമവുമായി ബന്ധപ്പെടുത്തിയാൽ മനു

1. മാതൃഭൂമി ആഴ്ചപ്പതിപ്പ് പു: 64, ലക്കം 36, 37.
2. ശ്രീമഹാഭാഗവതം: അഷ്ടമസ്കന്ധം 24:9-13.



ഷ്യൻ പന്നിയായും പിന്നെ മനുഷ്യനായും പിന്നീട് മൽസ്യവുമായു മെല്ലാം പരിണമിച്ചുവെന്ന് സമ്മതിക്കേണ്ടിവരും.

**ആരാണ് അവതാരങ്ങൾ:-** ദൈവം ജഡം സ്വീകരിച്ചു ഭൂമിയി ലിറങ്ങുകയെന്ന ആശയം ഹൈന്ദവദർശനത്തിൻെറ അടിസ്ഥാന ശ്രുതികളായ വേദങ്ങളിലോ ഉപനിഷത്തുകളിലോ ഒന്നും കാണുന്നി ല്ല. 'അവതാര'മെന്ന പദം ഭഗ്വദ്ഗീതയിൽപോലും കാണുന്നില്ല. പക്ഷേ, പുണ്യപുരുഷന്മാരെക്കുറിച്ച പ്രസ്താവനകൾ ഇവയിലെ ല്ലാം ഉണ്ടുതാനും. ശതപഥബ്രാഹ്മണത്തിലും ഛാന്ദോഗ്യോപനി ഷത്തിലും മറ്റുചില ഉപനിഷത്തുകളിലുമെല്ലാം അവതാരങ്ങളായി ഇന്ന് വ്യവഹരിക്കപ്പെടുന്ന ചിലരെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അവ യിൽ ഒന്നുംതന്നെ ഇവർ വിഷ്ണുവിൻെറ അവതാരങ്ങളാണെന്ന് പഠിപ്പിക്കുന്നില്ല.

"എല്ലാ സമുദായത്തിലേക്കും നാം ദൂതനെ അയച്ചിട്ടുണ്ട്"[1] എന്ന ദൈവിക സന്ദേശമനുസരിച്ച് ഭാരതത്തിൻെറ മണ്ണിൽ പ്രവാച കന്മാർ നിയുക്തരായിട്ടുണ്ടാകണമല്ലോ. അപ്പോൾ, ഇന്ത്യയിൽ നിയു ക്തരായ പ്രവാചകന്മാരെക്കുറിച്ച വിശ്വാസമായിരിക്കണം അവതാര സങ്കൽപ്പത്തിന് നിദാനമായതെന്ന് ന്യായമായും ഊഹിക്കാവുന്നതാ ണ്. ഹിന്ദുമതത്തിലെ അവതാരത്തിന് പാശ്ചാത്യമതങ്ങളിലെ പ്രവാ ചകൻെറയോ മഹാനേതാവിൻെറയോ സ്ഥാനമാണുള്ളതെന്നാണ് സ്വാമി വിവേകാനന്ദൻ[2] പറഞ്ഞിട്ടുള്ളത്. ദൈവമല്ലാതെ മറ്റൊരു ആരാ ധ്യനുമില്ലെന്ന ഉറക്കെ പ്രഖ്യാപിച്ച പ്രവാചകന്മാരിൽ പലരും പിന്നീട് ദൈവപുത്രപദവിയിലും ആരാധ്യപദവിയിലും പ്രതിഷ്ഠിക്കപ്പെട്ട പോലെ ഭാരതീയ പ്രവാചകന്മാരിൽ ദിവ്യത്യമാരോപിക്കപ്പെട്ടതാവാം അവതാര സങ്കൽപ്പത്തിന് നിദാനമായത്. ഹൈന്ദവ പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ട അവതാരങ്ങളെല്ലാം പ്രവാചകന്മാരാണെന്നല്ല ഇതുകൊണ്ട് നാം അർത്ഥമാക്കുന്നത്. പ്രത്യുത 'ധർമ്മ സംസ്ഥാപ കനായി യുഗങ്ങൾ തോറും കടന്നുവരുന്നവൻ' എന്ന അവതാര സങ്കൽപ്പത്തിൻെറ വേരുകൾ ഭാരതീയ പ്രവാചകന്മാരെക്കുറിച്ച വിശ്വാ സത്തിലായിരിക്കാൻ സാധ്യതയുണ്ടെന്ന് മാത്രമാണ് ഇവിടെ വിവക്ഷിക്കുന്നത്.

1. ഖുർആൻ 16:36
2. സാൻ ഫ്രാൻസിസ്കോ പ്രസംഗം 8:4-1990

വേദങ്ങളെ നാലായി വ്യസിച്ച വേദവ്യാസനെക്കുറിച്ച പരാമർശങ്ങൾ ഇതിനൊരു ഉദാഹരണമാണ്. ശ്രീമഹാദേവീ ഭാഗവതപ്രകാരം പരശുരാമനുശേഷം ശ്രീരാമനുമുമ്പായി വന്ന അവതാരമാണ് വേദവ്യാസൻ. വേദവുമായി ബന്ധപ്പെടുത്തിയാണ് വ്യാസൻ ആദ്യകാലം മുതൽക്കുതന്നെ വ്യവഹരിക്കപ്പെടുന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ വ്യാസൻ ഒരു പ്രവാചകനായിരിക്കാനുള്ള സാധ്യത കണ്ണുമടച്ച് തള്ളിക്കളയാനാവില്ല.

മൽസ്യകൂർമ്മ വരാഹ നരസിംഹാദികൾ, ഇസ്‌ലാമിക വിശ്വാസപ്രകാരം പ്രവാചകന്മാരാകാൻ യാതൊരു സാധ്യതയുമില്ലാത്തവയാണ്. പക്ഷേ, പ്രവാചകന്മാരുമായി ബന്ധപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങളുടെ വർണ്ണനയായിരിക്കാം ഇങ്ങനെയുള്ള അവതാരങ്ങളെക്കുറിച്ച വിശ്വാസത്തിന് നിദാനമായതെന്നൂഹിക്കാം. നേരത്തെ സൂചിപ്പിച്ച ആര്യ-ദസ്യു സംഘട്ടനങ്ങളും അവതാര കഥകൾക്ക് നിറം പകരാൻ സഹായകമായിരിക്കണം. അവതാരങ്ങളുമായി ബന്ധപ്പെട്ട യുദ്ധങ്ങളിൽ പലതും ആര്യ-ദസ്യുസംഘട്ടനങ്ങളുമായി ബന്ധമുള്ളതായിരിക്കണം.

**അവതാര കഥകൾ:-** പുരാണേതിഹാസങ്ങളിലെ അവതാരങ്ങളുടെ പ്രവർത്തനങ്ങളിൽ പലതും പുണ്യപുരുഷന്മാരുടെ, വിശിഷ്യാ മനുഷ്യസമൂഹത്തിൻെറ വഴികാട്ടികളായ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളാണെന്ന് അനുമാനിക്കുകവയ്യ. അവ യഥാർത്ഥത്തിൽ ധർമ്മ സംസ്ഥാപനത്തിനുവേണ്ടി കടന്നുവന്ന അവതാരങ്ങളുടെ ലീലകളാവാനുള്ള സാധ്യതയുമില്ല. കാലങ്ങൾ കഴിഞ്ഞപ്പോൾ ധർമ്മസംസ്ഥാപകരെ ഓരോരുത്തരും തങ്ങളുടെ സ്വന്തം ഭാവനക്കും ഇഷ്ടത്തിനുമനുസരിച്ച് പുകഴ്ത്തിയതാവാം ഇത്തരം കഥകളുടെ ഉൽപ്പത്തിക്ക് കാരണമായത്. സമൂഹത്തിലെ പ്രധാനികളെ അവതാരങ്ങളുടെ സ്ഥാനത്തേക്ക് ഉയർത്തിയതും ഇത്തരം കഥകളുടെ സൃഷ്ടിക്ക് നിദാനമായിരുന്നിരിക്കാം.

**ശംബൂക വധം:-** ഏകനായ ദൈവത്തിന് മുമ്പിൽ എല്ലാവരും സമൻമാരാണെന്ന തത്വമാണ് പ്രവാചക പ്രബോധനങ്ങളിൽ സുപ്രധാനമായ ഒന്ന്. ഈ തത്വത്തിന് തീരെ അനനുയോജ്യമായ പ്രവർത്തനമാണ് ശംബൂക വധത്തിലൂടെ ശ്രീ രാമൻ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. അകാല ചരമമില്ലാതിരുന്ന രാമൻെറ കാലത്ത് അകാലചരമം പ്രാപിച്ച തൻെറ മകൻെറ ശവവും ചുമന്ന് രാമൻെറ കൊട്ടാരവാതിലിൽ വന്ന് ഒരു ബ്രാഹ്മണൻ അലമുറയിടാൻ തുടങ്ങി. രാമൻ തൻെറ പണ്ഡിത സദസ്സുമായി കൂടിയാലോചിച്ചു. അപ്പോൾ നാരദമഹർഷി, രാജ്യത്തിലെവിടെയെങ്കിലും ധർമ്മവിരുദ്ധമായി ശൂദ്രൻ തപസ്സ് ചെയ്യുന്നുണ്ടാകുമെന്ന് പറഞ്ഞു. രാമൻ തൻെറ പുഷ്പകവിമാനത്തിലേറി രാജ്യം മുഴുവൻ ചുറ്റി. ദക്ഷിണഭാഗത്തുനിന്നും അകലെ ഘോരവനത്തിൽ ഉടലോടെ സ്വർഗ്ഗം പുൽകണമെന്ന ആശയുമായി ശൂദ്രനായ ശംബൂകൻ തപസ്സ് ചെയ്യുന്നതായി കാണാൻ കഴിഞ്ഞു. ഇത് കണ്ടയുടനെ രാമൻ ശംബൂകൻെറ തലയറുത്തു. തദവസരത്തിൽ ബ്രാഹ്മണബാലന് ജീവൻ തിരിച്ചുകിട്ടി. ഇതുകണ്ട ദേവന്മാർ രാമനെ അനുമോദിച്ച് ആകാശത്തുനിന്ന് പുഷ്പവൃഷ്ടി നടത്തി.



ഈ കഥയിൽ നാം കാണുന്നത് രാമനെന്ന ധർമ്മസംസ്ഥാപകൻെറ പ്രവർത്തനമാണോ? അതല്ല, ബ്രാഹ്മണമേധാവിത്തത്തിനും അവർണ്ണരിൽനിന്നും അറിവ് അകലെ നിർത്താനുംവേണ്ടി പരിശ്രമിച്ചവരുടെ സങ്കൽപ്പസൃഷ്ടിയോ? ആദ്യത്തേതാണ് ശരിയെങ്കിൽ രാമനെന്ന ധർമ്മസംസ്ഥാപകൻ ശൂദ്രരെ മനുഷ്യരായി മനസ്സിലാക്കിയിരുന്നില്ലെന്ന് പറയേണ്ടിവരും.

**രാമനെന്ന ഭർത്താവ്:-** മാതൃകായോഗ്യനായ ഭർത്താവായാണ് രാമനെ വാൽമീകി പരിചയപ്പെടുത്തുന്നതെങ്കിലും ഭാര്യാഭർതൃബന്ധത്തിൻെറ വിശുദ്ധിക്കും കെട്ടുറപ്പിനും യോജിക്കാത്ത പലതും വാൽമീകി രാമായണത്തിൽ നാം കാണുന്നു. രാവണൻെറ സീതാപഹരണത്തിനുശേഷം ഘോരമായ യുദ്ധത്തിലൂടെ സീതയെ രക്ഷിച്ച രാമൻ പുകഴ്ത്തപ്പെടണമെന്നത് ശരിയാണ്. പക്ഷെ, അതിനുശേഷമുള്ള പ്രവർത്തനങ്ങൾ ക്രൂരമല്ലേയെന്ന് ആരെങ്കിലും ചോദിച്ചാൽ അതിൽ തെറ്റുകാണാൻ കഴിയില്ല. എൻെറ അഭിമാനത്തിന് വേണ്ടിയാണ് നിന്നെ തിരിച്ചുപിടിച്ചതെന്ന് പറയുന്ന രാമൻ, രാവണൻ സീതയെ ആസ്വദിച്ചിരിക്കുമെന്ന് ആരോപിക്കുകൂടി ചെയ്യുന്നു. തൻെറ നിരപരാധിത്വവും പരിശുദ്ധിയും തെളിയിക്കുന്നതിന് സീത അഗ്നിപരീക്ഷക്ക് വിധേയമാവുകയും അഗ്നിയിൽ നിന്ന് ഒരു പോറലുമേൽക്കാതെ പുറത്ത് വരികയും ചെയ്തതിനുശേഷം മാത്രമാണ് രാമൻ അവളെ അയോധ്യയിലേക്ക് കൊണ്ടുപോകുന്നത്.

അയോധ്യയിലെത്തിയ സീത മാസങ്ങൾക്കകം ഗർഭിണിയാകുന്നു. ജനം ഗർഭത്തിൻെറ ഉത്തരവാദിത്തം രാവണനിൽ ആരോപിക്കുകയും സീതയെ സ്വീകരിച്ച രാമനെ അവഹേളിച്ച് സംസാരിക്കുകയും ചെയ്തു. അപമാനത്തിൽ നിന്ന് രക്ഷപ്പെടാൻ രാമൻ സ്വീകരിച്ച മാർഗ്ഗം സീതയെ ഉപേക്ഷിക്കുകയാണ്. ആശ്രമപ്രാന്തത്തിൽ കഴിയാനെന്ന വ്യാജേന രാമസഹോദരനായ ലക്ഷ്മണനോടൊപ്പം രഥത്തിൽ കാട്ടിലേക്ക് നയിക്കപ്പെടുന്നു. അവരെ അവിടെ ഉപേക്ഷിച്ച് ലക്ഷ്മണൻ തിരിച്ചുപോരുന്നു.

വാൽമീകിയുടെ ആശ്രമത്തിൽ അഭയം തേടിയ സീത, അവിടെവെച്ച് ലവൻ, കുശൻ എന്നീ ഇരട്ടകൾക്ക് ജന്മം നൽകുന്നു. ലവകുശൻമാരുടെ പന്ത്രണ്ട് വയസ്സിനുശേഷം രാമൻ നടത്തിയ യാഗത്തിൽവെച്ച് രാമായണമാലപിച്ച അവരെക്കുറിച്ച് അദ്ദേഹം അന്വേഷിക്കുകയും സീതയുടെ പുത്രൻമാരാണ് അവരെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. സീതയുടെ പാതിവ്രത്യം തെളിയിക്കാൻ സഭയുടെ മുന്നിൽ വന്ന് പ്രതിജ്ഞയെടുക്കാൻ രാമൻ ആവശ്യപ്പെടുന്നു. വാൽമീകിയോടൊപ്പം രാജസദസ്സിൽ പ്രത്യക്ഷപ്പെട്ട സീത, താൻ പതിവ്രതയാണെങ്കിൽ ഭൂമി മാതാവ് പിളർന്ന് എന്നെ കുഴിച്ചുമൂടട്ടെയെന്ന് കഠിനമായി പ്രാർത്ഥിക്കുന്നു. ഉടനെതന്നെ ഭൂമി പിളർന്ന്, സീതയെ സുവർണ്ണ സിംഹാസനത്തിൽ ആരൂഢയാക്കി ഉള്ളിലേക്ക് കൊണ്ടുപോവുകയും ദേവതകൾ അവരുടെ ശിരസ്സിൽ പുഷ്പവൃഷ്ടി നടത്തുകയും ചെയ്തുവെന്നാണ് കഥ[1].

മാതൃകായോഗ്യനായ ഭർത്താവായി ജീവിച്ച് കാണിച്ചുകൊടുക്കേണ്ട അവതാരത്തിൻെറ പ്രവർത്തനമാണോ ഇത്? അതല്ല, സ്ത്രീയെ വെറുമൊരു സൗന്ദര്യവസ്തു മാത്രമായിക്കണ്ട പുരുഷമേധാവിത്വത്തിൻെറ സൃഷ്ടിയോ? ധർമ്മസംസ്ഥാപകൻെറ വ്യക്തിത്വത്തിന് യോജിക്കാത്ത ഇതുപോലുള്ള പല പ്രവർത്തനങ്ങളും രാമായണത്തിൽ കാണാൻ കഴിയും. മദ്യത്തിലും മദിരാക്ഷിയിലും തൽപ്പരനായ ഒരു അവതാരത്തിൻെറ ചിത്രമാണ് വാൽമീകി രാമായണം[2] നമുക്ക് വരച്ചുകാണിച്ച് തരുന്നത്.

**കൃഷ്ണലീലകൾ:-** മഹാഭാരതത്തിലെ കൃഷ്ണചരിതത്തിലും

1. വാൽമീകിരാമായണം: യുദ്ധകാണ്ഡം സർഗ്ഗം 115.
2. വാൽമീകി രാമായണം: ഉത്തരകാണ്ഡം സർഗ്ഗം 42, ശ്ലോകം 8.



ഒരു ധർമ്മസംസ്ഥാപകനിലുണ്ടാവാൻ പാടില്ലാത്ത പല സ്വഭാവങ്ങളും നാം കൃഷ്ണനിൽ കാണുന്നു. ഗോപികാ വസ്താപഹരണം മുതൽ കൃഷ്ണവിവാഹങ്ങൾവരെ ഒരു ധർമ്മ സംസ്ഥാപകൻെറ വ്യക്തിത്വത്തിന് അനുയോജ്യമല്ലെന്നുവേണം പറയാൻ.

വസ്ത്രങ്ങളെല്ലാം കരയിൽ ഊരിവെച്ച് കുളിക്കാനിറങ്ങിയ ഗോപികമാരുടെ വസ്ത്രങ്ങൾ അപഹിക്കുന്ന കൃഷ്ണൻ, അവയുമായി ഒരു മരത്തിൽ കയറിയിരിക്കുന്നു. ഗോപികമാർ വസ്ത്രം തിരികെ കൊടുക്കുവാനാവശ്യപ്പെട്ടപ്പോൾ ഓരോ ഗോപികമാരും നഗ്നരായി വന്ന് വസ്ത്രം ആവശ്യപ്പെട്ടാൽ മാത്രമെ അവ നൽകുകയുള്ളൂവെന്ന് ശാഠ്യം പിടിക്കുന്നു. അങ്ങിനെ ഗോപികമാർ ഓരോരുത്തരായി കടന്നുവന്ന് കൃഷ്ണനോട് വസ്ത്രം വാങ്ങി കടന്നുപോകുന്ന രംഗങ്ങൾ എല്ലാവിധ വർണ്ണനകളോടുംകൂടി ശ്രീമഹാഭാഗവതം വിവരിക്കുന്നുണ്ട്.

അതുപോലെതന്നെ, ശ്രീകൃഷ്ണൻ തൻെറ വിവാഹങ്ങൾക്കുവേണ്ടി സ്വീകരിച്ച മാർഗ്ഗങ്ങൾ കുറ്റമറ്റതാണെന്ന് പറഞ്ഞുകൂടാ. ഇവയൊന്നുതന്നെ ഒരു ധർമ്മസംസ്ഥാപകനിലെന്നല്ല, ധർമ്മത്തിൽ വിശ്വസിക്കുന്ന ഒരു സാധാരണക്കാരനിൽപോലും കാണാൻ പാടില്ലാത്തതാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല.

മഹാഭാരത യുദ്ധവേളയിലും ശ്രീകൃഷ്ണൻ ധർമ്മത്തിന് വിരുദ്ധമായി അനീതിയുടെയും അക്രമത്തിൻെറയും വഞ്ചനയുടെയും മാർഗ്ഗങ്ങൾ സ്വീകരിച്ചതിന് ഒട്ടനവധി ഉദാഹരണങ്ങൾ ഡോ. ബി. ആർ. അംബേദ്ക്കർ അദ്ദേഹത്തിൻെറ 'ഹിന്ദുമതത്തിലെ പ്രഹേളികകൾ'[1] എന്ന ഗ്രന്ഥത്തിൽ അക്കമിട്ട് വിശദീകരിച്ചിട്ടുണ്ട്.

**അവതാരങ്ങളും മുസ്ലിംകളും:** ഗോവാൾക്കർ ചോദിക്കുന്നു: "രാമനും കൃഷ്ണനും ഈശ്വരൻെറ അവതാരങ്ങളാണെന്ന് വിശ്വസിക്കാത്ത അനേകം പേർ ഹിന്ദുധർമ്മത്തിനകത്തുണ്ട്. പക്ഷേ, അവർ എല്ലാം അനുകരണീയരായ മഹാപുരുഷന്മാരാണെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നുണ്ട്. അതിനാൽ ഈശ്വരൻ അവതരിച്ചിട്ടില്ലെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നില്ലെങ്കിൽ അതിലെന്തുണ്ട് കാര്യം. അത്തരം മഹദ്വ്യക്തികളെ എന്തുകൊണ്ട് അവർക്ക് സ്വന്തം ദേശീയ പുരുഷന്മാരായി

1. Dr. B.R. Ambedkar: Riddles in Hinduism. Appendix III: Riddles of Rama and Krishna.

ഗണിച്ചുകൂടാ"[1].

ദൈവം ജഡത്തിൽ അവതരിച്ചുവെന്ന വിശ്വാസം, ഏകദൈവത്തിൻെറ മഹത്വത്തിനും അവൻ അവതരിപ്പിച്ച ഗ്രന്ഥങ്ങളിലെ ആശയങ്ങൾക്കുമെതിരാണെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നു. രാമനും കൃഷ്ണനും അനുകരണീയരായിരിക്കാം. എന്നല്ല, അവർ ധർമ്മസംസ്ഥാപകരായിരുന്നുവെങ്കിൽ തീർച്ചയായും അനുകരണീയരായിരിക്കണം. പക്ഷേ, അവരെ അനുകരിക്കണമെങ്കിൽ അവരെക്കുറിച്ച സ്ഖലിതരഹിതമായ ചരിത്രമെവിടെയുണ്ട്? ഇതിഹാസ പുരാണങ്ങളിലെ അവതാര ലീലകളിൽ സകലതും അനുകരണീയമാണെന്ന അഭിപ്രായം ഗോൾവാൾക്കർക്കുപോലും ഉണ്ടാകുമെന്ന് തോന്നുന്നില്ല. "മഹാഭാരതം ആധുനിക അർത്ഥത്തിലുള്ള ഒരു ചരിത്രഗ്രന്ഥമാണെന്നും അതിലെ ഓരോ വാക്കും ആധികാരികമാണെന്നും മഹാഭാരതത്തിലെ കൃഷ്ണൻ അതിൽ പറയുന്ന തരത്തിൽ ചെയ്തിട്ടുണ്ടെന്നും തെളിയിച്ചാൽ, ഹിന്ദുജനവിഭാഗത്തിൽനിന്ന് എന്നെ പുറത്താക്കിയാൽപോലും ആ കൃഷ്ണനെ ദൈവാവതാരമല്ലെന്ന് പറയുവാൻ ഞാൻ മടിക്കുകയില്ല"[2]യെന്നാണ് പലതും ദൈവാവതാരമായി കണക്കാക്കുന്ന ഗാന്ധിജിപോലും പറഞ്ഞിരിക്കുന്നത്.

ഇന്ത്യയിൽ വന്ന മുഴുവൻ ധർമ്മസംസ്ഥാപകരെയും അംഗീകരിക്കാനും അനുകരിക്കാനും മുസ്ലിംകൾ സന്നദ്ധരാണ്. വന്നത് ഇന്ത്യയിലായിപ്പോയിയെന്ന കാരണത്താൽ മാത്രം ഭാരതീയ പ്രവാചകന്മാരെ അവമതിക്കാൻ മുസ്ലിംകൾക്കാവില്ല. ദൈവത്തിൻെറ പ്രവാചകന്മാർക്കിടയിൽ നിന്ന് ചിലരെ മാത്രം തെരഞ്ഞെടുത്ത് വിശ്വസിക്കുന്ന പ്രവണത അവിശ്വാസമാണെന്ന്[3] പഠിപ്പിക്കപ്പെട്ടവരാണ് മുസ്ലിംകൾ. സെമിറ്റിക് പ്രവാചകന്മാരെപ്പോലെതന്നെ ശ്രേഷ്ഠരായിരുന്നു ഭാരതീയ പ്രവാചകന്മാരുമെന്നാണ് മുസ്ലിംകൾ വിശ്വസിക്കുന്നത്. രാമനും കൃഷ്ണനും പ്രവാചകന്മാരായിരിക്കാം; അല്ലായിരിക്കാം. രാമൻെറയും കൃഷ്ണൻെറയും ഉപദേശങ്ങളിൽ പലതും അവയിൽ ദൈവബോധനത്തിൻെറ സ്വാധീനമുണ്ടെന്ന നിഗമനത്തിലെത്താനാണ് പ്രേരിപ്പിക്കുന്നത്. പക്ഷേ, അവരെ അനുക

1. ഗോൾവാൾക്കർ: വിചാരധാര, പേജ് 576.
2 Young India Oct 1, 1925-Quoted from The Encyclopaedia of Gandhian Thoughts, Page 190.
3. ഖുർആൻ 4:150.



രിക്കാൻ അവരെക്കുറിച്ച വ്യക്തവും സ്ഖലിതരഹിതവുമായ രേഖകളെവിടെ? ഇന്ന് നിലനിൽക്കുന്ന ഇതിഹാസങ്ങളോ പുരാണങ്ങളോ വരച്ചുകാണിക്കുന്ന രാമനെയും കൃഷ്ണനെയും അനുകരിക്കാൻ ആർക്കാണ് കഴിയുക? ഗോൾവാൾക്കർക്കോ അദ്ദേഹത്തിൻെറ അനുയായികൾക്കോ കഴിയുമോ? അതുകൊണ്ടുതന്നെ രാമനെയും കൃഷ്ണനെയും അനുകരിക്കാത്ത മുസ്ലിംകൾ, ദേശീയബോധമില്ലാത്തവരും ദേശീയധാരക്ക് വിലങ്ങ് നിൽക്കുന്നവരുമാണെന്ന വീക്ഷണം അടിസ്ഥാനരഹിതവും പരിഹാസ്യവുമാണ്. അതിന് ഹിന്ദുമത വിശ്വാസിയായ ഗാന്ധിജിതന്നെ മുമ്പ് ഉദ്ധരിച്ച വചനങ്ങളിലൂടെ മറുപടി കൊടുത്തിട്ടുണ്ട്.

**കൽക്കി- അവസാനത്തെ അവതാരം:** ദശാവതാരസിദ്ധാന്തപ്രകാരവും ശ്രീദേവി മഹാഭാഗവതത്തിലെ ഇരുപത്തിയാറ് അവതാരങ്ങൾ എന്ന തത്വപ്രകാരവും കൽക്കിയാണ് അവസാനത്തെ അവതാരം. കലിയുഗത്തിൻെറ പാരമ്യത്തിൽ ദുഷ്ടജന മർദ്ദകനായി കൽക്കി അവതരിക്കുമെന്നാണ് വിശ്വാസം. കൽക്കിയെക്കുറിച്ച ഹൈന്ദവ സങ്കൽപ്പത്തിൻെറ ഒരു ഏകദേശചിത്രം ക്ഷേമേന്ദ്രൻ തൻെറ 'ദശാവതാര ചരിത്ര'ത്തിലെ ധ്യാനശ്ലോകത്തിലൂടെ വരച്ചുകാണിക്കുന്നുണ്ട്. അതിങ്ങനെയാണ്: "നീരന്ധ്രമായ ഇരുളിൻെറ ചുരുളിൽ നിന്ന് വിശ്വത്തെ വിമോചിപ്പിക്കുന്ന പ്രഭാതാർക്കനെപ്പോലെ, മ്ലേഛ ദോഷം തീണ്ടാത്ത ശാന്തിസുന്ദരമായ ഒരു ലോകത്തിൻെറ ഉദയവുമായി കൽക്കി പ്രത്യക്ഷപ്പെടും"[1].

കൽക്കി അവതാരംകൊണ്ട് വിവക്ഷിക്കുന്നത് മുഹമ്മദ് നബിയാണെന്ന് പല ഗ്രന്ഥകാരന്മാരും സമർത്ഥിച്ചിട്ടുണ്ട്[2]. വിഷ്ണുപുരാണം ഇരുപത്തിനാലാം അദ്ധ്യായത്തിൽ പറയുന്ന കൽക്കി സ്വഭാവങ്ങളിൽ പലതും മുഹമ്മദ് നബിയുമായി സാമ്യം പുലർത്തുന്നുവെന്നത് ഒരു വസ്തുത മാത്രമാണ്. ഏതാനും സാമ്യങ്ങൾ താഴെ പറയുന്നു.

ഒന്ന്, കൽക്കി അവസാനത്തെ അവതാരമാണ്. കലിയുഗത്തിലാണ് അദ്ദേഹം അവതരിക്കുക. മുഹമ്മദ് നബി അവസാനത്തെ

1. സ്വഛന്ദ പ്രോച്ഛലൻ മ്ലേഛ
തിമിരോദ്ഭേദ സച്ഛവി
കൽക്കി വിഷ്ണു പ്രകാശായ
പ്രഭാതാർക്ക ഇമാസ്തുവ
സുകുമാർ അഴീക്കോട് ഉദ്ധരിച്ചത്, തത്ത്വവും മനുഷ്യനും പേജ് 77)
2. മുഹമ്മദ് ഹമീദുല്ല: മുഹമ്മദുറസൂലുല്ലാഹ്, പേജ് 25-28.

പ്രവാചകനാണ്. കലിയുഗം ആരംഭിക്കുന്നത് ബി.സി. 3102ലാണെന്നാണ് വാദിക്കപ്പെടുന്നത്. അപ്പോൾ മുഹമദ് നബി ജനിച്ചത് കലിയുഗത്തിൻെറ പാരമ്യത്തിൽ തന്നെയാണ്.

രണ്ട്, കൽക്കി അവതരിക്കുക സിംഹാലയെന്ന മണൽദ്വീപിലാണ്. മുഹമ്മദ് നബിയുടെ ജനനവും അറേബ്യൻ മണലാരണ്യത്തിലാണ്.

മൂന്ന്, കൽക്കിയുടെ പിതാവിൻെറ നാമം വിഷ്ണുഭഗത്ത് എന്നായിരിക്കും. വൈഷ്ണവ മതപ്രകാരം ഏകദൈവത്തിൻെറ പേരാണ് വിഷ്ണു. ഭഗത്ത് എന്ന പദത്തിനർത്ഥം ദാസൻ എന്നാണ്. മുഹമ്മദ് നബിയുടെ പിതാവിൻെറ പേരും അബ്ദുല്ലാ അഥവാ ദൈവദാസൻ എന്നായിരുന്നു.

നാല്, കൽക്കിയുടെ മാതാവിൻെറ പേര് 'സുമ'തിയെന്നാണ്. ശാന്തിയെന്ന ധാതുവിൽനിന്നുണ്ടായ ഈ പദത്തിൻെറ അർത്ഥം വിശ്വസ്തയെന്നത്രെ. മുഹമ്മദ് നബിയുടെ മാതാവ് ആമിന അഥവാ വിശ്വസ്തയെന്ന പേരുള്ളവരായിരുന്നു.

അഞ്ച്, കൽക്കി പരശുരാമനിൽനിന്ന് മലയിൽവെച്ച് വിദ്യ സ്വീകരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. മുഹമ്മദ് നബി ദൈവിക സന്ദേശങ്ങൾ ആദ്യമായി സ്വീകരിച്ചത് ഒരു മലയിൽവെച്ചായിരുന്നു.

ആറ്, കൽക്കി അദ്ദേഹത്തിൻെറ നാല് കൂട്ടാളികളോടുകൂടെ നിന്ന് അധർമ്മത്തെ നശിപ്പിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു. മുഹമ്മദ് നബിയും തൻെറ പ്രധാനപ്പെട്ട നാല് കുട്ടുകാരോട് (അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ))കൂടെയാണ് അസത്യത്തിനെതിരെ സമരം ചെയ്തത്.

ഏഴ്, കൽക്കിയുടെ ആകാശാരോഹണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മുഹമ്മദ് നബിയും ആകാശാരോഹണം (മിഅ്റാജ്) നടത്തി.

എട്ട്, കൽക്കിയുടെ പിതാവ്, അദ്ദേഹത്തിൻെറ ജനനത്തിനു മുമ്പും മാതാവ് ജനിച്ചു കുറച്ചുകാലം കഴിഞ്ഞും മരണപ്പെടുമെന്ന് പ്രസ്താവിച്ചിരിക്കുന്നു. മുഹമ്മദ് നബിയുടെ പിതാവ്, അദ്ദേഹത്തിൻെറ ജനനത്തിന് മുമ്പും മാതാവ് ജനിച്ച് ഏതാനും വർഷങ്ങൾക്കുശേഷവും ഇഹലോകവാസം വെടിഞ്ഞു.

ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ കൽക്കി, അറേബ്യ



യിൽ ജനിച്ച മുഹമ്മദ് നബിയാണെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. ഈ നിഗമനപ്രകാരം അധർമ്മത്തിൻെറ സംഹാരാർത്ഥം അവസാനത്തെ അവതാരവും അറേബ്യയിൽ വന്നുകഴിഞ്ഞിരിക്കുന്നു.

**മഹാമദ് എന്ന വിശ്വാചാര്യൻ:-** ഭാവിയെക്കുറിച്ച പ്രവചനങ്ങളടക്കിയ പുരാണമാണ് ഭവിഷ്യൽ പുരാണം. ഈ പുരാണത്തിൽ മുഹമ്മദ് നബിയെക്കുറിച്ച വ്യക്തമായ ചില പരാമർശങ്ങൾ ഉൾക്കൊള്ളുന്നു. ഭവിഷ്യൽപുരാണം പ്രതിസർഗ്ഗ പർവ്വത്തിൽ പറയുന്നത് നോക്കുക: "അപ്പോൾ മഹാമദ് എന്ന പേരിൽ വിദേശിയായ ഒരു ആചാര്യൻ തൻെറ അനുചരന്മാരോട് കൂടി പ്രത്യക്ഷപെടും"[1]. ഈ സൂക്തത്തിൽ 'മഹാമദ്' എന്ന് പേരെടുത്ത് തന്നെ പ്രസ്താവിച്ചതിൽനിന്നും മുഹമ്മദ് നബിയെക്കുറിച്ചുതന്നെയാണ് ഈ പ്രവചനങ്ങൾ എന്ന് സുതരാം വ്യക്തമാകുന്നു.

ഭവിഷ്യൽ പുരാണം തുടരുന്നു. "ദൈവദൂത സദൃശനായ ഈ മരുഭൂനിവാസിയെ രാജാവ് ഗംഗാജലത്തിലും മറ്റ് അഞ്ചുതരം ശുദ്ധീകരണ ജല (പഞ്ചഗവ്യം)ങ്ങളിലും സ്നാനം ചെയ്യിച്ച് ഭക്തിവിശ്വാസ സമന്വിതം പൂജിച്ച് ഇപ്രകാരം പ്രാർത്ഥിക്കും. 'അല്ലയോ മനുഷ്യവർഗ്ഗത്തിൻെറ അഭിമാനസ്തംഭമായി പിറന്ന മഹാനുഭവാ! ദുഷ്ടനിഗ്രഹത്തിനുള്ള ദിവ്യശക്തിയുടെ മാഹാത്മ്യത്താൽ ശത്രുപീഡകളിൽനിന്നും രക്ഷപ്രാപിച്ചു പരാശക്തിയുടെ പ്രത്യക്ഷലക്ഷണമായി പരിലസിക്കുന്ന പുണ്യാത്മാവേ! അങ്ങയുടെ പാദചരണങ്ങളിൽ അടിപണിയുന്ന ഈയുള്ളവനെ അങ്ങുന്ന് ഒരു അടിമയായി സ്വീകരിച്ചനുഗ്രഹിച്ചാലും"[2].

വരാനിരിക്കുന്ന പ്രവാചകൻെറ അനുയായികളുടെ സ്വഭാവസവിശേഷതകളെക്കുറിച്ചും സാംസ്ക്കാരിക ചിഹ്നങ്ങളെക്കുറിച്ചുപോലും ഭവിഷ്യൽപുരാണം വിവരിക്കുന്നു: 'അദ്ദേഹത്തിൻെറ അനു

1 ഏതസ്മിന്നന്തരേ മ്ലേഛ ആചാര്യേണ സമന്വിത
മഹാമദ ഇതിഖ്യാദഃ ശിഷ്യശാഖാ സമന്വിതംഃ (ഭവിഷ്യൽപുരാണം 3:3:3:5)

2. നൃപാശ്ചേവ മഹാദേവ മരുസ്ഥല നിവാസിനും
ഗംഗാജലൈശ്ചസം സ്നാപ്യം പശ്ചഗവ്യ സമച്ചിതാ
ചംദനാദി ദരിദ്യർ ച്യ തുഷ്ടവ മനസംഹാരം
ഭോജരാജ ഉവാചഃനമസ്തെ ഗിരിജാ നാഥാ മരുസ്ഥലനിവാസിനേ
ത്രിപുരാസുരനാശായ ബഹുമായാ പ്രവർത്തിനം
മ്ലേഛൈഗുപ്തായ ശുദ്ധായ സച്ചിദാനന്ദ രൂപിണൈ
ത്വം മാം ഹികിങ്കരം വിദ്ധി ശരണാത്ഥമുപാഗതം (അതേഗ്രന്ഥം: 3:3:3:68)

യായികൾ ചേലാകർമ്മം ചെയ്യും. അവർ കുടുമ വെക്കുകയില്ല. അവർ താടി വളർത്തും. അവർ വിപ്ലവകാരികളായിരിക്കും. പ്രാർത്ഥനക്ക് വരാൻ അവർ ഉറക്കെ ആഹ്വാനം ചെയ്യും. പന്നിയെ ഒഴിച്ച് മറ്റ് മിക്ക മൃഗങ്ങളെയും അവർ ഭക്ഷിക്കും. ശുദ്ധിചെയ്യാൻ ദർഭ ഉപയോഗിക്കുന്നതിനുപകരം സമരം ചെയ്ത് അവർ പരിശുദ്ധരാവും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതിനാൽ മുസൈലവന്മാർ എന്നവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർഭാഗം എന്നിൽനിന്നായിരിക്കും"[1].

ഈ സൂക്തങ്ങളിലൂടെ ഭവിഷ്യൽപുരാണ കർത്താവായ വ്യാസമുനി മുഹമ്മദി(സ)ന്റെ ആഗമനംതന്നെയാണ് പ്രവചിച്ചിട്ടുള്ളതെന്ന് വിശദീകരണമില്ലാതെന്നെ മനസ്സിലാക്കാം. ഇതിൽ നിന്ന് മൂന്ന് വസ്തുതകളാണ് നമുക്ക് മുന്നിൽ തെളിഞ്ഞുവരുന്നത്-

1. ഹിന്ദുക്കൾ പ്രതീക്ഷിച്ചിരിക്കുന്ന കലിയുഗാവതാരമായ കൽക്കി പതിനാല് നൂറ്റാണ്ടുകൾക്കുമുമ്പ് അറേബ്യയിൽ ജനിച്ചിരിക്കുന്നു.

11. അവതാര സങ്കൽപ്പത്തിന്റെ അടിവേരുകൾ പ്രവാചകത്വത്തെക്കുറിച്ച വിശ്വാസത്തിലാണ് സ്ഥിതിചെയ്യുന്നത്.

111. മുഹമ്മദ് നബിയെക്കുറിച്ച് പ്രവചിച്ച വേദവ്യാസൻ ഒരു പ്രവാചകനാവാനുള്ള സാധ്യതയുണ്ട്.

ഒരു കാര്യം ഇവിടെ പ്രത്യേകമായി സൂചിപ്പിക്കേണ്ടതുണ്ട്. ഈ പ്രവചനങ്ങളടങ്ങുന്ന ഭവിഷ്യൽപുരാണത്തിന്റെ കോപ്പി ബോംബെ വെങ്കിടേശ്വര പ്രസിൽ അച്ചടിച്ചതാണെന്ന കാര്യം ഇത് ഉദ്ധരിച്ചിരിക്കുന്ന എ.എച്ച്. വിദ്യാർത്ഥി, യു. അലി എന്നിവർ അവരുടെ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (A.H. VIDYARTHI & U. ALI: Muhammed in Parsi, Hindu and Budhist Scriptures, Page 36). ഭവിഷ്യൽ പുരാണത്തിന്റെ ഒറിജിനൽ കോപ്പികൾ ഇന്ന്

1. ലിംഗഛേദിശിഖാ ഹീനഃശ്മശ്രുധാരി സദൂഷക
ഉച്ചാലപീ സർവ്വ-ഭക്ഷി ഭവിഷ്യ-Xn- P-\-tമാം
വിനകൗശലം ചവശവസ്തോ ഷാം ഭക്ഷയാ മതാമാം
മുസൈലൈനവ സംസ്കാരഃ കുശൈരി ഭവവിശ്വതി
തസ്മാൽ മുസല വന്തോഹി ജാതയോ ധർമ്മ ദൂഷകഃ
ഇതിപൈശാച ധർമ്മശ്ച ഭവിഷ്യതി മായാകൃത-
Ibid 3:3:3:25-28. Quoted by A.H. Vidhyarthi, U. Ali: Mohammed in Parsi, Hindu and Budhist Scriptures.



ഉപലബ്ധമല്ല. ഇപ്പോൾ പുറത്തിറങ്ങുന്ന പരിഭാഷകളിൽ മിക്കതും പ്രസാധകരുടെ ഇച്ഛാനുസരണം മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് പുറത്തിറക്കുന്നതെന്നാണ് മനസ്സിലാവുന്നത്. അവയിൽ ചിലവ മുഹമ്മദ് നബി(സ)യെ സംബന്ധിച്ച് വ്യാസമഹർഷി പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്ന ശ്ലോകങ്ങൾ അപ്പടി വിട്ടുകളയുകയാണ് ചെയ്തിരിക്കുന്നത്. തങ്ങളുടെ ഇഷ്ടാനുസരണം പുരാതന ഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുന്നതുതന്നെ തെറ്റാണെന്നിരിക്കെ, അവയിൽനിന്ന് മറച്ചുവെക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നത് മഹാപാപമാണെന്ന് മാത്രം സൂചിപ്പിക്കട്ടെ.

ഭവിഷ്യൽപുരാണത്തിന്റെ ആധികാരികതയെ നിഷേധിക്കുവാൻ ഹിന്ദുമത പണ്ഡിതന്മാർക്കൊന്നും കഴിയില്ല. അതുകൊണ്ടുതന്നെ, മുഹമ്മദ് നബി(സ)യെ സംബന്ധിച്ച് ഈ പുരാണത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പിന്നീട് അടുത്ത കാലത്ത് എഴുതിച്ചേർത്തതാണെന്നാണ് പലപ്പോഴും വാദിക്കപ്പെടാറുള്ളത്. ഇതിൽ കഴമ്പില്ല. പുരാണങ്ങളിൽ കടത്തിക്കൂട്ടുവാൻ മുസ്ലിംകൾക്ക് ഏതായിരുന്നാലും കഴിയില്ലല്ലോ. സംസ്കൃത ഭാഷാ പഠനവും വേദജ്ഞാന സമ്പാദനവും ബ്രാഹ്മണരുടെ മാത്രം കുത്തകയായി കരുതപ്പെട്ടിരുന്ന കാലത്ത് വിദേശികളായ മുസ്ലിംകളെ അവരുടെ ഇച്ഛപ്രകാരം തങ്ങളുടെ മതവിശ്വാസത്തിന് അനുഗുണമായ കാര്യങ്ങൾ പുരാണങ്ങളിൽ കടത്തിക്കൂട്ടുവാൻ ബ്രാഹ്മണർ അനുവദിച്ചുവെന്ന് പറയുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതിന് തുല്യമാണ്. മുഹമ്മദ് നബി (സ)യെക്കുറിച്ച പരാമർശങ്ങൾ കടത്തിക്കൂട്ടുവാനായി ഭവിഷ്യൽ പുരാണത്തെക്കുറിച്ച് അറിയാവുന്ന പണ്ഡിതന്മാരെല്ലാം ഒരിടത്ത് ഒത്തുകൂടിയെന്ന് വിചാരിക്കുന്നതും ശുദ്ധ അസംബന്ധമല്ലാതെ മറ്റൊന്നുമല്ല. അതുകൊണ്ടുതന്നെ ഈ ഭാഗങ്ങൾ പ്രക്ഷിപ്തമാണെന്നു പറയുന്നത് തീരെ ന്യായീകരണമർഹിക്കുന്നില്ല.

**അഥർവ്വ വേദത്തിലെ കുന്തപ സൂക്തം:** അഥർവ്വ വേദം വിംശ (ഇരുപത്) കാണ്ഡം 127-ാം സൂക്തത്തിലെ ശ്ലോകങ്ങളാണ് കുന്തപസൂക്തം എന്നറിയപ്പെടുന്നത്. ഈ സൂക്തം സുപ്രധാനങ്ങളായ യജ്ഞവേദികളിൽ പുരോഹിതന്മാർ ആലപിക്കാറുണ്ടെങ്കിലും ഇതിന്റെ അർത്ഥം വളരെ നിഗൂഢമാണെന്നാണ് പണ്ഡിതന്മാർ പറയാറുള്ളത്. സുപ്രസിദ്ധ ഇൻഡോളജിസ്റ്റുകളായ ഗ്രിഫിത്ത്, മാക്

സ്മുള്ളർ, വൈറ്റ്നി, ബ്ലൂഫീൽഡ് തുടങ്ങിയവരും കുന്തപ സൂക്തം ഒരു പ്രഹേളികയാണെന്ന് അംഗീകരിച്ചിട്ടുണ്ട്. ഭാരതീയമായ സാഹചര്യങ്ങൾ വെച്ചുകൊണ്ട് ഈ സൂക്തത്തെ വ്യാഖ്യാനിക്കുക ദുഷ്കരമാണെന്നതിനാലാണ് ഇവരെല്ലാം തന്നെ ഇതിനെ അതിനിഗൂഢമായി കണ്ടിട്ടുള്ളത്.

കുന്തപ സൂക്തത്തിലെ ഒന്നു മുതൽ മൂന്നു വരെയുള്ള ശ്ലോകങ്ങൾ കാണുക:

അല്ലയോ ജനങ്ങളേ, നിങ്ങൾ ബഹുമാന പുരസ്സരം ശ്രദ്ധിക്കുക. സ്തുത്യർഹനായവൻ വാഴ്ത്തപ്പെടും. അറുപതിനായിരത്തിത്തൊണ്ണൂറ് ശത്രുക്കളുടെ മധ്യത്തിൽനിന്ന് നാം അദ്ദേഹത്തെ സ്വീകരിക്കും. അദ്ദേഹത്തിൻെറ വാഹനം ഇരുപത് ആൺപെൺ ഒട്ടകങ്ങളായിരിക്കും. അദ്ദേഹത്തിൻെറ മഹത്വം സ്വർഗലോകംവരെയെത്തി അതിനെ താഴ്ത്തും. അവൻ മാമാഋഷിക്ക് പത്തു ചതുരങ്ങളും നൂറു സ്വർണ നാണയങ്ങളും മുന്നൂറ് അറബിക്കുതിരകളും പതിനായിരം പശുക്കളും നൽകും[1] ഈ സൂക്തം മുഹമ്മദ് നബി(സ)യെയാണ് പരാമർശിക്കുന്നതെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാർ[2] താഴെപ്പറയുന്ന വസ്തുതകളാണ് അവരുടെ അഭിപ്രായത്തിന് ഉപോൽബലകമായി ഉദ്ധരിക്കുന്നത്.

ഒന്ന്: ഈ സൂക്തം വ്യക്തമായ ഒരു പ്രവചനമുൾക്കൊള്ളുന്നുവെന്ന് ഇതിലെ സംബോധനരീതി വ്യക്തമാക്കുന്നു. “ഇദം ജനാ ഉപശ്രുതാ” (അല്ലയോ ജനങ്ങളേ, നിങ്ങൾ ബഹുമാന പുരസ്സരം ശ്രദ്ധിക്കുക) എന്നു പറഞ്ഞുകൊണ്ടാണിത് തുടങ്ങുന്നത്. ചതുർവേദങ്ങളിലെവിടെയും ഇതേപോലെ ജനങ്ങളെ പ്രത്യേകമായി സംബോധനചെയ്തുകൊണ്ട് ഒരു കാര്യവും പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ സൂക്തം ജനങ്ങൾ മുഴുവനും അറിയേണ്ട ഒരു പ്രവചന മുൾക്കൊള്ളുന്നുവെന്ന് ഇതിൻെറ സംബോധനാരീതി വ്യക്തമാക്കുന്നു.

1. ഇദം ജനാ ഉപശ്രുതാ നരാശംസ സ്ത വിഷ്യതേ
ഷഷ്ടിം സഹസ്രാ നവതിം ച കൗരമ അരുഷ മേഷ്ഠ ദദ്മഹേ
ഉഷ്ടാ യസ്യ പ്രവാഹിണോ വധു മന്തോ ദ്വിർ ദശ
വർഷ്മ രഥസ്യ നി ജിഹീഡതേ ദിവ ഈഷമാണാ ഉപാസ്പൃശഃ
ഏഷാ ഋഷയേ മാമഹേ ശതം നിഷ്കാൻ ദശ സ്രജഃ
ത്രീണി ശതാന്യർവതാം സഹസ്രാദശ ഗോനാം
(അഥർവ്വ വേദം വിംശകാണ്ഡം സൂക്തം 27, ശ്ലോകം 1–3)
2. A.H. Vidhyarthi, U. Ali: Mohammed in Parsi, Hindu and Budhist Scriptures.



രണ്ട്: ഇവിടെ ‘സ്തുത്യർഹനായവൻ’ എന്ന് പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത് “നരാശംസ”യെന്ന സംസ്കൃത പദമാണ്. ഈ പദത്തിന് ‘സ്തുതിയും പ്രശംസയും യഥാർഥത്തിൽ അർഹിക്കുന്നവൻ’ എന്ന അർഥം പറയാം. ‘മുഹമ്മദ്’ എന്ന അറബി സംജ്ഞാനാമത്തിൻെറ അർഥം സ്തുതിക്കപ്പെടുന്നവൻ എന്നുതന്നെയാണ്. അഥവാ മുഹമ്മദ് എന്ന അറബി സംജ്ഞാനാമത്തിന് തുല്യമായ സംസ്കൃത പദമാണ് ‘നരാശംസ’. അതുകൊണ്ട് ഇത് മുഹമ്മദ് നബി (സ)യെക്കുറിച്ചാണെന്ന് മനസ്സിലാക്കാം.

മൂന്ന്: നരാശംസയെന്ന സംജ്ഞാനാമത്തിനു ശേഷം പ്രയോഗിച്ചിരിക്കുന്ന ‘സ്തവിഷ്യതേ’ എന്ന പദം ഒരു സംസ്കൃത ഭാവികാല ക്രിയയാണ്. ‘അവൻ വാഴ്ത്തപ്പെടും’ എന്നാണ് ഈ പദത്തിനർഥം. അഥർവ്വവേദകാലത്തിനു ശേഷം ‘നരാശംസ’യെന്നു പേരായ ആരെങ്കിലും ലോകചരിത്രത്തിൽ വാഴ്ത്തപ്പെട്ടതായി നാം കാണുന്നില്ല; മുഹമ്മദ് നബി(സ)യല്ലാതെ ഈ പേർതന്നെ ഭാരതത്തിലോ മറ്റേതെങ്കിലും ദേശത്തോ പ്രചാരത്തിലില്ലായിരുന്നുവെന്നതാണ് വാസ്തവം. ‘നരാശംസ’യെന്നു പേരുള്ള ഒരാളെയും നമുക്ക് പുരാണേതിഹാസങ്ങളിലൊന്നും കാണാൻ കഴിയുന്നില്ല. മുഹമ്മദ് നബി (സ)ക്ക് മുമ്പ് അറേബ്യയിലും ആർക്കുംതന്നെ ആ പേരുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ‘നരാശംസ സ്തവിഷ്യതേ’ എന്ന വചനം കൊണ്ട് മന്ത്രദ്രഷ്ടാവ് അർഥമാക്കിയത് ‘മുഹമ്മദ് വാഴ്ത്തപ്പെടും’ എന്നായിരിക്കാമെന്ന് അനുമാനിക്കാവുന്നതാണ്. ഈ പ്രവചനത്തിനുശേഷം ജനിച്ചവരിൽ ഏറ്റവും അധികം വാഴ്ത്തപ്പെട്ടിട്ടുള്ളതും മുഹമ്മദ് നബി (സ) തന്നെ. ലക്ഷക്കണക്കിന് മുസ്ലിംകൾ ദിനേന നമസ്കാരങ്ങളിലും അല്ലാതെയും മുഹമ്മദ് നബി (സ)യുടെ പേരെടുത്ത് പറഞ്ഞ് വാഴ്ത്തിക്കൊണ്ടിരിക്കുന്നു. സത്യസന്ധമായി ചരിത്രത്തെ സമീപിച്ച അമുസ്ലിം ബുദ്ധിജീവികളും മുഹമ്മദ് നബി (സ)യെ പുകഴ്ത്തിയിട്ടുണ്ട്. ലോകചരിത്രത്തെ ഏറ്റവുമധികം സ്വാധീനിച്ച മഹദ്വ്യക്തികളിൽ പ്രഥമ ഗണനീയനായി പുകഴ്ത്തപ്പെടുന്നത് മുഹമ്മദ് (സ)യാണെന്ന കാര്യം സുവിദിതമാണല്ലോ.

നാല്: ഈ സൂക്തത്തിൽ അറുപതിനായിരത്തിതൊണ്ണൂറ് ശത്രുക്കളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പ്രവാചക കാലഘട്ടത്തിലെ മക്കയിലെ ജനസംഖ്യ അറുപതിനായിരത്തിനും എഴുപതിനായി

രത്തിനും ഇടക്കായിരുന്നുവെന്നാണ് വിദഗ്ധാഭിപ്രായം. അവരിൽ മിക്കവരും ശത്രുക്കൾതന്നെയായിരുന്നുവല്ലോ. ശത്രുക്കളുടെ സംഖ്യ യായി അഥർവ്വ വേദത്തിൽ പറഞ്ഞിരിക്കുന്ന അറുപതിനായിരത്തി തൊണ്ണൂറ് എന്ന സംഖ്യപോലും മുഹമ്മദ് നബി (സ)യിൽ പൂർത്തീ കരിക്കപ്പെടുന്നുവെന്ന് സാരം.

അഞ്ച്: കുന്തപസൂക്തത്തിലെ ഒന്നാമത്തെ ശ്ലോകത്തിൽ 'നരാ ശംസ'യെ വിശേഷിപ്പിക്കുവാൻ വേണ്ടിയുപയോഗിച്ച പദമാണ് 'കൗ രമ'. ഈ പദം ഒരു ഭരണാധികാരിയുടെ നാമമാണെന്ന രൂപത്തിലാണ് പലപ്പോഴും പരിഗണിക്കപ്പെടാറുള്ളത്. യഥാർഥത്തിൽ കൗരമ എന്ന പദം ഒരു നാമവിശേഷണമാണ്. 'സമാധാനത്തെ പ്രോൽസാഹിപ്പി ക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവൻ' എന്നാണ് ഈ പദത്തി നർത്ഥം. എല്ല അർത്ഥത്തിലും മുഹമ്മദ് നബി(സ)ക്ക് യോജിക്കുന്ന ഒരു വിശേഷണമാണിതെന്നതിൽ സംശയമില്ല. ജാതീയവും വർഗീ യവും വർണപരവുമായി നിലനിന്നിരുന്ന സ്പർദകളെല്ലാം ഇല്ലായ് മചെയ്ത് പരസ്പരമുള്ള സാഹോദര്യവും സമാധാനവും ഉറപ്പുവരു ത്തുന്നതിനുവേണ്ടി പ്രവർത്തിക്കുകയും വിജയിക്കുകയും ചെയ്ത വ്യക്തിയാണദ്ദേഹം. ആ അർത്ഥത്തിൽ 'സമാധാനത്തെ പ്രചരിപ്പി ച്ചവൻ' എന്ന് മുഹമ്മദ് നബി(സ)യെ വിളിക്കാവുന്നതാണ്. 'ഇസ്ലാം' എന്ന പദത്തിന് 'സമർപ്പണം', 'സമാധാനം' എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. സർവ്വശക്തന് സ്വന്തത്തെ സമ്പൂർണമായി സമർ പ്പിക്കുകവഴി കരഗതമാകുന്ന സമാധാനമാണ് ഇസ്ലാം എന്ന് പറയാ വുന്നതാണ്. ഇസ്ലാമാകുന്ന സമാധാനത്തെ പ്രചരിപ്പിക്കുവാനും പൂർത്തീകരിക്കാനും വേണ്ടി ആഗതമായവൻ എന്ന അർത്ഥത്തിലാ യിരിക്കാം വേദമന്ത്രത്തിന്റെ ദ്രഷ്ടാവ് 'കൗരമ'യെന്ന് വിളിച്ചതെന്ന് ന്യായമായും അനുമാനിക്കാവുന്നതാണ്.

ആറ്: കുന്തപസൂക്തത്തിൽ രണ്ടാമത്തെ മന്ത്രം 'നരാശംസ' നെക്കുറിച്ച് പറയുന്നത് 'വധൂ മന്തോ ദ്വിർദശ'യെന്നാണ്. ഇതിനെ രണ്ടു രൂപത്തിൽ പരിഭാഷപ്പെടുത്താമെന്ന് പണ്ഡിതന്മാർ അഭി പ്രായപ്പെടുന്നു. ഒന്ന്, അദ്ദേഹത്തെയും ഭാര്യമാരെയും ഒട്ടകം പൂട്ടിയ രഥം വഹിക്കുന്നുവെന്നാണ്. രണ്ടാമത്തേത്, അദ്ദേഹത്തെ ഒട്ടകത്തെയും ഇണയെയും പൂട്ടിയ രഥം വഹിക്കുന്നുവെന്നാണ്. മുഹമ്മദ് നബി (സ)യുടെ പ്രധാനപ്പെട്ട വാഹനം ഒട്ടകമായിരുന്ന



ല്ലോ. (ഈ സൂക്തത്തിൽ പറഞ്ഞിരിക്കുന്ന വ്യക്തി ഒരിക്കലും ഒരി ന്ത്യക്കാരനാകാൻ സാധ്യതയില്ലെന്ന വസ്തുത വ്യക്തമാവുന്നത് ഇവിടെയാണ്. ഹിന്ദുക്കൾക്കിടയിൽ നിലനിന്നിരുന്ന നിയമപ്രകാരം ഒട്ടകയാത്രയും പാലും ബ്രാഹ്മണർക്ക് നിഷിദ്ധമായിരുന്നു. 'ഒട്ടകപ്പു റത്തോ കഴുതപ്പുറത്തോ യാത്ര ചെയ്യുന്നതും നഗ്നനായി സ്നാനം ചെയ്യുന്നതും ബ്രാഹ്മണനെ അശുദ്ധമാക്കും'(മനുസ്മൃതി 11:201) എന്നാണ് മനുസ്മൃതിയുടെ വിധി). നബി (സ) തൻെറ ഭാര്യമാരോ ടൊപ്പം ഒട്ടകപ്പുറത്ത് യാത്ര ചെയ്തതായി നമുക്കറിയാവുന്നതാണ്. 'ഭാര്യമാർ' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്. നബി(സ) യുടെ ബഹുഭാര്യത്വം പ്രസിദ്ധമാണല്ലോ. ഈ സൂക്തത്തിന് നൽകാ വുന്ന രണ്ടർത്ഥപ്രകാരവും ഇത് മുഹമ്മദ് നബി (സ)യുടെ ജീവി തവുമായി പൂർണമായി യോജിപ്പ് പ്രകടിപ്പിക്കുന്നു.

ഏഴ്: 'അവൻെറ മഹത്വം സ്വർഗലോകം വരെയെത്തി അതിനെ താഴ്ത്തും' എന്ന് പറഞ്ഞത് ഒന്നുകിൽ മുഹമ്മദ് നബി (സ)യുടെ മഹത്വത്തെ ഉയർത്തിക്കാണിക്കുവാനോ അതല്ലെങ്കിൽ അദ്ദേഹത്തി ൻെറ ആകാശാരോഹണ(മിഅ്റാജ്)ത്തെക്കുറിക്കുവാനോ ആയിരി ക്കാമെന്ന് ഊഹിക്കാവുന്നതാണ്.

എട്ട്: കുന്തപസൂക്തത്തിൻെറ മൂന്നാമത്തെ മന്ത്രത്തിൽ ഋഷി യുടെ പേര് പറഞ്ഞിരിക്കുന്നത് 'മാമാഋഷി'യെന്നാണ്. ഭാരതീയ പുരാണങ്ങളിലൊന്നുംതന്നെ മാമാഋഷിയെന്ന പേരുള്ള ഒരുആചാര്യ നെക്കുറിച്ച് പരാമർശങ്ങളൊന്നുംതന്നെയില്ല. അതുകൊണ്ടുതന്നെ ഭാരതീയ ചരിത്രത്തിൽ മാമാഋഷിയെ തെരയുന്നത് വ്യർത്ഥമാണ്. മുഹമ്മദ് എന്ന പദമായിരിക്കാം മന്ത്രദ്രഷ്ടാവായ ഋഷി മാമാഋഷി യെന്നതുകൊണ്ട് വിവക്ഷിച്ചതെന്ന് ന്യായമായും അനുമാനിക്കാവു ന്നതാണ്. സെമിസ്റ്റിക് നാമങ്ങൾ ഭാരതീയ ഭാഷകളിലേക്ക് പരാവർ ത്തനം ചെയ്യുമ്പോൾ ഉച്ചാരണമാറ്റങ്ങൾ ഉണ്ടാവുക സ്വാഭാവികമാ ണല്ലോ.

ഒമ്പത്: മാമാഋഷിക്ക് നൽകപ്പെടുന്നതായി കുന്തപസൂക് തത്തിൽ ആദ്യം പറയുന്നത് പത്തു ചതുരങ്ങളാണ്. ഇത് മുഹമ്മദ് നബി(സ)യുടെ ഏറ്റവും അടുത്ത പത്ത് അനുചരന്മാരെക്കുറിച്ചാ കാമെന്ന് അനുമാനിക്കാവുന്നതാണ്. സ്വർഗംകൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട മഹാന്മാരായ പത്ത് സഹാബികൾ.

'ദശസ്രജഃ'യെന്ന പ്രയോഗത്തിന് 'പത്തു ഹാരങ്ങൾ' എന്നോ 'പത്ത് ചതുരങ്ങൾ' എന്നോ അർത്ഥം പറയാവുന്നതാണ്. പ്രവാചകൻെറ ജീവിതത്തിന് താങ്ങും തണലുമായിരുന്ന ഇസ്‌ലാമിനു വേണ്ടി ത്യാഗങ്ങൾ സഹിച്ച പത്തു പേർ തന്നെയാവണം ദശസ്രജഃ എന്നതു കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്.

പത്ത്: മാമാഋഷിക്ക് നൽകപ്പെടുന്നതായി പിന്നീട് പറയുന്നത് നൂറ് സ്വർണനാണയങ്ങളാണ്. മുഹമ്മദ് നബി (സ)യോടൊപ്പം ത്യാഗങ്ങൾ സഹിച്ച ആദ്യകാല സഖാക്കളെ സൂചിപ്പിക്കുവാൻ വേണ്ടിയാവണം നൂറ് സ്വർണനാണയങ്ങൾ എന്നു പ്രയോഗിച്ചത്. എല്ലാവിധ പ്രയാസങ്ങളെയും അതിജീവിക്കുവാൻ പോന്ന ആത്മീയ ശക്തിയെ സൂചിപ്പിച്ചുകൊണ്ട് സ്വർണമെന്ന പ്രയോഗം ഭാരതീയ സാഹിത്യത്തിൽ സാധാരണയായി കാണപ്പെടുന്നതാണ്. തങ്ങളുടെ ആത്മീയ ശക്തികൊണ്ട് ശത്രുക്കളുടെ പീഡനങ്ങളെയും അക്രമങ്ങളെയും അതിജീവിക്കുകയും സ്വന്തം നാടും വീടുമുപേക്ഷിച്ച് അബ്സീനിയയിലേക്ക് പലായനം ചെയ്ത് സ്വന്തം ആദർശം സംരക്ഷിക്കുകയും ചെയ്ത നൂറു സ്വഹാബികളെ ഉദ്ദേശിച്ചുകൊണ്ടുതന്നെയാവണം നൂറു സ്വർണനാണയങ്ങൾ എന്നു പ്രയോഗിച്ചതെന്ന് അനുമാനിക്കാവുന്നതാണ്.

പതിനൊന്ന്: ഹാരങ്ങളും സ്വർണനാണയങ്ങളും കൂടാതെ മുന്നൂറ് അറബിക്കുതിരകളെയും മാമാഋഷിക്ക് നൽകുമെന്ന് കുന്തപസൂക്തത്തിൽ പറഞ്ഞിരിക്കുന്നു. പ്രവാചക ചരിത്രത്തിലെ പ്രസിദ്ധമായ പ്രഥമ യുദ്ധത്തിൽ പങ്കെടുത്ത വീരരായ സഖാക്കളെ ഉദ്ദേശിച്ചുകൊണ്ടായിരിക്കണം അറബിക്കുതിരകൾ എന്ന് മന്ത്രദ്രഷ്ടാവായ ഋഷി പറഞ്ഞത്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തത് മുന്നൂറ്റി പതിമൂന്ന് സ്വഹാബികളായിരുന്നുവല്ലോ. ഇതിൽ അവിചാരിത കാരണങ്ങളാൽ യുദ്ധം ചെയ്യാൻ കഴിയാതിരുന്ന എട്ടു പേരെയും യുദ്ധമാരംഭിക്കുന്നതിനു മുമ്പ് കൊല്ലപ്പെട്ട ഒരാളെയും നാലു ബാലന്മാരെയും കിഴിച്ചാൽ ബാക്കി എണ്ണം കൃത്യം മുന്നൂറുതന്നെ. മുന്നൂറ് അറബിക്കുതിരകൾ എന്ന പ്രയോഗം അവരെക്കുറിച്ചുതന്നെയാകാനാണ് സാധ്യത.

പന്ത്രണ്ട്: അവസാനമായി മാമാഋഷിക്ക് നൽകപ്പെടുന്നത് പതിനായിരം പശുക്കളാണെന്നാണ് കുന്തപസൂക്തം പറയുന്നത്. മക്കാവിജയസമയത്ത് പ്രവാചകനോടൊപ്പമുണ്ടായിരുന്ന പതിനായിരം സ്വഹാബികളെ ഉദ്ദേശിച്ചുകൊണ്ടായിരിക്കാം പതിനായിരം പശുക്കൾ എന്നു പ്രയോഗിച്ചത്. അവർ അന്ന് സൗമ്യരും ശാന്തരുമായിരുന്നവല്ലോ. പശുവിനുള്ള സംസ്തപദമായ 'ഗോ' നിഷ്പന്നമായിരിക്കുന്നത് 'യുദ്ധത്തിനു പോവുക'യെന്ന് അർത്ഥം വരുന്ന 'ഗൗ' എന്ന ക്രിയയിൽനിന്നാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ആര്യയുദ്ധങ്ങളുടെ ലക്ഷ്യം പശുക്കളെ സ്വന്തമാക്കലായതുകൊണ്ടായിരിക്കണം പശുവിന് 'ഗോ'യെന്ന പേരു വന്നതെന്നാണ് പണ്ഡിതമതം. 'പതിനായിരം പശുക്കൾ' എന്ന പ്രയോഗം എല്ലാ അർത്ഥത്തിലും യോദ്ധാക്കളായ പതിനായിരം സ്വഹാബികൾക്ക് യോജിക്കുമെന്നർത്ഥം..



ഇന്നനെ, നിഗൂഢമെന്ന് കരുതപ്പെടുന്ന അഥർവ്വവേദത്തിലെ കുന്തപസൂക്തത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാംതന്നെ മുഹമ്മദ് നബി(സ)യിൽ പൂർത്തീകരിക്കപ്പെടുന്നതായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. 'കുന്തപ'മെന്ന പദംതന്നെ മുഹമ്മദ് നബിയുമായി ബന്ധമുള്ളതാണെന്നതാണ് വാസ്തവം. 'ഉദരത്തിലെ ഗ്രന്ഥി' യെന്നാണ് ഈ പദത്തിനർത്ഥം. മുഹമ്മദ് നബി(സ)യുടെ ജന്മനാടിൻെറ പേരായ 'മക്ക'യെന്ന അറബിപദത്തിന് 'ഉദരം' എന്നുകൂടി അർത്ഥമുണ്ട്. അതുകൊണ്ടുതന്നെ 'കുന്തപസൂക്തം' എന്നതിനു പകരം 'മക്കാസൂക്തം' എന്നുപറയുന്നതു തെറ്റല്ല. അഥർവ്വ വേദത്തിലെ മക്കാസൂക്തത്തിലെ പരാമർശങ്ങൾ മുഹമ്മദ് നബി (സ)യുടെ പ്രവാചക ജീവിതവുമായി യോജിക്കുന്നത് തികച്ചും യാദൃച്ഛികമായാണെന്ന് കരുതുന്നത് തികഞ്ഞ അന്ധതയല്ലാതെ മറ്റൊന്നുമല്ല.

ധർമ്മസംസ്ഥാപനാർത്ഥം വന്ന അവസാനത്തെ പ്രവാചകനും കഴിഞ്ഞു പോയിരിക്കുന്നു. അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ച വ്യക്തമായ ലിഖിത രേഖകൾ ഇന്നും ലഭ്യമാണ്. നമുക്ക് മാതൃകയാക്കാൻ പറ്റുന്ന ജീവിതം! അതാണ് ഭാരതീയ പ്രവാചകന്മാരുടെ അനുയായികൾക്കും അനുകരിക്കാൻ പറ്റുന്നത്. സർവ്വശക്തനായ തമ്പുരാൻ പറയുന്നത് നോക്കുക: "ആർക്ക് നാം വേദം നൽകിയിട്ടുണ്ടോ, അവർ തങ്ങളുടെ സന്താനങ്ങളെ മനസ്സിലാക്കുംപോലെതന്നെ മുഹമ്മദ് നബിയെയും മനസ്സിലാക്കുന്നുണ്ട്. അവരിലൊരു വിഭാഗക്കാർ യാഥാർത്ഥ്യം ഗ്രഹിച്ചുകഴിഞ്ഞിട്ടുമത് മറച്ചുവെക്കുകയാണ്"[1].

1. ഖുർആൻ 2:146.

# 4

# പുനർജന്മമോ പരലോകമോ

പ്രാചീനമനുഷ്യർ മുതൽ തന്നെ ഈ ലോകത്തിനുശേഷം മറ്റൊരു ലോകമുണ്ടെന്നും തൻെറ ഇഹലോക ചെയ്തികൾക്ക് അവിടെവെച്ച് പ്രതിഫലം നൽകപ്പെടുമെന്നുമുള്ള വിശ്വാസം നിലനിന്നതായി കാണാൻ കഴിയും. പുരാതന നാഗരികതകളെക്കുറിച്ച പഠനത്തിൽ നിന്ന് ഇക്കാര്യം ഏതാണ്ട് പൂർണ്ണമായി വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. സുമേറിയൻ സംസ്ക്കാരം മുതൽ സിന്ധുനദീതട നാഗരികതവരെയുള്ള എല്ലാ നാഗരികതകളിലും പരലോകത്തെക്കുറിച്ച ബോധമുണ്ടായിരുന്നുവെന്ന് ആധുനിക ഉൽഖനന ഗവേഷണങ്ങൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. മനുഷ്യരെ സേവനങ്ങൾക്കായി പ്രേരിപ്പിക്കുന്നതും വിവേകിയും വിനീതനും സഹിഷ്ണുവും ക്ഷാമശീലനും മഹാനുമെല്ലാമാക്കിത്തീർക്കുന്നതും പരലോകബോധമാണ്.

പരലോകത്തെക്കുറിച്ച് സെമിറ്റിക് മതങ്ങളെല്ലാം ഏകദേശം ഒരേ രൂപത്തിലുള്ള വീക്ഷണങ്ങളാണുൾക്കൊള്ളുന്നത്. അവിടെയുള്ള രക്ഷയുടെയും ശിക്ഷയുടെയും മാനദണ്ഡങ്ങളെക്കുറിച്ച വിവരണങ്ങളിലാണ് ഇവ വിരുദ്ധാഭിപ്രായം പ്രകടിപ്പിക്കുന്നത്. ഇസ്രാഈൽ തറവാട്ടിൽ ജനിച്ച് വളർന്നവർക്ക് മാത്രമാണ് സ്വർഗ്ഗലോകം ലഭിക്കുന്നതെന്ന ജൂതവിശ്വാസവും കുരിശുമരണത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് നിത്യജീവനെന്ന ക്രൈസ്തവ വീക്ഷണവും സത്യം വിശ്വസിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നവന് പരലോകമോക്ഷമെന്ന ഇസ്‌ലാമിൻെറ കാഴ്ചപ്പാടും തമ്മിൽ അടിസ്ഥാനപരമായ പൊരുത്തക്കേടുണ്ടെങ്കിലും ഇഹലോകത്തിൻെറ സമ്പൂർണ്ണ നശീകരണത്തിനുശേഷമാണ് പരലോകമെന്ന കാര്യത്തിൽ ഇവ യോജിക്കുന്നുണ്ട്.



**പുനർജന്മം:-** ഇതിൽനിന്നും വളരെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണ് ഹിന്ദുമതത്തിന് പരലോകത്തെക്കുറിച്ചുള്ളത്. പുനർജന്മമെന്ന പേരിലാണ് ഹൈന്ദവ പരലോക വിശ്വാസം പൊതുവെ വ്യവഹരിക്കപ്പെടുന്നത്. പുനർജന്മസിദ്ധാന്തത്തെക്കുറിച്ച പരാമർശങ്ങൾ ആദ്യം കാണുന്നത് ഛന്ദോഗ്യോപനിഷത്തിലാണ്. “മനുഷ്യൻ വിചാരമയനാകുന്നു. ഈ ലോകത്തിൽ വെച്ച് അവൻ എപ്രകാരം ചിന്തിക്കുന്നുവോ അപ്രകാരംതന്നെ അവൻ ഇവിടെനിന്നും പ്രയാണം ചെയ്തിട്ടും ആയിത്തീരുന്നു”[1] എന്നാണ് ഛന്ദോഗ്യം പറയുന്നത്. ഇഹലോകത്തിൽവെച്ചുള്ള മനുഷ്യചിന്തയാണ് അവൻ പരലോകത്തിൽ എന്തായിത്തീരണമെന്ന് തീരുമാനിക്കുന്നതെന്നർത്ഥം. ദുർചിന്തകളുള്ള മനുഷ്യർ നികൃഷ്ടരായും സൽചിന്തകളുള്ളവർ ഉത്തമരായും ഇവിടെതന്നെ ജനിക്കുന്നുവെന്നാണ് ഛാന്ദോഗ്യോപനിഷത്ത് പറയുന്നത്.

ഇവിടെ നിന്ന് പ്രയാണം ചെയ്തശേഷം ഈ ലോകത്തിൽ തന്നെയാണ് വീണ്ടും വീണ്ടും ജനിക്കുന്നത് എന്ന സങ്കൽപമാണ് പുനർജന്മ വിശ്വാസമെന്ന പേരിൽ അറിയപ്പെടുന്നത്. ഉത്തമകർമ്മങ്ങൾ ചെയ്ത് ജീവിച്ചവർ ബ്രാഹ്മണന്നായോ മറ്റ് ഉയർന്ന കുലങ്ങളിൽപെട്ടവനായോ ജനിക്കുന്നു. അധമ കർമ്മങ്ങൾ ചെയ്ത് ജീവിച്ചയാൾ മൃഗങ്ങളായോ താഴ്ന്ന ജാതിക്കാരനായോ ജനിക്കുന്നു. ഛന്ദോഗ്യം തന്നെ പറയുന്നത് നോക്കുക: “ഇവരിൽ പുണ്യകർമ്മികളായിട്ടുള്ളവർ സ്വകർമ്മാനുസരണം ബ്രാഹ്മണയോനിയിലോ, ക്ഷത്രിയയോനിയിലോ ജനിക്കുന്നു. അശുഭകർമ്മികൾ ശീഘ്രലം തന്നെ

1. അഥ ഖലു ക്രതുമയഃ പുരുഷഃയഥാ ക്രതുഃ
അസ്മിൻ ലോകേ പുരുഷഃ ഭവതി തഥാ ഏതഃ
പ്രേത്യഭവതി
(ഛന്ദോഗ്യോപനിഷത്ത് 3:14:1)

നീചയോനികളിൽ-അതായത് നായയുടെയോ പന്നിയുടെയോ ചണ്ഡാളൻെറയോ യോനിയിൽ ജനിക്കുന്നു"[1].

ഇതിൽനിന്ന് പുനർജന്മസിദ്ധാന്തത്തിൻെറ ഒരുഏകദേശചിത്രം നമുക്ക് ലഭിക്കുന്നു. മനുഷ്യൻെറ ദുഷ്ചെയ്തികളുടെ ഫലമായി അടുത്ത ജന്മത്തിലവൻ വെറുക്കപ്പെട്ടവനായും സൽകർമ്മങ്ങളുടെ ഫലമായി വേണ്ടപ്പെട്ടവനായും ജനിക്കുന്നു. ഇത് ഈ ഭൂമിയിൽതന്നെ തുടർന്നുകൊണ്ടേയിരിക്കും. തിന്മകളെ ജ്ഞാനംകൊണ്ട് സമ്പൂർണ്ണമായും പ്രതിയോഗിക്കാൻ പക്വമാവുന്നതുവരെ ജീവൻ പലവിധ ജന്മങ്ങളിലൂടെ പരിണാമം പ്രാപിച്ചുകൊണ്ടിരിക്കും. അവസാനം സകലവിധ തിന്മകളിൽനിന്നും മുക്തമായി ജ്ഞാനശക്തികളെ സമ്പാദിച്ച് സർവ്വശക്തനായ പരമാത്മാവിനോട് ചേരുന്നതുവരെ ഈ പരിണാമ പ്രക്രിയ തുടരും. ഇതാണ് പുനർജന്മത്തിൻെറ പൊരുൾ.

**അടിസ്ഥാനരഹിതം:-** ഇതനുസരിച്ച് ഇപ്പോൾ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരുമായി ജീവിക്കുന്നവർ കഴിഞ്ഞ ജന്മത്തിൽ സുകൃതം പ്രവർത്തിച്ചവരും നായ, പന്നി തുടങ്ങിയ മൃഗങ്ങളും ചണ്ഡാലൻ[2] തുടങ്ങിയ അധമജാതിക്കാരായ മനുഷ്യരും കഴിഞ്ഞ ജന്മത്തിൽ ദുഷ്കൃത്യങ്ങൾ ചെയ്തവരുമാണ്. കർമ്മികളുടെ ആത്മാവിന് രൂപാന്തരം സംഭവിക്കാതെ ശരീരം മാറുകയാണ് ചെയ്യുന്നതെന്നാണ് സങ്കൽപം. ഒരേ ആത്മാവിന് വ്യത്യസ്ത ശരീരങ്ങളുണ്ടായതാണെങ്കിലും ഇങ്ങനെ ജനിക്കുന്നവർ തങ്ങളുടെ പൂർവ്വശരീരത്തെക്കുറിച്ച് ബോധവാന്മാരല്ല. ബ്രാഹ്മണരോടോ മറ്റ് കുലീന ജാതിയിൽ പെട്ടവരോടോ തൻെറ കഴിഞ്ഞ ജന്മത്തെക്കുറിച്ച് ചോദിച്ചാൽ അവരതിനെക്കുറിച്ച് അജ്ഞരായിരിക്കും. പന്നിക്കോ പട്ടിക്കോ ചണ്ഡാലനോ സ്വന്തം മുജ്ജന്മപാപമണ് ഇപ്പോൾ അനുഭവിക്കുന്നതെന്ന ബോധവുമില്ല.

തൻെറ ചെയ്തികൾക്ക് പ്രതിഫലം ലഭിക്കുമ്പോൾ അത് ഏതേത് പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമാണെന്ന് അറിയുന്നില്ലെങ്കിൽ പിന്നെ ആ പ്രതിഫലത്തിനെന്ത് പ്രസക്തിയാണുള്ളത്?

1. തദ്യ ഇഹ രമണീയ ചരണാ അഭ്യാശഃ ഹ യത്തേ രമണീയാം യോനീം ആപദ്യേരൻ ബ്രാഹ്മണയോനിം വാ ക്ഷത്രിയയോനിം. വാ വൈശ്യയോനിം. വാ അഥയ ഇഹ കപൂയചരണാ അഭ്യാശഃഹ യത്തേ കപൂയാം യോനിം ആപദ്യേരൻ ശ്വയോനിം വാ സൂകരയോനിം. വാ ചണ്ഡാലയോനിം വാ (ഛന്ദോഗ്യം 5:10:7)
2. ചാതുർ വർണ്ണ്യത്തിൽ പെടാത്തവൻ.



പുനർജന്മസിദ്ധാന്ത പ്രകാരം പ്രതിഫലം നൽകപ്പെടുന്നവർ ഇത് പ്രതിഫലമാണോ എന്നുപോലും ബോധവാന്മാരല്ല. അതുകൊണ്ടു തന്നെ ഈ സിദ്ധാന്തം സത്കർമ്മികൾക്ക് പ്രതിഫലവും ദുഷ്കർമ്മികൾക്ക് ശിക്ഷയുമെന്ന പരലോക വിശ്വാസവുമായി യാതൊരു പൊരുത്തവും പ്രകടിപ്പിക്കുന്നില്ല.

**വേദവിരുദ്ധം:-** പുനർജന്മസിദ്ധാന്തത്തെക്കുറിച്ച് യാതൊരു സൂചനയും വേദങ്ങളിൽ പ്രധാനപെട്ട ഋഗ്വേദത്തിൽ നാം കാണുന്നില്ല. എന്നാൽ മരണശേഷം മറ്റൊരു ജീവിതമുണ്ടെന്ന കാര്യത്തിലേക്ക് അത് വിരൽചൂണ്ടുകയും ചെയ്യുന്നുണ്ട്. ഇതിൽനിന്ന്, വേദകാലത്തെ ആര്യന്മാർ പരലോക വിശ്വാസകളായിരുന്നുവെന്നും പിന്നീടാണ് പുനർജന്മസിദ്ധാന്തം ഉടലെടുത്തതെന്നുമുള്ള നിഗമനത്തിലാണ് പണ്ഡിതന്മാർ എത്തിയിട്ടുള്ളത്. ശ്രീ രാഹുൽ സാംകൃത്യായൻ എഴുതുന്നു: "വേദത്തിലെ ഋഷിമാർ ഈ ലോകത്തിൽനിന്നും വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സദ്കർമ്മികൾ പോവുക. അവരവിടെ ആനന്ദപൂർവ്വം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമയമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമ്മികൾ പോകുന്നത്"[1].

വേദങ്ങളിലൊന്നുംതന്നെ പുനർജന്മസിദ്ധാന്തം പരാമർശിക്കുന്നില്ലെന്ന് ഛാന്ദോഗ്യോപനിഷത്തിലെതന്നെ ചില പ്രസ്താവനകൾ വ്യക്തമാക്കുന്നുണ്ട്. അഞ്ചാം അദ്ധ്യായത്തിലെ മൂന്നാം ഖണ്ഡത്തിൽ പന്ത്രണ്ട് വർഷം വേദം പഠിച്ച ശ്വേതകേതുവോ പിതാവായ ഗൗതമനോ ഈ സിദ്ധാന്തത്തെപ്പറ്റി കേട്ടിട്ടുപോലുമില്ലായെന്നതിൻെറ സൂചനകളുണ്ട്. റോബർട്ട് ഏണസ്റ്റ് ഹ്യൂം എഴുതുന്നു "പുനർജന്മത്തെപ്പറ്റി ഋഗ്വേദത്തിൽ യാതൊരു പരാമർശങ്ങളുമില്ലെന്നത് സവിശേഷശ്രദ്ധയർഹിക്കുന്നു. ഛന്ദോഗ്യത്തിലെ 5:3ഉം സ്ഥിരീകരിക്കുന്നത് ഈ വസ്തുതയാണ്. ഈ ഉപനിഷത്തിൻെറ 6:1:2ൽ പറയുന്നത് പന്ത്രണ്ടുവർഷം വേദം പഠിച്ചയാളാണ് ശ്വേതകേതുവെന്നാണ്. അദ്ദേഹവും പിതാവും ഗുരുവുമായ ഗൗതമനുമൊന്നും ഈ സിദ്ധാന്തത്തെപ്പറ്റി കേട്ടിരുന്നില്ല. അവരത് പഠിക്കുമ്പോൾ പറയുന്നത്, ഈ സിദ്ധാന്തം സേനയിൽപ്പെട്ട ക്ഷത്രിയന്മാരുടേതാണെന്നാണ്. അപ്പോൾ ആദ്യമായിട്ടാണ് ഒരു ബ്രാഹ്മണ വിഭാഗത്തിന് അത് വെളിപെടുത്തുന്നത്.

1. രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ പുറം 552.

മരണം, അന്ത്യവിധി, മരണാനന്തര ജീവിതം എന്നിങ്ങനെയുള്ള അവസ്ഥാന്തരങ്ങളെപ്പറ്റി ഋഗ്വേദത്തിൽ കാണുന്ന വിശ്വാസം വ്യക്തിയുടെ ദേവലോകത്തുണ്ടെന്ന് പറയപ്പെടുന്ന അനശ്വരജീവിതമാണ്. പുനർജന്മസിദ്ധാന്തത്തിൻെറ ആദ്യരൂപം കാണുന്നത് അഥർവ്വവേദത്തിലാണ്. അത് വളരെ വ്യക്തമായി പ്രത്യക്ഷപ്പെടുന്നത് ശതപഥബ്രാഹ്മണത്തിൽ മാത്രമാണ്. എങ്കിലും പിൽക്കാലത്ത് നിലവിൽവന്ന പുനർജന്മസിദ്ധാന്തത്തിൻെറ രൂപം ഉപനിഷത്തുകളിൽ പോലും കാണാനില്ല”[1].

ഈ പ്രപഞ്ചം നശിക്കുമെന്നും പരമാത്മാവ് അതിനെ പുനസൃഷ്ടി നടത്തുമെന്നുമുള്ള വസ്തുതകളിലേക്ക് ഉപനിഷത്തുകൾ സൂചന നൽകുന്നുണ്ട്. ശ്വേതാശതരോപനിഷത്തിൽ പറയുന്നത് നോക്കുക: “ഈ പരമാത്മാവ് പ്രപഞ്ചക്ഷേത്രത്തിൽ സൃഷ്ടിയുടെ ആദികാലത്ത് ഓരോ ജാലത്തെയും പലപ്രകാരത്തിൽ വിഭജിച്ച്, പ്രളയകാലത്ത് അതിനെ സംഹരിക്കുന്നു. ആത്മാവായ ഈശ്വരൻ വീണ്ടും മുമ്പിലത്തെപ്പോലെ സമസ്ത ലോകപാലകന്മാരെയും സൃഷ്ടിച്ച് സ്വയം എല്ലാത്തിലും സർവ്വാധിപത്യം സ്ഥാപിക്കുന്നു”[2].

പരമാത്മാവിനെ ശരിക്കും മനസ്സിലാക്കിയവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. സ്വർഗ്ഗത്തിൽ മരണമില്ല. അവർ അമരന്മാരായി മാറുന്നു. “ആ ഹിരണ്യഗർഭനേക്കാളും ഉൽകൃഷ്ടമായ ആ പരമാത്മാവ് അരൂപനും അനാമയനുമാണ്. ആ പരമാത്മാവിനെ അറിയുന്നവർ അമരത്വത്തെ പ്രാപിക്കുന്നു. ഈ രഹസ്യം അറിയാത്തവർ വീണ്ടും വീണ്ടും ദുഃഖത്തെ പ്രാപിക്കുന്നു”[3]വെന്നാണ് ഉപനിഷത്തുകൾ പറയുന്നത്.

ഈശാവാസ്യോപനിഷത്ത് ഇക്കാര്യം കുറെക്കൂടി വ്യക്തമായി പറയുന്നുണ്ട്: “അവിനാശിയായ പരമാത്മാവിനെയും ദേവ പിതൃമാനവാദികളെയും നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ളവർ വിനാശത്താൽ മൃത്യുവിനെ തരണം ചെയ്ത് അവിനാശികളായി അമൃത

1 Robert Ernest Hume: The Thirteen Principal Upanishads, Page 54.

2 ഏകൈകം ജാലം ബഹുധാവികുർവ
നസ്മിൻ ക്ഷേത്ര സംഹാര ത്യേഷദേവഃ
ഭൂയഃ സൃഷ്ട്വാ പതയസ്തഥേശഃ
സർവ്വാധിപത്യം കുരുതേ മഹാത്മാ
(ശ്വേതാശതരോപനിഷത്ത് 5:3)

3 അതേഗ്രന്ഥം 3:10



ത്വത്തെ അനുഭവിക്കുന്നു”[1].

ഈ പരമാത്മാവിനെക്കൂടാതെ ദേവ പിതൃ മാനവാദികളെ ഉപാസിക്കുന്നവർ നരകത്തിലാണ് പതിക്കുകയെന്നും ഉപനിഷത്തുകൾതന്നെ വ്യക്തമാക്കുന്നുണ്ട്. നരകമാകട്ടെ ഘോരാന്ധകാരമയമാണ്. “നശ്വരങ്ങളായ ദേവ പിതൃ മാനവാദികളെ ഉപാസിക്കുന്നവർ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു. അവിനാശിയായ പരമാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽതന്നെ പതിക്കുന്നു”[2]വെന്നാണ് ഈശാവാസ്യോപനിഷത്ത് തന്നെ വ്യക്തമാക്കുന്നത്. ഈ നരകമാകട്ടെ ദുഃഖഭൂയിഷ്ഠങ്ങളാണ്. “സൂര്യരഹിതങ്ങളായ ഈ ലോകങ്ങൾ അജ്ഞാനാന്ധകാര സമാവൃതങ്ങളാകുന്നു. ആത്മഘാതികൾ, അതായത് ഈശ്വരനെ സ്മരിക്കാതെ വിഷയാസക്തരായിക്കഴിയുന്നവർ, വീണ്ടും ദുഃഖഭൂയിഷ്ഠങ്ങളായ ആ ലോകങ്ങളെ പ്രാപിക്കുന്നു”[3].

സ്വർഗ്ഗലോകമാകട്ടെ ഭയത്തിൽനിന്നും തീർത്തും മുക്തമാണ്. കഠോപനിഷത്ത് പറയുന്നതിങ്ങനെയാണ്: “സ്വർഗ്ഗലോകത്ത് അൽപം പോലും ഭയമില്ല. അവിടെ നീയുമില്ല. ജരാനരയാൽ ആർക്കും ഭയവുമില്ല. അവിടെ വസിക്കുന്നവർ ക്ഷുത്പിപാസാദികൾക്കും ശോകാദികൾക്കും അതീതന്മാരായി സർവ്വവിധമായ ആനന്ദവും അനുഭവിക്കുന്നു”[4].

ഇവയിൽ നിന്നെല്ലാംതന്നെ ആദ്യകാല ഭാരതീയരുടെ മരണാനന്തര ജീവിതത്തെക്കുറിച്ച വീക്ഷണം ദൈവിക മതത്തിൻെറ വീക്ഷണം തന്നെയായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. ഭൂമിയിൽ തന്നെ വിവിധ ജീവികളായി പരിണമിച്ച് ജീവിതം പരിക്രമണം ചെയ്യപ്പെടുമെന്ന വിശ്വാസം പുതുതായി ഉണ്ടായതാണ്. ഇഹലോകത്തിൻെറ സമ്പൂർണ്ണ നാശത്തിന് ശേഷമാണ് പരലോകമെന്നും അവി

1. സംഭൂതിം വിനാശം ചയസ്ത ദ്വേദോ ഭയം സഹ
വിനാശേന മൃത്യും തീർത്ത്വാ സംഭൂത്യാ ള മൃത മശ്നുതേ
(ഈശാവാസ്യോപനിഷത്ത് 14.)

2. അതേഗ്രന്ഥം 12.

3. അസൂര്യാ നാമ തേ ലോകാ അന്ധേന തമസാ വൃതാഃ
താംസ്തേ പ്രേത്യാഭിഗച്ഛന്തി യേകേ ചാത്മഹനോജനാഃ (അതേഗ്രന്ഥം 3.)

4. സ്വർഗേലോകേ ന ഭയം കിഞ്ചനാസ്തി നതത്രത്വം നജരയാ ബിഭേതി
ഉഭേ, തീർത്ത്വാശനായാ പിപാസേ ശോകാതിശോ മോദതേ സ്വർഗ്ഗലോകേ
(കഠോപനിഷത്ത് 12).

ടെവെച്ച് സൽകർമ്മികൾക്ക് സ്വർഗ്ഗവും ദുഷ്കർമ്മികൾക്ക് നരകവും പ്രതിഫലമായി ലഭിക്കുമെന്നുമായിരുന്നു ആദ്യകാല ഹൈന്ദവരുടെ വിശ്വാസമെന്നാണ് മനസിലാകുന്നത്.

**പുനർജന്മവിശ്വാസത്തിൻെറ ഉൽപ്പത്തി:-** ഇസ്ലാമിൻെറ പരലോകവീക്ഷണവുമായി ആദ്യകാല ഭാരതീയരുടെ വിശ്വാസത്തിന് പൊരുത്തമുണ്ടായിരുന്നുവെങ്കിൽ, പിന്നെയെങ്ങിനെയാണ് ഈ വിശ്വാസം ഹിന്ദുക്കളിൽനിന്നും പാടെ വേരറ്റുപോയി തൽസ്ഥാനത്ത് ശ്രുതികൾക്ക് തികച്ചും അന്യമായ പുനർജന്മ സിദ്ധാന്തം സ്ഥാനംപിടിച്ചത്? ശ്രീ രാഹുൽ സാംകൃത്യായൻ ഇങ്ങിനെയാണ് അഭിപ്രായപ്പെടുന്നത്: "വൈദിക കർമ്മകാണ്ഡങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞുതുടങ്ങി. അപ്പോൾ ഛന്ദോഗ്യത്തിലെ ഋഷിമാരായ ജൈവലി രാജാവും ബ്രാഹ്മണനായ ആരുണിയും കൂടി ഒരു പുതിയ മാർഗ്ഗം കണ്ടുപിടിച്ചു. അവർ പുനർജന്മത്തെപ്പോലുള്ള വിശ്വാസങ്ങൾ വളർത്തി. ദാസന്മാർ തൊഴിൽക്കാർ തുടങ്ങിയ പീഡിത ജനതയുടെ ബന്ധനത്തെ കൂടുതൽ സുദൃഢമാക്കിത്തീർത്തു"[1].

പരലോകത്തിലുള്ള വിശ്വാസത്തിന് ഗ്ലാനി സംഭവിച്ചതിൻെറ ഫലമായി സത്കർമ്മാനുഷ്ഠാനത്തിനും ദുഷ്കർമ്മ വർജ്ജനത്തിനുമുള്ള ആവേശം കുറഞ്ഞപ്പോൾ പുരോഹിതർക്ക് ജനങ്ങളെ നിയന്ത്രിക്കാനായില്ല. തദവസരത്തിൽ മനഃപൂർവ്വം മെനഞ്ഞെടുത്ത വിശ്വാസമാണ് പുനർജന്മ വിശ്വാസം. പരലോക ശിക്ഷയേക്കാൾ ഐഹിക ക്ലേശങ്ങളെ മനുഷ്യർ ഭയപ്പെടുമെന്ന് മനസ്സിലാക്കിയ ഛന്ദോഗ്യ ഋഷിമാരുടെ സൃഷ്ടിയായ ഒരു നവീന ആശയം മാത്രമാണിതെന്നാണ് രാഹുൽ സാംകൃത്യായൻെറ അഭിപ്രായം.

എന്നാൽ ഇതിനൊരു മറുവശം കൂടിയുണ്ട്. നേരത്തെ ഉദ്ധരിച്ച ഛന്ദോഗ്യശ്ലോകം[2] നോക്കുക. പന്നിയുടെയും പട്ടിയുടെയും കൂടെയാണ് രണ്ടുകാലിൽ നടക്കുന്ന ചണ്ഡാലനെ എണ്ണിയിരിക്കുന്നത്. അവനെയും ഒരു മൃഗമായിട്ടാണ് പുനർജന്മവാദത്തിൻെറ സ്രഷ്ടാക്കൾ കണക്കാക്കിയിരുന്നതെന്നർത്ഥം.

താഴ്ന്ന ജാതിക്കാരായ മനുഷ്യരെ മൃഗതുല്യരായിക്കാണുന്ന പ്രവണതയിൽനിന്നാണ് പുനർജന്മവാദത്തിൻെറ ഉൽപ്പത്തിയെന്ന്

1. രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ, പുറം 579.
2. ഛന്ദോഗ്യോപനിഷത്ത് 5:10:7.



നമുക്കിതിൽനിന്ന് മനസ്സിലാക്കാം.

ചണ്ഡാലന്മാരും അവർണ്ണരും മറ്റ് കീഴ്ജാതിക്കാരും ഭൂമിയിൽ കഷ്ടത അനുഭവിക്കുകയും അടിമപ്പണിയെടുക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തിരുന്ന കാലത്താണ് പുനർജന്മവാദത്തിൻെറ ഉൽപ്പത്തി. 'ഭൂമിയിലെ ദൈവങ്ങളായ' ബ്രാഹ്മണരുടെ ക്രൂരമായ അടിമച്ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരുന്ന ചണ്ഡാലരും മറ്റും അനുഭവിക്കുന്നത് തങ്ങളുടെ മുജ്ജന്മപാപത്തിൻെറ ശിക്ഷയാണെന്ന ധാരണയാണ് പുനർജന്മസിദ്ധാന്തത്തിലൂടെ സൃഷ്ടിക്കപ്പെട്ടത്. ബ്രാഹ്മണക്ഷത്രിയാദികളനുഭവിക്കുന്ന സുഖസൗകര്യങ്ങളുടെ കാരണവും അവരുടെ മുജ്ജന്മത്തിലെ സുകൃതങ്ങളാണ്. അപ്പോൾ അടുത്ത ജന്മത്തിലെങ്കിലും ഉയർന്ന ജാതിക്കാരനായി ജനിക്കണമെങ്കിൽ ഈ ജന്മത്തിൽ തങ്ങളുടെ ജാതിധർമ്മം നിർവ്വഹിക്കണം. ചണ്ഡാലനും ശൂദ്രനും വിധിക്കപ്പെട്ടിട്ടുള്ള ജാതിധർമ്മം അടിമപ്പണിയാണ്. ബ്രാഹ്മണന്മാരുടെ അടിമപ്പണിയെടുത്ത് ജീവിക്കുകമാത്രമാണ് അവരുടെ മോക്ഷത്തിനുള്ള മാർഗ്ഗം. ഈ വിശ്വാസം വളർത്തി താഴ്ന്ന ജാതിക്കാരെ മാനസികമായിപ്പോലും അടിമകളാക്കി മാറ്റാനുള്ള ബ്രാഹ്മണമേധാവിത്വത്തിൻെറ സൃഷ്ടി മാത്രമാണ് പുനർജന്മ സിദ്ധാന്തം.

പുനർജന്മസിദ്ധാന്തത്തിൽ വിശ്വസിച്ച ചണ്ഡാലനും ശൂദ്രനും തങ്ങളുടെ മുജ്ജന്മപാപമോർത്ത് ദുഃഖിച്ചുകൊണ്ടിരുന്നു. അടുത്ത ജന്മത്തിൽ ഉന്നതകുലജാതനാവാൻവേണ്ടി ബ്രാഹ്മണരുടെ അടിമപ്പണിയെടുത്തുകൊണ്ടുമിരുന്നു. തങ്ങൾ തന്നെ ചെയ്ത പാപങ്ങളുടെ പ്രതിഫലമാണ് തങ്ങൾ ഇന്ന് അനുഭവിക്കുന്നതെന്ന ചിന്ത അടിമപ്പണിയിൽനിന്നും മോചനം നോനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുവാനുള്ള ത്വരയെപ്പോലും നശിപ്പിച്ചുകളഞ്ഞു. അങ്ങനെ, തലമുറകളിൽനിന്നും തലമുറകളിലേക്ക് ഈ അധമബോധം സംക്രമിച്ചു. പുനർജന്മ വിശ്വാസത്തിന്മേൽ ബ്രാഹ്മണ മേധാവിത്വത്തിൻെറ കോട്ടകൾ ഉയർന്നുപൊങ്ങുകയും അവർണ്ണപീഡനത്തിന് താത്വികമായ ന്യായീകരണം നൽകപ്പെടുകയും ചെയ്തു.

"സ്വധർമ്മം അൽപ്പം ചില ന്യൂനതകളോടെ അനുഷ്ഠിക്കുന്നതായിരുന്നാലും വിധിപ്രകാരം അന്യധർമ്മം അനുഷ്ഠിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. സ്വധർമ്മത്തിൽ പ്രവർത്തിക്കുന്നവന്

മരണംപോലും ശ്രേയസ്സാണ്. അന്യധർമ്മാനുഷ്ഠാനം ഭയാവഹമാണ്"[1] എന്ന് പഠിപ്പിക്കുന്ന ഗീതയും പുനർജന്മവാദത്തിനും അതിലൂടെ സവർണ്ണമേധാവിത്വത്തിനും പച്ചക്കൊടി കാട്ടുകയാണ് ചെയ്യുന്നത്. മുജ്ജന്മ പാപത്തിന്റെ ഫലമാണ് അധഃസ്ഥിതവർഗ്ഗക്കാർ ഇന്ന് അനുഭവിക്കുന്ന കഷ്ടതകളെന്ന വിശ്വാസം ഗാന്ധിജിയെപ്പോലും സ്വാധീനിച്ചിരുന്നുവെന്ന് ചൂണ്ടിക്കാട്ടപ്പെടുമ്പോഴാണ്[2] ഈ വാദത്തിന്റെ ഗൗരവം എത്രത്തോളമാണെന്ന ബോധത്താൽ നാം ഞെട്ടിപ്പോകുന്നത്.

യഥാർത്ഥ പരലോകവിശ്വാസത്തിൽ ഇത്തരം ഉച്ചനീചത്വങ്ങളൊന്നും പ്രകടമാകുന്നില്ല. ജന്മമല്ല കർമ്മമാണ് പരലോകമോക്ഷത്തിന് നിദാനമെന്ന തത്വമാണ് അതിന്റെ അടിത്തറ. ജനിച്ചത് എത്ര താഴ്ന്ന ജാതിക്കാരനായിട്ടായിരുന്നാലും സുകൃതം ചെയ്താൽ അവന് സ്വർഗ്ഗത്തിൽ സ്ഥാനമുണ്ട്. ജനിച്ചത് ഉന്നതല കുലത്തിലാണെങ്കിലും, അക്രമമാണ് പ്രവർത്തിക്കുന്നതെങ്കിൽ അവനെ നരകാഗ്നിയിൽ വലിച്ചെറിയപ്പെടാതിരിക്കില്ല. സ്വർഗ്ഗവും നരകവും പരലോകവും ദൈവം വെളിപ്പെടുത്തിത്തന്ന സത്യങ്ങളാണ്. അവ നിഷേധിച്ചതുകൊണ്ട് അവയുടെ അസ്തിത്വം ഇല്ലാതെയാകുന്നില്ല. ഭാരതത്തിലെ പ്രവാചകന്മാരടക്കം ലോകത്തിൽ വന്ന സത്യമത പ്രവാചകന്മാർ മുഴുവൻ ഈ പരലോകവിശ്വാസമാണ് പ്രബോധനം ചെയ്തതെന്ന് നാം കണ്ടു. ഖുർആൻ പറയുന്നത് ശരി! "നിശ്ചയമായും, അവൻ അന്ത്യനാളിലേക്ക് നിങ്ങളെ ഒരുമിച്ച് കൂട്ടുകതന്നെ ചെയ്യും. അതിൽ സന്ദേഹമേ ഇല്ല"[3].

1. ശ്രേയാൻ സ്വധർമ്മോ വിഗുണഃപരധർമ്മാൽ സ്വനുഷ്ഠിതാൽ
   സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ (ഭഗ്വദ് ഗീത 3:35)
2. കല്ലറ സുകുമാരൻ: വിമോചനത്തിന്റെ അർത്ഥശാസ്ത്രം പേജ്: 39
3. ഖുർആൻ 6:12



# 5

# വെളിച്ചത്തിലേക്ക്

മനുഷ്യൻ ജന്മനാ പരിശുദ്ധനാണ്. അവനെ വഴികേടുകളിലേക്ക് നയിക്കുന്നത് സാഹചര്യങ്ങളും സഹചാരികളുമാണ്. ഇതുപോലെത്തന്നെയാണ് മിക്ക ദർശനങ്ങളുടെയും അവസ്ഥ. അവയുടെ അടിവേരുകളെ ശുദ്ധമായ ഏകദൈവവിശ്വാസത്തിലും പ്രവാചകപ്രബോധനങ്ങളിലുമാണ് ഒരു ഗവേഷണവിദ്യാർത്ഥിക്ക് കാണാൻ കഴിയുന്നത്. കാലക്രമത്തിൽ ദർശനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെടുകയും അവയുടെ സ്വന്തക്കാരായി ഒരു പ്രത്യേക വർഗ്ഗം രൂപംകൊള്ളുകയും ചെയ്തപ്പോൾ ജനപ്രീതിക്കുവേണ്ടി മതനിയമങ്ങൾ നിർമ്മിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. ഏകദൈവവിശ്വാസത്തിൽനിന്ന് തുടങ്ങിയ മതങ്ങളിൽ പലതും ബഹുദൈവാരാധനയിലേക്ക് വഴിമാറിയതങ്ങനെയാണ്.

അബ്രഹാമും മോശെയും യേശുവുമെല്ലാം പ്രബോധനം ചെയ്ത ഏകദൈവവിശ്വാസത്തിൽനിന്ന് അവരുടെ അനുയായികളെന്ന് അവകാശപ്പെടുന്നവർ വഴിമാറിപ്പോയതിന് ചരിത്രം സാക്ഷിയാണ്. ഈ മഹാന്മാരായ പ്രവാചകന്മാർ എന്തിനുവേണ്ടി പണിയെടുത്തുവോ അതിന് നേർ വിപരീതമായി അവരെത്തന്നെ ആരാധിക്കു

ന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. “യിസ്രായീലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്”[1] എന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ച ക്രിസ്തുവിൻെറ അനുയായികളെന്ന് അവകാശപ്പെടുന്നവർ, ഇന്നദ്ദേഹത്തെ ദൈവപുത്രനായി അവതരിപ്പിക്കുവാൻ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. ബഹുദൈവാരാധനക്കെതിരെ ശക്തമായി പൊരുതിയ ഇബ്രാഹിം നബിയുടെ വിഗ്രഹമായിരുന്നു, മുഹമ്മദ് നബി കഅ്ബയിൽവെച്ച് ആദ്യമായി നശിപ്പിച്ചത്. ഏകനായ സ്രഷ്ടാവിനെയല്ലാതെ ആരാധിക്കാൻ പാടില്ലെന്ന് ശക്തവും വ്യക്തവുമായി പ്രഖ്യാപിച്ച മുഹമ്മദ് നബി (സ)പോലും അനുയായികളെന്നവകാശപ്പെടുന്ന ചിലരാൽ പ്രാർത്ഥിക്കപ്പെടുന്നുവെന്ന വസ്തുത ഈ ‘തലതിരിച്ചിലി’ൻെറ ഭീകരതയാണ് വ്യക്തമാക്കുന്നത്.

ഇതുതന്നെയായിരിക്കണം ഭാരതീയചരിത്രത്തിലും സംഭവിച്ചത്. ശുദ്ധമായ ഏകദൈവവിശ്വാസത്തിലാണ് ഭാരതീയദർശനത്തിൻെറ അടിത്തറ പണിതിരിക്കുന്നത്. മലക്കുകളിലുള്ള വിശ്വാസമായിരിക്കണം ബഹുദേവ സങ്കൽപ്പത്തിലേക്ക് നയിച്ചതെന്ന് നാം മനസ്സിലാക്കി. അവതാര സങ്കൽപ്പത്തിൻെറ അടിവേരുകൾ പ്രവാചകന്മാരിലുള്ള വിശ്വാസത്തിലാണ് സ്ഥിതി ചെയ്യുന്നതെന്ന് നാം കണ്ടു. ദൈവത്തിങ്കൽനിന്നും ഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെടുകയെന്ന വിശ്വാസത്തിന് തുല്യമായി ‘ശ്രുതി’കളിലുള്ള വിശ്വാസത്തെ ഗണിക്കാം. ശ്രുതികളായി ഇന്ന് വ്യവഹരിക്കപ്പെടുന്നവ സ്ഖലിതമുക്തമല്ലെങ്കിലും ശ്രുതികളെന്ന ആശയം ദൈവിക ഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിൽനിന്ന് ഉൽഭവിച്ചതാണെന്ന് കാണാൻ കഴിയും. ഭാരതീയ ദർശനത്തിൻെറ അടിവേരുകൾ ചെന്നുനിൽക്കുന്നത് മരണാനന്തരം ഉയിർത്തെഴുന്നേൽപ്പിന് ശേഷമുള്ള പരലോകമെന്ന ആശയത്തിലാണെന്നും, പുനർജന്മ സിദ്ധാന്തം ബ്രാഹ്മണ മേധാവിത്വത്തിൻെറ സൃഷ്ടിയാണെന്നും നാം മനസ്സിലാക്കി. ഭാരതത്തിൽ വന്ന പ്രവാചകന്മാരുടെ പ്രബോധനങ്ങളിലാണ് ഭാരതീയ ദർശനത്തിൻെറ അടിസ്ഥാന ശിലകളെന്ന കാര്യത്തിൽ ഇനി സംശയിക്കേണ്ടതുണ്ടോ?

ഹൈന്ദവാചാരങ്ങളിലുള്ള പൗരോഹിത്യത്തിൻെറ ദുസ്വാധീനത്തെക്കുറിച്ച് ഏതാണ്ടെല്ലാ പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. യാഗവും

1. മർക്കോസ് 12:29



യജ്ഞവും ജാതിയുമെല്ലാം പൗരോഹിത്യത്തിൻെറ ദുസ്വാധീനം കൊണ്ട് കിളിർത്തതാണെന്ന് അവർ പറയുന്നു. കർമ്മകാണ്ഡസംബന്ധിയായ കാര്യങ്ങളിൽ മാത്രമല്ല, ദാർശനികവും വിശ്വാസപരവുമായ വിഷയങ്ങളിലും പൗരോഹിത്യത്തിൻെറ സ്വാധീനമുണ്ടായിട്ടുണ്ട്.

മനുഷ്യൻെറ വിശ്വാസമാണ് കർമ്മത്തെയും ജ്ഞാനത്തെയുമെല്ലാം നിയന്ത്രിക്കുന്നതെന്ന യാഥർത്ഥ്യം മനസ്സിലാക്കിയ ചെകുത്താൻ, തൻെറ പ്രവർത്തനം പ്രഥമമായി കേന്ദ്രീകരിച്ചത് വിശ്വാസം ജീർണ്ണിപ്പിക്കുന്നതിലാണ്. അതിലൂടെ മനുഷ്യരാശിയെ മുഴുവൻ പിഴപ്പിക്കുവാനും അവരെ നരകത്തിലേക്ക് അയക്കുകയെന്ന അവൻെറ ഉദ്ദേശ്യപൂർത്തീകരണത്തിനുമാണ് അവൻ ശ്രമിച്ചത്. ഭാരതീയദർശനത്തിലെന്നല്ല, മറ്റേതൊരു തത്വശാസ്ത്രത്തിലും അനിവാര്യമായിട്ടുള്ളത് കർമ്മങ്ങളുടെ നവോത്ഥാനമല്ല, പ്രത്യുത വിശ്വാസത്തിൻെറ നവോത്ഥാനമാണെന്ന് പറയുവാനുള്ള കാരണവും ഇതാണ്. വിശ്വാസം നന്നായാൽ മാത്രമെ കർമ്മം നന്നാവൂ. ജാതിവ്യവസ്ഥമുതൽ ആധുനിക ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളിൽ പലതും ഭാരതത്തിൻെറ പൈതൃകമെന്ന് അവകാശപ്പെടുന്ന ബഹുദൈവ സങ്കൽപ്പത്തിൻെറ ദുഷ്ടസന്തതികളാണ്. ഇത് മനസ്സിലാക്കാതെയുള്ള നവോത്ഥാന സംരംഭങ്ങൾ പാഴ്‌വേലയായി അവശേഷിക്കുക സ്വാഭാവികമാണ്. വിപ്ലവം വേണ്ടത് വിശ്വാസത്തിലാണ്; അത് മാത്രമെ മനുഷ്യരെ ശാശ്വത മോചനത്തിലേക്ക് നയിക്കൂ.

ഭാരതത്തിൽ എന്ന് ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ജീവിതദർശനം സ്വീകരിക്കപ്പെട്ടിരുന്നോ അന്നിവിടെ സാഹോദര്യമുണ്ടായിരുന്നു. സ്നേഹവും കരുണയും സമഭാവനയുമുണ്ടായിരുന്നു. ഉച്ചനീചത്വങ്ങളോ ജാതിചിന്തയോ സങ്കുചിത ദേശീയബോധമോ ഭാരതീയരെ സ്വാധീനിച്ചിരുന്നില്ല. “സർവ്വേപി സുഖിനസന്തു; സർവ്വേസന്തു നിരാമയാ” (സർവ്വരും സന്തുഷ്ടൻമാരാകട്ടെ; സർവ്വരും സർവ്വ ദീനങ്ങളിൽനിന്നും വിമോചിതരാവട്ടെ)യെന്ന് ശ്രുതികളാൽ പ്രഖ്യാപിക്കപ്പെട്ടത് അന്നായിരിക്കണം. ഏകനായ ദൈവം! അവൻെറ സൃഷ്ടികളായ മനുഷ്യർ മുഴുവനും സഹോദരന്മാർ! എന്ന സുന്ദരമായ സങ്കൽപ്പം പ്രയോഗവൽക്കരിക്കപ്പെട്ട പൗരാണിക സംസ്ക്കാരത്തിലേക്ക് നമുക്ക് ഒന്നിച്ച് തിരിച്ചുപോകാം.

ദൈവത്തെക്കുറിച്ച വികലമായ സങ്കൽപ്പങ്ങളുടലെടുത്തത് സങ്കുചിതത്വത്തിനും ഉച്ചനീചത്വങ്ങൾക്കും കാരണമായി. ദൈവം പുരുഷനായി സങ്കൽപ്പിക്കപ്പെട്ടപ്പോൾ തലയിൽനിന്ന് സൃഷ്ടിക്കപ്പെട്ട ബ്രാഹ്മണൻ ഉന്നതനും കാലുകളിൽനിന്നും സൃഷ്ടിക്കപ്പെട്ട ശൂദ്രൻ അധമനുമായി. അത് ജാതിചിന്തക്ക് കാരണമായി. സ്മൃതികൾകൂടി വന്നപ്പോൾ ഈ ജാതിചിന്ത സുദൃഢമായി. ജാതീയതയിലധിഷ്ഠിതമായ സമൂഹത്തിൻെറ സൃഷ്ടിക്കുവേണ്ടിയുള്ള അടിസ്ഥാന നിയമങ്ങളാണ് സ്മൃതികൾ പടച്ചുവിട്ടത്. കല്ല്, കരട്, കാഞ്ഞിരക്കുറ്റി മുതൽ മുള്ള്, മുരട്, മൂർഖൻപാമ്പ് വരെയുള്ള സകലതിനെയും ആരാധിക്കുകയെന്ന സങ്കൽപ്പത്തിന് താത്വികമായ അടിത്തറ സൃഷ്ടിച്ച അദ്വൈതാചാര്യനായ ശ്രീശങ്കരൻ, സ്വാഭാവികമായും ഈ ജാതിചിന്തയെ അരക്കിട്ടുറപ്പിച്ചു. സംഹാരമൂർത്തിയായ ശിവൻെറ അവതാരമെന്ന് വിശ്വസിക്കപ്പെടുന്ന ശങ്കരാചാര്യരുടെ ജനനം കൊണ്ട് അനുഗ്രഹീതമായ കേരളത്തിൽ, അതുകൊണ്ടുതന്നെ ജാതീയത അതിൻെറ എല്ലാവിധ ക്രൂരഭാവങ്ങളോടുംകൂടി നൂറ്റാണ്ടുകളോളം അഴിഞ്ഞാടി.

കേരളത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് ഉയർന്ന ജാതിക്കാരായ പുരുഷന്മാരുടെ മുന്നിൽ മാറുമറക്കാനുള്ള അവകാശംപോലുമുണ്ടായിരുന്നില്ല. അയിത്തജാതിക്കാരിയുടെ സ്തനം ഒരു പരിധിയിലധികം വളർന്നാൽ ശിക്ഷയായി മുലക്കരം കൊടുക്കണമായിരുന്നു. അവൾക്ക് സ്വർണ്ണാഭരണം ധരിക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. ശൂദ്രസ്ത്രീകൾ അവരുടെ വാതിലുകൾ ബ്രാഹ്മണർമാർക്കുവേണ്ടി ഏത് സമയത്തും തുറന്നുകൊടുക്കണമായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് പഠിക്കാനോ ഉദ്യോഗം ലഭിക്കാനോ ഉള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അവൻ ഉയർന്ന ജാതിക്കാരനെ തൊടാൻപോലും പാടില്ലായിരുന്നു. ഇങ്ങനെ പല തരത്തിലുമുള്ള അനീതികൾ കണ്ട കുമാരനാശാൻ തൻെറ 'ദുരവസ്ഥ'യിൽ അന്നത്തെ കേരളത്തിൻെറ അവസ്ഥ വിവരക്കുന്ന വരികൾ പ്രസിദ്ധമാണ്.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ.



ജാതീയത നശിപ്പിക്കപ്പെടുന്നത് വിശ്വാസവിപ്ലവത്തിലൂടെ മാത്രമാണ്. ഏകദൈവത്തിൻെറ സൃഷ്ടികളാണ് എല്ലാവരുമെന്ന ബോധം വളരുക. അവനുമുന്നിൽ മാത്രം ആരാധനകൾ അർപ്പിക്കപ്പെടുന്ന അവസ്ഥ സംജാതമാവുക. ഇത് മാത്രമാണ് ജാതീയതയിൽനിന്നും പൂർണ്ണമായി മുക്തമാകാനുള്ള ഏകമാർഗ്ഗം.

ഏകദൈവത്തെ എങ്ങനെയാണ് ആരാധിക്കേണ്ടതെന്ന് പഠിപ്പിച്ചുതരേണ്ടത് ദൈവനിയുക്തരായ പ്രവാചകരാണ്. അവർ പഠിപ്പിച്ചുതന്ന മാർഗ്ഗത്തിലൂടെ വേണം ദൈവാരാധന നടത്താൻ. അതല്ലാതെ ഓരോരുത്തരും അവനവനിഷ്ടമുള്ള മാർഗ്ഗങ്ങളിലൂടെ ആരാധനകളർപ്പിക്കുന്നത് മറ്റൊരു വിഭാഗീയതക്ക് മാത്രമെ നിമിത്തമാകൂ. ദൈവിക ദർശനത്തിലൂന്നി നിന്നുകൊണ്ടല്ലാതെ ഒരു മുദ്രാവാക്യത്തിനുവേണ്ടി മാത്രം 'ഒരുജാതി, ഒരു മതം, ഒരു ദൈവംമനുഷ്യന്' എന്ന തത്വം പറഞ്ഞതുകൊണ്ട് കാര്യമില്ല. അത് പ്രായോഗികമാക്കണമെങ്കിൽ ദൈവികമാർഗ്ഗദർശനം കൂടിയേ കഴിയൂ. 'ഒരു ജാതിയും വേണ്ട, ഒരു മതവും വേണ്ട, ഒരു ദൈവവും വേണ്ട'യെന്ന് ശ്രീനാരായണ ഗുരുവിൻെറ ശിഷ്യനായ ശ്രീ. കെ. അയ്യപ്പനെക്കൊണ്ട് പറയിപ്പിച്ചതിനുള്ള കാരണം, നാരായണഗുരു തൻെറ സിദ്ധാന്തത്തിൻെറ പ്രയോഗത്തിന് ദൈവിക സ്രോതസ്സുകളെ ഉപയോഗിക്കാത്തതാണെന്നാണ് മനസ്സിലാവുന്നത്.

ബഹുദൈവാരാധന സങ്കുചിത ചിന്ത വളർത്തിയതിന് ഭാരതചരിത്രത്തിലെ തന്നെ ഉദാഹരണമാണ് വൈഷ്ണവ-ശൈവ സംഘട്ടനങ്ങൾ. ഏകദൈവത്തിന് മൂന്ന് മൂർത്തികളെ കൽപ്പിച്ചതാണ് ഈ സംഘട്ടനങ്ങൾക്ക് കാരണമായത്. സംഹാരമൂർത്തിയായ പരമശിവൻ മാത്രമാണ് വലിയ ദൈവമെന്നും വിഷ്ണുവടക്കം മറ്റുള്ളവരെല്ലാം അവൻെറ ആജ്ഞാനുവർത്തികളാണെന്നും ശൈവൻമാർ വാദിച്ചപ്പോൾ, സ്ഥിതിയുടെ മൂർത്തിയായ വിഷ്ണുവാണ് ദേവോത്തമനെന്നും ശിവനടക്കമുള്ള മറ്റ് ദേവന്മാരെല്ലാം അവന്ന് താഴെയാണെന്നും വൈഷ്ണവർ വാദിച്ചു. ഈ വിഭാഗങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ വരെയുണ്ടായി. ഓരോ വിഭാഗത്തിനും പ്രത്യേകം ക്ഷേത്രങ്ങളും ആരാധനകളും വിശ്വാസങ്ങളുമുണ്ടായി.

ഏകനായ ദൈവത്തെയാണ് ആരാധിക്കേണ്ടത് എന്ന് പഠിപ്പിച്ച

ഭാരതീയരടക്കമുള്ള പ്രവാചകന്മാരെ പിൻപറ്റുക മാത്രമാണ് ഇന്ത്യയിലെ വർഗ്ഗീയ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥമായ പരിഹാരമാർഗ്ഗം. ദൈവത്തിന് മുന്നിൽ മാത്രം ശിരസ്സുകൾ കുനിയുന്ന സമൂഹത്തിൽ വർഗീയമോ ജാതീയമോ ആയ പ്രശ്നങ്ങൾക്ക് പ്രസക്തിയുണ്ടാവില്ല.

ഒരു ഗുരുതരപ്രശ്നമായി അവതരിപ്പിക്കപ്പെടാറുള്ളത് ഗോഹത്യയുടെ കാര്യമാണ്. ഇതും ദൈവത്തിനെയല്ലാതെ പക്ഷി മൃഗാദികളെ ആരാധിക്കുന്ന സമ്പ്രദായത്തിന്റെ സൃഷ്ടിയാണ്. പശുഹത്യയാണ് മുസ്‌ലിംകൾ ചെയ്യുന്ന ഏറ്റവും വലിയ ദേശദ്രോഹപ്രവർത്തനമെന്നാണ് ഗോൾവാൾക്കർപോലും വാദിക്കുന്നത്. ഉപനിഷത്തുകളിലും ബ്രാഹ്മണങ്ങളിലും നിറഞ്ഞുനിൽക്കുന്ന യാജ്‌വൽക്യന് പശുവിനെ ഭക്ഷിക്കാമെങ്കിൽ എന്തുകൊണ്ട് മുസ്‌ലിംകൾക്ക് ഭക്ഷിച്ചുകൂടായെന്ന ചോദ്യം പ്രസക്തമാണ്. ശതപഥബ്രാഹ്മണം പറയുന്നു: "പശുവിനെയും കാളയെയും ഭക്ഷിക്കരുത് എന്നവർ പറയും. എന്നാൽ യാജ്ഞവൽക്യൻ പറഞ്ഞു. ശരീരം മാംസളമാകുന്നതിന് ഞാൻ വയെ ഭക്ഷിക്കും"[1]. വേദകാലത്തും ശേഷവും പശു ഭക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതിന് ഏറെ തെളിവുകളുണ്ട്. പിന്നീട് പശുവിനെ ആരാധിക്കാൻ തുടങ്ങിയപ്പോഴാണ് അതിന്റെ മാംസം തിന്നാൻ പാടില്ലെന്ന വിശ്വാസം വളർന്നുവന്നത്. ഈ കുഴപ്പങ്ങൾക്കുമുള്ള കാരണം ഏകദൈവ വിശ്വാസത്തിൽനിന്നും വഴിതെറ്റി, മൃഗാരാധന സ്വീകരിച്ചതാണെന്നർത്ഥം.

ശ്രുതികളിലും സ്മൃതികളിലുമെല്ലാം ഇന്ന് കാണുന്ന കൽപ്പനകളിൽ സിംഹഭാഗവും ബ്രാഹ്മണാധിപത്യം അരക്കിട്ടുറപ്പിക്കാൻ വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടതാണ്. നടേ സൂചിപ്പിച്ചപോലെ സുരയും സോമവും ബ്രാഹ്മണർക്ക് പ്രിയപ്പെട്ട മയക്കുമരുന്നുകളായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. ഇവ ഉപയോഗിക്കുന്നത് ദൈവികമതം വിരോധിച്ചിരുന്നില്ലേയെന്ന ചോദ്യത്തിന് തീർച്ചയായും പ്രസക്തിയുണ്ട്. ഇന്ത്യയിൽ വന്ന പ്രവാചകന്മാർ മദ്യപാനത്തെ എതിർത്തിരിക്കണം. അവരുടെ പ്രബോധനങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും

1. തസ്മോദ്ധ്യേന സുഹയോർ നാശ്നീയാത്
തദുഹോ വാചായാജ്ഞവാൽക്യോ
ശ്നാമ്യേ വാഹം മാംസലം ചേദ്ഭവ തീതി" (ശതപഥബ്രാഹ്മണം 3:1:2:21).
Quoted by ധർമ്മാനന്ദ കൊസാംബി-ഭഗവാൻ ബുദ്ധൻ, പേജ് 404.



ഉപനിഷത്തുകളിലുണ്ട്. ഛാന്ദോഗ്യോപനിഷത്ത് പറയുന്നത് നോക്കുക: "സ്വർണ്ണം മോഷ്ടിച്ചവൻ, മദ്യപൻ, ഗുരുപത്നീതൽപ്പരൻ, ബ്രഹ്മഹത്യ ചെയ്തവൻ എന്നീ നാല് വിധത്തിലുള്ളവരും പതിതൻമാരാകുന്നു. ഇവരുമായി സംസർഗ്ഗം ചെയ്യുന്ന അഞ്ചാമനും പതിതൻ തന്നെയാണ്"[1]. സോമരസം പാനം ചെയ്ത് മത്തനായ ഇന്ദ്രനെയും, മദ്യപിച്ച് സ്ത്രീകളുമായി സല്ലപിക്കുന്ന അവതാരങ്ങളെയും സൃഷ്ടിച്ച പൗരോഹിത്യത്തിന്റേതല്ല ഈ വരികളെന്ന് വ്യക്തം. ഭാരതത്തിൽ വന്ന പ്രവാചകന്മാരുടെ പ്രബോധനങ്ങളുടെ അവശിഷ്ടങ്ങളാണിവയെന്നനുമാനിക്കാം.

മോക്ഷമാണ് മനുഷ്യരുടെ ലക്ഷ്യം. അതിലേക്കുള്ള മാർഗ്ഗം കാണിച്ചുതരാനാണ് പ്രവാചകമാർ അയക്കപ്പെട്ടത്. പരമ്പരാഗതമായ വിശ്വാസാചാരങ്ങളോ സങ്കുചിത ദേശീയ ചിന്തകളോ മനുഷ്യരെ ശാശ്വത വിജയത്തിലേക്ക് നയിക്കുകയില്ലെന്നുറപ്പാണ്. നാം പിന്തുടരേണ്ടത് പ്രവാചകന്മാരുടെ പാതയാണ്. അവരാണ് ലോകത്തിന്റെ വഴികാട്ടികൾ. അവർ ഇന്ത്യയിൽ വന്നിരിക്കാം-പുറത്ത് ജനിച്ചിരിക്കാം. ജന്മസ്ഥലമല്ല, അവർ പ്രബോധനം ചെയ്യുന്ന ആശയങ്ങളാണ് പ്രധാനം. ഏകദൈവ വിശ്വാസവും തജ്ജന്യങ്ങളായ കർമ്മങ്ങളുമാണവർ പ്രബോധനം ചെയ്തത്. ഇത് പ്രബോധനം ചെയ്ത പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണി പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യയിൽ ജീവിച്ച മുഹമ്മദ് (സ)ആണ്. ആ അന്തിമ പ്രവാചകനിലൂടെ മാനവരാശിയുടെ വിമോചനത്തിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമത്രെ വിശുദ്ധ ഖുർആൻ. അത് ഏതെങ്കിലും ഒരു സമുദായത്തിന്റെ ഗ്രന്ഥമല്ല. മാനവരാശിക്ക് മുഴുവനുമുള്ള മാർഗ്ഗദർശനമാണതിന്റെ കാതൽ. ചരിത്രത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കപ്പെട്ട, അപ്രമാദിതമായ, മാറ്റത്തിരുത്തലുകൾക്ക് വിധേയമാകാത്ത ഗ്രന്ഥമാണത്. ഖുർആനുമായി ലോകത്തിലേക്ക് കടന്നുവന്ന മുഹമ്മദ് നബി (സ)യുടെ ജീവിതം മനുഷ്യർക്ക് മുഴുവൻ മാർഗദർശനവും ശാശ്വത ശാന്തിയിലേക്കുള്ള വഴികാട്ടിയുമായി നിലകൊള്ളുന്നു. ജീവിതത്തിന്റെ സകലരംഗങ്ങളും ദൈവിക മാർഗദർശനപ്രകാരം എങ്ങനെ വിമലീകരിക്കാമെന്ന് ഖുർആനും പ്രവാചകചര്യയും വരച്ചുകാണിക്കുന്നുണ്ട്. ഏകദൈവാരാധനയിലധിഷ്ഠിതമായ ജീവിതദർശനത്തിലേക്ക് ജനങ്ങളെ ക്ഷണിച്ച പ്രവാചകന്മാർ-അവർ ലോകത്ത് എവിടെ ജനിച്ചവരായിരുന്നാലും-മുഴുവൻ പഠിപ്പിച്ച പാതയിലേക്കാണ് ഖുർആൻ മനുഷ്യരെ ക്ഷണിക്കുന്നത്. ആ പാതയിലൂടെയാണ് നമുക്ക് ശാശ്വത ശാന്തിയിലെത്തിച്ചേരാൻ കഴിയുക.

1. സ്തേനഃഹിരണ്യസ്യ സുരാം പിബൻ ചഗുരോഃതൽപ്പമാവസൻ ബ്രഹ്മഹാച ഏതേ
പതന്തി ചത്വാരഃ പഞ്ചമശ്ചാചരംസ്തൈഃ ഇതി (ഛാന്ദോഗ്യോപനിഷത്ത് 5:10:9)

**കൂടുതലറിയാൻ:**

**ഡയറക്ടർ**
**നിച്ച് ഓഫ് ട്രൂത്ത്**
**കലാഭവൻ റോഡ്**
**കൊച്ചിൻ - 682 018**
**ഫോൺ: 0484 - 2367810, 2352421**
**ഫാക്സ്: 0484 - 380746**
**Website: www.nicheoftruth.org**
**E-mail: islam@nicheoftruth.org**